# തമിഴ്ബ്രാഹ്മണ സ്ത്രീ പ്രതിനിധാനം മലയാള നോവലിൽ

കോഴിക്കോട് സർവ്വകലാശാലയുടെ ഫാക്കൽറ്റി ഓഫ് ഇന്ത്യൻ
ലാംഗ്വേജസിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി
സമർപ്പിക്കുന്ന ഗവേഷണ പ്രബന്ധം

**സംശോധിതപ്പതിപ്പ്**

**അനിതകുമാരി. എ**
CDC/B3/974/Ph.D 2009

മാർഗ്ഗനിർദ്ദേശകൻ

**ഡോ. എ.എൻ. കൃഷ്ണൻ**
അസ്സോസിയേറ്റ് പ്രൊഫസർ (റിട്ട.)
എൻ.എസ്.എസ്. കോളേജ്
ഒറ്റപ്പാലം

മലയാളവിഭാഗം
ശ്രീ കേരളവർമ്മ കോളേജ്, തൃശ്ശൂർ
കോഴിക്കോട് സർവ്വകലാശാല ഗവേഷണകേന്ദ്രം

ജൂൺ 2015

ഡോ. എ.എൻ. കൃഷ്ണൻ
അസ്സോസിയേറ്റ് പ്രൊഫസർ (റിട്ട.)
എൻ.എസ്.എസ്. കോളേജ്
ഒറ്റപ്പാലം.

## <u>സാക്ഷ്യപത്രം</u>

കോഴിക്കോട് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി അനിതകുമാരി. എ സമർപ്പിക്കുന്ന **'തമിഴ്ബ്രാഹ്മണ സ്ത്രീ പ്രതിനിധാനം മലയാളനോവലിൽ'** എന്ന ഗവേഷണ പ്രബന്ധം ശ്രീ കേരളവർമ്മ കോളേജ് മലയാളവിഭാഗത്തിൽ എന്റെ മേൽനോട്ടത്തിൽ നടത്തിയ ഗവേഷണത്തിന്റെ രൂപരേഖയാണെന്നും, ഇത് മറ്റൊരു സർവ്വകലാശാലയുടെയോ തത്തുല്യസ്ഥാപനത്തിന്റെയോ ബിരുദത്തിന് അടിസ്ഥാനമായിട്ടില്ലെന്നും സാക്ഷ്യപ്പെടുത്തുന്നു.

തൃശ്ശൂർ
15.06.2015 **ഡോ. എ. എൻ. കൃഷ്ണൻ**

അനിതകുമാരി. എ
ഗവേഷക
ശ്രീ കേരളവർമ്മ കോളേജ്
തൃശ്ശൂർ.

## സത്യപ്രസ്താവന

ശ്രീ കേരളവർമ്മ കോളേജ് മലയാളവിഭാഗത്തിൽ ഡോ. എ.എൻ. കൃഷ്ണന്റെ മാർഗ്ഗനിർദ്ദേശത്തിൽ ഞാൻ ഗവേഷണം നടത്തി സമർപ്പിക്കുന്ന **'തമിഴ്ബ്രാഹ്മണ സ്ത്രീ പ്രതിനിധാനം മലയാളനോവലിൽ'** എന്ന ഗവേഷണ പ്രബന്ധം ഇതിനു മുമ്പ് ഏതെങ്കിലും സർവ്വകലാശാലയുടെയോ തത്തുല്യമായ സ്ഥാപനങ്ങളുടെയോ ബിരുദത്തിന് അടിസ്ഥാനമായിട്ടില്ലെന്നും, മറ്റൊരു വ്യക്തിയുടെയോ എഴുത്തുകാരന്റെയോ ഗ്രന്ഥഭാഗങ്ങൾ കൃത്യമായ സൂചനകളില്ലാതെ ഗ്രന്ഥത്തിൽ എടുത്തു ചേർത്തിട്ടില്ലെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

തൃശ്ശൂർ
15.06.2015

**അനിതകുമാരി. എ**

# കടപ്പാട്

ഈ ഗവേഷണ പ്രവർത്തനത്തിൽ എനിക്കേറ്റവും കടപ്പാടുള്ളത് എന്റെ പ്രിയ ഗുരുനാഥൻ ഡോ. എ.എൻ. കൃഷ്ണൻ മാഷോടാണ്. അദ്ദേഹത്തിന്റെ കൃത്യവും സൂക്ഷ്മവുമായ വഴികാട്ടലും സൗമ്യമായ സമീപനവുമാണ് നിശ്ചിത കാലപരിധിയ്ക്കുള്ളിൽ ഗവേഷണം തീർക്കാൻ എനിക്ക് സഹായകമായത്. അഞ്ചുവർഷത്തിനിടയിൽ നിരവധി പ്രമുഖ വ്യക്തികൾ പലപ്പോഴായി ഈ ഗവേഷണത്തിന് ഉപകരിച്ചിട്ടു ്. ഒറ്റപ്പാലം എൻ.എസ്.എസ്. കോളേജിലെ അധ്യാപകരായ ഡോ. യു. ജയപ്രകാശ്, ഡോ. കെ.കെ. ഇന്ദിര, ഡോ. സുരജ, ഗവ. വിക്ടോറിയ കോളേജിലെ ചരിത്രാധ്യാപകൻ ഡോ. രാജൻ എന്നിവർ അവരിൽ ചിലർ മാത്രം. വിക്ടോറിയ കോളേജ് മലയാളം അധ്യാപകനും എന്റെപ്രിയപ്പെട്ട ഗുരുനാഥനുമായ ഡോ. പി. മുരളി, അഗ്രഹാരവാസികൾ ക്കിടയിൽ മണ്ഡലവൃത്തി നടത്താൻ നൽകിയ സഹായങ്ങൾ സ്മരിക്കാതെ വയ്യ. മാഷിനോടുള്ള നന്ദി ഏതാനും വാക്കുകളിലൊതുക്കുന്നത് അക്ഷന്തവ്യമായ അപരാധമാകും.

പഠനാവശ്യത്തിനുള്ള ഗ്രന്ഥങ്ങൾ തന്നു സഹായിച്ച മണ്ണാർക്കാട് താലൂക്ക് റഫറൻസ് ലൈബ്രറി, കൊങ്ങശ്ശേരി സ്മാരക പൊതുജന വായനശാല, ഒറ്റപ്പാലം കോളേജ് ലൈബ്രറി, ഒറ്റപ്പാലം കോളേജ് ഇംഗ്ലീഷ് വിഭാഗം അധ്യാപകർ എന്നിവരോട് എനിക്ക് വലിയ കടപ്പാടു ്.

തിരുവനന്തപുരത്തെ തമിഴ്ബ്രാഹ്മണ സാന്നിദ്ധ്യത്തെക്കുറിച്ചന്വേഷിക്കാൻ എന്നെ സഹായിച്ച എന്റെ സഹപാഠി പ്രതീഷ്, അട്ടപ്പാടി ഗവ. കോളേജ് അധ്യാപകൻ ഡോ. സന്തോഷ് കുമാർ എന്നിവരോട് എനിക്ക് വളരെയധികം നന്ദിയു ്.

മണ്ഡലവൃത്തിയിൽ എന്നോട് പൂർണ്ണമായും സഹകരിച്ച പാലക്കാട് കൽപാത്തി അഗ്രഹാരവാസികളോട് എനിക്ക് എത്ര നന്ദി പറഞ്ഞാലും അധികമാവില്ല.

പ്രബന്ധരചനാവേളയിൽ എന്നോട് സഹകരിച്ച എല്ലാ വ്യക്തികളെയും നന്ദിയോടെ സ്മരിക്കുന്നു. എന്റെ ചെറിയമ്മ സ്വർണ്ണകുമാരി, അട്ടപ്പാടി

ഐ.എച്ച്.ആർ.ഡി. പ്രിൻസിപ്പാൾ ഡോ. സലോമി എന്നിവർ ചിലർ മാത്രം. ഡി.റ്റി.പി. ജോലികൾ മികവുറ്റതാക്കിത്തീർത്ത കോപ്പി വേൾഡിനോട് എനിക്ക് നന്ദിയു ്.

എന്റെ ചിരകാലമോഹം സാക്ഷാത്ക്കരിക്കാൻ എന്നോടൊപ്പം നിന്ന എന്റെ ജീവിതപങ്കാളി രാജേഷിന് സ്നേഹത്തിൽ പൊതിഞ്ഞ കടപ്പാട്. എന്നെ പിന്തുണച്ച അമ്മുക്കുട്ടിക്കും ആര്യക്കുട്ടിക്കും നന്ദി.

എന്നിലെ വിദ്യാദാഹത്തെ ത്വരിപ്പിച്ച എന്റെ അച്ഛനും അമ്മയ്ക്കുമുള്ള സമർപ്പണമാണിത്. എന്നെ പിന്തുണച്ച എല്ലാവർക്കും ഒരായിരം നന്ദി.

**അനിതകുമാരി. എ**

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| **ഉപോദ്ഘാതം** | | |
| 0.1. | പ്രബന്ധ ശീർഷകം | 1 |
| 0.2. | ആമുഖം | 1 |
| 0.3. | പഠനത്തിന്റെ പ്രസക്തി | 1 |
| 0.4. | പൂർവ്വപഠനങ്ങൾ | 2 |
| 0.5. | രീതിശാസ്ത്രം | 3 |
| 0.6. | പഠനലക്ഷ്യം | 5 |
| 0.7. | പഠനസാമഗ്രികൾ | 5 |
| 0.8. | ദത്തശേഖരണം | 6 |
| 0.9. | അദ്ധ്യായക്രമം | 6 |
| **അദ്ധ്യായം 1** | **തമിഴ്ബ്രാഹ്മണ കുടിയേറ്റവും ആവാസവ്യവസ്ഥാ രൂപീകരണവും** | **11** |
| 1.1. | പലായനവും കുടിയേറ്റവും | 11 |
| 1.2. | തമിഴകത്തെ ബ്രാഹ്മണർ | 18 |
| 1.3. | തമിഴ്ബ്രാഹ്മണരുടെ കേരളത്തിലേക്കുള്ള കുടിയേറ്റം | 20 |
| 1.3.1 | വാസ്കോ-ഡ-ഗാമ കേരളത്തിൽ സൃഷ്ടിച്ച സാമ്പത്തിക മുന്നേറ്റം | 20 |
| 1.3.2 | വിജയനഗരസാമ്രാജ്യത്തിന്റെ തകർച്ച | 20 |
| 1.3.3 | കേരളരാജാക്കന്മാർ നൽകിയ പ്രോത്സാഹനം | 21 |
| 1.3.4 | കാവേരിയിലെ വരൾച്ച | 22 |
| 1.3.5 | ജോലി തേടി | 23 |
| 1.3.6 | സംസ്ക്കാരസംരക്ഷണാർത്ഥം | 23 |
| 1.4. | അഗ്രഹാരവ്യവസ്ഥ | 26 |
| 1.5. | ആവാസവ്യവസ്ഥ | 27 |
| 1.6. | ഉത്സവങ്ങൾ, അനുഷ്ഠാനങ്ങൾ, ആഘോഷങ്ങൾ | 28 |
| 1.6.1 | ആവണി അവിട്ടം | 28 |
| 1.6.2 | വിനായകചതുർത്ഥി | 28 |

1.6.3 വനഭോജനം 29
1.6.4 കോലമെഴുത്ത് 29
1.6.5 രഥോത്സവം 29
1.7. വേഷഭൂഷാദികൾ 30
1.8. തമിഴ്ബ്രാഹ്മണരും പൊതുസമൂഹവും 30
1.9. പൈതൃകഗ്രാമ പ്രഖ്യാപനം 34
1.10. തമിഴ്ബ്രാഹ്മണ സമൂഹത്തിലെ സ്ത്രീ 35

**അദ്ധ്യായം 2 – സ്ത്രീവാദ ചിന്തകൾ 41**

2.1. സ്ത്രീ : പൗരസ്ത്യ സംസ്കാരത്തിൽ 42
2.2. സ്ത്രീ : മതഗ്രന്ഥങ്ങളുടെ കാഴ്ചപ്പാടിൽ 48
2.3. സ്ത്രീസ്വാതന്ത്ര്യവാദങ്ങൾ 52
2.4. സ്ത്രീവാദം ഇന്ത്യയിൽ 59
2.5. സ്ത്രീവാദം കേരളത്തിൽ 62

**അദ്ധ്യായം 3 – നോവൽ പരിചയം 67**

3.1. വേരുകൾ 69
3.1.1. സ്മരണകൾ 72
3.1.2. സ്ത്രീകഥാപാത്രങ്ങൾ 73
3.2. നാർമടിപ്പുടവ 75
3.2.1. വിവാഹപൂർവ്വ ജീവിതം 76
3.2.2. വൈവാഹിക ജീവിതം 78
3.2.3. വൈധവ്യജീവിതം 79
3.3. നെട്ടൂർമഠം 82
3.3.1. ഒന്നാംഘട്ടം 83
3.3.2. ര ാംഘട്ടം 85
3.3.3. മൂന്നാംഘട്ടം 87
3.3.4. സ്ത്രീകഥാപാത്രങ്ങൾ 88
3.4. തലമുറകൾ 89
3.4.1. ജാതിക്കോയ്മ 91
3.4.2. ജാതിവിരുദ്ധ പ്രക്ഷോഭം 92

3.4.3. മതംമാറ്റങ്ങൾ 93
3.4.4. സാമ്രാജ്യത്വ വിരുദ്ധ സമരങ്ങൾ 94
3.4.5. ആധുനികാനന്തര കാലം 95
3.4.6. സ്ത്രീകഥാപാത്രങ്ങൾ 96
3.5. കിളിമൊഴികൾക്കപ്പുറം 96
3.5.1. പാർവ്വതീപുരത്തിന്റെ മീനാക്ഷിപ്പാളയത്തിലേക്കുള്ള വളർച്ച 98
3.5.2. പ്രിയംവദയും രഞ്ജിത്തും 99
3.5.3. നീതുവും ആദിത്യയും 100
3.5.4. ഡോക്ടർ മോഹനയും ഫ്രെഡ്ഡിയും 101
3.5.5. ആലീസും സന്തോഷും 103
3.5.6. പാരിസ്ഥിതിക സ്ത്രീവാദ ചിന്തകൾ 104

**അദ്ധ്യായം 4 - വിധേയത്വം** **106**

4.1. സ്ത്രീ എങ്ങനെ വിധേയയാക്കപ്പെടുന്നു ? 107
4.2. സ്ത്രീ പുരുഷാധിപത്യ മൂല്യങ്ങളുടെ വാഹക എന്ന നിലയിൽ 109
4.3. വിവാഹം എന്ന വ്യവസ്ഥ 111
4.4. സ്ത്രീയുടെ ലൈംഗികാസ്തിത്വം 117
4.5. സ്ത്രീയും അധികാരവ്യവസ്ഥയും 120
4.6. സ്ത്രീ പ്രത്യുൽപാദനോപകരണമെന്ന നിലയിൽ 126
4.7. സ്ത്രീ പുരുഷന്റെ ഭോഗാസക്തിയുടെ ഇരയെന്ന നിലയിൽ 130
4.8. സ്ത്രീയുടെ വിധേയത്വത്തിന്റെ മാനങ്ങൾ 135
4.8.1. സ്ത്രീയുടെ മതപരമായ വിധേയത്വം 136
4.8.2. സ്ത്രീയുടെ സാമൂഹികവും രാഷ്ട്രീയവുമായ വിധേയത്വം 141
4.8.3. സ്ത്രീയുടെ സാമ്പത്തികമായ വിധേയത്വം 145

**അദ്ധ്യായം 5 - ചൂഷണം** **153**

5.1. സാമൂഹികചൂഷണം 155
5.2. സാമുദായികവും മതപരവുമായ ചൂഷണം 156
5.3. ലൈംഗികമായ ചൂഷണം 163
5.4. സാമ്പത്തികചൂഷണം 171

| | | |
|---|---|---|
| 5.5. | ശൈശവവിവാഹവും അകാലവൈധവ്യവും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ | 175 |
| 5.6. | ചൂഷണം ആധുനികകാലഘട്ടത്തിലും | 181 |
| **അദ്ധ്യായം 6 – സ്വാതന്ത്ര്യബോധം** | | **186** |
| 6.1. | സ്ത്രീയുടെ സാമൂഹികസ്വാതന്ത്ര്യം | 189 |
| 6.2. | സ്ത്രീ നേടുന്ന സാമ്പത്തികസുരക്ഷിതത്വം | 196 |
| 6.3. | സ്ത്രൈണലൈംഗികതയുടെ സ്വാതന്ത്ര്യപ്രഖ്യാപനം | 202 |
| ഉപസംഹാരം | | 213 |
| ഗ്രന്ഥസൂചി | | 221 |
| ആവേദകസൂചി | | 233 |
| അനുബന്ധം | | 234 |

Anithakumari. A. “Tamil Brahmin Women Representation in Malayalam Novel” Thesis. Department of Malayalam of Sree Kerala Varma College, University of Calicut, 2015.

### 0.1. പ്രബന്ധ ശീർഷകം:

'തമിഴ്ബ്രാഹ്മണ സ്ത്രീ പ്രതിനിധാനം മലയാള നോവലിൽ' എന്നാണ് ഈ പ്രബന്ധത്തിന്റെ ശീർഷകം.

### 0.2. ആമുഖം:

ഏകദേശം പതിനഞ്ചാം നൂറ്റാണ്ടിനോടടുത്ത് തമിഴ്നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കേരളത്തിലേക്ക് കുടിയേറിയവരാണ് തമിഴ് ബ്രാഹ്മണർ. വേദപാരമ്പര്യം നിലനിർത്താൻ ബദ്ധശ്രദ്ധരായ ഇവരിലേറെയും ക്ഷേത്രാചാര ങ്ങളുമായി ബന്ധപ്പെട്ടാണ് ഉപജീവനം കഴിക്കുന്നതെങ്കിലും മറ്റു മേഖലകളിൽ വ്യാപരിക്കുന്നവരും കുറവല്ല. കേരളത്തിന്റെ സാമൂഹിക, സാംസ്ക്കാരിക, രാഷ്ട്രീയമേഖലകളിൽ വളരെയേറെ സ്വാധീനം ചെലുത്തിയ ഇവർ കലർപ്പു സംസ്കാരം രൂപപ്പെടാതിരിക്കാൻ ഏറെ ശ്രദ്ധിക്കുന്നു. അതുകൊണ്ടുതന്നെ പൊതുസമൂഹവുമായി ഇവർക്ക് സമ്പർക്കം കുറവാണ്. മലയാളഭാഷ വശപ്പെടുത്തിയിട്ടുണ്ടെങ്കിലും തമിഴാണ് ഇവരുടെ മാതൃഭാഷ. സാമൂഹി കമായി പ്രത്യേകിച്ച് ചലനങ്ങളൊന്നും സൃഷ്ടിക്കാതെ ഒറ്റപ്പെട്ടു കഴിയുന്ന തിനാൽ ഇവരെക്കുറിച്ചുള്ള സാഹിത്യരൂപങ്ങളും കുറവാണ്. തമിഴ്ബ്രാഹ്മണ സമൂഹത്തെ പ്രതിനിധീകരിച്ചുള്ള സാഹിത്യകൃതികൾ നാമമാത്രമാണെ ന്നിരിക്കെ അവരുടെ സ്ത്രീകളുടെ അവസ്ഥ രേഖപ്പെടുത്തുന്ന കൃതികൾ അതിലും കുറവായിരിക്കും. ലഭ്യമായ സാഹിത്യകൃതികളുടെ വെളിച്ചത്തിൽ മലയാളനോവൽ സാഹിത്യത്തെ ആധാരമാക്കി തമിഴ്ബ്രാഹ്മണസ്ത്രീയുടെ പ്രതിനിധാനം എപ്രകാരമാണെന്നന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.

### 0.3. പഠനത്തിന്റെ പ്രസക്തി:

തമിഴ്ബ്രാഹ്മണകുടിയേറ്റത്തെക്കുറിച്ച് സാഹിത്യകൃതികളിലും ചരിത്ര കൃതികളിലും അവിടവിടെ പരാമർശമുണ്ടെങ്കിലും അവരുടെ വ്യക്തമായ ഒരു

ജീവിത ചിത്രം സമൂഹത്തിന് ലഭ്യമല്ല. ക്ഷേത്രാചാരങ്ങളുടെ ഔന്നത്യത്തിലും ഭരണ നിർവ്വഹണത്തിന്റെ ഔന്നത്യത്തിലും നിൽക്കുന്ന തമിഴ് ബ്രാഹ്മണ സമൂഹത്തെ മാത്രമേ പൊതുസമൂഹത്തിനറിയൂ. അവർ നേരിടുന്ന പ്രശ്നങ്ങൾക്കെതിരെയും പൊതുസമൂഹം ഇക്കാരണം കൊണ്ട് നിസ്സംഗമായ ഒരു നിലപാടാണ് സ്വീകരിക്കുന്നത്. സ്ത്രീപ്രശ്നങ്ങൾക്ക് വരേണ്യ കീഴാളഭേദമില്ല. കേരളത്തിലെ നമ്പൂതിരി സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കാനും പരിഹരിക്കാനും അവരിൽ നിന്നൊരു വിഭാഗം പുരുഷന്മാർ തന്നെ മുന്നിട്ടിറങ്ങുകയുണ്ടായി. അത്തരമൊരു നിലപാട് തമിഴ് ബ്രാഹ്മണ പുരുഷന്മാർ സ്വീകരിക്കുകയുണ്ടായിട്ടില്ല. സംസ്കാരസംരക്ഷണത്തിന്റെ പേരിൽ സ്ത്രീകളെ വളരെയധികം പീഡനങ്ങൾക്ക് വിധേയരാക്കുന്നവരാണ് തമിഴ്ബ്രാഹ്മണർ. പുറംലോകത്തേക്ക് കുതിക്കാൻ ശ്രമിക്കുകയല്ലാതെ തങ്ങൾക്കു വേണ്ടി ശബ്ദമുയർത്താൻ അവരിൽ പല സ്ത്രീകളും തയ്യാറാകുന്നുമില്ല. ഇത്തരമൊരു സാഹചര്യത്തിൽ തമിഴ് ബ്രാഹ്മണസ്ത്രീ കേരളത്തിൽ കുടിയേറിയ കാലഘട്ടം മുതൽ ഇന്നുവരെ നേരിട്ടിട്ടുള്ള പ്രതിസന്ധികളുടെ ഒരേകദേശ ചിത്രം പൊതുസമൂഹത്തിനു മുന്നിൽ വരച്ചുകാട്ടുക, അതുവഴി സങ്കുചിതാവാസവ്യവസ്ഥയിൽ നിന്നും സങ്കുചിത ചിന്താഗതികളിൽ നിന്നും തമിഴ്ബ്രാഹ്മണ സ്ത്രീയെ മോചിപ്പിക്കാൻ ആവതു ചെയ്യാൻ ശ്രമിക്കുക എന്നതാണ് ഈ പഠനത്തിന്റെ പ്രസക്തി.

### 0.4. പൂർവ്വ പഠനങ്ങൾ:

തമിഴ്ബ്രാഹ്മണരെക്കുറിച്ചും അവരുടെ കുടിയേറ്റത്തിന്റെയും ആവാസ വ്യവസ്ഥയുടെയും സ്വഭാവത്തെക്കുറിച്ചും പ്രതിപാദിക്കുന്ന ഏതാനും ചരിത്രകൃതികൾ ലഭ്യമായിട്ടുണ്ട്. പി.കെ. ബാലകൃഷ്ണന്റെ 'ജാതിവ്യവ സ്ഥിതിയും കേരളചരിത്രവും', കേശവൻ വെളുത്താട്ടിന്റെ 'Brahmin Settlements in Kerala', ബാബു. ഐ.വി.യുടെ 'കേരളീയനവോത്ഥാനവും നമ്പൂതിരിമാരും', ഡി.ഡി. കോസാംബിയുടെ 'On The Origin of Brahmin Gothras', കേശവൻ വെളുത്താട്ടിന്റെ തന്നെ 'Aryan Brahmin Settlement of

Ancient Kerala' എന്നിവ അതിൽ ചിലതാണ്. 'നാർമടിപ്പുടവ' എന്ന നോവലിന് കെ.ബി. പ്രസന്നകുമാർ എഴുതിയ അവതാരിക നോവലിന്റെ പ്രമേയത്തെ സാംസ്ക്കാരികവിശകലനത്തിനു വിധേയമാക്കുന്നു. ഒ.വി. വിജയന്റെ 'തലമുറകളി'ൽ തമിഴ് ബ്രാഹ്മണസാന്നിദ്ധ്യം പ്രകടമാണെങ്കിലും കോളനിയനന്തരസാഹിത്യ പഠനത്തിന്റെ രീതിശാസ്ത്രമുപയോഗിച്ചാണ് പി. പവിത്രൻ 'ആധുനികതയുടെ കുറ്റസമ്മത'ത്തിൽ നോവലിനെ സമീപിച്ചിട്ടുള്ളത്. സ്ത്രീ പ്രശ്നങ്ങൾ കേന്ദ്രീകരിച്ച് പഠനങ്ങളൊന്നും ഈ മേഖലയിൽ നടന്നിട്ടില്ല.

**0.5. രീതിശാസ്ത്രം:**

പ്രബന്ധത്തിന്റെ രണ്ടു ഭാഗങ്ങൾ രണ്ടു രീതിശാസ്ത്രമുപയോഗിച്ചാണ് വിശകലനവിധേയമാക്കിയിട്ടുള്ളത്. തമിഴ്ബ്രാഹ്മണകുടിയേറ്റത്തെക്കുറിച്ചും ആവാസവ്യവസ്ഥാ രൂപീകരണത്തെക്കുറിച്ചും പ്രതിപാദിക്കുന്ന ഒന്നാമധ്യായം കുടിയേറ്റത്തിന്റെ സൈദ്ധാന്തികതലം (Migration Theory) ഉപയോഗിച്ചാണ് നിർവ്വഹിച്ചിട്ടുള്ളത്. കൂടുതൽ കൃത്യതയ്ക്കായി തമിഴ് ബ്രാഹ്മണകുടിയേറ്റ ത്തിന്റെ ആധിക്യമുള്ള പാലക്കാട് ജില്ലയിലെ കൽപാത്തി അഗ്രഹാരത്തിൽ തങ്ങി നേരിട്ട് നിരീക്ഷിച്ചിട്ടാണ് (Participant observation) ആവാസവ്യവസ്ഥ യുടെ സ്വഭാവം പഠിച്ചത്. ചരിത്രരചനയുടെ രീതിശാസ്ത്ര പരിമിതികൾ തിരസ്ക്കരിക്കപ്പെടുന്ന, വ്യക്തിപരമായ അനുഭവം ചരിത്രനിർമ്മിതിയായി മാറുന്ന രംഗമാണ് വാമൊഴി ചരിത്രം (Oral history). വസ്തുനിഷ്ഠമായ കണക്കെടുപ്പുകളാണ് ഇവിടെ നടക്കുന്നത്. ചരിത്രം എന്ന സങ്കൽപത്തിന് മാറ്റം വരുന്നു. സാമ്പ്രദായിക ചരിത്രവസ്തുക്കളുടെ പൊതുസമ്മതത്തി നപ്പുറമുള്ള തേടലുകളാണിത്. സ്വകാര്യ മണ്ഡലത്തിലെ എതിർശബ്ദങ്ങളും ഇവിടെ കേൾക്കാം. ലിഖിത ചരിത്രങ്ങൾക്ക് അന്യമായ ഒരു വൈകാരികതലം വാമൊഴിചരിത്രത്തിന്റെ സവിശേഷതയാണ്. വാമൊഴി ചരിത്രത്തിൽ കാതലായ മൂന്നു ബന്ധങ്ങളന്വേഷിക്കണമെന്ന് പോൾ തോംസൺ Oral History എന്ന കൃതിയിൽ പറയുന്നു.

1. അഭിമുഖത്തിന്റെ പ്രകടനതലം
2. വാമൊഴി വഴക്കത്തിന്റെ ഭാഷാശാസ്ത്രതലം
3. വ്യക്തിയുടെ മൊഴിയും സാമൂഹ്യചരിത്രാവബോധവും തമ്മിലുള്ള ബന്ധത്തിന്റെ തലം

ഈ മൂന്നു തലങ്ങളുടെയും സാധ്യതകളെ ഉപയോഗപ്പെടുത്തിയാണ് ഒന്നാമധ്യായത്തിന്റെ ചരിത്രതലം സാധ്യമാക്കിയിട്ടുള്ളത്.

നോവലുകളിലെ സ്ത്രീപ്രതിനിധാനത്തിന്റെ സ്വഭാവങ്ങൾ വിലയിരുത്താൻ പാശ്ചാത്യപൗരസ്ത്യ സ്ത്രീവാദ ചിന്തകളുടെ സൈദ്ധാന്തിക തലമാണ് ഉപയോഗിച്ചിരിക്കുന്നത്. സാമാന്യ സിദ്ധാന്തത്തിന്റെ പരിധിയിലൊതുങ്ങാത്ത, തികച്ചും സാമുദായികമായ സ്ത്രീപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നിടത്തും വാമൊഴിയുടെ സാധ്യതകളെ ഉപയുക്തമാക്കിയിട്ടു ്.

നാലു മുതൽ ആറുവരെയുള്ള അധ്യായങ്ങളിലാണ് മലയാള നോവലിലെ തമിഴ്ബ്രാഹ്മണ സ്ത്രീയുടെ പ്രതിനിധാന പരതയെക്കുറിച്ച് അന്വേഷിക്കുന്നത്. പ്രതിനിധാനം എന്നു പറയുന്നത് ഒന്ന് മറ്റൊന്നിനു വേണ്ടി നിൽക്കുക, അല്ലെങ്കിൽ ഒന്ന് മറ്റനേകത്തിനു പകരമാവുക എന്നതാണ്. ശാസ്ത്ര പരീക്ഷണങ്ങളിലും കണക്കിന്റെ സിദ്ധാന്തങ്ങളിലും പ്രതിനിധാനങ്ങളു ്.[1] സാഹിത്യത്തിലും ഇത്തരം പ്രതിനിധാനങ്ങൾ കണ്ടെത്താൻ കഴിയും. അരിസ്റ്റോട്ടിലിന്റെയും പ്ലേറ്റോയുടെയും അഭിപ്രായത്തിൽ സാഹിത്യവും കലകളുമെല്ലാം പ്രകൃതിയുടെ പ്രതിനിധാനങ്ങളാണ്. മനുഷ്യന്റെ നേരിട്ടുള്ള സംവേദനത്തിലൂടെ തിരിച്ചറിയാൻ കഴിയാതെ പോകുന്ന പലതിനെയും ഇത്തരം പ്രതിബിംബങ്ങളിലൂടെ സംവേദനക്ഷമമായി അവതരിപ്പിക്കാൻ കഴിയും. അതുകൊണ്ട് പ്രതിനിധാനം എന്ന സങ്കേതത്തിന് സാഹിത്യത്തിൽ വളരെ വിലപ്പെട്ട ഒരു സ്ഥാനമാണുള്ളത്. സൗന്ദര്യ ശാസ്ത്രചിന്തകളിലും ചിഹ്നശാസ്ത്രത്തിലും പ്രതിനിധാനപരത ശ്രദ്ധേയമാണ്.[2] പ്രതീക കൽപനകളിലൂടെ വസ്തുപ്രതീതി കൈവരുത്തുക ഇതിന്റെ പ്രത്യേകതയാണ്. ഫൂക്കോ ഈ പദത്തെ ചരിത്രവുമായി

ബന്ധപ്പെടുത്തി പ്രയോഗിച്ചു. പ്രകൃതി മനുഷ്യമനസ്സിനെ ചിത്രീകരിക്കാൻ പറ്റിയ ഒരു അപരവസ്തുവായി സാഹിത്യത്തിൽ ഇടം പിടിച്ചു. അതിനാൽ ക്ലാസ്സിക്കൽ കാലഘട്ടത്തിലെ പ്രമുഖ ജ്ഞാനസിദ്ധാന്തം പ്രതിനിധാന മാണെന്ന് ഫൂക്കോ പറയുന്നു. പ്രതിനിധാനം യാഥാർത്ഥ്യത്തിനു നേരെ പിടിച്ച ദർപ്പണമാണ്. നല്ലൊരു വായനക്കാരൻ ഈ പ്രതിബിംബത്തിൽ നിന്നു യാഥാർത്ഥ്യത്തെ കണ്ടെത്തുന്നു.[3] ഈ കാഴ്ചപ്പാടിലാണ് ഈ പ്രബന്ധത്തിൽ പ്രതിനിധാനപരത അവലോകനം ചെയ്യുന്നത്. സമൂഹത്തിൽ തമിഴ്ബ്രാഹ്മണ സ്ത്രീയുടെ ജീവിതചുറ്റുപാടുകൾ എന്ന യാഥാർത്ഥ്യം ആളുകൾ തിരിച്ചറി യാതെ പോകുന്നു. പീഡനമനുഭവിക്കുന്ന, വസ്തുവത്ക്കരിക്കപ്പെടുന്ന, ചൂഷണം ചെയ്യപ്പെടുന്ന ഇത്തരം സ്ത്രീകളെ പ്രതിനിധാനം ചെയ്യുന്ന കഥാപാത്രങ്ങൾ സൃഷ്ടിക്കപ്പെടുമ്പോൾ, ആ കഥാപാത്രങ്ങളിലൂടെ അനുവാചകൻ യഥാർത്ഥ ജീവിതത്തിലേക്ക് എത്തിനോക്കാൻ ശ്രമിക്കുന്നു. അത്തരമൊരു എത്തിനോട്ട മാണ് പ്രബന്ധം ലക്ഷ്യമിടുന്നത്.

**0.6. പഠനലക്ഷ്യം:**

തമിഴ്ബ്രാഹ്മണസമൂഹത്തിലെ സ്ത്രീയെ വിധേയത്വത്തിലേക്കും ചൂഷ ണത്തിലേക്കും നയിക്കുന്ന സാഹചര്യങ്ങൾ നോവൽസാഹിത്യത്തിൽ നിന്നും തമിഴ് ബ്രാഹ്മണസാമൂഹ്യവ്യവസ്ഥയിൽ നിന്നും കണ്ടെത്തി, സ്വതന്ത്രയാകാൻ അവൾക്കുള്ള തടസ്സങ്ങൾ തിരിച്ചറിഞ്ഞ് തക്കതായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ തേടുകയുമാണ് ഈ പഠനത്തിന്റെ ലക്ഷ്യം. സങ്കുചിതമായ അഗ്രഹാരവ്യവസ്ഥ സ്ത്രീസ്വാതന്ത്ര്യ ത്തിന് വിഘാതമാണെന്നു തിരിച്ചറിഞ്ഞ് ആ വ്യവസ്ഥയെ തകർത്തെറിയേണ്ട തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയാണ് പഠനം കൊണ്ടുദ്ദേശിക്കുന്നത്.

**0.7. പഠനസാമഗ്രികൾ:**

പ്രഥമാകരമായി തമിഴ്ബ്രാഹ്മണ സ്ത്രീജീവിതം പ്രതിപാദിക്കുന്ന അഞ്ചു നോവലുകളാണ് പരിഗണിക്കുന്നത്. മലയാറ്റൂർ രാമകൃഷ്ണന്റെ

'വേരുകൾ', 'നെട്ടൂർമഠം', സാറാ തോമസിന്റെ 'നാർമടിപ്പുടവ', ഒ.വി. വിജയന്റെ 'തലമുറകൾ', സേതുവിന്റെ 'കിളിമൊഴികൾക്കപ്പുറം' എന്നിവയാണ് ആ നോവലുകൾ. കൂടാതെ നിരവധി ആവേദകരുടെ അഭിപ്രായങ്ങളും പരിഗണിക്കുന്നു. ദ്വിതീയാകരമായി തമിഴ്ബ്രാഹ്മണ സാമൂഹ്യവ്യവസ്ഥ ചിത്രീകരിക്കുന്ന ചരിത്രഗ്രന്ഥങ്ങൾ പരിഗണിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട നോവലുകൾക്ക് സ്ത്രീപക്ഷവായന നിർവ്വഹിച്ചിട്ടുള്ള ഗ്രന്ഥങ്ങളൊന്നും ലഭിച്ചിട്ടില്ല. സാംസ്കാരികവിശകലനം നടത്തിയ ഗ്രന്ഥങ്ങളെയും പഠനാവശ്യ ത്തിന് പരിഗണിച്ചിട്ടുണ്ട്.

**0.8. ദത്തശേഖരണം:**

പ്രഥമാകരങ്ങൾ സ്വന്തമായി വാങ്ങി ഉപയോഗിക്കുന്നതു കൂടാതെ നിരവധി ഗ്രന്ഥാലയങ്ങളുടെയും സഹായം തേടുകയുണ്ടായി. ചരിത്രാംശ ങ്ങളുടെ അന്വേഷണാർത്ഥം ചോദ്യാവലി തയ്യാറാക്കി പാലക്കാട് ജില്ലയിലെ കൽപ്പാത്തി അഗ്രഹാരത്തെ പഠനമേഖലയായെടുത്ത് അഭിമുഖങ്ങൾ നടത്തി ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു. തമിഴ്ബ്രാഹ്മണ സമൂഹത്തിലെ ആളുകളെ സ്ത്രീപുരുഷഭേദമെന്യേ, സമൂഹത്തിലനുവദിച്ച സ്ഥാനങ്ങൾ നോക്കി, പല നിലവാരത്തിലും വ്യാപരിക്കുന്നവരെ തിരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

**0.9. അദ്ധ്യായക്രമം:**

പ്രബന്ധഗാത്രത്തിന് ആറ് അധ്യായങ്ങളാണ് ഉള്ളത്.

**അദ്ധ്യായം 1 – തമിഴ് ബ്രാഹ്മണ കുടിയേറ്റവും ആവാസവ്യവസ്ഥാ രൂപീകരണവും :**

ഈ അദ്ധ്യായത്തിൽ കുടിയേറ്റത്തിലേക്കും പലായനത്തിലേക്കും മനുഷ്യനെ നയിക്കുന്ന സാഹചര്യങ്ങളുടെ സൈദ്ധാന്തിക തലം വിശദീകരിച്ച ശേഷം തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേക്ക് ഒരു പ്രത്യേകകാലഘട്ടത്തി

ലുണ്ടായ തമിഴ്ബ്രാഹ്മണ കുടിയേറ്റത്തിന്റെ സ്വഭാവം വിശകലനം ചെയ്യുന്നു. തമിഴ്ബ്രാഹ്മണരെ തമിഴ്നാട്ടിൽ നിന്നും പലായനത്തിനു പ്രേരിപ്പിച്ചതും കേരളത്തിന്റെ സാമൂഹ്യാന്തരീക്ഷത്തിൽത്തന്നെ കുടിയേറാൻ നിർബന്ധിച്ചതു മായ കാരണങ്ങൾ പ്രത്യേകം പ്രത്യേകം എടുത്തു വിശകലനം ചെയ്ത ശേഷം ഈ സാഹചര്യങ്ങളെ തരണം ചെയ്യത്തക്കവിധത്തിൽ അവരുടെ ആവാസവ്യവസ്ഥ എങ്ങനെ ക്രമപ്പെടുത്തി എന്നു വിശദീകരിക്കുന്നു. തമിഴ്ബ്രാഹ്മണരുടേതെന്ന് സവിശേഷമായി തോന്നുന്ന ചില വസ്തുതകൾ മാത്രം പ്രത്യേകമെടുത്ത് വിശദീകരിച്ചിട്ടു ്. സമകാലിക സാമൂഹ്യസാഹ ചര്യങ്ങളിലെ തമിഴ്ബ്രാഹ്മണാവാസവ്യവസ്ഥയുടെ സ്വഭാവം വിശകലനം ചെയ്യുന്നതോടൊപ്പം അവരുടെ സാമൂഹ്യവ്യവസ്ഥയിൽ സ്ത്രീകൾക്കു കൽപിച്ചിട്ടുള്ള സ്ഥാനം എന്തെന്നു കൂടി അന്വേഷിക്കുന്നു.

**അദ്ധ്യായം 2 – സ്ത്രീവാദ ചിന്തകൾ:**

പൗരസ്ത്യസാഹിത്യവും പൗരാണിക ഗ്രന്ഥങ്ങളും സ്ത്രീക്കു കൽപി ച്ചിട്ടുള്ള സ്ഥാനം ഈ അധ്യായത്തിന്റെ ആദ്യഭാഗത്ത് വിശകലനം ചെയ്യുന്നു. പിന്നീട് വിവിധ ചിന്താ പദ്ധതികൾ സ്ത്രീകളെക്കുറിച്ച് രൂപപ്പെടുത്തി വച്ചിട്ടുള്ള കാഴ്ചപ്പാടുകൾ വിശദീകരിക്കുന്നു. അതിനുശേഷം പാശ്ചാത്യ ചിന്തകർക്കിടയിൽ ഉയർന്നുവന്നിട്ടുള്ള സ്ത്രീസ്വാതന്ത്ര്യ വാദങ്ങളെ സാമാന്യ മായൊന്നവലോകനം ചെയ്യുന്നതോടൊപ്പം പ്രധാനപ്പെട്ട ചില സൈദ്ധാന്തി കരെ പരിചയപ്പെടുത്തുകയും ചെയ്യുന്നു. ഭാരതത്തിലും കേരളത്തിലും വളർന്നുവന്ന സ്ത്രീസ്വാതന്ത്ര്യവാദത്തിന്റെ സ്വഭാവം കൂടി സാമാന്യമായി വിശകലനം ചെയ്തുകൊണ്ടാണ് അധ്യായം അവസാനിപ്പിക്കുന്നത്.

**അദ്ധ്യായം 3 – നോവൽപരിചയം:**

പഠനാവശ്യത്തിന് പ്രഥമാകരമായി തെരഞ്ഞെടുത്ത നോവലുകളുടെ ഉള്ളടക്കത്തെ സാമാന്യമായൊന്ന് വിശദമാക്കുക മാത്രമാണ് ഈ അദ്ധ്യായത്തിന്റെ ഉദ്ദേശ്യം. അഞ്ചു നോവലുകളെയും അതിന്റെ ഉള്ളടക്ക

ത്തിന്റെ സ്വഭാവമനുസരിച്ച് പല ഉപവിഭാഗങ്ങളായി തിരിച്ച് ഓരോ സ്വഭാവവും വിശദമാക്കുന്നതു കൂടാതെ ഇവയിലെ തമിഴ്ബ്രാഹ്മണ സ്ത്രീയുടെ സ്ഥാനം കൂടി പറഞ്ഞുവയ്ക്കുന്നുണ്ട്.

**അദ്ധ്യായം 4 – വിധേയത്വം:**

പ്രബന്ധഗാത്രത്തിലെ പ്രധാനപ്പെട്ട മൂന്ന് അദ്ധ്യായങ്ങളാണ് തുടർന്നു വരുന്നവ. മലയാളനോവൽ സാഹിത്യത്തിൽ തമിഴ്ബ്രാഹ്മണ സ്ത്രീ ചൂഷണം ചെയ്യപ്പെടുന്നവളായും വിധേയയായും സ്വാതന്ത്ര്യകാംക്ഷിയായും പ്രത്യക്ഷ പ്പെടുന്നു. ഈ സ്വഭാവങ്ങളോരോന്നും ഓരോ അദ്ധ്യായങ്ങളിലായി വിശദമാ ക്കുന്നു. ഈ അദ്ധ്യായത്തിൽ ഒരു തമിഴ്ബ്രാഹ്മണസ്ത്രീ ഏതേതെല്ലാം വ്യവസ്ഥകളോട് വിധേയത്വം പുലർത്തുന്നു, അതിനവളെ നിർബന്ധിക്കുന്ന ഘടകങ്ങളേതെല്ലാം എന്ന് സാമൂഹികസാമ്പത്തിക ദർശനങ്ങളുടെ പശ്ചാത്തലത്തിൽ അന്വേഷിക്കുകയാണ് ചെയ്യുന്നത്. തമിഴ്ബ്രാഹ്മണ സ്ത്രീയെ സ്വസമുദായത്തോടും പൊതുസമൂഹത്തോടും സാമ്പത്തികമായും സാമൂഹികമായും രാഷ്ട്രീയമായും വിധേയത്വം പുലർത്താൻ പ്രേരിപ്പിക്കുന്ന സാഹചര്യങ്ങളാണ് ഇവിടെ പ്രധാനമായും അന്വേഷിക്കുന്നത്.

**അദ്ധ്യായം 5 – ചൂഷണം :**

സ്ത്രീ വിധേയയായിരിക്കുന്ന സാഹചര്യങ്ങളിലൊക്കെ അവൾ എപ്രകാരം ചൂഷണത്തിന്റെയും പീഡനത്തിന്റെയും അവഗണനയുടെയും ഇരയായി മാറുന്നു എന്ന് ഈ അദ്ധ്യായത്തിൽ അന്വേഷിക്കുന്നു. സ്വസമുദായ ത്തിന്റെയും പൊതുസമൂഹത്തിന്റെയും ചൂഷണതന്ത്രങ്ങൾ എങ്ങനെ ഒരുപോലെ തമിഴ്ബ്രാഹ്മണസ്ത്രീയെ ബാധിക്കുന്നു എന്നു വിശകലനം ചെയ്യാനാണ് ഇവിടെ ശ്രമിക്കുന്നത്. സാമൂഹികമായും സാമ്പത്തികമായും ലൈംഗികമായും അവൾ ചൂഷണം ചെയ്യപ്പെടുമ്പോൾ അവളുടെ പ്രതികരണ ങ്ങൾ എങ്ങനെയായിരുന്നു എന്നും അന്വേഷിക്കുന്നു.

**അദ്ധ്യായം 6 – സ്വാതന്ത്ര്യബോധം:**

ചൂഷണത്തിനു വിധേയരായവരെ പിന്തുടർന്നു വന്ന ഒരു തലമുറ മുൻതലമുറയുടെ ജീവിതത്തിൽ നിന്നും പാഠമുൾക്കൊണ്ട് സാമ്പത്തികമായും സാമൂഹികമായും ലൈംഗികമായും സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നതിന്റെ ചിത്രം മലയാള നോവൽസാഹിത്യത്തിൽ നിന്നും കണ്ടെടുക്കുകയാണ് ഈ അദ്ധ്യായത്തിൽ ചെയ്യുന്നത്. ഒപ്പം ഈ സ്വാതന്ത്ര്യപ്രഖ്യാപനം തമിഴ് ബ്രാഹ്മണസമുദായ വ്യവസ്ഥയിൽ എന്തെങ്കിലും ചലനങ്ങൾ സൃഷ്ടിക്കുക യു ായോ എന്നും ഇതൊരു ഒറ്റപ്പെട്ട കലഹം മാത്രമായി ഒതുങ്ങിയോ എന്നും അന്വേഷിക്കുന്നു. നോവൽസാഹിത്യത്തിൽ നിന്നു കണ്ടെടുത്ത ഈ സ്വതന്ത്രവ്യക്തിത്വങ്ങളുടെ തുടർച്ച ആധുനികാനന്തര തമിഴ്ബ്രാഹ്മണ സമൂഹത്തിൽ നിലനിൽക്കുന്നുണ്ടോ എന്ന ഒരന്വേഷണം കൂടി ഈ അദ്ധ്യായത്തിൽ നിർവഹിക്കുന്നുണ്ട്.

ഇത്തരത്തിൽ മൂന്നു പ്രധാനാദ്ധ്യായങ്ങളിലായി ഒന്ന്, രണ്ട് അദ്ധ്യായ ങ്ങളിൽ പ്രതിപാദിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ തമിഴ്ബ്രാഹ്മണ സ്ത്രീയുടെ പ്രതിനിധാനത്തിന്റെ സ്വഭാവം വിവരിക്കുകയാണ് ഈ പ്രബന്ധ ത്തിന്റെ രീതി. ഇവയെല്ലാം ക്രോഡീകരിച്ച് ഒരു പരിസമാപ്തി നിർവ്വഹിക്കുന്ന തോടൊപ്പം ഒരു തുടർപഠനം ഈ മേഖലയിൽ ഉണ്ടാവാനുള്ള സാഹചര്യവും പ്രതിപാദിക്കുന്നുണ്ട്. പഠനത്തിൽ സഹായകമായ ചില അഭിമുഖങ്ങൾ പ്രബന്ധത്തിന് അനുബന്ധമായി ചേർക്കുന്നു.

**സൂചകങ്ങൾ:**

1. Wikipedia.

2. Jackques Derrida – The Theatre of Cruelty and the closure of representation, 1978.

3. Sir Philip Sydney – A Defence of Poetry, Edited J.A. Van Dorsten, 1966, Oxford, പുറം 25.

Anithakumari. A. “Tamil Brahmin Women Representation in Malayalam Novel” Thesis. Department of Malayalam of Sree Kerala Varma College, University of Calicut, 2015.

## അദ്ധ്യായം – 1

# തമിഴ്ബ്രാഹ്മണ കുടിയേറ്റവും ആവാസവ്യവസ്ഥാ രൂപീകരണവും

തമിഴ്നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ബ്രാഹ്മണർ നിരവധി കാരണങ്ങൾ കൊണ്ട് പലായനം ചെയ്യുകയും തൊട്ടടുത്ത് കിടന്ന കേരള ത്തിന്റെ സാംസ്കാരികാന്തരീക്ഷത്തിൽ കുടിയേറിപ്പാർക്കുകയും ചെയ്തു. അക്കാലം വരെയും തമിഴ്നാട്ടിലെ വിദ്യാഭ്യാസ, ഭരണ, സാംസ്കാരിക രംഗങ്ങളിൽ സജീവമായിരുന്ന തമിഴ്ബ്രാഹ്മണർ ജന്മദേശം വിട്ട് പലായനം ചെയ്യാനുണ്ടായ കാരണങ്ങൾ അന്വേഷിക്കുകയാണ് ഈ അദ്ധ്യായത്തിൽ ചെയ്യുന്നത്. പലായനത്തിലേക്കും അന്യനാട്ടിലുള്ള കുടിയേറ്റത്തിലേക്കും ഒരു ജനതയെ നയിക്കുന്ന സാമാന്യമായ കാരണങ്ങൾ കണ്ടെത്തി ഈ സവിശേഷ പലായനത്തെ വിശകലനം ചെയ്യുന്ന രീതിയാണിവിടെ ഉപയുക്തമാക്കി യിട്ടുള്ളത്.

### 1.1 പലായനവും കുടിയേറ്റവും:

സ്ഥിരമായോ താത്കാലികമായോ ഒരു ആവാസവ്യവസ്ഥ രൂപീകരി ക്കാനുള്ള താത്പര്യാർത്ഥം ഒരു സ്ഥലത്തു നിന്നും മറ്റൊരിടത്തേക്ക് മനുഷ്യൻ നീങ്ങുന്നതിനെയാണ് സാമാന്യമായി പലായനം എന്നു പറയുന്നത്. സാധാരണ ഇത്തരം നീക്കങ്ങൾ ഒരു രാജ്യത്തു നിന്നു മറ്റൊരു രാജ്യത്തേക്കോ ദീർഘമായ ദൂരത്തേക്കോ ആയിരിക്കുമെങ്കിലും കുറഞ്ഞ അകലത്തിലേക്കുള്ള പലായനവും ക ുവരുന്നുണ്ട്. വ്യക്തികളോ കുടുംബാംഗങ്ങളോ നിരവധി വ്യക്തികൾ ചേർന്ന വലിയ സംഘങ്ങളോ ആയി പലായനം ചെയ്യാം. ഒരു പ്രത്യേക പ്രദേശത്തേക്ക് പലായനം ചെയ്തു വരുന്നവരെ കുടിയേറ്റക്കാർ എന്നു വിളിക്കുന്നു. പലായനം ആരംഭിച്ച സ്ഥലത്ത് അവർ എപ്പോഴും പ്രവാസികളായിരിക്കും. കുടിയേറ്റങ്ങൾ

കൊണ്ടോ കോളനിവത്ക്കരണം കൊണ്ടോ പലായനം ചെയ്തവരെ അഭയാർത്ഥികളായാണ് കാണുന്നത്.[1]

പലായനവും കുടിയേറ്റവും സംബന്ധിച്ച് നിരവധി നിയമങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. അതിലേറ്റവും പ്രധാനപ്പെട്ട സാമൂഹിക ശാസ്ത്രസിദ്ധാന്ത മാണ് റാവൻസ്റ്റീന്റേത്. അദ്ദേഹം പറയുന്നു:

'ഓരോ പലായനത്തിന്റെയും ഒഴുക്ക് എപ്പോഴും തിരിച്ചുവരവിനോ തിരിച്ചുള്ള പലായനത്തിനോ സാധ്യതകൾ സൃഷ്ടിക്കാറുണ്ട്. അധിക പലായനങ്ങളും ഹ്രസ്വദൂരത്തിലേക്കായിരിക്കും. ദീർഘദൂര പലായനത്തി ലേർപ്പെട്ടിരിക്കുന്നവർ വലിയ നഗരങ്ങളെയായിരിക്കും ലക്ഷ്യം വയ്ക്കുക. നഗരപ്രദേശത്ത് അധിവസിക്കുന്നവരേക്കാൾ ഗ്രാമത്തിൽ അധിവസിക്കുന്ന വർക്കാണ് പലായനസാധ്യത കൂടുതൽ. ഒരു ദേശം വിട്ട് മറ്റൊരു ദേശത്തേക്ക് പോകാൻ എപ്പോഴും താത്പര്യം പ്രകടിപ്പിക്കുന്നത് മുതിർന്നവർ ആയിരിക്കും. അതുതന്നെ കൂട്ടമായ പലായനത്തേക്കാൾ ഘട്ടംഘട്ടമായ പലായനമാ യിരിക്കും സംഭവിക്കുക. പ്രത്യേകസ്ഥലത്തിന്റെ സാമ്പത്തികസ്ഥിതി പരിഗണി ച്ചാണ് ആളുകൾ ലക്ഷ്യസ്ഥാനം കണ്ടെത്തുക.[2]

ആളുകൾ അധികവും നിലനിൽപിനു വേണ്ടിയാണ് പലായനം ചെയ്യുന്നത്. അതിൽ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ കാരണങ്ങളുണ്ടാകാം. തൊഴിൽ തേടിയും സാമ്പത്തികാസമത്വഹേതുവായും ഛിദ്രങ്ങൾ കൊണ്ടും പലായനം ചെയ്യുന്നവരുണ്ട്. സാംസ്കാരികമായ കാരണങ്ങൾ കൊണ്ട് ദേശാടനം ചെയ്യുന്നവരെ കുടിയേറ്റക്കാരായി കണക്കാക്കാറില്ല. കാരണം താൽക്കാലികമായോ സ്ഥിരമായോ ഒരിടത്തും അവർ ആവാസവ്യവസ്ഥ ക്രമീകരിക്കാറില്ല. യൂറോപ്യൻ രാജ്യങ്ങളും ഗൾഫ് രാജ്യങ്ങളും അവരുടെ തൊഴിൽ മേഖലയുടെ വികസനത്തിനായി വിദേശകുടിയേറ്റങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. ഇതിന്നും തുടരുന്നുണ്ട്. അന്തർദ്ദേശീയമായി വരുമാനത്തിൽ ഐകരൂപ്യം സംഭവിക്കുന്നതുവരെ ഇത്തരം കുടിയേറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. മറ്റു രണ്ടു കാരണങ്ങൾക്കും

കൃത്യമായ പരിഹാരം കണ്ടെത്താനാവില്ല. സാംസ്കാരികമാറ്റങ്ങൾ കൊണ്ടുള്ള പലായനം തുലോം കുറവാണ്. ഉണ്ടെങ്കിൽത്തന്നെയും അതിൽ അന്തർദ്ദേശീയ തലത്തിലുള്ള പലായനങ്ങൾ സംഭവിക്കുന്നില്ല. സമൂഹത്തിലുണ്ടാകുന്ന കലഹങ്ങളും ഛിദ്രങ്ങളുമാണ് സാമ്പത്തിക കാരണങ്ങൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പലായനത്തിനു കാരണമാകുന്നത്.

കൂട്ടമായ പലായനത്തിനുള്ള തീരുമാനം ഒരിക്കലും ഒരൊറ്റ വ്യക്തിയുടേതാവില്ല. കുടുംബത്തിലെ ബന്ധുക്കളോ ഒന്നിലധികം കുടുംബങ്ങളോ ചേർന്നാണ് പലായനം തീരുമാനിക്കുന്നത്. കുടിയേറ്റരാജ്യമോ പ്രദേശമോ ആവശ്യപ്പെടുന്ന തരം കുടിയേറ്റങ്ങളുമുണ്ട്. പാശ്ചാത്യ ഭരണകാലത്ത് അവർ കോളനികളിൽ നിന്ന് തൊഴിലാളികളെ കൂട്ടമായി കൊണ്ടുപോയി സ്വന്തം രാജ്യത്ത് പണിയെടുപ്പിച്ചിരുന്നു.[3] കോളനിഭരണകാലത്ത് കേരളത്തിൽ തൊഴിൽ ലഭ്യമാകാതെ വന്നപ്പോൾ ആസാമിലേക്ക് തീവണ്ടി കയറിപ്പോയിരുന്നവരുണ്ട്.[4] കേരളത്തിലെ ചെറുപ്പക്കാർ കൽക്കത്തയിലും ബോംബെയിലും ടൈപ്പ് റൈറ്റിങ്ങ് ജോലികൾ ചെയ്യാൻ പോയിരുന്നു. ഇക്കാലത്തും വൻതോതിൽ ഗൾഫ് കുടിയേറ്റങ്ങൾ നടക്കുന്നുണ്ട്. വർത്തമാനകാലത്ത് കേരളം ബംഗാളികളെക്കൊണ്ടു നിറഞ്ഞത് മറ്റൊരു ഉദാഹരണമാണ്.

എവററ്റ് എസ് ലീ തന്റെ പലായനത്തെക്കുറിച്ചുള്ള സിദ്ധാന്തങ്ങളിൽ പലായനകാരണങ്ങളെ രണ്ടായി തിരിക്കുന്നു. 'പുഷ് ആന്റ് പുൾ ഫാക്ടേഴ്സ്' എന്നാണ് അദ്ദേഹം അവയെ പറയുന്നത്.[5] ഒരു പ്രദേശം വിട്ട് ആളുകളെ പോകാൻ പ്രേരിപ്പിക്കുന്ന കാരണങ്ങളാണ് പ്രേരകഘടകങ്ങൾ. പേരു സൂചിപ്പിക്കുന്നതുപോലെ ആളുകളെ നാട്ടിൽ നിന്ന് പുറത്തേക്ക് തള്ളിവിടുന്ന കാരണങ്ങളാണ് ഇവ. പ്രധാനപ്പെട്ട പ്രേരകഘടകങ്ങൾ ഇവയാണ്:

1. ആ പ്രദേശത്തെ മുഴുവൻ ആളുകൾക്കും കൃത്യമായി നൽകാനുള്ള തൊഴിൽ സാധ്യതകൾ ഇല്ലാതിരുന്നാൽ തൊഴിലും വരുമാനമാർഗ്ഗവും തേടി ആളുകൾ പലായനം ചെയ്യാം.

2. വളരെ കുറച്ച് തൊഴിലവസരങ്ങളേ അവിടം അനുവദിക്കുന്നുള്ളുവെങ്കിൽ ആളുകൾ പ്രദേശം വിട്ടുപോകാം.

3. ആ പ്രദേശം പരിമിതമായ ജീവിതസൗകര്യങ്ങളേ അനുവദിക്കുന്നുള്ളു വെങ്കിൽ കൂടുതൽ മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ തേടി ആളുകൾ പലായനം ചെയ്യാറുണ്ട്.

4. മരുഭൂമിയായിക്കൊണ്ടിരിക്കുന്ന പ്രദേശത്തുള്ളയാളുകൾ പച്ചപ്പുള്ള ആവാസവ്യവസ്ഥ തേടി പലായനം ചെയ്യാം.

5. വരൾച്ചയും കൃഷിനാശവും മൂലം ജീവിക്കാൻ നിവൃത്തിയില്ലാതാകു മ്പോൾ ആളുകൾ ആ പ്രദേശം വിട്ടുപോകാം.

6. പീഡനഭയം കൊണ്ടോ രാഷ്ട്രീയപ്രേരിതമായോ ആളുകൾ ഒരു പ്രദേശത്തെ ഉപേക്ഷിച്ചുപോകാറുണ്ട്.

7. നിർബന്ധിത തൊഴിലോ അടിമവൃത്തിയോ നിലനിൽക്കുന്ന പ്രദേശ ങ്ങളിൽ നിന്ന് ആളുകൾ രക്ഷപ്പെടാറുണ്ട്.

8. രോഗദുരിതങ്ങൾക്ക് കൃത്യമായ ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കാ ത്തിടത്ത് ആളുകൾ അധിവസിക്കാൻ ഇഷ്ടപ്പെടുന്നില്ല.

9. സാമ്പത്തികനഷ്ടം ചിലരെ നാടുവിട്ടുപോകാൻ പ്രേരിപ്പിക്കാം.

10. പ്രകൃതിദുരന്തങ്ങൾ ആളുകളെ കുടിയൊഴിയാൻ പ്രേരിപ്പിക്കുന്നു.

11. മരണഭയം നിലനിൽക്കുന്ന ഇടങ്ങളെ ആളുകൾ ഉപേക്ഷിക്കും.

12. വ്യവസായവത്ക്കരണം കൊണ്ടോ മറ്റു കാരണങ്ങൾ കൊണ്ടോ ഒരു പ്രദേശം മലിനപ്പെട്ടാൽ രോഗഭയത്തെ തുടർന്ന് ആളുകൾ അവിടം വിട്ടുപോകും.

13. നല്ല വീടുകൾ ലഭിക്കാൻ ആളുകൾ മറ്റൊരു പ്രദേശം തേടാം. തിരക്കേറിയ നഗരത്തിലെ കുറഞ്ഞ ചുറ്റുപാടിലെ സ്ഥലം കൊടുത്ത് തിരക്കു കുറഞ്ഞ ഗ്രാമാന്തരീക്ഷത്തിലേക്ക് പോകുമ്പോൾ അവിടെ നല്ല താമസസൗകര്യം ലഭ്യമാക്കാനാകും.

14. ഭൂപ്രഭുക്കന്മാരുടെ ഭീഷണിയെത്തുടർന്ന് സ്ഥലം വിട്ടൊഴിഞ്ഞ് ആളുകൾ പോകാം. കുടിയൊഴിപ്പിക്കൽ ഭീഷണി പണ്ട് ജന്മിമാരിൽ നിന്ന് കുടിയാന്മാർക്ക് പതിവായുണ്ടായിരുന്നു.

15. പല വ്യക്തികളിൽ നിന്നോ പല സംഭവങ്ങളിൽ നിന്നോ ഉണ്ടാകുന്ന ഭീഷണിയും ആളുകൾ പലായനം ചെയ്യാൻ കാരണമാകാറുണ്ട്.

16. ആളുകൾക്കിടയിലെ വിവേചനവും പലരെയും പലായനത്തിനു പ്രേരിപ്പിക്കുന്നു.

17. വിവാഹസാധ്യത നോക്കി പലായനം ചെയ്യുന്നവരുണ്ട്.

18. നിർബന്ധിത തടങ്കൽ ഭയന്ന് ഓടിപ്പോകുന്നവരുണ്ട്.

19. എല്ലാറ്റിനുമുപരി ജനങ്ങളെ കൂട്ടപ്പലായനത്തിനു പ്രേരിപ്പിക്കുന്ന ഒരു സുപ്രധാന സംഭവമാണ് യുദ്ധം.

ഇത്തരത്തിലുള്ള പ്രേരക ഘടകങ്ങൾ (Push Factors) പോലെ തന്നെ പ്രധാനമാണ് ഒരു വ്യക്തിയേയോ സംഘത്തേയോ പലായനത്തിനു പ്രേരിപ്പിക്കുന്ന ആകർഷകഘടകങ്ങളും (Pull Factors).

1. നല്ല തൊഴിൽ സാധ്യതകൾ തുറക്കുന്ന പ്രദേശങ്ങളിലാണ് അധികമാളുകളും കുടിയേറുക.

2. നല്ല ജീവിതസൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന പ്രദേശം എപ്പോഴും ആളുകളെ ആകർഷിച്ചുകൊണ്ടിരിക്കും.

3. രാഷ്ട്രീയമായും മതപരമായും കൂടുതൽ സ്വാതന്ത്ര്യം അനുവദിക്കുന്ന പ്രദേശങ്ങളെ ആളുകൾ കുടിയേറ്റത്തിനായി തിരഞ്ഞെടുക്കാറുണ്ട്.

4. ജീവിതം ആസ്വദിക്കാൻ പറ്റുന്ന ഇടങ്ങൾ തിരഞ്ഞെടുക്കുന്നവരുണ്ട്.

5. നല്ല വിദ്യാഭ്യാസ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന പ്രദേശത്തേക്ക് ആളുകൾ കുടുംബമായി ചേക്കേറാം.

6. ചികിത്സാസൗകര്യങ്ങൾ ധാരാളമുള്ള പ്രദേശങ്ങൾക്ക് പലായനം ചെയ്യുന്നവർ മുൻതൂക്കം നൽകും.

7. സുഖകരമായ കാലാവസ്ഥയുള്ള പ്രദേശങ്ങളിലേക്ക് ധാരാളം ആളുകൾ കുടിയേറും.

8. ജീവിതസുരക്ഷിതത്വം നോക്കിയും ആളുകൾ കുടിയേറ്റം നടത്തും. ചോരഭയം, മതപരിവർത്തനഭയം, പ്രകൃതിദുരന്തഭയം, വരൾച്ച, രോഗം, മലിനമായ അന്തരീക്ഷം എന്നിവയൊക്കെ ജീവിതസുരക്ഷിതത്വം കിട്ടുന്ന നാടു തേടിപ്പോകാൻ ആളുകളെ പ്രേരിപ്പിക്കുന്ന ഘടകങ്ങളാണ്.

9. കുടുംബബന്ധങ്ങൾ നിലനിൽക്കുന്ന പ്രദേശത്തേക്ക് സ്വകുടുംബാംഗങ്ങളോടൊപ്പം താമസിക്കാനായി ആളുകൾ കുടിയേറാറുണ്ട്.

10. വ്യവസായങ്ങൾ കൂടുതലായി കാണുന്ന പ്രദേശങ്ങളിലേക്ക് ആളുകൾ കുടിയേറാം.

11. വിവാഹസാധ്യത കൂടുതലുള്ള സ്ഥലങ്ങളും കുടിയേറ്റത്തിനു തിരഞ്ഞെടുക്കാം.

ഇപ്രകാരം സാമ്പത്തിക സുരക്ഷിതത്വം മാത്രമല്ലാതെ ജീവിത സുരക്ഷിതത്വത്തിനും ആളുകൾ സ്വന്തം പ്രദേശം വിട്ട് അന്യനാടുകളിലേക്ക് പോകാറു ്. അവിടത്തെ സാഹചര്യങ്ങൾ അനുകൂലമായിരിക്കുന്നേടത്തോളം കാലം ആളുകൾ അവിടെത്തന്നെ അധിവസിക്കുകയും പ്രതികൂല സാഹചര്യങ്ങളിൽ അവിടെ നിന്ന് വീണ്ടും പലായനം ചെയ്യുകയും ചെയ്യുന്നു. സ്വയം പലായനം നിശ്ചയിക്കുകയോ കുടിയിറക്കപ്പെടുകയോ ചെയ്യാറുണ്ട് ഇത്തരം സാഹചര്യങ്ങളിൽ. അത്തരം അവസരങ്ങളിൽ ഈ ആളുകൾ വിട്ടുപോന്ന പ്രദേശങ്ങളിലേക്ക് തിരിച്ചുപോരുകയോ (Counter Migration) അല്ലെങ്കിൽ പുതിയ പ്രദേശം തേടിപ്പോവുകയോ (Remigration) ചെയ്യാം.

**കുടിയേറ്റവും സംസ്കാരസങ്കലനവും:**

ഒരു കൂട്ടം ആളുകൾ ഒരു പ്രദേശത്തേക്ക് കുടിയേറുന്ന സാഹചര്യ ത്തിൽ രണ്ടു വ്യത്യസ്ത സംസ്കാരങ്ങളാണ് ആ പ്രദേശത്തുണ്ടാവുക. മൂന്നു തരത്തിലുള്ള മാറ്റങ്ങൾ ഇത്തരം അവസരങ്ങളിൽ സംഭവിക്കാം. കുടിയേറി വന്ന ആളുകളുടെ സംസ്കാരത്തിന്റെ ഘടകങ്ങൾ തദ്ദേശവാസികളെ ആകർഷിക്കുകയാണെങ്കിൽ അവർ ആ സംസ്കാരത്തിലേക്ക് മാറാം. കുടിയേറിവന്നവർ ദേശസംസ്കാരത്തിലേക്ക് പരിവർത്തിപ്പിക്കപ്പെടാം. കലർപ്പുസംസ്കാരവും രൂപപ്പെടാം. ഇതു മൂന്നുമല്ലാതെ പ്രദേശവാസികളുടെ സംസ്കാരത്തോടു കൂടി കലരാതെ കുടിയേറിയവർ അവരുടെ സംസ്കാരം കാത്തുസൂക്ഷിക്കുന്ന സന്ദർഭങ്ങളുമുണ്ടാകാം. സംസ്കാരസംരക്ഷണം ലക്ഷ്യം വെച്ച് ദേശാന്തരഗമനം ചെയ്യുന്നവർ തീർച്ചയായും കുടിയേറിയ പ്രദേശത്ത് അവരുടെ തനതു സംസ്കാരം അതേപടി സംരക്ഷിക്കാനുള്ള ശ്രമങ്ങളായിരിക്കും നടത്തുക.

കുടിയേറ്റത്തിന്റയും പലായനത്തിന്റെയും ഇത്രയും സൈദ്ധാന്തിക വശങ്ങൾ പരിഗണിച്ചുകൊണ്ട് കേരളത്തിലേക്കു കുടിയേറിയ തമിഴ് ബ്രാഹ്മണരുടെ കുടിയേറ്റത്തിന്റേയും ആവാസവ്യവസ്ഥാ രൂപീകരണ ത്തിന്റെയും സ്വഭാവങ്ങൾ വിശകലനം ചെയ്യാനാണ് ഇവിടെ ശ്രമിക്കുന്നത്. തമിഴ്ബ്രാഹ്മണർ സംസ്കാരസംരക്ഷണാർത്ഥമാണ് കുടിയേറിയത്. ലീയുടെ സിദ്ധാന്തപ്രകാരമുള്ള നിരവധി ഘടകങ്ങൾ ഇവരുടെ പലായനത്തിനും കുടിയേറ്റത്തിനുമായി കേരളം തന്നെ തിരഞ്ഞെടുത്തതിനു പിന്നിലുണ്ട്. അവരുടെ ഉദ്ദേശങ്ങൾ എത്രത്തോളം ഫലവത്തായി എന്നും സംസ്കാര സങ്കലനത്തിന്റെ കാര്യത്തിൽ തമിഴ് ബ്രാഹ്മണ സംസ്കാരത്തിലും കേരള സംസ്കാരത്തിലും എന്തെല്ലാം മാറ്റങ്ങളുണ്ടായി എന്നും ഇവിടെ അന്വേഷി ക്കുന്നുണ്ട്. അതോടൊപ്പം ഒരു പുന:പലായനസാധ്യത ഇവർക്കുണ്ടോ എന്നും അതെപ്രകാരമാണെന്നും അത്തരം സാഹചര്യങ്ങളെ നേരിടാനായി എന്തെല്ലാം പ്രതിരോധതന്ത്രങ്ങളാണ് അവർ ആവിഷ്ക്കരിക്കുന്നതെന്നും അന്വേഷിക്കുന്നു. സ്ത്രീകളാണ് പുരുഷന്മാരേക്കാളധികം ദേശാന്തരഗമനം

നടത്തുന്നത് എന്ന റാവൻസ്റ്റീന്റെ വാദത്തെയും ഇവിടെ വിശകലനവിധേയ മാക്കുന്നു .[6]

**1.2. തമിഴകത്തെ ബ്രാഹ്മണർ:**

സംഘകാലത്ത് തന്നെ തമിഴകത്ത് ബ്രാഹ്മണരുടെ സാന്നിദ്ധ്യ മു ായിരുന്നു. എ.ഡി. 200 നും 1600 നുമിടയ്ക്ക് ധാരാളം ബ്രാഹ്മണർ തമിഴകത്ത് കുടിയേറിയെന്ന് പറയപ്പെടുന്നുണ്ടെങ്കിലും അത് സ്ഥാപി ക്കാനുള്ള കൃത്യമായ തെളിവുകളൊന്നും ലഭ്യമല്ല. അപസ്തംഭ, ബൗദ്ധയാന വിഭാഗങ്ങളിലെ സന്യാസിമാരുടെ സൂത്രങ്ങൾ പിന്തുടരുന്ന തമിഴ് ബ്രാഹ്മണർ തമിഴ്നാടിനോടു തൊട്ടുകിടക്കുന്ന തെലുങ്കുനാട്ടിൽ ധാരാളമായി കാണപ്പെടുന്നുണ്ടെന്ന് പി.ടി. ശ്രീനിവാസ അയ്യങ്കാരുടെ പരാമർശം ഉദ്ധരിച്ചു കൊണ്ട് പി.കെ. ഗോപാലകൃഷ്ണൻ സ്ഥാപിക്കുന്നു.[7] കരികാല ചോളന്റെ രാജവാഴ്ചക്കാലത്ത് ഉരുട്ടിരംഗണനാർ എന്ന ബ്രാഹ്മണകവിയാണ് 'പട്ടിനപ്പാല'യിൽ എഴുതിയതെന്നു കരുതപ്പെടുന്നു. കരികാലചോളന്റെ കാലത്തെ ബ്രാഹ്മണ സാമീപ്യത്തിന്റെയും വേദാവകാശത്തിന്റെയും തെളിവാണ് ഈ കൃതി. വേദകർമ്മങ്ങൾ ചെയ്യാത്ത 'വേലപ്പാർപ്പൻ' എന്നൊരു ബ്രാഹ്മണവിഭാഗത്തെക്കുറിച്ചും സംഘകൃതികളിൽ പരാമർശമുണ്ട്. സംഘ കാല സാഹിത്യകൃതികളായ ചിലപ്പതികാരം, മണിമേഖല, കുറുന്തൊകൈ എന്നിവയിലും തമിഴകത്തെ ബ്രാഹ്മണസാന്നിദ്ധ്യത്തെക്കുറിച്ച് പരാമർശമുണ്ട്. ബുദ്ധമതത്തെയും ജൈനമതത്തെയും പോലെ ഇവരും കച്ചവടക്കാരും പുരോഹിതന്മാരും മിഷണറിപ്രവർത്തകരുമൊക്കെയായിട്ടാണ് കടന്നുവന്നത്.[8] സംഘകാലത്തിന്റെ അവസാനമായപ്പോഴേക്കും ഒരു ഇന്തോ-ആര്യൻ സംസ്കാരം ദ്രുതഗതിയിൽ വളർന്നുവന്നു. ദക്ഷിണേന്ത്യയിലെ ആദ്യ ബ്രാഹ്മണനായി അഗസ്ത്യനെ കാണുന്നവരുമുണ്ട്. പൊതിഗൈ (തിരുനെൽ വേലി ജില്ല) മലയിൽ താമസമുറപ്പിച്ച അഗസ്ത്യനിൽ നിന്നാണത്രെ തമിഴ്ബ്രാഹ്മണർ വേദതത്വമുൾക്കൊണ്ടത്.[9] കേരളോൽപ്പത്തിയിൽ ആദ്യകാല ബ്രാഹ്മണകുടിയേറ്റങ്ങളെക്കുറിച്ച് പരാമർശിക്കുന്നിടത്ത്, മുപ്പത്തി ആറായിരം

ബ്രാഹ്മണർ പരശുരാമനിൽ നിന്ന് ശാസ്ത്രഭിക്ഷ നേടിയതായി പറയുന്നു. കൂടാതെ ഗോകർണ്ണം മുതൽ കന്യാകുമാരി വരെ നൂറ്റി അറുപതു കാലം ഭൂമി അവർക്കു ഭരിക്കാനായി വിട്ടുകൊടുത്തതായും പരാമർശമുണ്ട്. ശാലകൾ എന്നറിയപ്പെടുന്ന സ്ഥാപനങ്ങൾ വിദ്യാഭ്യാസത്തിനും സൈനിക പരിശീലന ത്തിനുമായി അവർ സ്ഥാപിച്ചിട്ടുണ്ട്. ഇതു തെളിയിക്കുന്നത് സമാധാനത്തിന്റെ രീതിയിൽ മാത്രമല്ല ആയുധശക്തിയിലും പ്രാവീണ്യം നേടിയിരുന്നു കൊണ്ടാണ് ബ്രാഹ്മണർ രാജ്യത്തങ്ങുമിങ്ങും ചിതറിപ്പരന്നത് എന്നാണ്.[10] ഷൂബെൽ ഇവരെ 'മഹാജനം' എന്നു വിശേഷിപ്പിക്കുന്നു.[11]

മൂന്നു വിഭാഗത്തിൽപ്പെട്ട ബ്രാഹ്മണരാണ് തമിഴ്നാട്ടിൽ കുടിയേറിയത്. ശൈവവിശ്വാസികളായ ഗുരുക്കൾ, വൈഷ്ണവ വിശ്വാസികളായ അയ്യങ്കാർ, ശൈവവൈഷ്ണവ ഭേദമില്ലാത്ത അയ്യർ.[12] ആദിശങ്കരന്റെ അദ്വൈത തത്വത്തിൽ വിശ്വസിക്കുന്നവരാണ് അയ്യർ. ഇവർ കാവേരിയുടെ തീരപ്രദേശ ങ്ങളായ നാഗപട്ടണം, തഞ്ചാവൂർ, തിരുവാനൂർ, തിരുച്ചിറപ്പള്ളി എന്നിവിട ങ്ങളിൽ ആവാസമുറപ്പിച്ചവരാണ്. ചെറിയ ചില അയ്യർ വിഭാഗക്കാരെ മദിരാശി, മധുര, തിരുനെൽവേലി, അംബാസമുദ്രം എന്നിവിടങ്ങളിലും കാണാനായിട്ടുണ്ട്. ഗുരുക്കൾ വിഭാഗക്കാർ പാരമ്പര്യ പുരോഹിത വിഭാഗക്കാരാണ്. ശൈവസിദ്ധാന്തത്തിന്റെ തത്വങ്ങൾ പിന്തുടരുന്ന ഇവർ ശിവശക്തി ക്ഷേത്രങ്ങളിൽ പുരോഹിതന്മാരായി കഴിയുന്നു. ആഗതശാസ്ത്ര നിഷ്ണാതരായ ഇവർ മറ്റു തമിഴ്ബ്രാഹ്മണ വിഭാഗക്കാരുമായി വിവാഹബന്ധ ത്തിലേർപ്പെടാറില്ല. തിരുവളങ്ങാട്, കൊഞ്ചീവരം, തിരുക്കഴുക്കുന്റം എന്നീ മൂന്നിടങ്ങളിലാണ് ഇവരെ കൂടുതലായി കാണുക. ഹിന്ദുമത ഗ്രന്ഥങ്ങൾ പ്രകാരം ബ്രാഹ്മണർ ഒരു ആദ്ധ്യാത്മിക ജീവിതശൈലി പിന്തുടരുന്നവരാണ്. വേദം പഠിക്കുകയും ക്ഷേത്രങ്ങളിലും പ്രമുഖ കുടുംബങ്ങളിലും പുരോഹിതന്മാരായി കഴിയുകയുമാണ് ഇവർ സാധാരണയായി ചെയ്തു പോരുന്നത്. എന്നാൽ, തമിഴ്ബ്രാഹ്മണർ വേദപഠനത്തിനു പുറമേ മറ്റു പല തൊഴിലുകളിലും ഏർപ്പെട്ടിരുന്നതായി തെളിവുകളുണ്ട്. അകനാനൂറിൽ പരാമർശിക്കപ്പെടുന്ന വേലപാർപ്പൻ വേദകർമ്മങ്ങളിൽ ഏർപ്പെടാത്ത

ബ്രാഹ്മണനാണ്. ചിലപ്പതികാരത്തിൽ കവികളും സംഗീതജ്ഞരുമായ ബ്രാഹ്മണരെക്കുറിച്ച് പരാമർശമുണ്ട്. 'എണ്ണായിരം' ഗ്രാമത്തിലെ ബ്രാഹ്മണ സമൂഹം കച്ചവടത്തിൽ ഏർപ്പെട്ടിരുന്നവരാണ്. ചോള സൈന്യത്തിൽ വലിയൊരു വിഭാഗം ബ്രാഹ്മണരുണ്ടായിരുന്നു.

### 1.3. തമിഴ്ബ്രാഹ്മണരുടെ കേരളത്തിലേക്കുള്ള കുടിയേറ്റം:

കേരളത്തിലേക്ക് തമിഴ്നാട്ടിൽ നിന്ന് പാലക്കാടു ചുരം വഴിയും കന്യാകുമാരി വഴിയും തമിഴ്ബ്രാഹ്മണർ കുടിയേറി പാർത്തു. പ്രധാനമായി ആറു കാരണങ്ങളാണ് തമിഴ്ബ്രാഹ്മണകുടിയേറ്റത്തിനു നിദാനമായി പറഞ്ഞുവരുന്നത്.

### 1.3.1 വാസ്കോ-ഡ-ഗാമ കേരളത്തിൽ സൃഷ്ടിച്ച സാമ്പത്തിക മുന്നേറ്റം:

15, 16 നൂറ്റാണ്ടുകളിൽ ഇന്ത്യയുടെ തെക്കേയറ്റത്തെ മുനമ്പായ കേരളത്തിൽ പോർച്ചുഗീസ് ശക്തി അതിന്റെ വ്യാപാരശൃംഖല വർദ്ധിപ്പിച്ചു. വാസ്കോ-ഡ-ഗാമ കേരളത്തിലേക്കു തുറന്ന കച്ചവടപാത തങ്ങളുടെ കച്ചവടം ഊർജ്ജിതമാക്കാനായി ഉപയുക്തമാക്കാനാണ് കച്ചവടത്തിൽ ഏർപ്പെട്ടിരുന്ന ഒരു വിഭാഗം തമിഴ്ബ്രാഹ്മണർ കേരളത്തിലേക്ക് കുടിയേറി യത്. ആദ്യകാലത്ത് അവർ അവിടെ ആവാസമുറപ്പിക്കുകയുണ്ടായില്ല. താൽക്കാലിക ഇടത്താവളങ്ങളിൽ കഴിഞ്ഞുകൂടി ചരക്കു വിറ്റഴിച്ച് തിരിച്ച് തഞ്ചാവൂരിലേക്കു തന്നെ മടങ്ങുകയായിരുന്നു പതിവ്. കച്ചവടത്തിനു മാത്രമല്ല സുഖകരമായ ജീവിതത്തിനും ഇവിടം അനുയോജ്യമാണെന്നുകണ്ട ഏതാനും പേർ ഇവിടെ സ്ഥിരതാമസമാക്കി.[13]

### 1.3.2. വിജയനഗരസാമ്രാജ്യത്തിന്റെ തകർച്ച:

15, 16 നൂറ്റാണ്ടുകൾ വിജയനഗരസാമ്രാജ്യത്തിന്റെ തകർച്ചയ്ക്കു സാക്ഷ്യം വഹിച്ച കാലഘട്ടമാണ്. ഭാമിനി മുസ്ലീം രാജവംശത്തിന്റെ

നിരന്തരമുള്ള ആക്രമണം വിജയനഗരസാമ്രാജ്യത്തിന്റെ ശക്തി ക്ഷയിപ്പിച്ചു. അന്നുവരെ ഹിന്ദുത്വത്തിനു പ്രാബല്യമുള്ള തെക്കൻ പ്രദേശങ്ങൾക്കും മുസ്ലീം വർഗ്ഗത്തിനു പ്രാബല്യമുള്ള വടക്കൻ പ്രദേശങ്ങൾക്കുമിടയിലെ പ്രബല ശക്തിയായിരുന്ന വിജയനഗര സാമ്രാജ്യത്തിന്റെ തകർച്ച മുസ്ലീം ശക്തിയുടെ വ്യാപനത്തിനു നിമിത്തമായി. പിടിച്ചെടുത്ത എല്ലാ പ്രദേശങ്ങളിലെയും ജനവിഭാഗങ്ങളെ വ്യാപകമായ തോതിൽ ഇവർ മതപരിവർത്തനത്തിനു വിധേയമാക്കിക്കൊണ്ടിരുന്നു. ഇതിൽ നിന്നു രക്ഷപ്പെടാനാണ് ഒരു വിഭാഗം തമിഴ്ബ്രാഹ്മണർ കേരളത്തിലേക്ക് കുടിയേറിയത്.

### 1.3.3. കേരളരാജാക്കന്മാർ നൽകിയ പ്രോത്സാഹനം:

പാലക്കാട്ടെ ഒരു ഗിരിവർഗ്ഗ കന്യകയെ പെരുമ്പടപ്പിലെ ഒരു രാജകുമാരൻ വിവാഹം കഴിച്ചു. രാജ്യഭ്രഷ്ടനായ ഈ രാജകുമാരൻ പാലക്കാട്ട് പുതിയ രാജവംശം സ്ഥാപിച്ചു. അതാണ് പാലക്കാട്ടുശ്ശേരി രാജവംശം. പാലക്കാട്ടെ രാജാക്കന്മാർക്ക് ഗോത്രനാമങ്ങൾ കിട്ടിയത് ഈ ദ്രാവിഡബന്ധത്തിൽ നിന്നാണ്. ഇട്ടിക്കോമ്പിയച്ചൻ, ഉണാളച്ചൻ, പങ്കുണ്ണിയച്ചൻ എന്നിങ്ങനെയാണ് അവരുടെ നാമങ്ങൾ. ആരാധ്യദേവതകളും ദ്രാവിഡ ദേവതകൾ തന്നെ. കണ്ണകിയമ്മൻ, പേച്ചിയമ്മൻ, ശ്രീകുറുംബ ഭഗവതി, ഏമൂർ ഭഗവതി എന്നിങ്ങനെ ദ്രാവിഡബന്ധത്തിൽ നിന്നു വളർന്നുവന്ന രാജവംശം ജാതിശ്രേഷ്ഠത കുറഞ്ഞതാണെന്ന വിശ്വാസം പാലക്കാട്ട് പ്രചരിച്ചു. ഈ പാതിത്യത്തിന്റെ പേരിൽ നമ്പൂതിരിമാർ പാലക്കാട്ട് താമസിക്കാൻ വിസമ്മതിച്ചു. ക്ഷേത്രകാര്യങ്ങളിൽ നിന്ന് അവർ വിട്ടുനിന്നു.[14] പൂജകൾ മുടങ്ങിയപ്പോൾ രാജാവ് മുൻകയ്യെടുത്ത് പരദേശി ബ്രാഹ്മണരെ ക്ഷണിച്ചുവരുത്തി വേണ്ട സൗകര്യങ്ങൾ നൽകി താമസിപ്പിച്ചു. ക്ഷേത്ര നടത്തിപ്പിനും ബ്രാഹ്മണരുടെ ആവശ്യത്തിനുമായി ധാരാളം വസ്തുക്കൾ രാജാവ് 'അട്ടിപ്പേറായി'[15] ഇവർക്ക് നൽകി.[16] പരദേശി ബ്രാഹ്മണർക്ക് ജില്ലയിലൊട്ടാകെ 96 അഗ്രഹാരങ്ങൾ രാജാവു നിർമ്മിച്ചു നൽകി. അതിൽ 19 എണ്ണവും നഗരപരിസരത്താണ്[17] സ്ഥിതി ചെയ്യുന്നത്. രാജാവ് അട്ടിപ്പേർ

നൽകിയതിനു തെളിവായി ഒരു ശിലാഫലകം കൽപാത്തി വിശ്വനാഥസ്വാമി ക്ഷേത്രത്തിൽ സ്ഥാപിച്ചിട്ടുണ്ട്. 1425 ൽ എഴുതപ്പെട്ടതെന്നു വിശ്വസിക്കുന്ന ശിലാഫലകത്തിൽ വട്ടെഴുത്തു ലിപിയിൽ രേഖപ്പെടുത്തിയിട്ടുള്ള വസ്തുതകൾ വെളിപ്പെടുത്തുന്നത്, ക്ഷേത്രസംരക്ഷണാർത്ഥം ചെമ്പിന്റെയും വെള്ളിയുടെയും സ്വർണ്ണത്തിന്റെയും പാത്രങ്ങൾ, ബ്രാഹ്മണോപജീവനാർത്ഥം നിലവും പണവും, ക്ഷേത്രച്ചെലവിലേക്കായി 1320 പണം നിക്ഷേപിച്ചതിന്റെ പലിശയായ 132 പണം എന്നിവ രാജാവ് ബ്രാഹ്മണർക്ക് ദാനമായി നൽകി എന്നാണ്. ബ്രാഹ്മണർക്ക് താമസിക്കാൻ വീടുകൾ നിർമ്മിച്ചു നൽകിയതിന്റെ സൂചനയും അതിലുണ്ട്. ഈ കുടിയേറ്റത്തിൽ 240 കുടുംബങ്ങൾ ഇവിടെ അധിവാസമുറപ്പിച്ചതായാണ് കണക്ക്. അവർക്കാവശ്യമായ വിഭവങ്ങൾ വിതരണം ചെയ്യാനായി ഐങ്കുടിക്കമ്മാളരെയും വണികവൈശ്യ സംഘങ്ങളെയും അവർ കൂടെ കൂട്ടിയിരുന്നു. ബ്രാഹ്മണവിഭാഗത്തിൽത്തന്നെ ഒരേ ജോലി ചെയ്യുന്നവർക്ക് ഒരേ ഗ്രാമം എന്ന നിലയ്ക്കായിരുന്നു ആവാസ വ്യവസ്ഥ. പുരോഹിതവർഗ്ഗത്തിനായി ഒരു ഗ്രാമം, കവികൾ, ജ്യോതിഷികൾ, ഭരണകാര്യത്തിൽ സഹായിക്കുന്നവർ, പട്ടാളക്കാർ, പാചകക്കാർ, എഴുത്തുകാർ, കാര്യക്കാർ ഇവർക്കൊക്കെയും പ്രത്യേകം ഗ്രാമങ്ങളുണ്ട്.

### 1.3.4. കാവേരിയിലെ വരൾച്ച:

ബാഹ്മിനിസുൽത്താന്മാരുടെ ആക്രമണകാലഘട്ടത്തിൽത്തന്നെയാണ് കാവേരി നദിയിൽ കൊടും വരൾച്ച അനുഭവപ്പെട്ടത്. കൃഷിക്കും തേവാരത്തിനും നദീതീരങ്ങളെ ആശ്രയിച്ചു കഴിഞ്ഞിരുന്ന തമിഴ്ബ്രാഹ്മണർക്ക് വറ്റിവര നദീതീരങ്ങളിൽ പിടിച്ചുനിൽക്കുക ബുദ്ധിമുട്ടായി. മുങ്ങിക്കുളി നിർബന്ധമായ ഇവർ നദീതീരങ്ങൾ തേടി യാത്രയായി. അങ്ങിനെയാണ് ഭാരതപ്പുഴയുടെ കൈവഴിയായ കൽപാത്തിയുടെ തീരങ്ങളിൽ ഒരു വിഭാഗം തമിഴ് ബ്രാഹ്മണർ എത്തിയത്.

### 1.3.5. ജോലി തേടി:

14-ാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് ജ്വലിച്ചു നിന്നിരുന്ന കൃഷ്ണ ദേവരായരുടെ സാമ്രാജ്യത്തിന്റെ തകർച്ചയാണ് കേരളത്തിന്റെ സമ്പന്നത യിലേക്കും പോർച്ചുഗീസുകാരുമായുള്ള കച്ചവടബന്ധത്തിലേക്കും തിരിയാൻ തമിഴ് ബ്രാഹ്മണരെ പ്രേരിപ്പിച്ചത്. കൃഷ്ണദേവരായരുടെ ഭരണകാലത്തെ വിജയനഗരസാമ്രാജ്യത്തിന്റെ സമൃദ്ധിയെപ്പറ്റി നിരവധി സഞ്ചാരികൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഭൂമിശാസ്ത്രപരമായി ഒരു ചെറിയ തമിഴ്ജില്ല, സാമ്പത്തികമായി സമൃദ്ധമെങ്കിലും ദുർബ്ബലമായ പ്രദേശം കീഴടക്കാൻ ബാഹ്മിനി സുൽത്താന്മാർക്ക് എളുപ്പത്തിൽ കഴിഞ്ഞു. ഈ തകർച്ച പാണ്ഡ്യ പല്ലവരാജാക്കന്മാരിലും ഭീതി വളർത്തി. ഒറീസയിലെ ഗജപതി രാജാവിന്റെ സഹായത്തോടെ ബാഹ്മിനിസുൽത്താൻ ആക്രമണം തുടർന്നുകൊണ്ടേ യിരുന്നു. ഇത് മിക്ക തമിഴ് പ്രദേശങ്ങളിലും സാമ്പത്തിക പ്രതിസന്ധി ക്കിടയാക്കി. ശ്രദ്ധ ലഭിക്കാതെ കൃഷി നശിച്ചു. ഒപ്പം വരൾച്ചയും വന്നുകൂടി. ഇതു തമിഴ് ബ്രാഹ്മണരുടെ കൂട്ടപലായനത്തിനു കാരണമായി.

### 1.3.6. സംസ്കാരസംരക്ഷണാർത്ഥം:

ബാഹ്മിനിസുൽത്താനായ മുഹമ്മദ് ബിൻ തുഗ്ലക്ക് വിജയനഗരത്തിൽ മതപരിവർത്തന നടപടികൾ ആരംഭിക്കുകയും ഹരിഹരനെയും ബുക്കനെയും മതപരിവർത്തനത്തിന് വിധേയരാക്കുകയും ചെയ്തത് ആ പ്രദേശത്തെ തമിഴ്ബ്രാഹ്മണരെയും മറ്റു സമുദായക്കാരെയും ഭീതിയിലാഴ്ത്തി. തങ്ങളുടെ തനതുസംസ്കാരം കാത്തുസൂക്ഷിച്ചുകൊണ്ട് അവിടെ കഴിഞ്ഞുകൂടുക അസാധ്യമാണെന്നവർ കണ്ടു. പ്രത്യേകിച്ചും തങ്ങളുടെ സംസ്കാരവാഹ കരായ സ്ത്രീകളെ അവിടെ സംരക്ഷിക്കുക അസാധ്യമെന്നു കണ്ട തമിഴ് ബ്രാഹ്മണർ കൂട്ടമായി പലായനം ചെയ്തു. ആദ്യം കണ്ട പാലക്കാട് പ്രദേശത്തു തന്നെ അധികമാളുകളും അധിവാസമുറപ്പിച്ചു. കൽപാത്തിപ്പുഴ (ഇത് നിളയെന്നും അറിയപ്പെടുന്നു) കണ്ണാടിപ്പുഴ, കൊല്ലങ്കോട്ടു പുഴ (ഇത് ഗായത്രിപ്പുഴ എന്നു അറിയപ്പെടുന്നുണ്ട്) എന്നിങ്ങനെ ഭാരതപ്പുഴയുടെ മൂന്നു

കൈവഴികളായ നദികളോടു ചേർന്നാണ് തമിഴ്ബ്രാഹ്മണ ഗ്രാമങ്ങൾ സ്ഥാപിച്ചത്. കുറച്ചുപേർ വീണ്ടും സഞ്ചരിച്ച് പെരിയാറിന്റെ കരയിലും അധിവാസമുറപ്പിച്ചു.

ഇത്തരത്തിൽ തമിഴ്ബ്രാഹ്മണർ കൂട്ടമായി കേരളത്തിലേക്ക് കുടിയേറി യതിന് നിരവധി കാരണങ്ങൾ ചരിത്രകാരന്മാർ പറയുന്നുണ്ട്. ഇവിടെ ശ്രദ്ധേയമായ ഒരു കാര്യം അഞ്ചോ ആറോ നൂറ്റാണ്ടു മുമ്പ് തമിഴകത്തിന്റെ ഭാഗമായി നിന്ന് ചേരന്മാരാൽ ഭരിക്കപ്പെട്ടിരുന്ന കേരളത്തിൽ തമിഴ്ബ്രാഹ്മണർ എങ്ങനെ അഭയാർത്ഥികളായി എന്നതാണ്. അക്കാലത്ത് മലയാളഭാഷ പോലും രൂപപ്പെട്ടിരുന്നില്ല. ചരിത്രത്തിൽ പറയുന്ന ഒരു കാര്യം, എ.ഡി. 999 ൽ രാജരാജചോളൻ ചേരസാമ്രാജ്യം ആക്രമിച്ചതുമായി ബന്ധപ്പെട്ടാണ്. അദ്ദേഹത്തിന്റെ സൈന്യം പാലക്കാടു ചുരം കടന്ന് യുദ്ധം ചെയ്തു. ഇത് വർഷങ്ങൾ നീണ്ടുനിന്നു. ആ സമയം കൊ ് കേരളത്തിലെ പല പ്രദേശങ്ങളും സ്വതന്ത്രഭരണം ആരംഭിക്കുകയും പാലക്കാടു വഴി ചോള സാമ്രാജ്യവുമായുണ്ടായിരുന്ന ബന്ധം മൂന്നോ നാലോ നൂറ്റാണ്ടുകളോളം നിലച്ചുപോവുകയും ചെയ്തു. എ.ഡി. 1102 ഓടെ ചോളന്മാർ ചേരനാട്ടിൽ നിന്ന് പിൻവാങ്ങിയപ്പോൾ പാലക്കാടു വഴിയുള്ള ബന്ധം പൂർണ്ണമായി ഇല്ലാതാവുകയും കിഴക്കും പടിഞ്ഞാറുമായുള്ള ബന്ധത്തിന് ആറമ്പൊലി മാർഗ്ഗം തുറന്നു കിട്ടുകയും ചെയ്തു. അതിനു ശേഷം വേണാടു തിരുവടികൾ മേൽപ്പാണ്ടിയും തെൻപാണ്ടിയും കീഴടക്കിയപ്പോൾ പാലക്കാടു ചുരം വഴിയുള്ള ബന്ധം പുന:സ്ഥാപിച്ചു.[18]

കേരളത്തിൽ കുടിയേറിയ തമിഴ്ബ്രാഹ്മണർ രാജ്യത്ത് എവിടെയൊക്കെ വ്യാപിച്ചുവോ അവിടെയെല്ലാം വേദസംസ്കാരത്തെ നിലനിർത്താനും പോഷിപ്പിക്കാനും ശ്രമിച്ചുകൊണ്ടിരുന്നു. ഇവരിൽ പൗരോഹിത്യം വഹിക്കുന്ന വർക്ക്, സാമൂഹികമായ ഉച്ചനീചത്വം നിലനിന്നിരുന്ന നാട്ടിൽ ഉന്നതശ്രേണി യിൽ ഇടംപിടിക്കാൻ പ്രയാസമുണ്ടായില്ല. കേരളരാജാക്കന്മാർ ഇവർക്ക് ഉന്നത പദവി തന്നെ നൽകി. സാമൂതിരി രാജാവ് വാസ്കോ-ഡ-ഗാമയുടെ അടുത്തേക്ക് കച്ചവട താത്പര്യാർത്ഥം ദൂതനായി അയച്ചത് ഒരു പരദേശി

ബ്രാഹ്മണനെയാണ്. ഒരിക്കൽ കച്ചവടത്തിൽ നിന്നും പിന്മാറിയ സാമൂതിരി കച്ചവടതാത്പര്യാർത്ഥം സ്വന്തം ദൂതന്മാരെ വിട്ടാൽ വാസ്കോ-ഡ-ഗാമ സ്വീകരിക്കാൻ സാധ്യതയില്ലെന്നു ക റിഞ്ഞ സാമൂതിരി പരദേശി ബ്രാഹ്മണനെ അതിനായി നിയോഗിക്കുകയായിരുന്നു. അതുവഴി സാമൂതിരിക്ക് കച്ചവടബന്ധം പുന:സ്ഥാപിച്ചു കിട്ടുകയും തമിഴ്ബ്രാഹ്മണരോടുള്ള മമത വർദ്ധിക്കുകയും ചെയ്തു. കേരളം സന്ദർശിച്ച ടോം ലോപ്പസ് എന്ന സഞ്ചാരിയും ബ്രാഹ്മണർക്ക് കേരളത്തിൽ കൊടുക്കുന്ന മതാചാര്യസ്ഥാന ത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.[19] ഡച്ച് പാതിരിയായ കാന്റർ വിഷറും തമിഴ് ബ്രാഹ്മണർ നൽകിയ സേവനസഹായങ്ങളെക്കുറിച്ചും കയറ്റുമതി തീരുവ ഒഴിവാക്കി കൊടുത്തതിനെപ്പറ്റിയും സൂചിപ്പിക്കുന്നു.[20]

പുരോഹിതന്മാർ എന്നതിലുപരി തമിഴ് ബ്രാഹ്മണർ നല്ല കച്ചവടസംഘം കൂടിയായിരുന്നു. കേരളത്തിൽ പട്ടുകച്ചവടത്തിന്റെ കുത്തക ക്കാരായും ഭൂവുടമകളായും ഗവൺമെന്റ് തലത്തിൽ ഉയർന്ന ഉദ്യോഗം വഹിക്കുന്നവരായും അവർ വളർന്നു. കേരളത്തിനകത്തും പുറത്തും പട്ടുവ്യാപാരത്തിലേർപ്പെട്ട തമിഴ്ബ്രാഹ്മണർ വളരെ പെട്ടെന്നാണ് ശക്തമായ സാമ്പത്തികസുരക്ഷിതത്വം നേടിയത്. ഇവിടെ കുടിയേറുന്നതിനു മുമ്പുതന്നെ പട്ടുതുണി തലച്ചുമടായി കൊണ്ടുവന്ന് ഇവർ കേരളത്തിൽ കച്ചവടം നടത്തിയിരുന്നത്രെ. 13-ാം നൂറ്റാണ്ടിൽത്തന്നെ ഇവർ കേരളത്തിൽ വന്നിട്ടുള്ളതിന് ഉണ്ണുനീലിസന്ദേശം അങ്ങാടിവർണ്ണന തെളിവാണ്. ആ കാലഘട്ടത്തിൽ അവർ നേടിക്കൊടുത്തിരുന്ന റവന്യു വരുമാനമായിരിക്കണം കേരളരാജാക്കന്മാർക്ക് തമിഴ്ബ്രാഹ്മണരെ ഇവിടെ കുടിയിരുത്താൻ പ്രേരണയായത്. പെരുമാളും സാമൂതിരിയും കൃഷിയിടങ്ങൾ നൽകിയും അഗ്രഹാരങ്ങൾ നിർമ്മിച്ചു നൽകിയും പലായനം ചെയ്തുവരുന്ന തമിഴ്ബ്രാഹ്മണർക്ക് സൗജന്യ ഭക്ഷണശാലകൾ നിർമ്മിച്ചും കുടിയേറ്റത്തെ പ്രോത്സാഹിപ്പിച്ചു. 500 വർഷം മുമ്പു വളർത്തിയെടുത്ത അഗ്രഹാരവ്യവസ്ഥ അതുപോലെ ഇന്നും നിലനിൽക്കുന്നുണ്ട്. ഇവരുടെ ക്ഷേത്രങ്ങൾക്ക് ഇന്നും സർക്കാർ ഗ്രാന്റ് ലഭിക്കുന്നുമുണ്ട്. അഗ്രഹാരവ്യവസ്ഥയ്ക്ക് വളർച്ചയില്ലാത്ത

തിനാൽ പുതിയ തലമുറയിലെ നിരവധി പേർ പുറത്തേക്ക് പോയത് തമിഴ്ബ്രാഹ്മണസമൂഹം ഇന്ത്യ മുഴുവൻ വ്യാപിക്കാനിടയാക്കി.

## 1.4. അഗ്രഹാരവ്യവസ്ഥ:

ഓരോ ഇടങ്ങളിലും അധിവസിക്കുന്നവർക്കനുസരിച്ചാണ് ആ പ്രദേശത്തിനു പേരു നൽകുന്നത്. പറയന്മാരുടേത് ചേരി, ക്ഷേത്രകാര്യ ങ്ങളുമായി ബന്ധപ്പെട്ടു ജീവിക്കുന്നയിടം വാരിയം, പിഷാരം, പൂമഠം എന്നിങ്ങനെ. നമ്പൂതിരി ബ്രാഹ്മണർ താമസിക്കുന്ന ഇടത്തെ നാം ഇല്ലം എന്നോ മന എന്നോ വിശേഷിപ്പിക്കുന്നു. അപ്രകാരം തമിഴ്ബ്രാഹ്മണർ താമസിക്കുന്ന ഇടത്തെ 'അഗ്രഹാരം' എന്നു വിശേഷിപ്പിക്കുന്നു.[21] അഗ്രഹാരം എന്ന പദത്തിന് വാടകയോ കരമോ ഇല്ലാതെ ബ്രാഹ്മണർക്ക് പാർക്കാൻ നൽകിയ ഇടം എന്ന് എഫ്.ഡബ്ല്യു.എല്ലിസ് അർത്ഥം കൽപിക്കുന്നു.[22] 'അഗ്രൗ ഹരശ്ച ഹരിശ്ച' എന്നാണ് ഇതുകൊണ്ടുദ്ദേശിക്കുന്നതെന്ന് കൽപാത്തി അഗ്രഹാരത്തിലെ രാമനാഥ ദീക്ഷിതർ പറയുന്നു.[23] മാലയിൽ മുത്തുകൾ കോർത്ത പോലെ പരസ്പരം ഒട്ടിച്ചേർന്ന വീടുകൾ (മഠങ്ങൾ), അതിർത്തിയായി ക്ഷേത്രം, ഒരു ഗ്രാമത്തിന് ഒരു ക്ഷേത്രം എന്ന നിലയിൽ അനേകം ക്ഷേത്രങ്ങൾ, ഇതാണ് അഗ്രഹാരത്തിന്റെ രീതി. ഗ്രാമാതിർത്തി നിർണ്ണയിക്കുന്നത് ക്ഷേത്രങ്ങളാണ്. വീടിനു മുൻവശത്തു നിന്നാൽ ദർശനം ലഭിക്കത്തക്ക രീതിയിലാണ് വീടുകളുടെയും ക്ഷേത്രങ്ങളുടെയും നിർമ്മാണം. നീളത്തിൽ ഒട്ടിച്ചേർന്ന നിലയിലായിരിക്കും വീടുകളെല്ലാം. വീടിന്റെ മുന്നിൽ നിന്നു പുറകുവശം വരെ നീണ്ടുപോകുന്ന ഇരിടനാഴി, അതിനോടുചേർന്ന് ഒരു തളം, തമിഴ്ബ്രാഹ്മണർ ഇതിനെ കൂടം എന്നു വിളിക്കുന്നു. ഗാർഹിക ജീവിതത്തിന്റെ സ്വകാര്യതകൾക്കിടം നൽകാത്ത ഇത്തരം വ്യവസ്ഥകളിൽ കുടുംബം എങ്ങനെ നിലനിന്നിരുന്നു എന്ന് അത്ഭുതം തോന്നാം. ഗൃഹാന്ത രീക്ഷത്തിലെ ഐക്യബോധം മെച്ചപ്പെടുത്താൻ ഇത്തരമൊരവസ്ഥ സഹായി ക്കുമെങ്കിലും അർഹമായ സ്വകാര്യതകൾ ഇവിടെ നിഷേധിക്കപ്പെടുന്നു. പുതു തലമുറയെ ഗ്രാമം വിട്ടുപോകാനും പുതിയ ആവാസവ്യവസ്ഥ ക്രമീകരി

ക്കാനും പ്രേരിപ്പിച്ച പല കാരണങ്ങളിലൊന്ന് ഇതാകാം. സ്വകാര്യസ്വത്തിന്റെ നല്ലൊരംശം കാത്തുസൂക്ഷിച്ചു വയ്ക്കാനുള്ള സംവിധാനം ഓരോ വീടിനകത്തും കാണാം.

## 1.5. ആവാസവ്യവസ്ഥ:

കേരളത്തിലേക്ക് കുടിയേറിയ തമിഴ്ബ്രാഹ്മണരിൽ പാലക്കാട് ജില്ലയിൽ മാത്രമാണ് രാജാവിന്റെ ഭൂദാനം സ്വീകരിച്ചവരെ കാണുന്നത്. മറ്റെവിടെയും നമ്പൂതിരി ജന്മം പോലെയുള്ള ഭൂസ്വത്ത് ഇവർക്കില്ല. വിലയ്ക്കു വാങ്ങിയ ഭൂമിയുടെ അവകാശം മാത്രമേ പലർക്കുമുള്ളു. പാലക്കാട് രാജവംശത്തിന്റെ മൂലസ്ഥാനത്തിനു ചുറ്റും രാജാവു പതിച്ചു നൽകിയ ഭൂമിയാണ് ബ്രാഹ്മണർക്കുള്ളത്. കാര്യക്കാർ കുടുംബത്തിനു മാത്രം ഭൂമി ദാനം നൽകിയത് സാമൂതിരിയാണ്. കേരളത്തിൽ എല്ലായിടത്തും വ്യത്യസ്ത സാംസ്കാരികധാരകൾ ചേർന്ന സാംസ്കാരികവൃത്തമായി അഗ്രഹാര വ്യവസ്ഥയെ ക്രമപ്പെടുത്തുകയാണ് തമിഴ്ബ്രാഹ്മണർ ആദ്യം ചെയ്തത്. രാജ കൊട്ടാരത്തെ ചുറ്റി നിർമ്മിച്ച ബ്രാഹ്മണാഗ്രഹാരങ്ങൾക്ക് പൊതുസമൂഹ ത്തിൽ നിന്നും കൃത്യമായ അകലം പാലിക്കാനായി ഇടയിൽ തൊഴിൽ കൂട്ടായ്മകളുടെ ആവാസ വ്യവസ്ഥ ക്രമീകരിച്ചു. ഇവ തെരുവുകൾ എന്നറിയ പ്പെടുന്നു. പുറമേ നിന്നുള്ള കടന്നുകയറ്റത്തെ ബോധപൂർവ്വം ചെറുക്കാനുള്ള സംരക്ഷിത മേഖലയാണിത്. കുടിയേറിയ നാടിന്റെ സാംസ്കാരിക ചുറ്റുപാടു മായി കലർപ്പു വരാതിരിക്കാൻ, സ്വന്തം സംസ്കാരത്തെ വാട്ടമില്ലാതെ മറ്റൊരു മണ്ണിൽ വേരുപിടിപ്പിക്കാൻ ഈ തൊഴിൽ കൂട്ടായ്മകളുടെ സംരക്ഷണം തമിഴ്ബ്രാഹ്മണർക്ക് ആവശ്യമായിരുന്നു. അതിനാൽ വിവിധ തൊഴിൽ കൂട്ടായ്മകളെ പലായനത്തിൽ കൂടെ കൂട്ടുകയും തദ്ദേശവാസികളെ ഒരതിർത്തി കൽപിച്ച് മാറ്റിനിർത്തുകയും ചെയ്തു ഇവർ. ഐങ്കുടിക്കമ്മാളരാണ് ഇവരോടൊപ്പം വന്ന പ്രധാന തൊഴിൽ വിഭാഗങ്ങൾ. ഇടവും വ്യവസ്ഥയും ഭേദിക്കാനാവാത്ത അതിർത്തികളാൽ നിർണ്ണീതമാണിവിടെ.

### 1.6. ഉത്സവങ്ങൾ, അനുഷ്ഠാനങ്ങൾ, ആഘോഷങ്ങൾ:

നമ്പൂതിരി ബ്രാഹ്മണർക്കോ കേരളത്തിലെ മറ്റു ജനവിഭാഗത്തിനോ ഇല്ലാത്ത പല ആഘോഷങ്ങളും അനുഷ്ഠാനങ്ങളും ഇവർക്കുണ്ട്.

#### 1.6.1. ആവണി അവിട്ടം :

ചിങ്ങമാസത്തിലെ അവിട്ടം നക്ഷത്രം തമിഴ് ബ്രാഹ്മണർക്ക് ഏറെ പ്രധാനമാണ്. അന്ന് പൂണൂൽ മാറ്റൽച്ചടങ്ങ് നടത്തുന്നു. പ്രത്യേക കർമ്മങ്ങളും അനുഷ്ഠിക്കും. 'കാണ്ഠഋഷിഹോമം' എന്ന പ്രത്യേക ഹോമം വേദരചയിതാക്കളെ ഓർത്തു തർപ്പണം ചെയ്യുമ്പോൾ അനുഷ്ഠിക്കുന്നതാണ്. ഒരു വർഷത്തേക്കുള്ള എല്ലാ പാപകർമ്മങ്ങൾക്കും പരിഹാരമാണ് ഈ അനുഷ്ഠാനം. ആവണി അവിട്ടത്തിനു തലേന്ന് 'കാമോകർഷിത് മന്വരുകർഷിത്' എന്ന മന്ത്രം 1008 തവണ ജപിക്കും. അന്ന് രാവിലെ 108, ഉച്ചയ്ക്ക് 32, വൈകീട്ട് 64 എന്ന കണക്കിന് ഗായത്രി മന്ത്രം ജപിക്കണം. ആവണി അവിട്ടം നാൾ 1008 തവണ ഗായത്രി ജപിച്ചുകൊണ്ടാണ് പൂണൂൽ മാറ്റൽ ചടങ്ങ് നിർവ്വഹിക്കുന്നത്. അറിഞ്ഞോ അറിയാതെയോ ചെയ്യുന്ന പാപകർമ്മങ്ങളുടെ പരിഹാരാർത്ഥം ചെയ്യുന്ന സങ്കൽപ കർമ്മങ്ങളാണ് ആവണി അവിട്ടത്തിന്റെ പ്രധാന ചടങ്ങ്.

#### 1.6.2. വിനായക ചതുർത്ഥി:

ചിങ്ങമാസത്തിൽ തന്നെയാണ് വിനായകചതുർത്ഥിയും കൊണ്ടാടുന്നത്. അത്തവും ചതുർത്ഥിയും ചേരുന്ന നാളിലാണ് ഈ ആഘോഷം. അന്ന് ചന്ദ്രനെ കാണാൻ പാടില്ലെന്നാണ് ഇവരുടെ വിശ്വാസം. ചന്ദ്രനിൽ ഗണപതിക്ക് അപ്രിയം തോന്നിയ നാളാണത്രെ വിനായകചതുർത്ഥി. അന്നേ ദിവസം വിനായകരൂപം (പിള്ളയാർ) കളിമണ്ണിൽ കുഴച്ചുണ്ടാക്കുന്നു. എല്ലാ മഠത്തിലും ഇത്തരം രൂപങ്ങൾ പ്രതിഷ്ഠിച്ച് കൊഴുക്കട്ടയും നെയ്യപ്പവും

നിവേദിക്കുന്നു. അഷ്ടദ്രവ്യ മഹാഗണപതി ഹോമം നടത്തും. ദിവസാന്ത്യ ത്തിൽ പിള്ളയാരെ നദിയിൽ നിമഞ്ജനം ചെയ്യും.

### 1.6.3. വനഭോജനം:

വ്രതാനുഷ്ഠാനങ്ങളോടെ നടത്തുന്ന ഒരു പൂജയാണിത്. ഭക്ഷണ സാമഗ്രികളും പാത്രങ്ങളുമായി ഗ്രാമത്തിലെ സ്ത്രീകളെല്ലാം ചേർന്ന് കാട്ടിലേക്ക് പോകുന്നു. കുളിച്ചു ശുദ്ധമായി കാട്ടിൽ നിന്നു വിറകുശേഖരിച്ച് ഭക്ഷണം പാകം ചെയ്ത് അഗ്നിഭഗവാനും മറ്റു പ്രകൃതിശക്തികൾക്കുമായി നിവേദിച്ച ശേഷം കൂടിയിരുന്ന് ഭക്ഷണം കഴിക്കുന്നു. പ്രകൃതിശക്തികളുടെ കോപത്തിനിരയാകാതിരിക്കാനും അവരുടെ അനുഗ്രഹം ലഭിക്കാനുമാണത്രെ ഈ കർമ്മം. ആലിന്റെയോ വേപ്പിന്റെയോ ചുവട്ടിലാണ് ഈ കർമ്മം അനുഷ്ഠിക്കുന്നത്.

### 1.6.4. കോലമെഴുത്ത്:

തമിഴ് ബ്രാഹ്മണ സ്ത്രീകളനുഷ്ഠിക്കുന്ന ഒരാചാരമാണ് കോല മെഴുത്ത്. തമിഴ്നാട്ടിൽ മിക്ക ജനവിഭാഗങ്ങളും ഇതനുഷ്ഠിക്കുന്നുണ്ടെങ്കിലും കേരളത്തിൽ പതിവില്ല. മാവുകൊ ും വർണ്ണപ്പൊടികൾ കൊണ്ടും കോലമിടാം. മഹാലക്ഷ്മിയെ വരവേൽക്കാനുള്ള അനുഷ്ഠാന വഴിയാണ് കോലമിടൽ. അഗ്രഹാരങ്ങളുടെ ആത്മപ്രണാമത്തിന്റെ മുദ്രയാണ് കോലങ്ങൾ. ഓരോ വരയും വായിക്കാനാകാത്ത അക്ഷരക്കൂട്ടമാണ്. ഓരോ ദേവപ്രീതിക്കും വെവ്വേറെയാണ് കോലങ്ങൾ. മാക്കോലം, പൊടിക്കോലം, രംഗോലി എന്നിവയാണ് പ്രധാന കോലങ്ങൾ.

### 1.6.5. രഥോത്സവം:

ഏറ്റവും ആർഭാടത്തോടെ തമിഴ്ബ്രാഹ്മണർ കൊണ്ടാടുന്ന ഉത്സവമാണ് രഥോത്സവം. ഇതൊരു അനുഷ്ഠാനമാണ്. കേരളീയ ക്ഷേത്രങ്ങളിലെ

ആനയെഴുന്നള്ളത്തിനു പകരം ദേവീദേവന്മാരുടെ ഉത്സവവിഗ്രഹം അലങ്കരിച്ച രഥത്തിൽ വച്ച് എഴുന്നള്ളിക്കുന്ന ചടങ്ങാണിത്. ഗ്രാമത്തിന്റെ ഐശ്വര്യ ത്തിനും ജനനന്മയ്ക്കുമാണ് ഈ ആഘോഷം. ക്ഷേത്രത്തിൽ പോകാൻ കഴിയാത്തത്ര അവശതയുള്ളവർക്കു പോലും വർഷത്തിലൊരിക്കലെങ്കിലും ദേവനെ ദർശിക്കാൻ അവസരമുണ്ടാക്കലാണ് രഥങ്ങളുടെ ഗ്രാമപ്രദക്ഷിണം. വേദസംസ്കാരം നിലനിർത്തക്കത്തക്ക വിധത്തിലാണ് ഉത്സവം ചിട്ടപ്പെടു ത്തിയിട്ടുള്ളത്.

### 1.7 വേഷഭൂഷാദികൾ:

പുരുഷന്മാർക്ക് പാളത്താറും സ്ത്രീകൾക്ക് പട്ടുചേലയുമാണ് സാധാരണ വേഷം. രണ്ടു കൂട്ടരും അരയിലുറപ്പിച്ച വസ്ത്രത്തിന്റെ ഒരറ്റം കാലുകൾ ക്കിടയിലൂടെ എടുത്ത് പുറകിൽ കുത്തിയുറപ്പിക്കുന്നു. പുരുഷന്മാർ പൂണൂൽ ധരിക്കുന്നു. വിധവകളായ സ്ത്രീകൾ 'നാർമടിപ്പുടവ' ധരിക്കുന്നു. നെറ്റിയിലെ കുറി ഇവരുടെ സമുദായചിഹ്നമാണ്. ശൈവർക്കും വൈഷ്ണവർക്കും വ്യത്യസ്ത കുറികളാണുള്ളത്. കുറിക്ക് ഇവർ 'നാമം' എന്നു പറയുന്നു.

### 1.8 തമിഴ്ബ്രാഹ്മണരും പൊതുസമൂഹവും:

പൊതുസമൂഹവുമായി ഒരു തരത്തിലും ഇടപഴകാൻ ഇഷ്ടപ്പെടാത്ത വരാണ് തമിഴ്ബ്രാഹ്മണർ. ഇതിന്റെ പേരിൽ നിരവധി സംഘർഷങ്ങൾ പലയിടത്തും നടന്നിട്ടുണ്ട്. ഒ.വി. വിജയന്റെ 'തലമുറ'കളിലെ ഒരു പരാമർശം ശ്രദ്ധേയമാണ്. മുൻസിപ്പൽ ചെയർമാനായി പാലക്കാട് ഭരിക്കുന്ന ശിവരാമ കൃഷ്ണയ്യരോട് ചാമിയാരപ്പൻ സംസാരിക്കുന്ന സന്ദർഭം:

''ചാമിയാരപ്പൻ പറഞ്ഞു,
'പാലക്കാടിന്റെ പാതകളെല്ലാം നിന്റെ വരുതിയ്ക്കകത്തല്ലേ' ?
'അതെ', ശിവരാമകൃഷ്ണയ്യർ മറുപടി പറഞ്ഞു.

'എന്നെപ്പോലുള്ളവരിൽ നിന്ന് കരം പിരിച്ചാണ് ഈ പാതകൾ ഉ ായതും നിലനിൽക്കുന്നതും. കൽപാത്തി അഗ്രഹാരവും അത്തരമൊരു പാത തന്നെ, അല്ലേ?'

'അതെ'

'എന്നാൽ എനിക്കും ആ പാതയിലൂടെ നടക്കണം, എന്റെ തലച്ചെറുമനും'.

'...... ഞാൻ എവിടെ നിൽക്കുന്നുവെന്ന് നിനക്കറിയില്ലേ ചാമിയാരപ്പാ. എനിക്കെന്തു ചെയ്യാൻ കഴിയും?'

'നീ ഒന്നും ചെയ്യേണ്ട ശിവരാമകൃഷ്ണാ, ഞാൻ ചെയ്തുകൊള്ളാം. മുന്നേക്കൂട്ടി അറിയിക്കുന്ന ഒരു ദിവസം ഞാനും കുറേ അധഃകൃതന്മാരും അഗ്രഹാരത്തെത്തീണ്ടും. പക്ഷെ ഞങ്ങൾ ആർക്കെതിരെയും കൈയുയർത്തില്ല.'

ശിവരാമകൃഷ്ണയ്യരുടെ കണ്ണുകൾ വിടർന്നു : 'സത്യാഗ്രഹം അല്ലേ ?'

'അതെ' (പുറം 51)''

ഇത് നോവലിലെ ഒരു കഥാസന്ദർഭമല്ല. ചരിത്രസംഭവമാണ്. അഗ്രഹാരവീഥിയിലൂടെ നടക്കാൻ തദ്ദേശീയരായ അവർണർ അനുവാദം തേടി. അനുവാദം നൽകാതിരുന്നപ്പോൾ അതിക്രമിച്ചു കടന്നു. തമിഴ് ബ്രാഹ്മണർ പ്രതിഷേധിച്ചു. 'തലമുറകളിലെ' തന്നെ ഒരു രംഗം ഇതിനു സാക്ഷ്യമാണ്:

''അഭ്യസ്തവിദ്യരും അഭിജാതരുമായ ഒരു സംഘം അവർണ്ണ സത്യാഗ്രഹികളെ നയിച്ചുകൊണ്ട് ചാമിയാരപ്പൻ എന്ന യുവാവ് കൽപാത്തി എന്ന വലിയ അഗ്രഹാരത്തിലേക്ക് കടന്നു. രണ്ടുവശത്തും ഒന്നിനോടൊന്നു തൊട്ടു കിടക്കുന്ന പാണ്ടിയില്ലങ്ങൾ. ചില്ലോടു മേഞ്ഞതിനു മേൽ ഒടിഞ്ഞും മറിഞ്ഞും വേരൂന്നി നിന്ന പുല്ലുകൾ യാഥാസ്ഥിതികമനസ്സിന്റെ കുടുമ്മകളെ അനുസ്മരിപ്പിച്ചു. സംഘർഷത്തിന്റെ അപസ്വരങ്ങൾ. പെണ്ണുങ്ങളുടെ കലമ്പൽ, തമിഴിൽ, അത് തമിഴകത്തിന്റെ മധുരഭാഷണമല്ലായിരുന്നു, ശിവന്റെ മുത്തമിഴല്ലായിരുന്നു, അത് മലയാളവുമല്ലായിരുന്നു. യോഗഭ്രംശം വന്ന ഒരു വൈദികകുലത്തിന്റെ പാഴ്മൊഴി. ചാമിയാരപ്പൻ തിരിഞ്ഞു നോക്കി. വലിയൊരു ആൾക്കൂട്ടം, പട്ടന്മാർ, തന്നെ പിന്തുടരുന്നു. അയാൾ പതറിയില്ല. യുക്തിവാദിയും ദേവജാഡ്യവും പരസ്പരം നേരിട്ടു. മുളവടികൾ മുതുകത്തു വീഴുന്നതും തലനീറുന്നതും മറ്റേതോ വിതാനത്തിൽ അകപ്പെട്ടവനെപ്പോലെ, സന്നിപാതത്തിലെന്നപോലെ, ചാമിയാരപ്പൻ അറിഞ്ഞു.'' (പുറം 51)

അന്നേക്ക് അവരുടെ ഭാഷയ്ക്ക് സങ്കരം സംഭവിച്ചിരുന്നു. നാടും വീടും വിട്ട അവർ യോഗഭ്രംശരുമായിരുന്നു. എന്നാൽ തദ്ദേശീയർക്കു മേൽ ധാർഷ്ട്യം പ്രവർത്തിക്കാൻ അവർക്കു മടിയുണ്ടായിരുന്നില്ല. ഈ സംഭവ ത്തിനു ശേഷം 1925 ൽ മദ്രാസ് ഹൈക്കോടതിയിൽ പാലക്കാട്ടെ ഈഴവർ രജിസ്റ്റർ ചെയ്ത കേസ് ഈ സംഭവത്തിന് ഉപോദ്ബലകമായ തെളിവാണ്.[24] 1925 ലെ മോഡേൺ അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ട് ഈഴവസമുദായത്തിന് അഗ്രഹാരവീഥിയിൽ കൂടി നടക്കാനും രഥോത്സവത്തിൽ പങ്കെടുക്കാനും അവകാശമുണ്ടെന്നു സ്ഥാപിച്ചു. ഹരിജനോദ്ധാരണ സന്ദേശവുമായി ഗാന്ധിജി കേരളത്തിലെത്തുന്നത് ഇക്കാലത്താണ്. തമിഴ്ബ്രാഹ്മണരിൽ ചിലർ തന്നെ അദ്ദേഹത്തെ സന്ദർശിക്കുകയും അവർണരെ അനുകൂലിക്കുകയും ചെയ്തു. അതിന്റെ ഫലമായി 1925 നുശേഷം അതായത് ക്ഷേത്രപ്രവേശന വിളംബരത്തിനും മുമ്പ് ബ്രാഹ്മണാധിപത്യത്തിനു മേൽ വിജയം നേടാനും ക്ഷേത്രോത്സവത്തിൽ പങ്കെടുക്കാനും പാലക്കാട്ട് ദേശവാസികൾക്കു കഴിഞ്ഞു. ഈഴവൻ ക്രിസ്ത്യാനിയായിക്കഴിഞ്ഞാൽ അഗ്രഹാരത്തിൽ പ്രവേശിക്കാൻ നിയന്ത്രണമുണ്ടായിരുന്നില്ല. ഇതിന്റെ നിരർത്ഥകതയെ ബോധ്യപ്പെടുത്തുകയാണ് ആര്യസമാജത്തിന്റെ സഹായത്തോടെ തദ്ദേശീയർ ചെയ്തത്. കൽപാത്തിയിൽ സമരം നടന്ന ഇതേ കാലഘട്ടത്തിൽ തന്നെ വൈക്കം സത്യാഗ്രഹത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ട് ശുചീന്ദ്രം സമരവും നടന്നു. പൗരാവകാശ നിഷേധത്തെ എതിർത്തുകൊണ്ട് ഈ സത്യാഗ്രഹത്തോടൊപ്പം ഹൈക്കോടതിയിൽ ഒരു ഹർജിയും സമർപ്പിച്ചു. ഹർജി അനുകൂലമായതിനെത്തുടർന്ന് അവിടത്തെ പൊതുനിരത്തുകൾ 1930ൽ അവർണർക്കു തുറന്നുകൊടുത്തു.

ഇത്തരത്തിലുള്ള അടഞ്ഞ സാമൂഹ്യക്രമം തകർക്കപ്പെട്ടതിനു പിന്നാലെ ഭൂപരിഷ്ക്കരണ നിയമം നിലവിൽ വന്നു. ക്ഷേത്രസംരക്ഷണാർത്ഥം രാജാവ് ദാനം നൽകിയ ഭൂമി തമിഴ്ബ്രാഹ്മണർക്ക് നഷ്ടമായി. യുവതലമുറ വേദപഠനത്തിൽ മാത്രമൊതുങ്ങാതെ ബോംബെ, കൽക്കത്ത തുടങ്ങിയ സ്ഥലങ്ങളിലേക്ക് തൊഴിൽ തേടിയിറങ്ങി. ഗ്രാമത്തിൽ തങ്ങിയവർ തന്നെ

വേദാഭ്യാസനവും പൂജയുമായി കഴിയാതെ മറ്റു തൊഴിലുകളിൽ ഏർപ്പെട്ടു. ചിലർ ഹോട്ടലുകൾ തുടങ്ങി. ചിലർ മുറുക്ക്, കൊണ്ടാട്ടം, അച്ചാർ എന്നിവയുടെ നിർമ്മാണത്തിലും കച്ചവടത്തിലും ഏർപ്പെട്ടു. ചിലർ പട്ടു കച്ചവടക്കാരും പാചകക്കാരും കഴകക്കാരുമായി മാറി. അഗ്രഹാര സാമൂഹ്യ വ്യവസ്ഥയും തമിഴ്ബ്രാഹ്മണർക്ക് കേരളത്തിൽ കിട്ടിയിരുന്ന മാന്യമായ സ്ഥാനവും അൽപാൽപമായി ഇല്ലാതായിക്കൊണ്ടിരുന്നു. പലായനവും കുടിയേറ്റവും വീണ്ടും അവർക്കിടയിലുണ്ടായി. കേരളത്തിൽ അവശേഷിച്ചവർ തദ്ദേശീയരുമായി സമരസപ്പെട്ടു ജീവിച്ചുപോന്നു. ഈ സമരസപ്പെടലിലൂടെ ഒരു സാംസ്കാരിക വിനിമയം സാധ്യമായി. കേരളീയരുടെ വസ്ത്രം, ഭക്ഷണം, ഭാഷ എന്നിവയിലേക്ക് തമിഴ്ബ്രാഹ്മണച്ഛായ കടന്നുവന്നപ്പോൾ അവരുടെ ഉത്സവാഘോഷങ്ങളിൽ കേരളീയച്ഛായ ദൃശ്യമായി.

തമിഴ്ബ്രാഹ്മണ സമൂഹവുമായുള്ള പൊതുസമൂഹത്തിന്റെ ഇടപെടൽ സ്വതന്ത്രമായ ഒരു സാമൂഹ്യവ്യവസ്ഥയിലേക്കാണ് മാറിയത്. നാടിന്റെ പൊതുഭരണവ്യവസ്ഥയിലേക്ക് തമിഴ്ബ്രാഹ്മണ സമൂഹത്തിന്റെ പ്രാതിനിധ്യ മുണ്ടായി. ഉയർന്ന പല ഉദ്യോഗങ്ങളിലും തമിഴ്ബ്രാഹ്മണർ എത്തിച്ചേർന്നു. ആദ്യം പോർച്ചുഗീസുകാരോടൊത്ത് വ്യാപാരത്തിലേർപ്പെടാൻ കേരളത്തി ലെത്തിയ തമിഴ്ബ്രാഹ്മണർ പിന്നീട് ബ്രിട്ടീഷ് അധീശശക്തികൾക്ക് ഭരണം നിർവഹിക്കാൻ തക്ക ഉപകരണങ്ങളായി. ഉന്നതവിദ്യാഭ്യാസം നേടിയ ഇവർ പൊതുഭരണത്തിന്റെ ഉന്നതശ്രേണിയിൽ ഇടംപിടിച്ചു. കലക്ടർമാരും വക്കീലന്മാരും ദിവാന്മാരുമായി അധികാരസ്ഥാനത്തെത്തിയ ഇവരുടെ സാമൂഹ്യപദവി ഉയർന്നു. തങ്ങളുടെ സംസ്കാരം സംരക്ഷിക്കാനും തദ്ദേശീയ രുടെ കടന്നുകയറ്റം ചെറുക്കാനും മാത്രമല്ല, തദ്ദേശീയരിൽ ആധിപത്യം സ്ഥാപിക്കാനും കൂടി വേണ്ടി വിദേശശക്തികളോടു കൂട്ടുചേർന്ന തമിഴ് ബ്രാഹ്മണ സമൂഹത്തെയാണ് 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ നാം കാണുന്നത്. ഒരു നൂറ്റാണ്ടുകാലം വിദേശ ശക്തികളോടു ചേർന്ന് തദ്ദേശീയരെ അകറ്റി നിർത്താൻ ശ്രമിച്ച തമിഴ്ബ്രാഹ്മണർക്ക് വിദേശാധിപത്യത്തിന്റെ അന്ത്യം കനത്ത ആഘാതമാണേൽപ്പിച്ചത്. പുതിയ ഭരണവ്യവസ്ഥയിൽ

സമരസപ്പെടാതെ നിവൃത്തിയില്ലെന്നായപ്പോൾ പൊതുസമൂഹത്തിൽ നിന്നും സംസ്കാരം കലർപ്പില്ലാതെ സംരക്ഷിക്കാൻ പുതിയ അടവുനയങ്ങൾക്ക് അവർ രൂപം നൽകി. അതിലൊന്നാണ് പാലക്കാട്ടെ കൽപാത്തിയിൽ പ്രഖ്യാപിക്കപ്പെട്ട പൈതൃകഗ്രാമപദ്ധതി.

### 1.9 പൈതൃകഗ്രാമ പ്രഖ്യാപനം:

ഒരു ഗ്രാമം അതിന്റെ പഴമ കൊണ്ടോ ചരിത്രത്തിലിടം നേടിയ പ്രധാന സംഭവങ്ങൾ കൊണ്ടോ വ്യത്യസ്തത പുലർത്തുന്ന ചില പ്രത്യേകതകൾ കൊണ്ടോ ശ്രദ്ധേയമാകുമ്പോഴാണ് അതിനെ പൈതൃകഗ്രാമമായി പ്രഖ്യാപി ക്കുക. കേരളത്തിലെ പല കൊട്ടാരങ്ങൾക്കും മറ്റു ഗ്രാമങ്ങൾക്കും ഉള്ളതിനേ ക്കാൾ വളരെക്കുറവു പഴക്കമേ കൽപാത്തി തമിഴ്ബ്രാഹ്മണ ഗ്രാമങ്ങൾക്കുള്ളു. ചരിത്രപ്രസിദ്ധമായ ഗ്രാമങ്ങൾ നിരവധിയുള്ളപ്പോൾ ജാതിസമരത്തിന്റെ പേരിൽ കുപ്രസിദ്ധി നേടിയ ഗ്രാമമാണ് കൽപാത്തി. അവിടത്തെ പ്രത്യേകതയായ രഥോത്സവമാകട്ടെ തമിഴ്നാടുനിന്നങ്ങോട്ട് സാധാരണമാണു താനും. എന്നിട്ടും തമിഴ്ബ്രാഹ്മണ രുടെ പ്രത്യേക ഇടപെടലുകൾ കൊ ് 2000 ജൂൺ 27 ന് കൽപാത്തിയെ പൈതൃകഗ്രാമമാക്കി പ്രഖ്യാപിച്ചു. പുറത്തു നിന്നുള്ള ഇടപെടലോ പരിഷ്ക്കാരമോ വരാതെ അവിടെ കഴിഞ്ഞുകൂടാൻ ചില യാഥാസ്ഥിതിക തമിഴ്ബ്രാഹ്മണർ ആസൂത്രണം ചെയ്തു നടപ്പിലാക്കിയ ഒരു പദ്ധതിയാണിത്. പൈതൃകഗ്രാമത്തിൽ താമസിക്കുന്നവർ എന്ന പ്രത്യേകാധികാരം വച്ച് മറ്റുള്ളവരെ അകറ്റി നിർത്താനാകും എന്നായിരുന്നു അവരുടെ കണക്കുകൂട്ടൽ. പൈതൃകസംരക്ഷണം പുരാവസ്തു വകുപ്പിനു പകരം വിനോദസഞ്ചാര വകുപ്പ് ഏറ്റെടുത്തതോടെ തമിഴ്ബ്രാഹ്മണരുടെ കണക്കുകൂട്ടലുകൾ പിഴച്ചു.

വിനോദസഞ്ചാര സാധ്യതകൾ മുന്നിൽ കണ്ടുള്ള നിർമ്മാണ പ്രവർ ത്തനങ്ങൾ ഗ്രാമത്തിൽ നടന്നു. അവിടെ താമസിക്കുന്നവർക്ക് പൊട്ടിയ ഓടുമാറ്റാൻ പോലും പറ്റാത്ത രീതിയിൽ കർശനമായ വ്യവസ്ഥകൾ കൊണ്ടുവന്നു. സ്വകാര്യത ആഗ്രഹിച്ച അവരുടെ ഇടയിലേക്ക് അവരുടെ

ആചാരവും അനുഷ്ഠാനവും ജീവിതരീതിയും ഭക്ഷണരീതിയും വസ്ത്രധാരണ രീതിയും കണ്ടു പഠിക്കാൻ ആളുകൾ വന്നു തുടങ്ങി. ഒറ്റപ്പെട്ടു ജീവിക്കാനാഗ്രഹിച്ചവർ കാഴ്ചപ്പണ്ടങ്ങളായി മാറി. പലായനത്തിനും കുടിയേറ്റ ത്തിനും ശേഷം ദീർഘമായ ഒരു കാലയളവ് പിന്നിട്ടപ്പോൾ തമിഴ്ബ്രാഹ്മണർ നേരിട്ട ഏറ്റവും വലിയ പ്രതിസന്ധിയാണിത്. സംസ്കാര സംരക്ഷണാർത്ഥം പലായനം ചെയ്തവർ നിരന്തരമായി സംഘർഷത്തിലേർപ്പെടേണ്ടിവന്നു എന്നു വേണം ഇതിൽ നിന്നുമാനിക്കാൻ. ഇത്തരത്തിലുള്ള സംഘർഷ ത്തിലൂടെ അവരിൽ രൂപപ്പെടുന്ന ദ്വൈതവ്യക്തിത്വത്തെ നിരീക്ഷിച്ചറിയുന്ന തിലൂടെ മാത്രമേ തമിഴ്ബ്രാഹ്മണ സമൂഹത്തെക്കുറിച്ചു മനസ്സിലാകൂ.

### 1.10 തമിഴ്ബ്രാഹ്മണ സമൂഹത്തിലെ സ്ത്രീ:

പലായനത്തിന് തമിഴ്ബ്രാഹ്മണ സമൂഹത്തെ പ്രേരിപ്പിച്ച മുഖ്യഘടകം സ്ത്രീകളുടെ സംരക്ഷണമാണ്. സംസ്കാരവാഹകരും സംസ്കാര സംരക്ഷകരുമായാണ് അവർ സ്ത്രീകളെ കാണുന്നത്. ശുദ്ധതലമുറയെ പെറ്റുപോറ്റേണ്ട ഉത്തരവാദിത്തമുള്ള സ്ത്രീകൾ അന്യസമുദായവുമായോ അന്യപുരുഷന്മാരുമായോ ഇടപഴകാതിരിക്കാൻ പ്രത്യേക നിഷ്ക്കർഷ വച്ചുപുലർത്തിയിരുന്നു തമിഴ്ബ്രാഹ്മണർ. തുഗ്ലക്കിന്റെ കാലത്തെ മത പരിവർത്തന നയം മൂലം അവർ തങ്ങളുടെ സ്ത്രീകളെ പിടിച്ചു കൊണ്ടുപോകാനുള്ള സാധ്യത കണ്ടറിഞ്ഞാണ് തമിഴ് ബ്രാഹ്മണർ പലായനം ചെയ്തത്.

സ്ത്രീകൾക്കു മേൽ കർശന നിയന്ത്രണങ്ങളും അച്ചടക്ക നടപടികളും വ്യവസ്ഥ ചെയ്തിട്ടുണ്ട് തമിഴ്ബ്രാഹ്മണർ. വേദോപനിഷത്തുകളും സ്മൃതി കളും സ്ത്രീയ്ക്ക് കൽപിച്ചിട്ടുള്ള വിലക്കുകളൊക്കെ അതേപടി പ്രാവർത്തിക മാക്കത്തക്ക വിധമാണ് ഇവർ സാമുദായിക നിയമങ്ങൾ ക്രമപ്പെടുത്തിയി ട്ടുള്ളത്. അഗ്രഹാരവ്യവസ്ഥയ്ക്കു പുറത്തു കടക്കാനോ പൊതുസമൂഹ വുമായി ഇടപഴകാനോ ഉള്ള അവസരം സ്ത്രീകൾക്ക് അനുവദിക്കാറില്ല. സംസ്കാരത്തിൽ കലർപ്പു വരാതിരിക്കാൻ സ്ത്രീകളെ എപ്പോഴും

പുരുഷന്മാർ അവരുടെ നിയന്ത്രണത്തിൽ വയ്ക്കുകയാണ് പതിവ്. പ്രായപൂർത്തിയാകുന്നതിനു മുമ്പുതന്നെ ഏതെങ്കിലും പുരുഷനെ കണ്ടെത്തി വിവാഹം കഴിച്ചുകൊടുക്കുക മാത്രമാണ് സ്ത്രീകളുടെ മേൽ അവരുടെ ഉത്തരവാദിത്തം. വിദ്യാഭ്യാസ സൗകര്യങ്ങളോ മറ്റു സാമ്പത്തിക സൗകര്യ ങ്ങളോ സ്ത്രീകൾക്ക് അനുവദിക്കാറില്ല. വിവാഹശേഷം സ്വത്തവകാശവും അനുവദിക്കുന്നില്ല. പിതൃദായക്രമം പിന്തുടരുന്ന തമിഴ്ബ്രാഹ്മണർ ഗർഭിണിയാകുന്ന സ്ത്രീയ്ക്ക് ആൺകുട്ടിയുണ്ടാകാൻ പ്രത്യേക പ്രാർത്ഥന കൾ നടത്തും. 'പെൺപിള്ളയെ പെറ്റോ, ആൺപിള്ളയെ പെറ്റോ' എന്ന് ഗർഭിണിയെ മുന്നിലിരുത്തി സ്ത്രീകൾ പാട്ടുപാടുന്ന ചടങ്ങുണ്ട്. പെൺകുട്ടികൾ ഒരു ബാധ്യതയായാണ് തമിഴ്ബ്രാഹ്മണർ കാണുന്നത്. കനത്ത സ്ത്രീധനം ഇവർ ആവശ്യപ്പെടാറുണ്ട്. അഗ്രഹാരത്തിലെ പ്രധാന പ്പെട്ട അനുഷ്ഠാനങ്ങളും ഉത്സവങ്ങളും പുരുഷന്മാർക്ക് വേണ്ടി മാത്രമാണ്. ആവണി അവിട്ടം, രഥോത്സവം എന്നിവ തികച്ചും അനുഷ്ഠാനതലത്തിൽ നിൽക്കുന്ന ഉത്സവങ്ങളായതിനാൽ സ്ത്രീകൾക്ക് പങ്കാളിത്തമില്ല. രഥോത്സവ ത്തോടടുപ്പിച്ച് അഗ്രഹാരവും മഠങ്ങളും തൂത്തു തളിച്ചു വൃത്തിയാക്കുന്ന ജോലി മാത്രമാണ് സ്ത്രീകൾക്കുള്ളത്. അടുത്ത കാലത്തായി രഥം വലിക്കുന്ന കയറിൽ പിടിക്കാൻ സ്ത്രീകൾക്കും അവകാശം നൽകിയിട്ടുണ്ട്. അതാകട്ടെ അവർണർക്കുള്ള സ്വാതന്ത്ര്യം പോലെത്തന്നെയാണുതാനും.

തികച്ചും അവഗണനാപരമായ സമീപനമാണ് തമിഴ് ബ്രാഹ്മണ പുരുഷന്മാർക്ക് അവരുടെ സ്ത്രീകളോടുള്ളത്. അത് അവരിലുണ്ടാക്കുന്ന മാനസികസംഘർഷം ചെറുതല്ല. നേരത്തേയുള്ള വിവാഹവും പ്രസവവും പെൺകുട്ടികളെ ശാരീരികമായും മാനസികമായും ദുർബ്ബലരാക്കുന്നുണ്ട്. പലവിധ കാരണങ്ങൾ കൊണ്ടും പല പെൺകുട്ടികൾക്കും ഇരട്ടിയിലധികം പ്രായമുള്ള പുരുഷന്മാരെയാണ് ഭർത്താവായി ലഭിക്കുക. അകാലവൈധവ്യം സംഭവിക്കുന്നവരുടെ കണക്കും ചെറുതല്ല. ഭർത്താവിന്റെ മരണശേഷം തമിഴ്ബ്രാഹ്മണസ്ത്രീ തലമുണ്ഡനം ചെയ്ത് വെള്ളയോ കാവിയോ ധരിച്ച് അഗ്രഹാരത്തിൽ പൂജയും ഉപവാസവുമായി കഴിഞ്ഞുകൂടണമെന്നാണ്

വ്യവസ്ഥ. കർശനമായ നിയന്ത്രണങ്ങളോടു പ്രതിഷേധിച്ച് പെൺകുട്ടികൾ ഒളിച്ചോടുകയും ആത്മഹത്യ ചെയ്യുകയും ചെയ്യാറുണ്ട്. (അഭിമുഖം : കെ.എൻ. ലക്ഷ്മിനാരായണൻ, സെക്രട്ടറി, കൽവി വിശ്വം, കൽപാത്തി, 2007 ജൂൺ 7) നിരന്തരമായ പ്രതിഷേധങ്ങളിൽ നിന്ന് ആധുനികകാലത്ത് സ്ഥിതി അൽപം ഭേദപ്പെട്ടിട്ടുണ്ട്. അടുത്ത കാലത്ത് പാലക്കാട് മുൻസിപ്പാലിറ്റിയി ലേക്കുള്ള തെരഞ്ഞെടുപ്പിൽ അഗ്രഹാരത്തിന്റെ പ്രതിനിധിയായി നിന്നു വിജയിച്ചത് ഒരു സ്ത്രീയായിരുന്നു. അഗ്രഹാരത്തിൽ സ്ത്രീകളുടെ കൂട്ടായ്മ രൂപപ്പെടുത്തി അവശതയനുഭവിക്കുന്നവരെ സഹായിക്കാനുള്ള ശ്രമങ്ങളും രൂപപ്പെട്ടു വന്നിട്ടുള്ളതായി മണ്ഡലവൃത്തിയിൽ നിന്ന് അറിയാൻ കഴിഞ്ഞു. വേദനയുളവാക്കിയ രണ്ടു സംഭവങ്ങളാണ് ഈ ഗവേഷണത്തിനു തയ്യാറായതിനു പിറകിൽ. വീടിനകത്ത് അടച്ചിരുന്ന് ജനലിലൂടെ പുറത്തെ കാഴ്ചകൾ കണ്ടുനിൽക്കുന്ന, ആരോടും മിണ്ടാത്ത ഒരു സ്ത്രീയെയും വഴിയരികിൽ നിന്ന് അതു വഴിയെ പോകുന്നവരോടൊക്കെയും ഒരു പ്രത്യേക വ്യക്തിയുടെ പേരു പറഞ്ഞ് കണ്ടോ എന്നന്വേഷിക്കുന്ന ഒരു സ്ത്രീയെയും കാണുകയുണ്ടായി. അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത് ആദ്യത്തെ സ്ത്രീ വിവാഹം കഴിഞ്ഞ അന്നു തന്നെ ഭർത്താവ് ഹൃദയസ്തംഭനം മൂലം മരണപ്പെട്ടതിന്റെ ആഘാതത്തിലാണെന്നും രണ്ടാമത്തെ സ്ത്രീ സ്നേഹം നടിച്ചു ചതിയ്ക്കപ്പെട്ടതിൽ മാനസിക വിഭ്രാന്തി പിടിപെട്ടതാണെന്നുമാണ്. അഭിമുഖത്തിനായി മറ്റൊരു വീട്ടിൽ കയറിയപ്പോൾ അവിടെ മരിച്ചുപോയ മകന്റെ വിധവയെ ഭാര്യയെപ്പോലെ കൂടെ താമസിപ്പിച്ച ഒരു പുരുഷനെ കാണാൻ കഴിഞ്ഞു. ആ സ്ത്രീ തുറന്നു പറഞ്ഞ കാര്യങ്ങളാണ് ഇത്തര മൊരന്വേഷണത്തിനു പ്രേരിപ്പിച്ചത്. വിവാഹം കഴിച്ചയച്ച ആ സ്ത്രീ വിധവയായപ്പോൾ ഏറ്റെടുക്കാൻ ബന്ധുക്കൾ തയ്യാറായില്ല. ഏകമകനായ ഭർത്താവിന്റെ വീട്ടിൽ അയാളുടെ അച്ഛനെ നോക്കി കഴിഞ്ഞുകൂടാൻ തീരുമാനിക്കുകയായിരുന്നു. അയാളുടെ ഭാര്യ പേ മരിച്ചുപോയതുകൊണ്ട് ഈ സ്ത്രീയെ എല്ലാ ആവശ്യങ്ങൾക്കും അയാൾ ഉപയോഗപ്പെടുത്തി. പുറമേ നിന്നു നോക്കുമ്പോൾ ക്രമപ്രകാരം നടന്നുപോകുന്ന അഗ്രഹാര വ്യവസ്ഥയുടെ ഉൾവശങ്ങൾ ഇത്തരത്തിൽ കരിമൂടിയതാണെന്ന തിരിച്ചറി

വാണ് അതിനകത്തുകൂടി സഞ്ചരിച്ചപ്പോൾ ഉണ്ടായത്. ഏറ്റവും അവസാനം വന്ന വിനോദസഞ്ചാര പദ്ധതി പോലും സ്ത്രീകൾക്കാണ് പീഡനമായി ഭവിച്ചത്. ഇത്തരമൊരു പ്രശ്ന പരിസരത്തു നിന്നുകൊണ്ട് തമിഴ്ബ്രാഹ്മണ സാമൂഹ്യ വ്യവസ്ഥയ്ക്കകത്ത് സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്താൻ ശ്രമിക്കുക എന്നതാണ് ഈ പ്രബന്ധത്തിന്റെ ഉദ്ദേശ്യം. മണ്ഡലവൃത്തി കൊണ്ട് ഒരു പരിധിവരെയേ ഇത്തരം കാര്യങ്ങൾ സാധ്യമാകൂ എന്ന തിരിച്ചറിവിൽ നിന്നാണ് സമൂഹത്തിന്റെ പ്രതിച്ഛായയായ സാഹിത്യ ത്തിൽ നിന്ന് ഇവ കണ്ടെടുക്കാൻ ശ്രമിക്കുന്നത്. സ്ത്രീവാദത്തിന്റെ സൈദ്ധാ ന്തിക തലം വച്ചുകൊണ്ട് മലയാളത്തിലെ നോവൽ സാഹിത്യത്തിൽ തമിഴ് ബ്രാഹ്മണസ്ത്രീയുടെ പ്രശ്നങ്ങൾ എങ്ങനെ കൈകാര്യം ചെയ്തിരിക്കുന്നു എന്ന അന്വേഷണമാണ് ഇവിടെ നടത്തുന്നത്. സംഘർഷങ്ങളിലൂടെ കടന്നുവന്ന് സ്വന്തം ആവാസവ്യവസ്ഥ ഉറപ്പിച്ചെടുത്ത തമിഴ്ബ്രാഹ്മണ സമുദായത്തിലെ സ്ത്രീകൾ നേരിടേണ്ടിവരുന്ന പ്രശ്നങ്ങളെയും അവയോട് അവൾ എങ്ങനെ പ്രതികരിച്ചു എന്നതിനെയും സംബന്ധിച്ച് അടുത്ത അദ്ധ്യായം സ്ത്രീവാദത്തിന്റെ സൈദ്ധാന്തികതലവും തുടർന്നുള്ള അദ്ധ്യായങ്ങൾ അതിന്റെ പ്രയോഗതലവുമാണ്.

**സൂചകങ്ങൾ:**


1. Earnest George Ravenstein, “The Laws of Migration”, Journal of the Statistical Society of London, Vol. 8, No. 2, പുറം 167.
2. ” പുറം 170-175.
3. Hein de Hass, Migration and Development – A Theoretical Perspective, International Migration Institute, University of Oxford, 2008, Paper 9 പുറം 34.
4. വൈലോപ്പിള്ളി ശ്രീധരമേനോൻ, ‘ആസാംപണിക്കാർ’, കന്നിക്കൊയ്ത്ത്, 1947.
5. Everett. S, Lee, “A Theory of Migration”, Demography, Vol. 3, No. 1, 1966, University of Pennisylvania, പുറം 47-57.
6. Ernest George Ravenstein, “The Laws of Migration”, Journal of the Statistical Society of London, Vol. 8, No. 2, പുറം 178-235.
7. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, 2008, പുറം 135.
8. Kesavan Veluthatt, Brahmin Settlements in Kerala, Calicut University, 1978, പുറം 1.
9. സുവനീർ, നൂറണി മഹാകുംഭാഭിഷേകം 1993, നൂറണി, പുറം 42-47.
10. Kesavan Veluthatt, 1978, പുറം 4-5.
11. Schoebel, History of the Origin and Development of Indian Castes, 1884, പുറം 87-89.
12. Edgar Thurston and R. Rangamachari, Castes and Tribes of Southern Indian, Vol. 1, 1993, പുറം 268.
13. K.D. Madan, Life and Travels of Vasco-da-Gama, 1998, പുറം 88.

14. Rajas of Tharoor Swaroopam, Oriental Manuscript series of Madras, Vol. 7, 8D 226.

15. അട്ടിപ്പേർ - കരമൊഴിവാക്കി സർക്കാർ ഭൂമി കൈവശം വയ്ക്കാൻ നൽകുന്ന അവകാശമാണ് അട്ടിപ്പേർ.

16. William Logan, Malabar Mannual, 1906 പുറം 192.

17. 1. പഴയകൽപാത്തി, 2. പുതിയ കൽപാത്തി, 3. ചാത്തപുരം, 4.ഗോവിന്ദരാജപുരം, 5. വൈദ്യരാജപുരം, 6. കുമരപുരം, 7.ലക്ഷ്മിനാരായണപുരം, 8. മുക്കൈ, 9. ചൊക്കനാഥപുരം, 10.പുത്തൻകുറിശ്ശി, 11. ശേഖരിപുരം, 12. രാമനാഥപുരം, 13. തറക്കാട്, 14.വടക്കന്തറ, 15. നൂറണി, 16. നെല്ലിശ്ശേരി, 17. തൊണ്ടിക്കുളം, 18.പള്ളിപ്ര, 19. തിരുനെല്ലായി എന്നിവയാണ് ആ 19 അഗ്രഹാരങ്ങൾ.

18. K.V. Krishna Iyer, A History of Kerala, 1965, പുറം 355.

19. V.R. Ramachandra Dikshithar, Studies in Tamil Literature and History, 1930, പുറം 267.

20. ,,

21. ,,

22. Jagadish Chandra Dua, Glossary of Revanue and Allied Terms of South India, 1998, പുറം 8.

23. ഹാരം പോലെ കിടക്കുന്ന ഗ്രാമങ്ങളുടെ രണ്ട് അഗ്രങ്ങളിലും ശിവനും വിഷ്ണുവും സാന്നിദ്ധ്യമരുളുന്നു.

24. വി.കെ. കരീം, കേരള ഡിസ്ട്രിക്ട് ഗസറ്റിയർ, പാലക്കാട് 1976, പുറം 106.

പി. ഗോവിന്ദപിള്ള, കേരള നവോത്ഥാനം ഒരു മാർക്സിസ്റ്റ് വീക്ഷണം, 2007, പുറം 118.

Anithakumari. A. “Tamil Brahmin Women Representation in Malayalam Novel” Thesis. Department of Malayalam of Sree Kerala Varma College, University of Calicut, 2015.

## അധ്യായം - 2

## സ്ത്രീവാദ ചിന്തകൾ

ആദ്ധ്യാത്മികമായും ലൗകികമായും പുരുഷന് ഉയരാനുള്ള ചവിട്ടുപടി എന്ന നിലയിൽ ഒരു വസ്തു പദവിയാണ് പാശ്ചാത്യപൗരസ്ത്യ തത്ത്വശാസ്ത്രങ്ങൾ സ്ത്രീക്ക് നൽകിയിട്ടുള്ളത്. അമ്മ, ഭാര്യ, മകൾ, സഹോദരി എന്നീ പ്രത്യക്ഷ പദവികളിൽ അവളെ പ്രതിഷ്ഠിച്ചിരിക്കുന്നു എന്നു മാത്രം. പുരുഷന്റെ ഉപഭോഗതൃഷ്ണയെ തൃപ്തിപ്പെടുത്താനുള്ള ഉപകരണമാക്കി ചില സ്ത്രീകളെ സ്വൈരിണികളാക്കി മാറ്റിനിർത്തുകയും ചെയ്തിരിക്കുന്നു ഈ സമൂഹം. വേദങ്ങൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ, ഉപനിഷത്തുകൾ, ബൗദ്ധ-ജൈന ദർശനങ്ങൾ, അർത്ഥശാസ്ത്രം, സ്മൃതികൾ തുടങ്ങിയ ഭാരതീയ ചിന്തകളും ഇസ്ലാം - ക്രൈസ്തവ മതവിശ്വാസവും നിരീക്ഷിച്ചാൽ ഈ ഇരട്ടത്താപ്പുനയം നമുക്കു മനസ്സിലാക്കാം.

'എന്താണ് സ്ത്രീ' എന്ന ചോദ്യം പാശ്ചാത്യ-പൗരസ്ത്യ സംസ്കാര ങ്ങളിൽ ഉന്നയിക്കപ്പെട്ടത് സ്ത്രീ സ്വാതന്ത്ര്യവാദത്തിന്റെ സൈദ്ധാന്തിക പശ്ചാ ത്തലത്തിലാണ്. ഇതാകട്ടെ, ഭിന്നസംസ്കാരങ്ങളിലെ സ്ത്രീത്വസങ്കൽപങ്ങളെ നിരീക്ഷിക്കുന്നവയും സമകാലീന സ്ത്രൈണ വ്യവസ്ഥയെ ചോദ്യം ചെയ്യുന്ന വയും ആയിരുന്നതിനാൽ സാംസ്കാരികതലത്തിലുള്ള ഒരു പഠനമാണ് ലക്ഷ്യം വച്ചത്. നൂറ്റാണ്ടുകളുടെ പുരോഗതി സ്ത്രീക്കു സമ്മാനിച്ചത് ഒരു അധമാവസ്ഥയായിരുന്നു. ഇതന്വേഷിച്ചുപോയവർക്കാകട്ടെ, പഠനമാർഗ്ഗത്തിൽ നിരവധി വൈഷമ്യങ്ങളും നേരിടേണ്ടി വന്നു. ഭൂമിശാസ്ത്രപരമായും ധന ശാസ്ത്രപരമായും നേടിയ വ്യാപ്തിയും സാംസ്കാരിക വൈവിധ്യവും ഈ അന്വേഷണത്തെ അതിന്റെ സമഗ്രതയിലെത്തിക്കാൻ തടസ്സമായി വർത്തിച്ചു. അങ്ങിനെയാണ് അന്വേഷകരുടെ ശ്രദ്ധ, മനുഷ്യന്റെ അന്തശ്ചോദനകളുടെ ഫലമായുണ്ടാകുന്ന സർഗ്ഗവൃത്തികളിലേക്ക് തിരിഞ്ഞത്. സർഗ്ഗാത്മക സാഹിത്യത്തെ കൂടാതെ മതപരവും മതേതരവുമായ തത്വശാസ്ത്രങ്ങളും

പരിശോധനയ്ക്കു വിധേയമാക്കി. അവയിലെ സ്ത്രീവിരുദ്ധ സമീപനങ്ങളെ കണ്ടെത്തുകയായിരുന്നു ലക്ഷ്യം. പാശ്ചാത്യ-പൗരസ്ത്യ സംസ്കാരത്തിന്റെ ഭാഗമായി രൂപപ്പെടുന്ന സ്ത്രീവിരുദ്ധ മനോഭാവത്തെ എടുത്തുകാട്ടി അതിലെ മനുഷ്യത്വരാഹിത്യം ചോദ്യം ചെയ്യാനുള്ള ശ്രമങ്ങൾ ചെന്നെത്തിയത് സ്ത്രീയെ ഉദ്ബുദ്ധയാക്കുന്നതിനുള്ള പ്രവർത്തനങ്ങളിലാണ്. മാർക്സിയൻ ദർശനം, മന:ശാസ്ത്രം, അസ്തിത്വവാദം തുടങ്ങിയ ചിന്താപദ്ധതികൾ സ്ത്രീയെ കൈകാര്യം ചെയ്യുന്ന രീതിയും പഠനവിധേയമാക്കി.

സിമോൺ ഡി ബുവയർ, കെയ്റ്റ് മില്ലറ്റ്, ഷൂലായിത്ത് ഫയർസ്റ്റോൺ, ഏൻജലാ ഡേവിസ്, സൂസൻ ബ്രൗൺ മില്ലർ തുടങ്ങിയ സ്ത്രീസ്വാതന്ത്ര്യ വാദികൾ വിഭിന്ന സംസ്കാരങ്ങളിലെ സ്ത്രീവിരുദ്ധ മനോഭാവം കണ്ടെത്തു ന്നതോടൊപ്പം അതിലേക്കു നയിച്ച സാമൂഹ്യാന്തരീക്ഷവും പഠനവിധേയ മാക്കി. പൗരസ്ത്യസംസ്കാരം എപ്പോഴും സ്ത്രീയുടെ നന്മതിന്മകളെക്കുറിച്ച് ജാഗരൂകമായി. പാശ്ചാത്യലോകത്തെ സ്ത്രീ ഇത്തരം വ്യവസ്ഥകളെ ചോദ്യം ചെയ്തു. എവിടെയും സ്ത്രീയുടെ അനുഭവങ്ങൾ അടിച്ചമർത്തപ്പെടലിന്റെയും അധമബോധത്തിന്റെയുമാണ്. പാശ്ചാത്യ-പൗരസ്ത്യ സ്ത്രീ പഠനങ്ങളിലും സാംസ്കാരിക പശ്ചാത്തലത്തിന് പ്രാധാന്യമുണ്ട്.

### 2.1 സ്ത്രീ - പൗരസ്ത്യസംസ്കാരത്തിൽ:

ആത്മീയതയ്ക്ക് സ്ത്രീയെ വർജ്ജിക്കേണ്ടത് അനിവാര്യതയാണെന്ന കാഴ്ചപ്പാടാണ് പൗരസ്ത്യ സംസ്കാരത്തിനുണ്ടായിരുന്നത്. ഹൈന്ദവ-ബൗദ്ധ-ജൈനമത ദർശനങ്ങളിലും യവനരുടെ സൗന്ദര്യബോധത്തിലും സ്ത്രീ അസ്പൃശ്യയായിരുന്നു. ആദ്യകാലത്ത് ശക്തിയെ പ്രധാനദേവതയായി ആരാധിച്ചിരുന്നു. പുരുഷദൈവങ്ങളുടെ ഭാര്യാപദവി നേടി ശക്തി രണ്ടാം സ്ഥാനത്തേക്ക് താഴുന്നതാണ് പിന്നീടു കാണുന്നത്. കന്യകാത്വവും പാതിവ്രത്യവും പരമപ്രധാനമായി. ഇത് സ്ത്രീയുടെ വ്യക്തിത്വനിഷേധ ത്തിലും വസ്ത്വാരോപണത്തിലുമാണ് പര്യവസാനിച്ചത്.

ഇന്ത്യൻ സംസ്കാരം ഒരു മിശ്രസംസ്കാരമാണ്. ഇതിഹാസങ്ങൾ, വേദങ്ങൾ, പുരാണങ്ങൾ എന്നിവയിലൂടെ ശക്തിയാർജ്ജിച്ച ഹൈന്ദവ സംസ്കാരം, ബുദ്ധ ജൈന നാസ്തിക ചിന്താധാരകൾ, കുടിയേറ്റങ്ങളി ലൂടെയും ആക്രമണങ്ങളിലൂടെയും പ്രചരിച്ച ക്രൈസ്തവ-ഇസ്ലാം മതാദർശ ങ്ങൾ എന്നിവയിലൂടെ രൂപപ്പെട്ട സ്ത്രീസങ്കൽപമാണ് ഇന്ത്യൻ സംസ്കാര ത്തിന്റേത്. വികലമായ, വിധേയതയുടെ ആദർശവത്ക്കരണത്തിലൂന്നിയ ഒന്നായി ഓരോ കാലഘട്ടത്തിലും ഇത് മാറി.

ഭാരതീയേതിഹാസങ്ങൾ പ്രകൃതി പ്രതിഭാസങ്ങളെ കഥാപാത്ര ങ്ങളിലേക്ക് അവരോധിക്കുന്നതായി കാണാം. ഋതുക്കളോടനുബന്ധമായ ബാഹ്യവിശ്വപ്രകൃതി ഗാന്ധാരി, കുന്തി എന്നിവരും ഋതുക്കൾ അവരുടെ സന്തതികളും ഭൂമി ദ്രൗപതിയുമാണെന്ന സങ്കൽപമാണ് മഹാഭാരതത്തിൽ കാണുന്നത്.[1] സന്താനങ്ങളെ സ്തന്യം നൽകിപ്പോരുന്ന കരുണാമയിയുടെയും പുത്രരക്തം കുടിച്ചലറുന്ന കാളിയുടെയും പരസ്പരവിരുദ്ധമായ മുഖങ്ങളാണ് ഇതിഹാസങ്ങളിലെ സ്ത്രീസത്തയ്ക്കുള്ളത്. സ്ത്രീക്കു മാത്രം സമൂഹം നിഷ്ക്കർഷിച്ച നന്മ-തിന്മകൾക്കും സദാചാരസങ്കൽപങ്ങൾക്കും വിധേയരായ സ്ത്രീകളെ രാമായണത്തിൽ കാണാം. ആര്യരക്തമുള്ള രാമന്റെ പിതൃപ്രഭാവ ത്തിനു വിധേയരാണവരെല്ലാം. അവർക്കെല്ലാം മുഖ്യഭാവം കരുണമാണ്. ദശരഥ പത്നിമാരായ കൗസല്യ, കൈകേയി, സുമിത്ര, കൈകേയിയുടെ ദാസി മന്ഥര, അഹല്യ, സീത, ഊർമ്മിള, മാണ്ഡവി, ശ്രുതകീർത്തി, താര, മണ്ഡോദരി തുടങ്ങിയവരെല്ലാം വഹിക്കുന്ന ഭാവം ദയനീയ സ്ത്രൈണത യുടേതാണ്. പത്നി, മാതാവ് എന്നീ ഭിന്നാവസ്ഥകൾ, സപത്നീത്വം, പാരതന്ത്ര്യം എന്നിവയെല്ലാം രാമായണത്തിലെ സ്ത്രീകളെ നൈരാശ്യത്തി ലാണ്ടവരും പലപ്പോഴും ക്രുദ്ധകളുമാക്കുന്നു.

രാമമഹത്വം കീർത്തിക്കാൻ കാവ്യം രചിച്ച കവി സീതാപ്രകീർത്തന ത്തിലെത്തിച്ചേരുന്നതു കാണാം. അപഹരിക്കപ്പെട്ടവൾ, പഞ്ചാഗ്നിമധ്യത്തിൽ നീറേണ്ടിവന്നവൾ, പരിത്യക്തയും അപമാനിതയുമായവൾ, ചാരിത്ര്യവതി യായിട്ടും പരിശുദ്ധി ചോദ്യം ചെയ്യപ്പെട്ടവൾ തുടങ്ങി വിവിധ നിലകളിൽ

സീത വ്യഥയനുഭവിക്കുന്നു. അധികാരവും കീർത്തിയും കാമിച്ച്, സീതയുടെ പാതിവ്രത്യം കാട്ടിലുപേക്ഷിച്ച രാമൻ, കാഞ്ചന പ്രതിമ നിർമ്മിച്ച് അവൾക്ക് വസ്തുപദവി നൽകുന്നു. കാലാതിവർത്തിയായ സീതാദു:ഖം ആധുനിക സമൂഹത്തിലും ആവർത്തിക്കപ്പെടുന്നു.

സ്ത്രീത്വത്തിന്റെ ശക്തി കൂടുതൽ ദുരന്തങ്ങളിലേക്ക് സ്ത്രീയെ നയിക്കുന്നതായിട്ടാണ് മഹാഭാരതത്തിൽ കാണുന്നത്. സത്യവതി, അംബ, ഗാന്ധാരി, കുന്തി, പാഞ്ചാലി, ദുശ്ശള, ശകുന്തള, ദമയന്തി, സാവിത്രി, ശീലാവതി, അരുന്ധതി, അനസൂയ തുടങ്ങിയവരെല്ലാം ശക്തിചൈതന്യ ങ്ങളാണ്. ഏകപത്നീവ്രതക്കാരല്ലാത്തവരെയും ഇവിടെ കാണാം. സ്ത്രീ-പുരുഷ ബന്ധങ്ങളുടെ ക്രമബദ്ധതയില്ലായ്മ, സ്ത്രീക്കു നേരെയുള്ള ആക്രമണങ്ങൾ, സ്ത്രീസ്വത്വത്തോടുള്ള അവഗണന, അവമാനിതയുടെ വീറും വാശിയും, ആത്യന്തികമായ നിസ്സഹായത എന്നിവയെല്ലാം മഹാഭാരതത്തിൽ ചിത്രീകരിക്കപ്പെടുന്ന ധർമ്മനിരതമായ സ്ത്രീത്വത്തിന്റെ പ്രതീകമാണ് ഗാന്ധാരി. പത്നീ പദവിയിലെ തിക്താനുഭവങ്ങളെ മാതൃത്വം കൊ വൾ തരണം ചെയ്തു. പുത്രസ്നേഹത്താൽ മക്കളെ ശാസിക്കാത്ത ഭർത്താവിന്റെയും സ്വസന്താനങ്ങളാൽ വേട്ടയാടപ്പെടുന്നവരുടെയുമിടയിൽ ഗാന്ധാരിയുടെ ധർമ്മബോധം വീർപ്പുമുട്ടുന്നു. കുന്തിയാകട്ടെ എന്തും ചെയ്യാൻ മടിക്കാത്ത മാതൃത്വമാണ്. യൗവനചാപല്യങ്ങൾ സ്ത്രീജീവിതത്തെ എങ്ങനെ മാറ്റിമറിക്കുമെന്ന് കുന്തിയുടെ കഥ തെളിയിക്കുന്നു. സ്ത്രൈണത യുടെ ആകർഷകമായ ബഹുമുഖത്വവും ശക്തിയുമാണ് ദ്രൗപതിയിലൂടെ ആവിഷ്ക്കരിക്കപ്പെടുന്നത്. ഇവൾ അംബയേക്കാൾ ദൃഢനിശ്ചയമുള്ളവളാണ്. സ്ത്രീയുടെ മഹത്വവും വിധേയത്വവും ചിത്രീകരിക്കുന്ന വ്യാസൻ അവളുടെ നിഷ്ഠുരഭാവവും അവതരിപ്പിക്കുന്നുണ്ട്. ബ്രഹ്മപത്നി സാവിത്രി, ബ്രഹ്മ വിഷ്ണു മഹേശ്വരന്മാരെയും സുരനാരിമാരെയും ശപിക്കുന്നു. സർവ്വംസഹ കൾക്ക് വിധേയഭാവവും പൊട്ടിത്തെറിക്കുന്നവർക്ക് ദുഷ്ടഭാവവും നൽകി മാറ്റിനിർത്തുന്നു ഭാരതീയപാരമ്പര്യം.

ഋഗ്വേദം പുരാണേതിഹാസങ്ങളെ അപേക്ഷിച്ച് സ്ത്രീയുടെ മാന്യത അംഗീകരിക്കുന്നു. സ്ത്രീപുരുഷഭേദം ബാഹ്യമാത്രമാണെന്നും അത് ആത്മാവിനെ ബാധിക്കില്ലെന്നുമാണ് പണ്ഡിതമതം. ഉപതഥ്യൻ എന്ന മുനിയുടെ പത്നിയും ദീർഘതമസ്സിന്റെ അമ്മയുമായ മമത വേദമന്ത്രോ ച്ചാരണം ചെയ്യുന്നതായി ഋഗ്വേദത്തിൽ പറയുന്നു.[2] പാണ്ഡിത്യം, നേതൃത്വം, യുദ്ധവീര്യം, സാംസ്കാരിക മേഖലകൾ തുടങ്ങി സ്ത്രീപ്രാമാണിത്വം വെളിപ്പെടുന്ന നിരവധി മണ്ഡലങ്ങൾ ഋഗ്വേദത്തിൽ കാണാം. സ്ത്രീയെ ശരീരം മാത്രമായി വ്യാഖ്യാനിക്കുന്നതിലൂടെ കന്യാശബ്ദത്തിന്റെ മൂല്യം പുരുഷാധിപത്യത്തിന്റെ സാമൂഹ്യരാഷ്ട്രീയ തന്ത്രങ്ങൾ നിർണ്ണയിക്കുന്നു. വിവാഹത്തിന്റെ ചടങ്ങുകൾ, വരനെ തിരഞ്ഞെടുക്കൽ, സ്ത്രീധനം നൽകൽ എന്നിവയെക്കുറിച്ചെല്ലാം ഋഗ്വേദം ചർച്ച ചെയ്യുന്നുണ്ട്. പതിവ്രത ഭർതൃ നിർദ്ദേശം അനുസരിക്കാൻ തിടുക്കം കൂട്ടുന്നവളും പരസ്ത്രീയിൽ ആസക്തനും ദുഷ്ടനുമായ ഭർത്താവിനെ വിധേയത്വത്തോടെ പരിചരിക്കുന്ന വളും വസ്ത്രാഭരണ വിഭൂഷിതയായി ഭർത്താവിനെ പ്രീണിപ്പിച്ച് സുഖിപ്പി ക്കുന്നവളുമാണെന്ന് ഋഗ്വേദം പറയുന്നു. സ്ത്രീയെ വസ്തുവായും ഉത്പാദ നോപകരണമായും യജുർവേദവും അഥർവ്വവേദവും കാണുന്നു. പാതിവ്രത്യം ഉത്കൃഷ്ടമാണെന്ന് ഉദ്ഘോഷിക്കുന്നതോടൊപ്പം ബഹുഭാര്യാത്വം നിലനിർ ത്തിയിരുന്ന ഒരു സമൂഹത്തെയും അഥർവ്വവേദം അവതരിപ്പിക്കുന്നു.

ലോകജീവിതത്തിൽ സ്ത്രീയുടെ ഏറ്റവും പ്രമുഖമായ കർത്തവ്യം പുരുഷന്റെ സന്താനപരമ്പര നിലനിർത്തുകയാണെന്ന വസ്തുത തൈത്തരീയം, ഐതരേയം, മുണ്ഡകം എന്നീ ഉപനിഷത്തുകളിൽ ആവർ ത്തിക്കുന്നു. പുരുഷ യജ്ഞത്തിന്റെ ഉൽപാദനമാണ് പ്രസവം എന്ന് ഛാന്ദോഗ്യോപനിഷത്ത്. പുരുഷരേതസ്സിന്റെ നിക്ഷേപപാത്രമായി സൃഷ്ടിക്ക പ്പെട്ട സ്ത്രീ, പുത്രോൽപാദനത്തിനു വിസമ്മതിക്കുന്ന പക്ഷം അവളെ മർദ്ദിച്ചു കീഴടക്കാനും പുരുഷന് അധികാരമുണ്ട്. വെറും ഭോഗ്യതയുടെ തലത്തിൽ സ്ത്രീയെ വീക്ഷിക്കുന്ന ഉപനിഷത്ദർശനങ്ങൾക്കിടയിൽ മാതൃത്വത്തിന്റെ മഹനീയത ഉയർത്തിപ്പിടിക്കുന്ന ജബാല വേർതിരിഞ്ഞു നിൽക്കുന്നു.[3]

പുരുഷമേധാവിത്വ ചിന്തയിൽ രൂപം കൊണ്ട ഉപനിഷത് ഘട്ടത്തിലെ സ്ത്രീ രൂപങ്ങളാണ് ഇന്ത്യൻ സംസ്കൃതിയുടെ സ്ത്രീസ്വത്വമായി അറിയപ്പെടുന്നത്.

ഇന്ത്യയിൽ ഉപനിഷത് ദർശനങ്ങളെയും പുരോഹിത-ദൈവ-ദ്വന്ദ്വത്തെയും നിരസിച്ച, സർവ്വ ജീവികളോടും അനുകമ്പ പുലർത്തുന്ന ബുദ്ധ-ജൈന ദർശനങ്ങളും സ്ത്രീയോട് അസഹിഷ്ണുത പുലർത്തി. സപ്തനിധികളിൽ ബഹുമൂല്യമായത് സ്ത്രീയാണെന്ന് ബുദ്ധൻ വിശ്വസിച്ചിരുന്നു. ബുദ്ധസംസർഗ്ഗം കൊണ്ട് വിശുദ്ധി നേടിയ അമ്രപാലി, പത്മാവതി തുടങ്ങിയ സ്ത്രീകളെ കാണാം. ആയിരം വർഷം നിലനിൽക്കാനർഹതയുള്ള ബുദ്ധവിഹാരങ്ങൾ സ്ത്രീയുടെ പ്രവേശത്താൽ നൂറുവർഷം പോലും നിലനിൽക്കാനാകാതെ ജീർണ്ണിക്കുമെന്ന് ബുദ്ധന് അഭിപ്രായമുണ്ടായിരുന്നു. ഭിക്ഷുണിയായിരിക്കുമ്പോഴും സ്ത്രീയുടെ ആന്തരസത്തയിൽ മാറ്റം വരുന്നില്ലെന്ന് ഗൗതമബുദ്ധൻ വിശ്വസിക്കുന്നു. ബുദ്ധമതാനുയായി അനുവർത്തിക്കേണ്ട നിഷ്ഠകളിൽ ബ്രഹ്മചര്യ ഭംഗത്തിനിടയാക്കുന്ന മുഖ്യഘടകങ്ങളെന്ന നിലയിൽ മദ്യവും മദിരാക്ഷിയും ഒഴിവാക്കാനാണ് ബുദ്ധൻ നിർദ്ദേശിക്കുന്നത്. പിൽക്കാലത്ത് കഠോരമായ ബ്രഹ്മചര്യം ഭിക്ഷുക്കളെ സ്ത്രീകളിലേക്കാകർഷിക്കുകയാണ് ചെയ്തത്. വജ്രയാനം, തന്ത്രവാദം, സാധന തുടങ്ങിയ മതാനുഷ്ഠാനങ്ങളോടൊപ്പം ഷോഡശികാപൂജയും[4] ബുദ്ധമതവിധികളിൽ ഉൾപ്പെടുത്തിയത് ഇതുകൊണ്ടാണ്.

മൂന്നു വർഷം പഠിച്ച സന്യാസിക്ക് മുപ്പതു വർഷം പഠിച്ച സന്യാസിനിയുടെ ഗുരുവാകാം എന്ന് ജൈനമതം. ബുദ്ധമതത്തെ അപേക്ഷിച്ച് സ്ത്രീ തീർത്ഥങ്കരരെ പ്രതിഷ്ഠിക്കാൻ ജൈനമതം ശ്രമിച്ചു. ഋഷഭനാഥന്റെ അമ്മ മരുദേവി, മഹാവീരന്റെ പ്രഥമശിഷ്യ ആര്യചന്ദന, രാജകുമാരി ജയന്തി തുടങ്ങിയവർ ജൈനമതത്തിലെ ശ്രദ്ധേയ വ്യക്തിത്വങ്ങളാണ്. എങ്കിലും പുരുഷനായി പുനർജനിക്കുമ്പോഴേ സ്ത്രീക്കു പൂർണ്ണത വരൂ എന്ന് ദിഗംബരജൈനർ വിശ്വസിച്ചു.

ചാണക്യസൂത്രങ്ങളിൽ സ്ത്രീക്ക് വസ്തുപദവിയാണ് കൽപിച്ചിട്ടുള്ളത്. വിവാഹം പോലും കൈമാറ്റവ്യവസ്ഥയുടെ കരാർ ഘടനയാണെന്ന് ആദ്യം നിരീക്ഷിക്കുന്നത് ചാണക്യനാണ്. കൈമാറ്റത്തിനുതകുന്ന കന്യാപദവിയും പുരുഷസ്വാർത്ഥം നടപ്പാക്കാനുള്ള പതിവ്രതാ-ഗണികാ പദവികളും കൂടാതെ ഭരണാധിപന്റെ ഇഷ്ടാനിഷ്ടങ്ങളെയും നിലനിൽപിനെയും പ്രായോഗികമാക്കാനുള്ള ഒരു മാധ്യമമായും അവൾ കണക്കാക്കപ്പെടുന്നു. കന്യാദാനത്തോടൊപ്പം സ്ത്രീധന സമ്പ്രദായവും കൗടില്യൻ വ്യവസ്ഥ ചെയ്യുന്നു. വൃത്തി, ആബന്ധ്യം എന്നു രണ്ടുതരം സ്ത്രീധന സമ്പ്രദായവും കൗടില്യൻ നിർദ്ദേശിക്കുന്നു. കന്യാസംഗത്തിനു നൽകേണ്ട ശിക്ഷകളെക്കുറിച്ചും അർത്ഥശാസ്ത്രത്തിൽ വ്യവസ്ഥയുണ്ട്.[5] വിവാഹക്രിയയിൽ പുരുഷന് യഥേഷ്ടം പ്രവർത്തിക്കാൻ സ്വാതന്ത്ര്യം നൽകുന്ന അർത്ഥശാസ്ത്രം, സ്ത്രീയുടെ വൈകാരികതയെ അവഗണിക്കുന്നു. ഭർതൃഹിതത്തിനെതിരെയുള്ള സ്ത്രീയുടെ ഏതു പ്രവൃത്തിയും കൗടില്യൻ ശിക്ഷാകാരണമായി കാണുന്നു. അർത്ഥശാസ്ത്രകാലമാകുമ്പോഴേക്കും ഗണിക ദേവദാസീപദവി വിട്ട് ഭരണതന്ത്രജ്ഞതയുടെ ഉപാധി കൂടിയാകുന്നു. പുരുഷനെ ധിക്കരിക്കുന്ന ഗണികക്ക് ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ ശിക്ഷയാണ് ഗണികയെ ദ്രോഹിക്കുന്ന പുരുഷന് ലഭിച്ചിരുന്നത്.

വിധാതാവ് സ്വദേഹത്തെ രണ്ടു ഭാഗമാക്കിയെന്നും പൂർവ്വാർദ്ധം പുരുഷനും മറ്റേ അർദ്ധം സ്ത്രീയുമാണെന്നും ആ സ്ത്രീയിൽ വിരാട് പുരുഷൻ ജനിച്ചെന്നുമുള്ള സ്മൃതി ദർശനം സ്ത്രീയെ ഉത്പാദനോപകരണമായാണ് അവരോധിക്കുന്നത്. അഗ്നിഹോമാദികൾക്കു തുല്യം ഗൃഹജോലി, വേദാദ്ധ്യയനത്തിനു തുല്യം ഭർതൃശുശ്രൂഷ എന്നായിരുന്നു വ്യവസ്ഥ. വസ്ത്രാഭരണാദികളാൽ അലംകൃതയും പുരുഷനെ പ്രീതിപ്പെടുത്തുക ജീവിതലക്ഷ്യമായി കരുതുന്നവളുമായ സ്ത്രീ മാത്രമേ ഉത്തമകുലത്തിൽ ഉൾപ്പെടുന്നുള്ളുവെന്ന് സ്ത്രീകളെ വിശ്വസിപ്പിക്കാൻ കഴിയുന്നിടത്താണ് മനുവിന്റെ വിജയം.[6]

അർത്ഥശാസ്ത്രവും സ്മൃതികളും കാമസൂത്രവും രൂപകൽപന ചെയ്ത പുരുഷകേന്ദ്രിതവ്യവസ്ഥയിൽ നിലയുറപ്പിച്ചുകൊണ്ടാണ് പുരാണങ്ങൾ സ്ത്രീ സംബന്ധിയായ വീക്ഷണങ്ങൾ രൂപപ്പെടുത്തുന്നത്. കലി വസിക്കുന്ന വസ്തുക്കളിലൊന്നായി സ്ത്രീയെ കൽക്കി പുരാണം വീക്ഷിക്കുന്നു. സ്ത്രീയെ മൃത്യുവായി കരുതണമെന്ന് പത്മപുരാണം, പുരുഷന്മാരെ ലഭിക്കു ന്നതുകൊണ്ടു മാത്രം ആഗ്രഹങ്ങളടക്കി പതിവ്രതയായി കഴിയുന്നവളാണ് സ്ത്രീയെന്ന് ഗരുഡപുരാണം. 'സൽപുമാന്മാർക്ക് സ്ത്രീയെക്കൊണ്ടുള്ള ഫലം പുത്രോത്പാദന'[7]മാണെന്ന് ഹരിശ്ചന്ദ്രപത്നി ശൈബ്യയ്ക്ക് ബോധ്യ പ്പെടുമ്പോൾ, സ്ത്രീ ഉൽപാദനോപാധി മാത്രമാണെന്ന ധാരണ ഉറപ്പിക്ക പ്പെടുന്നു. പതിവ്രതയായ സ്ത്രീ മാത്രമേ പുരാണങ്ങളുടെ വീക്ഷണ കോണിൽ ഉത്തമസ്ത്രീയാകുന്നുള്ളു. മാതൃത്വത്തിന് പുരാണങ്ങൾ ഏറ്റവും ഉയർന്ന പദവി കൽപിക്കുന്നു. പരദ്വേഷത്തിന് പാത്രമായവൾ, രക്ഷിതാവില്ലാ ത്തവൾ തുടങ്ങിയ സ്ത്രീകളോട് സംസാരിക്കുന്നതു പോലും മാർക്കണ്ഡേയ പുരാണം വിലക്കുന്നു. ഈശ്വരപൂജാവിധികൾ അനുസരിക്കുന്ന സ്ത്രീക്ക് പത്മപുരാണം നരകം വിധിക്കുന്നു. പുരുഷപ്രീതിയാണ് സ്ത്രീജീവിതത്തിന്റെ ലക്ഷ്യമെന്ന് ധാരണ ഉറപ്പിക്കുകയാണിത്.

### 2.2. സ്ത്രീ : മതഗ്രന്ഥങ്ങളുടെ കാഴ്ചപ്പാടിൽ

പുരുഷന്റെ വാരിയെല്ലിൽ നിന്ന് രൂപം കൊ തുകൊണ്ട് സ്ത്രീ പുരുഷാകർഷണഹേതുവായി എന്ന് ബൈബിൾ പറയുന്നു. സർപ്പത്തിന്റെ വാക്ക് എളുപ്പം വിശ്വസിച്ച്, അതിമോഹത്താൽ നയിക്കപ്പെട്ട സ്ത്രീ ഭർത്താവിനെ പാപത്തിനു പ്രേരിപ്പിച്ചു എന്നാണ് ബൈബിൾ തുടർന്നു പറയുന്നത്. യഹൂദവംശ പിതാവായ അബ്രഹാം, പിതാവിന്റെ അന്യസ്ത്രീ യിൽ ജനിച്ച മകൾ സാറയെ വിവാഹം കഴിക്കുകയും സാറ വന്ധ്യയായ തിനാൽ അവളുടെ ദാസിയിൽ പുത്രോൽപാദനം നടത്തുകയും ചെയ്യുന്നു. ഈജിപ്തിലും ഗരാറിലും പാർക്കുമ്പോൾ തന്റെ ജീവനും പദവികളും സുരക്ഷിതമാക്കാൻ അവിടത്തെ രാജാക്കന്മാർക്ക് അബ്രഹാം സ്വഭാര്യയെ

സമ്മാനിക്കുന്നു. യഹൂദരുടെ പലായന ചരിത്രവും സ്ത്രീ സഹജമായ അസൂയയുടെയും ചാപല്യങ്ങളുടെയും ഫലമായാണെന്നു വ്യാഖ്യാനമുണ്ട്. യഹൂദരുടെ അതിരു കവിഞ്ഞ കാമാസക്തിയും സ്ത്രീകളോടുള്ള ദുഷ്ടമനോഭാവവും സ്പഷ്ടമാക്കുന്ന നിരവധി സന്ദർഭങ്ങൾ പഴയ നിയമത്തിലുണ്ട്. സ്ത്രീഹൃദയത്തിന്റെ നന്മയാണ് റൂത്ത് വെളിപ്പെടുത്തുന്നത്. സ്ത്രീത്വം വിൽക്കപ്പെടുന്നതും കാണാം. യഹൂദമതത്തിന്റെ കാർക്കശ്യം നിറഞ്ഞ സ്ത്രീസമീപനം പുനരവതരിപ്പിക്കുകയും ഏകീകരിക്കുകയുമാണ് ക്രിസ്തുമത വീക്ഷണങ്ങൾ ചെയ്യുന്നത്.

ഹൈന്ദവമതത്തിന്റെയും ക്രൈസ്തവമതത്തിന്റെയും നീതിവ്യവസ്ഥ പിൽക്കാലത്ത് അന്യമാക്കിയ മനുഷ്യത്വപരമായ തുല്യത ഖുർ-ആനും സ്ത്രീക്ക് നിഷേധിച്ചിരിക്കുന്നു. ഇതരസംസ്കാരങ്ങളിൽ നിന്നും വ്യത്യസ്ത മായി സ്ത്രീക്ക് ജീവനസ്വാതന്ത്ര്യം നൽകാനുള്ള ശ്രമം ഖുർ-ആനിൽ കാണുന്നു. അന്നിസാഅ്, സൂറത്തന്നൂർ എന്നീ അധ്യായങ്ങൾ സ്ത്രീകളുടെ പദവി സംബന്ധിച്ച ഗുണപരമായ അംശങ്ങളാണ് ചർച്ച ചെയ്യുന്നത്. ത്വലാഖ് പോലെ ഫസ്ഖീൻ ചെയ്യുന്നതിന് സ്ത്രീക്കും അധികാരമുണ്ട്. സംരക്ഷിക്കാൻ കഴിയുന്ന പുരുഷന് ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കാൻ ഖുർ-ആൻ അനുവാദം നൽകുന്നു. ഖുർ-ആൻ സിദ്ധാന്തങ്ങൾ വ്യാഖ്യാനിക്കുന്ന ഹദീസുകളും ഫിഖ്ഹുകളും ആസ്വാദ്യമായ ഒരു വസ്തുവായി സ്ത്രീയെ കാണുന്നു. വാരിയെല്ലിൽ നിന്നു സൃഷ്ടിക്കപ്പെട്ട സ്ത്രീക്ക് വാരിയെല്ലിന്റെ വക്രത കിട്ടിയിട്ടുണ്ടെന്നാണ് ഇമാം നഖവി, അഹകോം എന്നിവർ പറയുന്നത്. മണലാരണ്യത്തിലെ ജീവിതചര്യയുടെ ഭാഗമായ പർദ്ദ പിന്നീട് ചാരിത്ര്യം, ലജ്ജാശീലം എന്നിവയോടു ബന്ധപ്പെടുത്തി വ്യാഖ്യാനിക്കാൻ തുടങ്ങി. സ്ത്രീയെ ചൂഷണം ചെയ്യാനായി അവൾക്കു വേണ്ടിയുള്ള നിയമങ്ങളെയും അനുഷ്ഠാനങ്ങളെയും തന്നെ തിരികെ പ്രയോഗിക്കുന്നതായാണ് ഖുർ-ആനിലും അതിന്റെ വ്യാഖ്യാനങ്ങളിലും കാണുന്നത്.

പല മതവിഭാഗങ്ങളും അവയുടെ ആന്തരസത്ത ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങളും സ്ത്രീക്കു കൽപിച്ച സ്ഥാനമെന്തെന്ന് നാം ക   ു. ഇനി ചരിത്രം,

നരവംശശാസ്ത്രം, മാർക്സിസം, മന:ശാസ്ത്രം എന്നീ ചിന്താപദ്ധതികൾ സ്ത്രീകളെ എങ്ങനെ രേഖപ്പെടുത്തുന്നു എന്നു നോക്കാം. വേട്ടയാടി കിട്ടുന്നതു ഭക്ഷിച്ചു കഴിഞ്ഞുകൂടിയിരുന്ന കാലത്ത് സമൂഹ ബന്ധമായ ചുറ്റുപാടും മാതൃപ്രാമാണികതയുമാണ് നിലനിന്നിരുന്നതെന്ന് ചരിത്രം പറയുന്നു.[8] കാർഷികവ്യവസ്ഥയും കാലിവളർത്തലും ആരംഭിക്കുന്ന കാലഘട്ടം മുതലുള്ള സംസ്കാരത്തിൽ പുരുഷൻ നേതാവും സ്ത്രീ ഗൃഹ ജോലികൾ ചെയ്യുന്നവളുമാണ്. കാടത്തത്തിന്റെ യുഗത്തിലെ യൂഥമൈഥുന വ്യവസ്ഥ കാർഷികവ്യവസ്ഥിതിയിൽ ഏക പത്നീസമ്പ്രദായവും ദാസീ മൈഥുന വ്യവസ്ഥയുമായി.

വ്യവസായവത്ക്കരണ കാലഘട്ടമായപ്പോഴേക്കും പരിഷ്കൃതിയ്ക്കനു യോജ്യമായി മതധാർമ്മികതയുടെ സാക്ഷ്യത്തോടെ തന്നെ പുരുഷൻ ഈ രീതി തുടർന്നു. സമൂഹത്തിൽ അക്കാലത്തു നിലനിന്ന വ്യത്യസ്ത ലൈംഗികവ്യവസ്ഥകളെ രക്തബന്ധ കുടുംബം, യുഗ്മകുടുംബം, ബഹുഭാര്യാ കുടുംബം എന്നിങ്ങനെ മോർഗൻ വിലയിരുത്തുന്നു. ഏക ദാമ്പത്യ വ്യവസ്ഥ സ്ത്രീയോട് കൂടുതൽ കാർക്കശ്യം പുലർത്തി. വിവാഹശേഷം അവൾക്ക് സ്വത്തവകാശം നഷ്ടപ്പെട്ടു. കൂടുതൽ പരിഷ്കൃതമായ ഗോത്രങ്ങൾ ആദിമവർഗ്ഗങ്ങളെ അടിമകളാക്കിയപ്പോൾ ഗോത്രസംയോജനം സംഭവിച്ചു. അടിമയാക്കപ്പെട്ടവന്റെ അമ്മദൈവങ്ങൾ ആര്യവർഗ്ഗദേവന്മാരുടെ പത്നീപദവിയിൽ അവരോധിക്കപ്പെട്ടു. പ്രാചീന പുരുഷദൈവങ്ങളാകട്ടെ പത്നിയില്ലാത്തവരും ഏകാന്തതയിൽ നിവസിക്കുന്നവരുമാണ്. മാതൃദായക്രമത്തിന്റെ സ്വാതന്ത്ര്യബോധം നഷ്ടപ്പെട്ട്, അടിമത്തം പേറുന്ന മാനസികാവസ്ഥയുള്ള സ്ത്രീവർഗ്ഗത്തിന്റെ പതനത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളാണ് ചരിത്ര-നരവംശശാസ്ത്രങ്ങൾ നമുക്ക് കാണിച്ചുതരുന്നത്.[9]

മാർക്സിയൻ ദർശനം മുന്നോട്ടു വയ്ക്കുന്ന സ്ത്രീപുരുഷ സമത്വം എന്ന ആശയം നേടിയെടുക്കാൻ കുടുംബസദാചാര സംഹിതയ്ക്ക് മാറ്റം വരണമെന്നും ഒരു ലൈംഗിക വിപ്ലവത്തിലൂടെ അത് നേടാമെന്നും വിശ്വസിക്കുന്നു. ഭൗതികപരിത:സ്ഥിതിയുടെ ചരിത്രപരമായ മാറ്റത്തിന്റെ

ഭാഗമായി സ്ത്രീകളുടെ അവസ്ഥയെപ്പറ്റി മൂർത്തമായ പഠനം നടത്താനാവശ്യമായ വിവരങ്ങൾ മാർക്സും ഏംഗൽസും നൽകുന്നത് അവരുടെ 'ജർമ്മൻ പ്രത്യയശാസ്ത്രം' (1845-46) എന്ന കൃതിയിലാണ്. ജനാധിപത്യ ഘട്ടത്തിൽ പുരുഷമേധാവിത്തത്തിന്റെ ഉപകരണമായി സ്ത്രീ മാറുന്നു. മുതലാളിത്ത സമൂഹം തൊഴിലാളി വർഗ്ഗ സമൂഹത്തെ മതത്തിന്റെയും ഭരണകൂടത്തിന്റെയും സഹായത്തോടെ അടിച്ചമർത്തുന്നു. അങ്ങനെ മുതലാളിത്ത വ്യവസ്ഥയിൽ എത്തുമ്പോൾ സ്ത്രീ രണ്ടു തരത്തിലുള്ള അടിച്ചമർത്തലുകൾക്ക് വിധേയയാകുന്നു. സാമൂഹ്യവ്യവസ്ഥ യിലെ പരോക്ഷ മർദ്ദനവും കുടുംബവ്യവസ്ഥയിലെ പ്രത്യക്ഷമർദ്ദനവും സ്ത്രീ ഏറ്റുവാങ്ങുന്നു. മുതലാളി-തൊഴിലാളി വർഗ്ഗ വൈരുദ്ധ്യത്തി നപ്പുറമാണ് സ്ത്രീപുരുഷ വൈരുദ്ധ്യം. ഇത്തരത്തിലുള്ള മാർക്സിയൻ വീക്ഷണത്തിൽ നിന്നാണ് പിൽക്കാല സ്ത്രീവിമോചന സിദ്ധാന്തങ്ങൾ രൂപപ്പെടുന്നത്.[10]

മനുഷ്യന്റെ നിലനിൽപ്പും വളർച്ചയും ലൈംഗികതയുമായി ബന്ധപ്പെട്ട താണെന്നു വിശ്വസിച്ചിരുന്ന സിഗ്മണ്ട് ഫ്രോയ്ഡ് പ്രധാനപ്പെട്ട രണ്ടു മന:ശാസ്ത്ര സിദ്ധാന്തങ്ങൾ മുന്നോട്ട് വയ്ക്കുന്നു. ശിശ്നകേന്ദ്രിത സിദ്ധാന്തവും സംകേന്ദ്രിത സിദ്ധാന്തവും. പുരുഷന്റെ കാമവാസന ശിശ്നത്തിൽ കേന്ദ്രീകരിക്കുമ്പോൾ സ്ത്രീ ലൈംഗീകതയ്ക്ക് രണ്ടു ഘട്ടങ്ങൾ കൽപിക്കുന്നു. ഭഗശിശ്നികാകേന്ദ്രീകൃതവും യോനീകേന്ദ്രീകൃതവും. പുരുഷന്റെ ലൈംഗീകവും മാനസികവുമായ വളർച്ച ലളിതവും സ്ത്രീയുടേത് സങ്കീർണ്ണവുമാണെന്ന് ഇതുവഴി ഫ്രോയ്ഡ് തെളിയിക്കുന്നു. ഫ്രോയ്ഡിന്റെ ഈഡിപ്പസ് കോംപ്ലക്സ്, ഇലക്ട്രാ കോംപ്ലക്സ് സിദ്ധാന്തങ്ങളും സ്ത്രീപുരുഷ ബന്ധത്തിന്റെ മറ്റൊരു തലത്തെയാണ് അനാവരണം ചെയ്യുന്നത്. കർക്കശമായ ലൈംഗികവിലക്കുകൾ നിലവിലുള്ള ഇടങ്ങളിൽ ലൈംഗിക വൈലക്ഷണ്യങ്ങളും മനോരോഗങ്ങളും വ്യാപകമാകുന്നു. മനുഷ്യന് ലൈംഗികശക്തിയെ സർഗ്ഗശക്തിയായി രൂപപ്പെടുത്താനുള്ള കഴിവു ്. ഇത് വിലക്കുകളെ അതിജീവിക്കാനും മന:സ്ഥൈര്യം നൽകാനും

സഹായകമാണ്. മതത്തിന്റെയും ഭരണകൂടത്തിന്റെയും മേൽക്കോയ്മ തുടരുന്നിടത്ത് ലൈംഗികത തെറ്റിദ്ധരിപ്പിക്കപ്പെടുന്നു. ഇത് ലൈംഗികത പ്രത്യുൽപാദന ഹേതുവായി പരിമിതപ്പെടുത്താൻ പ്രേരിപ്പിക്കുന്നു. ഈ നയം പ്രായോഗികമാക്കാൻ ഏറ്റവും ഫലവത്തായ സ്ഥാപനമാണ് കുടുംബം. അന്ധവും പ്രാകൃതവുമായ വിശ്വാസങ്ങളിലേക്ക് മടങ്ങിപ്പോകാനുള്ള ശ്രമം പുരുഷന്റേതിനേക്കാൾ സ്ത്രീയുടെ മാനസികവും ലൗകികവുമായ പുരോഗതി ദുഷ്ക്കരമാക്കുന്നു. മാനസികം, ഭൗതികം, സാമ്പത്തികം എന്നീ തലങ്ങളിൽ സ്ത്രീക്കു നേടാൻ കഴിയുന്ന സ്വാതന്ത്ര്യമാണ് സ്ത്രീയുടെ മോചനം ഉറപ്പു വരുത്തുന്നത്. സ്വാതന്ത്ര്യത്തിലൂടെയേ സ്നേഹത്തിന്റെ പ്രയോഗം സാധ്യമാകൂ. സ്നേഹം സമർത്ഥമായി പ്രയോഗിക്കപ്പെടുന്നിടത്ത് അസ്തിത്വ ത്തിന്റെ ഏതു പ്രശ്നവും സമർത്ഥമായി പരിഹരിക്കപ്പെടുന്നു. സ്ത്രീയുടെ അടിമത്തം വിവേചിക്കപ്പെടാതെ അനുവർത്തിക്കപ്പെടാനിടയായ സാഹചര്യ ങ്ങളും മോചനമാർഗ്ഗങ്ങളുമാണ് മന:ശാസ്ത്രം നിർദ്ദേശിക്കുന്നത്.[11]

സാർത്രിന്റെ അസ്തിത്വദർശനം അന്യസത്തയെ നിർവചിക്കുന്നിടത്ത് സ്ത്രീ പരിമിതികളെക്കുറിച്ച് പരോക്ഷമായി പറയുന്നു. ശരീരമുണ്ട്, ശരീരം അന്യദൃഷ്ടിക്കു വിധേയമാകുന്നു, വ്യക്തി സ്വശരീരത്തെ അന്യദൃഷ്ടിക്കു വിഷയീഭവിക്കുന്നത് എന്ന നിലയിൽ നോക്കിക്കാണുന്നു എന്ന് സാർത്ര് അസ്തിത്വത്തിന്റെ മാധ്യമമായ ശരീരത്തിന് മൂന്നു മാനങ്ങൾ കാണുന്നു. അന്യന്റെ കണ്ണിലുള്ള വസ്തുപദവി ചില വ്യക്തിത്വങ്ങൾക്ക് അന്യവ്യക്തി ത്വത്തെ വരുതിയിലാക്കാനുള്ള പ്രവണതയായും ചില വ്യക്തിത്വങ്ങൾക്ക് വിധേയപ്പെടാനുള്ള പ്രവണതയായും മാറുന്നു. സ്ത്രീപുരുഷ സമത്വത്തി ലധിഷ്ഠിതമായ ഒരു സുന്ദരലോകമാണ് യഥാർത്ഥത്തിൽ അസ്തിത്വദർശനം മുന്നോട്ടുവയ്ക്കുന്നത്.[12]

## 2.3 സ്ത്രീസ്വാതന്ത്ര്യ വാദങ്ങൾ:

17-ാം നൂറ്റാണ്ടിലെ പ്രൊട്ടസ്റ്റന്റ് വിപ്ലവത്തെ തുടർന്ന് 1642 ൽ നാന്നൂറോളം സ്ത്രീകൾ ചേർന്ന് നൽകിയ നിവേദനമാണ് സ്ത്രീയുടെ

അവകാശ സ്ഥാപനത്തിനായുള്ള ആദ്യ സംഘടിത ശ്രമമായി കാണുന്നത്. പുരുഷന്മാർക്കൊപ്പം മതപരമായ കാര്യങ്ങളിൽ വ്യാപരിക്കാനുള്ള അവകാശം, കുടുംബത്തിനകത്ത് തങ്ങൾക്കു കൽപിക്കപ്പെട്ട താഴ്ന്ന പദവി പരിഹരിക്കാനുള്ള ശ്രമം തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുള്ള നിവേദനമാണിത്. പിന്നീട് വോട്ടവകാശം, തൊഴിൽ-വേതനസമത്വം എന്നിവയ്ക്കു വേണ്ടിയുള്ള പ്രക്ഷോഭങ്ങളിലേക്ക് അത് വളർന്നു. ഇക്കാലമായപ്പോഴേക്കും സ്ത്രീസ്വാതന്ത്ര്യചിന്തയ്ക്ക് വ്യക്തമായ ഒരു രൂപരേഖ കൈവന്നിരുന്നു. സ്ത്രീയോടു വിവേചനം കാണിക്കുന്ന നിയമങ്ങൾ, ഭരണകൂടം, വിധേയരാക്കി നിർത്താൻ പുരുഷമേധാവിത്വം സ്ഥാപിച്ച കുടുംബമെന്ന സ്ഥാപനം എന്നിവയ്ക്കെതിരെ സ്ത്രീ ശബ്ദമുയർത്തി. ഉല്പാദനം, പ്രത്യുൽപാദനം, ലൈംഗികത, കുട്ടികളുടെ സാമൂഹ്യവത്ക്കരണം എന്നിവയെ കേന്ദ്രീകരിച്ച് സ്ത്രീസ്വാതന്ത്ര്യ വാദമുഖങ്ങൾ സ്ത്രൈണാസ്തിത്വ നിർണ്ണയനം നടത്തി. ഇതിന്റെ തുടർച്ചയെന്നോണം സ്ത്രീസ്വാതന്ത്ര്യ ശ്രമങ്ങൾക്ക് വ്യക്തമായ ഒരു നിർവചനമുണ്ടായി.

'ആൺകോയ്മാസമൂഹം പരമ്പരാഗതമായി അന്യൂനമെന്നു വിധിച്ചിട്ടുള്ള വീക്ഷണങ്ങളുടെയും സമീപനങ്ങളുടെയും ന്യായാന്യായങ്ങൾ, മാനുഷികവും മതേതരവുമായ ആദർശങ്ങളുടെയും യുക്തിബോധത്തിന്റെയും വെളിച്ചത്തിൽ സമഗ്രമായി പുന:പരിശോധിക്കാനും, സ്ത്രീകളും പുരുഷന്മാരുമുൾപ്പെടുന്ന വ്യക്തികളുടെ ബോധത്തിൽ അനീതിക്കെതിരെ പ്രതിഷേധത്തിന്റെ കൊടുങ്കാറ്റുകളുയർത്തി പ്രതികൂലമായ അവസ്ഥകളോടേറ്റുമുട്ടാൻ അവർക്ക് സംഘടിതമായ ഇച്ഛാശക്തിയും ആത്മവിശ്വാസവും നൽകാനും പര്യാപ്തമായ ഒരു ചിന്താപദ്ധതിയാണ് ഫെമിനിസം.'[13]

ഫെമിനിസം എന്ന വാക്കിന് ഓക്സ്ഫോർഡ് ഡിക്ഷ്ണറി നൽകുന്ന അർത്ഥം സ്ത്രീകളുടെ അവകാശങ്ങൾക്കു വേണ്ടിയുള്ള പരിശ്രമം എന്നാണ്. 19-ാം നൂറ്റാണ്ടിൽ യൂറോപ്പിലു ായ ജ്ഞാനോദയം പുതിയ പല ചിന്താപദ്ധതികൾക്കും രൂപം നൽകി. മനുഷ്യസംസ്കാരത്തിന്റെ ഭാഗമായ സ്വഭാവങ്ങളെ വിലയിരുത്തുന്ന നിരവധി ചിന്താപദ്ധതികളെ സംസ്കാര

പഠനങ്ങൾ എന്ന മേൽക്കൂരയ്ക്കു കീഴെ അണിനിരത്തിയ കാലഘട്ടം കൂടിയാണിത്. അതിലൊരു ചിന്താപദ്ധതിയാണ് സ്ത്രീവാദം. ഇതൊരു പാശ്ചാത്യ ചിന്താപദ്ധതിയാണ്. സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് വൈവിധ്യമുണ്ട്. അതിന് പ്രാദേശികഭേദവുമുണ്ട്. ആഫ്രിക്കയിലെ സ്ത്രീ നേരിടുന്ന പ്രശ്നങ്ങളാവില്ല അമേരിക്കൻ, ബ്രിട്ടീഷ്, ജർമ്മൻ സ്ത്രീകളുടേത്. ഇന്ത്യയെപ്പോലെ സാംസ്കാരികവൈവിധ്യം നിറഞ്ഞു നിൽക്കുന്ന ഒരു രാജ്യത്ത് സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് അത്രയധികം വൈവിധ്യവും ഉ ാകും. അതിനാൽ സ്ത്രീവാദ ചിന്തകളെ കൃത്യമായ ഒരു ചട്ടക്കൂടിൽ ഒതുക്കാനാവില്ല. സാമാന്യമായി ലോകത്തെവിടെയും സ്ത്രീ നേരിടുന്ന പ്രശ്നങ്ങളെ വിശകലനം ചെയ്യാനേ സ്ത്രീവാദ ചിന്തകൾക്കാകൂ. ഈ പരിമിതി കൂടി കണക്കിലെടുത്തു വേണം സ്ത്രീവാദ ചിന്തകളെ വിലയിരുത്താൻ.

1928 ൽ വെർജീനിയാ വൂൾഫ് 'എ റൂം ഓഫ് വൺസ് ഓൺ' എന്ന ഗ്രന്ഥത്തിലൂടെ കുടുംബത്തിലെ സ്ത്രീയുടെ ഇടത്തെക്കുറിച്ചൊരവലോകനം നടത്തുകയുണ്ടായി. ഏതു വീട്ടിലും സ്ത്രീയുടെ സ്ഥാനം പുരുഷന്റെ കിടപ്പറയിലും കുട്ടികളുടെ പഠനമുറിയിലും അടുക്കളയിലുമായി ഒതുങ്ങുന്നു. സ്വന്തം സ്ഥലമോ സ്വന്തം സമയമോ അവൾക്കനുവദിക്കപ്പെട്ടിട്ടില്ല. ഏകാന്തത ആവശ്യപ്പെടുന്ന സ്ത്രീക്ക് ഗൃഹാന്തരീക്ഷത്തിൽ അത് ലഭ്യമാകാതിരിക്കുന്നു. സ്ത്രീയിലെ സർഗ്ഗാത്മകത പോലും വെളിവാകാത്തത് ഇത്തരം ഗൃഹാന്തരീക്ഷം നിലനിൽക്കുന്നതു കൊണ്ടാണ്. ഷേയ്ക്സ്പിയർ പെണ്ണായിരുന്നെങ്കിൽ ലോകം അവരെയോ അവർ ലോകത്തെയോ അറിയാതെ പോകുമായിരുന്നു എന്ന് വെർജീനിയ വൂൾഫ് പറയുന്നു. സ്ത്രീകൾക്ക് പുരുഷന്മാർക്കൊപ്പം വേതനവും സ്വത്തവകാശവും ലഭിക്കുമ്പോൾ മാത്രമേ അവൾ ഒരു പരിധി വരെയെങ്കിലും സ്വതന്ത്രയാകൂ എന്ന് വെർജീനിയ വൂൾഫ് പറഞ്ഞു വയ്ക്കുന്നു.[14] ഈ ഗ്രന്ഥം ഫെമിനിസ്റ്റ് ബൈബിൾ എന്നാണ് അറിയപ്പെടുന്നത്.[15]

1949-ൽ സാർത്രിന്റെ ചിന്താധാരയിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് സിമോൺ ഡി ബുവയർ അവരുടെ 'ദി സെക്കന്റ് സെക്സ്' എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. പുരുഷൻ സ്ത്രീയെ വിധേയയാക്കുന്നതിനേക്കാൾ സ്ത്രീ ആ വിധേയത്വം സ്വാംശീകരിക്കുന്നതാണ് അവരുടെ രണ്ടാം ലിംഗപദവിക്കു കാരണം എന്ന് സിമോൺ ഡി ബുവയർ വിലയിരുത്തി. സ്ത്രീ അവളായി ജനിക്കുകയല്ല, ആയിത്തീരുകയാണ് എന്നാണ് ബുവയർ കണ്ടെത്തിയത്. സ്ത്രീയുടെ ആ പരുവപ്പെടലിനെ അവർ നിശിതമായി വിമർശിക്കുകയുണ്ടായി. പുരുഷനെ ആശ്രയിച്ചു കഴിയുന്നതിൽ നിന്നും മോചനം നേടാൻ സ്ത്രീ തന്നെ പരിശ്രമിക്കണമെന്നും വെല്ലുവിളികളോട് പ്രതികരിച്ചു ജീവിച്ചാലേ സ്വന്തം അസ്തിത്വം സ്ഥാപിക്കാനാവൂ എന്നും സിമോൺ ഡി ബുവയർ പറയുന്നു.[16]

1963-ൽ ബെറ്റി ഫ്രീഡൻ 'ഫെമിനൈൻ മിസ്റ്റിക്ക്' എന്ന ഗ്രന്ഥത്തിലൂടെ സ്ത്രീകൾ ഗാർഹികജീവിതത്തിൽ സംതൃപ്തരാണെന്നു തെളിയിക്കാൻ ശ്രമിക്കുന്ന പുരുഷാധിപത്യ സമൂഹത്തെ ചോദ്യം ചെയ്യുന്നു. സ്ത്രീകളുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ട ഒരു സ്ത്രൈണാദർശം മാത്രമാണതെന്ന് കൃത്യമായ പഠനങ്ങളിലൂടെ താൻ ക ത്തിയതായി അവർ അവകാശപ്പെടുന്നു. തൊഴിൽ ചെയ്യുന്ന സ്ത്രീകളിൽ വീട്ടമ്മമാരേക്കാൾ സ്വതന്ത്രചിന്താഗതിയും അഭിപ്രായരൂപീകരണക്ഷമതയും കൂടുതൽ കാണുന്നുണ്ടെന്നും അതിനാൽ വീട്ടുജോലിയുടെ ആലസ്യത്തിൽ നിന്നും പുറത്തേക്ക് വന്ന് തൊഴിലിൽ ഏർപ്പെടണമെന്നും സ്ത്രീകളോടവർ ആഹ്വാനം ചെയ്തു.[17]

1970-ൽ സ്ത്രീവിമോചന ചിന്തയുടെ പുതിയ കാഴ്ചപ്പാടുമായി കേറ്റ് മില്ലറിന്റെ 'സെക്ഷ്വൽ പൊളിറ്റിക്സ്' എന്ന ഗ്രന്ഥം പുറത്തിറങ്ങി. സ്ത്രീ പുരുഷ ബന്ധങ്ങളുടെ രാഷ്ട്രീയത്തിൽ സ്ത്രീ പുരുഷനാൽ നിയന്ത്രിക്കപ്പെടുകയും പുരുഷാധിപത്യ മൂല്യങ്ങളുടെ വാഹകരായി സ്ത്രീകൾ മാറുകയും ചെയ്യുന്നതായി പറയുന്നു. സ്ത്രീയുടെ ഓരോ വിമോചന ശ്രമത്തിനും പിന്നിൽ അതിന്റേതായ രാഷ്ട്രീയം പ്രവർത്തിക്കുന്നുണ്ട്.

സ്ത്രീയുടെ അതിജീവനത്തിന്റെ രാഷ്ട്രീയമായി ഇവിടെ ഫെമിനിസം വ്യാഖ്യാനിക്കപ്പെടുന്നു.[18] പുരുഷാധിപത്യ സമൂഹത്തിൽ സ്ത്രീ അവളുടെ ശരീരത്തിലേക്ക് ചുരുക്കപ്പെടുന്നു. പുരുഷന്റെ ഉടമസ്ഥതയിലുള്ള ഒരു വസ്തുവായാണ് പുരുഷാധിപത്യം സ്ത്രീയെ തിരിച്ചറിയുന്നത്. അവന്റെ താൽപര്യാർത്ഥം ആ ശരീരം വളച്ചൊടിക്കാനും അപമാനിക്കാനും പീഡിപ്പി ക്കാനും മനപ്പൂർവ്വം വേദനിപ്പിക്കാനും അവനവകാശമുണ്ട്.[19]

സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനത്തിനും അവകാശങ്ങൾക്കും വേണ്ടി പ്രബന്ധങ്ങളിലൂടെയും പ്രസംഗങ്ങളിലൂടെയും സ്ത്രീകൾ പരിശ്രമിച്ചു കൊണ്ടിരുന്നതിനു സമാന്തരമായി സാഹിത്യവും അതിന്റേതായ ശ്രമങ്ങൾ ആരംഭിച്ചിരുന്നു. സ്ത്രീകളുടെ പ്രശ്നങ്ങൾ അനാവരണം ചെയ്യുന്ന കഥകളും കവിതകളും നോവലുകളും പ്രസിദ്ധീകരിക്കപ്പെട്ടു. വെർജീനിയ വൂൾഫും നല്ലൊരു നോവലിസ്റ്റായിരുന്നു. നിരവധി സ്ത്രീ എഴുത്തുകാരും പുരുഷ എഴുത്തുകാരും സ്ത്രീവാദ ദർശനങ്ങളുള്ള സാഹിത്യകൃതികൾ രചിച്ചു. കേറ്റ് ചോപ്പിന്റെ 'ദി അവേക്കനിംങ്', നെബേക്ക ഹാർഡിംഗിന്റെ 'ലൈഫ് ഇൻ ദി അയേൺ മിൽസ്' എന്നിവ അവയിൽ ചിലതാണ്. ഒപ്പം സ്ത്രീയെ വായനക്കാരിയായും എഴുത്തുകാരിയായും വിലയിരുത്തുന്ന എലയ്ൻ ഷോവാൾട്ടറുടെ കൃതികൾ സ്ത്രീയെ ഒരു പുതിയ കാഴ്ചപ്പാടിൽ കൂടി വിലയിരുത്താൻ സഹായകമായി. അവരുടെ 'റ്റുവേർഡ്സ് എ ഫെമിനിസ്റ്റ് പോയറ്റിക്സ്' എന്ന കൃതിയിലാണ് സ്ത്രീയെ എഴുത്തുകാരിയായും വായന ക്കാരിയായും വിലയിരുത്തുന്നത്. സാഹിത്യ കൃതികളൊക്കെയും പുരുഷ എഴുത്തുകാരുടേതു മാത്രം ശ്രദ്ധിക്കപ്പെടുകയും സ്ത്രീ എഴുത്തുകാരി കളുടേത് തമസ്ക്കരിക്കപ്പെടുകയും ചെയ്യുന്നതിന്റെ കാരണങ്ങൾ ഷോവാൾട്ടർ അന്വേഷിക്കുന്നു. സാഹിത്യഭാഷ പുരുഷാധിപത്യപരമാ ണെന്നും സ്ത്രീകൾ അത് സ്വാംശീകരിക്കാൻ നിർബന്ധിതരാകുന്നു എന്നും അവർ കണ്ടെത്തി. നല്ല ഒരു കൂട്ടം സ്ത്രീ എഴുത്തുകാർ സമൂഹത്തിൽ ഉയർന്നുവരേണ്ടതിന്റെ ആവശ്യകത അവർ ചൂ ിക്കാട്ടി. 1977 ൽ പ്രസിദ്ധീകൃതമായ 'എ ലിറ്ററേച്ചർ ഓഫ് ദെയർ ഓൺ' എന്ന കൃതിയിലും

സമകാലിക സാഹിത്യവിമർശനത്തിലെ സ്ത്രീ സാന്നിദ്ധ്യത്തിന്റെ ആവശ്യ കതയെക്കുറിച്ച് അവർ ചർച്ച ചെയ്യുന്നു. തുടർന്ന് 1981 ൽ പുറത്തിറങ്ങിയ പ്രബന്ധമായ 'ഫെമിനിസ്റ്റ് ക്രിട്ടിസിസം ഇൻ ദി വൈൽഡർനസ്' എന്ന പ്രബന്ധത്തിൽ ഷോവാൾട്ടർ സ്ത്രീവാദ സാഹിത്യ വിമർശനത്തിന് എല്ലാത്തരത്തിലും ഉപയോഗപ്രദമായ ഒരു സിദ്ധാന്തം രൂപവത്ക്കരിക്കുക യു ായി. ഈ ഗ്രന്ഥത്തിൽ 'സ്ത്രീ എഴുത്തുകാരുടെ രചനകൾക്ക് എന്താണ് വ്യത്യാസം?' എന്ന ചോദ്യം അവരുന്നയിക്കുന്നു. പുരുഷകേന്ദ്രിത സ്വഭാവ മുൾക്കൊള്ളുന്ന (Androcentric) സമകാലിക സാഹിത്യ വിമർശനത്തിന്റെ മുഖം വെളിച്ചത്തു കൊണ്ടുവരാനും സ്ത്രീകേന്ദ്രിത സാഹിത്യ വിമർശനത്തിന്റെ (Genocentric) ആവശ്യകത ബോധ്യപ്പെടുത്താനും ഈ ചോദ്യത്തിലൂടെ അവർക്കു കഴിഞ്ഞു. അക്കാദമിക രംഗത്ത് ഒറ്റപ്പെട്ടു നിന്ന സ്ത്രീവാദ ചിന്തകൾക്ക് സൈദ്ധാന്തിക തലം രൂപപ്പെടുത്താനും കൃത്യമായ ഒരു മാർഗ്ഗരേഖ ചമയ്ക്കാനും എലയ്ൻ ഷോവാൾട്ടറിനു കഴിഞ്ഞു. സ്ത്രീ രചനകളെ ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ മൂന്നു ഘട്ടങ്ങളായി അവർ തിരിക്കുന്നു. സ്ത്രൈണം (feminine), സ്ത്രീവാദപരം (feminist), സ്ത്രീവിഷയകം (female) എന്നിങ്ങനെ. ഒരു പുതിയ ഭാഷയും പുതിയ വായനവും സ്ത്രീയ്ക്ക് ആവശ്യമാണെന്ന് ഷോവാൾട്ടർ കരുതുന്നു.[20] ഷോവാൾട്ടറിനെത്തുടർന്ന് ഹെലൻ സിക്സസ്, ജൂലിയ ക്രിസ്റ്റേവ തുടങ്ങിയവരും സ്ത്രീ എഴുത്തിന്റെ ആവശ്യകതയും ഭാഷയുടെ പരിമിതി കളും ചർച്ച ചെയ്തവരാണ്.

സ്ത്രീവാദ സാഹിത്യവും സ്ത്രീവാദ വിമർശന സിദ്ധാന്തങ്ങളും മറ്റു സാഹിത്യവിമർശന പദ്ധതികളുമായി ചേർന്ന് വികസിച്ചു തുടങ്ങി. ബഹുസ്വരമായ വിമർശനരീതി സ്ത്രീപക്ഷ വിമർശന സിദ്ധാന്തത്തിനു കൈവന്നു. മാർക്സിയൻ ദർശനത്തിന്റെയും മനോവിശ്ലേഷണ സിദ്ധാന്ത ത്തിന്റെയും കാഴ്ചപ്പാടുകൾ സ്ത്രീവാദ വിമർശനരീതിയെ പോഷിപ്പിച്ചു. സാമ്പത്തികാടിസ്ഥാനത്തിൽ സ്ത്രീ എങ്ങിനെ പുരുഷാധിപത്യ സമൂഹ ത്താൽ അടിച്ചമർത്തപ്പെടുന്നു എന്നാണ് മാർക്സിയൻ ദർശനം ചർച്ച

ചെയ്യുന്നത്. 'കുടുംബം, സ്വകാര്യ സ്വത്ത്, ഭരണകൂടം ഇവയുടെ ആവിർഭാവം' എന്ന കൃതിയിൽ സ്വകാര്യസ്വത്ത് എന്ന സങ്കൽപമാണ് സ്ത്രീയുടെ അധമാവസ്ഥയ്ക്ക് കാരണമെന്ന് എംഗൽസ് പറയുന്നു. ഉൽപാദനബന്ധം, തൊഴിൽ വിഭജനം എന്നിവ കാർഷികവ്യവസ്ഥിതിയിലും മുതലാളിത്ത വ്യവസ്ഥിതിയിലും എങ്ങനെ സ്ത്രീയെ പ്രതികൂലമായി ബാധിക്കുന്നു എന്ന് വിശകലനം ചെയ്യുന്ന എംഗൽസ് തുല്യവേതനമുറപ്പാക്കുന്ന ജോലി സ്ത്രീക്ക് ലഭ്യമാക്കുക വഴിയും അവളെ സ്വകാര്യസ്വത്തിനുടമയാക്കുക വഴിയും അവളുടെ അധമാവസ്ഥയിൽ നിന്ന് ഒരു പരിധിവരെ മോചിപ്പിക്കാം എന്നു ക െത്തുന്നു. സ്ത്രീപുരുഷ വ്യത്യാസമോ ലിംഗാധിഷ്ഠിത പീഡനമോ ഇവിടെ ചർച്ച ചെയ്യപ്പെടുന്നില്ല. മാത്രമല്ല ലിംഗപരമായ വിവേചനം മാത്രമല്ല എക്കാലത്തും സ്ത്രീയുടെ അധമാവസ്ഥയ്ക്കു കാരണമായി ഭവിച്ചത് എന്നും പറഞ്ഞുവെയ്ക്കുന്നു.

ലിംഗഭേദം സാമൂഹികമായും സാംസ്കാരികമായുമുള്ള നിർമ്മിതി യാണ്. മനുഷ്യമനസ്സാണ് യഥാർത്ഥത്തിൽ സ്ത്രീ എന്നും പുരുഷൻ എന്നുമുള്ള വിവേചനം ജീവശാസ്ത്രപരമായും മാനസികമായും ഉണ്ടാക്കി യെടുത്തതെന്ന് ഫ്രോയ്ഡ് പറയുന്നു.[21] ജീവശാസ്ത്രപരമായ സ്ത്രീ പുരുഷ ഭേദം സ്ത്രീയെ സ്ത്രീയുടെ ശാരീരിക ഘടനയിലും പുരുഷനെ പുരുഷന്റെ ശാരീരിക ഘടനയിലും നോക്കിക്കാണുമ്പോൾ അവിടെ തുല്യതയാണുള്ളത്. എന്നാൽ സ്ത്രൈണത, പുരുഷത്വം എന്നീ മാനസികതലങ്ങൾ വച്ച് വിലയിരുത്തുമ്പോൾ ഒന്ന് മറ്റൊന്നിനേക്കാൾ കേമം എന്ന ചിന്താഗതി സമൂഹത്തിലുണ്ടാകുന്നു. സമൂഹം രൂപപ്പെടുത്തിയെടുത്ത പിതൃമേധാവിത്വ ഘടനയാണ് (Patriarchal Structure) യഥാർത്ഥത്തിൽ കുടുംബത്തിനകത്ത് സ്ത്രീയുടെ അധമാവസ്ഥയ്ക്ക് കാരണമായി ഫ്രോയ്ഡ് പറയുന്നത്. മിക്ക സ്ത്രീവാദ ചിന്തകരുടെയും സിദ്ധാന്തങ്ങൾക്ക് ഫ്രോയ്ഡിന്റെ മനോവിശ്ലേ ഷണ സിദ്ധാന്തവുമായി ബന്ധമുണ്ട്. വ്യക്തി മനസ്സിന്റെ ഇദ്, ഈഗോ, സൂപ്പർ ഈഗോ, ബോധതലം, അബോധതലം എന്നീ വിഭജനങ്ങളും ഈഡിപ്പസ് കോംപ്ലക്സ്, ഇലക്ട്രാ കോംപ്ലക്സ്, ജീവിതകാമന, സ്വപ്നവ്യാഖ്യാനം

തുടങ്ങിയ സംപ്രത്യയങ്ങളും സിമോൺ ദ ബുവയർ, എലയ്ൻ ഷോവാൾട്ടർ, ടോറിൽ മോയ്, കേറ്റ് മില്ലറ്റ്, ജൂലിയ ക്രിസ്റ്റേവ, ഹെലൻ സിക്സസ്, കോറ കാൽപൻ തുടങ്ങിയ സ്ത്രീസൈദ്ധാന്തികരെ ആകർഷിച്ചിട്ടു .[22]

സ്ത്രീയുടെ കീഴാളത്തത്തെക്കുറിച്ചാണ് 'സബാൾട്ടൻ സ്റ്റഡീസ്' എന്ന പഠനസംഘം അന്വേഷിക്കുന്നത്. കീഴാള പഠിതാക്കളുടെ വക്താവായ ഗായത്രി ചക്രവർത്തി സ്പിവാക്ക് സ്ത്രീയും പുരുഷനും പരസ്പരാശ്രിതരാണെന്നു പറയുന്നു. അങ്ങനെ പരസ്പരാശ്രിതരായിരിക്കെത്തന്നെ അവരുടെ ബന്ധത്തിൽ സങ്കീർണ്ണതകളുണ്ടാകുന്നു. കാരണം സ്ത്രീക്ക് അവളുടേതായ ഒരഭിപ്രായ രൂപീകരണത്തിനുള്ള സ്വാതന്ത്ര്യം അനുവദിക്കപ്പെടുന്നില്ല. അധികാര ശ്രേണിയുടെ ഇടപെടലാണ് അവളുടെ ജീവിതത്തിലെ ഓരോ ചലനത്തിലും. വ്യാഖ്യാന വിശകലനങ്ങളുടെ ഇരകളായി പലപ്പോഴും സ്ത്രീകൾ മാറുന്നു. മാർക്സിയൻ സൈദ്ധാന്തികതയുടെയും ഫ്രോയ്ഡിയൻ സൈദ്ധാന്തികതയുടെയും ആശയങ്ങൾ ഗായത്രി സ്പിവാക്ക് തന്റെ ആശയം അവതരിപ്പിക്കാനായി ഉപയോഗിച്ചു. ഉപയോഗം, വിനിമയം, മിച്ച മൂല്യം എന്നീ മാർക്സിയൻ പദസൂചികൾ സ്ത്രീയുടെ അവസ്ഥകളെ വിശകലനം ചെയ്യാനായി കടമെടുത്തിട്ടുണ്ട്. സ്ത്രീയെ കൈമുതലായി വച്ചിട്ടുള്ള അധികാരിയായ പുരുഷന് മിച്ചമൂല്യമുണ്ടാക്കാനുള്ള ഉറവിടമാണ് സ്ത്രീ എന്നും ഗൃഹജോലിക്ക് കൂലി വാങ്ങുന്ന സ്ത്രീ മിച്ചമൂല്യത്തെ വിനിമയ മൂല്യമാക്കുകയാണ് ചെയ്യുന്നതെന്നും സ്പിവാക്ക് പറയുന്നു. തൊഴിൽ വിഭജനം സ്ത്രീയ്ക്കനുകൂലമായല്ല ചെയ്തിട്ടുള്ളതെന്ന് അവർ കണ്ടെത്തുന്നു. കീഴാളതയിൽ ഏറ്റവും അവഗണിക്കപ്പെടുന്ന വിഭാഗമായാണ് സ്പിവാക്ക് സ്ത്രീകളെ പരിഗണിക്കുന്നത്. വിവാഹം പോലും ഒരു പുരുഷന് മറ്റൊരു പുരുഷൻ നടത്തുന്ന വസ്തു കൈമാറ്റമാണെന്ന് അവർ പറയുന്നു.[23]

## 2.4 സ്ത്രീവാദം – ഇന്ത്യയിൽ:

പാശ്ചാത്യ ലോകത്ത് ഇതുവരെ നടന്ന സ്ത്രീപക്ഷ ചിന്തകളാണ് ഇവിടെ വിശകലനം ചെയ്തത്. പാശ്ചാത്യ-പൗരസ്ത്യഭേദം സ്ത്രീയുടെ

പ്രശ്നങ്ങൾക്ക് വൈവിധ്യവും വൈരുദ്ധ്യവുമുണ്ടാക്കുന്നുണ്ട്. ഇന്ത്യയിലെ സ്ത്രീവാദ ചിന്തകൾ ഈ വൈരുദ്ധ്യാത്മകമായ അന്തരീക്ഷത്തിൽ രൂപപ്പെട്ടവയാണ്. ഇന്ത്യയിലെ സ്ത്രീവാദത്തിന്റെ ചരിത്രത്തിന് മൂന്നു മുഖങ്ങളുണ്ടെന്നു കാണാം. 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ ആരംഭിക്കുന്ന ആദ്യഘട്ടം ഇന്ത്യയിലെ 'സതി' പോലെയുള്ള ദുരാചാരങ്ങൾക്കെതിരെ യൂറോപ്യൻ ഭരണാധികാരികൾ ശബ്ദമുയർത്തിയ ഘട്ടമാണ്. രണ്ടാമത്തേ താകട്ടെ ക്വിറ്റിന്ത്യാ സമരത്തിലേക്ക് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പിച്ചു കൊ ് ഗാന്ധിജി സ്വാതന്ത്ര്യത്തിനായുള്ള സ്ത്രീസംഘടനകളുടെ പിന്തുണ ആവശ്യപ്പെട്ടിടത്തു നിന്നാരംഭിക്കുന്നു. ഇത് സ്വാതന്ത്ര്യത്തിനു മുമ്പ് 1915 കാലഘട്ടത്തിലാണെങ്കിൽ മൂന്നാമത്തെ ഘട്ടം ആരംഭിക്കുന്നത് സ്വാതന്ത്ര്യാ നന്തരമാണ്. ഇത് ലക്ഷ്യം വയ്ക്കുന്നത് രാഷ്ട്രീയത്തിലും തൊഴിലിടത്തിലും സ്ത്രീക്ക് കൃത്യമായ അവകാശങ്ങൾ നൽകാനും വിവാഹാനന്തര ജീവിതത്തിൽ കുടുംബത്തിനകത്ത് ശരിയായ പരിചരണം ലഭ്യമാക്കാനു മായിരുന്നു.

ലോകമെങ്ങും സ്ത്രീസ്വാതന്ത്ര്യവാദികൾ ആവശ്യപ്പെട്ടിരുന്നതു പോലെ ലിംഗസമത്വത്തിനു വേണ്ടിയും ഇന്ത്യൻ സ്ത്രീകൾ പ്രക്ഷോഭ മുണ്ടാക്കിയിട്ടുണ്ട്. ഒപ്പം ഇന്ത്യയുടെ പ്രത്യേക പിതൃമേധാവിത്വ സമൂഹത്തിൽ ഉ ായിട്ടുള്ള സംസ്കാരത്തിലൂന്നിയ പ്രശ്നങ്ങൾക്കെതിരെയും ഇന്ത്യൻ സ്ത്രീകൾ സമരം ചെയ്തു. പാശ്ചാത്യ രാജ്യങ്ങളിലെപ്പോലെത്തന്നെ ഇന്ത്യയിലെ സ്ത്രീവാദ സമരങ്ങൾക്കും നേരിടേണ്ടി വന്ന ഒരു വിമർശനം അത് താഴ്ന്ന സമുദായത്തിലെ സ്ത്രീകളുടെ ആവശ്യങ്ങളും പ്രതിനിധാനവും അവഗണിക്കുന്നു എന്നതാണ്. ഇത് ഇവിടെ ജാതിയിലൂന്നിയ സ്ത്രീസംഘടന കളുടെയും സമരങ്ങളുടെയും രൂപീകരണത്തിന് കാരണമായിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇന്ത്യയിലെ സ്ത്രീവാദത്തിന് നിരവധി സൈദ്ധാന്തിക തലങ്ങളും രൂപപ്പെട്ടിട്ടുണ്ട്. ശ്രദ്ധേയമായ ഒരു കാര്യം, പാശ്ചാത്യരാജ്യങ്ങളിൽ നിന്നു വ്യത്യസ്തമായി ഇന്ത്യയിൽ സ്ത്രീസ്വാതന്ത്ര്യ വാദത്തിന്റെ ആദ്യരൂപം

ഉ ായിവന്നത് പുരുഷ നേതാക്കൾക്കിടയിൽ നിന്നാണ് എന്നതാണ്. അതിനെ പിന്തുണച്ചും പിന്തുടർന്നുമാണ് സ്ത്രീകൾ മുന്നോട്ടു വന്നത്.

സ്വാതന്ത്ര്യത്തിനു മുമ്പുള്ള ഇന്ത്യയിൽ സ്ത്രീകളുടെ ശബ്ദം ചരിത്രത്തിന്റെ ഒരു താളിലും രേഖപ്പെടുത്തപ്പെട്ടിട്ടില്ല എന്ന സത്യം 1998 ൽ ഉർവ്വശി ബട്ടാലിയ, റിതു മേനോൻ, കമലാ ബാസിൽ എന്നിവർ ശ്രദ്ധിച്ചു. എഴുതപ്പെട്ട ചരിത്രത്തിലെവിടെയും സ്ത്രീയുടെ ശബ്ദം കേൾക്കാത്ത തിനാൽ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായവും പുരുഷനാൽ രൂപപ്പെടുത്തപ്പെട്ട ചരിത്രം പിന്തുടർന്നു. ഈ സാഹചര്യം വിലയിരുത്തിയ ഇവർ നടത്തിയ അന്വേഷണത്തിൽ, അക്കാലഘട്ടത്തിലെ വ്യവസ്ഥകളെ അതിലംഘിച്ച ചില ആളുകളെ കണ്ടെത്താനായി. അതിലൊരാളാണ് 1876 ൽ 'അമർ ജിബോൺ' (My Life) എന്ന ആത്മകഥ എഴുതിയ രസ്സുസുന്ദരി ദേവി. ബംഗാളിലെ ഒരു വീട്ടമ്മയായ ഇവർ സ്കൂൾ വിദ്യാഭ്യാസം നേടിയിട്ടില്ല. എന്നാൽ സമൂഹത്തിന്റെ വിലക്കുകളെ മറികടന്ന് ആരുമറിയാതെ അക്ഷരാഭ്യാസം നേടിയാണ് അവർ സ്ത്രീകൾ സമൂഹത്തിലും കുടുംബത്തിലും അനുഭവി ക്കുന്ന പ്രശ്നങ്ങൾ തന്റെ ആത്മകഥയിലൂടെ പങ്കുവച്ചത്. തുടർന്ന് രബീന്ദ്രനാഥ ടാഗോറിന്റെ സഹോദരി സ്വർണ്ണകുമാരി ദേവി 1882 ൽ സ്ത്രീകളുടെ തിയോസഫിക്കൽ സൊസൈറ്റി രൂപീകരിക്കുകയും അതുവഴി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ അംഗത്വം നേടുകയും ചെയ്തു. 1903 ൽ സ്വർണ്ണകുമാരി ദേവിയുടെ മകൾ സരളാദേവി വാളുപയോഗിച്ച് സ്ത്രീകൾക്ക് സുരക്ഷിതത്വമുറപ്പാക്കാനുള്ള പരിശീലനം നൽകാൻ തുടങ്ങി. അവരും പിന്നീട് ദേശീയവാദികളുടെ കൂടെ ചേർന്നു. 'ദി ഹൈ കാസ്റ്റ് ഹിന്ദു വുമൺ' എന്ന ഗ്രന്ഥം രചിച്ച പണ്ഡിത രമാഭായുടെ അച്ഛനും നല്ലൊരു സാമൂഹ്യ നവോത്ഥാന ചിന്തകനായിരുന്നു. അദ്ദേഹം ഭാര്യയായ ലക്ഷ്മീഭായിയെ വിദ്യാഭ്യാസം ചെയ്യിച്ചു. 1889 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പത്തു പ്രത്യേക ക്ഷണിതാക്കളിൽ ഒരാളായ രമാഭായിയുടെ പുസ്തകത്തിൽ സ്ത്രീകൾ നേരിടുന്ന അടിച്ചമർത്തലുകളെക്കുറിച്ച് ചർച്ച ചെയ്യുന്നു. 1916 ൽ ഭോപ്പാലിലെ ബീഗം ഇന്ത്യൻ മുസ്ലീം സ്ത്രീകൾക്കായി ഒരു സംഘടന

രൂപീകരിച്ചു. അതിന്റെ മുഖ്യ അജ സ്ത്രീകൾ മതപരമായ അടിച്ചമർത്തൽ നേരിടുന്നതിനെ സംബന്ധിച്ചുള്ളതായിരുന്നു. 1917 'നാഷണൽ കൗൺസിൽ ഓഫ് വിമൻ' രൂപീകൃതമായി. മാർഗരറ്റ് കസിൻ, ആനീബസന്റ് എന്നീ വിദേശവനിതകൾ രൂപീകരിച്ച ഈ സംഘടന 1930 ൽ വിമൻസ് ഇന്ത്യൻ അസോസിയേഷനുമായി ലയിപ്പിച്ചു. 1974 ലെ 'ടുവാർഡ്സ് ഇക്വാലിറ്റി റിപ്പോർട്ട്' സ്ത്രീകളുടെ സമത്വത്തിനു വേണ്ടിയുള്ള സമരത്തിലെ ഒരു നാഴികക്കല്ലാണ്. 1980 കളിൽ സ്ത്രീധനമരണത്തിനും സ്ത്രീകൾക്കെതി രെയുള്ള അതിക്രമങ്ങൾക്കുമെതിരെയാണ് സ്ത്രീകൾ സമരം ചെയ്തത്.

## 2.5 സ്ത്രീവാദം - കേരളത്തിൽ:

ജാതിചിന്ത മൂർത്തഭാവത്തിൽ നിലനിന്നിരുന്ന കേരളത്തിൽ സ്ത്രീ പലവിധത്തിലും പുരുഷാധിപത്യ സമൂഹത്തിന്റെ പീഡനത്തിനു വിധേയമായി ക്കൊണ്ടിരുന്നു. സവർണ്ണാവർണ്ണ ഭേദമില്ലാതെ സ്ത്രീകൾക്കു മേൽ ചൂഷണ തന്ത്രങ്ങൾ ആവിഷ്ക്കരിക്കപ്പെട്ടുകൊണ്ടിരുന്ന 19-ാം നൂറ്റാണ്ടിൽ സ്ത്രീകൾ അടുക്കളയ്ക്കുള്ളിൽ തളച്ചിടപ്പെട്ട ജന്മങ്ങളും പുരുഷപീഡനത്തിന്റെ ഇരകളു മായി മാറി. നിയമവ്യവസ്ഥ തന്നെ സ്ത്രീയ്ക്കെതിരായിരുന്നു. തലക്കാണം, മുലക്കാണം എന്നിങ്ങനെ ശാരീരികാവയവങ്ങളിന്മേൽ പോലും നികുതി ചുമത്തുന്ന ഭരണാധികാരികൾ ഉണ്ടായിരുന്ന നാടാണ് കേരളം. മാറു മറയ്ക്കാൻ താഴ്ന്ന ജാതി സ്ത്രീകൾക്ക് അവകാശമുണ്ടായിരുന്നില്ല. ഇതിനെതിരെ പ്രതികരിച്ച് രക്തസാക്ഷിയായ നങ്ങേലിയെ[24] ആദ്യ ഫെമിനിസ്റ്റായി കണക്കാക്കാം. 19-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ഇതിന്റെ തുടർച്ചയായി മാറുമറയ്ക്കൽ സമരങ്ങൾ നടന്നു. 1822 ൽ പാർവ്വതീഭായിയും തുടർന്ന് ഉത്രം തിരുനാൾ മഹാരാജാവും സവർണ്ണരുടേതിൽ നിന്നു വ്യത്യസ്തമായ കുപ്പായം ധരിക്കാൻ അനുവാദം നൽകുന്നതുവരെ ഈ സമരം തുടർന്നു. സവർണ്ണ സ്ത്രീകൾക്കിടയിലും സമാനമായ സമരങ്ങൾ നടന്നിരുന്നു. നമ്പൂതിരി സ്ത്രീകളുടെ ഘോഷാബഹിഷ്ക്കരണവും ഇത്തര ത്തിലൊന്നാണ്. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ വീട്ടിലിരുത്തി

വിദ്യാഭ്യാസം ചെയ്യിച്ചിരുന്ന ചില സ്ത്രീകൾ മുഖ്യധാരാ സമൂഹത്തിലേ ക്കിറങ്ങി വന്നതോടെ സ്ത്രീസ്വാതന്ത്ര്യ പ്രവർത്തനങ്ങൾ ഊർജ്ജിതമായി. അഭ്യസ്തവിദ്യരായ സ്ത്രീകൾ പത്രമാസികകളിലൂടെ സ്ത്രീസ്വാതന്ത്ര്യത്തെ ക്കുറിച്ച് ചർച്ച ചെയ്യാനും പുരോഗമനാശയങ്ങൾ എല്ലാവരിലുമെത്തിക്കാനും ശ്രമിച്ചു. സ്ത്രീകൾക്ക് വേണ്ടിയുള്ള ആദ്യ പ്രസിദ്ധീകരണമായ 'കേരളീയ സുഗുണബോധിനി' 1866 ൽ പ്രസിദ്ധീകൃതമായി.[25] പിന്നീട് വനിതകൾ ക്കായുള്ള പ്രസിദ്ധീകരണങ്ങളും മഹിളാസമാജം പോലുള്ള സംഘടനകളും സ്ത്രീകളുടെ കൂട്ടായ്മയ്ക്കും പ്രശ്നപരിഹാരത്തിനും മുന്നിട്ടിറങ്ങി.

സാമൂഹികമായ ഇത്തരം ചലനങ്ങൾക്കു സമാന്തരമായി സാഹിത്യം സ്ത്രീവിമോചന പ്രവർത്തനങ്ങൾക്ക് അതിന്റേതായ വഴികളിലൂടെ ശ്രമിച്ചുകൊ ിരുന്നു. സ്ത്രീ എഴുത്തുകാരും സ്ത്രീപക്ഷ എഴുത്തുകാരും തന്റേടികളായ സ്ത്രീ കഥാപാത്രങ്ങളും അവരവരുടേതായ രീതിയിൽ സമൂഹത്തെ ബോധവത്ക്കരിച്ചുകൊണ്ടിരിക്കുന്നുണ്ട്. മലയാളത്തിൽ സ്ത്രീ എഴുത്തുകാരുടെ എണ്ണവും അവർ സമൂഹത്തിൽ സൃഷ്ടിച്ച ചലനങ്ങളും എടുത്തുനോക്കിയാൽ മാത്രം മതി കേരളത്തിലെ സ്ത്രീ വിമോചന പ്രസ്ഥാന ത്തിന്റെ വളർച്ചയും ശക്തിയും അറിയാൻ. സരസ്വതിയമ്മയിൽ തുടങ്ങി കെ.ആർ. മീര വരെ എത്തിനിൽക്കുന്നു അതിന്റെ വളർച്ച. ഇനിയും പുതിയ എഴുത്തുകാർ പുത്തൻപുതിയ ആശയങ്ങളുമായി ഈ രംഗത്തേക്ക് വന്നുകൊ ണ്ടിരിക്കുന്നു. ഏറ്റവും ഇങ്ങേയറ്റത്ത് പെണ്ണും പ്രകൃതിയും ഒരുപോലെ പുരുഷാധിപത്യത്തിന്റെയും കുത്തകമുതലാളിത്തത്തിന്റെയും ചൂഷണത്തിന് ഇരയാവുന്നു എന്ന തിരിച്ചറിവിൽ നിന്നു രൂപപ്പെട്ട പാരിസ്ഥിതിക സ്ത്രീവാദ ചിന്തകളും സമൂഹത്തിലും സാഹിത്യത്തിലും അതിന്റേതായ പ്രവർത്തനങ്ങൾ നടത്തുന്നു. സാറാ ജോസഫ്, സുഗതകുമാരി, അംബികാസുതൻ മങ്ങാട്, സേതു തുടങ്ങി നിരവധി എഴുത്തുകാർ ഈ ആശയധാരയുമായി മുന്നോട്ടു വരുന്നുണ്ട്.

സ്ത്രീവാദ ചിന്തകളുടെ ചരിത്രവും പ്രസക്തിയും വിശകലനം ചെയ്യുന്ന ഈ അധ്യായത്തിൽ പറഞ്ഞുവെക്കുന്നത് സ്ത്രീപ്രശ്നങ്ങൾക്ക്

കാലഭേദവും ദേശഭേദവുമുള്ളതുകൊണ്ട് അതിന്റെ സൈദ്ധാന്തികതലത്തിലും ആ വൈവിധ്യം ദൃശ്യമാകുന്നു എന്നാണ്. പൗരാണിക കാലം മുതൽ ഇന്നുവരെ, വൈദിക കാലം മുതൽ ആധുനിക സാങ്കേതികവിദ്യയുടെ കാലം വരെ, സമൂഹം സ്ത്രീയെ ചൂഷണം ചെയ്യാൻ കാലാനുസൃതമായ മാധ്യമങ്ങൾ കണ്ടുവയ്ക്കുന്നു. സ്ത്രീ സംഘടിക്കാതിരുന്നതും വിദ്യാഭ്യാസവും സാമ്പത്തിക സുരക്ഷിതത്വവും നേടാതിരുന്നതും ഒരു കാലഘട്ടം വരെ സ്ത്രീയെ പ്രതികരണശേഷിയില്ലാത്തവളാക്കി. വിദ്യാഭ്യാസം പ്രബുദ്ധരാക്കിയ ഒരു കൂട്ടം സ്ത്രീകളുടെ പരിശ്രമഫലമായാണ് പാശ്ചാത്യ പൗരസ്ത്യഭേദമെന്യേ സ്ത്രീ സ്വാതന്ത്ര്യവാദം രൂപപ്പെട്ടുവന്നത്. ഇന്ത്യയെപ്പോലെ സാംസ്കാരിക വൈവിധ്യം നിലനിൽക്കുന്ന പ്രദേശത്ത് സ്ത്രീ പ്രശ്നങ്ങൾക്ക് സാധൂകരണം കണ്ടെത്താൻ വ്യത്യസ്ത സിദ്ധാന്തങ്ങൾ തന്നെ ആവശ്യമായി വരുന്നു. ശ്രദ്ധിക്കേണ്ട മറ്റൊരു വസ്തുത സ്ത്രീസ്വാതന്ത്ര്യ കാംക്ഷികളായ ഒരു കൂട്ടം പുരുഷന്മാരുടെ പിന്തുണ ഇതിനുണ്ടായി എന്നതാണ്. സ്ത്രീയ്ക്കെതിരെയുള്ള ചൂഷണശ്രമങ്ങളും അതിനെ പ്രതിരോധിക്കാനുള്ള പുതിയ തന്ത്രങ്ങളും ഇപ്പോഴും ഉ ായിക്കൊണ്ടിരിക്കുന്നു. അതൊരു നിരന്തര പ്രക്രിയയാണിന്നും.

**സൂചകങ്ങൾ:**

1. എം. ലീലാവതി, അവതാരിക - സ്ത്രീകാലഘട്ടങ്ങളിൽ, പുറം 59.

2. ഋഗ്വേദം മഹാഭാഷ്യം, Vo. 2, പുറം 425-26.

3. ഛാന്ദോഗ്യോപനിഷത്ത് 4-ാം ഖണ്ഡം, ശ്ലോകം 1-5, പുറം 287-92.

4. പതിനാറു വയസ്സു പൂർത്തിയായ സുന്ദരിയായ ഒരു സ്ത്രീയുമായി താന്ത്രികവിധി നിഷ്കർഷിക്കുന്ന വിധത്തിലുള്ള ശരീരപൂജയാണിത്. അശ്ലീലവിഗ്രഹ ദർശനം കൊ ും ദേവദാസികളുടെ നർത്തന നിരീക്ഷണം കൊ ും മനസ്സിളകാത്ത സ്ഥിര ചിത്തന്മാർ ഏർപ്പെടുന്ന ഈ പൂജ തിബത്തിലെ ലാമമാരുടെ ഒഴിവാക്കാനാവാത്ത അനുഷ്ഠാനമാണ്.

5. ചാണക്യദർശനം - (വ്യാഖ്യാ) എം.പി. നീലകണ്ഠൻ നമ്പൂതിരി, 2005, പുറം 30, 79, 116.

6. മനുസ്മൃതി, വിവർത്തനം സിദ്ധിനാഥാനന്ദസ്വാമി, അധ്യായം 3, പുറം 103-104.

7. മാർക്കണ്ഡേയപുരാണം, വിവ: വള്ളത്തോൾ ശ്ലോകം 24, പുറം 35.

8. പ്രാചീന മനുഷ്യസമൂഹം വാല്യം 9, വില്യം ഹെന്റി മോർഗൻ, പുറം 835.

9. പ്രാചീന മനുഷ്യസമൂഹം, പുറം 840.

10. എംഗൽസ്, കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം, ഇവയുടെ ആവിർഭാവം, പുറം 132.

11. സിഗ്മണ്ട് ഫ്രോയ്ഡ്, സൈക്കോ അനാലിസിസത്തിന്റെ ചരിത്രം.

12. കെ. രാഘവൻപിള്ള, സാർത്രിന്റെ അസ്തിത്വദർശനം.

13. സ്ത്രീവിമോചനം - ചരിത്രം, സിദ്ധാന്തം, പ്രയോഗം, പുറം 42-43.

14. Virginia Woolf – A Room of One's Own, 1929. https://ebooks.adelaide.edu.an>woolf.

15. ഫെമിനിസം - സിദ്ധാന്തവും പ്രയോഗവും, എഡി. ഡോ. ജാൻസി ജെയിംസ്, 2000, 4.

16. Simon de Beavour, The Second Sex, 1949.

17. Betty Friedan, The Feminine Mystique, 1963, www.amazon.com.

18. Kate Millet, Sexual Politics, 1970.

19. Kate Millet, Politics of Cruelty, 1994.

20. Elain Showalter, A Literature of their own, 1977, പുറം 4, 5.

21. Sigmund Freud, New Introductory Lectures on Psycho Analysis, Tras & edited by James Strachey, പുറം 174.

22. Poonam Srivastava, Garden Eve, Feminist Literary Theory and Sigmund Freud, 2004, പുറം 1.

23. Donna Landry & Gerald Maclear, The Spivak Reader, 1996, പുറം 53.

24. മാറു മറയ്ക്കാൻ മേൽമുണ്ടു ധരിച്ച നങ്ങേലിയിൽ നിന്ന് മുലക്കാണം ചുമത്താൻ വന്ന ഭൂപ്രഭുവിനു മുന്നിൽ മുലയറുത്തു വച്ച് വീരമൃത്യു വരിച്ച അധ:കൃതസ്ത്രീയാണ് നങ്ങേലി.

25. ഡോ. സി.പി. ലീല, 'സാഹിത്യത്തിലെ ഫെമിനിസ്റ്റ് ചിന്തകൾ', ഫെമിനിസം, എഡി. ഡോ. ജാൻസി ജെയിംസ്, 2000, പുറം 165.

Anithakumari. A. “Tamil Brahmin Women Representation in Malayalam Novel” Thesis. Department of Malayalam of Sree Kerala Varma College, University of Calicut, 2015.

# അദ്ധ്യായം – 3

# നോവൽ പരിചയം

തമിഴ് ബ്രാഹ്മണസമൂഹം കേരളത്തിന്റെ സാമൂഹ്യാന്തരീക്ഷത്തിലേക്കും സാംസ്കാരികരംഗത്തേക്കും പ്രവേശിച്ച സാഹചര്യങ്ങൾ ഒന്നാമദ്ധ്യായത്തിൽ വിലയിരുത്തുകയുണ്ടായി. സ്വകാര്യമായ ഒരു സമൂഹവ്യവസ്ഥ സൃഷ്ടിച്ച് ജീവിതം നയിക്കാൻ ശ്രദ്ധിച്ച അവർ കേരളീയമായ കലർപ്പ് അവരുടെ സംസ്കാരത്തിൽ വരാതെ കാത്തെങ്കിലും കേരളത്തിന്റെ സാംസ്കാരിക ചുറ്റുപാടിൽ തമിഴ്ബ്രാഹ്മണ കുടിയേറ്റം കാര്യമായ മാറ്റങ്ങൾ വരുത്തി. ഭക്ഷണം, വസ്ത്രം, ആചാരം എന്നിവയിലെല്ലാം ഈ കലർപ്പ് പ്രകടമായി രുന്നു. കൂടാതെ ഭരണരംഗത്തും സാംസ്കാരികരംഗത്തും ഇവരുടെ ഇടപെട ലുകളുണ്ടായി. തന്നിമിത്തം സമൂഹത്തിന്റെ പ്രതിച്ഛായയായ സാഹിത്യത്തിലും തമിഴ്ബ്രാഹ്മണസ്വാധീനം പ്രകടമായി. തമിഴ്ബ്രാഹ്മണ സമൂഹത്തിന്റെ പ്രശ്നങ്ങളും അവരുടെ ഇടങ്ങളും ഇടപെടലുകളും സാഹിത്യത്തിനു വിഷയമായി. അവർക്കിടയിൽ നിന്നുതന്നെ നല്ല സാഹിത്യകാരന്മാർ ഭാഷയ്ക്കു ായി. ചെറുകഥയുടെയും നോവലിന്റെയും രംഗത്താണ് ഇവരുടെ പ്രഭാവം കാര്യമായുണ്ടായത്. തമിഴ്ബ്രാഹ്മണ എഴുത്തുകാരെ കൂടാതെ പൊതുസമൂഹത്തിൽ നിന്നുള്ളവരും തമിഴ്ബ്രാഹ്മണ ജീവിതം പശ്ചാത്തല മാക്കി സാഹിത്യകൃതികൾ രചിച്ചു. മിക്ക കൃതികളിലും അവരുടെ പുരുഷാധി പത്യമനോഭാവവും സ്ത്രീകളുടെ നരകജീവിതവും പ്രമേയമായി. ഇത്തരത്തിൽ തമിഴ്ബ്രാഹ്മണ സ്ത്രീ പുരുഷാധിപത്യലോകത്ത് എപ്രകാരം പ്രതിനിധാനം ചെയ്യപ്പെടുന്നു എന്ന അന്വേഷണമാണ് ഈ പ്രബന്ധത്തിൽ നടത്തുന്നത്.

സ്ത്രീപ്രശ്നങ്ങൾ ചർച്ച ചെയ്യാൻ സ്ത്രീവാദ സൈദ്ധാന്തികരുടെ നിലപാടുകൾ ഒരനിവാര്യതയായതുകൊണ്ട് രണ്ടാമദ്ധ്യായത്തിൽ വിലയിരു ത്തുന്നത് സ്ത്രീവാദ ചിന്തകരുടെ നിലപാടുകളും ചരിത്രാതീത കാലം മുതൽ

ഇന്നുവരെയുള്ള സ്ത്രീയുടെ നിലയുമാണ്. ഈ അദ്ധ്യായത്തിൽ പഠനാർത്ഥം തിരഞ്ഞെടുത്ത നോവലുകളെ പരിചയപ്പെടുത്തുന്നതോടൊപ്പം തെരഞ്ഞെടുക്കപ്പെട്ട കഥാപാത്രങ്ങൾക്ക് മറ്റു കഥാപാത്രങ്ങളുമായുള്ള ബന്ധവും നോവലിൽ അവരുടെ ഇടവും ചർച്ച ചെയ്യുന്നു. മലയാള നോവൽ സാഹിത്യത്തിൽ വിരലിലെണ്ണാവുന്ന കൃതികൾ മാത്രമാണ് തമിഴ്ബ്രാഹ്മണ സമൂഹത്തെ പ്രതിനിധാനം ചെയ്യുന്നത്. അവയിൽത്തന്നെ സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നവ തുലോം കുറവുമാണ്. സ്ത്രീകൾ കേന്ദ്രകഥാപാത്രമായി വരാത്ത നോവലുകളും ഇവിടെ പഠനത്തിനായി സ്വീകരിക്കുന്നുണ്ട്. അത് അവർക്ക് നോവലിൽ നൽകിയിട്ടുള്ള സ്ഥാനവും നിലപാടുകളും നോക്കിയാണ്. കൂടാതെ തമിഴ്ബ്രാഹ്മണ സമൂഹം പ്രധാന പ്രമേയമല്ലാത്ത കൃതികളെയും സ്വീകരിച്ചിട്ടുണ്ട്. അത് തമിഴ് ബ്രാഹ്മണ സ്ത്രീ കഥാപാത്രങ്ങൾ നോവലിന്റെ ഗതിയെ നിയന്ത്രിക്കുകയും നിർണ്ണയിക്കുകയും ചെയ്യുന്നതുകൊണ്ടാണ്. ഇത്രയും കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് സ്ത്രീകഥാപാത്രങ്ങളെ വ്യത്യസ്ത സ്വഭാവത്തിനനുസരിച്ച് വേർതിരിച്ച് അത്യാവശ്യകഥാപാത്രങ്ങളെ മാത്രമേ പ്രബന്ധത്തിൽ വിശകലനവിധേയമാക്കിയിട്ടുള്ളു. ഒരേ സ്വഭാവം വച്ചുപുലർത്തുന്ന കഥാപാത്രങ്ങളെയും സ്ത്രീ പ്രശ്ന പരിസരങ്ങളില്ലാത്ത നോവലുകളെയും ഒഴിവാക്കി ശ്രദ്ധേയമായ അഞ്ചു നോവലുകൾ മാത്രമാണ് പഠനാർത്ഥം തിരഞ്ഞെടുത്തിട്ടുള്ളത്. പ്രത്യേക എഴുത്തുകാരന്റെ രചനകൾ എന്ന മാനദണ്ഡം ഇവിടെ ഉപയോഗിക്കുന്നില്ല. എൺപതുകൾക്കു മുമ്പ്, ശേഷം എന്ന കാലപരിധി വച്ചാണ് അദ്ധ്യായവിഭജനം നടത്തിയിട്ടുള്ളത്. ഈ കാലപരിധിയിൽ ഇത്ര നോവലുകളേ തമിഴ് ബ്രാഹ്മണ സ്ത്രീ പ്രശ്നങ്ങളിലേക്ക് എത്തിനോക്കുന്നതായുള്ളു. അപ്രകാരം തിരഞ്ഞെടുത്ത മലയാറ്റൂരിന്റെ 'വേരുകൾ', 'നെട്ടൂർമഠം', സാറാതോമസിന്റെ 'നാർമടിപ്പുടവ', ഒ.വി. വിജയന്റെ 'തലമുറകൾ', സേതുവിന്റെ 'കിളിമൊഴികൾക്കപ്പുറം' എന്നീ നോവലുകളാണ് വിശകലനവിധേയമാക്കുന്നത്.

### 3.1 വേരുകൾ:

പാലക്കാട് ജില്ലയിലെ കൽപാത്തി അഗ്രഹാരത്തിൽ ജനിച്ച മലയാറ്റൂർ രാമകൃഷ്ണൻ 1958 മുതൽ ഐ.എ.എസ്. ഉദ്യോഗസ്ഥനായി വിവിധ വകുപ്പുകളിൽ ജോലി നോക്കിയിരുന്നു. ഭരണതന്ത്രം പ്രമേയമാക്കിയും താൻ ജനിച്ച തമിഴ് ബ്രാഹ്മണ സാമൂഹ്യവ്യവസ്ഥ പ്രമേയമാക്കിയും നിരവധി സാഹിത്യകൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ആത്മാംശപ്രധാനമായ 'വേരുകൾ' 1967-ൽ കേരളസാഹിത്യ അക്കാദമി അവാർഡ് നേടി. സാമുദായിക വ്യവസ്ഥയുമായി ബന്ധപ്പെട്ടെഴുതിയ മറ്റൊരു നോവലാണ് 'നെട്ടൂർമഠം', വേഴാമ്പൽ, ദ്വന്ദ്വയുദ്ധം, യന്ത്രം, പൊന്നി, യക്ഷി, തുടക്കം ഒടുക്കം, അമൃതം തേടി, ആറാം വിരൽ തുടങ്ങിയവയാണ് മലയാറ്റൂരിന്റെ പ്രധാന കൃതികൾ. ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ ജീവിതം പ്രമേയമാക്കി രചിച്ച 'യന്ത്രം' ഒരു ബൃഹദ്നോവലാണ്. യാഥാർത്ഥ്യബോധമാണ് മലയാറ്റൂരിന്റെ കൃതികളുടെ സവിശേഷത. സാമൂഹികവും രാഷ്ട്രീയവുമായ കാലികപ്രശ്നങ്ങൾ ആവിഷ്ക്കരിച്ച് ശ്രദ്ധേയനായ മലയാറ്റൂരിന്റെ തമിഴ്ബ്രാഹ്മണ സമുദായ വ്യവസ്ഥ ചിത്രീകരിക്കുന്ന രണ്ടു നോവലുകളാണ് ഇവിടെ പഠനാർത്ഥം തിരഞ്ഞെടുത്തിട്ടുള്ളത്.

രഘു എന്ന ഐ.എ.എസ്. ഉദ്യോഗസ്ഥനെ കേന്ദ്രകഥാപാത്രമാക്കി മലയാറ്റൂർ രാമകൃഷ്ണൻ 1966 ൽ രചിച്ച നോവലാണ് 'വേരുകൾ'. തമിഴ്ബ്രാഹ്മണരുടെ സമുദായപശ്ചാത്തലത്തിൽ ഉരുവം കൊണ്ട നോവൽ ബന്ധങ്ങളുടെ ആഴത്തിലോടിയ വേരുകളെ തിരിച്ചറിയുന്ന വ്യക്തിയുടെ ആത്മവ്യഥയെ ആവഹിക്കുന്നു. നഗരത്തിന്റെയും ഗ്രാമത്തിന്റെയും പശ്ചാത്തലത്തിൽ ചിത്രീകരിക്കപ്പെട്ട കഥാപാത്രങ്ങൾ എങ്ങനെ തദ്ദേശത്തിന്റെ സ്വഭാവത്തെ പ്രതിനിധാനം ചെയ്യുന്നു എന്ന എഴുത്തുകാരന്റെ അന്വേഷണം ഇവിടെ ശ്രദ്ധേയമാണ്. ബന്ധങ്ങളും സ്മരണകളും അമൂല്യമെന്നു കരുതുന്ന അമ്മ, സഹോദരിമാർ എന്നിവർ ഒരു വശത്തും നഗരജീവിതം ഇഷ്ടപ്പെടുന്ന ഭാര്യ ഗീത മറുവശത്തും നിന്ന് വടംവലി നടത്തുന്ന രഘുവിന്റെ മനസ്സിലെ വേലിയേറ്റങ്ങളാണ് നോവലിന്റെ മുഖ്യപ്രമേയം.

പന്ത്രണ്ട് അദ്ധ്യായങ്ങളുള്ള ഒരു ചെറുനോവലാണ് 'വേരുകൾ'. യാഥാർത്ഥ്യബോധത്തോടെ കഥ പറയാനുള്ള മലയാറ്റൂരിന്റെ പാടവം ആത്മസ്പർശമുള്ള വേരുകളിൽ തെളിഞ്ഞുകാണാം. കഥാപാത്രങ്ങളുടെ ബാഹ്യാഭ്യന്തര ചലനങ്ങൾ സൂക്ഷ്മമായി ആവിഷ്ക്കരിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരിക്കുന്നു. മദ്രാസിലെ നാഗരിക ജീവിതവും അവിടെത്തന്നെ വീടുവച്ചു താമസിക്കാനുള്ള തീരുമാനവുമായി നാട്ടിലേക്ക് പുറപ്പെടുന്ന രഘുവും പ്രത്യക്ഷപ്പെടുന്ന ആദ്യ അദ്ധ്യായവും നാട്ടിൽ വീടുവച്ചു താമസിക്കാൻ തീരുമാനമെടുത്തു മടങ്ങുന്ന രഘു പ്രത്യക്ഷപ്പെടുന്ന പന്ത്ര ൦ം അദ്ധ്യായവും തികച്ചും വിരുദ്ധമായ നിലപാടുകളിലാണ് നിൽക്കുന്നത്. ഇതിനിടയിൽ നടക്കുന്ന സ്മരണകളും ആത്മസംഘർഷങ്ങളും തർക്കവിതർക്കങ്ങളും നോവലിന്റെ ഗതിയെ നിയന്ത്രിക്കുന്നു. മദ്രാസിൽ നിന്നും മലയാറ്റൂർ വരെയുള്ള യാത്ര ഐ.എ.എസ്. ഉദ്യോഗപദവിയിൽ നിന്നും ബാല്യത്തിലേക്കുള്ള പിന്തിരിഞ്ഞു നോട്ടമാക്കി മാറ്റുകയാണ് രഘു ചെയ്യുന്നത്. നോവലിന്റെ ആദ്യ അദ്ധ്യായം വരുങ്കാലകഥകൾക്ക് പശ്ചാത്തലമൊരുക്കത്തക്കവിധം സൂചനകൾ കൊണ്ട് നിബന്ധിച്ചിരിക്കുന്നു. അമ്മുലു, ലക്ഷ്മി, ഗീത, രഘു, രഘുവിന്റെ അമ്മ എന്നീ കഥാപാത്രങ്ങളുടെയൊക്കെ സ്വഭാവത്തിന്റെ ഒരേകദേശ ചിത്രം ഒന്നാമധ്യായത്തിൽ നിന്നു തന്നെ നമുക്കു ലഭിക്കുന്നു. ഗീതയുടെ സമ്പന്നനായ അച്ഛൻ രഘുവിന്റെ ഐ.എ.എസ്. പദവി കണ്ടതു കൊണ്ടു മാത്രം മകളെ വിവാഹം കഴിച്ചു കൊടുത്തതാണ്. ഒരു യാഥാസ്ഥിതിക തമിഴ് ബ്രാഹ്മണനായ രഘുവിന് ഗീതയെ ഒരു തമിഴ് ബ്രാഹ്മണപ്പെണ്ണായി മാത്രമേ കാണാൻ കഴിയുന്നുള്ളു. അതിന്റെ പരിമിതവൃത്തത്തിൽ നിന്നുകൊണ്ടാണ് അയാൾ അവളെ വിലയിരുത്തുന്നത്. ദാമ്പത്യജീവിതം ഒത്തുതീർപ്പുകളിലൂടെ മാത്രമേ മുന്നോട്ടു പോകൂ എന്നതുകൊണ്ടു മാത്രം അയാൾ വിട്ടുവീഴ്ചകൾക്ക് തയ്യാറാകുന്നു. അങ്ങിനെയാണ് നാട്ടിലെ വസ്തു വിൽക്കാനുള്ള താൽപര്യവുമായി അയാൾ നാട്ടിലേക്കു തിരിക്കുന്നത്.

നോവലിന്റെ തുടർന്നു വരുന്ന അധ്യായങ്ങൾ രഘുവിന്റെ സ്മരണകളിലൂടെയാണ് മുന്നോട്ടു പോകുന്നത്. കേരളത്തെ ഇഷ്ടപ്പെടാത്ത, ഇവിടത്തെ സംസ്കാരത്തെക്കുറിച്ചറിയാത്ത ഗീതയും മക്കളും തന്റെ നാടിനെ അടുത്തറിയണമെന്ന് രഘു ആശിച്ചിരുന്നു. വസ്തുക്കളല്ല വലുത് വീട്ടിലെ മന:സമാധാനമാണെന്നു മനസ്സിനെ പറഞ്ഞു പഠിപ്പിച്ച് ആ സാഹചര്യത്തോടു പൊരുത്തപ്പെടുന്നു. നാട്ടിലെത്തിയ രഘു ആദ്യം കണ്ട പെരിയപ്പ തന്നെ ഭൂമി വിൽക്കുന്നതിനെ എതിർക്കുന്നു. 'പഴയ തലമുറക്കാർ നേടിയ ഭൂമിയാണ്, വളരെ ആലോചിച്ചുവേണം' എന്നായിരുന്നു പെരിയപ്പയുടെ ഉപദേശം. അമ്മുലുവിനെയും മണിയനത്തിമ്പേറെയും ചെന്നു കണ്ടപ്പോൾ അവരും അതേ അഭിപ്രായം പ്രകടിപ്പിച്ചു. രഘുവിന്റെ വീട്ടിലാണ് സഹോദരി ലക്ഷ്മിയും ഭർത്താവ് അമ്മാഞ്ചിയും താമസിക്കുന്നത്. വീടു വിറ്റു കഴിഞ്ഞാൽ അവർക്കു താമസിക്കാൻ ഇടമില്ലാതാകും. പറമ്പു ചുറ്റി നടന്നു കണ്ട രഘുവിന് താൻ നട്ട മാവും തെങ്ങുമെല്ലാം കണ്ടപ്പോൾ എന്തെന്നില്ലാത്ത സന്തോഷം തോന്നി. അച്ഛനെ ദഹിപ്പിക്കാനായി വെട്ടിയ മാവിന്റെ കുറ്റി അയാളുടെ മനസ്സിനെ ആർദ്രമാക്കി. വൈകാരികമായ ഈ തലത്തിനപ്പുറം പ്രവർത്തിക്കുന്ന ഒരു ഉപഭോക്തൃശൃംഖലയെക്കൂടി മലയാറ്റൂർ അവതരിപ്പിക്കുന്നു. ഭൂമി വിൽക്കുമെന്നു കേട്ടുവന്ന, വിലപേശി താഴ്ത്താനും വിലപേശി വാങ്ങാനുമുള്ള ആളുകൾ വ്യക്തികളുടെ വൈകാരികതലങ്ങളെ സ്പർശിക്കുന്നില്ല. സാമ്പത്തികലാഭത്തിലപ്പുറം ആ വീട്ടിലും പറമ്പിലും അവർ മറ്റൊന്നും കാണുന്നില്ല. അതുകൊണ്ടു തന്നെ ഇടിഞ്ഞു പൊളിഞ്ഞു വീഴാറായ വീടിന് അവർ വിലയിടുന്നുമില്ല. തീരുമാനമെടുക്കാനാവാതെ സംഘർഷമനുഭവിക്കുന്ന രഘുവിനെയാണ് നോവലിലുടനീളം നാം കാണുന്നത്.

### 3.1.1 സ്മരണകൾ:

നല്ലതും ചീത്തയുമായ നിരവധി സ്മരണകൾ നാടുമായി ബന്ധപ്പെട്ട് രഘുവിന്റെ മനസ്സിലുണ്ട്. ഓരോ കാഴ്ചയും ഓരോ വ്യക്തിയും രഘുവിൽ ഈ സ്മരണകളെ ഉണർത്തിവിടുന്നു. അന്ന് അനുഭവിച്ച അതേ ദു:ഖവും സന്തോഷവും അമർഷവും എല്ലാം അതേ അളവിൽ അയാൾ വീണ്ടും അനുഭവിക്കുന്നു. തന്റെ കുട്ടിക്കാലത്തുണ്ടായിരുന്ന കൂട്ടുകാർ, അവരോടൊപ്പ മുള്ള കുസൃതികൾ, ഗുരുനാഥന്മാർ, കൃഷ്ണമൂർത്തി എന്ന കൂട്ടുകാരൻ പെൻസിൽ മോഷ്ടിച്ചതിന്റെ പേരിൽ ഡാക്കുവായത്, രാമസുബ്ബയ്യർ എന്ന അധ്യാപകൻ 'സെൻട്രൽ ട്രാവൻകൂർ ട്രിക്സ്' കാണിക്കുന്ന ഒരു വില്ലനായി തന്നെ ചിത്രീകരിച്ചത് എല്ലാം ഒരു നിമിഷം കൊണ്ട് രഘുവിന്റെ മനസ്സിലൂടെ മിന്നിമറയുന്നു. പാതയോരത്ത് പോസ്റ്റോഫീസ് കണ്ടപ്പോൾ അവിടത്തെ പോസ്റ്റുമാസ്റ്ററായ ധർമ്മൻ വാദ്ധ്യാർ ഭീമഭഗദത്തയുദ്ധം വർണിച്ചുകേൾപ്പിച്ച തോർത്ത് രഘു പൊട്ടിച്ചിരിച്ചു. കോളേജിൽ പഠിക്കുമ്പോൾ മീശ മുളപ്പിക്കാൻ കരടിനെയ്യ് ഉപയോഗിച്ച കഥ അമ്മാഞ്ചി ഓർമ്മിപ്പിച്ചപ്പോൾ അമ്മാഞ്ചി കുടുമ്മയെടുത്ത കഥ ഓർത്ത് രഘുവും അമ്മാഞ്ചിയും ചേർന്ന് സന്തോഷം പങ്കുവച്ചു. നല്ല ഓർമ്മകൾ മനസ്സിലെപ്പോഴും അടുക്കും ചിട്ടയുമായി കിടപ്പുണ്ടാവും. ഐ.എ.എസ്. പദവിയിലെത്തിയതിന് രഘുവിന് കടപ്പാട് അമ്മുലുവിനോടു മാത്രമാണ്. അവൾ കടം വാങ്ങി പണമയച്ചു കൊടുത്താണ് രഘുവിനെ പഠിപ്പിച്ചത്. അതിനിടയിലും ക്ലാസ്സ് കളഞ്ഞ് നാടുവിട്ടു പോകാനും മദ്യപിക്കാനും താൻ ശ്രമിച്ചല്ലോ എന്ന് രഘു കുറ്റബോധത്തോടെ ഓർത്തു.

രഘുവിന്റെ മനസ്സിൽ വേദനയാണോ ഈർഷ്യയാണോ എന്നറിയാത്ത ഒരു വികാരമാണ് അമ്മുലുവിന്റെ ചെറുപ്പകാലത്തെക്കുറിച്ചുള്ള ഓർമ്മകൾ. എട്ടു വയസ്സിൽ പാട്ടാവിന്റെ വീട്ടിൽ താമസത്തിനു വിട്ട അന്നുമുതൽ ഇന്നുവരെ അവൾ കഴിയുന്നത് അതേ വീട്ടിലാണ്. അവളെ പഠിപ്പിക്കാതെ, ബാല്യത്തിലെ സുഖങ്ങളൊന്നും അനുഭവിക്കാൻ സമ്മതിക്കാതെ ജോലിക്കാ രിയെപ്പോലെ പാർക്കാൻ വിട്ടതിൽ അച്ഛനോടും അമ്മയോടും രഘുവിന് അമർഷം തോന്നിയിരുന്നു. അമ്മ ആ പക്ഷഭേദം തുടരുകയാണെന്ന സത്യം

രഘുവിനെ തെല്ലൊന്നുമല്ല അലട്ടിയത്. ലക്ഷ്മിയോട് അമിതവാത്സല്യം കാണിക്കുന്നതും ലക്ഷ്മിക്കായി എന്തും കൂടുതൽ പങ്ക് കരുതിവയ്ക്കുന്നതും അമ്മുലുവും അറിയുന്നുണ്ട്. അമ്മയുടെ മക്കളുടെ കൂട്ടത്തിൽ തന്നെ കൂട്ടേണ്ടെന്ന് അവർ രഘുവിനോട് ഒരു വേള പറയുന്നുമുണ്ട്. അമ്മുലുവിന് ഒരു പെൺകുഞ്ഞുണ്ടായ കഥ രഘു അപ്പോൾ ഓർത്തു. ചെല്ലക്കുട്ടി എന്നു വിളിക്കുന്ന ആ കുഞ്ഞ് പക്ഷിപീഡവന്നു മരിച്ചു. അതുപോലെ ലക്ഷ്മിക്കു ായ ആൺകുഞ്ഞും മരിച്ചുപോയി. പേപ്പട്ടി കടിച്ച് പേയിളകി മരിച്ച ആ കുട്ടിയുടെ ഓർമ്മ രഘുവിനെ ഇപ്പോഴും നടുക്കുന്നുണ്ട്.

മനസ്സിനോടു ചേർന്നു നിൽക്കുന്ന ഈ ഓർമ്മകൾക്കൊപ്പം രഘു ചിന്തിച്ചത് തന്റെ ഭാര്യയും മക്കളും ഈ നാടിനെ അടുത്തറിയുന്നില്ലല്ലോ എന്നതാണ്. എന്നെങ്കിലും നാട്ടിൽ വരുമ്പോൾ നെൽച്ചെടി കണ്ടാൽ മക്കൾ 'അരിശിച്ചെടിയാ....' എന്നു ചോദിക്കുന്നു. നാട്ടിൽ പരിഷ്ക്കാരമുള്ള ആളുകളില്ല, ഇലക്ട്രിസിറ്റിയില്ല, കാടന്മാരെപ്പോലെ പറമ്പിലിരുന്നു വിസർജ്ജനം ചെയ്യുന്നവരാണ് എന്ന് ഗീത പരാതി പറയുന്നു. പരിഷ്ക്കാരം വന്നെത്താത്തതു കൊണ്ട് നാട്ടിൽ നിലനിൽക്കുന്ന സംസ്കാരത്തിലേക്കും ബന്ധങ്ങളുടെ ഇഴയടുപ്പത്തിലേക്കും രഘുവിന്റെ ശ്രദ്ധ ചെന്നെത്തുന്നു. പട്ടണ പരിഷ്ക്കാരത്തിലെ നാലായിരത്തഞ്ഞൂറു സ്ക്വയർഫീറ്റ് വീടിനേക്കാൾ തനിക്കാവശ്യം ഗ്രാമത്തിന്റെ പശ്ചാത്തലത്തിൽ ഒരു കുഞ്ഞു വീടാണെന്നും ഇനി അഥവാ നാടിനു പരിഷ്ക്കാരം വേണമെന്നുണ്ടെങ്കിൽ അതു താൻ നേടിക്കൊടുക്കും എന്നും രഘു ദൃഢനിശ്ചയം ചെയ്യുന്നിടത്താണ് നോവൽ അവസാനിക്കുന്നത്.

### 3.1.2 സ്ത്രീകഥാപാത്രങ്ങൾ:

ഈ നോവലിൽ നിരവധി സ്ത്രീ കഥാപാത്രങ്ങൾ കടന്നുവരുന്നുണ്ടെങ്കിലും എല്ലാവരും രഘുവിന്റെ ഓർമ്മച്ചിത്രങ്ങളിലെ ചില ഏടുകൾ മാത്രമാണ്. രഘുവിന്റെ അമ്മ, സഹോദരിമാരായ അമ്മുലു, ലക്ഷ്മി, സരസ്വതി, ഭാര്യ ഗീത എന്നിവരാണ് പ്രധാന സ്ത്രീകഥാപാത്രങ്ങൾ.

അമ്മുലു, ഗീത എന്നീ ര ു കഥാപാത്രങ്ങളെ മാത്രമാണ് പഠനാർത്ഥം തിരഞ്ഞെടുക്കുന്നത്. സാമുദായിക വ്യവസ്ഥകൾക്ക് വിധേയമായി ജീവിച്ച് പ്രതിസന്ധികളോടു മല്ലടിച്ചു മനസ്സുറപ്പു നേടുകയും അതുവഴി നല്ലൊരു ജീവിതം കരുപ്പിടിപ്പിക്കുകയും ചെയ്തവളാണ് അമ്മുലു. നാഗരിക സംസ്കൃതിയുടെ ഭാഗമായി വളർന്ന് സമ്പത്തിനോടൊപ്പം എല്ലാ സ്വാതന്ത്ര്യങ്ങളും അനുഭവിച്ച് ജീവിച്ചവളാണ് ഗീത. അമ്മുലുവും ഗീതയും തമ്മിൽ അവിടവിടെ സംഘർഷത്തിലേർപ്പെടുന്നുണ്ട്. ഇത് ഗ്രാമീണതയും നാഗരികതയും തമ്മിലുള്ള, വിധേയത്വവും സ്വാതന്ത്ര്യവും തമ്മിലുള്ള, ദാരിദ്ര്യവും സമ്പന്നതയും തമ്മിലുള്ള സംഘർഷമാണ്. ഗ്രാമീണതയുടെ കാടത്തത്തിൽ നിന്ന് പറിച്ചുനട്ടാലേ അമ്മുലുവിന്റെ വിധേയത്വവും ദാരിദ്ര്യവും മാറി ജീവിതവിജയം നേടൂ എന്ന് ഗീത ചൂണ്ടിക്കാട്ടുന്നു. ഇവർക്കിടയിൽ ആത്മസംഘർഷമനുഭവിക്കുന്ന കഥാപാത്രമായാണ് രഘു കടന്നു വരുന്നത്. രഘുവിന്റെ ചിന്തകളിലൂടെയും ആത്മഗതങ്ങളിലൂടെ യുമാണ് കഥ വികസിക്കുന്നതെങ്കിലും തമിഴ്ബ്രാഹ്മണ സമുദായത്തിനിടയിൽ സ്ത്രീക്കു കൽപിച്ചിരുന്ന സ്ഥാനവും അവരനുഭവിക്കുന്ന പ്രശ്നങ്ങളും ചർച്ച ചെയ്യുന്നുണ്ട്. പരിഷ്കാരം നേടിയ തമിഴ്ബ്രാഹ്മണ സ്ത്രീകളുടെ നിലപാട് ഇവിടെ വ്യക്തമാണ്. ഗ്രാമവാസവും ദാരിദ്ര്യവും രഘുവിന്റെ ചിന്തകൾക്ക് പാത്രമാകുന്നു ്. ശൈശവവിവാഹത്തിന്റെയും അകാലവൈധവ്യത്തിന്റെയും ദുരന്തമുഖത്തിലൂടെ സഞ്ചരിക്കുന്ന സ്ത്രീകളുടെ അവസ്ഥാ ഭേദങ്ങൾ രഘുവിന്റെ കാഴ്ചപ്പാടിലൂടെ അവതരിപ്പിക്കപ്പെടുന്നു. അതുകൊണ്ട് സ്വന്തം വേരുകൾ തേടുന്ന രഘുവിന്റെ കഥയിലൂന്നി ബഹുമാനങ്ങളിലേക്ക് നോട്ടമയക്കുന്ന കൃതിയാണ് 'വേരുകൾ'. തമിഴ്ബ്രാഹ്മണ പുരുഷ പ്രതിനിധി എന്ന നിലപാടാണ് പല അവസരങ്ങളിലും മലയാറ്റൂർ സ്വീകരിച്ചിട്ടുള്ള തെങ്കിലും സാമുദായിക ജീവിതത്തെക്കുറിച്ചുള്ള വിശാലമായ ഒരു കാഴ്ചപ്പാടു വെച്ചു പുലർത്താൻ ശ്രമിക്കുന്ന എഴുത്തുകാരനെയും ഇവിടെ കണ്ടെത്താനാകും.

## 3.2 നാർമടിപ്പുടവ:

തമിഴ് ബ്രാഹ്മണ സമുദായത്തിൽത്തന്നെ തികച്ചും വ്യത്യസ്തമായ സാംസ്കാരിക പശ്ചാത്തലത്തെ ആവഹിക്കുന്ന ഇതിവൃത്തമാണ് സാറാ തോമസ് എന്ന എഴുത്തുകാരിയുടെ 1978 ൽ പുറത്തിറങ്ങിയ 'നാർമടിപ്പുടവ' എന്ന നോവലിലുള്ളത്. തിരുവനന്തപുരം ദൂരദർശന്റെ ഫിലിം സ്കാനിങ്ങ് കമ്മിറ്റിയിൽ അംഗമായിരുന്ന സാറാതോമസ് 1934-ലാണ് ജനിച്ചത്. മനുഷ്യസ്നേഹത്തിന്റെ ശബ്ദം ആവുന്നത്ര ഉറക്കെ കേൾപ്പിക്കാൻ ശ്രമിക്കുന്നവയാണ് സാറാ തോമസിന്റെ കൃതികൾ. 'നാർമടിപ്പുടവ' കൂടാതെ ദൈവമക്കൾ, കെടാത്ത കൈത്തിരി, പവിഴമുത്ത്, അഗ്നിശുദ്ധി, വലക്കാർ തുടങ്ങിയവയും അവരുടെ ശ്രദ്ധേയമായ കൃതികളാണ്. തമിഴ്ബ്രാഹ്മണ സ്ത്രീജീവിതത്തിന്റെ ദുരിതമുഖം ചിത്രീകരിക്കുന്ന 'നാർമടിപ്പുടവ' 1979-ൽ കേരള സാഹിത്യ അക്കാദമി അവാർഡു നേടി. സാറാ തോമസിന്റെ ആദ്യ നോവലായ 'ജീവിതം എന്ന നദി' 1969-ലാണ് പ്രസിദ്ധീകരിച്ചത്. രാഷ്ട്രീയ-സാമൂഹിക നൈതികതയുടെ ചക്രവാളങ്ങൾ പ്രകടിപ്പിക്കാത്ത, തികച്ചും സാമുദായികമായ 'നാർമടിപ്പുടവ' മലയാളത്തിലെ അന്നത്തെ ശ്രദ്ധേയമായ പ്രസിദ്ധീകരണമായ 'കലാകൗമുദി'യിൽ ഖണ്ഡശ്ശ പ്രസിദ്ധീകരിച്ചുവന്നു. വ്യക്തിയുടെയും വ്യക്തി ഇടപഴകുന്ന സമൂഹത്തിന്റെയും കഥ യാഥാർത്ഥ്യ ബോധത്തോടെ അവതരിപ്പിച്ചതുകൊണ്ടാണ് ഈ കൃതി ശ്രദ്ധേയമാകുന്നത്.

അറുപതുകൾക്കു ശേഷം മലയാള നോവൽ സാഹിത്യത്തിൽ ആധുനി കതയുടെ ചിഹ്നങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരുന്നെങ്കിലും അതിൽ നിന്നു തെന്നിമാറി വ്യക്തിനിഷ്ഠാനുഭവങ്ങളിലൂടെ സാമൂഹിക സാമുദായിക പ്രശ്ന ങ്ങളാവിഷ്ക്കരിക്കാനാണ് സാറാ തോമസ് ഈ നോവലിലൂടെ ശ്രമിച്ചത്. സൈദ്ധാന്തികമായോ നിലപാടുകളുടെ കാര്യത്തിലോ ഒരു ഫെമിനിസ്റ്റല്ല സാറാ തോമസ്. എന്നാൽ സ്ത്രീ നേരിടുന്ന പ്രശ്നങ്ങളെ അവർ പങ്കുവയ്ക്കുന്നു. തന്നെ സ്പർശിച്ച ചില സത്യങ്ങൾ പറഞ്ഞു പോകുക എന്ന രീതിയാണ് 'നാർമടിപ്പുടവ'യിൽ സാറാ തോമസ് അനുവർത്തിക്കുന്നത്.

കലക്ടറേറ്റിൽ യു.ഡി. ക്ലാർക്കായ കനകാംബാൾ എന്ന സ്ത്രീയുടെ ജീവിതത്തിൽ സംഭവിച്ച ദുരന്തങ്ങളെ തലനാരിഴ കീറി വിശകലനം ചെയ്യുന്ന നോവൽ പലയിടത്തും നാടകീയ സ്വാഗതാഖ്യാന രീതി കൈക്കൊള്ളുന്നു. കനകാംബാളുടെ കാഴ്ചപ്പാടിലൂടെയാണ് കഥാപാത്രങ്ങളെ അവതരിപ്പിച്ചി ട്ടുള്ളത്. സൂക്ഷ്മമായി പരിശോധിച്ചാൽ നോവലിന് മൂന്നു ഘട്ടങ്ങളുള്ളതായി കാണാം. രണ്ടു ഭാഗങ്ങളിലായി പതിമൂന്ന് അധ്യായങ്ങളുള്ള നോവലിനെ കനകാംബാളുടെ വിവാഹപൂർവ്വ ജീവിതം, വൈവാഹികജീവിതം, വൈധവ്യ ജീവിതം എന്നിങ്ങനെ മൂന്നായി തിരിക്കാം. ഒരു പക്ഷേ ഒരു സ്ത്രീ ജീവിച്ചു തീർക്കുന്ന മൂന്നു ജീവിതാവസ്ഥകളാണിവ.

### 3.2.1 വിവാഹപൂർവ്വ ജീവിതം:

വിവാഹപൂർവ്വ ജീവിതഘട്ടത്തിൽ കനകാംബാൾ കല്യാണ കൃഷ്ണയ്യരുടെ വിവാഹപ്രായം കഴിഞ്ഞിട്ടും വിവാഹം നടക്കാത്ത പതിനാറു കാരി മകളാണ്. ദരിദ്രനായ കല്യാണകൃഷ്ണയ്യരുടെ ബാധ്യതയാണവൾ. പ്രായപൂർത്തിയാകുന്നതിനു മുമ്പ് വിവാഹം നടത്താത്തതിനാൽ ഇനി നല്ല വരനെ ലഭിക്കില്ല എന്ന ആധിയും പേറി ജീവിക്കുകയാണയാൾ. കൗമാര പ്രണയത്തിന്റെ സുന്ദരസ്വപ്നങ്ങളിൽ മുഴുകി അല്ലലില്ലാതെ ജീവിക്കുന്ന ഒരു പെൺകുട്ടിയായാണ് കനകത്തെ ഇവിടെ കാണുന്നത്. അടുത്ത വീട്ടിലെ ശങ്കരിമാമിയുടെ മകൻ നന്തുവിനോട് അവൾക്ക് പ്രണയമുണ്ട്. മുതിർന്ന പെൺകുട്ടികൾ പുരുഷന്മാരുടെ മുഖത്തു നോക്കിക്കൂടാ എന്ന സാമുദായിക വിലക്കുള്ളതിനാൽ പ്രണയമറിയിക്കാൻ കഴിഞ്ഞിട്ടില്ല. ഈ അവസരത്തി ലാണ് കനകത്തെ വിവാഹം കഴിപ്പിക്കാനുള്ള ദൗത്യവുമായി കല്യാണ കൃഷ്ണയ്യരുടെ ആദ്യഭാര്യയിലെ മകൻ വെങ്കിടേശ്വരൻ കടന്നു വരുന്നത്. അയാളുടെ ഭാര്യാബന്ധു കാദംബരി ചിത്തിയുടെ മകൻ സുന്ദരത്തിന് കനകാംബാളെ വിവാഹമാലോചിച്ചു. പൊന്നും പണവുമാവശ്യമില്ലാതെ വിവാഹം നടത്താമെന്നു പറഞ്ഞപ്പോൾ അയാൾക്ക് തീർച്ചയായും പരിമിതികൾ കാണുമെന്ന് കനകത്തിന്റെ അത്ത പറയുന്നുണ്ട്. സമ്പത്തിന്റെ

മുന്നിൽ പയ്യനു പ്രായം മുപ്പതായാലെന്ത്? ഒരു കണ്ണു കോങ്കണ്ണായാലെന്ത് ? കണ്ണുണ്ടല്ലോ എന്നു കരുതി സന്തോഷിക്കുകയല്ലേ വേണ്ടത് എന്നായിരുന്നു വെങ്കിടേശ്വരന്റെ ന്യായം. അവനൊരു ചുഴലി ദീനക്കാരനാണെന്ന് അയാൾ വെളിപ്പെടുത്തിയില്ല. അതിനു തക്ക പ്രതിഫലം അയാൾ കൈപ്പറ്റിക്കഴിഞ്ഞിരുന്നു. തടിച്ചുരുണ്ട ശരീരത്തിലെ തുറിച്ച കോങ്കണ്ണ് അവളെ ഭയപ്പെടുത്തി. സ്ത്രീകളെ ഉപകരണങ്ങളാക്കിയ ഒരു സമൂഹത്തിൽ തന്റെ ഇംഗിതം അച്ഛനും സഹോദരനും പറയാതെ അറിഞ്ഞെങ്കിൽ എന്നാശിക്കാനേ അവൾക്കായുള്ളു. 'തങ്ങളുടെ സമുദായത്തിന് ഇത്രയധികം വേലിക്കെട്ടുകൾ ഇല്ലായിരുന്നെങ്കിൽ....' എന്നവൾ ആശിച്ചു. നന്തുവിനെക്കുറിച്ചുള്ള ചിന്തകളിലേക്ക് മനസ്സ് പാഞ്ഞപ്പോഴൊക്കെയും അർഹതപ്പെടാത്തത് ആഗ്രഹിക്കരുതെന്ന് അവൾ മനസ്സിനെ വിലക്കി. തന്റെ സഹോദരിയുടെ പെണ്ണുകാണൽച്ചടങ്ങും വിവാഹവും ആദ്യരാത്രിയുമൊക്കെ അവളുടെ ഓർമ്മകളിലേക്ക് കടന്നുവന്നു. തന്റേതിനെക്കുറിച്ചോർത്തപ്പോൾ അവൾക്ക് ഇച്ഛാഭംഗം അനുഭവപ്പെട്ടു.

വിവാഹനിശ്ചയം കഴിഞ്ഞപ്പോൾ മുതൽ തികച്ചും മൗനിയായ കനകത്തെയാണ് നാം കാണുന്നത്. ഒന്നിനോടും പ്രതികരിക്കാതെ അവൾ അവളെ മനസ്സിന്റെ തടവറയിൽ തളച്ചിട്ടു. മാടിനെപ്പോലെ തന്നെ പിടിച്ചുകൊടുക്കുന്നിടത്ത് തന്റെ ജീവിതം വഴിമുട്ടിയതായി അവൾ തിരിച്ചറിഞ്ഞു. തമിഴ്ബ്രാഹ്മണ സ്ത്രീകൾ അവരുടേതായ താൽപര്യങ്ങളും ആകാംക്ഷകളും ജിജ്ഞാസകളും മാനസികസഞ്ചാരങ്ങളും പൂർണ്ണമായി അടക്കാൻ വിധിക്കപ്പെട്ടവരാണ്. സാമുദായികാധികാര ഘടനയാണ് അവരുടെ മുന്നോട്ടുള്ള പ്രയാണം നിശ്ചയിക്കുന്നത്. സ്വാതന്ത്ര്യവും ശുദ്ധവായുവും നിഷേധിക്കപ്പെട്ട് അഗ്രഹാരത്തിന്റെ ഒരു കോണിൽ നിശ്ശബ്ദം ജീവിച്ചു തീർക്കാനുള്ള ആ വിധി കനകാംബാളും ഏറ്റുവാങ്ങുന്നു. തനിക്കുൾക്കൊള്ളാൻ കഴിയാത്ത ഒരാളുടെ ഭാര്യയായി ശാന്തിമുഹൂർത്തം പോലും നിശ്ചയിക്കാതെ അന്നു തന്നെ അവൾ ഭർതൃഗൃഹത്തിലേക്ക് ആനയിക്കപ്പെടുകയാണ്.

### 3.2.2 വൈവാഹികജീവിതം:

കനകാംബാളുടെ വിവാഹജീവിതം വിരലിലെണ്ണാവുന്ന ദിനങ്ങളുടേ താണ്. കാൽക്കാശിനു ഗതിയില്ലാത്ത കനകത്തെപ്പോലൊരു പെണ്ണിന് ഭർത്താവിന്റെ കാഴ്ചയ്ക്കുള്ള വൈകൃതം ഒരു കുറവായി ആരും കണ്ടില്ല. അവൾക്ക് മഹാഭാഗ്യം വന്നതായി അഗ്രഹാരത്തിലെല്ലാവരും വിലയിരുത്തി. വിവാഹം കഴിഞ്ഞ ആ ദിവസം തന്നെ മാമിയാർ അവളെ സ്വന്തം വീട്ടിലേക്ക് കൂട്ടിക്കൊ ുപോയി. രാത്രിയിൽ അവൾ മാമിയാരുടെ കട്ടിലിന്റെ താഴെ ഉറങ്ങാതെ കിടന്നു. രാത്രിയിലെ നിഴലുകളും നിശ്ശബ്ദതയിലെ ചെറിയ ശബ്ദങ്ങളും അവളെ ഭയപ്പെടുത്തി. അവസരമുണ്ടാക്കി അവളുടെ പുരുഷൻ അവളെ പലവട്ടം സമീപിക്കാൻ നോക്കിയെങ്കിലും മാമിയാർ തന്ത്രപൂർവ്വം അതെല്ലാം ഒഴിവാക്കി. രാത്രിയിൽ അറവാതിൽക്കൽ അയാളുടെ കാൽപ്പെരു മാറ്റം പതിവായി. ഉറക്കം നടിച്ചു കിടന്ന് കനകം അമ്മയും മകനും തമ്മിലുള്ള സംഭാഷണമെല്ലാം കേട്ടു. ഇത്രനാളും താൻ ക ത് ഒരു നാടകമാണെന്നും സമ്പന്നരായ കാദംബരിക്കും മകനും പെണ്ണു കിട്ടാത്തത് അയാൾ ഒരു രോഗിയായതു കൊണ്ടാണെന്നും തന്റെ സഹോദരൻ തന്നെ ബോധപൂർവ്വം ചതിക്കുകയായിരുന്നെന്നും തിരിച്ചറിഞ്ഞ അവൾ ഞെട്ടി. അയാളോടൊപ്പമുള്ള ശാന്തിമുഹൂർത്തത്തെ കുറിച്ചോർത്തപ്പോൾ അവൾക്ക് വൈവശ്യമാണു ായത്. അവളുടെ ശരീരം അയാളിലെ കാമാർത്തനെ വെറിപിടിപ്പിച്ചു കൊ ിരുന്നു. അവളെ പ്രാപിച്ചില്ലെങ്കിൽ താൻ ഭ്രാന്തനായിപ്പോകുമെന്ന് അയാൾ പുലമ്പുന്നത് അവൾ കേട്ടു.

ഒരു സന്ധ്യയ്ക്ക് മേലുകഴുകാൻ കുളത്തിലേക്ക് പോയ കനകത്തെ അയാൾ പിന്തുടർന്ന് പിടികൂടി. തന്റെ മുഖത്തോടടുക്കുന്ന തുറിച്ച കണ്ണുകളെ ഒരു മാത്ര മാത്രമേ കനകം ക ുള്ളു. അപ്പോഴേക്കും അവളെ ഇറുക്കിപ്പിടിച്ച് കോച്ചി വലിച്ച് അയാൾ കുളത്തിലേക്ക് മറിഞ്ഞു വീണു. ശ്വാസം കിട്ടാതെ ബോധം നശിച്ച കനകത്തിന് സ്വബോധത്തിലേക്ക് മടങ്ങിവന്നപ്പോൾ മനസ്സിലായി താൻ വിധവയായെന്ന്. ഭർതൃസ്പർശനമേൽക്കാത്ത, കന്യകയായ വിധവയായി അവൾക്ക് കല്യാണകൃഷ്ണയ്യർക്കടുത്തേക്ക് മടങ്ങി

പ്പോരേണ്ടി വന്നു. ''കനകം, നീ വിധവയാണ്. നിറങ്ങളുടെ, ആഡംബര ങ്ങളുടെ, സുഗന്ധങ്ങളുടെ സുന്ദരലോകം നിനക്ക് എന്നെന്നേക്കുമായി നഷ്ടപ്പെട്ടിരിക്കുന്നു. നിന്റെ മുമ്പിൽ ഇനി കൂരിരുൾ മാത്രം'' - അവൾ സ്വയം പറഞ്ഞ വാക്കുകൾ അവളുടെ ഹൃദയത്തിൽ മുഴങ്ങിക്കൊണ്ടിരുന്നു.

### 3.2.3 വൈധവ്യജീവിതം:

നോവലിന്റെ തുടക്കവും ഒടുക്കവും കനകാംബാളുടെ വൈധവ്യജീവിതമാണ്. ഇടയ്ക്കുള്ളതൊക്കെ അവളുടെ സ്മരണകളും. തല മുണ്ഡനം ചെയ്ത് നാർമടിപ്പുടവ ചുറ്റി മഠത്തിന്റെ ഏതെങ്കിലും കോണിൽ ഒതുങ്ങി നാമം ജപിച്ചു കഴിയേ ിയിരുന്ന കനകത്തിന്റെ ജീവിതം സഹോദരി കസ്തൂരിയുടെ തക്കസമയത്തെ ഇടപെടൽ മൂലം മറ്റൊരു വിധത്തിലായി. സമുദായത്തിന്റെ വിലക്കു ലംഘിച്ച് കനകത്തെ അവർ വീണ്ടും പഠിപ്പിച്ചു. നല്ല മാർക്കിൽ പ്രീഡിഗ്രി പാസ്സായ കനകത്തെ തുടർന്നു പഠിക്കാനെന്ന വ്യാജേന സഹോദരീഭർത്താവ് അവരുടെ താമസസ്ഥലത്തേക്ക് കൊണ്ടു പോയി. അയാളുടെ പെരുമാറ്റത്തിലെ ദുഷ്ടലാക്ക് മനസ്സിലാക്കിയ കനകം സഹോദരിയുടെ ജീവിതം ഭദ്രമാക്കാൻ അവിടെ നിന്ന് തിരിച്ചു പോന്നു. പിറകേ അവളെത്തേടി സഹോദരിയുടെ മരണവാർത്തയുമെത്തി. ദുരന്ത ങ്ങൾക്കു പിറകേ ദുരന്തങ്ങൾ കനകത്തെ വേട്ടയാടുകയായിരുന്നു. സഹോദരി മരിച്ച് മാസങ്ങൾ തികയുന്നതിനു മുമ്പ് സഹോദരീഭർത്താവ് വിധവയായ കനകത്തെ വിവാഹം കഴിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചെത്തി. വിധവാ വിവാഹം പ്രോത്സാഹിപ്പിക്കാൻ തമിഴ്ബ്രാഹ്മണ സമൂഹം വളരാതിരുന്നതു കൊ ് അത് നടന്നില്ല. കുഞ്ഞിനെ അവിടെ ഉപേക്ഷിച്ച് അയാൾ പോയപ്പോൾ കന്യകയായ വിധവ കന്യകയായ അമ്മയുമായി. കസ്തൂരിയുടെ മകൾ കാഞ്ചനയെ വളർത്താൻ കനകാംബാൾ തയ്യാറാകുന്നിടത്താണ് കനകാംബാളുടെ ജീവിതത്തിന്റെ ഈ ഘട്ടം യഥാർത്ഥത്തിൽ തുടങ്ങുന്നതു തന്നെ. കുടുംബം പോറ്റാൻ തൊഴിൽ ചെയ്യാതെ നിവൃത്തിയില്ലെന്നു വന്നപ്പോൾ സമുദായത്തിന്റെ എതിർപ്പു വകവയ്ക്കാതെ അവൾ ജോലിക്കായി

പുറത്തുപോയി. കിഴക്കേ കോട്ടയ്ക്കു പുറത്തു കടന്നപ്പോൾ താൻ ഒരു തമിഴ് ബ്രാഹ്മണ വിധവയല്ലെന്നും എല്ലാ സ്വാതന്ത്ര്യങ്ങളുമുള്ള മലയാളിയാണെന്നും കനകാംബാൾക്ക് തോന്നി.

ജോലിക്കു പോകുന്ന ബ്രാഹ്മണ വിധവയെ അഗ്രഹാരത്തിലുള്ളവർ കൂട്ടത്തിൽ നിന്നകറ്റിയും കുത്തുവാക്കുകൾ പറഞ്ഞും നോവിച്ചെങ്കിലും കലക്ടറേറ്റിലെ യു.ഡി. ക്ലാർക്ക് ഉദ്യോഗവും പൊതുസമൂഹവുമായുള്ള ഇടപെടലും കനകത്തിന് മനസ്സിന് ആശ്വാസം നൽകി. എല്ലാറ്റിനുമുപരി കാഞ്ചനയെ വളർത്തി വലുതാക്കുക എന്നത് തന്റെ ഉത്തരവാദിത്തമാണെന്ന ലക്ഷ്യബോധം പ്രതിസന്ധികൾ തരണം ചെയ്യാൻ അവളെ കൂടുതൽ പ്രാപ്തയാക്കി. സഹജീവികൾക്കു വേണ്ടി ത്യാഗം സഹിക്കുന്നതിൽ അവൾ ആശ്വാസം കണ്ടെത്തി. ബ്രാഹ്മണ വിധവയുടെ വിധിവൈപരീത്യത്തെ സഹപ്രവർത്തകരിൽ ചിലർ സഹാനുഭൂതിയോടെയും ചിലർ സ്വാർത്ഥ താൽപര്യത്തോടെയും നോക്കിക്കണ്ടു. മേലുദ്യോഗസ്ഥൻ തന്നെ അത്തരത്തി ലുള്ള സമീപനം കൈക്കൊണ്ടപ്പോൾ അവൾ പ്രതികരിച്ചു. പ്രതിഷേധിക്കുന്ന സ്ത്രീത്വമല്ലാഞ്ഞിട്ടു പോലും തന്റെ സ്വത്വത്തിനു നേരെ നീളുന്ന നൃശംസ കരങ്ങൾ തട്ടിമാറ്റാനുള്ള ആർജ്ജവം അവൾ കൈക്കൊള്ളുന്നുണ്ട്. സഹപ്രവർത്തകൻ ജോസഫിന്റെ സ്നേഹാർദ്രമായ സമീപനം അവളിലെ മൃദുലഭാവങ്ങളെ ഉണർത്തുന്നുണ്ടെങ്കിലും 'തങ്ങളുടെ സമുദായം അത് അനുവദിക്കുന്നില്ലെന്നു' പറഞ്ഞ് പിൻവാങ്ങുകയാണ് അവൾ ചെയ്യുന്നത്. കാഞ്ചന ഒരു ബാധ്യതയായി കൂടെയുള്ളത് സ്വന്തം കാര്യത്തിൽ ഒരു തീരുമാനമെടുക്കുന്നതിൽ നിന്ന് അവളെ വിലക്കിക്കൊണ്ടിരുന്നു. എന്നാൽ കനകത്തിന്റെ ജീവിതത്തിൽ നിന്ന് പാഠങ്ങളുൾക്കൊണ്ട കാഞ്ചന, തനിക്കിഷ്ടപ്പെട്ട വ്യക്തിയോടൊപ്പം ഇറങ്ങിപ്പോയപ്പോൾ, വർഷങ്ങളായി താൻ താലോലിച്ചു വളർത്തിയ മോഹങ്ങളുടെ ഒരു പിടി ചാമ്പൽ മാത്രമാണ് ബാക്കിയായതെന്ന് കനകം തിരിച്ചറിയുന്നു. താങ്ങാവുന്നതിലേറെ ഭാരം പേറി കഴിച്ചുകൂട്ടിയ ജീവിതം വ്യർത്ഥമായപ്പോൾ നിതാന്തമായ ശൂന്യതയിലേക്കാണ് കനകം വഴിമുട്ടി ചെന്നു നിന്നത്.

'നാർമടിപ്പുടവ' നീളമുള്ള ഒരു തുണി മാത്രമല്ല, പരമ്പരയായി തമിഴ്ബ്രാഹ്മണ സ്ത്രീ അനുഭവിച്ചുകൊണ്ടിരിക്കുന്ന യാതനയുടെ നീളമാണ്. സാമുദായികമായ വിലക്കുകളെയും നിയമങ്ങളെയും അനുസരിക്കാൻ സന്നദ്ധയായ കനകാംബാൾ എവിടെയും പ്രതിഷേധിക്കുന്നില്ല. ആ നിയതി തന്റെ ജീവിതത്തിൽ ദുരിതവും പീഡനവും സമ്മാനിച്ചിട്ടും മാമൂലുകളോടു പിണങ്ങാൻ അവൾ കൂട്ടാക്കിയില്ല. അവളുടെ ജീവിതം ത്യാഗത്തിന്റെയും സഹനത്തിന്റെയുമാണ്. ജ്യേഷ്ഠന്റെ താൽപര്യത്തിനായി വിവാഹം കഴിച്ചു. ജ്യേഷ്ഠത്തിയുടെ ആരോഗ്യം സംരക്ഷിക്കാൻ അവിടെച്ചെന്ന് താമസിച്ചു. ജ്യേഷ്ഠത്തിയുടെ മകളെ സംരക്ഷിക്കുന്ന ദൗത്യം ഏറ്റെടുത്തു. പ്രായമായ അത്തയെയും അച്ഛനെയും സംരക്ഷിക്കാനും ശുശ്രൂഷിക്കാനും തയ്യാറായി. തന്റെ ജീവിതം ഇതിനൊക്കെയായി മാറ്റിവച്ച് സ്വപ്നങ്ങളും പ്രതീക്ഷകളു മില്ലാതെ ജീവിക്കുന്ന ഒരു കഥാപാത്രമാണ് കനകാംബാൾ. ഫെമിനിസ്റ്റ് നിലപാടുള്ള ഒരു കഥാപാത്രമാക്കി കനകത്തെ വരച്ചു കാണിക്കാനല്ല സാറാ തോമസ് ശ്രമിക്കുന്നത്, മറിച്ച് ഫെമിനിസ്റ്റ് നിലപാടുകൾ സമൂഹത്തിൽ വേറുറച്ചിട്ടും കനകത്തെപ്പോലുള്ളവരുണ്ടാകുന്നു എന്ന തിരിച്ചറിവിലേക്ക് എല്ലാവരുടെയും ശ്രദ്ധ തിരിക്കുകയാണ് ചെയ്യുന്നത്.

പുരുഷൻ, അവൻ സഹോദരനായാലും പിതാവായാലും സഹോദരീ ഭർത്താവായാലും സഹപ്രവർത്തകനായാലും എന്തിന് ഭർത്താവു തന്നെ യായാലും അതാതു സ്ഥാനത്തിനു ചേർന്ന പീഡനമുറകൾ സ്ത്രീകൾക്കു നേരെ കരുതിവെച്ചിരിക്കും എന്ന് കനകത്തിന്റെ ജീവിതം പഠിപ്പിക്കുന്നു. വിവാഹം കഴിയാത്ത മകൾ അച്ഛനൊരു ബാധ്യതയാണ്. സഹോദരന് വില പേശി വിൽക്കാനുള്ള ഒരു ഉരുവാണ്. സഹോദരീഭർത്താവിനും സഹപ്രവർ ത്തകനും കാമാവേശം തീർക്കാനുള്ള ഒരുപകരണമാണ്. ഇവരുടെ ചിത്രങ്ങൾ കഥയിലുടനീളം ഭീകരാന്തരീക്ഷം സൃഷ്ടിക്കുമ്പോഴും ഹൃദയം കൊണ്ടു സ്ത്രീയെ കാണാൻ ശ്രമിച്ച ജോസഫിന്റെ ചിത്രം കഥയിൽ മിഴിവോടെ നിൽക്കുന്നു. ജീവിതയാഥാർത്ഥ്യങ്ങൾ നൽകുന്ന സമസ്യകൾ അനുഭാവ പൂർവ്വം പൂരിപ്പിച്ചുകൊണ്ടാണ് കനകാംബാളുടെ ജീവിതം മുന്നോട്ടു

പോകുന്നത്. കാഞ്ചനയുടെ പിരിഞ്ഞുപോക്കോടെ ഉത്തരം കിട്ടാത്ത ഒരു സമസ്യയായി അവളുടെ ജീവിതം മാറുന്നു. ഈ പ്രതിസന്ധിയിൽ അവളെ കൊ ു ചെന്നെത്തിച്ച പുരുഷാധിപത്യ സമൂഹത്തിലെ ഒരു പ്രതിനിധിയും അവളുടെ സഹായത്തിനെത്തിയില്ല. ഇനിയുള്ള ജീവിതത്തിന്റെ ഉത്തരം സ്വയം കണ്ടുപിടിക്കേണ്ട ഉത്തരവാദിത്തവും പേറി കനകാംബാളുടെ ജീവിതം ഓർമ്മകളുടെ അടച്ചു മുദ്രവയ്ക്കപ്പെട്ട വാതിൽ തുറന്ന് പിറകോട്ട് ചരിക്കുന്നത് കഥാന്ത്യത്തിൽ നാം കാണുന്നു. ഭൂതകാലത്തിൽ താൻ സഞ്ചരിച്ച മാർഗ്ഗങ്ങളുടെ ശരികളും ശരികേടുകളും വിലയിരുത്താൻ കിട്ടിയ ഒരവസരമാണ് കനകത്തിന്റെ ഏകാന്തത. ഒരു സ്ത്രീയായി, മനുഷ്യനായി കഴിഞ്ഞ അവസരങ്ങൾ അന്വേഷിച്ചു നടന്ന അവൾക്ക് അതു മാത്രം കണ്ടെത്താനായില്ല. ജീവിപദവിയല്ല വസ്തുപദവിയാണ് തമിഴ്ബ്രാഹ്മണ സ്ത്രീക്ക് സമൂഹം നൽകുന്നത്. അതിന്റെ വികാരവിചാരങ്ങൾക്ക് ഉടമയുടെ ജീവിതത്തിൽ സ്ഥാനമില്ല. തന്റെ മോചനം ഉരു തന്നെ തീർച്ചപ്പെടുത്തണം. ഇല്ലെങ്കിൽ പ്രതിസന്ധിയിൽ ഉപേക്ഷിക്കപ്പെട്ട പാഴ്വസ്തുവായി സ്ത്രീ ജീവിതം മാറും എന്ന് കനകാംബാളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

### 3.3 നെട്ടൂർമഠം:

'വേരുകൾ'ക്കു ശേഷം തമിഴ്ബ്രാഹ്മണ സമുദായം പ്രധാന പ്രമേയമാക്കി മലയാറ്റൂർ രാമകൃഷ്ണൻ 1988 ൽ രചിച്ച നോവലാണ് 'നെട്ടൂർമഠം'. നോവലിന്റെ പേര് 'നെട്ടൂർമഠം' എന്നാണെങ്കിലും കഥയുടെ കേന്ദ്രബിന്ദു അതല്ല. സമ്പന്നമായ ഒരു ബ്രാഹ്മണമഠത്തിന്റെ പേരാണ് നെട്ടൂർമഠം. നെട്ടൂർമഠത്തിൽ നിന്ന് പുരോഗമനത്തിന്റെ ഒരു തീപ്പൊരി പുറത്തേക്ക് പാറിപ്പോയി മറ്റൊരിടത്ത് അഗ്നിയായി ആളിപ്പടർന്ന് തമിഴ് ബ്രാഹ്മണ സമൂഹ വ്യവസ്ഥയെയാകെത്തന്നെ ഇളക്കിമാറ്റി. നോവലിന്റെ ഗതി തന്നെ മാറ്റിയ നിർണ്ണായകമായ ഒരാളിപ്പടലരായിരുന്നു അത്. അന്നു വരെയുള്ള തമിഴ്ബ്രാഹ്മണ സാമുദായികസ്ഥിതി പിന്തുടരുന്ന ഒരു വിഭാഗവും അതിനെയെല്ലാം അതിലംഘിച്ച് പുറംസമൂഹവുമായി ഇടകലരുന്ന മറ്റൊരു

വിഭാഗവും ചേർന്ന് നോവലിന്റെ പൂർവ്വോത്തരഭാഗങ്ങളെ നിർണ്ണയിക്കുന്നു. യാഥാസ്ഥിതിക തമിഴ് ബ്രാഹ്മണർ പൂർവ്വഭാഗത്തും പുരോഗമനേച്ഛുക്കളായ ചെറുപ്പക്കാർ ഉത്തരഭാഗത്തും അവരവരുടെ ഭാഗങ്ങൾ ഭംഗിയായി അവതരിപ്പിക്കുമ്പോൾ ഇടയ്ക്കിടെ എഴുത്തുകാരന്റെ നിലപാടുകളും പ്രത്യക്ഷപ്പെടുന്നു. ഈ ആദ്യാവസാനഭാഗങ്ങൾ തമ്മിലുള്ള ബന്ധം സുതാര്യമാക്കാനുള്ള ദൗത്യമാണ് നെട്ടൂർമഠത്തിന്റേത്. അതിനാൽ കഥയിൽ നെട്ടൂർമഠത്തിന് നിർണ്ണായക സ്ഥാനമുണ്ട്. നോവലിന് 'നെട്ടൂർമഠം' എന്നു പേരു നൽകിയതിന്റെ ഔചിത്യം അതാണ്.

'നെട്ടൂർമഠം' എന്ന നോവലിന് മൂന്നു തലമുറകളുടെ കഥ പറയുന്ന മൂന്നു ഭാഗങ്ങളുണ്ട്. യാഥാസ്ഥിതിക തമിഴ് ബ്രാഹ്മണ സമൂഹവും ആചാരങ്ങൾ പിന്തുടരുന്നതിലെ നിഷ്ഠയും ആചാരലംഘനത്തിന്റെ അപശ്രുതികളും ചേർന്ന് ഒന്നാം ഭാഗത്തെ നിർണ്ണയിക്കുമ്പോൾ പഴമയും പുതുമയും തമ്മിലുള്ള സംഘർഷം ര ാം ഭാഗത്തു നിബന്ധിച്ചിരിക്കുന്നു. ആധുനിക തമിഴ്ബ്രാഹ്മണ സമൂഹം രൂപപ്പെട്ടുവരുന്നതിന്റെ ബാലാരിഷ്ടതകളാണ് മൂന്നാം ഭാഗം പ്രകടമാക്കുന്നത്. മൂന്നു സ്ത്രീകളുടെ ജീവിതസമരവുമായും ഈ മൂന്നു ഭാഗവും ബന്ധപ്പെട്ടിരിക്കുന്നു. ആദ്യഭാഗത്ത് സ്വർണ്ണയും ര ാം ഭാഗത്ത് ശിവകാമിയും മൂന്നാം ഭാഗത്ത് അന്നപൂർണിയും നിലനിൽപിന്നായി നടത്തുന്ന യത്നങ്ങളാണ് ഉൾച്ചേർന്നിരിക്കുന്നത്. മൂന്നു ഭാഗങ്ങളിലും ഈ സ്ത്രീകളുടെ ഭാഗഭാഗിത്വം നിർണ്ണയിക്കുന്ന വാസുദേവ ഭാഗവതർ, ദൊരസ്വാമി ദീക്ഷിതർ, ഗോവിന്ദൻ എന്നീ പുരുഷന്മാരെയും മലയാറ്റൂർ അവതരിപ്പിച്ചിട്ടുണ്ട്.

### 3.3.1 ഒന്നാം ഘട്ടം:

അൻപത്തി മൂന്ന് അദ്ധ്യായങ്ങളുള്ള ബൃഹദ്നോവലായ 'നെട്ടൂർമഠ'ത്തിന്റെ ആദ്യഭാഗത്ത് പെരിയകുളം മുൻസിഫ് യജ്ഞ നാരായണയ്യരുടെ കുടുംബത്തിന്റെ അവസ്ഥകളാണ് മലയാറ്റൂർ അവതരിപ്പിക്കുന്നത്. സ്ഥാനമാനങ്ങൾ നോക്കി യജ്ഞനാരായണയ്യർ മകൾ സ്വർണ്ണയെ

പ്രശസ്തഗായകനായ വാസുദേവഭാഗവതർക്ക് വിവാഹം കഴിച്ചു കൊടുത്ത താണ്. ഇനിയുള്ള കാലം തന്റെ സ്വത്തും മുൻസിഫ് സ്ഥാനവും മകൻ ശേഷനു കൈമാറി വിശ്രമജീവിതം നയിക്കണമെന്നാഗ്രഹിച്ച യജ്ഞനു മുന്നിലേക്ക് സ്വർണ്ണ മകളുമായി ഒരു ബാധ്യത പോലെ കടന്നുവന്നു. തന്റെ പ്രതീക്ഷകൾ തകർന്ന യജ്ഞൻ മകളെ ശകാരിക്കുന്നുണ്ടെങ്കിലും അവളുടെ ജീവിതം കരുപ്പിടിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. മകളുടെ ഭർത്താവ് വാസുദേവഭാഗവതർ കാലിടറി ഭുവന എന്ന ദേവദാസിയുടെ പിടിയിലായതും മുതിർന്ന പെൺകുട്ടിയെയും കൊണ്ട് സ്വർണ്ണ ദേവദാസീ ഗൃഹത്തിൽ പോയി ഭർത്താവിനെ തിരിച്ചു തരാൻ യാചിച്ചതും വാസുവിന് അപമാനമായതും യജ്ഞൻ അറിഞ്ഞു. അവൾ തെറ്റു ചെയ്തതായി അയാൾ വിലയിരുത്തി. സ്വർണ്ണയെയും മകളെയും വാസു തെരുവിലിറക്കി വിട്ടതിൽ അയാൾ തെറ്റൊന്നും കണ്ടില്ല. വിവാഹം കഴിഞ്ഞ ബ്രാഹ്മണ സ്ത്രീക്ക് ഭർത്താവിനെ വിട്ട് ഓടിപ്പോരാൻ അവകാശമില്ല. ഭർത്താവിന്റെ മരണം വരെ അവൾ അയാളുടെ ഗൃഹത്തിൽത്തന്നെ കഴിച്ചു കൂട്ടണമെന്നാണ് ചട്ടം. സമുദായത്തിന്റെ ആ വ്യവസ്ഥയെയാണ് സ്വർണ്ണ ലംഘിച്ചത്. വാസുവിനെ ഭുവനയുടെ ആളുകൾ കൊന്നതും ഒരനാഥ ശവം പോലെ ബ്രാഹ്മണനായ വാസുവിന്റെ ശരീരം കുഴിച്ചുമൂടിയതും യജ്ഞനിൽ വേദനയുളവാക്കി. അയാളിലെ പിതാവിന്റെ മനസ്സ് മകളോട് അലിവുള്ളതായിരുന്നു. അയാളവളെ ആശ്വസിപ്പിച്ചു.

വാസുദേവഭാഗവതരു ാക്കിയ ചീത്തപ്പേരിൽ മുങ്ങിപ്പോകാനിടയുള്ള സ്വർണ്ണയുടെ മകൾ ശിവകാമിയുടെ ജീവിതം കരുപ്പിടിപ്പിക്കാനുള്ള തീവ്ര ശ്രമങ്ങളാണ് യജ്ഞനാരായണയ്യർ പിന്നീടു നടത്തിയത്. പെരിയ കുളത്തു നിന്ന് ഏറെ ദൂരെ കൽപാത്തി അഗ്രഹാരത്തിലെ രംഗജടാവല്ലഭരുടെ മകൻ ഇരുപത്താറുകാരൻ ദൊരസ്വാമി ദീക്ഷിതരുമായി പതിമൂന്നുകാരി ശിവകാമി യുടെ വിവാഹം നടക്കുന്നത് അങ്ങനെയാണ്. മകളുടെ വിവാഹം കഴിയുന്നതു വരെ താൻ വിധവയായ സത്യം അറിയാത്ത മട്ടിൽ സ്വർണ്ണ നടന്നു. മകളെ യാത്രയാക്കിയ അവൾ തല മുണ്ഡനം ചെയ്ത് നാർമടിപ്പുടവ ചുറ്റി

മഠത്തിന്റെ കോണിലേക്ക് ഉൾവലിഞ്ഞു. സഹോദരപത്നി ബാലയുടെ കുത്തുവാക്കുകളിൽ മനം മടുത്ത സ്വർണ്ണ ഒരു നാൾ എങ്ങോട്ടോ ഓടിപ്പോയി. വിവാഹം കഴിഞ്ഞു കൽപാത്തിയിലെത്തിയ ശിവകാമി ദൊരസ്വാമി ദീക്ഷിതരുടെ ഇച്ഛയ്ക്കൊത്തു പെരുമാറി നല്ല പേരു സമ്പാദിച്ചു. ദീക്ഷിതർ അവളെ 'ചേറിൽ നിന്നു വീ  ടുത്ത ചെന്താമരയായി' കണ്ടു. അയാളുടെ ഉള്ളിൽ അവളുടെ കുടുംബത്തിനേറ്റ കളങ്കം മായാതെ കിടന്നു. വാക്കിലും പ്രവർത്തിയിലും ഇടയ്ക്കിടെ അതൃപ്തി കടന്നുവന്നു. വിവാഹശേഷം അവളെ പെരിയകുളത്തേക്ക് അയക്കുകയോ അവിടെ നിന്നു കൊണ്ടുവന്ന കാഴ്ചദ്രവ്യങ്ങൾ സ്വീകരിക്കുകയോ ചെയ്തില്ല. അമ്മയെ കാണാനുള്ള ആഗ്രഹം അവൾ അടക്കിവച്ചു. അച്ഛനുണ്ടാക്കിയ ചീത്തപ്പേര് കുടുംബത്തിനു മുഴുവൻ തീരാകളങ്കമാകുന്നതെങ്ങനെയെന്ന് അവൾ സ്വയം ചോദിച്ചു. ഭർതൃസഹോദരൻ പിച്ചുമണി അയ്യർ അവളുടെ വേദന മനസ്സിലാക്കിയിരുന്നു. അയാളാകട്ടെ ദൊരസ്വാമി ദീക്ഷിതരുടെ കണ്ണിൽ നികൃഷ്ടനുമാണ്. അവനെ പ്രസവിച്ചപ്പോഴേ അമ്മ മരിച്ചതു കൊ ് 'പിശാച്' എന്നാണ് ദീക്ഷിതർ അവനെ വിളിക്കുന്നത്. ബ്രാഹ്മണ ഹിതമനുസരിച്ച് ജീവിക്കാതെ പാവങ്ങളെ സേവിക്കാനിറങ്ങിയ അവനെ ദീക്ഷിതർ മഠത്തിൽ നിന്നു പുറത്താക്കി. പിച്ചൻ കൂടി നാടുവിട്ടതോടെ ശിവകാമിക്ക് അത്താണിയില്ലാതായി. തനിക്ക് ഒരു സന്തതിയുണ്ടായെങ്കിൽ ഏകാന്തതയുടെ വിരസതയകറ്റാമായിരുന്നു എന്ന് അവൾക്ക് പലപ്പോഴും തോന്നും. തനിക്കെന്നാണ് അമ്മയാവാനാവുക എന്ന ചോദ്യത്തിന് സമയമായില്ലെന്നായിരിക്കും ദീക്ഷിതരുടെ മറുപടി. ഒടുക്കം അവളുടെ ആഗ്രഹം പോലെ അവൾക്ക് ഒരാൺകുഞ്ഞുണ്ടായി. ഗോവിന്ദൻ എന്നു പേരിട്ട അവന്റെ ജീവിതത്തിലൂടെയാണ് കഥയുടെ രണ്ടാംഭാഗത്തിന്റെ വികാസം.

**3.3.2 ര ാം ഘട്ടം:**

ഗോവിന്ദൻ ജനിച്ചപ്പോൾ ശിവകാമിയുടെ ജീവിതം അവനെ ചുറ്റിപ്പറ്റി മാത്രമായി. കഥയിൽ ഈ ഘട്ടം വരെയും നിശ്ശബ്ദയായിരിക്കുന്ന ശിവകാമി

യുടെ ശബ്ദം അൽപമെങ്കിലും കേൾക്കുന്ന ഘട്ടമാണിത്. ഗോവിന്ദന് പിച്ചനയച്ച സ്വർണ്ണവള മോഷണമുതലാണെന്നു ദീക്ഷിതർ വിധിയെഴുതുമ്പോൾ അങ്ങനെയായാലും താനിത് തന്റെ മകനെ അണിയിക്കുമെന്ന് അവൾ കാർക്കശ്യത്തോടെ പറയുന്നു. ഗോവിന്ദനെ സംസ്കൃതം പഠിപ്പിക്കാൻ പുറപ്പെടുന്ന ദീക്ഷിതരോട് കയർത്ത് അവനെ ഇംഗ്ലീഷ് പഠിപ്പിച്ച് നല്ലൊരു ഉദ്യോഗസ്ഥനാക്കണമെന്ന് അറിയിക്കുന്നു. ശിവകാമിയുടെ ആഗ്രഹമെന്നോണം ഗോവിന്ദന് ഇംഗ്ലീഷു വിദ്യാഭ്യാസത്തിനുള്ള അവസരം ഒത്തുവന്നെങ്കിലും അവനവളിൽ നിന്ന് അകന്നുപോകുന്നതിൽ അവൾ വേദനിച്ചു. പഠനം പാതിവഴിയിലുപേക്ഷിച്ച് ഗോവിന്ദൻ തിരിച്ചുവന്നപ്പോൾ ദീക്ഷിതർ ആശങ്കാകുലനായി. പാലക്കാട്ട് അവന്റെ വിദ്യാഭ്യാസം തുടരാൻ അവസരമൊരുക്കിയപ്പോഴേക്കും ഗാന്ധിജിയുടെ ആദർശങ്ങളിൽ ആകൃഷ്ടനായ അവൻ വിദേശ വസ്ത്രബഹിഷ്ക്കരണവുമായി ബന്ധപ്പെട്ട് ജയിലിലായി. ശിവകാമിയുടെ ജീവിതത്തിലെ ദുരന്തങ്ങൾ ഇവിടെ വീണ്ടും ആരംഭിക്കുന്നു.

പിച്ചൻ നാടുവിട്ടുപോയതിനും ഗോവിന്ദന്റെ ജയിൽവാസത്തിനും പുറമേ നെട്ടൂർമഠം ഹുണ്ടിയലിന്റെ തകർച്ചയും കൂടിയായപ്പോൾ ശിവകാമിയുടെ ജീവിതത്തിലെ ദുരന്തങ്ങൾ പൂർണ്ണമായി. ദീക്ഷിതരുടെ അന്നുവരെയുള്ള സമ്പാദ്യവും നഷ്ടമായി കടക്കാരനായി. മാനസികസംഘർഷം ശിവകാമിയെ രോഗാവസ്ഥയിലെത്തിച്ചു. അച്ഛനാഗ്രഹിച്ചതു പോലെ സംസ്കൃതം പഠിക്കാനോ ശിവകാമി ആഗ്രഹിച്ചതു പോലെ ഉദ്യോഗസ്ഥനാകാനോ കഴിയാതെ, പിച്ചന്റെയും വാസുദേവ ഭാഗവതരുടെയും രക്തത്തിൽ ഊറ്റം കൊ   ഗോവിന്ദൻ അലഞ്ഞു നടന്നു. നെട്ടൂർമഠത്തിലെ വേദനാരായണൻ ആത്മഹത്യ ചെയ്തത് ദീക്ഷിതരെ വല്ലാതെ ഉലച്ചു. ശിവകാമിയുടെ രോഗത്തിന് ദീക്ഷിതർ പ്രത്യേക ശ്രദ്ധ കൊടുത്തില്ല. ഉഷ്ണത്തിന്റെ കുഴപ്പമെന്നു പറഞ്ഞ് ദീക്ഷിതർ തള്ളിക്കളഞ്ഞ ആ രോഗം ശിവകാമിയെ മരണത്തിലേക്ക് നയിച്ചു. അച്ഛനും മകനും തമ്മിലുണ്ടായിരുന്ന അകൽച്ച

ഇതോടെ പൂർണ്ണമായി. ശിവകാമിയുടെ മരണത്തോടെ കഥയുടെ ര ാം ഘട്ടവും അവസാനിക്കുന്നു.

### 3.3.3 മൂന്നാം ഘട്ടം:

കഥയുടെ മൂന്നാം ഘട്ടത്തിലേക്ക് പ്രവേശിക്കുമ്പോൾ നെട്ടൂർമഠത്തിന്റെ സമ്പന്നതയിൽ വളർന്നു വന്ന അന്നപൂർണ്ണി ദാരിദ്ര്യം നിറഞ്ഞ ദീക്ഷിതരുടെ വീട്ടിൽ ഗോവിന്ദന്റെ ഭാര്യയായി എത്തുന്നതാണ് നാം കാണുന്നത്. അഗ്രഹാരത്തിന്റെ ഇടുങ്ങിയ അന്തരീക്ഷം അവൾക്കുൾക്കൊള്ളാനായില്ല. ഗോവിന്ദനെ മാനസികമായും ശാരീരികമായും അംഗീകരിക്കാനും അവൾ ക്കായില്ല. ഗോവിന്ദന്റെ പൗരുഷത്തെ വെല്ലുവിളിച്ച് അന്നപൂർണി അകന്നു തന്നെ കഴിഞ്ഞു. അഗ്രഹാരവ്യവസ്ഥയിൽ നിന്ന് പുറത്തു കടക്കാനും സൗകര്യപ്പെട്ടിടത്ത് ഒരു പുതിയ നെട്ടൂർമഠം സ്ഥാപിക്കാനും അവളാഗ്രഹിച്ചു. കുടുംബകാര്യത്തിലോ ദീക്ഷിതരുടെ കാര്യത്തിലോ ശ്രദ്ധ ചെലുത്താൻ അവൾക്കായില്ല. ഒടുക്കം ദീക്ഷിതരുടെ മരണം അവൾക്കുപകാരമായി ഭവിച്ചു. മഠവും തന്റെ മഞ്ഞൾക്കാണി സ്വത്തും വിറ്റ് ആ നാട്ടിൽ നിന്നും പോകാൻ അവൾ ഗോവിന്ദനെ നിർബന്ധിച്ചു. ഈ അവസ്ഥയിൽ നിന്നു മാറിയാൽ അന്നപൂർണി തനിക്കു വശപ്പെടുമെന്നു ചിന്തിച്ച ഗോവിന്ദൻ അതിനു വഴങ്ങി.

സ്വത്തു വിറ്റ് പണവുമായി അവർ നേരെ പോയത് വേദനാരായണന്റെ ഭാര്യ രമണിയുടെ ചേന്ദമംഗലത്തെ വീട്ടിലാണ്. ഒരാഡംബരത്തിന് ഗോവിന്ദൻ അവിടെ ഗോവിന്ദശാസ്ത്രികൾ എന്ന പേരു സ്വീകരിക്കുന്നു. രമണിയുടെ അച്ഛൻ പരശുരാമയ്യർ തങ്ങൾക്ക് നല്ലൊരു ജീവിതവും ജീവനമാർഗ്ഗവും കാട്ടിത്തരുമെന്നു ധരിച്ച അന്നപൂർണിയുടെ കണക്കുകൂട്ടലുകൾ തെറ്റിച്ചു കൊ ് അയാൾ അവരെ അവിടെ നിന്ന് അപമാനിച്ച് ഇറക്കിവിടുകയാ ണുണ്ടായത്. രാത്രി അവർക്കഭയം കൊടുത്ത അമ്മ്യാർ ഹോട്ടലിലെ വരലക്ഷ്മി വഴി പഞ്ചാപകേശയ്യരെ പരിചയപ്പെട്ടതാണ് അവരുടെ ജീവിത ത്തിൽ വഴിത്തിരിവായത്. ഒരു കട നടത്താൻ അയാൾ അന്നപൂർണിയെയും ഗോവിന്ദനെയും ഏൽപിച്ചു. ജീവിതം ഇങ്ങനെ സാധാരണ നിലയിലേക്ക്

എത്തിയെങ്കിലും ഗോവിന്ദൻ ആഗ്രഹിച്ച വിധത്തിൽ അന്നപൂർണി അയാൾക്കു വഴങ്ങിയില്ല. കച്ചവടത്തെയും സമ്പാദ്യത്തെയും കുറിച്ചു മാത്രം ചിന്തിച്ചു കഴിഞ്ഞു കൂടിയ അന്നപൂർണി അവളുടെ ലക്ഷ്യത്തിലേയ്ക്കടുക്കുകയായിരുന്നു. ശാരീരികമായ ബലപ്രയോഗം ഗോവിന്ദനിൽ നിന്ന് അവളെ പൂർണ്ണമായും അകറ്റി. എല്ലാറ്റിലും ശ്രദ്ധ നശിച്ച ഗോവിന്ദൻ വീണ്ടും ഹരിജനോദ്ധാരണത്തിനു പുറപ്പെട്ടിറങ്ങി. ഗോവിന്ദശാസ്ത്രികൾ കോന്തിശാസ്ത്രിയെന്ന പരിഹാസപ്പേരിനുടമയായി. എല്ലാം നഷ്ടപ്പെട്ട ഗോവിന്ദൻ പിച്ചനെ ലക്ഷ്യമിട്ട് മദ്രാസിലേക്കും, കൃത്യമായ കണക്കുകൂട്ടലുകളോടെ ജീവിച്ച അന്നപൂർണി തന്റെ ലക്ഷ്യമായ നെട്ടൂർമഠത്തിന്റെ നിർമ്മാണത്തിലേക്കും തിരിയുന്നിടത്താണ് നോവൽ അവസാനിക്കുന്നത്.

### 3.3.4 സ്ത്രീകഥാപാത്രങ്ങൾ:

യജ്ഞനാരായണയ്യരുടെയും വാസുദേവ ഭാഗവതരുടെയും അവഗണനയ്ക്കു പാത്രമായ സ്വർണ്ണയും ദീക്ഷിതരുടെ തണലിൽ മാത്രം ജീവിച്ച ശിവകാമിയും തമിഴ്ബ്രാഹ്മണ സമൂഹവ്യവസ്ഥയെയാകെ ചോദ്യം ചെയ്യുകയും നിഷേധിക്കുകയും ചെയ്ത അന്നപൂർണ്ണിയുമാണ് ഈ നോവലിലെ പ്രധാന സ്ത്രീകഥാപാത്രങ്ങൾ. തമിഴ്ബ്രാഹ്മണ പുരുഷമേധാവിത്വത്തിന്റെ പീഡനത്തിൽ ജീവിതം തകർന്ന വേറെയും സ്ത്രീകളുണ്ട് ഈ നോവലിൽ. ചേന്ദമംഗലത്തു വച്ച് അന്നപൂർണി പരിചയപ്പെട്ട വരലക്ഷ്മി തമിഴ്ബ്രാഹ്മണ പുരുഷാധിപത്യ സമൂഹം പീഡിപ്പിച്ച് വലിച്ചെറിഞ്ഞ സ്ത്രീയാണ്. പരശുരാമയ്യരുടെ മകൾ രമണി ഭർതൃസഹോദരൻ ഭഗവതീശ്വരന്റെ ദുർന്നടപ്പിനാൽ ഭർത്താവു നഷ്ടപ്പെട്ട് വൈധവ്യം പേറി സ്വഗൃഹത്തിൽ തിരിച്ചെത്തിയതാണ്. പരസ്പരം കലഹിച്ചും തെറിവിളിച്ചും ജീവിതം വ്യർത്ഥമാക്കി തള്ളിനീക്കുന്ന മൊട്ടപ്പാട്ടിമാരുടെ ഒരു പരമ്പര തന്നെയുണ്ട് ഈ നോവലിൽ. അവരുണ്ടാക്കുന്ന സാമൂഹ്യപ്രശ്നങ്ങൾ ചെറുതല്ല. അതിന് അവരെ പഴിക്കാനും ആർക്കും സാധ്യമല്ല. തങ്ങളുടെ ജീവിതത്തിൽ അനുഭവിക്കേണ്ടി വന്ന പീഡനങ്ങൾ അവരെ നല്ല രീതിയിൽ ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള

വിവേകമില്ലാത്തവരായി മാറ്റുകയാണ്. ശിവകാമിയുടെ അയൽക്കാരി ലക്ഷ്മി ഇതിൽ വ്യത്യസ്തയായിരിക്കുന്നു. ശിവകാമിയെ മാതൃകയാക്കി ജീവിച്ച അവൾ പലയിടത്തും അഭിനന്ദനാർഹമായ പെരുമാറ്റരീതികൾ പ്രകടിപ്പിക്കുന്നതു കാണാം. കുലീനത്വത്തോടൊപ്പം തിന്മകളെ ചോദ്യം ചെയ്യാൻ തന്റേടവും നൽകിയാണ് എഴുത്തുകാരൻ ലക്ഷ്മിയുടെ കഥാപാത്രത്തെ രൂപപ്പെടുത്തിയിട്ടുള്ളത്.

### 3.4 തലമുറകൾ:

നോവലിസ്റ്റ്, ചെറുകഥാകൃത്ത്, കാർട്ടൂണിസ്റ്റ്, പത്രപ്രവർത്തകൻ, രാഷ്ട്രീയചിന്തകൻ എന്നീ നിലകളിൽ ശ്രദ്ധേയനായ ഒ.വി. വിജയൻ പാലക്കാട് ജില്ലയിലെ വിളയഞ്ചാത്തനൂരിൽ ജനിച്ചു. (1930-2005). നോവൽ, കഥ, ലേഖനം, കാർട്ടൂൺ തുടങ്ങിയ വിഭാഗങ്ങളിലായി നിരവധി കൃതികൾ രചിച്ച ഒ.വി. വിജയന്റെ ഏറ്റവും ശ്രദ്ധേയമായ കൃതി 'ഖസാക്കിന്റെ ഇതിഹാസ'മാണ്. കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, മുട്ടത്തു വർക്കി അവാർഡ്, എം.പി. പോൾ അവാർഡ് എന്നിവ ഒ.വി. വിജയന്റെ വിവിധ കൃതികൾക്ക് ലഭിച്ചു. 2001-ൽ എഴുത്തച്ഛൻ പുരസ്ക്കാരവും 2003-ൽ പത്മഭൂഷൺ ബഹുമതിയും കരസ്ഥമാക്കിയ ഒ.വി. വിജയന്റെ ആത്മകഥാംശമുള്ളതും അവസാനത്തേതുമായ സാഹിത്യ കൃതിയാണ് 'തലമുറകൾ'. പൊൻമുടിത്തറവാടിന്റെ തകർച്ചയിലൂടെ നാഗരികതയ്ക്കു സംഭവിക്കുന്ന ശൈഥില്യം ആവിഷ്ക്കരിക്കുന്ന കൃതിയാണിത്. പൊൻമുടി തറവാടും ഹോങ്കോങ്ങും പരസ്പരവിരുദ്ധമായ രണ്ടു സംസ്കാരങ്ങളുടെയും ജീവിതബോധ തലങ്ങളുടെയും പ്രാതിനിധ്യം വഹിക്കുന്ന ഈ കൃതി തലമുറകൾ തമ്മിലുള്ള സാംസ്കാരിക സംഘർഷങ്ങൾ വർത്തമാന കാല ജീവിതത്തിന്റെ ഉഷ്ണമുഖമാണെന്നു നമ്മെ ഓർമ്മിപ്പിക്കുന്നു. ഭാവനയിലൂടെ ചരിത്രത്തെ പുന:സൃഷ്ടിക്കുകയാണിവിടെ ചെയ്യുന്നത്. ജാതീയതയ്ക്ക് വിജയൻ പുതിയ മാനങ്ങൾ നൽകുന്നു. ബ്രാഹ്മണ്യം നേടാനുള്ള തീവ്രശ്രമം, അതു നേടിയെടുത്തപ്പോൾ തോന്നുന്ന നിഷ്പ്രയോജനത,

കഠിനയാതനകളിലൂടെ നേടിയെടുത്ത ബ്രാഹ്മണ്യത്തോടുള്ള തികഞ്ഞ അവജ്ഞ എന്നിവ അവതരിപ്പിക്കുന്നതിലൂടെ ജാതികൾക്കിടയിലെ അതി സൂക്ഷ്മമായ വ്യത്യാസങ്ങളെയും വൈരുദ്ധ്യങ്ങളെയും വെളിപ്പെടുത്താനാണ് ഈ കൃതിയിലൂടെ ശ്രമിക്കുന്നത്. ധർമ്മപുരാണം, ഗുരുസാഗരം, മധുരം ഗായതി, പ്രവാചകന്റെ വഴി തുടങ്ങിയവ അദ്ദേഹത്തിന്റെ ശ്രദ്ധേയമായ കൃതികളാണ്.

പാലക്കാട്ടെ ഈഴവത്തറവാടുകളെ കേന്ദ്രീകരിച്ച് തലമുറകളിൽ നിന്ന് തലമുറകളിലേക്ക് നീളുന്ന ജനിമൃതിരഹസ്യങ്ങൾ പങ്കുവയ്ക്കുന്ന നോവലാണ് 1997 ൽ പുറത്തിറങ്ങിയ ഒ.വി. വിജയന്റെ 'തലമുറകൾ'. സ്വന്തം കുടുംബ പശ്ചാത്തലത്തിൽ നിന്നു കഥ പറയുന്നതിനാൽ ആത്മകഥാസ്പർശമുള്ള നോവലാണിത്. ചരിത്രവും ഐതിഹ്യവും കെട്ടുപിണഞ്ഞ ഒരു രചനാരീതിയാണ് വിജയൻ ഇവിടെ കൈക്കൊണ്ടിട്ടുള്ളത്. പാലക്കാടു ജില്ലയിലെ ഒരു ഈഴവ കുടുംബത്തിന്റെ ഇരുനൂറു കൊല്ലത്തിനപ്പുറവുമിപ്പുറവുമുള്ള രേഖപ്പെടുത്തിയതും അല്ലാത്തതുമായ പരമ്പരകളിൽ നിന്നുകൊണ്ട് ചരിത്രത്തിന്റെ ഒരു സ്മൃതിചിത്രം നൽകുകയാണ് ഈ നോവൽ ചെയ്യുന്നത്. ചാമിയാരപ്പൻ എന്ന തറവാട്ടുകാരണവരുടെ മുമ്പിലും പിന്നിലുമുള്ള ഈ കുടുംബ ചരിത്രം ചാമിയാരപ്പന്റെ പേരക്കിടാവായ ചന്ദ്രന്റെയും അവന്റെ ജർമ്മൻ കൂട്ടുകാരിയുടെയും ചർച്ചകളിലൂടെയാണ് അനാവരണം ചെയ്യപ്പെടുന്നത്. തന്റെ പശ്ചാത്തലം ഒരു വിദേശവനിതയ്ക്ക് വർണിച്ചു കൊടുക്കുന്നതിലൂടെ ചന്ദ്രൻ കേരളത്തിൽ നടന്ന ജാതിക്കോയ്മ, മതംമാറ്റം, ജാതിവിരുദ്ധ സമരങ്ങൾ, സാമ്രാജ്യത്വ വിരുദ്ധ പ്രക്ഷോഭങ്ങൾ, ജന്മിത്തത്തോടുള്ള എതിർപ്പ് എന്നീ ചരിത്രസംഭവങ്ങളെക്കൂടി അനാവരണം ചെയ്യുന്നു. തങ്ങൾക്കു ജനിക്കുന്ന കുഞ്ഞിന് പാരമ്പര്യത്തിന്റെ തുടർക്കണ്ണിയായി 'തിയോഡോർ വേൽ വാഗ്നർ' എന്നു പേരിടുന്നതിലും അവന്റെ വേരു തേടലുമായി നോവൽ അവസാനിക്കുന്നു.

മുപ്പത്തിയെട്ട് അധ്യായങ്ങളിലായി വിജയൻ മൂന്നു തലമുറയുടെ കഥ പറയുന്നു. ഗ്രാമീണതയും നാഗരികതയും പാശ്ചാത്യപൗരസ്ത്യ സംസ്കാര

ങ്ങളും നോവലിൽ ഇഴചേർക്കുന്നു. ജാതിയുടെ രഹസ്യങ്ങൾ ചന്ദ്രനെയും റോസ്മേരിയെയും അമ്പരപ്പിക്കുന്നു. അതിൽ നിന്നു പുറത്തു കടക്കാൻ തലമുറകളായി സ്വീകരിക്കുന്ന മാർഗ്ഗങ്ങളാണ് റോസ്മേരിയിൽ കൗതുകം ജനിപ്പിച്ചത്. ആഭിചാരം പോലെ മറഞ്ഞിരുന്നുള്ള മന്ത്രതന്ത്രാദികളിൽ തുടങ്ങി ചതിപ്രയോഗങ്ങളിലൂടെ സഞ്ചരിച്ച് നേരിട്ടുള്ള സമരത്തിലെത്തി നിൽക്കുന്നു ആ ജാതിപ്രശ്നങ്ങൾ. ഒ.വി. വിജയന്റെ അവസാന നോവലായ 'തലമുറകളി'ൽ ചന്ദ്രനായവതരിക്കാനുള്ള നിയോഗം എഴുത്തുകാരനു തന്നെ യായിരുന്നു. മുത്തശ്ശിയിൽ നിന്നും പകർന്നു കിട്ടിയ തലമുറകളുടെ കഥകൾക്കും കെട്ടുകഥകൾക്കും തന്റെ സ്വത:സിദ്ധശൈലിയിൽ ഐതി ഹ്യങ്ങൾ കൂട്ടിച്ചേർത്ത് പുതിയ ഒരു ഭാവുകത്വപരിസരം സൃഷ്ടിക്കുകയാണ് 'തലമുറകളി'ലൂടെ ഒ.വി. വിജയൻ ചെയ്യുന്നത്. ഉള്ളടക്കത്തിന്റെ സ്വഭാവം കണക്കിലെടുത്ത് നോവലിന്റെ അംശങ്ങളെ പലതായി തിരിക്കാം. ജാതിക്കോയ്മയുടെ കാലഘട്ടം, ജാതിവിരുദ്ധ പ്രക്ഷോഭങ്ങളുടെയും മതം മാറ്റത്തിന്റെയും കാലഘട്ടം, സാമ്രാജ്യത്വവിരുദ്ധ പ്രക്ഷോഭങ്ങളുടെ കാല ഘട്ടം, ആധുനികോത്തര കാലഘട്ടം എന്നിവയാണവ.

### 3.4.1 ജാതിക്കോയ്മ:

ചാമിയാരപ്പന്റെ മുൻതലമുറയിലെ അപ്പുക്കാരണവരുടെ കാലഘട്ടമാണ് ജാതിക്കോയ്മയുടെ കാലഘട്ടമായി ഇവിടെ എടുക്കാനാവുക. നിലങ്ങളും കളപ്പുരകളും പശുക്കളും സ്ത്രീകളും നിറഞ്ഞ പൊൻമുടിത്തറവാട്ടിൽ അപ്പുക്കാരണവരുടെ ജന്മം നചികേതസ്സിന്റെ ജന്മമാണെന്ന് ഒ.വി. വിജയൻ പറയുന്നു. ജാതിചിഹ്നം ഉറപ്പിക്കാൻ അപ്പുക്കാരണവർ നടത്തുന്ന തീവ്രശ്രമ ങ്ങളാണിവിടെ ശ്രദ്ധേയം. എല്ലാം നിറഞ്ഞിട്ടും എന്തോ കുറവയാൾക്കനു ഭവപ്പെട്ടു. ജാതിയുടെ ഉയർച്ച താഴ്ചകളിൽ തനിക്കു കീഴ്പ്പെടാത്ത ആരോ ഉണ്ടെന്ന തോന്നൽ അയാളിലുണ്ടായി. ദാനം ചോദിച്ചുവന്ന ബ്രാഹ്മണ സ്ത്രീയോട് മകളെ വെപ്പാട്ടിയായി വേണമെന്നാവശ്യപ്പെട്ട അപ്പുക്കാരണവർ കേട്ട വാക്കും 'അധർമ്മി' എന്നായിരുന്നു. അമാടക്കാശു വീശിയെറിഞ്ഞ്

അധർമ്മി ധർമ്മിയായി. ശിവകാമിയിലൂടെ കീഴടക്കാൻ ശ്രമിച്ച ബ്രാഹ്മണ്യം അപ്പുക്കാരണവരെ തോൽപ്പിച്ചപ്പോൾ അയാൾ ആഭിചാരത്തിൽ അഭയം തേടി. ദുർമ്മന്ത്രങ്ങളുടെ ആദിദ്രാവിഡമാണ്, ബ്രാഹ്മണന്റെ ഗായത്രിയല്ല അപ്പു ക്കാരണവർക്ക് വഴങ്ങിയത്. തലവെട്ടിയ കണ്ടത്തു നായർ അപ്പുക്കാരണ വരുടെ വെളിച്ചമായി. അവർണ്ണതയെ അറച്ചുകൊണ്ടുള്ള പൊന്മുടിത്തറവാ ടിന്റെ പ്രയാണം വെറുതെയാണെന്ന തിരിച്ചറിവ് അപ്പുക്കാരണവർക്കുണ്ടായി. ഇത്തിരി സ്വാദിനും ഇത്തിരി പെണ്ണിനും മറ്റെന്തൊക്കെയോ ഇത്തിരി സാഫല്യങ്ങൾക്കുമായി അപ്പുക്കാരണവരും അമ്മിണിയേടത്തിയും ചേർന്നു നടത്തിയ കള്ളത്തരങ്ങളുടെ പരമ്പര തലമുറകളിലൂടെ സഞ്ചരിച്ചു. വിത്തനാശം മാത്രം പൊന്മുടിക്കാരെ ഭ്രാന്തരാക്കിക്കൊണ്ടിരുന്നു.

### 3.4.2 ജാതിവിരുദ്ധ പ്രക്ഷോഭം:

അപ്പുക്കാരണവരുടെ പിന്തുടർച്ചക്കാരനായെത്തിയ ചാമിയാരപ്പനും ജാതിയുടെ പീഡനത്തിൽ വലഞ്ഞു. തങ്ങളുടെ അവർണ്ണതയോടുള്ള അറപ്പ് വ്യർത്ഥമാണെന്ന അപ്പുക്കാരണവർക്കു കിട്ടിയ തിരിച്ചറിവ് ചാമിയാരപ്പന് പകർന്നുകിട്ടിയില്ല. എങ്ങനെ അവർണ്ണതയിൽ നിന്ന് ആഢ്യത്വത്തിലേക്ക് കടന്നുകയറാമെന്നായി അയാളുടെ ചിന്ത. അതിനയാൾ കണ്ടെത്തിയ വഴിയായിരുന്നു അഗ്രഹാരം തീണ്ടൽ. 'ഞാനും എന്റെ തലപ്പുലയനും കൂടി അഗ്രഹാരം തീണ്ടും' എന്നയാൾ മനസ്സിലുറപ്പിച്ചു. താൻ കൂടി നികുതി കൊടുക്കുന്ന പാതകളാണ് കൽപാത്തിയിലേക്ക് നീളുന്നതെന്നയാൾ ന്യായീ കരണം കണ്ടെത്തി. അന്നുവരെ പരോക്ഷസമരങ്ങൾ ചെയ്തും വെപ്പാട്ടി മാരുടെ ഗായത്രിമന്ത്രങ്ങളെ അപമാനിച്ചും റെയിൽവേ സ്റ്റേഷനിലെ വില കുറഞ്ഞ ഭക്ഷണശാലകളിലെ 'ബ്രാഹ്മണർക്കു മാത്രം' എന്ന അറിയിപ്പുകളിൽ താറടിച്ചും മാത്രം തൃപ്തിയടഞ്ഞ പൊന്മുടിയിലെ അസ്വസ്ഥപരമ്പര പ്രത്യക്ഷ സമരത്തിന് ഒരുങ്ങി. അതിനെ പിന്തുണയ്ക്കുന്നവരാകട്ടെ അതേ തമിഴ്ബ്രാഹ്മണവംശജരും കേരളമൊട്ടുക്ക് ജാതിസമരങ്ങൾ കൊടുമ്പിരി കൊണ്ടിരുന്ന ആ കാലഘട്ടത്തിൽ പാലക്കാട്ട് അതിന്റെ നേതൃത്വം

ഏറ്റെടുത്തത് ഈഴവത്തറവാടുകളാണ്. അഭിജാതരായ ഒരു സംഘം യുവാക്കളെ കൂട്ടി ചാമിയാരപ്പൻ അഗ്രഹാരം തീണ്ടി. യുക്തിവാദിയായ ചാമിയാരപ്പൻ കൽപാത്തി ക്ഷേത്രത്തിനു നേരെ നീങ്ങി. ഒരു സംഘം പട്ടന്മാർ മുളവടിയും കല്ലുമായി ചാമിയാരപ്പനെ നേരിട്ടു. മലയാളവും തമിഴുമല്ലാത്ത അവരുടെ കലമ്പലുകൾ കേട്ടപ്പോൾ ചാമിയാരപ്പൻ ചിന്തിച്ചത് മറ്റൊന്നാണ്, 'ഭാഷകൾക്ക് വർഗ്ഗസങ്കരം ആകാം, മനുഷ്യഗോത്രങ്ങൾക്കേ ഗീതയും മനുവും അത് നിഷിദ്ധമാക്കിയുള്ളു' (പുറം 51).

### 3.4.3 മതം മാറ്റങ്ങൾ:

കൽപാത്തിയിൽ അടിയേറ്റു വീണ ചാമിയാരപ്പൻ ഓർമ്മ തെളിഞ്ഞ പ്പോൾ തന്റെ നിലപാടിനെക്കുറിച്ചോർത്തു. അവിടെ ചാമിയാരപ്പൻ എന്ന യുക്തിവാദി അസ്തമിച്ചു. പകരം 'തിയോഡോർ' എന്ന ക്രിസ്ത്യാനി ഉയിർ ത്തെഴുന്നേറ്റ് അഗ്രഹാരവീഥിയിലൂടെ കൈവീശി നടന്നു. ജാതിസമരങ്ങൾക്കു പിന്നിലെ പൊള്ളത്തരങ്ങൾ വെളിവാകാൻ ഇതിലും നല്ല ഉദാഹരണം വേറെ വേ . ഏതൊരധ:കൃതനും മതം മാറി ക്രിസ്ത്യാനിയായി കഴിഞ്ഞാൽ തീണ്ടലില്ല. ഈ തിരിച്ചറിവാണ് ചാമിയാരപ്പനെ ക്രിസ്ത്യാനിയാക്കിയത്. തന്റെ വംശപരമ്പരയിലെ അടുത്ത കണ്ണിയായി ചാമിയാരപ്പൻ കണ്ട ഗോപാലൻ നാട്ടിൽ വരാനോ പൊന്മുടിയെ ഉദ്ധരിക്കാനോ ശ്രമിച്ചില്ല. തനിക്കു പറക്കാനുള്ള വിശാലമായ ആകാശങ്ങൾ തേടി അയാൾ ലണ്ടനിലേക്ക് യാത്രയായി. തന്റെ അപ്പാർട്ട്മെന്റിലിരുന്ന് ഗോപാലൻ ചിന്തിച്ചതും ജാതീയത മറികടക്കുന്നതിനുള്ള തന്ത്രങ്ങളെക്കുറിച്ചായിരുന്നു. ഹൈന്ദവ പാരതന്ത്ര്യ ത്തിൽ നിന്നു രക്ഷപ്പെടണം. എന്നാൽ വല്യച്ഛൻ ചാമിയാരപ്പന്റെ ക്രിസ്തുമത ത്തിലേക്കുള്ള പരിവർത്തനം യാതൊരു ചലനവും സൃഷ്ടിച്ചില്ല. കാരണം അത് സാമ്രാജ്യത്വത്തോടുള്ള വിധേയത്വമായേ പരിണമിക്കൂ. ബ്രിട്ടീഷ് ഇന്ത്യയുടെ പ്രജാപദവി തന്റെ അധ:കൃതാവസ്ഥയെ ഊന്നുക മാത്രമേയുള്ളു എന്നു തിരിച്ചറിഞ്ഞ ഗോപാലൻ അഗ്രചർമ്മഛേദനം ചെയ്ത് ഇംതിയാസ് ഹസ്സൻ എന്നു പേരുമാറ്റി മുസൽമാനായി. ജസീക്കയോടൊപ്പം ഒളിച്ചോടി

സുഖജീവിതം നയിക്കാൻ പാരീസിലെത്തി. കാണുന്നിടത്തൊക്കെയും അപരിചിതത്വങ്ങൾ, എന്തൊക്കെയോ ചങ്ങലക്കെട്ടുകൾ ഏതോ ഒരു സ്പർശത്തിനു വേണ്ടിയുള്ള അന്തർദ്ദാഹം, അത് പാലക്കാടൻ കാറ്റിന്റെയും പനമ്പട്ടകളുടെയും പെരുമ്പറയാണെന്ന തിരിച്ചറിവിൽ ഇംതിയാസ് ഹസ്സൻ, മഹാമതങ്ങളുടെ ഐതിഹാസികയുദ്ധങ്ങളിൽ നഷ്ടപ്പെട്ട ഗോപാലൻ എന്ന പേരിനു വേണ്ടി ദാഹിച്ചു.

ജപ്തി ചെയ്ത പൊന്മുടിത്തറവാട്, ചാമിയാരപ്പൻ ഐതിഹാസിക സമരം നടത്തി പരാജയമടഞ്ഞ തമിഴ് ബ്രാഹ്മണ സമുദായത്തിൽ നിന്നു കടന്നുവന്ന സാംബശിവയ്യർ തിരികെ നൽകി സൗഹൃദം ഊട്ടിയുറപ്പിച്ചതോടെ അവർണ്ണത സൃഷ്ടിച്ച അസ്വസ്ഥത ചാമിയാരപ്പനിൽ നിന്ന് എന്നെന്നേക്കുമായി നീങ്ങി. മറ്റെല്ലാ ചിന്തകളും മാറ്റിവച്ച് ഗൃഹസ്ഥന്റെ ഭാഗം അഭിനയിച്ചു കൊ ് അയാൾ കാലം കഴിച്ചുകൂട്ടി. അടുത്ത പരമ്പരയിലെ കണ്ണിയായ ചന്ദ്രന് പൂർവ്വകഥകൾ പറഞ്ഞുകൊടുക്കുന്നതായി ചാമിയാരപ്പന്റെയും ഭാര്യയുടെയും വിനോദം.

### 3.4.4 സാമ്രാജ്യത്വ വിരുദ്ധ സമരങ്ങൾ:

സാമ്രാജ്യത്വത്തിനെതിരെ പൊന്മുടിത്തറവാട്ടിൽ ആദ്യം ചിന്തിച്ചത് ഗോപാലനാണ്. ഹിന്ദുമതം മടുത്ത ഗോപാലന് സാമ്രാജ്യത്വത്തോടുള്ള വിധേയത്വം സഹിക്കാനാവാത്തതിനാൽ ക്രിസ്ത്യാനിയാകാൻ കഴിഞ്ഞില്ല. ഇസ്ലാം മതം അതിന്റെ സ്വാധീനശക്തി പ്രബലമാക്കാതിരുന്നതിനാൽ അയാൾ ഇസ്ലാമായി. ഗാന്ധിജിയുടെ സാമ്രാജ്യത്വവിരുദ്ധ സമരങ്ങൾക്ക് സമാന്തരമായി കമ്മ്യൂണിസ്റ്റുകാരുടെ കർഷകസമരങ്ങളും നാട്ടിൽ കൊടുമ്പിരി കൊണ്ടു. കൊലയും കൊള്ളിവെയ്പ്പും ബ്രിട്ടീഷ് പട്ടാളവും പോലീസും ചേർന്ന് നാട്ടിൽ സംഘർഷഭരിതമായ അന്തരീക്ഷം സൃഷ്ടിച്ചു. പോലീസുകാരന്റെ മകനായ ചന്ദ്രൻ അല്ലലേശാതെ വളർന്നു. സുബേദാർ എന്ന വാക്കിന്റെ ഉള്ളടക്കം വ്യാഖ്യാനിച്ച വില്യം ഹിച്ച്കോക്ക് എന്ന വെള്ളക്കാരൻ മലബാർ ഇൻഫന്ററിയെ ആ പദവികൾക്കു കീഴിലെത്തിച്ചു. സുബേദാർക്കു മുകളിൽ

വെളുത്ത മനുഷ്യന്റെ പട്ടാളവും സമൂഹവും താഴെ പൗരാണിക കോലങ്ങളിൽ നിന്ന് പുറത്തേക്ക് വലിച്ചിഴയ്ക്കപ്പെട്ട ഇന്ത്യൻ പ്രജയും നിന്നു. കൊച്ചുകൊച്ചു രാജ്യങ്ങളായി ഒറ്റപ്പെട്ടു സമരം നടത്തിയ ഝാൻസിറാണിയും താന്തിയാ തോപ്പിയും പഴശ്ശിരാജയും ബ്രിട്ടീഷ് സാമ്രാജ്യത്വത്തോട് തോറ്റു പിന്മാറിയ ചരിത്രം ചന്ദ്രൻ പഠിച്ചറിഞ്ഞു. ഇന്ത്യാ സാമ്രാജ്യം എന്ന ഒറ്റനാമത്തിൽ ഒരിക്കലും ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ എതിർക്കാനായില്ലെന്ന് ഒ.വി. വിജയൻ കണ്ടെത്തുന്നു. മാപ്പിളലഹളയിലെ അവസാന കലാപകാരിയ്ക്കെങ്കിലും ഹിച്ച് കോക്കിനെ വെടിവെച്ചിടാനായി. ഒടുക്കം തങ്ങൾ തന്നെ ഭരണാധികാരികളാകാൻ പോകുന്ന ഭാവിയിലേക്ക് ചന്ദ്രന്റെ തലമുറ വളർന്നു.

### 3.4.5 ആധുനികാനന്തരകാലം:

പാലക്കാടൻ നാട്ടിൻപുറത്തു നിന്നും ഹോങ്കോങ്ങിലേക്കും ജർമ്മൻകാരിയായ റോസ്മേരി വേൽ വാഗ്നർ എന്ന സ്ത്രീയുടെ ജനിതകപ്പാതിയായുള്ള വിലയനത്തിലേക്കുമുള്ള ചന്ദ്രന്റെ യാത്ര നവോത്ഥാനത്തിന്റെയും ആധുനികതയുടെയും ആധുനികാനന്തരതയുടെയും തുടർച്ചയെ അടയാളപ്പെടുത്തുന്നു. തികഞ്ഞ വിശുദ്ധിയിൽ പിറക്കുന്ന വലിയൊരു പരമ്പരയിലെ തലമുറകളിലൊന്നിനെ സാക്ഷ്യപ്പെടുത്താൻ പിറഞ്ഞ കുഞ്ഞിനെ ഭൂമിയിൽ ഒറ്റയ്ക്കായി ചന്ദ്രനും റോസ്മേരിയും പിൻവാങ്ങുകയാണ് നോവലിൽ. ഒരപകടം അവശേഷിപ്പിച്ചത് ഗർഭത്തിൽ മരിക്കാതിരുന്ന ഒരു കുഞ്ഞിനെയായിരുന്നു. ചലനമറ്റ റോസ് മേരിയുടെ ഗർഭത്തിൽ നിന്ന് ഇൻകുബേറ്ററിലേക്ക് മാറ്റിയ ആ കുഞ്ഞിനായി രണ്ടു കരുതൽ നിക്ഷേപങ്ങൾ അവർ മാറ്റിവച്ചു. പിറന്നു വീണിട്ടില്ലാത്ത സന്തതിക്കെഴുതിയ കത്തുകളും ലൗകികത്തിൽ ഒഴിച്ചുകൂടാനാവാത്ത ഭാരമായ ധനശേഖരവും. ഒപ്പം വലിയൊരു പാരമ്പര്യത്തിന്റെ കണ്ണി ചേർക്കാൻ തക്കൊരു പേരും അവർ അവന് സമ്മാനിച്ചു : 'തിയോഡോർ വേൽ വാഗ്നർ'.

### 3.4.6 സ്ത്രീകഥാപാത്രങ്ങൾ:

മൂന്നു തലമുറകളിലായി നിരവധി സ്ത്രീകഥാപാത്രങ്ങളെ 'തലമുറ'കളിൽ അണിനിരത്തുന്നുണ്ടെങ്കിലും തമിഴ്ബ്രാഹ്മണ സമൂഹത്തിന്റെ പ്രതിനിധികളായി രണ്ടുപേരേയുള്ളു. മുണ്ടച്ച്യമ്മ്യാരും മകൾ ശിവകാമിയും. പൊതുസമൂഹത്തിലെ വീടുകളിൽ സവർണ്ണാവർണ്ണ ഭേദമില്ലാതെ ഭിക്ഷ യാചിക്കുന്ന അവസ്ഥയിലേക്ക് തമിഴ് ബ്രാഹ്മണ കുടുംബങ്ങൾ മാറിപ്പോയി എന്നു വേണം ഈ അമ്മ്യാരുടെ അവസ്ഥയിൽ നിന്നു മനസ്സിലാക്കാൻ. പെൺകുട്ടികളെ മാടുകളെപ്പോലെ കർണ്ണാടകയിലേക്ക് കയറ്റിയയ്ക്കുന്ന ചരിത്രം തമിഴ്ബ്രാഹ്മണ കുടുംബങ്ങൾക്കുണ്ട് (നെട്ടൂർമഠം). അതിനാൽ ആമാടക്കാശിന് മകളെ അവർണന് അമ്മ്യാർ വിറ്റതിൽ പുതുമയൊന്നുമില്ല. അവർണ്ണതയുടെ മാനസികപീഡയിൽ തളർന്ന പൊന്മുടിയിലെ കാരണ വന്മാർക്ക് ഊർജ്ജമായി ശിവകാമി. നോവലിന്റെ തുടക്കത്തിൽ പ്രത്യക്ഷപ്പെട്ടു മറഞ്ഞുപോകുന്ന ഒരു കഥാപാത്രമാണെങ്കിലും ഇങ്ങേയറ്റത്തെ തലമുറ വരെയും നീണ്ടുനിന്ന്, ഏറെക്കാലത്തിനു ശേഷം മാത്രം തിരിച്ചറിവുണ്ടായ പൊൻമുടിക്കാരണവന്മാരുടെ ജാതിധ്വംസനത്തിന് ഇരയാകേണ്ടി വന്നവൾ എന്ന നിലയ്ക്ക് ശിവകാമി നോവലിന്റെ മുഖ്യധാരയിൽ ഇടം പിടിക്കുന്നു. ബ്രാഹ്മണിയുടെ ഗായത്രിയും അവർണ്ണബലാത്സംഗിയുടെ നിന്ദയും പിൻതല മുറകൾക്ക് പ്രചോദനമായി. തലമുറകൾക്കേറ്റ ശാപമായി മുത്തശ്ശിമാർ അതിനെ വിശേഷിപ്പിച്ചു. ശിവകാമി ഒരു പ്രത്യേക ചരിത്രഘട്ടത്തെ പ്രതിനിധാനം ചെയ്യുന്നു. അവളെ ആയുധമാക്കി ഒരു വിഭാഗം നേടിയതെന്ത് എന്ന ചിന്ത അവശേഷിക്കുന്നു. ഇതാണ് ഈ നോവലിൽ ശിവകാമിയുടെ സ്ഥാനം.

## 3.5 കിളിമൊഴികൾക്കപ്പുറം:

2007-ൽ കേന്ദ്രസാഹിത്യ അക്കാദമി അവാർഡു നേടിയ 'അടയാളങ്ങളു'ടെ തുടർച്ചയാണ് 2009 ൽ പ്രസിദ്ധീകരിച്ച സേതുവിന്റെ 'കിളിമൊഴികൾക്കപ്പുറം' എന്ന നോവൽ. 1942-ൽ എറണാകുളം ജില്ലയിലെ

ചേന്ദമംഗലത്ത് ജനിച്ച സേതു സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ചെയർമാനായാണ് സേവനമനുഷ്ഠിച്ചിരുന്നത്. അസ്തിത്വവാദ ദർശനമുള്ള കൃതികളാണ് അദ്ദേഹത്തിന്റേത്. സമൂഹം രൂപപ്പെടുത്തിയ നീതിശാസ്ത്രത്തിന്റെ തടവറയിൽ ജീവിക്കുന്ന സ്ത്രീകളുടെ കഥകളാണ് സേതു പ്രധാനമായും രചിച്ചിട്ടുള്ളത്. കിരാതം, നനഞ്ഞ മണ്ണ്, പാണ്ഡവപുരം, അറിയാത്ത വഴികൾ, അടയാളങ്ങൾ, കിളിമൊഴികൾക്കപ്പുറം, പെണ്ണകങ്ങൾ എന്നിവയാണ് ശ്രദ്ധേയ മായ കൃതികൾ. 'പാണ്ഡപുര'ത്തിന് 1982-ൽ കേരള സാഹിത്യ അക്കാദമി അവാർഡും 'അടയാളങ്ങൾ'ക്ക് 2006-ലെ വയലാർ അവാർഡും 2007-ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും ലഭിച്ചു. മനുഷ്യബന്ധങ്ങളി ലു ാകുന്ന വിള്ളലുകൾ ഒരമ്മയിലൂടെയും അവരിൽ നിന്നകന്നുകൊ ിരിക്കുന്ന മകളിലൂടെയും ചിത്രീകരിച്ചിട്ടുള്ള 'അടയാളങ്ങളു'ടെ തുടർച്ച യാണ് 'കിളിമൊഴികൾക്കപ്പുറം'.

സമകാലിക സാമൂഹ്യജീവിതം സങ്കീർണ്ണമായ നിരവധി പ്രശ്നങ്ങ ളാണ് സാങ്കേതിക വിദ്യയുടെ വളർച്ചയെത്തുടർന്ന് നേരിട്ടുകൊണ്ടിരിക്കുന്നത്. സാമൂഹ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന സാഹിത്യത്തിലും അതുകൊണ്ടു തന്നെ സങ്കീർണ്ണവും വ്യാഖ്യാനവിധേയമല്ലാത്തതുമായ പ്രശ്നങ്ങളാണ് അവതരിപ്പിക്കുന്നത്. ഇത്തരമൊരു സാഹചര്യത്തെ ഹൃദ്യമായി ആവിഷ്ക്ക രിച്ചു എന്നതാണ് സേതുവിന്റെ നോവലിന്റെ പ്രത്യേകത. നഗരവത്ക്കരണവും കമ്പോളവത്ക്കരണവും മൂലം മനുഷ്യന്റെ ജീവിതം തിരക്കു പിടിച്ചതായി മാറുമ്പോൾ മനുഷ്യബന്ധത്തിൽ വിള്ളലുകൾ സംഭവിക്കുന്നു. ഇത് പലപ്പോഴും മനുഷ്യമനസ്സിൽ ആകുലതകൾ സൃഷ്ടിക്കും. പരസ്പര സ്നേഹത്തിന്റെ ചങ്ങലക്കണ്ണികൾ മുറിയുകയും രക്തം ജീവിതത്തിൽ നിന്നും ഗ്രാമീണതയിലേക്കും ഭൂതകാലത്തിലേക്കും മടങ്ങിപ്പോകാനുള്ള വെമ്പൽ ഓരോ മനുഷ്യനും പ്രകടിപ്പിക്കുന്നു. ഇത്തരത്തിലുള്ള അനുവാചക മനസ്സുകളെ അഭിരുചിയറിഞ്ഞു തൃപ്തിപ്പെടുത്തുന്ന എഴുത്തുകാരനാണ് സേതു. സൈബർ ലോകം വ്യക്തിജീവിതത്തിന്റെ സ്വകാര്യതകളെ ഹനിക്കുന്ന

രീതിയിലേക്ക് വളരുന്നതിന്റെ ഒരാകുലത 'അടയാള'ങ്ങളിലും 'കിളിമൊഴികൾക്കപ്പുറ'ത്തിലും സേതു പങ്കുവയ്ക്കുന്നു.

വലിയൊരു ഗ്രൂപ്പിന്റെ കോർപ്പറേറ്റ് ഓഫീസിലെ ഹ്യൂമൻ റിസോഴ്സ് വകുപ്പിന്റെ തലപ്പത്തിരിക്കുന്ന സ്ത്രീയാണ് പ്രിയംവദ. കേന്ദ്രകഥാപാത്രമായ പ്രിയംവദയെ ചുറ്റി നിരവധി സ്ത്രീകഥാപാത്രങ്ങൾ ഈ നോവലിൽ അണിനിരക്കുന്നു. പുരുഷമേധാവിത്വവും വ്യാവസായിക മുതലാളിത്തവും സൃഷ്ടിക്കുന്ന ജനകീയ പ്രശ്നങ്ങളിൽ നിന്നൊളിച്ചോടാതെയും വ്യക്തി ജീവിതത്തിലെ തകർച്ചകൾക്കും നഷ്ടങ്ങൾക്കും ഒരു പരിധിയ്ക്കപ്പുറം വില കൊടുക്കാതെയും ഈ സ്ത്രീകൾ ശക്തമായ ഒരു സ്ത്രീലോകം സൃഷ്ടിക്കുന്നുണ്ടിതിൽ. വ്യത്യസ്ത സ്വഭാവം പുലർത്തുന്ന നാലു സ്ത്രീകളെയും അവരോടൊപ്പം പേരു ചേർക്കേണ്ട നാലു പുരുഷന്മാരെയുമാണ് സേതു കഥ പറയാൻ മാധ്യമമാക്കുന്നത്. പ്രിയംവദ, മകൾ നീതു, നീതുവിന്റെ കൂട്ടുകാരി ആലീസ്, പ്രിയംവദയുടെ കൂട്ടുകാരി ഡോക്ടർ മോഹന എന്നിവരാണ് ഈ സ്ത്രീകൾ, രഞ്ജിത്ത്, ആദിത്യ, സന്തോഷ്, ഫ്രെഡ്ഡി എന്നിവരാണ് ഇവരോടൊപ്പമുള്ള പുരുഷന്മാർ. അതിസങ്കീർണ്ണമായ വൈകാരിക പ്രശ്നങ്ങളിലൂടെ ഈ കഥാപാത്രങ്ങൾ കടന്നുപോകുന്നതിനു സമാന്തരമായി ഒരു സ്ഥലത്തെക്കൂടി ഈ പ്രശ്നപരിസരത്തിലേക്ക് ഉൾച്ചേർക്കുന്നു എഴുത്തുകാരൻ. ഈ സ്ഥലത്തേയും ഈ ബന്ധങ്ങളെയും ഇഴപിരിച്ചു പരിശോധിക്കുകയാണ് ഇവിടെ.

### 3.5.1 പാർവ്വതീപുരത്തിന്റെ മീനാക്ഷിപാളയത്തിലേക്കുള്ള വളർച്ച:

ശിവനെ ഒറ്റക്കാലിൽ നിന്നു പാർവ്വതി തപസ്സു ചെയ്ത സ്ഥലമാണത്രെ പാർവ്വതീപുരം. തപ:ശക്തി കൊണ്ട് വരണ്ടുപോയ ഭൂമിയെ ഉപേക്ഷിച്ച് പ്രദേശവാസികളെല്ലാം ജലസമൃദ്ധി തേടിപ്പോയി. പാഴ്നിലത്തെ മെരുക്കുന്നവനാണ് യഥാർത്ഥ കൃഷിക്കാരൻ എന്ന പ്രബോധനവുമായി ഒരു നാൾ മലയിറങ്ങി വന്ന ഒരു യോഗി ആ നാട്ടിൽ മധുരമൂറുന്ന കരിമ്പിൻ തുണ്ടുകൾ നടുന്നു. സേതു ഇയാളെ ആദികർഷകൻ എന്നു വിശേഷിപ്പിക്കുന്നു. ഉള്ളിൽ

നന്മ കാക്കുന്നവനെ, അദ്ധ്വാനിക്കുന്നവനെ മണ്ണു ചതിക്കില്ലെന്ന് അയാൾ പഠിപ്പിച്ചു. നാടുവിട്ടു പോയവരൊക്കെ തോറ്റവരായി തിരിച്ചു വന്നു. പാർവ്വതീ പുരത്തെ വെള്ളവും വായുവും മധുരിച്ചു. കരിമ്പു വയലുകൾ കൊ ˘ പാർവ്വതീപുരം നിറഞ്ഞു. പാർവ്വതീപുരത്തിന്റെ സമൃദ്ധി കേട്ടറിഞ്ഞു വന്ന ചെട്ടിയാന്മാർ അവിടെ കരിമ്പു ഫാക്ടറി ആരംഭിച്ചു. ഗ്രാമവാസികൾക്കെല്ലാം തൊഴിൽ നൽകിയ ആ ഫാക്ടറിയെ എല്ലാവരും സ്വീകരിച്ചു. പാർവ്വതീപുരം മീനാക്ഷിപാളയമായി. പോകെപ്പോകെ മണ്ണും വെള്ളവും വായുവും കറുത്തു. ഗ്രാമീണർ ഒടിയനും മായനുമായെങ്കിലും ഫലമുണ്ടായില്ല. ഒടുക്കം സ്ഥാപിത താത്പ്പര്യങ്ങൾ അവരിലും വളർന്നുതുടങ്ങി. വ്യക്തിബന്ധങ്ങളെയും രക്ത ബന്ധങ്ങളെയും അസ്ഥാനത്താക്കി വളർന്നുവന്ന സ്വാർത്ഥത നിരവധി പിതൃഘാതകരെ സൃഷ്ടിച്ചു. വിരമിക്കാൻ ഒരു വർഷം ബാക്കി നിൽക്കെ ഒന്നിനു പിറകെ ഒന്നായി ഒൻപത് തൊഴിലാളികൾ ദുരൂഹമരണം വരിക്കുകയും ആശ്രിതനിയമനം മുറയ്ക്കു നടക്കുകയും ചെയ്തു. ഒൻപത് ആത്മാക്കളുടെ ശാപം കമ്പനിക്കേൽക്കാതിരിക്കാൻ ഇളംതലമുറയിലെ ചെട്ട്യാർ പ്രായശ്ചിത്തം ചെയ്യാൻ തയ്യാറാകുന്നു. എന്നാൽ തിരിച്ചുകിട്ടാത്ത വിധം പാർവ്വതീപുരമെന്ന ഗ്രാമത്തിന്റെ സ്നിഗ്ദ്ധതയും ഗ്രാമീണരുടെ വിശുദ്ധിയും നഷ്ടപ്പെട്ടിരുന്നു. മനുഷ്യന്റെ സ്വാർത്ഥ താത്പര്യവും കച്ചവട മന:സ്ഥിതിയും മണ്ണിനെയും പെണ്ണിനെയും ചൂഷണം ചെയ്ത് തിരിച്ചു കിട്ടാത്തവിധം നശിപ്പിക്കുന്നുവെന്ന സത്യം നമുക്കു മുന്നിൽ തുറന്നു കാണിക്കുകയാണ് സേതു.

### 3.5.2 പ്രിയംവദയും രഞ്ജിത്തും:

വ്യത്യസ്ത സ്വഭാവം വച്ചു പുലർത്തുന്ന നാലു ജോടി സ്ത്രീ-പുരുഷന്മാരെ അണിനിരത്തി സ്ത്രീജീവിതത്തിൽ പുരുഷനു ാക്കുന്ന ചലനങ്ങളെ വിലയിരുത്തുകയാണ് സേതു ഈ നോവലിലൂടെ. പ്രിയംവദയും രഞ്ജിത്തും പരസ്പരം പിരിഞ്ഞ ദമ്പതികളാണ്. വിദേശത്ത് ചേക്കേറിയ രഞ്ജിത്ത് വിദേശവനിതയെ വിവാഹം കഴിച്ച് സുഖമായി കഴിയുന്നു.

പ്രിയംവദ ഔദ്യോഗിക തിരക്കുകളിൽ മുഴുകി തന്റെ ജീവിതത്തിൽ ഒന്നും സംഭവിച്ചിട്ടില്ലെന്നു സ്ഥാപിക്കാൻ ശ്രമിക്കുന്നു. അമ്മയുടെ ജീവിതത്തിന്റെ തിരക്കുകൾ അറിഞ്ഞു സഹകരിക്കുന്ന ഒരു മകളാണ് നീതു. പല പ്രതിസന്ധി ഘട്ടങ്ങളിലും അവളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രിയംവദയ്ക്ക് താങ്ങാവുന്നുണ്ട്. ഏതോ ഒരു ഘട്ടത്തിൽ നീതു പ്രിയംവദയിൽ നിന്നകന്നു. അമ്മയെന്ന നിലയിൽ പ്രിയംവദയെ അത് ഏറെ വേദനിപ്പിച്ചെങ്കിലും മകൾക്ക് സ്വതന്ത്രമായി തീരുമാനമെടുക്കാനുള്ള പക്വത വന്നതായി കരുതി സമാധാനിക്കുന്നു. രഞ്ജിത്താകട്ടെ വിദേശവനിതയുടെ ഇഷ്ടാനിഷ്ടങ്ങൾക്കൊത്ത് പ്രവർത്തിക്കുന്നു. സ്ത്രീ കേരളത്തിൽ ജീവിക്കുന്നവളാണെങ്കിൽ അവൾ പുരുഷന്റെ നിയന്ത്രണ പരിധിയ്ക്കകത്താകണം എന്നു വാശി പിടിക്കുന്ന മലയാളി പുരുഷസമൂഹം വൈദേശിക സ്ത്രീത്വത്തെ അതിന്റെ എല്ലാ സ്വാതന്ത്ര്യങ്ങളോടെയും അംഗീകരിക്കുന്നതിലെ വൈരുദ്ധ്യമാണ് രഞ്ജിത്തിലൂടെ സേതു കാണിച്ചുതരാൻ ശ്രമിക്കുന്നത്. പ്രിയംവദയുടെ ജോലിത്തിരക്കിനോട് ഒരുതരത്തിലും പൊരുത്തപ്പെടാനാവാത്ത രഞ്ജിത്തിന്റെ തികച്ചും വിപരീതമായ മുഖമാണ് ഇവിടെ അനാവരണം ചെയ്യുന്നത്. തന്റെ പുതിയ ഭാര്യയുടെ സന്തോഷത്തിനായി പ്രിയംവദയോട് സഹായം അഭ്യർത്ഥിക്കുന്നിടം വരെ വളരുന്നു അയാളുടെ വൈദേശിക പ്രിയം.

### 3.5.3 നീതുവും ആദിത്യയും:

വിവാഹജീവിതത്തിന്റെ പൊരുത്തക്കേടുകളും ഒത്തുതീർപ്പുകളും അതു ജീവിതകാലം മുഴുവൻ സൃഷ്ടിക്കുന്ന പ്രശ്നങ്ങളും അമ്മയുടെ ജീവിതത്തിലൂടെ കണ്ടും അനുഭവിച്ചും വളർന്ന നീതു വിവാഹജീവിതം വേണ്ടെന്നു തീരുമാനിക്കുന്നു. എന്നാൽ ജീവിതത്തിൽ ഒരു പുരുഷൻ വേണം താനും. പങ്കാളിത്തജീവിതം തിരഞ്ഞെടുത്താണ് നീതു ഈ സമസ്യ പൂരിപ്പിച്ചത്. വ്യക്തിസ്വാതന്ത്ര്യത്തിനിടം നൽകുന്ന, പരസ്പരം ബാധ്യതകളും കടപ്പാടുകളുമില്ലാത്ത ഈ ജീവിതത്തിൽ നിന്ന് ആർക്കും എപ്പോൾ വേണമെങ്കിലും ഇറങ്ങിപ്പോകാം. ഇത്തരമൊരു ജീവിതത്തിന് താത്പ്പര്യം പ്രകടിപ്പിച്ചതും

നീതുവിനെ അതിലേക്ക് ക്ഷണിച്ചതും ആദിത്യ തന്നെയായിരുന്നു. നീതു ആ ബന്ധത്തെ ശരിയായ അർത്ഥത്തിൽത്തന്നെ ഉൾക്കൊണ്ടു. അവളുടെ കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം അവൾ വിനിയോഗിച്ചു. എത്രയൊക്കെ ശ്രമിച്ചിട്ടും ആദിത്യയിലെ പുരുഷന് ഈ ജീവിതത്തിലേക്ക് ഉയരാൻ കഴിഞ്ഞില്ല. നീതുവിന്റെ മേൽ അവന്റെ സ്വാർത്ഥതാത്പര്യം ഉപയോഗിക്കാൻ അവൻ ശ്രമിച്ചുകൊണ്ടിരുന്നു. ര ു വ്യക്തികളായി ഒന്നിച്ചു ജീവിക്കുന്നതിൽ അർത്ഥമില്ലെന്നും കുടുംബം, കുട്ടികൾ, തന്റെ നിയന്ത്രണ ത്തിൽ കഴിയുന്ന ഭാര്യ ഇതൊക്കെയാണ് ആവശ്യമെന്നും അയാൾ ചിന്തിച്ചു തുടങ്ങി. അവർക്കിടയിൽ അസ്വാരസ്യങ്ങൾ വർദ്ധിക്കുകയും പരസ്പരം പിരിയുന്നിടം വരെ അത് കൊണ്ടുചെന്നെത്തിക്കുകയും ചെയ്യുന്നു. പുരുഷൻ എവിടെയും വെറും പുരുഷനായിരിക്കുന്നിടത്തോളം ഏതു തരം ജീവിത ശൈലി തിരഞ്ഞെടുത്താലും അവൻ സ്ത്രീയുടെ വിധേയത്വത്തിനാഗ്രഹിക്കും എന്ന് നീതുവിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

### 3.5.4 ഡോക്ടർ മോഹനയും ഫ്രെഡ്ഡിയും:

മോഹനയുടെ പങ്കാളിയോ ഭർത്താവോ ആരുമല്ല ഫ്രെഡ്ഡി. അവർ തമ്മിലുള്ള ബന്ധം എന്താണെന്ന് അവർക്ക് തന്നെ അറിയില്ല. മന:ശാസ്ത്ര ചികിത്സകയായ മോഹനയുടെ ക്ലിനിക്കിൽ ചികിത്സയ്ക്കു വന്ന ഒരു പയ്യനാണ് ഫ്രെഡ്ഡി. ചികിത്സയുടെ ഭാഗമായ സമീപനങ്ങളൊക്കെ അവനെ അവളിലേക്കടുപ്പിക്കുന്നു. പുരുഷന്മാരെക്കുറിച്ച് അത്ര നല്ല അഭിപ്രായമല്ല മോഹനയ്ക്കുള്ളത്. അതിനാൽ തന്റെ മേൽ അധികാരം സ്ഥാപിക്കാൻ ഒരു പുരുഷൻ വേണ്ടെന്ന് അവൾ ആദ്യമേ തീരുമാനിക്കുന്നു. പുരുഷാധിപത്യ ത്തിലധിഷ്ഠിതമായ തമിഴ്ബ്രാഹ്മണ സാമൂഹ്യ വ്യവസ്ഥിതിയുടെ പ്രതിനിധി എന്ന നിലയിൽ ചെറുപ്പം മുതലേ കണ്ടുമടുത്ത ആധിപത്യക്കാഴ്ചകളിൽ നിന്ന് രൂപംകൊണ്ടതാണ് ഈ പുരുഷവിരോധം. പക്ഷേ എങ്ങനെയോ മോഹന ഫ്രെഡ്ഡിയോടടുത്തു. അവന് അവൾ അമ്മയും സഹോദരിയും കാമുകിയുമൊക്കെയായി. അവന്റെ അതിരു കവിഞ്ഞ സമീപനങ്ങളിൽ

അതൃപ്തി തോന്നിയ മോഹന ബോധപൂർവ്വം അവനെ അകറ്റി നിർബന്ധിച്ചു ജർമ്മനിയിലേക്ക് പറഞ്ഞയക്കുന്നു. എന്നാൽ അവന്റെ വേർപാട് അവളിൽ വേദനയുളവാക്കുന്ന നിമിഷത്തിൽ അവൾ തിരിച്ചറിയുന്നു തനിക്ക് അവനോടുണ്ടായിരുന്നത് ഏതു തരം വികാരമാണെന്ന്.

അവിവാഹിതയായി ഏകാന്തജീവിതം നയിക്കുന്ന, അൽപം മദ്യപിക്കുന്ന മോഹനയെ പ്രിയംവദ പരിചയപ്പെടുന്നത് അൽപമൊരു ഉരസലിലൂടെയാണ്. പക്ഷേ അവരുടെ സൗഹൃദം ശക്തമാവുകയാണുണ്ടായത്. അടച്ചുപൂട്ടി വായുവിന് ഈർപ്പവും പൂപ്പലിന്റെ ഗന്ധവുമുള്ള വീടിനകത്തു കഴിഞ്ഞുകൂടുന്ന മോഹന തനിക്കു ചുറ്റും ബോധപൂർവ്വം ഇരുട്ടു സൃഷ്ടിക്കുന്നു. അതിലേക്ക് മോഹന നിർബന്ധപൂർവ്വം വലിച്ചുകൊണ്ടുവന്ന പ്രിയംവദയ്ക്കാകട്ടെ ആ അന്തരീക്ഷവുമായി പൊരുത്തപ്പെടാനുമാകുന്നില്ല. വീട് അലങ്കോലമാക്കിയിടാനും ജീവിതം തന്നെ അലങ്കോലമാക്കാനുമാണ് അവളേറെ ശ്രദ്ധിക്കുന്നതെന്ന് പ്രിയംവദയ്ക്കു തോന്നി. എന്നാൽ വളരെ അടുക്കും ചിട്ടയുമായി അവൾ ബ്ലോഗിൽ പലതും പറഞ്ഞുവച്ചിട്ടുള്ളത് പ്രിയംവദയെ അത്ഭുതപ്പെടുത്തി. തമിഴിൽ നന്നായി കവിതകൾ എഴുതുന്ന മോഹനയിൽ യഥാർത്ഥത്തിൽ നടക്കുന്നത് യാഥാസ്ഥിതിക തമിഴ്ബ്രാഹ്മണ പെൺകുട്ടിയും സമ്പന്നയായ ഉദ്യോഗസ്ഥയും തമ്മിലുള്ള വടംവലിയാണ്. അതിന്റെ അനുരണനങ്ങളാണ് ഈ അലങ്കോലമാക്കൽ. ഫ്രെഡ്ഡിയുടെ വേർപാട് അവളുടെ ജീവിതത്തെ തികച്ചും കുത്തഴിഞ്ഞതാക്കി മാറ്റി. ഒരുനാൾ അവൾ പ്രിയംവദയോടു പറഞ്ഞു അവൾക്കവനെ വേണമെന്ന്. പെട്ടെന്നൊരു ദിവസം അവൾ അപ്രത്യക്ഷയായി. ഒരു വിവരവുമില്ലാതെ നാളുകൾ കഴിഞ്ഞപ്പോൾ പ്രിയംവദയ്ക്കൊരറിയിപ്പു കിട്ടി ഒരജ്ഞാത ശരീരമായി മോഹന അവിടെ അവസാനിച്ചു എന്ന്. കണക്കറ്റ സ്വത്തുക്കൾ അവശേഷിപ്പിച്ച് ഡോക്ടർ മോഹന ഒരു കടങ്കഥ പോലെ മറഞ്ഞപ്പോൾ മുതലാണ് പ്രിയംവദ അവളെ അറിഞ്ഞു തുടങ്ങിയത്. തന്റെ വീടും സ്വത്തുക്കളും ട്രസ്റ്റാക്കി മാറ്റി പാവപ്പെട്ടവർക്ക് തണലേകാൻ വിൽപ്പത്രമെഴുതി വച്ചാണ് മോഹന പോയത്. അതിന്റെ ട്രസ്റ്റിയായി തന്റെ പേര് ചേർത്തു കണ്ട പ്രിയംവദ അത്ഭുതപ്പെട്ടു.

ഇത്രനാളത്തെ ജീവിതം കൊണ്ട് കുറേ നഷ്ടങ്ങളല്ലാതെ ഒന്നും നേടാനായി ല്ലെന്നും ഇതാണ് തന്റെ ദൗത്യമെന്നും പ്രിയംവദ തീരുമാനിക്കുന്നു.

### 3.5.5 ആലീസും സന്തോഷും:

സാധാരണ നാട്ടിൻപുറത്ത് ഒരു കൂട്ടുകുടുംബത്തിൽ ജനിച്ചു വളർന്ന ആലീസിന് പുരുഷന്മാരെക്കുറിച്ചുള്ള കാഴ്ചപ്പാട് മറ്റു മൂന്നു സ്ത്രീകഥാപാത്ര ങ്ങളുടേതു പോലല്ല. തന്നെ ഇടവും വലവും അനങ്ങാനാകാതെ നിയന്ത്രി ക്കുന്ന, പ്രായത്തിൽ നന്നായി മൂപ്പുള്ള, ഇടയ്ക്കിടെ ഓരോന്നു തല്ലുന്ന ഒരാളെ മതി തനിക്കു ഭർത്താവായി എന്നവൾ പ്രഖ്യാപിക്കുന്നു. മറ്റു ബന്ധങ്ങളൊക്കെ പുലിവാലാണെന്ന് നീതുവിനെ അവൾ ഓർമ്മിപ്പിക്കുന്നു. അവളുടെ ജീവിതത്തിലേക്ക് കടന്നുവന്ന സന്തോഷാകട്ടെ സ്ത്രീയുടെ എല്ലാ സ്വാതന്ത്ര്യങ്ങളെയും ആസ്വദിക്കുന്ന, അവളുടെ വേദനയിൽ പങ്കാളിത്തമുറപ്പി ക്കുന്ന ഒരാദർശ പുരുഷനാണ്. 'അടയാളങ്ങ'ളിൽ കോറിയിട്ട ജീവിതക്കാഴ്ച കളെ തിരുത്താൻ 'കിളിമൊഴികളി'ൽ സേതു ഏൽപ്പിക്കുന്ന കഥാപാത്രം കൂടിയാണ് സന്തോഷ്. റോയ് ചൗധരിയെന്ന ഗുരുനാഥന് അർഹമായ സ്ഥാനമല്ല കൊടുത്തത് എന്ന വാദത്തോടെ നോവൽ അവൻ തിരുത്താൻ മുതിരുന്നു. ആലീസും സജീവ കഥാപാത്രമായ ആ നോവലിനെ അടിമുടി അവൻ അഴിച്ചു പണിയുന്നു ്. നോവൽ പൂർത്തിയാകുന്ന അന്ന് ആലീസ് ഒരു കുഞ്ഞിന് ജന്മം നൽകുന്നു. അവളുടെ ഈറ്റുനോവിന്റെ വേദനകൾ സ്വാംശീകരിക്കാൻ അവൻ ഡോക്ടറുടെ അനുവാദത്തോടെ പ്രസവമുറിയിൽ കയറുന്നുണ്ട്. ഇത്തരമൊരാദർശ പുരുഷനെ അവതരിപ്പിച്ച സേതു തന്നെയാണ് മറ്റു മൂന്നു പുരുഷകഥാപാത്രങ്ങളെയും രൂപകൽപന ചെയ്തത്. ബന്ധങ്ങളിൽ എവിടെയാണ്, എങ്ങിനെയാണ് വിള്ളലുകൾ രൂപപ്പെടുന്നത് എന്ന അന്വേഷണമാണ് സേതു ഇവിടെ നടത്തുന്നത്.

### 3.5.6 പാരിസ്ഥിതിക സ്ത്രീവാദ ചിന്തകൾ:

'കിളിമൊഴികൾക്കപ്പുറം' മണ്ണും പെണ്ണും ഇരുണ്ട പുകമറയ്ക്കുള്ളിൽ മറഞ്ഞു പോകുന്നതിന്റെ ആകുലതകളാണ് പങ്കുവയ്ക്കുന്നത്. സ്ഥലനാമങ്ങൾക്കു പോലും പെൺപേരുകൾ നൽകിയത് ഈ ആകുലതയിൽ നിന്നാണ്. ഒരു ഫെമിനിസ്റ്റ് സൈദ്ധാന്തികതയുടെയും പിൻബലമില്ലാതെ പുരുഷാധിപത്യസമൂഹവും യന്ത്രവത്കൃതലോകവും സൃഷ്ടിക്കുന്ന ബന്ധനങ്ങളും പ്രതിബന്ധങ്ങളും സ്ത്രീ മറികടക്കുന്നതെങ്ങനെ എന്ന് സേതു നമുക്കു കാണിച്ചുതരുന്നു. താനാവശ്യപ്പെടുന്നിടത്തോളം മാത്രം തന്റെ ജീവിതത്തിൽ പുരുഷനു സ്വാതന്ത്ര്യമനുവദിക്കാൻ തന്റേടമുള്ള സ്ത്രീകളാണ് സേതുവിന്റെ കഥാപാത്രങ്ങൾ. എല്ലാറ്റിനുമുപരി കമ്പനി, ബിസിനസ് തുടങ്ങി പുരുഷനോടൊട്ടിച്ചേർന്നു മാത്രം പരിചിതമായ ശബ്ദങ്ങളെ സ്ത്രീയുടെ ഇടങ്ങളായി പ്രഖ്യാപിക്കുകയാണ് സേതു ഈ നോവലിൽ. പുരുഷന്മാരായ തങ്ങൾക്കൊന്നും സാധിക്കാത്തത് പ്രിയംവദയെക്കൊ ു മാത്രമാണ് സാധിക്കുക എന്നു സമ്മതിച്ചു കൊടുക്കാൻ സന്നദ്ധത പ്രകടിപ്പിക്കുന്ന യുവതലമുറയിലെ പുരുഷ പ്രതിനിധികളെയും നോവലിൽ കാണാം.

പഠനാർത്ഥം തിരഞ്ഞെടുത്ത അഞ്ചു നോവലുകളുടെ വിശകലനമാണിവിടെ നടത്തിയത്. നോവലിന്റെ മുഖ്യ പ്രമേയവും നോവലിലെ തമിഴ് ബ്രാഹ്മണസ്ത്രീ സാന്നിദ്ധ്യവും പറഞ്ഞുവയ്ക്കാനാണ് ശ്രമിച്ചത്. തമിഴ് ബ്രാഹ്മണ സ്ത്രീകളനുഭവിക്കുന്ന പ്രശ്നങ്ങളെ ഓരോന്നായെടുത്ത് സമൂഹമധ്യത്തിൽ ചർച്ചയ്ക്കു വയ്ക്കുകയാണ് ഈ ഓരോ എഴുത്തുകാരനും. സ്ത്രീയുടെ ബാല്യം, കൗമാരം, യൗവനം, വാർദ്ധക്യം എന്നീ നാലവസ്ഥകളിലും കുടുംബജീവിതത്തിലും സാമുദായിക ജീവിതത്തിലും സാമൂഹ്യജീവിതത്തിലും അവൾ നേരിടുന്ന പ്രതിസന്ധികൾ, വിധേയത്വങ്ങൾ, ചൂഷണങ്ങൾ, സ്വാതന്ത്ര്യം എന്നിവയെല്ലാം നോവലുകളിൽ പരാമർശവിധേയമാകുന്നു ്. സ്ത്രീയുടെ ജീവിതത്തിൽ കടന്നുവരുന്ന ആർത്തവം, വിവാഹം, രോഗം, വൈധവ്യം എന്നീ അവസ്ഥാഭേദങ്ങളെയും ഈ സാഹചര്യത്തിൽ വച്ച് വിശകലനം ചെയ്യുന്നുണ്ട്. ഇപ്രകാരം ചിത്രീകരിക്കപ്പെട്ട സ്ത്രീജീവിത

ങ്ങളെ സൈദ്ധാന്തിക പിൻബലത്തോടെ വിലയിരുത്താനുള്ള ശ്രമമാണ് ഈ പ്രബന്ധം. തുടർന്നു വരുന്ന മൂന്നധ്യായങ്ങളിലായി തമിഴ് ബ്രാഹ്മണ സ്ത്രീ വിധേയത്വം പുലർത്തുന്ന ചുറ്റുപാടുകൾ, അവൾ ചൂഷണം ചെയ്യപ്പെടാനിട യാവുന്ന സാഹചര്യങ്ങൾ, അവളുടെ സ്വാതന്ത്ര്യപ്രഖ്യാപനം, അതിന്റെ വ്യാപ്തി എന്നിവയാണ് അന്വേഷിക്കുന്നത്.

Anithakumari. A. “Tamil Brahmin Women Representation in Malayalam Novel” Thesis. Department of Malayalam of Sree Kerala Varma College, University of Calicut, 2015.

# അദ്ധ്യായം - 4

# വിധേയത്വം

പൊതുസമൂഹം സ്ത്രീക്കു കൽപിച്ചു കൊടുത്ത സ്ഥാനവും പദവിയും എന്തെന്ന് മുന്നദ്ധ്യായത്തിൽ ചർച്ച ചെയ്യുകയുണ്ടായി. സമൂഹത്തിനകത്ത് സ്ത്രീകളുടെ ഇടങ്ങളെക്കുറിച്ചുള്ള അവലോകനം നടത്തിയപ്പോൾ, സ്ത്രീ വസ്തുവൽക്കരിക്കപ്പെടുകയും രണ്ടാംതരം പൗരത്വത്തിലേക്ക് തരംതാഴ്ത്ത പ്പെടുകയും ചെയ്യുന്നു എന്ന നിഗമനത്തിലാണ് സ്ത്രീപക്ഷ ചിന്തകളുടെ പഠനങ്ങൾ കൊണ്ടു ചെന്നെത്തിക്കുന്നത്. സ്ത്രീയോട് കരുണാരഹിതമായ സമീപനമാണ് സമൂഹം നിലനിർത്തിപ്പോന്നിട്ടുള്ളത്. ഓരോ സമുദായത്തിലും സ്ത്രീയോടുള്ള പെരുമാറ്റങ്ങളിലും അവളെ നിർണ്ണയിക്കുന്നതിലും അവസ്ഥാ ഭേദങ്ങളു ്. ഇന്ദുലേഖയെപ്പോലൊരു സ്ത്രീയെ പഴയകാല നമ്പൂതിരി സമുദായത്തിൽ സൃഷ്ടിക്കാനാകുകയില്ല. ഇതിൽ നിന്നും ഓരോ സമുദായ ത്തിന്റെയും ആചാരവ്യവസ്ഥയും നിയമസംഹിതകളും സ്ത്രീയെ കാണുന്ന തിലും അവർക്കനുവദിക്കുന്ന സ്ഥാനങ്ങളിലും വ്യത്യസ്തത പുലർത്തുന്നുണ്ട് എന്നു വ്യക്തമാകുന്നു. കേരളത്തിലേക്ക് പലായനം ചെയ്യപ്പെട്ട് ഇവിടെ ആവാസവ്യവസ്ഥ സൃഷ്ടിച്ച തമിഴ്ബ്രാഹ്മണ സമുദായത്തിലെ സ്ത്രീ ഇതുകൊണ്ടു തന്നെ കേരളീയ സമൂഹത്തിൽ നിന്നും പല നിലയിലും വ്യത്യസ്തയാകുന്നുണ്ട്. മലയാളത്തിൽ രചിക്കപ്പെട്ട, തമിഴ്ബ്രാഹ്മണ സമുദായത്തെ ആസ്പദമാക്കിയുള്ള നോവലുകളിൽ തമിഴ്ബ്രാഹ്മണ സ്ത്രീ എങ്ങനെ വിധേയയാക്കപ്പെടുന്നു എന്നു കണ്ടെത്താൻ ശ്രമിക്കുകയാണ് ഇവിടെ ചെയ്യുന്നത്.

തമിഴ്ബ്രാഹ്മണ കുടുംബവ്യവസ്ഥ സ്ത്രീയുടെ ഇടങ്ങളെ വളരെ കൂടുതൽ പരിമിതപ്പെടുത്തുന്നു. തമിഴ് ബ്രാഹ്മണ സാമൂഹ്യവ്യവസ്ഥയ്ക്ക കത്ത് പുരുഷന് വിവിധ സ്ഥാനമാനങ്ങൾ കൽപ്പിക്കപ്പെട്ടിട്ടുണ്ട്. കേശികൾ, ദീക്ഷിതർ, ജടാവല്ലഭർ, ശാസ്ത്രികൾ, ഗുരുക്കൾ എന്നിവ അതിൽ ചിലതാണ്.

സമൂഹത്തിനകത്ത് ഓരോ അനുഷ്ഠാനങ്ങൾക്കായി നിയോഗിക്കപ്പെട്ടവ രാണിവർ. ഇവരുടെ സ്ഥാനക്രമമനുസരിച്ചാണ് ഇവരുടെ കുടുംബത്തിലെ സ്ത്രീകളുടെ സ്ഥാനവും.[1] പുരുഷന്റെ അഭാവവും നഷ്ടവും അവളെ കുടുംബത്തിനകത്ത് തളച്ചിടുന്നു. ഇത്തരത്തിൽ പരുവപ്പെടുന്ന സ്ത്രീസ്വത്വം സമൂഹത്തോടും സ്വസമുദായത്തോടും കുടുംബ വ്യവസ്ഥയോടു തന്നെയും കലഹിച്ചോ വിധേയരായോ ആണ് കഴിഞ്ഞു കൂടുന്നത്. വിരോധികളും വിധേയരുമായ രണ്ടുതരം സ്ത്രീകഥാപാത്രങ്ങൾ അവരുടെ സ്വഭാവത്തിലും പെരുമാറ്റ രീതികളിലും പ്രകടിപ്പിക്കുന്ന വൈവിദ്ധ്യവും വൈരുദ്ധ്യവും പ്രത്യേകം ശ്രദ്ധയർഹിക്കുന്നുണ്ട്. സവിശേഷ ജീവിതവ്യവസ്ഥ കാത്തു സൂക്ഷിക്കുന്നവരും വ്യത്യസ്തമായ ജീവിത സമ്പ്രദായത്തിൽ പുലരുന്നവരു മായ ഈ തമിഴ് ബ്രാഹ്മണ സ്ത്രീകൾ സമൂഹത്തിൽ എങ്ങനെ പ്രവർത്തിച്ചു എന്നും ഇവരോട് സമൂഹവും സ്വസമുദായവും എങ്ങനെ പെരുമാറി എന്നും ഇവിടെ കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്.

### 4.1 സ്ത്രീ എങ്ങനെ വിധേയയാക്കപ്പെടുന്നു?:

ഇക്കാലമത്രയും നമ്മുടെ സമൂഹം പുരുഷാധിപത്യത്തിനു കീഴിലാണ് കഴിഞ്ഞുകൂടിയത്. നമ്മുടെ സംസ്കാരവും സാമൂഹിക ചലനങ്ങളും പുരുഷാധിപത്യത്തിന്റെ പ്രത്യയശാസ്ത്രത്തിലാണ് തിരിച്ചറിയപ്പെട്ടുകൊണ്ടു മിരുന്നത്. അത് നമ്മുടെ സിരകളിൽ അലിഞ്ഞു ചേർന്നു കഴിഞ്ഞു. അത്തര മൊരു ഭൂമികയിൽ നമ്മുടെ വികാരങ്ങളും ചിന്തകളും അനുഭവങ്ങളും വരെ ആ പ്രത്യയശാസ്ത്രത്താൽ ഭരിക്കപ്പെടുന്നു. സ്ത്രീകളുടെ വിധേയത്വവും ഇത്തരത്തിൽ പുരുഷാധിപത്യത്തിന്റെ വേരോട്ടത്തിൽ നിന്നു രൂപപ്പെട്ടതാണ്. സിമോൺ ദി ബുവയറുടെ അഭിപ്രായത്തിൽ:

'സ്ത്രീ അവളായി ജനിക്കുകയല്ല; സ്ത്രീ ആയിത്തീരുകയാണ്'.[2]

സ്ത്രീയുടെ വ്യക്തിത്വം സാമൂഹ്യശക്തികളുടെ നിർമ്മിതിയാണെന്നു കാണുന്നു. അതുകൊണ്ട് വിവിധ സംസ്കാരങ്ങളിലും ചരിത്ര പശ്ചാത്തല

ത്തിലും സ്ത്രീയുടെ ചിന്തയും പ്രതികരണവും വ്യത്യസ്തമാണ്. തമിഴ് ബ്രാഹ്മണ സംസ്കാരത്തിനകത്തെ സ്ത്രീകളെ പരുവപ്പെടുത്തുന്നതും ഇത്തരത്തിലുള്ള സാമുദായികമായ പുരുഷാധിപത്യമാണ്. തന്റെ വിവാഹം തീരുമാനിക്കുന്ന അവസരത്തിലോ തുടർന്നുള്ള ജീവിതം എങ്ങനെയായിരിക്കണമെന്നു തീരുമാനിക്കുന്ന അവസരത്തിലോ ഇഷ്ടപ്പെട്ട പുരുഷനെ സ്വീകരിക്കേണ്ട അവസരത്തിലോ 'നാർമടിപ്പുടവ'യിലെ കനകാംബാളിൽ പ്രവർത്തിച്ചത് അവളുടെ ഇച്ഛാശക്തിയല്ല. കനകാംബാൾ തന്റേടമില്ലാത്ത സ്ത്രീയല്ല. അവൾക്കെതിരെ വരുന്ന ഏതക്രമത്തെയും ചെറുക്കാൻ അവൾ സന്നദ്ധയുമാണ്. സഹോദരീഭർത്താവും മേലുദ്യോഗസ്ഥനും അവളോട് അപമര്യാദയായി പെരുമാറുന്നുണ്ട്. "നിങ്ങളുടെ ആവശ്യത്തിനു പറ്റിയ ആൾ ഞാനല്ല". (പുറം 145) എന്ന് ശക്തമായ ഭാഷയിൽ പ്രതികരിക്കാൻ അവൾക്കറിയാം. എന്നാൽ സാമുദായിക വ്യവസ്ഥയോടിഴുകിച്ചേർന്നു മാത്രമാണ് അവളുടെ പ്രതികരണങ്ങളെല്ലാം ജനിക്കുന്നത്. സാമുദായികാധികാര ഘടന ഒരു മർദ്ദന യന്ത്രമായി ഇവിടെ മാറുന്നു. കെ.ബി. പ്രസന്നകുമാർ പറയുന്നു:

"ഒരു പ്രത്യേക സമുദായം രൂപപ്പെടുന്നത്, സമാനമായ ആചാരവിശേഷങ്ങളും പഴക്കങ്ങളും ശീലിക്കുന്ന ഒരു കൂട്ടം മനുഷ്യരുടെ കൂട്ടായ്മയായിട്ടാണ് എന്നു വേണം ധരിക്കാൻ. അങ്ങനെ സമുദായം വ്യക്തിയെ അതിലേക്കാഗിരണം ചെയ്തു സംരക്ഷിക്കുന്നു. എന്നാൽ വിചിത്രമെന്നു പറയട്ടെ, സംരക്ഷണത്തേക്കാൾ സമ്മർദ്ദങ്ങൾ നൽകി, വ്യക്തിയുടെ എല്ലാത്തരം മനുഷ്യേച്ഛകളെയും സ്വാതന്ത്ര്യത്തെയും അപകടപ്പെടുത്തുന്ന അധികാര ഘടന സമുദായം സ്വീകരിക്കുകയും വ്യക്തിയെ കഠിനമായി പീഡിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ സമുദായത്തിന്റെ അധികാരഘടനയ്ക്കു കീഴിൽ വ്യക്തിയുടെ മാനസികതലങ്ങൾ പിച്ചിച്ചീന്തപ്പെടുന്നു. ഇതിൽ തന്നെ ഏറ്റവുമധികം പീഡിപ്പിക്കപ്പെടുന്നത് സ്വാഭാവികമായും സ്ത്രീകൾ തന്നെയാണ്."[3]

ഇങ്ങനെ വ്യവസ്ഥയിലേക്ക് ഉൾച്ചേർക്കപ്പെടുന്ന സ്ത്രീകൾ അവരറിയാതെ പുരുഷാധിപത്യ വ്യവസ്ഥയുടെ വാഹകരായി മാറുന്നു.

## 4.2 സ്ത്രീ പുരുഷാധിപത്യമൂല്യങ്ങളുടെ വാഹക എന്ന നിലയിൽ:

'സ്ത്രീപുരുഷ ബന്ധങ്ങളുടെ രാഷ്ട്രീയത്തിൽ സ്ത്രീ എപ്പോഴും പുരുഷവിഭാഗത്താൽ നിയന്ത്രിക്കപ്പെടുകയും അധികാരം (power) പുരുഷന്റെ കയ്യിൽ നിൽക്കുകയും ചെയ്യും. വസ്തുവത്ക്കരിക്കപ്പെട്ട സ്ത്രീയുടെ മേൽ പൂർണ്ണമായ നിയന്ത്രണം ഏർപ്പെടുത്തുന്ന പുരുഷൻ ആ അധികാരം മറ്റു സ്ത്രീകളുടെ മേൽ പ്രയോഗിക്കാൻ അവരെ സജ്ജരാക്കുന്നു.'[4]

അത്തരത്തിൽ സജ്ജരാക്കപ്പെട്ട സ്ത്രീകൾ തന്നെ അധികാര പ്രയോഗത്തിന്റെ കാര്യത്തിൽ മറ്റു സ്ത്രീകൾക്ക് ഒരു വെല്ലുവിളിയായി മാറുന്നു. തമിഴ് ബ്രാഹ്മണ സാമൂഹ്യ വ്യവസ്ഥയിൽ ഇത്തരം പുരുഷാധിപത്യ മൂല്യങ്ങളുടെ വാഹകരായ സ്ത്രീകളെ കാണാം. കനകാംബാളുടെ 'അത്ത' (അച്ഛന്റെ സഹോദരി) സാമുദായിക വിലക്കുകളുടെ ഒരു ഇരയാണ്. നാൽപതു വർഷം വൈധവ്യജീവിതം നയിച്ച അവർ കഴിയുന്നത് ഭ്രാന്തോളം വളർന്ന ഒരു മാനസികാവസ്ഥയിലാണ്.

'സ്ത്രീസത്തയ്ക്ക് ബാഹ്യശക്തി കളുടെ സ്വാധീനത്താൽ വന്നുചേരുന്ന പരിണാമത്തിന്റെ വേദനാകരമായ ഒരു സൂചകമാണ് ഭ്രാന്ത്'[5]

എന്നു ഫെമിനിസ്റ്റുകൾ കരുതുന്നു. ഇതിൽ നിന്നും ഇത്തരം സ്ത്രീകൾക്ക് വന്നുചേരുന്നത് പുരുഷാധിപത്യ മൂല്യങ്ങളോടുള്ള വിധേയത്വമാണ്. തങ്ങൾക്കു ശേഷം വരുന്ന തലമുറകളെ അതിലേക്ക് പരുവപ്പെടുത്തിയെടുക്കാനുള്ള ഉത്തരവാദിത്തം അവർ സ്വമേധയാ ഏറ്റെടുക്കുന്നു. വിധവയായ കനകത്തെ കോളേജിലയച്ചു പഠിപ്പിക്കാൻ അവളുടെ അച്ഛനും സഹോദരീ ഭർത്താവും അനുഭാവം കാണിക്കുന്ന അവസരത്തിലെ അത്തയുടെ പ്രതികരണം ശ്രദ്ധിച്ചാൽ നമുക്കിത് മനസ്സിലാകും.

''നാനും ഇരുപത്തഞ്ചു വയസ്സിലെയേ വിധവെയാഹലയാ! ഇത്തനൈ നാൾ നാനും ഇപ്പടി ഇരിക്കലയാ?'' (പുറം 70)

ഈ വാക്കുകളിൽ അവരുടെ മാനസികാവസ്ഥ കൃത്യമായി ഇവിടെ വ്യക്തമാക്കപ്പെടുന്നുണ്ട്. കാലം മാറിപ്പോയില്ലേ എന്ന വാദത്തിനുമുണ്ട് അവർക്ക് അമർഷത്തിൽ പൊതിഞ്ഞ മറുപടി:

'എന്ന മാറിയിരുക്ക്? പുരുഷൻ ഇരന്തുപോന ഒരു സ്ത്രീ വിധവയാ കാതെ ഇരിക്ക മുടിയുമാ? അന്ത വിധവെയ്ക്കു നമ്മ സമുദായത്തിലെ കുടുംബവാഴ്കൈ വിധിച്ചിരുക്കാ? ഒന്നുമെ ഇല്ലെ! അവ എപ്പോവും അമംഗലി താ! ഇന്ത നാൽപതു വർഷവും നാ എപ്പടി ഇന്ത വീട്ടിലെ കഴിച്ചിരുക്കേൻ?' (പുറം 70).

ഇതേ ശക്തമായ പ്രതികരണമാണ് കനകത്തെ സഹോദരി കസ്തൂരിയുടെ വീട്ടിലയക്കാൻ തീരുമാനിച്ച അവസരത്തിലും അത്തയിൽ നിന്നുണ്ടായത്:

''കനകത്തെ കസ്തൂരി ആത്തുക്ക് എപ്പടി അനുപ്പാ? അവൾ വിധവെങ്കറതെ എല്ലാരുക്കും മറന്തു പോച്ചു പോലിരുക്ക്..... എൻ വേദനെ എനക്കു മട്ടും തെരിയും''. (പുറം 76)

കനകത്തെ അയക്കാൻ അത്ത സമ്മതിക്കാത്തത് അവളെ പിരിഞ്ഞിരിക്കാൻ വയ്യാത്തതു കൊണ്ടല്ല. അവർക്ക് വേദന തോന്നുന്നത് അത് മാമൂലുകൾ ക്കനുസരിച്ച് താൻ ജീവിച്ചു നഷ്ടപ്പെടുത്തിയ തന്റെ ജീവിതം ഓർത്തിട്ടാകാം. അല്ലെങ്കിൽ താനിരിക്കെ ഈ വ്യവസ്ഥിതി ആരാലും തകർക്കപ്പെടരുത് എന്ന നിഷ്ഠകൊണ്ടാകാം. തന്നെ ആരോ ഏൽപ്പിച്ച ദൗത്യം മുറയ്ക്കു നിർവ്വഹി ക്കുന്ന ഒരാജ്ഞാനുവർത്തിയുടെ ഭാവമാണ് അത്തയ്ക്കെപ്പോഴും. കിട്ടുന്ന അവസരങ്ങളിലെല്ലാം അവർ പറഞ്ഞുകൊണ്ടിരുന്നു:

''നീ ഒരു വിധവ. വ്രതങ്ങളും നമസ്ക്കാരങ്ങളമനുഷ്ഠിച്ച് അടങ്ങിയൊതു ങ്ങിക്കഴിയുന്നതിന്നു പകരം..... (പുറം 83)

കനകത്തെ മാറ്റിയെടുക്കാൻ ആഗ്രഹിക്കുന്നതിനേക്കാളധികം തന്റെ മനസ്സിനെത്തന്നെ ഇളകാതെ കരിങ്കല്ലാക്കാനാണ് ഈ വാക്കുകൾ അവർ ഉരുവിട്ടുകൊണ്ടിരുന്നത്.

'നെട്ടൂർമഠ'ത്തിലെ ശിവകാമിയും ഇതുപോലെ പുരുഷാധിപത്യ മൂല്യങ്ങളുടെ വാഹകയായി സ്വയം അവരോധിക്കുന്നുണ്ട്. ദീക്ഷിതർ പെരിയ ആളാണെന്നും അർഹമായ പൂജയും ബഹുമാനവും അദ്ദേഹത്തിനു കൊടുക്കണമെന്നും അവൾ ഭർതൃസഹോദരനെയും മകൻ ഗോവിന്ദനെയും ഓർമ്മപ്പെടുത്തുന്നു. തന്റെ ദൈവം തന്റെ ഭർത്താവാണെന്നു സ്വയം പറഞ്ഞു പഠിപ്പിക്കുന്നു. താനറിയാതെ സ്വർണ്ണമാല ദീക്ഷിതർ പണയം വച്ചത് എച്ചുമി പറഞ്ഞറിയുമ്പോഴും, അത് തിരിച്ചു വാങ്ങാൻ വിസമ്മതിച്ച് താനിക്കാര്യ മറിഞ്ഞെന്ന് ദീക്ഷിതരറിയാതെ കഴിക്കണമെന്നു പറയുന്നു. വിഗ്രഹഭഞ്ജക യാകാൻ അവൾ തയ്യാറാകുന്നില്ല. വിരോധാഭാസമെന്നു പറയട്ടെ പുരുഷാധി പത്യത്തിന്റെ പേരിൽ ജീവിതം ദുരന്തമായിത്തീർന്ന കനകാംബാൾ പോലും ഒരു വേള പുരുഷാധിപത്യ മൂല്യങ്ങൾ സ്ഥാപിക്കാൻ ശ്രമം നടത്തുന്നു. കാഞ്ചനയെ വളർത്തുന്ന ഉത്തരവാദിത്തം ഏറ്റെടുത്തതോടെ കനകാംബാളും സമൂഹത്തിലെ മുതിർന്ന സ്ത്രീകളുടെ, പ്രത്യേകിച്ച് വിധവകളുടെ ശ്രേണിയിലേക്ക് ഉയർത്തപ്പെടുന്നു.

''ശുദ്ധ തലമുറയുടെ ചിന്താഗതി എത്ര മാറിപ്പോയിരിക്കുന്നു, തല മുതിർന്നവരുടെ അഭിപ്രായത്തെ മാനിക്കുന്നില്ല. തങ്ങളുടെ ആചാര മുറകളെപ്പറ്റി ഉദ്ബോധിപ്പിക്കാൻ തുടങ്ങിയാൽ അവർക്ക് പരിഹാസമാണ്'' (പുറം 17)

എന്നിങ്ങനെ പുത്തൻ തലമുറ തങ്ങൾ പിന്തുടർന്നുവന്ന പുരുഷാധിപത്യ മൂല്യങ്ങളെ നശിപ്പിക്കുമോ എന്ന് ആധിയോടെ ചിന്തിക്കാൻ അവളും ശ്രമി ക്കുന്നു. വിധേയത്വം ഈ രീതിയിൽ തങ്ങൾ വിധേയപ്പെട്ട അവസ്ഥയിലേക്ക് മറ്റുള്ളവരെയും ആക്കിക്കൊണ്ടുവരാൻ പ്രേരിപ്പിച്ചുകൊണ്ടേയിരിക്കും.

### 4.3 വിവാഹം എന്ന വ്യവസ്ഥ:

'കൈവശം വയ്ക്കാവുന്നതും കൈമാറ്റം ചെയ്യാവുന്നതുമായ സ്വകാര്യ സ്വത്തിന്റെ ആവിർഭാവം സ്ത്രീയുടെ ശക്തികേന്ദ്രത്തെ എന്നെന്നേക്കുമായി

അവസാനിപ്പിക്കുകയും പിതൃദായക്രമവും പുരുഷാധിപത്യവും നിലവിൽ വരികയും ചെയ്യാൻ കാരണമായി.'[5]

മോർഗനെ ഉദ്ധരിച്ചുകൊണ്ട് എംഗൽസ് എഴുതി:

''ഒരു ഭർത്താവ് - ഒരു ഭാര്യ എന്ന രീതി സ്വീകരിച്ചതോടെ സ്ത്രീയും പുരുഷനും തമ്മിൽ രൂപം കൊണ്ട വിരോധമാണ് ചരിത്രത്തിൽ ആദ്യം ഉടലെടുത്ത ഒന്നാംതരം ശത്രുത. ഒന്നാംതരം അടിച്ചമർത്തലാകട്ടെ, പുരുഷ വർഗ്ഗം സ്ത്രീകളോടു കാട്ടിയതും. പിന്തുടർച്ചാവകാശിയായ സന്താനത്തെ നിർണ്ണയിക്കുന്നതിന് പുരുഷൻ കുടുംബത്തിൽ ആധിപത്യം പിടിച്ചെടുത്ത തോടെയാണ് ചരിത്രത്തിൽ സ്ത്രീയുടെ ആദ്യത്തെ പരാജയം ആരംഭിച്ചത്. അതുവരെ ഗൃഹാന്തരീക്ഷത്തിൽ അമ്മയ്ക്കുണ്ടായിരുന്ന സ്ഥാനം അച്ഛൻ കൈയ്യടക്കി. ആണിന്റെ ആസക്തിയുടെ ഇരയായി സ്ത്രീ മാറി. അവന്റെ കുട്ടികളെ പെറ്റുപോറ്റാനുള്ള വെറും ഉപകരണവും.''[7]

കുടുംബബന്ധത്തെപ്പറ്റിയും എംഗൽസിന് കൃത്യമായ അഭിപ്രായ മുണ്ടായിരുന്നു:

''പ്രത്യക്ഷമോ പ്രച്ഛന്നമോ ആയ നിലയിൽ സ്ത്രീയുടെ അടിമത്തത്തിൽ അധിഷ്ഠിതമാണ് ആധുനിക കുടുംബം. ഇത്തരം കുടുംബങ്ങളുടെ സംഘമാണ് സമുദായം. കുടുംബത്തിനു ജീവിക്കാനുള്ള വരുമാനമുണ്ടാക്കുന്നത് പുരുഷനാണ്. കുടുംബത്തിൽ അയാൾ സവിശേഷ നിയമസമ്മതിയില്ലാതെ തന്നെ അധീശത്വം നേടുന്നു. പുരുഷൻ ബൂർഷയും സ്ത്രീ തൊഴിലാളിയുമാകുന്നു. സ്ത്രീവിമോചനത്തിനു മുന്നൊരുക്കമായി മുഴുവൻ സ്ത്രീകളും അദ്ധ്വാനരംഗത്തേക്ക് വരണം.''[8]

ലോകം മുഴുവൻ സംഭവിച്ച ഈ ചരിത്രപരമായ അട്ടിമറി അതിന്റെ ഏറ്റവും തീവ്രമായ അവസ്ഥയിൽ കേരളത്തിൽ കുടിയേറിയ തമിഴ്ബ്രാഹ്മണ കുടുംബങ്ങളിലെ സ്ത്രീകൾ അനുഭവിക്കുന്നു. തമിഴ്ബ്രാഹ്മണർ പലായനം ചെയ്തത് സംസ്കാര സംരക്ഷണാർത്ഥമാണ്. കുടിയേറുന്ന നാടുകളിൽ

അതുകൊണ്ടുതന്നെ സ്വകാര്യമായ ഒരാവാസ വ്യവസ്ഥ അവർ രൂപപ്പെടുത്തി യെടുക്കുന്നുവെന്ന് മുന്നദ്ധ്യായത്തിൽ വിശദമാക്കുകയുണ്ടായി. സംസ്കാരം സംരക്ഷിക്കാൻ, കലർപ്പു സംസ്കാരം രൂപപ്പെടാതിരിക്കാൻ തമിഴ് ബ്രാഹ്മണർ കഠിനമായ വ്യവസ്ഥകളും പുരുഷാധിപത്യവും സ്ത്രീകളുടെ മേൽ സ്ഥാപി ച്ചെടുത്തു. പൊതുസമൂഹവുമായി ഏതെങ്കിലും തരത്തിൽ ഇടപെടലുകളു ണ്ടായാൽ, പിതൃസ്വത്ത് കൈമാറിക്കിട്ടേണ്ട സന്തതിയിൽ വിശ്വാസ്യത ഇല്ലാതിരുന്നാൽ പരമ്പര കണ്ണിയറ്റുപോകുമെന്ന ഭയമാണ് യഥാർത്ഥത്തിൽ കഠിനമായ ശിക്ഷണത്തിലൂടെ സ്ത്രീകളെ ഒതുക്കി നിർത്താൻ അവരെ പ്രേരിപ്പിക്കുന്നത്. തമിഴ്ബ്രാഹ്മണ സ്ത്രീ മൂന്നുതരം വ്യവസ്ഥകളെ പ്രതിനിധാനം ചെയ്യുന്നു. അവൾ ലോകം മുഴുവൻ വ്യവഹരിക്കുന്ന രീതിയിൽ ഒരു സ്ത്രീയാണ്, നിഷ്ഠകളേറെയുള്ള ബ്രാഹ്മണസമുദായത്തിന്റെ ഭാഗമാണ്, ഒപ്പം കേരളത്തിന്റെ സാംസ്കാരിക പരിസരത്ത് തമിഴ്സംസ്കാരം പിന്തുടരു ന്നവളുമാണ്. ഈ മൂന്നവസ്ഥകളെയും ഒരുമിച്ചു കൊണ്ടുപോവുക എന്ന ക്ലേശകരമായ ദൗത്യമാണ് ഒരു തമിഴ്ബ്രാഹ്മണ സ്ത്രീക്കുള്ളത്. അവളെ തനതു സാമൂഹ്യവ്യവസ്ഥിതിയിൽത്തന്നെ നിലനിർത്തുക എന്ന ഭാരിച്ച ഉത്തരവാദിത്തമാണ് ഒരു തമിഴ്ബ്രാഹ്മണ പുരുഷനുള്ളത്. അതുകൊണ്ട് പുരുഷൻ അവന്റെ സാമ്പത്തികവും സാമൂഹികവും ലൈംഗികവുമായ എല്ലാ അധികാരവ്യവസ്ഥകൾക്കും സ്ത്രീയെ വിധേയയാക്കുന്നു. അപ്പോഴും സ്ത്രീ സാമുദായിക വ്യവസ്ഥയും പൊതുസമൂഹവും തമ്മിലുള്ള അകൽച്ചയെ പരസ്പരം ബന്ധിപ്പിക്കാനാകാതെ സ്വയം ദുരന്തത്തെ ഏറ്റുവാങ്ങുന്നവളായി മാറുന്നു.

തമിഴ്ബ്രാഹ്മണ സാമുദായിക വ്യവസ്ഥ സ്ത്രീക്ക് സ്വത്തവകാശം നൽകുന്നില്ല. സ്ത്രീധനം നൽകുന്ന സമ്പ്രദായം നിലവിലുണ്ട്. അതിന്റെ പേരിൽ മാറ്റിവയ്ക്കുന്ന സ്വത്തിന് പെണ്ണിന് അവകാശമുണ്ട്. ഇതിന് 'മഞ്ഞൾക്കാണിസ്വത്തെ'ന്നാണ് പറയുന്നത്.[9] സ്ത്രീയെ സംരക്ഷിക്കാനുള്ള ഈ സ്വത്ത് വിവാഹത്തോടൊപ്പം പുരുഷന് കൈമാറ്റം ചെയ്യുന്നു. സാമ്പത്തി കാസ്തിത്വമില്ലാതെ, കൈമാറ്റം ചെയ്യാനുള്ള ഒരു ചരക്കു മാത്രമായിട്ടാണ്

തമിഴ്ബ്രാഹ്മണ സ്ത്രീ സാമാന്യമായി കണക്കാക്കപ്പെടുന്നത്. ഇത്തരത്തിൽ സ്വത്തവകാശമില്ലാത്ത സ്ത്രീകളെ നോവലുകളിൽ കാണാം. 'വേരുകളി'ലെ അമ്മുലുവും ലക്ഷ്മിയും വിവാഹിതരായതോടെ കുടുംബത്തിലെ ഏക പുരുഷനായ രഘു മാത്രമായി സ്വത്തിന് അവകാശി. രഘുവിന്റെ സ്വത്തിൽ ആശ്രയിച്ചു കഴിയുന്ന അമ്മുലുവിനും ലക്ഷ്മിക്കും ഒരു ഭീഷണിയായിട്ടാണ് സ്വത്തു വിൽക്കാൻ താൽപര്യമെടുത്തുള്ള രഘുവിന്റെ വരവ്. 'നെട്ടൂർമഠ' ത്തിൽ സ്വർണ്ണ വിധവയാകാതെ തന്നെ കുടുംബത്തിലേക്ക് തിരിച്ചു വന്നത് വലിയൊരപവാദമായും അഹങ്കാരമായും അവളുടെ അച്ഛൻ യജ്ഞനാരായ ണയ്യർ കരുതുന്നു. കാരണം സ്വത്തും തന്റെ ജോലിയുടെ പിന്തുടർച്ചാവ കാശവും പുത്രനായ ശേഷനുള്ളതാണ്. സ്വർണ്ണയുടെ തിരിച്ചുവരവിൽ ശക്തമായ ഭാഷയിൽ പ്രതികരിക്കുകയാണ് യജ്ഞനാരായണയ്യർ ചെയ്യുന്നത്.

''താലികെട്ടിയ ഭർത്താവിന് ഇറങ്ങെടീ എന്നു പറയാൻ അവകാശമുണ്ട്. അതു കേട്ടയുടൻ ഇറങ്ങുന്നതാണോ മര്യാദ? ഭർത്താവിനെ വിട്ടോടിപ്പോരുന്ന താണോ ഭാര്യാധർമ്മം? ഒരു ബ്രാഹ്മണപ്പെണ്ണിങ്ങനെ ചെയ്യാമോ? വാസു ചത്തുപോയോ? ഇല്ലല്ലോ. അവൾ അവന്റെ കൂടെ കഴിയണോ വാഴ്വു നശിച്ച ഒരു മൊട്ടച്ചിയെപ്പോലെ ഇവിടെ കഴിയണോ? പെൺകുട്ടികൾക്ക് നല്ല തലേലെഴുത്തു വേണം. എങ്കിൽ നല്ല ഭർത്താക്കന്മാരെ കിട്ടും. ഭർത്താവു ചപ്പട്ടയാണെങ്കിൽ സഹിച്ചോളണം'' (പുറം 35)

സ്വർണ്ണയുടെ മകൾ ശിവകാമിയുടെ വിവാഹത്തെ വരെ ബാധിക്കാൻ പോന്ന കളങ്കമാണ് സ്വർണ്ണ ചെയ്തതെന്ന് യജ്ഞനാരായണയ്യർ വിധിയെഴു തുന്നു. അവളുടെ അച്ഛൻ വാസുദേവ ഭാഗവതർ ദേവദാസീ സമ്പർക്കത്തിൽ ഏർപ്പെട്ടത് അവളെ ബാധിക്കുകയില്ല. കാരണം 'ബ്രാഹ്മണവിവാഹമെന്നാൽ കന്യാദാനമാണ്, കന്യക അവളുടെ കുലവും ഗോത്രവുമുപേക്ഷിച്ച് ഭർത്താവിന്റെ കുലത്തിലും ഗോത്രത്തിലും കലരുന്നു. വിവാഹം കഴിഞ്ഞാൽ പെണ്ണിന് അച്ഛൻ ആരുമല്ലാതാകുന്നു. അച്ഛൻ മരിച്ചാലും ഒരു മകൻ ആചരിക്കുന്നതുപോലെ പുല ആചരിക്കേണ്ട, പേരിനു മാത്രം മതി. നൂറ്റാണ്ടുകളായി ചോരയിൽ ഊറിക്കൂടിയ ആചാരമാണിത്.' (പുറം 27)

ശിവകാമി ദ്വൊരസ്വാമി ദീക്ഷിതരുടെ എല്ലാ ഭാവഭേദങ്ങളും അറിഞ്ഞ് കൂടെ നിൽക്കുന്നതും ഈ വ്യവസ്ഥ കണ്ടറിഞ്ഞതുകൊണ്ടു തന്നെ. അന്ത്യത്തോടടുത്ത നാളുകളിലും ഈശ്വരനെ ഇത്രനാളും താൻ സേവിച്ചില്ലെ, ഈശ്വരനെ സേവിക്കാൻ ഇനിയും ആരെങ്കിലും കാണും, അതിനേക്കാൾ താൻ ആരാധിക്കുന്ന ദൈവം തന്റെ അടുത്തു കിടന്നുറങ്ങുന്നയാളാണ്, ഈ ദൈവത്തെയാണ് താൻ ആരാധിക്കേണ്ടത് എന്ന് മനസ്സിലുരുവിട്ടുറപ്പിക്കുന്ന തമിഴ് ബ്രാഹ്മണ സ്ത്രീ അവളറിയാതെ വ്യവസ്ഥകളെ സ്വാംശീകരിക്കുകയാണ്.

കനകാംബാളുടെ വിവാഹവും ഒരു തരത്തിലുള്ള ചരക്കു കൈമാറ്റമായിരുന്നു. അവിടെ ചരക്കേറ്റെടുക്കുന്നവന്റെ ഗുണഗണങ്ങൾക്ക് പ്രസക്തിയില്ല. കൂടിയ മൂല്യത്തിന് ചരക്കു കൈയ്യൊഴിക്കുന്നതു മാത്രമാണ് പ്രധാനം. വൈവാഹികബന്ധം നിലനിൽക്കത്തക്കതാണോ എന്ന അന്വേഷണത്തിനും പ്രസക്തിയില്ല. അതിനാൽ അവളുടെ സഹോദരൻ നല്ലൊരു തുക കൈപ്പറ്റി സുന്ദരമെന്ന വിരൂപനും അപസ്മാരരോഗിയുമായ ഒരുത്തന് അവളെ കൈമാറ്റം ചെയ്യാനുള്ള കച്ചവടം ഉറപ്പിക്കുന്നു. അകാലവൈധവ്യം വന്നു ചേർന്നപ്പോൾ അവളെ അന്വേഷിക്കാൻ അയാൾ ഒരുക്കമല്ല. അവിടെ സാമ്പത്തികലാഭമില്ല.

സ്ത്രീയുടെ ഇത്തരം അവസ്ഥാഭേദങ്ങൾ പിതൃദായ ക്രമം നിലനിൽക്കുന്ന സമൂഹത്തിൽ മാത്രമേ കാണൂ. ഇതേ കാലഘട്ടങ്ങളിൽ പൊതുസമൂഹത്തിൽ നിലനിന്നിരുന്ന നായർ തറവാടുകളിൽ മാതൃദായക്രമമാണുണ്ടായിരുന്നത്. സ്ത്രീയെ വിവാഹം കഴിച്ചു കൊടുക്കുന്ന പതിവ് അവിടെ ഉണ്ടായിരുന്നില്ല. തറവാടിന്റെ സാമ്പത്തിക നിലവാരത്തിനും സമൂഹത്തിലെ ഇടത്തിനുമനുസരിച്ച് ക്ഷത്രിയരും ബ്രാഹ്മണരും നായന്മാർ തന്നെയും ഇങ്ങോട്ടു വന്നു സംബന്ധത്തിൽ ഏർപ്പെടുകയായിരുന്നു പതിവ്. അനിഷ്ടമുണ്ടായാൽ ഭർത്താവിനെ പുറത്തുകളയാൻ നായർ സ്ത്രീക്ക് അവകാശമുണ്ടായിരുന്നു. അയാളുടെ കിടക്കപ്പായും സാധനസാമഗ്രികളും വീട്ടിനു വെളിയിൽ എടുത്തുവച്ചാൽ മതി ബന്ധം ഒഴിവാകാൻ. ഭർത്താക്കന്മാരെ യഥേഷ്ടം സ്വീകരിക്കാനുള്ള നായർ സ്ത്രീയുടെ അവകാശം പുരുഷന്മാരെ

ചൊടിപ്പിച്ചു. ഈ അവ്യവസ്ഥ അവസാനിപ്പിക്കാൻ നായർ സമുദായത്തിനിടയിൽ ചെറുപ്പക്കാർ സംഘടിക്കുകയും വൈവാഹികബന്ധം എന്ന സങ്കൽപം പ്രാവർത്തികമാക്കുകയും ചെയ്തു. സ്ത്രീയുടെ ലിംഗാധിപത്യവും സാമ്പത്തികസുരക്ഷിതത്വവും പുരുഷനെ സംഘടിക്കാൻ പ്രേരിപ്പിക്കുകയും വ്യവസ്ഥകളെ മാറ്റിമറിക്കാൻ കഴിയുകയും ചെയ്തു. എന്നാൽ പിതൃദായക്രമം നിലനിൽക്കുന്ന തമിഴ്ബ്രാഹ്മണ സമൂഹത്തിലെ സ്ത്രീ അവളുടെ അവകാശത്തിനുവേണ്ടി സംഘടിക്കുകയോ പ്രക്ഷോഭമുണ്ടാക്കുകയോ ചെയ്തില്ല. വ്യവസ്ഥയെ ചോദ്യം ചെയ്യാതെ അതേപടി അനുസരിക്കുക എന്ന നിലപാടാണ് കൈക്കൊണ്ടത്. ഇതിനെയാണ് ഏംഗൽസ് 'ചരിത്രത്തിലെ ഏറ്റവും വലിയ പരാജയം' എന്നു വിശേഷിപ്പിച്ചത്.

സ്ത്രീപുരുഷന്മാർ പരസ്പരം ഒന്നാകുന്നു എന്നു സങ്കൽപിക്കുന്ന വിവാഹം ഉണ്ടാക്കുന്ന ഏറ്റവും വലിയ വിരോധാഭാസമാണ് സ്ത്രീയുടെ വിധേയത്വം. ഇങ്ങിനെ സംഭവിക്കാൻ സാമൂഹികവും സാമ്പത്തികവും വ്യക്തിപരവുമായ ഘടകങ്ങൾ കാരണമാകുന്നുണ്ട്. സാമൂഹികമായ ചില നിഷ്ക്കർഷതകൾ സ്ത്രീയെ വൈവാഹികബന്ധത്തിന് പ്രേരിപ്പിക്കുന്നു. തമിഴ്ബ്രാഹ്മണ സമൂഹത്തിന്റെ വ്യവസ്ഥകൾ പ്രകാരം പ്രായപൂർത്തിയാകുന്നതിനു മുമ്പു തീരുമാനിക്കപ്പെടേണ്ടതാണ് പെണ്ണിന്റെ വിവാഹം. ആ പ്രായത്തോടടുക്കുമ്പോൾ സമുദായത്തിനകത്തെ ചോദ്യം ചെയ്യലുകൾ മൂലം കുടുംബത്തിൽ അസ്വാരസ്യം രൂപപ്പെടുകയും പെൺകുട്ടി ഒരു ബാധ്യതയാണെന്നു ചിന്തിക്കാൻ തുടങ്ങുകയും ചെയ്യുന്നു. പിന്നെ ഏതെങ്കിലുമൊരു പുരുഷൻ, അവന് എന്തെല്ലാം കുറവുകളുണ്ടെങ്കിലും, വിവാഹതാൽപര്യാർത്ഥം വന്നാൽ മതിയെന്നാകും. പെൺകുട്ടി സ്വയം ചിന്തിക്കുന്നതും താൻ കുടുംബത്തിനു ബാധ്യതയാണല്ലോ എന്നാണ്. ഇത് ഏതു തരത്തിലുള്ള വൈവാഹികബന്ധത്തെയും സ്വീകരിക്കാൻ അവളെ പ്രാപ്തയാക്കുന്നു. മാനസികമായ പൊരുത്തക്കുറവോ ശാരീരികമായ കുറവുകളോ അനാഭിമുഖ്യമോ ഇത്തരം വൈവാഹിക ബന്ധങ്ങളിലെ സ്ത്രീപുരുഷ സംയോഗത്തിന് വിഘാതമാകുന്നു. അവിടെ പൊരുത്തപ്പെടുന്ന

സ്ത്രീ പ്രകടിപ്പിക്കുന്നത് ആഭിമുഖ്യമല്ല, വിധേയത്വമാണ്. ശക്തമായ സാമ്പത്തികസുരക്ഷിതത്വമില്ലാത്ത പെൺകുട്ടികൾക്കും കിട്ടുന്ന പുരുഷനെ സ്വീകരിച്ച് തൃപ്തിയടയേണ്ടി വരും. വ്യക്തിപരമായ ചില കാരണങ്ങളും ഇത്തരം പൊരുത്തക്കേടുകൾ രൂപപ്പെടാനിടയാക്കുന്നുണ്ട്. 'നെട്ടൂർമഠ'ത്തിലെ ശിവകാമി ദീക്ഷിതരോട് വിധേയത്വം പുലർത്തിയത് അവളുടെ സാമൂഹിക സാഹചര്യങ്ങളുടെ സമ്മർദ്ദഫലമായിട്ടാണ്. 'നാർമടിപ്പുടവ'യിലെ കനകാംബാൾ ഭർത്താവിന്റെ വൈരൂപ്യം ഉൾക്കൊള്ളാൻ നിർബന്ധിതയായത് സാമ്പത്തിക ഭദ്രതയില്ലാത്തതിനാൽ താൻ അച്ഛന് ഒരു ബാധ്യതയാകേണ്ടെന്നു കരുതി യാണ്. 'നെട്ടൂർമഠ'ത്തിലെ അന്നപൂർണ്ണിയുടെയും ഗോവിന്ദന്റെയും പൊരുത്ത ക്കുറവിനു കാരണം അന്നപൂർണ്ണിയുടെ തികച്ചും വ്യക്തിപരമായ താൽപര്യ ങ്ങളാണ്. കാരണങ്ങൾ എന്തുതന്നെയാകട്ടെ വൈവാഹികജീവിതത്തിൽ വിധേയത്വം പുലർത്തേണ്ടിവരുന്നതിന്റെ തിക്തഫലം അനുഭവിക്കുന്നത് സ്ത്രീകൾ മാത്രമാണ്.

### 4.4 സ്ത്രീയുടെ ലൈംഗികാസ്തിത്വം:

ജീവശാസ്ത്രപരമായ ഒരവസ്ഥയെന്നതിലുപരി ലൈംഗികതയെ പുണ്യ പാപങ്ങളുമായി ബന്ധിപ്പിക്കുന്ന തരത്തിൽ വ്യവഹരിക്കാൻ തുടങ്ങിയത് മതങ്ങളുടെ ആധിപത്യം സമൂഹത്തിൽ ഉറയ്ക്കാൻ തുടങ്ങിയതോടു കൂടിയാണ്. സ്ത്രീ പ്രലോഭിപ്പിക്കുകയും പുരുഷൻ പാപം ചെയ്യുകയും ചെയ്തതായി ബൈബിൾ പറയുന്നു. രതി പാപമായി കരുതിയതോടെ സ്ത്രീ സംരക്ഷിക്കപ്പെടുകയല്ല ഇതിന്റെ പേരിൽ വീണ്ടും വീണ്ടും അടിച്ചമർത്തലിന് വിധേയമാക്കപ്പെടുകയാണുണ്ടായത് എന്നു കാണാം. അതിനാൽ ലൈംഗികത ഒരു പാപമായിക്കരുതി അതിനെ മൂടി വയ്ക്കുകയോ അടിച്ചമർത്തുകയോ ആണ് സ്ത്രീ ചെയ്തുപോരുന്നത്. ഇതാകട്ടെ സമൂഹത്തിൽ അവളുടെ നിലനിൽപ്പിനു വേണ്ടി മാത്രമാണ്.

സ്വന്തം ലൈംഗികാസ്തിത്വം പ്രകടിപ്പിക്കാനാണ് ഒരു തമിഴ്ബ്രാഹ്മണ സ്ത്രീ ഏറ്റവുമധികം ഭയപ്പെടുന്നത്. അവളിൽ രൂഢമുലമായിരിക്കുന്ന പുണ്യ

പാപസങ്കൽപം രതി, പ്രണയം തുടങ്ങിയ വികാരങ്ങളെല്ലാം പാപമാണെന്നു തെറ്റിദ്ധരിക്കാൻ കാരണമാകുന്നു. സ്ത്രീയിലെ കാമത്തെ അടക്കാൻ പല മതങ്ങളും പലതരം മാർഗ്ഗങ്ങളും കൈക്കൊ ിരുന്നതായി പറയപ്പെടുന്നു. മുസ്ലീം സമുദായത്തിനകത്ത് സ്ത്രീകൾക്കും 'ചേലാകർമ്മം' നടത്തിയിരുന്നതായി ഖദീജ മുംതാസ് പറയുന്നു.[10] ഇത് സ്ത്രീയുടെ ലൈംഗിക താൽപര്യത്തെ അടക്കിനിർത്തുമത്രെ. സ്ത്രീലൈംഗികതയുടെ മേൽ പുരുഷൻ അവന്റെ അധികാരം ഉപയോഗിച്ചാണ് സ്ത്രീയെ കുടുംബത്തിൽ അടക്കി നിർത്തിയിരുന്നത്. സ്വത്തു കൈമാറ്റം സുതാര്യമാക്കാൻ സന്തതി തന്റേതാണെന്നുറപ്പിക്കേണ്ടതിന് പുരുഷന് അതൊരനിവാര്യതയായിരുന്നു. പുരുഷന്റെ മാനസികാവസ്ഥയിൽ ഒരേ സമയം സംതൃപ്തിയും അസംതൃപ്തിയും സൃഷ്ടിക്കുന്നു സ്ത്രീലൈംഗികത എന്ന് എംഗൽസ് പറയുന്നു.[11] അത് പുരുഷൻ സ്ത്രീയെ സംബന്ധിച്ച രണ്ടു ദ്വന്ദ്വങ്ങൾ സൃഷ്ടിക്കാനിടയാക്കുന്നു എന്നും അദ്ദേഹം തുടർന്നു പറയുന്നു. 'ഒരുവശത്ത് ഏകദാമ്പത്യമാണതിന്റെ സൃഷ്ടിയെങ്കിൽ മറുവശത്ത് അത് വേശ്യാവൃത്തിയാണ്.'[12] ഈ കാഴ്ചപ്പാടിൽ ര ുതരം സ്ത്രീകളേയുള്ളു; പതിവ്രതയും വേശ്യയും. ഇങ്ങനെ സ്ത്രീലൈംഗികതയെ അടച്ചുപൂട്ടി അതിന്റെ താക്കോൽ കൈവശം വെയ്ക്കാൻ കുടുംബവ്യവസ്ഥയും നിയമവ്യവസ്ഥയും പുരുഷന് സൗകര്യം നൽകുമ്പോൾ സാമ്പത്തികവും സാമൂഹികവുമായ സ്വാതന്ത്ര്യമില്ലാത്ത സ്ത്രീ സ്വാഭാവികമായും തന്റെ ചിരപരിചിതമായ അടിമത്തത്തിൽ പൊരുത്തപ്പെട്ടു പോകുന്നു. അത് ലൈംഗികാസ്തിത്വം പ്രകടിപ്പിക്കുന്നതിൽ നിന്ന് അവളെ വിലക്കുന്നു.

പതിനാറു വയസ്സായ കനകാംബാൾക്ക് തന്റെ പുരുഷനാകുന്നവനെക്കുറിച്ച് സങ്കൽപങ്ങൾ മെനയാനുള്ള പക്വതയുണ്ട്. അവിടെ തടിച്ചു വീർത്ത, വികൃതരൂപിയായ കോങ്കണ്ണന് സ്ഥാനമില്ല. തനിക്കൊരു കോങ്കണ്ണൻ ഭർത്താവു വേ ന്ന് നിശ്ശബ്ദം പറയാനേ അവൾ ശക്തയാകുന്നുള്ളു. കനകത്തിന്റെയുള്ളിൽ അടങ്ങാത്ത പ്രണയമുണ്ട്, അയൽവീട്ടിലെ ശങ്കരിമാമിയുടെ മകൻ അനന്തുവുമായി. അവന് അവളോടും അതേ വികാരമാണെങ്കിലും

സാമുദായികവ്യവസ്ഥിതിയുടെ നൂലാമാലകളിൽ അത് പരസ്പരം അറിയിക്കാൻ കഴിഞ്ഞില്ല. അന്യപുരുഷന്റെ മുഖത്ത് പ്രായമായ പെൺ കുട്ടികൾ നോക്കിക്കൂടാ എന്നാണ് മുതിർന്നവർ അവളെ പഠിപ്പിച്ചിട്ടുള്ളത്. അപ്രാപ്യമായത് ആശിക്കരുതെന്ന് മനസ്സിനെ വിലക്കാനാണ് ഓരോ തമിഴ് ബ്രാഹ്മണ സ്ത്രീയും പഠിക്കുന്നതും. ഇഷ്ടപ്പെട്ട പുരുഷനെ സ്വീകരിക്കേണ്ട അവസരത്തിലും അവളെ ഭരിച്ചത് സാമുദായിക പുരുഷാധിപത്യത്തിന് കീഴടങ്ങിയ, അതിന്റെ എല്ലാ ദുരിതങ്ങളും അനുഭവിച്ച മനസ്സാണ്.

''കനകം പുതിയനാട്, പുതിയ ചുറ്റുപാടുകൾ! നമുക്ക് ഒന്നിച്ചൊരു ജീവിതം അവിടെ സാദ്ധ്യമല്ലേ? സമുദായത്തെ ഭയക്കേണ്ട ആവശ്യമില്ല....'' (പുറം 194)

എന്ന ജോസഫിന്റെ വാക്കുകളോട് അവൾ പ്രതികരിച്ചത്:

''ഈ ചുറ്റുപാടുകൾ വിട്ട് മറ്റൊരു ജീവിതം എനിക്ക് സാദ്ധ്യമല്ല'' (പുറം 194)

എന്നാണ്. അഗ്രഹാര സമൂഹ്യവ്യവസ്ഥയ്ക്കു പുറത്തു കടന്നാൽ ബന്ധന ങ്ങൾ ബാധിക്കുകയില്ല. എന്നാൽ അവൾക്കു പുറത്തു കടക്കാനാവാത്തത് അവൾ സ്വാംശീകരിച്ച അടിമത്തത്തിൽ നിന്നാണ്. ഈ മാനസികതലമാണ് ജോസഫിനെ നിഷേധിക്കാൻ അവളെ പ്രേരിപ്പിക്കുന്നത്. സ്വയം സ്ത്രീയായി കനകാംബാൾ ഇവിടെ രേഖപ്പെടുത്തുന്നു. പെണ്ണിന്റെ രണ്ടാംതരം പൗരത്വത്തിലേക്ക് അവളെ നയിച്ച പുരുഷാധിപത്യ സമൂഹത്തോടുള്ള അമർഷം സിമോൺ ദി ബുവയർ പ്രകടിപ്പിക്കുന്നുണ്ട്.

'പുരുഷൻ എവിടെയെല്ലാം ശ്രേഷ്ഠപദവിയിലേക്ക് ഉയർത്ത പ്പെടുന്നുവോ (subject) അവിടെയെല്ലാം സ്ത്രീ അന്യത്തിൽ (other) അന്തർലീനമായിപ്പോകും. അവനോടു ചേർത്തു മാത്രമേ അവളെ വ്യവഹരി ക്കാനാകൂ.[13]

ഇങ്ങനെ 'അന്യ'ത്തിന്റെ പദവി സ്വാംശീകരിക്കുന്നതു കൊണ്ടാണ്, അല്ലെങ്കിൽ അതിനു നിർബന്ധിതരാകുന്നതുകൊണ്ടാണ് സ്ത്രീകൾ എപ്പോഴും അടിച്ചമർത്തപ്പെടുന്നത്.[14]

ശിവകാമിയിലെ സ്ത്രീ അവളുടെ പുരുഷനെ ആഗ്രഹിക്കുന്നുണ്ട്. എന്നാൽ ലൈംഗികതാൽപര്യം പ്രകടിപ്പിക്കാൻ സ്ത്രീക്ക് അവകാശമില്ല. അത് പുരുഷന്റെ താൽപര്യാർത്ഥം നടക്കേണ്ട ഒരു പ്രക്രിയയാണെന്ന് സമൂഹ മൊട്ടാകെ ധരിച്ചുവച്ചിരിക്കുന്നു. താനെന്നാണ് അമ്മയാകാൻ പോകുന്നതെന്ന ചോദ്യത്തിന് സമയമായില്ല എന്നായിരിക്കും ദീക്ഷിതരുടെ മറുപടി. പിന്നെ അവൾക്കു ചെയ്യാനുള്ളത് തന്നെത്തന്നെ ഒരുക്കിയെടുത്ത് ദീക്ഷിതർക്കു മുന്നിൽ പ്രദർശിപ്പിക്കുക എന്നതാണ്. പുരുഷനെ പ്രകോപിപ്പിച്ചു വശംവദനാക്കുക എന്നത് നല്ല സ്ത്രീക്ക് ചേർന്നതല്ല എന്ന തോന്നൽ പലപ്പോഴും അവളെ പിന്തിരിപ്പിക്കുന്നു. എങ്കിലും അയാളോടൊപ്പമുള്ള ജീവിതത്തിൽ അവൾ സംതൃപ്തി പ്രകടിപ്പിക്കുന്നു. ഇത്തരത്തിൽ തന്റെ എല്ലാതരത്തിലുള്ള ലൈംഗികാസ്തിത്വവും തമിഴ്ബ്രാഹ്മണ സ്ത്രീ പുരുഷന് അടിയറ വെയ്ക്കുന്നു.

### 4.5 സ്ത്രീയും അധികാരവ്യവസ്ഥയും:

ഒരു സ്ത്രീ കുടുംബത്തിനകത്തു തന്നെ പലതരം അധികാരവ്യവസ്ഥ കൾക്കു വിധേയമായാണ് കഴിഞ്ഞുകൂടുന്നത്. അച്ഛൻ, സഹോദരൻ, ഭർത്താവ്, മകൻ തുടങ്ങിയ പുരുഷന്മാർ അവളിൽ അധികാരം ചെലുത്തുന്നു. ഇത് പൗരാണികകാലം മുതലേയുള്ള വ്യവസ്ഥയാണ്. മനുസ്മൃതിയിലെ:

''പിതാ രക്ഷതി കൗമാരേ
ഭർത്താ രക്ഷതി യൗവനേ
പുത്രോ രക്ഷതി വാർദ്ധക്യേ
ന സ്ത്രീ സ്വാതന്ത്ര്യമർഹതി'' (മനുസ്മൃതി 9:3)

എന്ന ശ്ലോകം ഇതിനുപോദ്ബലകമായ തെളിവാണ്. സ്ത്രീ കടന്നുപോകുന്ന ജീവിതത്തിന്റെ ഓരോ അവസ്ഥയിലും ഓരോ പുരുഷനും അവൾക്ക് രക്ഷ ചെയ്യേണ്ടതുണ്ട്. ഒരിക്കലും അവളെ സ്വതന്ത്രയായി വ്യാപരിക്കാൻ അനുവദി ക്കരുത്. പുരുഷന്റെ പരമ്പരയെ പെറ്റുപോറ്റേണ്ട ദൗത്യമുള്ളവളുടെ പരിശുദ്ധിയും വിശ്വാസ്യതയും ഉറപ്പിക്കേണ്ടത് പുരുഷന്റെ ഉത്തരവാദിത്ത മാണെന്നും സ്ത്രീ അവന്റെ വെറും ഉപകരണം മാത്രമാണെന്നും ഏംഗൽസ് പറഞ്ഞതിന്റെയും പൊരുൾ മറ്റൊന്നല്ല. സ്വകാര്യസ്വത്തുടമാവകാശം അവൾ ക്കില്ലാതിരിക്കുകയും അവൾ വെറും ചരക്കു മാത്രമായിരിക്കുകയും ചെയ്യുന്ന അവസ്ഥയാണിത്. അവിടെ പുരുഷന്റെ കുറവുകളോ കഴിവുകേടുകളോ പരിഗണിക്കേണ്ടതില്ല. സ്ത്രീയെ അടക്കിനിർത്താൻ കഴിയുന്നതു മാത്രമാണ് അവന്റെ ഗുണമായി പരിഗണിക്കുന്നത്.

തമിഴ്ബ്രാഹ്മണ കുടുംബത്തിൽ നിന്ന് ഒരു പെൺകുട്ടി വിവാഹിത യാകുന്നത് പതിമൂന്നു വയസ്സിനുള്ളിലാണ്. അന്നേക്ക് അവൾ ഒരു ബ്രാഹ്മണ പെൺകുട്ടി പാലിക്കേണ്ട ചട്ടങ്ങളെക്കുറിച്ച് ബോധവതിയായിരിക്കണം. കുടുംബത്തിന് ഒരു ബാധ്യതയും ഒപ്പം കൈമാറ്റം ചെയ്യാനുള്ള ഒരു ചരക്കുമാണവൾ. വിവാഹം കഴിഞ്ഞാൽ കുടുംബവുമായി ബന്ധമില്ലാത്ത, കുടുംബസ്വത്തിൽ അവകാശമില്ലാത്തവളായി അവൾ മാറുന്നു. കനകാംബാ ളുടെ കല്യാണം അപസ്മാരരോഗിയായ വികൃതരൂപിയുമായി നടന്നത് സഹോദരന്റെ അധികാരപ്രയോഗത്തിന്റെ ഫലമായാണ്. ശിവകാമി ഇരട്ടിയില ധികം പ്രായമുള്ള ദീക്ഷിതരുടെ ഭാര്യയായത് അച്ഛൻ ശരിയായ രക്ഷ നൽകാതെ സുഖം തേടിപ്പോയി ചീത്തപ്പേരു സമ്പാദിച്ചതിന്റെ പേരിലാണ്. അന്നപൂർണ്ണി ഗോവിന്ദന്റെ ഭാര്യയായത് സഹോദരന്മാരുടെ തെറ്റായ ജീവിതരീതികൊണ്ടാണ്. സ്ത്രീയുടെ നിലനിൽപിനെ നിർണ്ണയിക്കുന്ന സാമൂ ഹികവും സാംസ്കാരികവും ചരിത്രപരവും സാമ്പത്തികവുമായ നിരവധി വ്യവസ്ഥകളെക്കുറിച്ച് സിമോൺ ദി ബുവയർ 'ദി സെക്കന്റ് സെക്സ്' എന്ന കൃതിയിൽ പങ്കുവയ്ക്കുന്നു. എവിടെയൊക്കെ പുരുഷൻ അധികാരത്തിന്റെ കേന്ദ്രമാകുന്നുവോ അവിടെയെല്ലാം സ്ത്രീ അന്യവൽക്കരിക്കപ്പെടുന്നു.

അപേക്ഷികമായ ഒന്നിനെതിരായി കടന്നുവരുന്ന ഒരു ആകസ്മികതയും, അത്യന്താപേക്ഷിതമല്ലാത്ത ഒന്നുമായ ഒരു വസ്തുവായി അവൾ ഗണിക്കപ്പെടുന്നു. പുരുഷൻ വസ്തുതയായിരിക്കെ സ്ത്രീ അന്യമാകുന്നു (He is the subject, she is the other).[15] ലിംഗപരമായ വ്യത്യാസമല്ല സ്ത്രീയെയും പുരുഷനെയും നിർണ്ണയിക്കുന്നത് മറിച്ച് അധികാരമുള്ളത് / അധികാരമില്ലാത്തത് എന്ന ദ്വന്ദ്വമാണെന്ന് മാക്കിന്നോൻ പറയുന്നു.[16] അതുകൊണ്ടുതന്നെ കുടുംബത്തിനകത്തു മാത്രമല്ല സമുദായവും പൊതുസമൂഹവുമെല്ലാം അധികാരമില്ലാത്ത സ്ത്രീക്കുമേൽ കടന്നാക്രമണം നടത്തും. കനകാംബാളുടെ സഹോദരീഭർത്താവും മേലുദ്യോഗസ്ഥനും അവളോട് അപമര്യാദയായി പെരുമാറിയത് ഈ അധികാരത്തിന്റെ ബലത്തിലാണ്. കന്യകയായ വിധവയായിരിക്കെ അവളിലെ ലൈംഗിക തൃഷ്ണകളെ പ്രകോപിപ്പിച്ചു കീഴടക്കാമെന്ന വ്യാമോഹമാണ് മേലുദ്യോഗസ്ഥനെ ഭരിച്ചത്. 'വീട് അടുത്താണ്. എന്റെ പുറകേ അൽപം വിട്ടു നടന്നു വന്നോളൂ. വീട്ടിലാരുമില്ല. ജോലിക്കാരിയെ പറഞ്ഞയച്ചു' എന്നെല്ലാം തന്റേടത്തോടെ പറയാൻ അയാളെ പ്രേരിപ്പിച്ചത് സ്ത്രീയിൽ ഒരു കുറവു കണ്ടെത്തിയതാണ്. വൈധവ്യം അവളുടെ ഒരു കുറവായി കണക്കാക്കപ്പെടുന്നു.

''നിങ്ങളുടെ ആവശ്യത്തിനു പറ്റിയ ആൾ ഞാനല്ല...'' (പുറം 145) എന്ന അവളുടെ മറുപടിയാണ് അയാൾക്ക് തെറ്റായി തോന്നിയത്. അർഹമായ ഉദ്യോഗക്കയറ്റം തടഞ്ഞുവെച്ച് അവളോട് പ്രതികാരം ചെയ്തപ്പോൾ സ്ത്രീയെ ജയിക്കാൻ കഴിഞ്ഞ പുരുഷനായി അയാൾ സ്വയം അവരോധിക്കുന്നു.

'യുക്തി, സ്വാശ്രയത്വം, സ്വാതന്ത്ര്യം ഇവ തമ്മിൽ സങ്കീർണ്ണമായ ബന്ധമാണുള്ളത്. സ്ത്രീ ഇതാഗ്രഹിക്കുന്നിടത്ത് അധികാരഘടനയും പുരുഷമേൽക്കോയ്മയും അവളെ ചോദ്യം ചെയ്യുന്നു'.[17]

സ്വന്തമായി ജോലിയുള്ള കനകാംബാൾ സ്വതന്ത്രയാകാതിരിക്കാൻ സഹോദരനും അത്തയും സമുദായത്തിലെ പുരുഷന്മാരും ഒറ്റക്കെട്ടായി അധികാരം പ്രയോഗിക്കുന്നുണ്ട്.

''നീ ഒരു വിധവെ. വ്രതങ്ങളും നമസ്ക്കാരങ്ങളും അനുഷ്ഠിച്ച് അടങ്ങി യൊതുങ്ങിക്കഴിയുന്നതിനു പകരം - എന്തിനു പറയുന്നു! നിന്നെ പഠിപ്പിക്കാൻ വിട്ടതുതന്നെ വലിയ തെറ്റ്'' (പുറം 85)

എന്നാണ് അത്ത പറയുന്നത്. വെങ്കിടേശ്വരനാകട്ടെ,

''ഉന്നടെ കമ്മലെ കഴറ്റിക്കൊട്. ഉനക്കെതുക്ക് ആഭരണം - നീ വിതവെതാനെ! അതോ ഉനക്ക് ആഫീസിലെ ആൺകളെ....'' (പുറം 176) എന്നുപറഞ്ഞ് അവളെ മാനസികമായി തളർത്താൻ ശ്രമിക്കുന്നു.

''പാർവ്വതിയക്കാ കിടപ്പായിട്ട് ഒരു വർഷം തികഞ്ഞില്ല. അതിനു മുമ്പു തന്നെ അവൾ എന്തിനും തുനിഞ്ഞിറങ്ങിയുള്ള പുറപ്പാടാണ്. അല്ലെങ്കിൽ ആഫീസിൽ പോകാൻ തുനിയുമോ? ഈ ഗ്രാമത്തിൽ ഇതിനു മുമ്പും പെൺകുട്ടികൾക്ക് വൈധവ്യം സംഭവിച്ചിട്ടുണ്ടല്ലോ! ഇത്രയ്ക്ക് തന്റേടം കാട്ടാൻ ആരെങ്കിലും മുതിർന്നിട്ടുണ്ടോ? അവൾക്കു സുഖിക്കണം - വേഷം കെട്ടണം.'' (പുറം 119)

എന്നാണ് സുന്ദരിമാമിയുടെ അഭിപ്രായം. കനകാംബാൾ കേട്ട അഭിപ്രായ ങ്ങളും അധിക്ഷേപങ്ങളുമാണിത്. സമുദായം സ്ത്രീയെ, പ്രത്യേകിച്ചും വിധവയെ എങ്ങനെ കാണുന്നുവെന്ന് ഈ വാക്കുകൾ തെളിയിക്കുന്നുണ്ട്.

ഒരു അഗ്രഹാരത്തിന്റെ അധികാരപദവിയിലിരിക്കുന്ന ദീക്ഷിതരുടെ ഭാര്യാപട്ടത്തിലേക്കുയർത്തപ്പെട്ടതോടെ 'നെട്ടൂർമഠ'ത്തിലെ ശിവകാമി കൃത്യ മായ ഒരധികാരഘടനയിലേക്ക് ഉൾച്ചേർക്കപ്പെടുന്നു. 'ആവശ്യങ്ങൾക്കനു സരിച്ച് രൂപപ്പെടുകയും നിർവ്വചിക്കപ്പെടുകയും പുനരുൽപ്പാദിപ്പിക്ക പ്പെടുകയും ചെയ്യുന്ന ഒന്നാണ് ഇത്തരം അധികാരഘടനകൾ'.[18] വ്യക്തിയെ സ്വാംശീകരിക്കാനും പുറന്തള്ളാനും ഈ ഘടനയ്ക്ക് സാധ്യമാണ്. മാനസികമായി വ്യവസ്ഥയോട് കൂടുതൽ അടുക്കുക മാത്രമേ സ്ത്രീക്ക് സാധ്യമാകൂ. അഗ്രഹാരത്തിലെ സംഘർഷം തീർക്കാൻ ശിവകാമി മുന്നിട്ടിറങ്ങുന്നത് ഈ ധാരണയോടെയാണ്. അഗ്രഹാരവ്യവസ്ഥ

നിലനിർത്താൻ തമിഴ്ബ്രാഹ്മണ സമൂഹം അവരുടേതായ ഭരണക്രമം രൂപപ്പെടുത്തിയിട്ടുണ്ട്. മതാത്മകമായ ആചാരജടിലതകൾ പരിരക്ഷിക്കുകയെന്നത് അതിന്റെ ഭാഗമാണ്. യജ്ഞനാരായണയ്യരും ദ്വൊരസ്വാമി ദീക്ഷിതരും നേതൃത്വം വഹിക്കുന്ന സഭകൾ ഈ ആചാരജടിലതകളെ പരിരക്ഷിക്കുവാൻ ബദ്ധശ്രദ്ധമാണ്. മനുഷ്യബന്ധത്തിന്റെ ആഴത്തെയും അർത്ഥത്തെയും ചോദ്യം ചെയ്തുകൊണ്ടാണ് ഇത് സമുദായ വ്യവസ്ഥയ്ക്കകത്ത് പ്രവർത്തിക്കുന്നത്. അന്ധമായ ആചാരാനുഷ്ഠാനങ്ങളും പൊള്ളയായ മതാത്മകതയും ആയുധമാക്കിക്കൊണ്ട് പുരുഷാധിപത്യസമൂഹം നടത്തുന്ന സ്ത്രീത്വ ധ്വംസനമാണ് തമിഴ്ബ്രാഹ്മണർക്കിടയിൽ നടക്കുന്നതെന്ന് കെ.ബി. പ്രസന്നകുമാർ പറയുന്നു.[19] ഇത്തരം വ്യവസ്ഥയിൽ ഏകാന്തതയുടെയും ശൂന്യതയുടെയും പീഡനത്തിന്റെയും ദുരിതകാലത്തിലേക്ക് സ്ത്രീകൾ വലിച്ചെറിയപ്പെടുന്നു. ഒരവസരത്തിൽ ശിവകാമിയുടെ ആത്മഗതം ഇതായിരുന്നു:

''വിവാഹം കഴിക്കുമ്പോൾ ബ്രാഹ്മണസ്ത്രീ തടവുകാരിയായിത്തീരുന്നു. ഭർത്താവ് ജയിലറാകുമ്പോൾ ഇരുമ്പഴികളെ വളയ്ക്കാനും ചങ്ങല പൊട്ടിക്കാനും കഴിയില്ല. എതിർത്താലെന്തു ഫലം? സ്ത്രീ സ്വാതന്ത്ര്യമർഹിക്കുന്നില്ലെന്ന് ഏതെങ്കിലും നീതിവാക്യമുദ്ധരിച്ച് ദീക്ഷിതർ സ്ഥാപിക്കും. ഭർത്താവിന്റെ അംഗവസ്ത്രത്തിന്റെ തുമ്പും തന്റെ ചേലത്തുമ്പും വിവാഹവേളയിൽ കൂട്ടിക്കെട്ടുന്നു. അർത്ഥമുള്ള ചടങ്ങ്. പെണ്ണേ, ആ കെട്ടൂരിപ്പോരാൻ നിനക്കൊരിക്കലുമാകില്ല'' (പുറം 66)

ഇത്തരം ആചാരങ്ങൾ അർത്ഥവത്തായിത്തന്നെ തമിഴ്ബ്രാഹ്മണർ പിന്തുടരുന്നു. വിവാഹമോചനം അവർക്ക് അനുവദനീയമല്ല. ഭർത്താവിനെ ചോദ്യം ചെയ്യാനും അവർക്ക് അവകാശമില്ല.

''അറിഞ്ഞതു പലതും അറിഞ്ഞില്ലെന്നു നടിക്കാൻ ശപിക്കപ്പെട്ടവരാണ് പെണ്ണുങ്ങൾ.'' (പുറം 153)

ഇത്തരം അധീശത്വത്തിന്റെ ഭാരമൊഴിക്കാൻ പലപ്പോഴും മറ്റെന്തെങ്കിലു മൊന്നിൽ അഭയം തേടുകയാണ് ഈ സ്ത്രീകൾ ചെയ്യുന്നത്. അത് തന്റെ മേൽ മറ്റൊരു ശക്തിക്കു നൽകുന്ന അധീശത്വമാകാം. അല്ലെങ്കിൽ തനി ക്കുപരിയായ ഒരു ശക്തിക്കു വിധേയപ്പെട്ടാകാം. കനകാംബാൾ തന്റെ മേലുദ്യോഗസ്ഥനായ ജോസഫിന് അധീശത്വം കൽപിക്കുന്നു. പൊതുസമൂഹ ത്തിലേക്കിറങ്ങാൻ കഴിഞ്ഞതിനാൽ, ''കിഴക്കേക്കോട്ടയ്ക്കു പുറത്ത് ഞാനു മൊരു മലയാളി''യാണെന്നു (പുറം 13) ചിന്തിക്കാൻ അവൾക്കാവുന്നു. എങ്കിലും സാമുദായികാധികാര വ്യവസ്ഥിതിയിലേക്ക് പരുവപ്പെടുത്തി യെടുത്ത മനസ്സ് ഒരു പരിധിയ്ക്കപ്പുറം മുന്നോട്ടു നീങ്ങാനോ വിലക്കുകളെ ലംഘിക്കാനോ അവളെ അശക്തയാക്കുന്നു.

''സ്വന്തം സഹോദരിക്കു പോലും ഉപകാരപ്പെടാതെ കുറേയധികം ആചാരങ്ങൾ അനുഷ്ഠിച്ചതുകൊണ്ടോ കോവിലുതോറും കയറി ആരാധന നടത്തിയതുകൊണ്ടോ മോക്ഷം കിട്ടുമെന്നാണോ?'' (പുറം 86)

എന്ന് ഒരവസരത്തിൽ കനകാംബാൾ പൊട്ടിത്തെറിക്കുന്നുണ്ട്. വ്യവസ്ഥ തന്നിലുണ്ടാക്കുന്ന ആത്മരോക്ഷം പ്രകടിപ്പിക്കാൻ കഴിയുമ്പോഴും അതിനെ ലംഘിക്കാൻ അവൾക്കാവുന്നില്ല.

ശിവകാമി ആശ്രയം കണ്ടെത്തുന്നത് കാഞ്ചികാമാക്ഷിയിലാണ്. പൂജാമുറിയിലേക്ക് അവൾ കടന്നുചെല്ലുന്നത് പലപ്പോഴും ഭക്തയുടെ ഭാവത്തിലല്ല. അവിടെ തന്റെ അമ്മയുണ്ടെന്നവൾ വിശ്വസിക്കുന്നു. വിവാഹ മോചനമോ ആഗ്രഹമറിഞ്ഞു പ്രവർത്തിക്കുന്ന ഒരു ഭർത്താവോ കുടുംബാംഗ ങ്ങളോ ഇല്ലെങ്കിൽ സ്ത്രീയ്ക്കാശ്രയം തന്നിലും വലുതായ ഒരു സങ്കൽപത്തി ലാണ്. അത് ശിവകാമി കാഞ്ചികാമാക്ഷിയിൽ കാണുന്നു. യഥാർത്ഥത്തിൽ ഇതൊരു പലായനമാണ്. തനിക്കേറ്റ എല്ലാ മുറിവുകളേയും മറക്കാനും അസ്വസ്ഥമായ ജീവിതാന്തരീക്ഷത്തിൽ നിന്നു മാറിപ്പോകാനും അവൾക്ക് ആശ്രയമായിത്തീരുന്നത് പൂജാ മുറിയാണ്. ഇങ്ങനെ സ്വന്തം വ്യക്തിത്വത്തെ ഇല്ലായ്മ ചെയ്തുകൊണ്ട് മറ്റൊന്നായി, മറ്റൊരാളായി മാറുകയും മറ്റൊരിടം

തേടിപ്പോവുകയുമാണ് ഇത്തരം കഥാപാത്രങ്ങൾ ചെയ്യുന്നത്. കാഞ്ചികാമാക്ഷിയോട് ശിവകാമി ചോദ്യങ്ങൾ ചോദിക്കുന്നു. ജ്വാലയിലൂടെ കാഞ്ചികാമാക്ഷി അതിനുത്തരം നൽകുന്നതായി സങ്കൽപ്പിച്ച് ആശ്വസിക്കുന്നു. നാളമിളകാതെ നിന്നാൽ ഉത്തരമില്ലാത്ത ചോദ്യങ്ങളായിപ്പോയോ തന്റേതെന്ന് ആശങ്കിക്കുന്നു. ഒടുക്കം കാഞ്ചികാമാക്ഷിയിൽ ഭാരങ്ങൾ ഇറക്കി വെച്ച് ഇറക്കി വെച്ച് അവിടെത്തന്നെ ജീവാർപ്പണം ചെയ്യുന്നു. ശിവകാമി മരിച്ചുപോയി എന്ന് എഴുത്തുകാരൻ പറയുന്നില്ല. 'പൂജാമുറിയിൽ ഒരു ദണ്ഡനമസ്കാരത്തിലെന്ന പോലെ ശിവകാമി അനക്കമില്ലാതെ കിടന്നു.' അപ്പോഴും ദീക്ഷിതർ ജനനമരണങ്ങളുടെ അർത്ഥവും ആഴവും തേടുകയായിരുന്നു.

### 4.6 സ്ത്രീ പ്രത്യുൽപ്പാദനോപകരണമെന്ന നിലയിൽ:

സ്വകാര്യസ്വത്തിന്റെ ആവിർഭാവം സ്ത്രീയെ പുരുഷന്റെ സന്തതികളെ പെറ്റുപോറ്റാനുള്ള ഉപകരണം മാത്രമാക്കിയെന്ന് എംഗൽസ് 'കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം ഇവയുടെ ആവിർഭാവം' എന്ന കൃതിയിൽ പറഞ്ഞുവയ്ക്കുന്നു. (പുറം 131) പുരുഷാധിപത്യ സമൂഹത്തിൽ സ്ത്രീയുടെ കീഴാളത്തത്തിന് മൂലകാരണം മാതൃത്വം എന്ന സ്ഥാപനമാണെന്ന് റാഡിക്കൽ ഫെമിനിസ്റ്റ് ചിന്തകർ കരുതുന്നു.[20] മാതൃത്വം ഒരു സാമൂഹ്യസ്ഥാപനം മാത്രമല്ല, സ്ത്രീകളെല്ലാവരും അമ്മമാരാകാനുള്ളതാണെന്ന ആഗോള പ്രതീക്ഷയുടെ ഇടം കൂടിയാണ്. മാതൃത്വത്തെ ആദർശവത്ക്കരിക്കുക വഴി അമ്മയാകാതിരിക്കുന്നത് ഒരു പരാജയമാണെന്നു സ്ത്രീ തെറ്റിദ്ധരിക്കാനിടയാകുന്നു. മാതൃത്വത്തിനു പുറമേ നേടുന്ന നേട്ടങ്ങളുടെയും സന്തോഷങ്ങളുടെയും തിളക്കം ശ്രദ്ധിക്കപ്പെടാതിരിക്കാൻ പുരുഷാധിപത്യ സമൂഹം മാതൃത്വമാണ് ഉത്കൃഷ്ടമെന്നും അതു നേടിയില്ലെങ്കിൽ മറ്റെല്ലാ നേട്ടങ്ങളും വ്യർത്ഥമാണെന്നും സ്ഥാപിക്കാൻ ശ്രമിക്കുന്നു.[21] ഉത്തരവാദിത്തങ്ങളും ചുമതലകളും അടിച്ചേൽപ്പിക്കുകയും അധികാരപരിധിക്ക് ഇളവു വരുത്തുകയും ചെയ്യുന്ന ഒരു സ്ഥാപനമായാണ് വാക്കർഡൈർ (1984, പുറം 10)

മാതൃത്വത്തെ കാണുന്നത്. സ്ത്രീകൾക്ക് കുട്ടികളുടെ മേൽ ഉത്തരവാദിത്തങ്ങൾ ഏൽപിച്ചു കൊടുക്കുമ്പോൾ തന്നെ പരമ്പരാഗതമായും നിയമപരമായും സ്ത്രീകൾക്കും കുട്ടികൾക്കും മേൽ പുരുഷൻ അവന്റെ അധികാരം പ്രയോഗിക്കുന്നു. പുരുഷാധിപത്യ സമൂഹത്തിൽ ഏകപത്നീ / ഏകപതീ ബന്ധം നിലനിർത്തി സ്വത്തുടമാ കൈമാറ്റം സുതാര്യമാക്കാനാണ് മാതൃത്വത്തിന്മേൽ ഇത്രയധികം കർശന നിയന്ത്രണങ്ങളേർപ്പെടുത്തുന്നത്. മാതൃദായക്രമം നിലനിന്നിരുന്ന സമൂഹങ്ങളിൽ ഇത്തരം നിയന്ത്രണങ്ങൾ പാലിക്കപ്പെട്ടിരുന്നില്ല എന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. കേരളത്തിലെ നായർസമുദായാംഗങ്ങൾക്കിടയിൽ നിലനിന്നിരുന്ന സംബന്ധവിവാഹവും മരുമക്കത്തായവ്യവസ്ഥയെയും ഉദ്ധരിച്ച് റോബിൻ ജെഫ്രി സ്ത്രീകളുടെ പദവിയെക്കുറിച്ചു ചർച്ച ചെയ്യുന്നു:

''അവിടെ (നായർ കുടുംബങ്ങൾക്കിടയിൽ) പങ്കാളിയെ മാറ്റുന്നതിന് പ്രത്യേക നിബന്ധനകളൊന്നുമില്ല. ഒരു പുരുഷന്റെ കിടക്കപ്പായും സ്വകാര്യ സാധനങ്ങളും വാതിലിനു പുറത്തു കണ്ടാൽ ആ ബന്ധം അവസാനിച്ചു എന്നു കരുതാം.''[22]

കേരളത്തിൽ കുടിയേറിയ തമിഴ്ബ്രാഹ്മണർ പിതൃദായക്രമം പിന്തുടരുന്നവരായിരുന്നു. ഏകപത്നീവ്രതക്കാരായ ഇവർ കേരളത്തിൽ കുടിയേറിയ ശേഷം ഇത്തരം നായർ സംബന്ധങ്ങളിലേർപ്പെട്ടിരുന്നതായി കാണുന്നു. (ഉദാഹരണം : ഇന്ദുലേഖയിലെ ശീനുപ്പട്ടർ) എങ്കിലും ഭാര്യയുടെ ചാരിത്ര്യത്തിന്റെ കാര്യത്തിൽ ഇവർ കർക്കശബുദ്ധിയുള്ളവരാണ്. വിവാഹം ബ്രാഹ്മണസ്ത്രീക്ക് തടവറയാണെന്നും ഭർത്താവു ജയിലറാണെന്നും ശിവകാമി പറയുന്നത് ഇത്തരം വ്യവസ്ഥയുടെ കാർക്കശ്യത്തിൽ നിന്നുകൊണ്ടാണ്. തിരഞ്ഞെടുത്ത കഥാപാത്രങ്ങളെല്ലാം തന്നെ മാതൃത്വത്തിന്റെ നിലയിൽ അവഗണനകളും വേദനകളും അനുഭവിച്ചവരാണ്. കുട്ടിയുടെ സാമൂഹികവും ബുദ്ധിപരവുമായ വളർച്ചയുടെ കാര്യങ്ങൾ അച്ഛൻ ശ്രദ്ധിക്കുമ്പോൾ അമ്മയ്ക്കു നോക്കാനുള്ളത് നിലനിൽപിനു വേണ്ട അടിസ്ഥാന കാര്യങ്ങളാണ്.[23] ഇതിൽ വരുന്ന പാളിച്ചകളിൽ പീഡനമനുഭവിക്കേണ്ടതും ഈ

അമ്മമാർ തന്നെ. സാമ്പത്തിക പിന്തുണ നൽകുന്ന അച്ഛനോട് അനുഭാവം പുലർത്തുന്നവരായി മക്കൾ മാറുന്നു. ഗാർഹിക ജോലിയിലേതു പോലെ അമ്മയുടെ സേവനവും കണക്കാക്കാതെയും കണക്കിലെടുക്കാതെയും പോകുന്നു.

ശിവകാമിയുടെ മകൻ ഗോവിന്ദൻ ജനിച്ചപ്പോൾ മുതൽ അവനായി അവളുടെ ലോകം. അവനെക്കുറിച്ചുള്ള ചെറുതും വലുതുമായ ആശങ്കകൾ പങ്കുവച്ച്, അവന്റെ വളർച്ചയിൽ സന്തോഷിച്ച് അവൾ ജീവിക്കുന്നു. ഇക്കാലമത്രയും മകന്റെ കാര്യത്തിൽ നിശ്ശബ്ദനായ ദീക്ഷിതർ അവന്റെ വിദ്യാഭ്യാസ കാര്യത്തെക്കുറിച്ചുള്ള ചർച്ചയിൽ സ്വാർത്ഥമായ നിലപാടുക ളെടുക്കുന്നു. അവനെ സംസ്കൃതം പഠിപ്പിച്ച് തന്റെ പിന്തുടർച്ചക്കാരനാക്കാൻ ദീക്ഷിതർ ആഗ്രഹിച്ചപ്പോൾ ശിവകാമി അവനെ ഇംഗ്ലീഷ് പഠിപ്പിച്ച് ഉദ്യോഗസ്ഥനാക്കാനാണ് ആഗ്രഹിച്ചത്. ഒരു നല്ല അമ്മയാകാൻ സ്ത്രീക്ക് ആരും പരിശീലനം കൊടുക്കേണ്ടതില്ല. മിക്ക സ്ത്രീകളും വിശ്വസിക്കുന്നത് അമ്മയായാലേ മുതിർന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടൂ എന്നാണ്.[24] മാതൃത്വ മാണ് സ്ത്രീത്വത്തിന്റെ പൂർണ്ണത എന്നവർ കരുതുന്നു. പിതൃമേധാവിത്ത ത്തിന്റെ പ്രത്യയശാസ്ത്രവുമായി ബന്ധപ്പെട്ടു വന്ന ഈ വിശ്വാസം സ്ത്രീകളെ ഒന്നുകൂടി വിധേയരാക്കുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ മാതൃത്വത്തിന്റെ കാൽപനികവത്ക്കരണവും അതോടനുബന്ധിച്ചു വരുന്ന ബന്ധങ്ങളും കണ്ടെടുക്കപ്പെടുന്നത് പിതൃമേധാവിത്വ വ്യവസ്ഥിതിയുടെ അധികാരബന്ധങ്ങളിൽ നിന്നാണ് ഇതിന്റെ ഫലമായി അമ്മയാകാൻ, സദാ അമ്മയായിരിക്കാൻ സ്ത്രീ മുറവിളി കൂട്ടുന്നു.[25] അമ്മയായിരിക്കുന്നത് തന്റെ അവകാശമാണെന്നു സ്ഥാപിക്കാൻ, മകന്റെ വിദ്യാഭ്യാസ കാര്യത്തിൽ ശിവകാമി ദീക്ഷിതരുമായി വാക്കുതർക്കത്തിനു വരെ മുതിരുന്നത് ഈ സാഹചര്യത്തിലാണ്. ശിവകാമിയുടെയും ദീക്ഷിതരുടെയും അഭിപ്രായങ്ങൾ ഒരുപോലെ സാധിതമാകുന്നതുവരെ ഈ തർക്കം നീളുന്നുണ്ട്.

കനകാംബാൾ പ്രസവിക്കാതെ തന്നെ മാതൃത്വത്തിലേക്ക് പ്രവേശി ക്കുന്നു. സഹോദരിയുടെ മകൾ കാഞ്ചനയെ സാമുദായിക വ്യവസ്ഥകൾ

ക്കപ്പുറം തന്റെ മാതൃത്വത്തിന്റെ ശക്തിയുപയോഗിച്ച് അഗ്രഹാരത്തിൽ നിന്നകലെ കോൺവെന്റിൽ പഠിപ്പിക്കാൻ ധൈര്യം കാട്ടി. അവളെ പഠിപ്പിച്ച് ഉന്നതമായ നിലയിലെത്തിക്കാനും നല്ലൊരു പുരുഷന് വിവാഹം ചെയ്തു കൊടുക്കാനും അവളാഗ്രഹിക്കുന്നു. എന്നാൽ സാമുദായിക വ്യവസ്ഥകൾ ക്കെതിരായ ശീലങ്ങൾ അവളിൽ പ്രകടമാകുമ്പോൾ മാതൃസഹജമായ വേവലാതിയോടെ അതിനെ നോക്കിക്കാണുന്നു. മുതിർന്നവരെ ബഹുമാനി ക്കാത്തതിനും വസ്ത്രധാരണത്തിലും നിഷ്ഠകളിലും ശ്രദ്ധ ചെലുത്താത്ത തിനും കനകാംബാൾ കാഞ്ചനയെ ശാസിക്കുന്നു. അവൾക്കു വേണ്ടി ജീവിതം ഉഴിഞ്ഞു വച്ച് കന്യകയായ വിധവയും മാതാവുമായി അവൾ സ്വയം അവരോധിക്കുന്നു. ജീവിതത്തിന്റെ ഓരോ ചലനങ്ങളിലും, നിർണ്ണായകമായ തീരുമാനമെടുക്കേണ്ട ഘട്ടങ്ങളിലും അവളിലെ മാതൃത്വം മുന്നിട്ടു നിൽക്കുന്നു. ജീവിത പങ്കാളിയായി ജോസഫിനെ സ്വീകരിച്ച് സമൂഹത്തിന്റെ തുറസ്സുകളിലേക്ക് പറിച്ചു നടപ്പെടേണ്ടിയിരുന്ന അവളുടെ ജീവിതം വ്യവസ്ഥയ്ക്കു പുറത്തു പോകാതിരുന്നതും ഈ മാതൃത്വഭാവം കൊണ്ടു തന്നെയാണ്.

ശിവകാമിയുടെയും കനകാംബാളുടെയും ജീവിതത്തിൽ മാതൃത്വം തീരാദു:ഖമാണ് സമ്മാനിച്ചത്. ശിവകാമി വളർത്തിയ ഗോവിന്ദനും കനകാംബാൾ വളർത്തിയ കാഞ്ചനയും അവരുടെ വ്യക്തിസ്വാതന്ത്ര്യ ത്തിനാണ് പ്രാധാന്യം നൽകിയത്. ഗോവിന്ദന് ദീക്ഷിതർ തന്റെ പദവിയുപ യോഗിച്ച് നേടിക്കൊടുത്ത മികച്ച വിദ്യാഭ്യാസ സൗകര്യം ഉപേക്ഷിച്ച് ഗാന്ധിയൻ ദർശനങ്ങളിൽ മുഴുകി ബ്രിട്ടീഷ് വിരുദ്ധ സമരങ്ങളിലേർപ്പെട്ട് ജയിൽവാസമനുഭവിച്ചു. ദീക്ഷിതർ ശിവകാമിയെ കുറ്റപ്പെടുത്തി. കാഞ്ചനയാ കട്ടെ തനിക്കിഷ്ടപ്പെട്ടയാളോടൊപ്പം ഓടിപ്പോയി. പോകുമ്പോൾ അവൾ ഇങ്ങനെ കുറിച്ചുവച്ചു:

''ജാതിയുടെയും മതത്തിന്റെയും പേരിൽ എന്റേതോടൊപ്പം എന്നെ ഉള്ളഴിഞ്ഞു സ്നേഹിക്കുന്ന ഒരു നല്ല മനുഷ്യന്റെ ജീവിതം കൂടി നശിപ്പി

ക്കുന്നത് പാപമാണ്. ചിത്തിയുടെ ജീവിതത്തിൽ നിന്നും ഞാൻ പഠിച്ച പാഠവുമതാണ്.'' (പുറം 19)

അമ്മമാരുടെ ഇഷ്ടങ്ങളെയും താൽപര്യങ്ങളെയും മറികടന്ന് തന്നിഷ്ട ത്തിന് ഓരോ വഴി മക്കൾ തിരഞ്ഞെടുത്തപ്പോൾ വളർത്തുദോഷം അച്ഛനാലും സമുദായത്താലും ചോദ്യം ചെയ്യപ്പെട്ടു. മാതൃത്വം ഒരേ സമയം സ്ത്രീക്ക് സന്തോഷവും ദു:ഖവും പ്രദാനം ചെയ്യുന്നു. എന്നാലും സ്ത്രീയുടെ വൈകാരികഭാവങ്ങൾക്ക് അൽപമെങ്കിലും പരിഗണന കിട്ടുന്ന ഇടം കൂടിയാണ് മാതൃത്വത്തിന്റേത്. ബാക്കി എല്ലാ ബന്ധങ്ങളിലും അവൾക്ക് ഒരുപകരണസ്ഥാനമാണ്.

### 4.7 സ്ത്രീ പുരുഷന്റെ ഭോഗാസക്തിയുടെ ഇരയെന്ന നിലയിൽ:

തമിഴ്ബ്രാഹ്മണ സാമൂഹ്യ വ്യവസ്ഥയിലെ സ്ത്രീയുടെ വിധേയത്വം തികച്ചും സാമുദായികനിഷ്ഠമാണ്. പുരുഷന്റെ പ്രത്യുൽപാദനോപകരണവും അവന്റെ ഭോഗാസക്തി തീർക്കാനുള്ള ഉരുവുമായി സ്ത്രീ മാറുന്നു. മേധാവിത്വം ഇവിടെ കീഴാളത്തത്തെ സാധൂകരിക്കുന്നു. വിവേകം വികാരത്തിനു മേലും മനസ്സ് ശരീരത്തിനു മേലും വെളുപ്പ് കറുപ്പിനു മേലും ആധിപത്യം ചെലുത്തുന്നു. അധീശത്വ/വിധേയത്വ ദ്വന്ദ്വത്തിൽ കൃത്യമായ വേർതിരിവു കാണാനാകും. എന്നാൽ സ്ത്രീപുരുഷഭേദം ദൃശ്യമാവില്ല. ആണിനെയും പെണ്ണിനെയും അവർ എവിടെ നിൽക്കുന്നു എന്നു നോക്കി യാണ് അധീശനും കീഴാളനുമാക്കുന്നത്.[26]

അപസ്മാരരോഗിയായ സുന്ദരം കനകാംബാളെ വിവാഹം കഴിച്ച അന്നു മുതൽ അവളെ അനുഭവിക്കാൻ അവനിലെ മൃഗം ചുരമാന്തിക്കൊണ്ടിരി ക്കുകയായിരുന്നു. പുരുഷന്റെ രോഗവിവരം പുറത്തറിയിക്കാതിരിക്കാൻ വിവാഹദിനത്തിൽത്തന്നെ പുരുഷഗൃഹത്തിലേക്ക് പെണ്ണിനെയും കൂട്ടി വന്നതാണ് വെങ്കിടേശ്വരന്റെ കാദംബരി ചിത്തി. രാത്രിയുടെ നിശ്ശബ്ദതയിൽ കനകത്തെ നടുക്കിക്കൊണ്ട് അയാളുടെ ''കതവെ തൊറ'' എന്ന ശബ്ദം

മുഴങ്ങി. അമ്മയോട് അയാൾ വഴക്കിടുന്ന ശബ്ദം അവൾക്കു കേൾക്കാമായിരുന്നു. ''കല്യാണം പണ്ണിനതപ്പുറം - ഇന്ത മാതിരി.....'' അയാളിലെ അക്ഷമ വാക്കുകളായി പുറത്തേക്ക് വരുന്നത് അവളറിയുന്നുണ്ട്. ''എനക്കു പൈത്യം പിടിക്കറതുക്ക്....'' ഭർത്താവിനെ ദൈവത്തെപ്പോലെ കരുതണം എന്നാണ് പെൺകുട്ടികൾക്ക് മുതിർന്നവർ പറഞ്ഞുകൊടുക്കുന്നത്. ആ 'ദൈവമാണ്' ഭോഗാസക്തി മൂത്ത് ഭ്രാന്തനാകുമെന്ന് പറയുന്നത്. അതേ ആസക്തി കുളക്കടവിൽ വച്ച് അവളെ പ്രാപിക്കാൻ ശ്രമിച്ച് ജലസമാധി നേടി അവളെ വിധവയുമാക്കി. ആസക്തിയുടെ മറ്റൊരു മുഖം അവൾ കണ്ടത് സഹോദരീഭർത്താവിലാണ്. വിധവയായ സ്ത്രീ തനിക്കു വിധേയപ്പെടുമെന്ന ധാരണയിൽ അവളെ പണം മുടക്കി പഠിപ്പിക്കാൻ തയ്യാറായ അതേ വ്യക്തി ഒരിക്കൽ ഭോഗാസക്തിയോടെ അവളെ സമീപിച്ചു. സ്ത്രീ പുരുഷന് ഭോഗാസക്തി തീർക്കാനുള്ള ഒരു വസ്തു മാത്രമാണിവിടെ. അടിമ ഉടമയെ അനുസരിക്കണമെന്ന സാമാന്യസിദ്ധാന്തം ഇവിടെ പുരുഷനെ ഭരിക്കുന്നു. ശിവകാമിയുടെ അമ്മ സ്വർണ്ണ ദേവദാസി ഭുവനയോട് തന്റെ ഭർത്താവിനെ മടക്കിത്തരാൻ യാചിച്ചു. ശിവകാമിയുടെ ഭാവി അച്ഛനുണ്ടാക്കിയ ദുഷ്പേരിൽ ഒടുങ്ങരുതെന്ന കരുതലായിരുന്നു അതിനു പിന്നിൽ. പുരുഷന്റെ ഭോഗാ സക്തിയും സ്ത്രീയുടെ മാതൃത്വവും തമ്മിലുള്ള വടംവലിയാണിവിടെ സംഭവിച്ചത്. അപ്പോൾ വാസുദേവഭാഗവതരുടെ പ്രതികരണം ഇങ്ങനെ യായിരുന്നു:

''തന്റേടമില്ലാത്ത സ്വർണ്ണ, ഭീരു. തന്റെ അടിമ. തന്നെ ഒരിക്കലും തള്ളിപ്പറയാത്തവൾ. ശിവകാമിയൊന്നിച്ച് ദേവദാസി ഗൃഹത്തിൽ കടന്ന് തന്നെ മടക്കിച്ചോദിക്കാൻ ആരാണവൾക്ക് ധൈര്യം കൊടുത്തത്?'' (പുറം 18)

പുരുഷന്റെ ചിന്തയിലല്ല വാക്കുകളിൽ പ്രകടമാകുന്നു ആ ഉടമയുടെ അധികാരഭാവം. ദീക്ഷിതരുടെ കൈയ്യിൽ കിട്ടിയത് പന്ത്രണ്ടു വയസ്സായ പെൺകുട്ടിയാണ്. ഇരുപത്തിയാറുകാരന്റെ യൗവനത്തിളക്കം ആ പെൺകുട്ടിയിൽ തീർത്തപ്പോൾ രക്തക്കറയിൽ മുങ്ങിയ പട്ടുസാരി അയാൾക്കു സംതൃപ്തി നൽകി. ഭോഗാസക്തിയുടെ ഔന്നത്യമാണിത്. സുഖകരമായ

ഒരോർമ്മയായി ശിവകാമി ആ ചേല സൂക്ഷിക്കുമെന്നു ദീക്ഷിതർ ധരിക്കുന്നു. പുരുഷൻ കീഴ്പ്പെടുത്തുമ്പോൾ സ്ത്രീ സംതൃപ്തിയടയുകയാണെന്ന പുരുഷാധിപത്യ പ്രവണമായ അഹംഭാവമാണിവിടെ ദീക്ഷിതർക്കുള്ളത്.

പുരുഷാധിപത്യസമൂഹത്തിന്റെ പരസ്പരമുള്ള സ്പർദ്ധയിൽ പലപ്പോഴും ഇരയാക്കപ്പെടുന്നതും വേട്ടയാടപ്പെടുന്നതും സ്ത്രീകൾ തന്നെയാണ്. ഭരണകൂടത്തിന്റെയും സമുദായത്തിന്റെയും സമൂഹത്തിന്റെയും നിയമങ്ങൾ ഒരുപോലെ സ്ത്രീയുടെ നിസ്സാരത വെളിപ്പെടുത്തുന്നതാണ്. 'ഒരധിനിവേശ വ്യവഹാരം അധിനിവേശത്തിനു വിധേയരാകുന്നവരെ സംബന്ധിക്കുന്ന പ്രത്യേകതരം ജ്ഞാനമുൽപ്പാദിപ്പിക്കുന്നു. അധിനിവേശവിധേയരെ നിരീക്ഷ ണവിധേയരാക്കത്തക്കവിധത്തിലുള്ള ജ്ഞാനോൽപ്പാദന രീതിയാണിത്. ഇത്തരത്തിലുള്ള അധിനിവേശവ്യവഹാരത്തിന് വിധേയമാകുന്ന സ്ത്രൈണാ സ്തിത്വം പാരമ്പര്യത്തിനും ആധുനികവൽക്കരണത്തിനുമിടയ്ക്ക് കുരുക്ക പ്പെടുന്നു. അവൾ നിരന്തരം അക്രമവിധേയയാകുന്നു.[27] കേരളത്തിലെ തമിഴ് ബ്രാഹ്മണർ പൊതുസമൂഹത്തിൽ നിന്നകന്നു കഴിയുന്നത് പലപ്പോഴും സ്പർദ്ധയ്ക്കിടയാക്കിയിട്ടുണ്ട്. രണ്ടു പുരുഷമേധാവിത്വ സമൂഹങ്ങൾ തമ്മിലുള്ള സംഘർഷത്തിൽ ഇരയാക്കപ്പെട്ട തമിഴ്ബ്രാഹ്മണ സ്ത്രീയാണ് 'തലമുറകളി'ലെ ശിവകാമി. ഒരു മതവിശ്വാസവും സ്ത്രീയുടെ ദുരന്തങ്ങളെ കുറയ്ക്കുകയോ സഹ്യമാക്കുകയോ ചെയ്യില്ല എന്നതിന്റെ മകുടോദാഹരണ മാണവൾ. അഗ്രഹാര വ്യവസ്ഥയുടെ സ്വകാര്യതയെ തകർക്കാൻ ശ്രമിച്ച ഒരു പിടി യുവാക്കൾ പട്ടന്മാരാൽ കൂട്ടമായി ആക്രമിക്കപ്പെട്ടപ്പോൾ മുൻനിരയിൽ നിന്നത് തമിഴ്ബ്രാഹ്മണ സ്ത്രീകളായിരുന്നു എന്നത് ഒരു വിരോധാഭാസം മാത്രം. തങ്ങൾക്ക് അടിമത്തം മാത്രം പ്രദാനം ചെയ്ത വ്യവസ്ഥയെ സംരക്ഷിക്കാൻ പുരുഷന്മാരോടൊപ്പം നിന്നത് അവർ ആ വ്യവസ്ഥയെ സ്വാംശീകരിച്ചതുകൊണ്ടാണ്. എന്നാൽ അതിനും എത്രയോ മുമ്പ് അവരുടെ കൂട്ടത്തിലെ ശിവകാമി പൊതുസമൂഹത്തിലെ പുരുഷന്റെ കൂടെ വെപ്പാട്ടിയായി പൊറുത്ത ചരിത്രം കൂടി അവർ അറിഞ്ഞിരിക്കേണ്ടതാണ്. ശിവകാമി ഒരു ഇരയായിരുന്നു. പൊതുസമൂഹത്തിന് തമിഴ്ബ്രാഹ്മണ മേധാവിത്വത്തെ

കീഴ്പ്പെടുത്താൻ അവളെ ആയുധമാക്കി മാറ്റി. അവളെ പിന്നെയാരും ഓർക്കുകയോ അവൾക്കായി പ്രതികരിക്കുകയോ ചെയ്തില്ല. സമൂഹം വേട്ടയാടുന്ന സ്ത്രീയെ രക്ഷിക്കാൻ മതം ഒന്നും ചെയ്യില്ലെന്നു സാരം. അതുകൊണ്ട് പൊന്മുടി തറവാട്ടിലെ കളപ്പുരകളിലൊന്നിൽ ശിവകാമി വെപ്പാട്ടിയായി അപ്പുക്കാരണവരോടൊപ്പം പൊറുത്തു.

ബ്രാഹ്മണപ്പെണ്ണിന്റെ ശരീരം കീഴടക്കുന്നതിൽ ശമിക്കുന്നതായിരുന്നില്ല കാരണവരുടെ അസംതൃപ്തി. വേദം പഠിക്കുന്നതിലൂടെ ബ്രാഹ്മണ്യം നേടാമെന്ന ഒരു വ്യാമോഹം കൂടി അയാൾക്കുണ്ടായിരുന്നു. ബ്രാഹ്മണ്യം ശ്രേഷ്ഠമാണെന്ന പൊതുസമൂഹത്തിന്റെ ധാരണയാണ് അത് നേടിയെടു ക്കാനുള്ള ആഗ്രഹത്തിനു പിന്നിൽ. ബ്രാഹ്മണവംശത്തിലേതായാലും സ്ത്രീ പുരുഷന് കീഴാളാണെന്ന ബോധം വഹിക്കുന്ന അപ്പുക്കാരണവരിലെ പുരുഷനെ പ്രകോപിതനാക്കിയത് സ്ത്രീയുടെ ചുണ്ടിലെ വേദമാണ്. ഗായത്രി എഴുതിവാങ്ങി അയാൾ മന:പാഠമാക്കാൻ ശ്രമിച്ചു. വേദം ചൊല്ലാൻ ശ്രമിക്കുന്ന അപ്പുക്കാരണവരിൽ നിന്ന് പുറപ്പെടുന്നത് പരമ്പരയുടെ മലിന സ്വരങ്ങളാണ്. ഉറങ്ങുന്ന ശിവകാമിയെ അയാൾ കുലുക്കിയെഴുന്നേൽ പിക്കുന്നു.

''എഴുന്നേൽക്ക്''

ശിവകാമി ഉറക്കച്ചടവോടെ കണ്ണുതിരുമ്മി കിടക്കയിൽ എഴുന്നേറ്റിരുന്നു.

''എന്തോ?''

വ്യഥിതയായി അവൾ അന്വേഷിച്ചു.

''നീ നിന്റെ ഗായത്രി ചൊല്ല്.''

''പുലർന്നില്ലല്ലോ''

''ചൊല്ല്''

''ചൊല്ലാം.''

അവൾ കട്ടിലിൽ നിന്നറങ്ങാൻ തുടങ്ങിയപ്പോൾ അപ്പുക്കാരണവർ അവളെ തടഞ്ഞു.

''നീ ചൊല്ല്''

''അയ്യോ, ഇങ്ങനെ ചൊല്ലിക്കൂടാ,'' തന്റെ നഗ്നശരീരത്തിലേക്കു നോക്കിക്കൊണ്ട് ശിവകാമി യാചിച്ചു.

''ഞാൻ പുടവ ചുറ്റട്ടെ''

''പുടവയുടെ ആവശ്യമില്ല -''

ബ്രാഹ്മമുഹൂർത്തം. ശിവകാമിയുടെ ദീനസ്വരം ആ കിടപ്പറയിൽ നിറഞ്ഞു

'' ഓം ഭൂർ ഭുവ: സ്വ: -'' (പുറം 28)

അപ്പുക്കാരണവരെ ഒ.വി. വിജയൻ വിശേഷിപ്പിക്കുന്നത് 'അവർണ ബലാൽസംഗി' എന്നാണ്. ബ്രാഹ്മണ്യവും വേദവും തന്റെ നാവിനല്ല മനസ്സിനാണ് വഴങ്ങാത്തത് എന്ന തിരിച്ചറിവിൽ അപ്പുക്കാരണവർ രോഷം കൊ ു. ഗായത്രിയുടെ ബ്രാഹ്മണ്യം സ്ത്രീയുടെ ബ്രഹ്മത്തിലേക്കുള്ള ഉയർച്ചയാണ്. ഗായത്രി ചൊല്ലുന്ന ചുണ്ടുകളെ 'അവർണബലാൽസംഗി'യുടെ നിന്ദയിൽ കീഴ്പ്പെടുത്തുമ്പോൾ, സ്ത്രീയുടെ മാനസികൗന്നത്യത്തെ കായബലം കൊണ്ടു വൃഥാ കീഴടക്കാൻ ശ്രമിക്കുന്ന വിടത്വത്തിലേക്ക് അപ്പു ക്കാരണവർ തരംതാഴുന്നു.

കേരളത്തിന്റെ പ്രത്യേക സാമൂഹ്യാവസ്ഥയിൽ തമിഴ് ബ്രാഹ്മണ സംസ്കാര സംരക്ഷണം ശ്രമകരമായ ഒന്നാണ്. പൊതുസമൂഹവുമായി നിരന്തരമായ സംഘർഷത്തിലേർപ്പെട്ടും പലപ്പോഴും സമരസപ്പെട്ടും കഴിയുന്ന തിനിടയ്ക്ക് സംസ്കാരസംരക്ഷണം ഒരനിവാര്യതയാണ്. സാംസ്കാരിക വ്യവസ്ഥയ്ക്കകത്താണ് സ്വത്വരൂപീകരണം സാധ്യമാകുന്നത്. 'വ്യത്യസ്ത സ്വത്വങ്ങളുടെ വിന്യാസ സാദ്ധ്യതയുള്ള സംസ്കാരത്തിനകത്ത് ഏതെല്ലാം സ്വത്വങ്ങൾ പ്രകടമാകുന്നു എന്നതുപോലെ തന്നെ പ്രധാനമാണ് ഏതുതരം സ്വത്വാവിഷ്കാരങ്ങൾ ഓരോ സന്ദർഭത്തിലും വിലക്കപ്പെടുന്നു എന്നതും.[28] രാഷ്ട്രീയ, സാമ്പത്തിക, സാമൂഹികതലം പോലെ തന്നെ പ്രധാനമാണിവിടെ യാഥാസ്ഥിതിക മൂല്യതലവും. ആൺകോയ്മയുടെ വ്യവഹാരമണ്ഡല ത്തിനകത്ത് സ്ത്രീകളുടെ സ്വത്വാവിഷ്ക്കാരം തടയപ്പെടുന്നു. മാത്രമല്ല സ്ത്രീയെ സ്ത്രീയാക്കിത്തീർക്കുന്ന വ്യവഹാരമൂല്യങ്ങൾ ഉയർത്തിപ്പിടി ക്കാനുള്ള തീവ്രശ്രമങ്ങളും നടക്കുന്നു. അതിനായി പൗരാണിക സംസ്കാര

ത്തെയും മഹത്തായ മൂല്യങ്ങളെയും വളച്ചൊടിക്കുന്നു. ആൺകോയ്മ ശക്തമായ തമിഴ് ബ്രാഹ്മണ സമൂഹത്തിനകത്ത് ഈ തരത്തിലുള്ള അധീശത്വം പ്രധാനമാണ്. വിവാഹമെത്തും വരെ അൽപം വിദ്യാഭ്യാസം നേടണം. പിന്നീട് കോലം വയ്ക്കാനും പാടാനും 'ശമയലിനും' പ്രാവീണ്യം നേടണം. എന്നാൽ തമിഴ്ബ്രാഹ്മണപ്പെണ്ണ് സംസ്കാരസമ്പന്നയായി. വിവാഹം കഴിഞ്ഞാൽ പെൺകുട്ടികൾ 'പുക്കാത്തി'നോട് (ചെന്നുകയറിയ വീട്) 'ഒട്ടും പറ്റും പാശവും' കാട്ടണം. ഭർത്താവു മരിച്ചാൽ തല മുണ്ഡനം ചെയ്ത് നാർമടിപ്പുടവ ചുറ്റി പൂജയും ധ്യാനവുമായി കഴിഞ്ഞുകൊള്ളണം. ഭാര്യ മരിച്ചാൽ പട്ടർക്ക് വീണ്ടും വിവാഹം ചെയ്യാം. എന്നാൽ അത് വിധവയെ ആകരുത്. ഇത്തരത്തിൽ എല്ലാ നിയമങ്ങളും വ്യവസ്ഥകളും സ്ത്രീകൾക്കെതിരായി മാത്രം സൃഷ്ടിക്കപ്പെട്ടതാണ് തമിഴ്ബ്രാഹ്മണ സമൂഹത്തിൽ.

## 4.8 സ്ത്രീയുടെ വിധേയത്വത്തിന്റെ മാനങ്ങൾ:

ഒരു സ്ത്രീ മതപരമായും സാമൂഹികമായും സാമ്പത്തികമായും രാഷ്ട്രീയമായും പുരുഷാധിപത്യ വ്യവസ്ഥിതിയോട് വിധേയത്വം പുലർത്തുന്നു. സ്ത്രീ-പുരുഷബന്ധത്തിനു പുറത്തേക്ക് സ്ത്രീകളുടെ പ്രശ്നങ്ങൾ വളർന്നു നിൽക്കുന്നുണ്ട്. വിധേയത്വം പുലർത്തുന്ന സ്ത്രീകളിൽത്തന്നെ വേർതിരിവു ്. വർഗം, ജാതി മുതലായ നാനാതരം അതിരുകൾക്കകത്ത് സ്ത്രീകളുടെ പ്രശ്നങ്ങൾ കെട്ടുപിണഞ്ഞു കിടക്കുന്നു. കുടുംബത്തിനകത്തെ സ്ത്രീയുടെ അടിച്ചമർത്തലിനും നിലവിലുള്ള സാമൂഹികവും സാമ്പത്തികവുമായ ഘടന കാരണമാകുന്നുണ്ട്. സ്വത്തും തൊഴിലും വരുമാനമാർഗ്ഗവുമില്ലാത്ത സ്ത്രീകളുടെ നിസ്സഹായാവസ്ഥ കലുഷിതമായ സാമൂഹികാവസ്ഥയോട് കലരുമ്പോഴാണ് സ്ത്രീയുടെ വിധേയത്വം വർദ്ധിക്കുന്നത്. ഒപ്പം കുടുംബത്തിൽ സ്ത്രീ ചെയ്യുന്ന ജോലിയുടെ മൂല്യം കണക്കാക്കാത്തതും അത് സ്ത്രീയുടെ കടമ എന്ന തലത്തിലേക്ക് തരംതാഴ്ത്തുന്നതും സ്ത്രീയുടെ വിധേയത്വം വർദ്ധിപ്പിക്കുന്നു. ഇത്തരത്തിൽ സ്ത്രീ ഏതെല്ലാം വ്യവസ്ഥകളോട് എങ്ങിനെയെല്ലാമുള്ള വിധേയത്വം വച്ചു പുലർത്തുന്നു എന്ന്

തമിഴ്ബ്രാഹ്മണ സ്ത്രീകളുടെ അവസ്ഥ പരിഗണിച്ചുകൊണ്ടു ചർച്ച ചെയ്യുകയാണിവിടെ.

### 4.8.1 സ്ത്രീയുടെ മതപരമായ വിധേയത്വം:

മതങ്ങളും സാമൂഹികവിപ്ലവ പ്രസ്ഥാനങ്ങളും ആചാര്യന്മാരും പ്രവാചകന്മാരുമെല്ലാം സമൂഹത്തിൽ ജീർണ്ണതകളെ ഇല്ലാതാക്കാനാണ് രൂപം കൊണ്ടിട്ടുള്ളത്. മനുഷ്യർ തമ്മിലുള്ള ഉച്ചനീചത്വങ്ങൾ, അതിൽ നിന്നുടലെടു ക്കുന്ന ക്രൂരതകൾ, സാമ്പത്തികാസമത്വങ്ങൾ, അധാർമ്മികത ഇങ്ങനെ ഒട്ടേറെ കാര്യങ്ങളിൽ അവർ ശ്രദ്ധ ചെലുത്തിയിട്ടുള്ളതായി എല്ലാ മതങ്ങളുടെയും ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും. യഥാർത്ഥ മതഗ്രന്ഥങ്ങളുടെ രചയിതാക്കൾ രേഖപ്പെടുത്തിവച്ചതിൽ കാലാന്തരത്തിൽ മതപൗരോഹിത്യം വഹിക്കുന്ന പുരുഷാധിപത്യ സമൂഹം വരുത്തിയ തിരുത്തലുകളാണ് മതങ്ങളു ടെയും സാമൂഹ്യസ്ഥാപനങ്ങളുടെയും മാർഗവിംശതിക്കു കാരണം എന്ന് പി.ആർ. സർക്കാർ പറയുന്നു.[29] ഹൈന്ദവ മതഗ്രന്ഥങ്ങൾ പരിശോധിച്ചാലും ഇതു വ്യക്തമാകും. മാനവ ജീവിതത്തിന്റെ ഐക്യത്തിനും സുസ്ഥിരതയ്ക്കും വേ തത്വങ്ങൾ രേഖപ്പെടുത്തി വച്ച ഇത്തരം ചിന്തകളിലേക്ക് ഉച്ചനീചത്വ ത്തിന്റേതായ അതിർവരമ്പുകൾ വരച്ചു ചേർത്തത് സംസ്കാരമാണെന്ന് സീതാ അഗർവാൾ.[30] പൗരാണിക കാലഘട്ടത്തിൽ നിന്ന് സ്മൃതികളുടെയും ശാങ്കരദർശനത്തിന്റെയും കാലഘട്ടത്തിലേക്കെത്തിയപ്പോഴേക്ക് സവർണവർഗ്ഗ പുരുഷന്മാർ മാത്രം ശ്രേഷ്ഠരാകുന്ന തരത്തിൽ ഈ തത്ത്വങ്ങൾ പുനഃക്രമീ കരിക്കപ്പെട്ടു. അവർണ്ണ പുരുഷന്മാർ ചിത്രത്തിലില്ലാതായി. സവർണ്ണാവർണ്ണ ഭേദമില്ലാതെ സ്ത്രീകളും തമസ്ക്കരിക്കപ്പെട്ടു. ഇതിന്റെ ദൂഷ്യഫലം ഏറ്റവും കൂടുതൽ അനുഭവിച്ചത് ബ്രാഹ്മണസ്ത്രീകൾ തന്നെയായിരുന്നു. ഏറ്റവും പരിശുദ്ധമായ മതമാണ് തങ്ങളുടേതെന്ന് വിശ്വസിച്ചിരുന്ന ബ്രാഹ്മണസമൂഹം അതിനെ അതിന്റെ എല്ലാ പരിശുദ്ധിയോടെയും പരിരക്ഷിക്കേണ്ട ഉത്തരവാ ദിത്തം അവരുടെ സ്ത്രീകളെയാണ് ഏൽപ്പിച്ചത്. ബ്രാഹ്മണസന്തതികളെ പെറ്റുപോറ്റി പുതിയ ബ്രാഹ്മണ തലമുറകളെ രൂപപ്പെടുത്തിയെടുക്കേണ്ട

ഭാരിച്ച ഉത്തരവാദിത്തമുള്ള സ്ത്രീകളെ നിയമങ്ങളാലും നിബന്ധനകളാലും നിയന്ത്രിച്ചു നിർത്തുകയാണ് ബ്രാഹ്മണസമൂഹം ചെയ്തത്. ഇതിൽ തമിഴ്ബ്രാഹ്മണ സമൂഹം അവരുടെ ജന്മസ്ഥലം വിട്ട് അന്യനാട്ടിൽ കുടിയേറി യതുകൊണ്ട് കലർപ്പുസംസ്കാരം രൂപപ്പെടാതിരിക്കാൻ പ്രത്യേകം നിഷ്ക്കർഷിച്ചിരുന്നു. അതുകൊണ്ടുതന്നെ അവരുടെ മതവിശ്വാസം കൂടുതൽ കർക്കശവും സ്ത്രീകൾക്കുള്ള നിയമങ്ങളും നിബന്ധനകളും അൽപം കഠിനവുമായിരുന്നു. ഈ വ്യവസ്ഥയെ ചോദ്യം ചെയ്യാതെ അനുസരിച്ച ഒരു വിഭാഗം സ്ത്രീകളുടെ മതപരമായ വിധേയത്വത്തെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്.

മനുഷ്യചരിത്രത്തിലെ സമ്പൂർണ്ണ നാശം സംഭവിച്ചത് ജൂതന്മാർക്കിട യിലോ ആഫ്രിക്കക്കാർക്കിടയിലോ അല്ല ഇന്ത്യയിലാണ്. പുരോഹിതവർഗ്ഗം എന്നു വിശേഷിപ്പിക്കപ്പെടുന്ന ബ്രാഹ്മണർ ഇന്ത്യൻ സ്ത്രീകളുടെ മേൽ അടിച്ചേൽപ്പിച്ച സമ്പൂർണ്ണ നാശമാണത്.[31] അതിന്നും തുടരുന്നു. എല്ലാ കാലത്തും മതവിശ്വാസങ്ങൾ പ്രവർത്തിച്ചിരുന്നത് പുരുഷാധിപത്യത്തിന്റെ പ്രത്യയശാസ്ത്രത്തിൽ പെൺവിധേയത്വത്തെ സാധൂകരിച്ചുകൊണ്ടാണ്. മതസ്ഥാപനങ്ങളുടെ കാര്യത്തിലും ഇതേ പുരുഷാധിപത്യം പ്രവർത്തിക്കുന്നു; അവിടെ വരുന്നത് ഭൂരിഭാഗം സ്ത്രീകളാണെങ്കിലും. ആരാധനാകേന്ദ്രങ്ങളും മതസ്ഥാപനങ്ങളും പുരുഷകേന്ദ്രീകൃതമായിരുന്നുകൊണ്ട് എപ്രകാരം സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു എന്ന അന്വേഷണം ശ്രദ്ധേയമാണ്. അതിനായി അവരുപയോഗിക്കുന്ന മാർഗ്ഗങ്ങളും അഭിപ്രായഭേദവുമില്ലാതെ സ്ത്രീ വിധേയപ്പെടുന്നതിന്റെ പുറകിലെ മന:ശാസ്ത്രവുമാണ് അറിയേണ്ടത്.

തമിഴ്ബ്രാഹ്മണ ജീവിതം ജനനം മുതൽ മരണം വരെ കൃത്യമായ അനുഷ്ഠാനങ്ങളാൽ നിയന്ത്രിക്കപ്പെടുന്നു. ശങ്കരാചാര്യരുടേതെന്നു കരുതുന്ന അറുപത്തിനാല് അനാചാരങ്ങൾ കൃത്യമായി പാലിക്കാൻ ബദ്ധശ്രദ്ധരാണവർ. സമൂഹത്തിന്റെയും മനുഷ്യന്റെയും സുസ്ഥിതിക്ക് എന്തെല്ലാം വേണം എന്നു പറയുന്നതിനേക്കാൾ എന്തെല്ലാം അരുത് എന്നാണ് ഇത് പഠിപ്പിക്കുന്നത്. അവിടെ ആണിനും പെണ്ണിനും പ്രത്യേക പെരുമാറ്റച്ചട്ടങ്ങളുണ്ട്. എല്ലാ

മതങ്ങളെയും പോലെ ബ്രാഹ്മണ മതവും സ്ത്രീകളുടെ പരമ്പരാഗതമായ ഗാർഹിക പുനരുൽപാദനഭാഗം നിയമാനുസൃതമാക്കി വ്യവസ്ഥപ്പെടുത്തി യിട്ടു ്. അതിൽ കന്യകയ്ക്കും സുമംഗലിക്കും വിധവയ്ക്കും പ്രത്യേകം പ്രത്യേകം വ്യവസ്ഥകളുണ്ട്.

കന്യകയ്ക്കായി വ്യവസ്ഥ ചെയ്തിട്ടുള്ള നിയമങ്ങൾ ഇവയാണ്:

അവൾ പുഷ്പിണിയാകുന്നതിനു മുമ്പ് വിവാഹിതയാകണം. നല്ല മനസ്സുള്ളവളാകണം എങ്കിൽ നല്ല ഭർത്താവിനെ ലഭിക്കും. അല്ല ഭർത്താവ് 'ചപ്പട്ട'യാണെങ്കിൽ അത് തന്റെ മനോഗതിയുടെ കുഴപ്പമാണെന്നു കരുതി സഹിച്ചോളണം. പന്ത്ര ു വയസ്സിനു മുമ്പ് നന്നായി 'ശമയൽ' പഠിക്കണം. കോലമിടാനും ഗൃഹം മോടിയാക്കി വയ്ക്കാനും പഠിക്കണം.

സുമംഗലി എങ്ങനെ കഴിയണമെന്നും വ്യവസ്ഥകളുണ്ട്:

ഭർത്താവ് ദൈവമാണെന്നു കരുതി പൂജിക്കണം. കാലത്ത് കുളിച്ച് പതിയെ വന്ദിച്ചു മാത്രമേ മറ്റു ജോലികളിൽ ഏർപ്പെടാവൂ. അവന് നല്ല ഭക്ഷണമുണ്ടാക്കിക്കൊടുത്ത്, സൽഭാഷണം കൊണ്ട് അവന്റെ മനം കുളിർപ്പിച്ച്, അവന്റെ ശാരീരികചോദനകളെ അവന്റെ ഇച്ഛയ്ക്കൊത്ത് തൃപ്തി പ്പെടുത്തി, അവന്റെ സന്തതികളെ പ്രസവിച്ച്, അവന്റെ നിർദ്ദേശാനുസരണം അവരെ വളർത്തി കഴിഞ്ഞുകൂടുക. ഗാർഹിക കാര്യങ്ങളിൽ മിടുക്കു തെളിയിച്ച് ഭർത്താവിന്റെ പ്രശംസ നേടുകയും സമൂഹത്തിൽ അവന്റെ഼ ഖ്യാതി വർദ്ധിപ്പിക്കുകയും ചെയ്യുക.

അമംഗലികൾ (വിധവകൾ) ജീവിക്കേ തെങ്ങിനെ എന്നും പറയുന്നുണ്ട്:

ഏതു പ്രായത്തിൽ ഭർത്താവു നഷ്ടപ്പെട്ടാലും അമംഗലി അമംഗലി തന്നെ. അവൾക്ക് സമുദായം 'കുടുംബവാഴ്കൈ' അനുവദിക്കുന്നില്ല. അവൾ എങ്ങനെയായിരിക്കണം എന്നതിന് കൃത്യമായ ആചാരമുറകളുണ്ട്. സ്ത്രീസൗന്ദര്യത്തിന്റെ യാതൊരു ലക്ഷണവും അവളിൽ കാണരുത്.

ആഭരണങ്ങൾ അണിയരുത്. നാർമടിപ്പുടവ ചുറ്റണം. തല മുണ്ഡനം ചെയ്യണം. പൂജയും വ്രതവുമായി മഠത്തിനുള്ളിൽ കഴിഞ്ഞുകൂടണം. അൽപാഹാരമേ കഴിക്കാവൂ. അമിതമായി ആഹാരം കഴിച്ചാൽ ദുർമ്മേദസ്സു വർദ്ധിച്ച് ദുഷ്ടവിചാരങ്ങൾ ഉ ാവുകയും അത് അവളെ തിന്മയിലേക്ക് നയിക്കുകയും ചെയ്യും.

(നെട്ടൂർമഠം, നാർമടിപ്പുടവ)

സ്ത്രീ, അവൾ കന്യകയായാലും സുമംഗലിയായാലും അമംഗലിയാ യാലും ഏതു രീതിയിൽ വസ്ത്രം ധരിക്കണമെന്നും എന്തെന്തെല്ലാം ആചാരമുറകളിലൂടെ കടന്നുപോകണമെന്നും എന്താഹാരം എത്രയളവിൽ എപ്പോൾ കഴിക്കണമെന്നും നിശ്ചയിക്കാനുള്ള അവകാശം അവൾക്കില്ല. കനകാംബാളുടെ ജീവിതം പതിനാറാം വയസ്സിൽ തുടങ്ങി വാർദ്ധക്യം വരെ ഏകാദശികളും ചതുർത്ഥികളും നോറ്റ് ജപങ്ങളും നമസ്ക്കാരങ്ങളുമായി തള്ളിനീക്കേണ്ടതാണെന്നു തീരുമാനിച്ചത് അവളല്ല. ശിവകാമി പന്ത്രണ്ടാം വയസ്സിൽ ഇരുപത്തിയാറുകാരനെ വിവാഹം കഴിച്ച് തന്റെ കുട്ടിത്തം അടിയറ വെച്ചത് അവളുടെ നിശ്ചയമല്ല. കുടുംബത്തിലെ മുതിർന്ന പുരുഷന്മാരും പുരുഷാധിപത്യമൂല്യങ്ങളുടെ വാഹകരായ സ്ത്രീകളും കൂടിയെടുത്ത നിശ്ചയം എതിർപ്പൊന്നും കൂടാതെ നിറവേറ്റപ്പെടുന്നു. ''തങ്ങളുടെ സാമൂഹ്യ വ്യവസ്ഥിതിക്ക് ഇത്രയധികം വേലിക്കെട്ടുകൾ ഇല്ലായിരുന്നെങ്കിൽ...'' (നാർമടിപ്പുടവ പുറം 130) എന്നു ചിന്തിക്കുകയല്ലാതെ ഈ വേലിക്കെട്ടുകളെ ഭേദിക്കാനുള്ള ചിന്ത ആരിലും രൂപപ്പെടുന്നില്ല. അതിനുള്ള ശക്തിയും അവൾക്കു നേടാനാകുന്നില്ല. ഇത് സാമ്പ്രദായികമായ ആ പരുവപ്പെടുത്തലിൽ നിന്നും ഉടലെടുത്ത വിധേയത്വമാണ്. സ്ത്രീയുടെ ര ാംതരം പൗരത്വത്തിന് ഇത്തരം മതങ്ങളും സാമുദായികഭേദങ്ങളും കാരണമാകുന്നുണ്ട്. പല മതങ്ങളും, പ്രത്യേകിച്ച് ബ്രാഹ്മണ മതം സകലപാപങ്ങളുടെയും ഹേതുവായി സ്ത്രീയെ ചൂണ്ടിക്കാട്ടുന്നു. പുരുഷന്റെ ഇച്ഛകളെ സാധൂകരിക്കുന്ന മതം സ്ത്രീയുടെ നേരെ എന്തക്രമവും പ്രവർത്തിക്കാൻ പുരുഷന് സ്വാതന്ത്ര്യം

നൽകുന്നു.[32] ഈ സ്വാതന്ത്ര്യമുപയോഗിച്ചാണ് വാസുദേവഭാഗവതർ തന്റെ ദുർന്നടപ്പിനെ സാധൂകരിക്കുന്നത്. അയാൾ ദേവദാസീസമ്പർക്കത്തി ലേർപ്പെട്ടത് സംഗീതത്തോടൊപ്പം നൃത്തത്തെയും സ്നേഹിക്കുന്നതു കൊണ്ടാണ്. അല്ലാതെ ദേവദാസിയെ പ്രാപിക്കാനുള്ള ഭോഗതൃഷ്ണ കൊണ്ടല്ല. അതു ചോദ്യം ചെയ്യുന്ന സ്വർണ്ണയാണ് തെറ്റുകാരി. ദേവദാസി ഗൃഹത്തിൽച്ചെന്ന് ഭർത്താവിനെ തിരിച്ചു ചോദിക്കാൻ ലജ്ജയില്ലാത്തവളെന്ന് അധിക്ഷേപിച്ച് സ്വർണ്ണയെയും മകൾ ശിവകാമിയെയും അയാൾ മഠത്തിൽ നിന്നിറക്കി വിടുന്നു. സ്വന്തം വീട്ടിലേക്ക് തിരിച്ചുചെന്ന സ്വർണ്ണയെ പിതാവും അധിക്ഷേപിക്കുന്നു. ഇറങ്ങാൻ പറയുക എന്നത് ഭർത്താവിന്റെ അവകാശ മാണ്. അതുകേട്ട് ഇറങ്ങിയവളാണ് തെറ്റുകാരി. വൈധവ്യം സംഭവിച്ചാൽ മാത്രമേ സ്വന്തം മഠത്തിലേക്ക് തിരിച്ചുവരാൻ അവകാശമുള്ളു. സ്വന്തം വ്യക്തിത്വവും ആത്മാഭിമാനവും സംരക്ഷിക്കാൻ അവകാശമില്ലാത്തവരായി തരംതാഴ്ത്തുകയാണ് സ്ത്രീയെ മതം. വ്യക്തിയുടെ അവകാശങ്ങൾ സംരക്ഷി ക്കാൻ രൂപപ്പെട്ട മതങ്ങളും മതസ്ഥാപനങ്ങളും സ്ത്രീയെ വ്യക്തിയായംഗീ കരിക്കുന്നില്ല. 'നെട്ടൂർമഠ'ത്തിൽ എച്ചുമി എന്ന കഥാപാത്രം ഒരുവേള അടങ്ങാത്ത മാനസികവ്യഥയോടെ, 'കോശാപുടവയുടുത്ത് നടക്കുന്ന ബ്രാഹ്മണസ്ത്രീക്ക് നിത്യമായ ചങ്ങല തീർത്ത മുനിയാര് ? സ്മൃതിയേത് ? …' (പുറം 250)

എന്നു ചോദിക്കുന്നുണ്ട്.

''ബ്രാഹ്മിൻ വിഡോസിന്റെ കാര്യം കഷ്ടം തന്നെ! ഭർത്താവു മരിച്ചാൽ പിന്നെ അവരുടെ ജീവിതം തുലഞ്ഞു. എത്ര ചെറുപ്പമാണെങ്കിലും മറ്റൊരു വിവാഹം സാധ്യമല്ലല്ലോ ? (നാർമടിപ്പുടവ 143)

എന്ന് പൊതുസമൂഹം സഹതാപപൂർവ്വം വിലയിരുത്തുന്ന അമംഗലികൾ സ്വസമുദായത്താൽ മൊട്ടപ്പാട്ടിമാർ എന്ന അധിക്ഷേപം കേട്ടു ജീവിക്കുന്നു. വിധവയ്ക്കു ര ാം വിവാഹം വിധിച്ചിട്ടില്ല. ഭാര്യ മരിച്ച പട്ടർ രണ്ടാമതു വിവാഹം കഴിക്കുന്നതു പോലും വിധവയെയാകരുത്. ഈ സ്ത്രീകൾക്ക്

ഏറെ ആശ്രയം പൂജാമുറിയും കുറേ 'കലണ്ടർ ദൈവങ്ങളും' മാത്രം. പിള്ളെയാരെ (ഗണപതി) തൊഴുകുക, സുമംഗലീപൂജയും വനഭോജനവും നടത്തുക തുടങ്ങിയവയാണ് മതസ്ഥാപനങ്ങൾ സ്ത്രീകൾക്ക് നിശ്ചയിച്ചിട്ടുള്ള അതിര്. അടുത്ത കാലം വരെയും അഗ്രഹാരങ്ങളിൽ നടക്കുന്ന രഥോത്സവങ്ങളിലും സ്ത്രീകൾക്ക് പങ്കാളിത്തമുണ്ടായിരുന്നില്ല. ഇങ്ങനെ മതങ്ങൾ സ്ത്രീകൾക്കായി കഠിനമായ നിയമങ്ങൾ വ്യവസ്ഥ ചെയ്തിട്ടുള്ളതുകൊണ്ട് ഇതൊന്നുമില്ലാത്ത പുരുഷന്മാരെ അവർ ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. ഇത് സ്ത്രീയിലെ വഴങ്ങിപ്പോയ മനസ്സിന്റെ പ്രവർത്തനമാണ്. യഥാർത്ഥത്തിൽ സ്ത്രീയുടെ സ്ഥിതി ഇതിൽ നിന്നു മാറാതെ ഒരിക്കലും ലോകത്ത് സുസ്ഥിതിയുണ്ടാകില്ല. പി.ആർ. സർക്കാർ പറയുന്നു:

''ഒരു പക്ഷിക്കും ഒറ്റച്ചിറകു വച്ച് അധികം പറക്കാനാവില്ല.''

### 4.8.2 സ്ത്രീകളുടെ സാമൂഹികവും രാഷ്ട്രീയവുമായ വിധേയത്വം:

ഇന്ത്യയുടെ പ്രത്യേക സാമൂഹിക-രാഷ്ട്രീയ ചുറ്റുപാടിൽ മഹത്തായ സംസ്കാരത്തിന്റെ വാഹകരെന്നു സ്വയം അഭിമാനിക്കുന്ന സമൂഹം അതിന്റെ പ്രതീകമായി സ്വീകരിക്കുന്നത് ഇവിടത്തെ സ്ത്രീകളെയാണ്. സംസ്കാരത്തിന്റെ വാഹകർ (പ്രതിനിധികൾ) എന്ന ഭാരമാണ് 20-ാം നൂറ്റാണ്ടു മധ്യഘട്ടം വരെയും ഇന്ത്യൻ സ്ത്രീകൾക്കുണ്ടായിരുന്നത്. ''ലോകം മുഴുവൻ വർഗ്ഗീയവാദം എന്ന പോലെ ഹിന്ദു വർഗ്ഗീയവാദം അതിന്റെ ശ്രദ്ധ മുഴുവൻ സ്ത്രീകളുടെ നേരെയാണ് തിരിച്ചത്, സംസ്കാര സംരക്ഷണമെന്ന പേരിൽ.''[33] ആധുനികവത്ക്കരണം സ്ത്രീകളുടെ മനോഭാവത്തിൽ മാറ്റം വരുത്തുമെന്നും അതിലൂടെ ഇന്ത്യൻ സംസ്കാരം നശിച്ചുപോകുമെന്നും ഇവർ തെറ്റിദ്ധരിക്കുന്നു. ഇത്തരത്തിൽ ഭീകരമായ ഒരു വർഗ്ഗീയവാദം തന്നെയാണ് തമിഴ്ബ്രാഹ്മണ സമൂഹം സംസ്കാരസംരക്ഷണത്തിന്റെ പേരിൽ നടത്തുന്നത്. തമിഴ്ബ്രാഹ്മണ സംസ്കാരം സംരക്ഷിക്കേണ്ട ചുമതലയുള്ളവർ എന്ന കാഴ്ചപ്പാടോടെയാണ് അവർ അവരുടെ സ്ത്രീകളെ നോക്കിക്കാണുന്നത്. തങ്ങളുടെ രണ്ടാംതരം ലിംഗപദവിയും പുരുഷാധിപത്യ സമൂഹത്തിന്റെ

പ്രത്യയശാസ്ത്രവും അനിഷേദ്ധ്യമായി തമിഴ്ബ്രാഹ്മണ സ്ത്രീകൾ കരുതുന്നു. പുരുഷന് കീഴ്പ്പെട്ട് ജീവിക്കേണ്ടവളാണ് സ്ത്രീ എന്നും സമൂഹത്തിൽ ആരാധ്യനായിരിക്കുന്ന പുരുഷന്റെ സഹചാരി എന്ന പദവി മതി തനിക്കെന്നും അവൾ ധരിച്ചുവച്ചിരിക്കുന്നു. ഈ വിധേയത്വം അവളുടെ ജീവിതം എത്രയധികം ദുരിതപൂർണ്ണമാക്കുന്നു എന്ന് അന്വേഷിക്കാൻ ശ്രമിക്കുകയാണിവിടെ.

ഇത്തരത്തിൽ സമൂഹം സ്ത്രീയെ ഇന്ത്യൻ സംസ്കാരത്തിന്റെ മൂർത്തികളായി ചിത്രീകരിക്കുന്നതിനു സമാന്തരമായി ദേശീയ പ്രക്ഷോഭ ത്തിന്റെയും ദേശീയവാദത്തിന്റെയും മുഖ്യ ശ്രേണിയിൽ സ്ത്രീകൾ കണ്ണി ചേർക്കപ്പെടുകയുണ്ടായി. ദേശീയ പ്രസ്ഥാനത്തിലേക്കുള്ള ഗാന്ധിജിയുടെ പ്രവേശനം സ്ത്രീകളുടെ പ്രസ്ഥാനത്തോടുള്ള ആഭിമുഖ്യത്തിന് ആക്കം കൂട്ടി. കോളനിയനന്തര പഠനങ്ങളിൽ പാർത്ഥാ ചാറ്റർജി എങ്ങിനെയാണ് ദേശീയവാദം സ്ത്രീവത്ക്കരിച്ച ഗൃഹാന്തരീക്ഷത്തിന്റെയും പുരുഷത്കൃത ലോകത്തിന്റെയും വ്യതിരിക്തതയെ ഉപയോഗിച്ചത് എന്നു പറയുന്നുണ്ട് (പുറം 197). ഗൃഹത്തെ ഗാന്ധിയൻ ആദ്ധ്യാത്മികസ്വത്വത്തിന്റെയും സംസ്കാരത്തിന്റെയും കേന്ദ്രമാക്കിയതെങ്ങനെയെന്നും അദ്ദേഹം അന്വേഷി ക്കുന്നു. ഇതിന്റെ ഭാഗമായി സ്ത്രീയും ആചാരങ്ങളും, സ്ത്രീയും ദേശീയ സംസ്കാരവും എന്നിവയുമായി ബന്ധപ്പെടുത്തി സമൂഹത്തിൽ സ്ത്രീ എങ്ങനെ ആചാരങ്ങളുടെയും സംസ്കാരത്തിന്റെയും പ്രതീകമായി മാറുന്നു എന്നും അദ്ദേഹം അന്വേഷിക്കുന്നു. ആധുനികതയുടെ സ്വാധീനത്താൽ ധാരാളം സ്ത്രീകൾ മുഖ്യധാരാ രാഷ്ട്രീയത്തിന്റെ ഭാഗമായെങ്കിലും ബ്രാഹ്മണസമൂഹത്തിൽ നിന്നുള്ളവരുടെ പ്രാതിനിധ്യം വളരെ കുറവാ യിരുന്നു. വന്നവരാകട്ടെ സാമുദായിക-മതമേധാവിത്വ ദൂഷ്യങ്ങളെക്കുറിച്ചാണ് പറഞ്ഞത്. തമിഴ്ബ്രാഹ്മണ സമൂഹത്തിനകത്തു നിന്നും പൊതുസമൂഹത്തിലെ പ്രവർത്തനങ്ങളിലേക്കോ മുഖ്യധാരാ രാഷ്ട്രീയത്തിലേക്കോ അധികമാരും കടന്നുവന്നതായി ചരിത്രപുസ്തകങ്ങളിൽ പ്രതിപാദിച്ചുകാണുന്നില്ല. രാഷ്ട്രീയത്തോട് വിധേയത്വമല്ല രാഷ്ട്രീയത്തിൽ തമിഴ്ബ്രാഹ്മണ സ്ത്രീയുടെ

അഭാവമാണ് കാണുന്നത്. ഇതിനു കാരണമാകട്ടെ പൊതു സമൂഹത്തിൽ നിന്നും സമുദായം അവളെ അകറ്റിനിർത്തുന്നു എന്നതു തന്നെയാണ്.

മുഖ്യധാരാ സമൂഹത്തിൽ നിന്നും വ്യതിരിക്തത പുലർത്തുന്ന ഒന്നിനെ യാണ് ഗായത്രി ചക്രവർത്തി സ്പിവാക്ക് 'സബാൾട്ടൻ' എന്നു വിളിക്കുന്നത്. അതിലെ ഒഴിവാക്കാനാവാത്ത 'അന്യ'മാണ് (The Other) സ്ത്രീ. സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ അവർ പറയുന്നു:

''കീഴാളതയുടെ സ്വച്ഛന്ദാവബോധത്തിൽ സ്ത്രീയാണ് കേന്ദ്രം. സ്ത്രീപുരുഷന്മാർ പരസ്പരാശ്രിതരാണ്. എന്നാൽ അവരുടെ ബന്ധങ്ങൾ പരസ്പരം വളരെ സങ്കീർണ്ണവുമാണ്. അവൾക്ക് അവളുടേതായ ആശയങ്ങൾ മുന്നോട്ടു വയ്ക്കാൻ അധികാരമില്ല. അവന്റെ താൽപര്യാർത്ഥം പ്രവർത്തിക്ക ലാണ് അവളുടെ ദൗത്യം. അവളുടെ നിത്യജീവിതത്തിൽ സമൂഹത്തിന്റെ വിവിധ വശങ്ങളിലും പലതരത്തിലുള്ള അധികാരശ്രേണികളെയാണ് അവൾക്ക് അഭിമുഖീകരിക്കേണ്ടി വരുന്നത്. വിവിധതരത്തിലുള്ള വ്യാഖ്യാന ങ്ങളുടെ രാഷ്ട്രീയത്തിൽ സ്ത്രീകൾ ഇരകളുമാകുന്നു.''[34]

ഇത് മുഖ്യധാരാ സമൂഹത്തിന്റെ കാര്യമാണെങ്കിൽ തമിഴ്ബ്രാഹ്മണ സ്ത്രീ അഭിമുഖീകരിക്കുന്നത് വ്യതിരിക്തതയുള്ള ര ു സമൂഹത്തെയാണ്. അനുഷ്ഠാനനിഷ്ഠമായ ബ്രാഹ്മണ സമൂഹവും ജാതി-മത-വർഗ- ലിംഗഭേദ ങ്ങളുള്ള പൊതു സമൂഹവും. പൊതുസമൂഹവുമായി ഇടപെടാൻ തുടങ്ങു ന്നതു മുതൽ അവൾക്ക് സ്വസമൂഹത്തിനകത്ത് അസ്വാസ്ഥ്യം അനുഭവപ്പെട്ടു തുടങ്ങും. എന്നാൽ മുഖ്യധാരാ സമൂഹത്തിനകത്ത് പൂർണ്ണമായും ഉൾച്ചേരാ നാവാതെ ഒറ്റതിരിഞ്ഞു നിൽക്കാനും ശ്രമിക്കും. ഈ രണ്ട് വ്യതിരിക്ത സമൂഹ ങ്ങളുടെയും കാർക്കശ്യത്തിലും വെല്ലുവിളിയിലുമാണ് ഒരു തമിഴ്ബ്രാഹ്മണ സ്ത്രീ കഴിഞ്ഞുകൂടുന്നത്.

തമിഴ്ബ്രാഹ്മണ സമൂഹവ്യവസ്ഥയ്ക്ക് വിധേയപ്പെട്ടു ജീവിച്ച കനകാംബാൾ ഇത്തരമൊരു പ്രതിസന്ധിയെ അഭിമുഖീകരിച്ചിട്ടുണ്ട്.

വിധിവൈപരീത്യം കൊണ്ടു വിധവയാകേണ്ടിവന്ന കനകാംബാൾ തുടർന്നു പഠിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ സമുദായത്തിൽ വലിയ ഒച്ചപ്പാടുണ്ടായെങ്കിലും അവളുടെ ആഗ്രഹം നടക്കുക തന്നെ ചെയ്തു. എന്നാൽ കോളേജിലെ സ്വതന്ത്രമായ അന്തരീക്ഷത്തോട് അവൾക്ക് പൊരുത്തപ്പെടാനായില്ല. തമിഴ്ബ്രാഹ്മണ സമൂഹമാകട്ടെ, അഭിശപ്തയായ വിധവയുമായുള്ള കൂട്ട് വിവാഹം കഴിക്കാൻ പോകുന്ന പെൺകുട്ടികൾക്ക് ദോഷമാകുമെന്നു പറഞ്ഞും അവളെ ഒറ്റപ്പെടുത്തി. രണ്ടിടത്തും കനകാംബാൾ ഏകയാകുന്നു. ഈ ഏകാകിതയെ ബ്രാഹ്മണസമൂഹത്തിന്റെ സങ്കീർണ്ണതകളറിയാത്ത പൊതുസമൂഹം അഹങ്കാരമായി ധരിച്ചു. 'അസൽ പട്ടത്തി സ്വഭാവം, ഞാൻ ബ്രാഹ്മിൻ അല്ലാത്തതുകൊണ്ടാവും ഇങ്ങനെ എപ്പോഴും മുഖം വലിച്ചുകെട്ടി നിൽക്കുന്നത്' (പുറം 73) എന്നാണ് ഒരു സഹപാഠി പ്രതികരിച്ചത്. പൊതു സമൂഹം ബ്രാഹ്മണ സ്ത്രീകളെ അഹങ്കാരികളായിക്കാണുന്നു. ബ്രാഹ്മണ സമൂഹമാകട്ടെ നികൃഷ്ടജീവികളെപ്പോലെയും. അദ്ധ്യാപകരുടെ ഭാഗത്തു നിന്നു പോലും ഈ ഒരു വീക്ഷണമാണ് കനകാംബാൾക്കു നേരെയുണ്ടായത്. അതിനിടയാക്കിയ സംഭവം കനകാംബാളെ ഏറ്റവുമധികം വേദനിപ്പിക്കുന്ന ഒന്നായിരുന്നു. കോളേജിലെ ശ്രീരാമപട്ടാഭിഷേകം നാടകത്തിനു സീതയായി നടിക്കാൻ അവളെ തിരഞ്ഞെടുക്കുകയാണ്. കനകാംബാൾ ചിന്തിച്ചത് 'നെറ്റിയിൽ കുങ്കുമം തൊടാനോ ആടയാഭരണങ്ങളണിയാനോ തലമുടിയിൽ പൂചൂടാനോ അവകാശം നിഷേധിക്കപ്പെട്ട താനാണോ സീതാദേവിയെ അവതരിപ്പിക്കേണ്ടത്' എന്നായിരുന്നു. അതിൽ നിന്നുടലെടുത്ത തീക്ഷ്ണമായ വേദനയുടെ ബഹിർഗമനം അധ്യാപകർ അവളുടെ അഹങ്കാരമായി എണ്ണി.

ഇങ്ങനെ വ്യത്യസ്ത സാമൂഹ്യ പശ്ചാത്തലങ്ങളെ മാറിമാറി അഭിമുഖീകരിക്കേണ്ടിവന്ന തമിഴ്ബ്രാഹ്മണ സ്ത്രീ പ്രതികരണശേഷിയില്ലാതെ തല കുനിച്ചു നിൽക്കുന്നു. അഗ്രഹാരവ്യവസ്ഥയുടെ ജീർണ്ണത മടുത്ത് നാടുവിട്ട 'നെട്ടൂർമഠ'ത്തിലെ അന്നപൂർണി പോലും പൊതുസമൂഹവുമായി ഇടപെടാതെ അമ്യാർ ഹോട്ടലിൽ താമസിക്കാനും പട്ടന്മാരുടെ മാത്രം സഹായം പറ്റാനും ശ്രമിക്കുന്നു. പൊതുസമൂഹവുമായും ദേശീയ പ്രസ്ഥാനവുമായും ഇടപഴകിയ

ഗോവിന്ദനെ അമ്മ ശിവകാമി (നെട്ടൂർമഠം) അതിൽ നിന്ന് വിലക്കുന്നുണ്ട്. യാഥാസ്ഥിതികനായ അച്ഛന്റെ മകനായി അവനെ വളർത്താനാണ് അവൾക്കിഷ്ടം. ദേശീയ പ്രസ്ഥാനവും ഗാന്ധിജിയുമൊക്കെ തമിഴ്ബ്രാഹ്മണ യാഥാസ്ഥിതിക പുരുഷമേധാവിത്ത സമൂഹത്തെ പേടിപ്പെടുത്തുന്നതാണ്. ഹരിജനോദ്ധാരകനായ ഗാന്ധിജി തങ്ങളുടെ സംസ്കാരത്തിന് വിഘാതമാകു മെന്നവർ ഭയന്നു. പുരുഷാധിപത്യത്തിന്റെ പിറകേ ഗമിക്കുന്ന സ്ത്രീകളും അതംഗീകരിച്ചു. തങ്ങളുടെ കീഴാളത്തം അലങ്കാരമായി അവർ കൊണ്ടു നടന്നു. ഗ്രാമത്തിലേക്ക് അതിക്രമിച്ചു കയറിയ കീഴാളനെ അവർ പുരുഷന്മാ രോടൊപ്പം നിന്ന് അക്രമിച്ചു. ഇതിലപ്പുറം വിധേയത്വം ഇനി തമിഴ്ബ്രാഹ്മണ സ്ത്രീകൾക്ക് വെച്ചുപുലർത്താനില്ല.

### 4.8.3 സ്ത്രീയുടെ സാമ്പത്തികമായ വിധേയത്വം:

തമിഴ്ബ്രാഹ്മണ പുരുഷാധിപത്യ സമൂഹത്തിൽ സ്ത്രീകൾ സാമ്പത്തിക മായി മുൻപന്തിയിലല്ല നിൽക്കുന്നത്. പ്രായപൂർത്തിയാകുന്നതിനു മുമ്പ് വിവാഹിതരാകുന്നതിനാൽ വിദ്യാഭ്യാസം പൂർത്തിയാക്കാനോ നല്ല തൊഴിൽ തേടാനോ അവർക്കാവില്ല. വൈവാഹികബന്ധം അവരെ കുടുംബസ്വത്തിന്റെ അവകാശത്തിൽ നിന്നും അകറ്റുന്നു. വസ്ത്രം, ഭക്ഷണം, ആഭരണം തുടങ്ങിയ വയിലൊന്നും ഇവർ ആഗ്രഹം പ്രകടിപ്പിക്കുന്നതും പതിവില്ല. എങ്കിലും അത്യാവശ്യമുള്ള കാര്യങ്ങളിൽപ്പോലും പുരുഷന്മാരെ ആശ്രയിക്കേണ്ടി വരുന്നതു കാരണം സാമ്പത്തികമായ വിധേയത്വം ഇവർ വച്ചുപുലർത്തുന്നു. പുരുഷാധിപത്യവും പിതൃദായക്രമവുമാണ് സ്ത്രീകളെ ഈ വിധേയത്വ ത്തിലേക്ക് നയിച്ചത്. 1980-കൾ വരെ ഇതുതന്നെയായിരുന്നു കേരളത്തിലെ തമിഴ്ബ്രാഹ്മണ സ്ത്രീകളുടെ അവസ്ഥ. അഥവാ ഒന്നോ രണ്ടോ പേർ നാമമാത്രമായ ജോലിയോ ഉപജീവനമാർഗമോ കണ്ടെത്തി അൽപം സാമ്പ ത്തികമുന്നേറ്റം നടത്താൻ ശ്രമിച്ചാൽ അതിനും പുരുഷാധിപത്യ വ്യവസ്ഥ ഇടം നൽകില്ല. സാമ്പത്തിക സുരക്ഷിതത്വം ഇല്ലാത്ത തമിഴ്ബ്രാഹ്മണ സ്ത്രീകളെക്കുറിച്ചാണിവിടെ പ്രതിപാദിക്കുന്നത്.

ലിംഗപദവിയുടെ അടിസ്ഥാനത്തിൽ സ്ത്രീകളെ അബലകളും അപകൃഷ്ടരുമായി എല്ലാ കാലത്തും കണക്കാക്കിയിരുന്നില്ല എന്നാണ് മാർക്സും എംഗൽസും പറയുന്നത്. [35] കാരണം ഉൽപ്പാദനശക്തികളുടെ ഉയർച്ച ഒരു കാലഘട്ടത്തിലെ സ്ത്രീപുരുഷന്മാരുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമാണ്. ഉൽപ്പാദനവർദ്ധനവ് സ്വകാര്യസ്വത്തിന്റെ ആവിർഭാവത്തിലേക്കു നയിക്കുകയും വർഗ്ഗങ്ങൾ രൂപപ്പെടാൻ കാരണമാവുകയും ചെയ്തു. ഇത് സാമൂഹികബന്ധങ്ങളിലും സ്ത്രീപുരുഷ ബന്ധത്തിലും മാറ്റങ്ങൾ വരുത്തി. ഈ വർഗ്ഗസമൂഹത്തിനകത്താണ് പുരുഷന്മാരുടെ ആധിപത്യത്തിലും സ്ത്രീകളുടെ അടിമത്തത്തിലും അധിഷ്ഠിതമായ ആശയങ്ങൾ രൂപപ്പെട്ട തെന്നും അദ്ദേഹം പറയുന്നു. അടിസ്ഥാന സാമ്പത്തികശക്തിയായി പുരുഷൻ വളർന്നതാണ് സ്ത്രീയുടെ അടിമത്തത്തിനു കാരണം. പിതൃദായക്രമം പിന്തുടരുന്ന സമൂഹത്തിലെ സ്ത്രീകളാണ് ഈ വിവേചനത്തിന്റെ ഇരകളാകുന്നത്. മാതൃദായക്രമം പിന്തുടരുന്ന കുടുംബങ്ങളിലും സ്ത്രീകൾ അരക്ഷിതാവസ്ഥ അനുഭവിച്ചിരുന്നു എന്ന് റോബിൻ ജഫ്രി. തറവാടുകളിൽ കാരണവർ എന്നുപറയുന്ന ഒരു വ്യക്തി കാര്യങ്ങൾ നോക്കി നടത്തിയിരുന്നതിനാൽ മാതൃദായക്രമവ്യവസ്ഥയിലും സ്ത്രീകൾ അമിതസ്വാതന്ത്ര്യം അനുഭവിച്ചിരുന്നില്ല.[36] ഇത്തരം അവസ്ഥകൾക്കു പുറമേ സ്ത്രീകളുടെ വീട്ടിലെ അധ്വാനത്തിന്റെ മൂല്യം കണക്കാക്കപ്പെടാത്തതും അതിന് സ്ത്രീകൾ ശ്രമിക്കാത്തതും ഇതേ വിധേയത്വത്തിന്റെ ഭാഗമായിത്തന്നെയാണ്.

ജോലിയുള്ള കനകാംബാളും പാട്ടായെയും പാട്ടിയെയും സഹായിച്ചു പോരുന്ന അമ്മുലുവും ദീക്ഷിതരെ 'ആശ്രയിച്ചുകഴിയുന്ന' ശിവകാമിയുമൊന്നും ഇതിൽ വ്യത്യസ്തരല്ല. ആശ്രയിച്ചു കഴിയുക എന്ന പ്രയോഗം തന്നെ തെറ്റാണ്. സ്ത്രീകൾ വീട്ടുജോലിയും പുരുഷൻ പുറത്തെ ജോലിയും ചെയ്യുക എന്നതായിരുന്നു ആദ്യത്തെ തൊഴിൽ വിഭജനം. ഇതിൽ രണ്ടു കൂട്ടരും തുല്യരാണ്. ഈ തുല്യപദവിയിൽ തുടരവേ തന്നെ, സ്ത്രീയ്ക്കായി മാറ്റിവച്ച ജോലികൾ ചെയ്യുമ്പോൾത്തന്നെ, പുരുഷനോടൊപ്പം കർമ്മരംഗത്തേക്കിറങ്ങിയ സ്ത്രീ എങ്ങനെ സാമ്പത്തികാരക്ഷിതാവസ്ഥ അനുഭവിക്കുന്നു

എന്നത് അന്വേഷിക്കേണ്ടതാണ്. അദ്ധ്വാനത്തിന്റെ മൂല്യം പണമായി കണക്കാക്കി വന്നപ്പോൾ, പുരുഷൻ പുറമേ പോയി തൊഴിൽ ചെയ്യുന്നതിനു മൂല്യം കൂടുകയും സ്ത്രീകൾ വീട്ടിൽ ചെയ്യുന്ന ശമ്പളമില്ലാ ജോലിക്ക് മൂല്യം കുറയുകയും ചെയ്തു. ഇതിന്റെ ദൂഷ്യഫലമാണ് ഈ സ്ത്രീകൾ അനുഭവിച്ചത്. തമിഴ്ബ്രാഹ്മണ സ്ത്രീകളുടെ ഈ അരക്ഷിതാവസ്ഥയ്ക്ക് ചില ചരിത്രപരമായ കാരണങ്ങൾ കൂടിയു ്. തമിഴ്നാട്ടിലെ ദ്രാവിഡമുന്നേറ്റം ബ്രാഹ്മണരെ അവിടത്തെ ശ്രേഷ്ഠ പദവികളിൽ നിന്നു മാറ്റുകയും വിദ്യാഭ്യാസത്തിന്റെയും ഭരണവ്യവസ്ഥയുടെയും കുത്തക അവസാനിപ്പിക്കുകയും ചെയ്തു. അവിടെ നിന്നുള്ള തമിഴ്ബ്രാഹ്മണരുടെ പലായനവും മറ്റു നാടുകളിലേക്കുള്ള കുടിയേറ്റവും നടക്കുമ്പോൾത്തന്നെ സംസ്കാരസംരക്ഷണത്തിൽ മുറുകെ പിടിച്ചിരുന്നതിനാൽ സ്ത്രീകളെ സ്വതന്ത്രരായി വിടാനോ മറ്റുള്ളവരുമായി ഇടപഴകാനോ അനുവദിച്ചിരുന്നില്ല. പലായനം സൃഷ്ടിച്ച അരക്ഷിതാവസ്ഥയിൽ പുരുഷനു കീഴ്പ്പെട്ടു ജീവിക്കാൻ സ്ത്രീ നിർബന്ധിതയായി.[37]

കലക്ടറേറ്റിൽ ജോലിയും സ്വന്തമായി വരുമാനവുമുള്ളവളാണ് കനകാംബാൾ. സാമ്പത്തികമായി സുരക്ഷിതയാണ്. എന്നാൽ സമ്പത്തില്ലാത്തതിന്റെ പേരിൽ നല്ല വൈവാഹിക ജീവിതം കിട്ടാതെ ചെറുപ്പത്തിലേ വിധവയാകേണ്ടി വന്നവളാണ്. ജീവിതാവസാനത്തിൽ നേടുന്ന സാമ്പത്തിക സുരക്ഷിതത്വം അവളെ സംതൃപ്തയാക്കുന്നില്ല. എന്തൊക്കെയായാലും കല്യാണകൃഷ്ണയ്യരുടെ വിധവയായ മകൾ കനകാംബാൾ തന്നെയായി അവൾ അറിയപ്പെടും. മറ്റു തമിഴ്ബ്രാഹ്മണ സ്ത്രീകളുടെ ജീവിതത്തിൽ നിന്നും കനകാംബാൾ വ്യത്യസ്തതയാകുന്നത് അവളെ ആശ്രയിച്ചു കഴിയാൻ ആളുകളുണ്ട് എന്നതിലാണ്. മാതാപിതാക്കളെ സംരക്ഷിക്കാനുള്ള അവകാശവും സ്വത്തവകാശവും കൈയേറ്റ് ഗൃഹത്തിൽ കഴിയേ  ത് ആൺമക്കളാണ്. എന്നാൽ കനകത്തിന്റെ സഹോദരൻ സ്വത്തു കൈപ്പറ്റി വീടുവിട്ടു പോവുകയാണുണ്ടായത്. ഇടയ്ക്കിടെ എത്തി കനകാംബാളുടെ ശമ്പളത്തിന്റെ പങ്കുപറ്റി തന്റെ മേധാവിത്വം സ്ഥാപിച്ചുകൊണ്ടിരുന്നതിനപ്പുറം അയാൾ

കുടുംബത്തിന് ഉപകാരിയായിരുന്നില്ല. 'വേരുകളി'ലെ അമ്മുലുവിന്റെ കാര്യ ത്തിലാകട്ടെ അച്ഛന്റെ സാമ്പത്തികബുദ്ധിമുട്ടു കാരണം മുത്തച്ഛന്റെ സംരക്ഷ ണയിൽ വിട്ടതുകൊണ്ട് ജോലിക്കാരിയാകേണ്ടി വന്നതാണ്. വർഷത്തിൽ ഉടുക്കാൻ വസ്ത്രം കൊടുക്കുന്നതൊഴിച്ചാൽ അവൾ സമ്പത്തില്ലാത്തവളാണ്. വിവാഹം കഴിച്ച് ഭർത്താവിനോടൊപ്പം താമസിക്കുന്ന വീടിനും പറമ്പിനും ഉടമസ്ഥൻ സഹോദരൻ രഘുവാണ്. ശിവകാമിയാകട്ടെ ദീക്ഷിതരുടെ തണൽപറ്റി മാത്രം ജീവിക്കുന്നു. ദീക്ഷിതർ സമ്പന്നനാണ്. സമൂഹമഠത്തിന്റെ ആരാധ്യപുരുഷനാണ്. അയാളുടെ പത്നീപദവിയിൽ ഇരിക്കുന്നതുകൊണ്ടു മാത്രം അവളും ആരാധ്യയാണ്. എന്നാൽ അവൾക്കും സാമ്പത്തിക സുരക്ഷിതത്വമില്ല. മകൻ ഗോവിന്ദനെ പഠിപ്പിച്ച് നല്ല ഉദ്യോഗസ്ഥനാക്കിയാൽ താൻ സുരക്ഷിതയാകും എന്ന ധാരണ മകനും തെറ്റിച്ചു. പണം സമ്പാദി ക്കുന്നത് ദീക്ഷിതരാകയാൽ അതു ചിലവഴിക്കാനുള്ള അവകാശവും അയാൾക്കുതന്നെ. അത് ചോദ്യം ചെയ്യാൻ അവൾക്കവകാശമില്ല. പണം മുഴുവൻ നെട്ടൂർമഠം ഹുണ്ടിയലിൽ അയാൾ നിക്ഷേപിച്ചത് അവളോട് ആലോചിച്ചിട്ടല്ല. എന്നാലും പലരും പറഞ്ഞ് അവളറിയുന്നു. ഹുണ്ടിയൽ പൊളിയുന്നു എന്നു പറഞ്ഞുകേട്ടപ്പോൾ അവൾ അറിയിച്ചെങ്കിലും അയാളത് അവഗണിച്ചു. പണം മുഴുവൻ അയാൾക്ക് നഷ്ടമായി. പണമില്ലാത്ത പെണ്ണിന് അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യം തമിഴ്ബ്രാഹ്മണ പുരുഷാധിപത്യ സമൂഹം അനുവദിക്കുന്നില്ല. 'അറിഞ്ഞതു പലതും അറിയില്ലെന്നു നടിക്കേണ്ട വരാണ് സ്ത്രീകൾ' എന്നു ശിവകാമി സ്വയം പറയുന്നു.

പുരുഷന്മാർക്ക് പുറത്തിറങ്ങി നടക്കാൻ ധാരാളം സമയമുണ്ട്. കാരണം അവർ കുറച്ചു സമയം കൊണ്ട് കൂടുതൽ പണം സമ്പാദിക്കുന്നവരാണ്. മറ്റു ത്തരവാദിത്തങ്ങൾ അവരെ ബാധിക്കുന്നില്ല. സ്ത്രീകളുടെ ജോലിഭാരമാണ് യഥാർത്ഥത്തിൽ പുരുഷന്മാരെ സ്വതന്ത്രരായി നടക്കാൻ അനുവദിക്കുന്നത്.[38] സ്ത്രീകൾ ഗാർഹികജോലികൾ സ്വന്തം ഉത്തരവാദിത്തമായി കൊ ു നടക്കുന്നതിനാൽ അതേറ്റെടുക്കാൻ പുരുഷന്മാരോ കുട്ടികളോ തയ്യാറാകില്ല. അഥവാ ചെയ്യുന്നെങ്കിൽ അതൊരു ഔദാര്യം പോലെയായിരിക്കും.

അതുകൊണ്ടാണ് പുരുഷന്മാരും കുട്ടികളും സന്തോഷിച്ചിരിക്കുന്ന സമയങ്ങളി ലൊക്കെയും സ്ത്രീകൾ വീട്ടുജോലിയുമായി ഓടിനടക്കുന്നത്. മാനസികമായ ഈ വിധേയത്വം മാറിയാൽ മാത്രമേ സ്ത്രീകൾ സ്വതന്ത്രരാകൂ.

സാമൂഹ്യസാംസ്കാരികരംഗത്ത് നടന്ന പഠനങ്ങളുടെ ഭാഗമായി രൂപപ്പെട്ടുവന്ന സിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ തമിഴ്ബ്രാഹ്മണ സാമൂഹ്യ വ്യവസ്ഥയ്ക്കകത്ത് സ്ത്രീ എങ്ങനെ, എന്തുകൊണ്ട് വിധേയയായിരിക്കുന്നു എന്ന അന്വേഷണമാണ് ഇവിടെ നടത്തിയത്. ഒരു തമിഴ്ബ്രാഹ്മണ സ്ത്രീ പൊതുസമൂഹത്തോടും സ്വസമുദായത്തോടും വിധേയത്വം പുലർത്തി ക്കൊണ്ടിരിക്കുന്നു. പിതൃദായക്രമവും ആചാരാനുഷ്ഠാനങ്ങളിൽ അടിയുറച്ച സാമൂഹ്യാവസ്ഥയും 'അന്യ'മായിരിക്കുന്നതിന്റെ അരക്ഷിതബോധവും ചേർന്ന സ്ത്രീയെ കൂടുതൽ കൂടുതൽ പുരുഷനു വിധേയയാക്കുന്നു. ഈ വിധേയത്വം നിമിത്തം സ്വസമുദായവും പൊതുസമൂഹത്തിലെ മറ്റുള്ളവരും അവളുടെ മേൽ ആധിപത്യം സ്ഥാപിക്കുന്നു. രണ്ടാം തരം ലിംഗപദവിയും സമൂഹം അടിച്ചേൽപ്പിച്ച കീഴാളത്തവും നിമിത്തം അവൾ തന്റെ വിധേയ ത്വത്തെ സ്വാംശീകരിക്കുകയാണ് ചെയ്യുന്നത്. അടിച്ചേൽപ്പിച്ച ഉത്തരവാദിത്ത ങ്ങൾക്കും പാപബോധത്തിനും കീഴടങ്ങിയാണ് അവൾ കഴിയുന്നത്. പാരമ്പര്യ മായി സ്ത്രീയിൽ ഉണ്ടാക്കിയെടുത്തിട്ടുള്ള പാപബോധം നിമിത്തം അവളുടെ ലൈംഗീകത പ്രകടിപ്പിക്കാനാവാതെ പോകുന്നു. ലൈംഗികതയുടെ കാര്യ ത്തിൽ സമൂഹം സ്ത്രീയ്ക്കേർപ്പെടുത്തിയ നിയന്ത്രണങ്ങളും അവളെ ലൈംഗീകതയിൽ പുരുഷനു വിധേയയാക്കുന്നു. സാമ്പത്തികമായ സ്വാത ന്ത്ര്യം നിഷേധിക്കപ്പെട്ട് സ്ത്രീ പിതാവിനോ ഭർത്താവിനോ സഹോദരനോ വിധേയയായി കഴിയേണ്ടിവരുന്നു. സാമൂഹികമായി അവൾക്ക് സ്വസമൂഹ ത്തിൽ സ്വാതന്ത്ര്യമോ പൊതുസമൂഹവുമായി ഇടപഴകാനുള്ള അവസരമോ ലഭ്യമല്ല. അതുകൊണ്ടുതന്നെ സ്ത്രീയെ സ്ത്രീക്കു കൽപിച്ച മാനങ്ങളിൽ ഉറപ്പിച്ചു നിർത്താൻ പുരുഷൻ കൈക്കൊള്ളുന്ന ഏതു തന്ത്രവും പ്രതിഷേധ മേതുമില്ലാതെ അവൾ അംഗീകരിക്കുന്നു. ഉടലിനെ പൊതിയുന്ന വസ്ത്ര ത്തിൽപ്പോലും പുരുഷാധികാരം കടന്നു ചെല്ലുമ്പോഴും പ്രതികരിക്കാത്ത

സ്ത്രീത്വത്തെയാണ് എൺപതുകൾ വരെ തമിഴ്ബ്രാഹ്മണ സമൂഹത്തിൽ കാണുന്നത്. അവൾ വിധേയപ്പെട്ട സമൂഹമോ മതമോ പുരുഷനോ പ്രതിസന്ധിഘട്ടങ്ങളിൽ അവളെ സഹായിക്കാനെത്തുന്നില്ല എന്നും നാം ക ു. മാത്രമല്ല സാമൂഹികമായും സാമ്പത്തികമായും മതപരമായും ലൈംഗികമായും അവൾ ഈ വിധേയത്വം നിമിത്തം ചൂഷണം ചെയ്യപ്പെടുന്നു. അത്തരം ചൂഷണങ്ങൾ എങ്ങനെയെല്ലാം വ്യവസ്ഥയ്ക്കു വിധേയപ്പെട്ട തമിഴ് ബ്രാഹ്മണസ്ത്രീയെ ബാധിച്ചു എന്ന അന്വേഷണമാണ് അടുത്ത അധ്യായത്തിൽ.

**സൂചകങ്ങൾ:**

1. P.P. Narayanan Namboodiri, Aryans in South India, 1992, പുറം 71.
2. Simon De Beavour, The Second Sex, 1949, പുറം 295.
3. നാർമടിപ്പുടവയുടെ നീളം - അവതാരിക, നാർമടിപ്പുടവ, 2009, പുറം 8.
4. Kate Millet, Sexual Politics, 1970, പുറം 33.
5. Marinet Elizie, Women's Madness, Misogymy or Mental Illness, 1976, പുറം 117.
6. L.H. Morgan, Ancient Society, 1907, പുറം 455.
7. Engels, കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം ഇവയുടെ ആവിർഭാവം, പുറം 36.
8. എംഗൽസ്, പുറം 36-37.
9. 'നെട്ടൂർമഠ'ത്തിലെ അന്നപൂർണിക്ക് മഞ്ഞൾക്കാണി സ്വത്തുള്ളതായി പറയുന്നു.
10. പുരുഷനറിയാത്ത സ്ത്രീമുഖങ്ങൾ, 2012, പുറം 58.
11. എംഗൽസ്, കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം ഇവയുടെ ആവിർഭാവം, പുറം 131.
12. എംഗൽസ്, പുറം 131, 132.
13. Simon De Beavour, The Second Sex, 1949, പുറം 22.
14. Simon De Beavour, പുറം 35.
15. ,, 22.
16. Judith Butler, Gender Trouble, Feminism and the subversion of Identity, 1990, പുറം 123.
17. ഡോ. എൻ. പ്രശാന്തകുമാർ, ഫെമിനിസത്തിലെ ആധുനികോത്തരത, പുറം 192.

18. Michel Foucault, The History of Sexuality Vol. I An Introduction, 1979, 82.
19. നാർമടിപ്പുടവയുടെ നീളം, അവതാരിക - നാർമടിപ്പുടവ, പുറം 8.
20. Paula Nicolson, Motherhood and Women's lives, 1992, പുറം 222.
21. Ann Woollett, Motherhood : Meaning Practice and Ideologies, 1991, പുറം 88.
22. Robin Jeffrey, The Decline of Nair Dominance, പുറം 326.
23. Paula Nicolson, പുറം 206.
24. Ann Woolett, പുറം 1.
25. Paula Nicolson, പുറം 208.
26. Shefali Moitra, Feminist Thought, 2002, പുറം 13.
27. Homi. K. Bhabha, The Location of Culture, 1994, പുറം 70-71.
28. എം.കെ. രാമകൃഷ്ണൻ, 'ഫെമിനിസങ്ങളും സംസ്കാരപഠനമേഖലയും', സംസ്കാരപഠനം - ചരിത്രം, സിദ്ധാന്തം, പ്രയോഗം, പുറം 456.
29. The Awakening of Women, 1995.
30. Genocide of Women in Hinduism, 1999.
31. Sita Agarwal, Genocide of Women Hinduism, 1999.
32. P.K. Sarkar, The Awakening of Women, 1995.
33. Nath D. P & Datha J, SACS, Vol. 4, No. 1, Page 12.
34. Gayathri. C. Spivak, Spivak Reader, 1996, പുറം 30.
35. കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം ഇവയുടെ ആവിർഭാവം, പുറം 72.
36. Legacies of Matriliny, 2004/05, പുറം 659.
37. P.P. Narayanan Namboothiri, Aryans in South India, 1992, പുറം 74.
38. Lydia Morris, The working of the Household, 1989, 184.

Anithakumari. A. “Tamil Brahmin Women Representation in Malayalam Novel” Thesis. Department of Malayalam of Sree Kerala Varma College, University of Calicut, 2015.

## അദ്ധ്യായം – 5

## ചൂഷണം

ഏതെങ്കിലും ഒരു വസ്തുവിനെയോ സാഹചര്യത്തെയോ തനിക്കനുകൂലമാക്കി മാറ്റി അതിനെ പരമാവധി തന്റെ നേട്ടത്തിനാക്കാൻ ഒരു വ്യക്തിയോ ഒരു സംഘമോ ശ്രമിക്കുകയാണെങ്കിൽ അതിനെയാണ് ചൂഷണം എന്ന് സാമാന്യമായി പറയുന്നത്. മാർക്സിയൻ വീക്ഷണത്തിൽ 'ജനതയുടെ ഒരു ഭാഗം ഉൽപ്പാദനം വർദ്ധിപ്പിക്കാൻ പരിശ്രമിക്കുമ്പോൾ മറ്റൊരു വിഭാഗം അവരെ അതിന്റെ ഉപഭോക്തൃസ്ഥാനത്തു നിന്നു തടയാൻ ശ്രമിക്കുമ്പോഴാണ് ചൂഷണം നടന്നു എന്നു പറയുന്നത്.[1] ജന്മിത്തവ്യവസ്ഥിതിയിൽ കീഴാളൻ മേലാളനാൽ ചൂഷണം ചെയ്യപ്പെടുന്നു. മുതലാളിത്ത വ്യവസ്ഥിതിയിൽ തൊഴിലാളി മുതലാളിയാൽ ചൂഷണം ചെയ്യപ്പെടുന്നു. പുരുഷാധിപത്യ വ്യവസ്ഥിതിയിൽ സ്ത്രീ പുരുഷനാൽ ചൂഷണം ചെയ്യപ്പെടുന്നു. പ്രത്യേക ശക്തി പ്രയോഗങ്ങളും സാമ്പത്തിക ബന്ധങ്ങളും മുതലാളിത്ത വ്യവസ്ഥിതിയിലെ ചൂഷണത്തിന് ആവശ്യമാണെന്നിരിക്കെ, ഫ്യൂഡലിസമോ അടിമത്തത്തിലധിഷ്ഠിതമായ വ്യവസ്ഥയോ ഇതൊന്നുമില്ലാതെ തന്നെ ചൂഷണം സാധ്യമാക്കുന്നു.[2] റ്റില്ലി ചൂഷണത്തെ അസമത്വ രൂപവത്ക്കരണ തന്ത്രം (Inequality generating mechanism) എന്നാണ് വിശേഷിപ്പിക്കുന്നത്.[3] ഒരു വ്യക്തി വരുമാന വിഭവങ്ങളോ പ്രകൃതിവിഭവങ്ങളോ തടയുകയാണെങ്കിൽ, അവരുടെ പരിശ്രമത്തിന്റെ ഫലം അനുഭവിക്കാൻ അനുവദിക്കാതിരിക്കുകയാണെങ്കിൽ ഈ കാഴ്ചപ്പാടിൽ അതിനെ ചൂഷണം എന്നു വിളിക്കാം.[4] ഇത് മനുഷ്യന്റെ കാര്യത്തിൽ സംഭവിക്കുകയാണെങ്കിൽ അതിനെ ചൂഷണം എന്നതിനേക്കാൾ അപമാനവീകരണം (Dehumanization) എന്നു വിളിക്കുന്നതായിരിക്കും ഉത്തമമെന്ന് പൗലോ ഫ്രെയർ പറയുന്നു.[5] ഇത്തരത്തിൽ പലവിധ കാരണങ്ങളാൽ അപമാനവീകരിക്കപ്പെട്ട തമിഴ്ബ്രാഹ്മണ സ്ത്രീകളുടെ അവസ്ഥകളെക്കുറിച്ചാണ് ഈ അധ്യായത്തിൽ പറയുന്നത്.

ബ്രാഹ്മണസമുദായം പുരുഷാധിപത്യപരമാണെന്നും സ്ത്രീകൾ പല രീതിയിൽ ഈ വ്യവസ്ഥയ്ക്കു വിധേയപ്പെട്ടാണ് കഴിയുന്നതെന്നും കഴിഞ്ഞ അധ്യായത്തിൽ ചർച്ച ചെയ്യുകയുണ്ടായി. ഏതെല്ലാം വ്യവസ്ഥകളോട് അവർ വിധേയപ്പെട്ടിരിക്കുന്നുവോ അവിടെയെല്ലാം അവൾ ചൂഷണം ചെയ്യപ്പെട്ടിട്ടു മു ്. അതായത് ഒരു തമിഴ്ബ്രാഹ്മണ സ്ത്രീ സാമൂഹികമായും സാമ്പത്തിക മായും ലൈംഗികമായുമുള്ള ചൂഷണങ്ങൾക്ക് ഇരയായിട്ടുണ്ടെന്നു സാരം. സാമൂഹികമായ വിധേയത്വമാകട്ടെ പൊതുസമൂഹത്തോടും ബ്രാഹ്മണസമൂഹ ത്തോടുമുണ്ട്. സ്വന്തമായി സമ്പാദ്യമുള്ളവരും ഇല്ലാത്തവരുമായ സ്ത്രീകൾ ഇവർക്കിടയിലുണ്ട്. സാമ്പത്തികചൂഷണം ഇവർക്കു രണ്ടു കൂട്ടർക്കും രണ്ടു വിധത്തിലാണ്. ലൈംഗികചൂഷണം പരിഗണിക്കുമ്പോൾ ബാലികമാർ, സുമംഗലികൾ, വിധവകൾ എന്നിവരെയും പരിഗണിക്കണം. വരേണ്യതയും കീഴാളത്തവും ഒരുപോലെ കയ്യാളുന്നവരാണ് തമിഴ്ബ്രാഹ്മണ സ്ത്രീകൾ. അതിനാൽ ഒരേസമയം ചൂഷിതയും ചൂഷകയുമാകുന്നു. ഒരു വ്യക്തി ഒരേ സമയം ചൂഷിതന്റെയും ചൂഷകന്റെയും അവസ്ഥയിലെത്തുന്നതെങ്ങനെയെന്ന് മാർക്സ് പറയുന്നു. 'ലിംഗവിവേചനത്തേക്കാളധികം വർഗവൈരുദ്ധ്യമാണ് സ്ത്രീ പുരുഷാസമത്വത്തിനു കാരണം. വർഗവൈരുദ്ധ്യങ്ങൾ എപ്പോഴും ബഹുസ്വത്വങ്ങളെ സൃഷ്ടിക്കുന്നു. അതനുസരിച്ചാണ് ഒരു വ്യക്തി ഒരേ സമയം ചൂഷകനും ചൂഷിതനുമാകുന്നത്.[6] അങ്ങനെയെങ്കിൽ തമിഴ്ബ്രാഹ്മണ സ്ത്രീ (1) സ്വസമുദായത്തിലെ പുരുഷന്മാരാൽ ചൂഷണം ചെയ്യപ്പെടുന്നു (2) പൊതുസമൂഹത്തിലെ പുരുഷന്മാരെയും സ്ത്രീകളെയും ചൂഷണം ചെയ്യുന്നു (3) പൊതുസമൂഹത്തിലെ പുരുഷന്മാരാൽ ചൂഷണം ചെയ്യപ്പെടുന്നു. വെങ്കിടേശ്വരനും സഹോദരീഭർത്താവും കനകാംബാളെ യഥാക്രമം സാമ്പ ത്തികമായും ലൈംഗികമായും ചൂഷണം ചെയ്യുന്നത് ഒന്നാമത്തേതിനും ചാമി യാരപ്പനെയും കൂട്ടരെയും അഗ്രഹാരം തീ യതിന്റെ പേരിൽ അമ്മ്യാന്മാർ ആക്രമിച്ചത് രണ്ടാമത്തേതിനും കനകാംബാളെ മേലുദ്യോഗസ്ഥൻ കൈയേറ്റം ചെയ്യാൻ മുതിർന്നതും ശിവകാമിയെ അപ്പുക്കാരണവർ വെപ്പാട്ടിയാക്കി വച്ചതും മൂന്നാമത്തേതിനും ഉദാഹരണമായെടുക്കാം. ഇങ്ങനെ മൂന്നുതരം സ്വത്വങ്ങൾ അവൾക്കുണ്ടാകുന്നു. ഇതൊന്നും കൂടാതെ ഒരേ സ്ത്രീ തന്നെ

ഈ മൂന്നുതരം ചൂഷണങ്ങൾക്ക് ഇരയാകുന്ന അവസരവുമുണ്ടാകുന്നു. സാമൂഹിക, സാമ്പത്തിക, ലൈംഗികചൂഷണങ്ങൾക്ക് ഒരു തമിഴ്ബ്രാഹ്മണ സ്ത്രീ എങ്ങനെ ഇരയാകുന്നു എന്നു ചിന്തിക്കുമ്പോൾ ഇക്കാര്യങ്ങളും പരിഗണിക്കേണ്ടതുണ്ട്.

### 5.1 സാമൂഹിക ചൂഷണം:

തമിഴ്ബ്രാഹ്മണ സമൂഹത്തിന് തമിഴ്ബ്രാഹ്മണ സ്ത്രീ വംശം നില നിർത്താനുള്ള ഒരുപകരണം മാത്രമാണ്. പൊതുസമൂഹത്തിനാകട്ടെ സവർണ്ണ മേധാവിത്വത്തിന്റെ പാരമ്പര്യം ചുമന്നു നടക്കുന്ന വിശിഷ്ടവ്യക്തിത്വവും. ഇക്കാരണങ്ങളാൽ രണ്ടിടത്തും തമിഴ്ബ്രാഹ്മണ സ്ത്രീ ഇരയായി മാറുന്നു. പുരുഷമേധാവിത്വം നിലനിൽക്കുന്ന ഈ രണ്ടു സാമൂഹ്യാവസ്ഥയിലും സ്ത്രീക്ക് രണ്ടാംതരം പൗരത്വമാണ് കൽപിക്കപ്പെട്ടിട്ടുള്ളത്. ഇതൊരു ബൗദ്ധിക ചർച്ചാവിഷയം മാത്രമല്ല. തുടർച്ചയായി നിലനിൽക്കുന്ന സ്ത്രീ പുരുഷാസമത്വത്തിൽ നിന്നാണ് ഇത്തരം ചൂഷണങ്ങൾ രൂപപ്പെടുന്നത് എന്നതുകൊണ്ട് കൃത്യമായ നിയമവ്യവസ്ഥയിലൂടെ മാത്രമേ ഈ പ്രശ്നം ദൂരീകരിക്കാനാകൂ. അടിച്ചമർത്തപ്പെട്ടവന്റെ വിമോചനത്തിനായി ലോക മെങ്ങും സമരങ്ങൾ നടന്നപ്പോഴും വരേണ്യസ്ത്രീയുടെ വിധേയത്വമോ അവളുടെ മേലുള്ള ചൂഷണങ്ങളോ ആരും അന്വേഷിക്കുകയുണ്ടായില്ല.[7] മുഖ്യ ധാരാ രാഷ്ട്രീയത്തിലോ സാഹിത്യത്തിലോ തമിഴ്ബ്രാഹ്മണ സ്ത്രീയുടെ പ്രാതിനിധ്യം കാണുകയുണ്ടായില്ല എന്ന കാര്യം മാത്രം മതി ഇതിനുപോദ് ബലകമായ തെളിവായി. മലയാള ചെറുകഥാ ലോകത്ത് ജെ. ലളിതാംബിക എന്ന ഒരൊറ്റ എഴുത്തുകാരി മാത്രമാണ് തമിഴ്ബ്രാഹ്മണ സ്ത്രീയായുള്ളത്. ആദ്യമായി തമിഴ് ബ്രാഹ്മണ സ്ത്രീയുടെ പ്രശ്നങ്ങൾ സമൂഹത്തിലേക്ക് സാഹിത്യത്തിലൂടെ കൊണ്ടുവന്ന സ്ത്രീ എഴുത്തുകാരി സാറാതോമസ് ആണ് (നാർമടിപ്പുടവ). പുരുഷ എഴുത്തുകാർ ഒന്നു രണ്ടുപേർ ഈ രംഗത്ത് സജീവമായുണ്ടെങ്കിലും സ്ത്രീപ്രശ്നങ്ങളിലേക്ക് ആഴത്തിൽ വേരോടിക്കാൻ അവർക്കുമായില്ല. അതുകൊണ്ടുതന്നെ തമിഴ്ബ്രാഹ്മണ സ്ത്രീ ജീവിതം

പ്രമേയമായ സാഹിത്യകൃതികൾ വിരളമാണ്. ഇത്തരത്തിൽ അവരുടെ ജീവിതാവസ്ഥകളെക്കുറിച്ചു വിളിച്ചുപറയാൻ ആരുമില്ലാത്തതിനാൽ അവർക്ക് പ്രശ്നങ്ങളില്ലെന്നല്ല അർത്ഥമാക്കേണ്ടത്. ഒരു വിഭാഗം അപ്പാടെ തമസ്ക്കരിക്കപ്പെടുന്ന അവസ്ഥയാണിത്. ലിംഗവിവേചനത്തിലധിഷ്ഠിതമായ ചൂഷണം നിലനിൽക്കുന്നിടത്തോളം കാലം ഈ തമസ്ക്കരണം സംഭവിച്ചുകൊണ്ടേയിരിക്കും. സവർണ പുരുഷമേധാവിത്വം സ്ഥാപിക്കുന്ന യാഥാസ്ഥിതിക പൂണൂൽധാരികൾ സാമൂഹ്യപരിവർത്തന വിപ്ലവങ്ങളൊക്കെയും ഏതുവിധേനയും അടിച്ചമർത്തും. സംസ്കാര സംരക്ഷണാർത്ഥം ജന്മസ്ഥലം ഉപേക്ഷിക്കാൻ തയ്യാറായ അവർ മറ്റൊരു നാട്ടിൽ ആവാസവ്യവസ്ഥ ഉറപ്പിക്കുമ്പോൾ കൃത്യമായ കണക്കു കൂട്ടലുകളോടെയാണ് അത് ക്രമപ്പെടുത്തിയത്. അവർക്കാവശ്യമായ പണിയാളുകളെയും കച്ചവക്കാരെയും പരികർമ്മികളെയും കൂടെ കൊണ്ടുവരികയും അവരെ തങ്ങളുടെ ആവാസവ്യവസ്ഥയ്ക്കു ചുറ്റും വിന്യസിക്കുകയും ചെയ്തു. തദ്ദേശത്തിലെ ആളുകളുമായി ഇടപഴകാതെ ശുദ്ധസംസ്കാരം നിലനിർത്താൻ അവർ ശ്രമിച്ചെങ്കിൽ, അത് അവരുടെ സ്ത്രീകളെ സംസ്കാരസംരക്ഷകരാക്കി പരമാവധി ചൂഷണം ചെയ്തുകൊണ്ടാണ്.

## 5.2 സാമുദായികവും മതപരവുമായ ചൂഷണം:

തമിഴ്ബ്രാഹ്മണ സ്ത്രീ സ്വസമുദായത്താലും പൊതുസമൂഹത്താലും ചൂഷണം ചെയ്യപ്പെടുന്നുണ്ടെന്ന് പറഞ്ഞല്ലോ. തമിഴ്ബ്രാഹ്മണ സാമൂഹ്യവ്യവസ്ഥയ്ക്കകത്തുള്ള ചൂഷണം യഥാർത്ഥത്തിൽ മതപരമായ ചൂഷണമാണ്. സാമുദായിക നിയമങ്ങൾക്കും മതപരമായ അനുഷ്ഠാനങ്ങൾക്കും വിധേയപ്പെട്ട് തമിഴ്ബ്രാഹ്മണസ്ത്രീ ജീവിക്കുന്നതുകൊണ്ട് അത്തരം വിധേയത്വം പിതൃമേധാവിത്ത സമൂഹം ചൂഷണം ചെയ്യുന്നു. സ്ത്രീയുടെ വിധേയത്വം അതേപടി തുടരാനായി പുരുഷ സമൂഹം സ്വീകരിക്കുന്ന ഒരു വഴിയാണ് ഈ ചൂഷണം. 'ചരിത്രപരമായി സ്ത്രീ പുരുഷന്മാർ തമ്മിലുള്ള തുല്യമല്ലാത്ത അധികാരബന്ധങ്ങളുടെ സൃഷ്ടിയാണ് സ്ത്രീകൾക്കെതിരെയുള്ള അതിക്രമ

ങ്ങളെന്നും, പുരുഷന്മാരുമായി താരതമ്യം ചെയ്യുമ്പോൾ സ്ത്രീക്ക് വിധേയത്വ സ്ഥാനം നൽകാൻ സമൂഹം കൈക്കൊള്ളുന്ന ഒരു ക്രൂരമായ തന്ത്രമാണി തെന്നും യു.എൻ. സെക്രട്ടറി ജനറലായിരുന്ന കോഫി അന്നൻ ഐക്യരാഷ്ട്ര സഭയുടെ ഒരു പൊതുയോഗത്തിൽ പറയുകയുണ്ടായി.[3] തമിഴ് ബ്രാഹ്മണസ്ത്രീ യുടെ കാര്യത്തിൽ ഇതേറെ സത്യമായ കാര്യമാണ്. തികച്ചും ആചാരങ്ങളി ലധിഷ്ഠിതമായ സാമൂഹ്യ വ്യവസ്ഥ രൂപപ്പെടുത്തിവച്ചിട്ടുള്ളതിനാൽ ഏറെയൊന്നും ബലപ്രയോഗമില്ലാതെ തന്നെയാണ് ഒരു സ്ത്രീ അതിനു വിധേയപ്പെടുന്നത്. ആ വിധേയത്വം അതേപടി നിലനിർത്താൻ ആചാരങ്ങളിൽ കൂടുതൽ നിർബന്ധബുദ്ധി ചെലുത്തിയാൽ മതി. അതിന് അവൾ കുടുംബത്തിന് ഒരു ബാധ്യതയാണെന്നു വരുത്തിത്തീർക്കുന്നു. അവളുടെ വസ്ത്രധാരണം, വിദ്യാഭ്യാസം എന്നിവയിലൊക്കെ നിയന്ത്രണങ്ങളേർ പ്പെടുത്തി, സാമ്പത്തികബാധ്യതയു ാക്കുന്ന ഒരു വസ്തുവാണ് തമിഴ് ബ്രാഹ്മണസ്ത്രീ എന്നു വരുത്തിത്തീർക്കുക വഴി എല്ലാത്തരം ചൂഷണത്തിനും അവൾ വഴിപെട്ടു വരും.

ഫ്രോയ്ഡ് പറയുന്നു:

''ലിംഗഭേദം സാമൂഹികമായും സാംസ്കാരികമായും സ്ഥാപിക്കപ്പെട്ടത് തികച്ചും ജൈവശാസ്ത്രപരമല്ല. ചരിത്രാതീതകാലം മുതൽ മനുഷ്യമനസ്സ് സ്ത്രീ, പുരുഷൻ, സ്ത്രീത്വം, പുരുഷത്വം എന്നീ ഭേദങ്ങളെ മാനസികമായും ജൈവശാസ്ത്രപരമായും രൂപപ്പെടുത്തിയെടുത്തതുകൊണ്ടാണ്. അതുവഴി ഒന്നു മറ്റൊന്നിനേക്കാൾ നല്ലത് എന്നോ മീതേ എന്നോ ഒരു ചിന്താഗതി സമൂഹത്തിൽ രൂപപ്പെട്ടു വന്നതാണ് സ്ത്രീപുരുഷാസമത്വത്തിനു കാരണം. അതായത് ഈ ഭേദം തികച്ചും സാമൂഹികസൃഷ്ടിയാണ്.''[9]

സ്ത്രീകൾ തങ്ങളുടെ സ്ത്രീത്വത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്ന തിനാൽ അതു തന്നെ അവരെ വേട്ടയാടുന്നു എന്ന് സിമോൺ ദി ബുവയർ.[10] തമിഴ്ബ്രാഹ്മണ സ്ത്രീ തങ്ങളുടെ വരേണ്യാവസ്ഥയെ സ്വാംശീകരിച്ച് അതിൽ മുഴുകി ജീവിക്കുന്നതുകൊണ്ട് തങ്ങൾ ചൂഷണം ചെയ്യപ്പെടുന്നത് തിരിച്ചറി

യുന്നില്ല. സമുദായവും പുരുഷമേധാവിത്വവും അടിച്ചേൽപ്പിക്കുന്ന ബലതന്ത്ര ങ്ങൾ അതേപടി ഉൾക്കൊള്ളുകയും ആ വേദനകളിൽ ആനന്ദം കണ്ടെ ത്തുകയും ചെയ്യുന്ന സ്ത്രീ യഥാർത്ഥത്തിൽ ഒരു മസോക്കിസ്റ്റാണെന്ന് ഫ്രോയ്ഡ് പറയുന്നു.[11] കനകാംബാളും ശിവകാമിയും ഈ പീഡനത്തിൽ സുഖം കണ്ടെത്തിയവരാണ്. തനിക്കീ ചുറ്റുപാടിൽ നിന്ന് മാറിനിൽക്കാ നാവില്ല എന്നും തനിക്ക് പൊതുസമൂഹവുമായി പൊരുത്തപ്പെടാനാവി ല്ലെന്നും പറഞ്ഞ് ആ വ്യവസ്ഥയോടു ചേർന്നുനിന്ന് അതിന്റെ നിർദ്ദാക്ഷി ണ്യമായ പീഡനങ്ങൾ ഏറ്റുവാങ്ങുകയാണ് കനകാംബാൾ ചെയ്തത്. സാമുദായിക വ്യവസ്ഥയ്ക്ക് ഒട്ടനവധി നിഷ്ഠകളുണ്ട് എന്നു സ്ഥാപിക്കാൻ സ്ത്രീകളുടെ വിധേയത്വത്തെ തമിഴ്ബ്രാഹ്മണ പുരുഷ സമൂഹം ചൂഷണം ചെയ്യുന്നു. സ്ത്രീ വിധേയയായിരുന്നില്ലെങ്കിൽ പുരുഷന്റെ പൂജയും യജ്ഞവും പിഴയ്ക്കുമെന്ന വിശ്വാസം അവളിൽ ഉണ്ടാക്കിയെടുക്കുക, കർമ്മ ങ്ങൾക്ക് ഫലസിദ്ധിയില്ലെങ്കിൽ അത് സ്ത്രീയുടെ കളങ്കമാണെന്നു സ്ഥാപി ച്ചെടുക്കാൻ ശ്രമിക്കുക ഇവയെല്ലാം ഇത്തരം ചൂഷണങ്ങളാണ്. 'വേരുകളി'ൽ കാക്ക പിണ്ഡം കൊത്താതിരുന്നത് ഗീത ശുദ്ധിയില്ലാതെ അവിടെയെല്ലാം നടന്നതുകൊണ്ടാണെന്നു സ്ഥാപിക്കാൻ ശ്രമിക്കുന്നുണ്ട്. ദീക്ഷിതർ പ്രഗത് ഭവ്യക്തികൾക്ക് കർമ്മങ്ങൾ ചെയ്തു കൊടുക്കുന്നയാളാണ്. ആ ഉന്നതിയിൽ നിന്ന് ഒരിക്കലും അയാൾ താഴെയിറങ്ങുകയില്ല. ശിവകാമിയെ അയാൾ ക്കൊപ്പം ഉയർത്തുകയല്ല, അയാൾക്കുയരാനുള്ള അർപ്പണഭാവം അവളിൽ ഉണ്ടാക്കിയെടുക്കുകയാണയാൾ ചെയ്യുന്നത്. അണിഞ്ഞൊരുങ്ങി വന്ന അവളുടെ ശരീരത്തെ അയാൾക്കാസ്വദിക്കാം, അവൾ ചമച്ചു കൊടുത്ത സാദം അയാൾക്കാസ്വദിക്കാം, അവളുടെ രോഗാവസ്ഥ അയാൾക്കംഗീകരിക്കാ നാവില്ല. 'ഹാർട്ട് വീക്കാണെ'ന്ന് ഡോക്ടർ വിധിയെഴുതിയ അവളുടെ രോഗത്തെ അയാൾ സമീപിക്കുന്നത് തികഞ്ഞ നിസ്സംഗതയോടെയാണ്.

''കാമിക്ക് രോഗമാണെന്നു പറയപ്പെടുന്നു. എന്തുരോഗം? എനിക്കു ബോദ്ധ്യമായിട്ടില്ല. പണ്ടൊരു ബഹളമുണ്ടായി. അപ്പോത്തിക്കരി വന്നു, മരുന്നു

കുറിച്ചു.... ശ്ശെ ! രോഗമൊന്നുമില്ലെന്ന് ! ഉഷ്ണവായുവിന്റെ ഒരു പരാക്രമം...." (പുറം 205)

എപ്പോൾ വേണമെങ്കിലും പൊട്ടിപ്പോകാവുന്ന ഹൃദയമുള്ളവളുടെ രോഗാവസ്ഥയെയാണ് ഇത്തരത്തിൽ ഉഷ്ണവായുവായി ദീക്ഷിതർ തള്ളി ക്കളഞ്ഞത്. സ്ത്രീക്ക് അർഹമായത് നിഷേധിക്കുന്നതും ചൂഷണം തന്നെ. അങ്ങനെ അർഹമായ ചികിത്സയും സാന്ത്വനവും നിഷേധിച്ചുകൊണ്ട് ദീക്ഷിതർ തന്റെ നിലപാടിൽ ഉറച്ചു നിന്നപ്പോൾ ശിവകാമിയുടെ ജീവന്റെ വില നൽകേ ിവന്നു. അവളിൽ നിന്നു കിട്ടാവുന്ന എല്ലാ സുഖങ്ങളും ആസ്വദിച്ചതിനു ശേഷം തകർന്ന അവളുടെ ശരീരത്തെ അവഗണിച്ചു കൊണ്ടാണ് ദീക്ഷിതർ ശിവകാമിയുടെ ജീവിതത്തെ ചൂഷണം ചെയ്തത്. ഇത്തരം അവ്യവസ്ഥകൾക്കെതിരെ ഒരു സ്ത്രീയെങ്കിലും പ്രതികരിക്കാൻ മുതിർന്നാൽ 'ഒരു ബ്രാഹ്മണപ്പെണ്ണിന്റെ നാവിത്ര നീളാമോ' എന്നു മൂക്കത്തു വിരൽ വയ്ക്കും തമിഴ്ബ്രാഹ്മണ സമൂഹം.

'അവർണബലാത്സംഗി'യുടെ (ഒ.വി. വിജയന്റെ, തലമുറകൾ, 28) നിന്ദയിൽ നിന്നുയർന്ന പീഡനം ശിവകാമി സഹിച്ചത് നിശ്ശബ്ദമായാണ്. പൊതുസമൂഹത്തിലെ പുരുഷമേധാവിത്വം തമിഴ്ബ്രാഹ്മണ സമൂഹത്തിലെ സ്ത്രീയെ തന്റെ വെപ്പാട്ടിയാക്കുന്നു. മറ്റു സ്ത്രീകഥാപാത്രങ്ങൾ ചൂഷണം ചെയ്യപ്പെട്ടത് സ്വസമുദായത്താലാണെങ്കിൽ ശിവകാമിയെ ചൂഷണം ചെയ്തത് പൊതുസമൂഹത്തിലെ അവർണവിഭാഗമാണ്. ശിവകാമി ഇരയും പ്രതീകവു മാകുന്നു. തമിഴ്ബ്രാഹ്മണ സമൂഹത്തെ കീഴ്പ്പെടുത്താനാണ് തമിഴ്ബ്രാഹ്മണ സ്ത്രീയെ അവർണർ ചൂഷണം ചെയ്തത്. സ്ത്രീയുടെ കീഴാളത്തത്തെ മറ്റൊരു കീഴാളൻ ചൂഷണം ചെയ്യുന്നു. ഇത്തരം സംഭവങ്ങൾക്ക് ചരിത്രാതീത കാലത്തോളം പഴക്കമുണ്ട്. പുരാണകാലഘട്ടം മുതൽ തന്നെ എതിരാളി കളെയോ മറ്റൊരധികാര വ്യവസ്ഥയെയോ തകർക്കാനുള്ള ആയുധമായി സ്ത്രീ ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. ചിലയിടത്ത് അവൾ ഉപകരണമാകുന്നു, ചിലയിടത്ത് ആയുധവും. അവസരം ഏതു തന്നെയാകട്ടെ സ്ത്രീത്വം ചൂഷണം ചെയ്യപ്പെടുന്നു. പാണ്ഡവരെ രാജ്യഭ്രഷ്ടരാക്കാൻ നടത്തിയ

കള്ളച്ചൂതിൽ പാഞ്ചാലിയുടെ സ്ത്രീത്വം ചൂഷണം ചെയ്യപ്പെടുന്നു. ഭീഷ്മരെ തോൽപ്പിക്കാൻ ശിഖണ്ഡിയെ മുൻനിർത്തി പാണ്ഡവർ യുദ്ധം ചെയ്യുന്നു. അസുരവംശത്തെയാകെ കീഴ്പ്പെടുത്താൻ മഹാവിഷ്ണുവിന്റെ സ്ത്രീവേഷ മായ മോഹിനി മതിയായിരുന്നു. മാർത്താണ്ഡവർമ്മ എട്ടുവീട്ടിൽ പിള്ളമാ രുടെ വിപ്ലവവീര്യം കെടുത്തിയത് അവരുടെ സ്ത്രീകളെ മുക്കുവർക്ക് പിടിച്ചു കൊടുത്തിട്ടായിരുന്നു. മലബാർ കലാപകാലത്ത് പുരുഷന്മാരെ അമർച്ച ചെയ്യാൻ അവരുടെ സ്ത്രീകളെ പിടിച്ചുകൊണ്ടുപോയതായി പറയുന്നു.[12]

'സമൂഹം സ്ത്രീയിൽ നടത്തുന്ന ഏറ്റവും വലിയ ചൂഷണം അവളെ നിത്യമായ വീട്ടുജോലിയിൽ തളച്ചിടുന്നതാണ്. മറ്റൊരു ജോലിയും ഇത്രയധികം ഒരൊറ്റ ലിംഗത്തിലേക്ക് കേന്ദ്രീകരിച്ചിട്ടില്ല. മറ്റൊരു ജോലിയും ഇതുപോലെ വ്യക്തിബന്ധങ്ങളിൽ കെട്ടപ്പെടുകയോ വ്യക്തിപരമായ സേവനമായി മാറുകയോ ചെയ്തിട്ടില്ല. കൃത്യമായ ജോലിവിഭജനമോ സമയപരിധിയോ തൊഴിലാളി സംഘടനയോ ഇല്ലാത്ത, തുടക്കവും ഒടുക്കവുമില്ലാത്ത, വിശ്രമിക്കാനുള്ള സ്ഥലമോ സമയമോ അനുവദിക്കാത്ത മറ്റൊരു ജോലിയുമില്ല. വിരോധാഭാസമെന്നു പറയട്ടെ, ഈ തൊഴിലിന് വേതനവുമില്ല.'[13] ഈ ഗാർഹികജോലിയിൽ സ്ത്രീകൾ സംതൃപ്തരല്ല. അവരെപ്പോഴും അതിനെ വിരസവും ഏകാന്തവും ക്ഷീണിപ്പിക്കുന്നതും ഒരിക്കലും അവസാനിക്കാത്തതുമായാണ് കാണുന്നത്. മാത്രമല്ല സമൂഹം കുടുംബജോലിയിലേർപ്പെട്ടിരിക്കുന്ന സ്ത്രീയെ താഴ്ന്ന നിലവാരത്തിലാണ് നിർണയിക്കുന്നത്. അത് ആരാലും ശ്രദ്ധിക്കപ്പെടുന്നില്ല. സമൂഹം പറയുന്നത് സ്ത്രീ ഇതിനെ ഒരു ജോലിയായി കാണാതെ കുടുംബാംഗങ്ങൾക്കു നൽകുന്ന കരുതലായി കാണണമെന്നാണ്. ഏതുതരം ചൂഷണത്തിനും ഇത്തരമൊരു ഭംഗിയുള്ള മുഖംമൂടിയുണ്ടായിരിക്കും. മുതലാളിത്ത സമ്പദ്വ്യവസ്ഥയുടെ ഭാഗമാകാത്തതിനാൽ, ഇതിന് കൃത്യമായി വേതനം നിർണ്ണയിച്ചിട്ടില്ലാത്ത തിനാൽ ഈ പ്രശ്നങ്ങൾ സാമൂഹിക ഇടങ്ങളിൽ മാത്രം ഒതുങ്ങുന്നു. സാമൂഹിക നിർമ്മിതിയായ സ്ത്രീയുടെ കുടുംബജോലിഭാരം തികച്ചും പുരുഷാധിപത്യപരമായ ചൂഷണമാണ്. സ്ത്രീകൾ ഈ ജോലിഭാരം

ഏറ്റെടുക്കുന്നതുകൊണ്ടു മാത്രമാണ് സമയപരിധിക്കും സ്ഥലപരിധിക്കും അകത്തു നിന്നുകൊണ്ട് കൃത്യമായ വേതനമുള്ള ജോലി പുരുഷന് ചെയ്യാൻ കഴിയുന്നത്. എന്നിട്ടും എന്തുകൊണ്ടാണ് സ്ത്രീ തന്നെ ചൂഷണം ചെയ്യുന്ന ഒരു വ്യവസ്ഥയിലേക്കു തന്നെ പ്രവേശിക്കുന്നത്? ഉത്തരം വളരെ ലളിതമാണ്. പൊതു ഇടത്തിലെ ജോലിയിൽ എപ്പോഴും സ്ത്രീകൾ പ്രാന്തവത്ക്കരിക്കപ്പെടുന്നു. മുതലാളിത്ത സമ്പദ്വ്യവസ്ഥ ലാഭം മാത്രം ലക്ഷ്യമിട്ടാണ് പ്രവർത്തിക്കുന്നത്. അവിടെ തൊഴിലാളിയുടെ കായിക, ബൗദ്ധികശേഷികളെ പരമാവധി ചൂഷണം ചെയ്യേണ്ടതുണ്ട്. സ്ത്രീകൾ പ്രസവം, കുഞ്ഞുങ്ങൾ, സ്വതേയുള്ള ദൗർബല്യം എന്നിവയാൽ നിയന്ത്രിക്കപ്പെടുന്നതുകൊണ്ട് പുരുഷന്റെയത്ര കായികശേഷി ഉപയോഗിച്ച് മൂലധനം വർദ്ധിപ്പിക്കാൻ കഴിയില്ല. അതിനാൽ സ്ത്രീയേക്കാൾ പുരുഷന് സമൂഹം മുൻതൂക്കം നൽകുന്നു. അങ്ങനെയുള്ള സ്ത്രീ ഒറ്റയ്ക്കു ജീവിക്കുന്നത് സാമ്പത്തികസുരക്ഷിതത്വം നൽകില്ല എന്നതുകൊണ്ട് വിവാഹമെന്ന മറ്റൊരു തൊഴിൽ കരാറിൽ ഏർപ്പെടുന്നു. അവിടെ അവളുടെ എല്ലാ കഴിവുകളും ചൂഷണം ചെയ്തുകൊണ്ട് പരിമിതമായ അളവിൽ അവൾക്ക് സാമ്പത്തികസുരക്ഷിതത്വം നൽകുന്നു. ഇത്തരത്തിലുള്ള ഒരു വ്യവസ്ഥ രൂപപ്പെട്ട സമൂഹത്തിൽ സ്ത്രീ പുരുഷന് ഭക്ഷണം നൽകാനും തുണിയലക്കാനും വീടു വൃത്തിയാക്കി സൂക്ഷിക്കാനും അവന്റെ ലൈംഗികാസക്തി ശമിപ്പിക്കാനുമുള്ള ഒരുപകരണം മാത്രമാകുന്നു. ഈ അവസ്ഥയിലാണ് വീട്ടിൽ സ്ത്രീക്ക് സ്വന്തമായൊരിടമില്ലെന്ന് വെർജീനിയ വൂൾഫ് പറഞ്ഞത്.[14] അടുക്കളയിലും ഭർത്താവിന്റെയരികിലും കുട്ടികളുടെ കൂടെയും ചിലവഴിക്കാനുള്ളതാണ് അവളുടെ സമയം. പുരുഷാധിപത്യത്തിന്റെ കൂടെ സാമുദായികമായ ആചാരങ്ങൾ കൂടിയാകുമ്പോൾ സ്ത്രീ കൂടുതലായി കുടുംബവ്യവസ്ഥയ്ക്കകത്ത് ചൂഷണം ചെയ്യപ്പെടുന്നു. ഇതാണ് കേരളത്തിലെ തമിഴ്ബ്രാഹ്മണ സാമൂഹ്യവ്യവസ്ഥയ്ക്കകത്ത് സംഭവിച്ചത്.

സ്ത്രീക്ക് വിദ്യാഭ്യാസവും പൊതുസമൂഹവുമായുള്ള ബന്ധവും നിഷേധിച്ച തമിഴ്ബ്രാഹ്മണ സമൂഹം അവളെ പ്രഗത്ഭയാക്കിയത്

'ശമയലി'നാണ്. അതിലേക്ക് അവളെ പരുവപ്പെടുത്തി എടുത്തതുകൊണ്ട് 'ശമയൽ പ്രമാദം' എന്ന് ഒരു പട്ടർ പുകഴ്ത്തിയാൽ അവൾ പരമാനന്ദ ത്തിലാറാടും. മുതിർന്ന സ്ത്രീകൾ വിവാഹിതരാകാൻ പോകുന്ന പെൺകുട്ടി കൾക്ക് നൽകുന്ന ആദ്യത്തെ ഉപദേശം ഭർത്താവ് ദൈവമാണ്, നല്ല ഭക്ഷണ മുണ്ടാക്കിക്കൊടുത്ത് ആ ദൈവത്തെ പ്രീതിപ്പെടുത്തണം എന്നാണ്. ഭക്ഷണ മുണ്ടാക്കാൻ അഭ്യസിക്കാത്തതിനാൽ 'നെട്ടൂർമഠ'ത്തിലെ അന്നപൂർണ്ണി കഴിവുകെട്ടവളായി വിലയിരുത്തപ്പെടുന്നു. നാടും വീടും വിട്ടലയുന്ന പിച്ചനു പോലും ശിവകാമിയുടെ ഭക്ഷണമാണ് പഥ്യം. നല്ല ഭക്ഷണമുണ്ടാക്കാനും ഗൃഹം ഭംഗിയാക്കി വയ്ക്കാനും അറിയുന്ന ശിവകാമിയെ കിട്ടിയത് ദീക്ഷിത രുടെ ഭാഗ്യമായി ബ്രാഹ്മണസമൂഹം വാഴ്ത്തുന്നു. കൊഴുക്കട്ട കട്ടുതിന്ന മൊട്ടപ്പാട്ടിമാരുടെ തർക്കം അവൾ തീർക്കുന്നത് പലതരം കൊഴുക്കട്ട ഉ ാക്കിക്കൊടുത്തിട്ടാണ്. സ്ത്രീകളുടെ തർക്കങ്ങളും ആശങ്കകളും മുഴുവൻ പാചകത്തെയും ഗൃഹജോലിയെയും സംബന്ധിച്ചാണ്. 'കൊഴുക്കട്ട സമാ ചാരം' പോലെ കോലമിടുന്നതിനെക്കുറിച്ചും നട തൂത്തുതളിക്കുന്നതിനെ ക്കുറിച്ചും അന്നന്നു തയ്യാറാക്കേണ്ട ഭക്ഷണത്തെക്കുറിച്ചും അതിഥി വന്നാൽ കൊടുക്കേണ്ട ഭക്ഷണത്തെക്കുറിച്ചും മാത്രം സ്ത്രീ ആശങ്കപ്പെടുന്നു. ശേഷം ആശങ്കകൾ മക്കളുടെ കാര്യത്തിലായിരിക്കും. അതിലപ്പുറം സാമ്പത്തിക കാര്യങ്ങളെക്കുറിച്ചോ രാഷ്ട്രീയ കാര്യങ്ങളെക്കുറിച്ചോ സ്ത്രീകൾ കൂടുന്നി ടത്ത് ചർച്ചകൾ നടക്കുന്നില്ല. സ്ത്രീകൾക്കു കിട്ടുന്ന പ്രശംസയും പാചകത്തി ന്റെയും ഗൃഹജോലിയുടെയും മാത്രം. പൂജയ്ക്കും യജ്ഞങ്ങൾക്കും പുറത്തു പോയി പ്രശംസയും സമ്മാനങ്ങളും വാങ്ങി പുരുഷന്മാർ വരുമ്പോൾ സ്ത്രീയുടെ കഴിവിന്റെ അംഗീകാരമായി കിട്ടുന്നത് ഏതാനും പ്രശംസാ വാചകങ്ങൾ മാത്രം.

'തലമുറകളി'ലെ ശിവകാമി പൊതുസമൂഹത്തിന്റെ ഇരയായത് പാചകത്തിന്റെ പേരിലാണ്. 'ഈഴവന്റെ ചക്കരപ്പാൽ കുടിച്ചു മടുത്ത' അപ്പുക്കാരണവർക്ക് 'ബ്രാഹ്മണന്റെ പായസവും പ്രഥമനും കുടിക്കാനാണ്' മു ച്ച്യന്മാർക്ക് ആമാടക്കാശു കൊടുത്ത് പതിനേഴുകാരി ശിവകാമിയെ

വെപ്പാട്ടിയാക്കിയത്. 'വെടിമരുന്നിന് തീറ്റപ്പണ്ടങ്ങളാകാനുള്ള ഭടസമൂഹത്തെ സൃഷ്ടിക്കുന്ന യന്ത്രങ്ങളായി സ്ത്രീകളെ കരുതിയിരുന്നവരാണ് ഹിറ്റ്ലർ-മുസ്സോളിനി പ്രഭൃതികൾ'.[15] ഫാസിസത്തിന്റെ നേതാക്കൾ പോലും സ്ത്രീയുടെ ഇടം അടുക്കളയും കിടപ്പുമുറിയുമായി കണ്ടിരുന്നു എന്നല്ലേ ഇതിനർത്ഥം.

## 5.3 ലൈംഗികമായ ചൂഷണം:

സ്ത്രീയും സമൂഹവും ഒരുപോലെ പുരുഷനെ അംഗീകരിക്കുന്നു. എലയ്ൻ ഷോവാൾട്ടർ പറയുന്നു:

''സ്ത്രൈണത സ്ത്രീയെ അതായിത്തന്നെയിരിക്കാൻ പ്രേരിപ്പിക്കുന്നു. ആ സ്ത്രൈണതയിൽ നിന്നുകൊണ്ട് അവൾ ചെയ്യുന്ന കർമ്മം ഒരു പുരുഷനു വേണ്ടി ആഗ്രഹിക്കുക എന്നതാണ്. തന്നെ അടിമത്തത്തിൽ നിന്നും രക്ഷപ്പെടുത്തുന്ന ആദർശാത്മകമായ പ്രതീകമായി സ്ത്രീ തന്നെ പുരുഷനെ കാണുന്നു. പുരുഷന്റെ പ്രണയത്തിൻ കീഴിലാണ് ജീവിതത്തിന്റെ സുഖവും സുരക്ഷിതത്വവും എന്നവൾ തെറ്റിദ്ധരിക്കുന്നു.'[16] സ്ത്രീത്വത്തിലേക്ക് കാലെടുത്തു വയ്ക്കുമ്പോഴേ സമൂഹത്തിൽ സ്ത്രീയുടെ വിധി എന്നു പറയുന്നത് വിവാഹത്തിലേക്ക് നയിക്കപ്പെടുക, എല്ലാ സ്വാതന്ത്ര്യവും പുരുഷന് അടിയറ വെയ്ക്കുക എന്നതാണ്. പുരുഷാധിപത്യ സമൂഹം പുരുഷന് ലൈംഗികമായി സ്വാതന്ത്ര്യം അനുവദിക്കുമ്പോൾ സ്ത്രീക്ക് അത് വിവാഹവുമായി ബന്ധപ്പെട്ട ഒരു കർമ്മം മാത്രമാണ്. സിമോൺ ദി ബുവയർ പറയുന്നു:

''വിവാഹാനന്തരം അവൾക്ക് അവളുടെ മേൽ ഒരധികാരവുമില്ല. അവളുടെ ഭാവി പുരുഷന്റെ സന്തോഷത്തിൽ നിബന്ധിക്കപ്പെട്ടിരിക്കുന്നു. സാമൂഹികമായോ ലൈംഗികമായോ പുതിയ ചോദനകൾ അവളിൽ ഉണർന്നാൽ അത് പൂരിപ്പിക്കാതെ അവശേഷിക്കുകയേയുള്ളു. പ്രവർത്തിക്കാനുള്ള അവളുടെ ആർത്തിയെ, അത് ശാരീരികമോ ആദ്ധ്യാത്മികമോ

ആകട്ടെ, തുടർച്ചയായി അടിച്ചമർത്തപ്പെടുന്നു.''[17] ഇത്തരത്തിലുള്ള അടിച്ചമർത്തൽ കൊണ്ട് സ്ത്രീ അവളുടെ കഴിവുകളെ ദമനം ചെയ്യാനായിരിക്കും പരിശീലിക്കുക. ഒപ്പം അവളിലെ ചോദനകളെയും അവൾ അടക്കുന്നു. സ്ത്രീയുടെ ചോദന എപ്പോഴും ദമനം ചെയ്യപ്പെടുമ്പോഴും പുരുഷൻ സ്ത്രീക്കുമേൽ അത് പ്രയോഗിക്കാൻ ശ്രമിച്ചുകൊണ്ടേയിരിക്കും. സ്വന്തം താൽപര്യത്താലല്ലാതെ പുരുഷന്റെ താൽപര്യത്താൽ മാത്രം ലൈംഗികചോദനകൾ പൂരിപ്പിക്കാൻ ശ്രമിക്കുന്നതും ഒരു തരത്തിലുള്ള ചൂഷണമാണ്. 'നെട്ടൂർമഠ'ത്തിലെ ദ്വൊരസ്വാമി ദീക്ഷിതർ ലൈംഗികകാര്യങ്ങളിൽ ശിവകാമിയുടെ താൽപര്യമെന്തെന്ന് അറിയാൻ ശ്രമിച്ചിട്ടില്ല. ലൈംഗികതാൽപര്യങ്ങൾ രൂപപ്പെടുന്നതിനു മുമ്പേ പന്ത്രണ്ടാം വയസ്സിൽ ഇരുപത്താറുകാരനായ അയാൾ അവളെ പ്രാപിച്ചു പുരുഷത്വം തെളിയിച്ചു. അമ്മയാകാനുള്ള സമയമായിട്ടും അയാൾ അതിനു സമയമായില്ല എന്നു മാത്രം പറഞ്ഞു. ജടശിങ്കാരമണിഞ്ഞ് പട്ടുപുടവ കൊണ്ടൊരുക്കിയ ശിവകാമിയുടെ 'ശരീരം' അയാളിൽ കാമമുണർത്തി. അവളുടെ മാനസിക താൽപ്പര്യമല്ല അവിടെ പ്രധാനം. ശാരീരികമായ തൃപ്തി നേടിക്കഴിഞ്ഞ ഉടനെ തന്നെ ഉടുത്തിരുന്ന പട്ടുപുടവയെപ്പറ്റി ചോദ്യങ്ങൾ ചോദിച്ച് അവളുടെ മനസ്സിലെ സന്തോഷത്തിന് മങ്ങലേൽപ്പിച്ചു. അവളിൽ നിന്ന് ശാരീരികതൃപ്തി നേടിയപ്പോൾ സ്വയം തോന്നിയ കുറവ് നികത്താൻ, തന്റെ വിധേയയാണവൾ എന്ന് ഒന്നുകൂടി ഉറപ്പിക്കാൻ ദീക്ഷിതർ കൈക്കൊണ്ട മാർഗ്ഗമായിരുന്നു അത്. ഗോവിന്ദന്റെ ഭാര്യ അന്നപൂർണ്ണിക്ക് ഭർത്താവായി ഗോവിന്ദനെ അംഗീകരിക്കാനോ അവന്റെ ലൈംഗികതാൽപ്പര്യങ്ങളെ തൃപ്തിപ്പെടുത്താനോ ആഗ്രഹമില്ലായിരുന്നു. അവൾ വിധേയപ്പെടുന്നില്ലെങ്കിൽ ബലാൽ പ്രാപിച്ചുകൊള്ളാൻ സ്മൃതികൾ പുരുഷന് അനുവാദം കൊടുത്തിട്ടുണ്ടെന്ന ന്യായം പറഞ്ഞ് ഗോവിന്ദൻ അവളെ ബലാൽ കീഴ്പ്പെടുത്തുന്നു. ഭാര്യയുടെ സമ്മതം കൂടാതെയുള്ള ശാരീരികവേഴ്ച നിയമത്തിന്റെ മുന്നിൽ പീഡനത്തിന്റെ ചൂഷണത്തിന്റെയും പരിധിയിലാണ് വരുക. ഇത്തരത്തിലുള്ള പുരുഷ കഥാപാത്രങ്ങളെ ചിത്രീകരിക്കാൻ ചില കാരണങ്ങളുണ്ട്. പ്രധാന കാരണം 'നെട്ടൂർമഠ'വും 'വേരുകളും' രചിച്ചത് ഒരു പുരുഷനാണെന്നതാണ്. തമിഴ്

ബ്രാഹ്മണ പുരുഷസമൂഹത്തിന്റെ പ്രതിനിധി കൂടിയാണ് ഈ എഴുത്തുകാരൻ. കേറ്റ് മില്ലറ്റ് പറയുന്നു:

''സാഹിത്യത്തിൽ സ്ത്രീകഥാപാത്രങ്ങളെയും പുരുഷ കഥാപാത്രങ്ങളെയും സൃഷ്ടിക്കാൻ രണ്ടു നിലപാടാണ് പുരുഷ എഴുത്തുകാർ സ്വീകരിക്കുന്നത്. പുരുഷനെ സന്തുഷ്ടനാക്കി നിർത്താനുള്ള പ്രവർത്തനങ്ങളാണ് അവിടെ സ്ത്രീയ്ക്കായി എഴുത്തുകാരൻ തിരഞ്ഞെടുത്തിട്ടുണ്ടാവുക. സ്ത്രീയെ ലൈംഗികവസ്തുവാക്കി മാറ്റാനുള്ള ഉടമസ്ഥാവകാശത്തോടെയായിരിക്കും പുരുഷനെ ചിത്രീകരിച്ചിട്ടുണ്ടാവുക. ലൈംഗിക ചിത്രീകരണത്തിന്റെ സത്യവും സുവ്യക്തവുമായ ആവിഷ്ക്കരണം മാത്രമല്ല സാഹിത്യം സ്വാംശീകരിച്ചിട്ടുള്ളത്, അതിന്റെ സമൂഹവിരുദ്ധമായ മനോഭാവത്തെ കൂടിയാണ്.''[18]

'നെട്ടൂർമഠ'ത്തിലെ മുഴുവൻ പുരുഷകഥാപാത്രങ്ങളും ഈ നിലപാടിൽ നിന്നുകൊണ്ട് ചിത്രീകരിക്കപ്പെട്ടവരാണ്. വാസുദേവഭാഗവതർ, സ്വർണ്ണയിൽ തൃപ്തനാകാതെ ദേവദാസീ ഗൃഹത്തിൽ ശാരീരികസുഖം കണ്ടെത്തിയ ആളാണ്. അവനെ നിഷേധിച്ച സ്വർണ്ണയെയാണ് എഴുത്തുകാരൻ കുറ്റവാളിയാക്കുന്നത്. മാത്രമല്ല സ്വർണ്ണയുടെ മകൾ ശിവകാമിയുടെ ജീവിതത്തിൽപ്പോലും കരിനിഴൽ വീഴ്ത്തുന്നു. ഭർത്താവിനെ വിട്ട് ഓടിപ്പോന്നവൾക്കുള്ള ശിക്ഷയെന്നോണം സ്വർണ്ണയ്ക്ക് ജീവിതത്തിലുടനീളം ദുരന്തങ്ങൾ സമ്മാനിക്കുന്നു. ശിവകാമിയെ ദീക്ഷിതർ ചൂഷണം ചെയ്യുന്നതും ഇതേ പശ്ചാത്തലത്തിലാണ്. അച്ഛനുണ്ടാക്കിയ ചീത്തപ്പേര് തനിക്കൊരു കുറവാണെന്നു ചിന്തിക്കുന്ന ശിവകാമിയെ ചൂഷണം ചെയ്യാൻ എളുപ്പം സാധിക്കും. ജാതി മതവർഗ്ഗാതീതമായി സ്ത്രീ ശരീരം മാത്രമായി അവതരിക്കുന്നു പിച്ചുമണി അയ്യരുടെ ജീവിതത്തിൽ. ശാരീരികമായി അവളെ മടുത്തപ്പോൾ അയാൾ ആ ശരീരത്തിൽ നിന്നകന്നു പോകുന്നു. വൈകാരികമായ ഒരടുപ്പവും അയാൾ ആ സ്ത്രീശരീരത്തോടു കാണിക്കുന്നില്ല.

'നാർമടിപ്പുടവ'യിലെ കനകാംബാൾ അവളുടെ അരക്ഷിതാവസ്ഥയുടെ പേരിലും വൈധവ്യത്തിന്റെ പേരിലും സ്വസമുദായത്താലും പൊതുസമൂഹത്താലും ചൂഷണം ചെയ്യപ്പെടുന്നു. 'പീഡനവും ചൂഷണവും ആധിപത്യത്തിന്റെ രണ്ടു പരമ്പരാഗത പ്രത്യയശാസ്ത്രങ്ങളിൽ അടിയുറച്ചാണ് നടക്കുന്നത്. ഒന്ന് വംശാധിപത്യവും മറ്റേത് പുരുഷാധിപത്യവും. ലൈംഗികത ഉദയം കൊണ്ടതു തന്നെ ദ്രോഹിക്കുന്നവന്റെ അധികാരത്തിലൂന്നിക്കൊണ്ടാണ്. ഒപ്പം ഇരയുടെ പ്രലോഭനീയതയിലും.[19] പതിനാറുകാരി കനകാംബാൾ ലൈംഗികതാൽപര്യം ജനിക്കാൻ പാടില്ലാത്ത ഒരപസ്മാര രോഗിയുടെ ഭാര്യയാകുന്നു. സ്ത്രീയുടെ ശാരീരിക ചോദനകൾക്ക് വില കൽപ്പിക്കാത്ത സമൂഹം കൈമാറ്റം ചെയ്യേണ്ട ഒരു ചരക്കു മാത്രമാക്കി അവളെ മാറ്റുകയാണ്. അവളുടെ യുവത്വം തുളുമ്പുന്ന ശരീരത്തിന്റെ പ്രലോഭനീയത സുന്ദരം എന്ന വികൃതരൂപിയിൽ ലൈംഗികതാൽപര്യങ്ങൾ ജനിപ്പിക്കുന്നുണ്ട്. അവളെ സ്നേഹിക്കാനല്ല, അവളെ പ്രാപിക്കാനാണ് അവന് താൽപര്യം. അവളെ കൺമുന്നിൽ നിർത്തി തന്നെ ഭ്രാന്തു പിടിപ്പിക്കരുതെന്ന് അമ്മയോടയാൾ പറയുന്നു. അവൾക്ക് തന്നെ ഇഷ്ടപ്പെട്ടുവോ എന്നോ തന്റെ ശരീരത്തെ അവൾ ആഗ്രഹിക്കുന്നുണ്ടോ എന്നോ അവന് അന്വേഷിക്കേണ്ട കാര്യമില്ല. 'എവിടെ ശരീരത്തെ ഒരു വസ്തുവായി കണക്കാക്കുന്നുവോ, വെറുതെ തടവിലിടാൻ മാത്രമല്ല, അപമാനിക്കുകയും സ്വന്തം ആവശ്യത്തിനു വളച്ചൊടിക്കുകയും പീഡിപ്പിക്കുകയും മനപ്പൂർവ്വം വേദനിപ്പിക്കുകയും ചെയ്യുന്നുവോ അവിടെയാണ് പുരുഷാധിപത്യപരമായ നിഷ്ഠൂരവാഴ്ച നടക്കുന്നത്' എന്ന് കേറ്റ് മില്ലറ്റ് പറയുന്നു.[20] സ്ത്രീയെ അവളുടെ ശരീരത്തിലേക്ക് ചുരുക്കാനും അവളുടെ ഔചിത്യബോധത്തെപ്പോലും ശരീരനിഷ്ഠമാക്കാനുമാണ് പുരുഷാധിപത്യ സമൂഹം ശ്രമിക്കുന്നത്. ഇക്കാരണത്താൽ പുരുഷൻ ശാരീരികമായും മാനസികമായും അവളെ കയ്യടക്കി ചൂഷണത്തിന്റെ അങ്ങേയറ്റത്തെത്തിക്കുന്നു. പുരുഷന്റെ ഉടമസ്ഥതയിലുള്ള ഒരു വസ്തുവായി സ്ത്രീ തിരിച്ചറിയപ്പെടുന്നു. സുന്ദരത്തിന് കൈമാറിക്കിട്ടിയ വസ്തുവാണ് കനകാംബാൾ. അയാളുടെ അമ്മ പണം മുടക്കി കളിപ്പാട്ടം വാങ്ങുന്ന ലാഘവത്തോടെ വാങ്ങിയതാണവളെ. മകന്റെ അസുഖം

മാറ്റാനുള്ള ഒരുപകരണം മാത്രമാണ് കാദംബരിക്ക് കനകാംബാൾ. അതിനപ്പുറം ഈ വിവാഹത്തിൽ അവളുടെ താൽപര്യം പരിഗണിക്കപ്പെട്ടിട്ടില്ല. സാമുദായിക വ്യവസ്ഥകൾ സങ്കീർണ്ണമായിരിക്കെ പരീക്ഷണാർത്ഥം ഒരു പെൺകുട്ടിയുടെ ജീവിതം ഉപയോഗപ്പെടുത്താൻ മാത്രം വിലയേ തമിഴ്ബ്രാഹ്മണ സമൂഹം അവൾക്കു കൊടുത്തിട്ടുള്ളു.

'പുരുഷൻ ആസ്വദിക്കുന്ന ലൈംഗിക സ്വാതന്ത്ര്യത്തിൽ നിന്നു പോലും സ്ത്രീ വിലക്കപ്പെടുന്നു. അവൾ അത്തരം വികാരങ്ങൾ അടക്കിവയ്ക്കാൻ നിർബന്ധിതയാകുന്നു. പുരുഷന് അവന്റെ ലൈംഗികോപകരണത്തെ എളുപ്പ ത്തിൽ തിരഞ്ഞെടുക്കാനും അവന്റെ പൗരുഷം പ്രകടിപ്പിക്കാനും അവസര മുള്ളപ്പോൾ വസ്തുപദവിയിലിരിക്കുന്ന സ്ത്രീക്ക് അത്തരം സ്വാതന്ത്ര്യങ്ങൾ നിഷേധിക്കപ്പെടുന്നു.[21] കനകാംബാൾക്ക് അയൽപക്കത്തെ ശങ്കരിമാമിയുടെ മകൻ നന്തുവിനോടുള്ള താൽപര്യം പ്രകടിപ്പിക്കാൻ അനുവാദമില്ല. അത് അർഹതപ്പെടാത്തതാണെന്നു ചിന്തിക്കാനാണ് സാമുദായികവ്യവസ്ഥ അവളെ പഠിപ്പിച്ചത്. അതേ നന്തുവാകട്ടെ അവന്റെ ലൈംഗികസ്വാതന്ത്ര്യം പ്രഖ്യാപിച്ചു കൊ ്, സാമുദായിക വിലക്കുകളെ ഭയക്കാതെ ഒരു വിദേശവനിതയെ ഭാര്യയാക്കുന്നു. സ്ത്രീ ചെയ്യുമ്പോഴേ അതൊരു വലിയ തെറ്റായി ചിത്രീ കരിക്കപ്പെടുകയുള്ളു. ഇതേ മാനസിക ഭാവം തന്നെയായിരുന്നു ജോസഫി നോട് ഇഷ്ടമുണ്ടായിട്ടും അയാളെ നിഷേധിക്കാൻ കനകാംബാൾക്ക് പ്രേരകമായത്.

'ഈ സമൂഹത്തിൽ സ്ത്രീ അറിയപ്പെടുന്നതും വിലയിരുത്ത പ്പെടുന്നതും അവളുടെ ശരീരത്തിലൂടെയാണ്.'[22] ആ ശരീരം ആരെയും പ്രലോഭിപ്പിക്കാതിരിക്കാനാണ് വൈധവ്യം സംഭവിക്കുമ്പോൾ തല മുണ്ഡനം ചെയ്ത് പട്ടുവസ്ത്രങ്ങളും ആഭരണങ്ങളുമുപേക്ഷിച്ച് നാർമടിപ്പുടവ ചുറ്റുന്നത്. സ്ത്രീയിൽ പാപബോധം സൃഷ്ടിക്കുക വഴി അവളിലെ ലൈംഗിക സ്വാതന്ത്ര്യത്തെ ദമനം ചെയ്യാൻ സാമുദായികാധിപത്യം ശ്രമിക്കുന്നു. ഇതൊരുതരം ചൂഷണമാണ്. ഇവിടെ കന്യകയായിത്തന്നെ വിധവയായ കനകാംബാളെ നയിക്കാൻ സമൂഹം നിർബന്ധബുദ്ധിയോടെ ശ്രമിക്കുന്നു.

അതിനെ എതിർക്കാനായി കടന്നുവന്ന പുരുഷനാകട്ടെ അതിനു പ്രേരണ യായത് അയാളിലെ ലൈംഗികാഭിനിവേശവും. പഠിപ്പിക്കാൻ താൽപര്യം പ്രകടിപ്പിച്ച്, സ്നേഹം നടിച്ച് കനകാംബാളെ സ്വവാസസ്ഥാനത്തേക്കാ കർഷിക്കുന്ന അയാൾ അവളിൽ അഭിനിവേശമറിയിക്കാൻ ഒട്ടും മടിക്കുന്നില്ല. ഇതിന് പ്രേരണ സമൂഹം പുരുഷനനുവദിച്ച ലൈംഗികസ്വാതന്ത്ര്യമാണ്. ഇവിടെ കനകാംബാളുടെ ശരീരം ചൂഷണം ചെയ്യാൻ ശ്രമിക്കുന്നതോടൊപ്പം ഭാര്യയായ കസ്തൂരിയുടെ വിശ്വാസം ചൂഷണം ചെയ്യുകയും ചെയ്യുന്നു. നേരം വൈകാതെ വീട്ടിലെത്തുന്നത് അവളുടെ ശരീരസ്ഥിതിയോടുള്ള അനുതാപ ത്താലാണെന്ന് അവളെ തെറ്റിദ്ധരിപ്പിക്കാൻ അയാളെക്കൊണ്ടു കഴിയുന്നുണ്ട്. അയാളെക്കുറിച്ചുള്ള കസ്തൂരിയുടെ വിലയിരുത്തൽ ഇതാണ്:

''ഇനിമേൽ നേരത്തിലെ ആത്തുക്ക് വരതാഹേ, എതുക്കാഹെന്നു തെരിയുമാ? നാൻ നേരത്തിലേ തൂങ്കണം, ശാപ്പിടണം, അതുക്കാഹെ താ. വെളിയിലേ കോപവും കടുകടുപ്പുമിരുന്താലും അവർക്ക് ഉള്ളിലേ പ്രിയമിരുക്ക്. എൻ ഉടമ്പെപ്പത്തി കവലയിരുന്തതിനാലെ താനെ ഉന്നെ ഇങ്കെ വരച്ചൊന്നത്. എനക്കു താ നന്റിയില്ലാത്തത്. ചില സമയം ലേറ്റാ വരുമ്പോതു നാൻ ശുമ്മ അഴുത് തൊന്തരവ് പണ്ണിയേൻ. അപ്പോ എന്ത പുരുഷനുക്കും കോപം വരാതാ ?'' (പുറം 95)

കസ്തൂരിക്കെന്ന ഭാവേന അവൾക്കിണങ്ങാത്ത വെള്ളപ്പുടവ വാങ്ങി കനകാംബാൾക്ക് കസ്തൂരിയെക്കൊണ്ടു തന്നെ അയാൾ കൊടുപ്പിക്കുന്നത് കസ്തൂരിയെ വിശ്വസിപ്പിക്കാനാണ്. രോഗാവസ്ഥയിലുള്ള കസ്തൂരിയുടെ ശരീരത്തെയും അയാൾ ആഗ്രഹിക്കുന്നുണ്ട്. 'നിനക്കിന്നും വയ്യേ' എന്ന് നിരാശ കലർന്ന സ്വരത്തിലയാൾ ചോദിക്കുന്നു. ശരീരത്തിനപ്പുറം ഒന്നി നെയും കാണാനാകാത്ത വരേണ്യ പുരുഷവർഗ ശ്രേണിയിലേക്ക് അയാളും ഉൾച്ചേർക്കപ്പെടുന്നു. ജ്യേഷ്ഠത്തി തരാത്ത ശരീരസുഖം അനിയത്തിയിൽ നിന്നു നേടിയെടുക്കാമെന്ന വക്രബുദ്ധിയാണ് അയാളെക്കൊണ്ട് അവളെ പഠിപ്പിക്കാനുള്ള സന്നദ്ധത ഏറ്റെടുപ്പിച്ചത്. രാത്രിയുടെ നിശ്ശബ്ദതയിൽ ഭാര്യ

ഉറങ്ങുന്ന സമയത്ത് അയാൾ തന്റെ ഇംഗിതവുമായി കനകത്തെ സമീപിക്കുക തന്നെ ചെയ്തു. കനകത്തോട് അയാൾ പറയുന്നു:

''ഇത്തന കഷ്ടപ്പെട്ട് ഇത്തന പണം ഉനക്കാഹ ചെലവഴിച്ചത് എതുക്കെന്ന് നിനയ്ക്കറേൻ ? നീയും എനക്കു കൊഞ്ച സന്തോഷം തരു വേന്നു നിനച്ച്..... നീ ഉൻ അക്കാ കുടുംബം പാഴാപ്പോകാതെ പാത്തുപ്പേൻന്ന് നിനച്ചേ'' (പുറം 99)

തന്റെ പണത്തിനനുസരിച്ചുള്ള മൂല്യം ശാരീരിക സുഖമായി തനിക്കു കിട്ടണമെന്ന നിർബന്ധം, ചേച്ചിയുടെ കുടുംബം ഇത്തരം ബന്ധങ്ങൾക്ക് വഴങ്ങിയില്ലെങ്കിൽ തകരുമെന്ന ഭീഷണി എല്ലാം ചേർന്നതാണ് അയാളുടെ വാക്കുകൾ. പണം നൽകി സഹായിച്ചതിനു പകരം ലൈംഗികചൂഷണത്തിന് അവളെ വിധേയയാക്കാമെന്ന ഒരു വിടന്റെ മനോഭാവമാണ് കനകത്തിന്റെ സഹോദരീഭർത്താവിൽ കാണാനാവുന്നത്. കസ്തൂരിയുടെ മരണശേഷം വീ ും അയാൾ ഇതേ ആവശ്യവുമായി കനകത്തെ സമീപിക്കുന്നുണ്ട്. അത്തവണ കുട്ടിയെ മുൻനിർത്തിയുള്ള ചൂഷണതന്ത്രമാണ് അയാൾ ആവിഷ്ക്കരിച്ചത്. അവൾക്കൊരമ്മ വേണം എന്ന വളരെ മനോഹരമായ ഭാഷ അയാൾ ഉപയോഗിക്കുന്നു. തമിഴ്ബ്രാഹ്മണ സാമൂഹ്യവ്യവസ്ഥ ഒരു വിധവയ്ക്ക് ര ാം വിവാഹം അനുവദിക്കുന്നില്ല. രണ്ടാം വിവാഹം കഴിക്കാനൊരുങ്ങുന്ന പുരുഷനും വിധവയെ വിവാഹം കഴിക്കാനവകാശമില്ല. എല്ലാം അറിഞ്ഞുകൊണ്ട് അയാൾ അതിനൊരുങ്ങിയത് കനകാംബാളുടെ ശരീരത്തെ അനുഭവിക്കാനുള്ള അത്യാർത്തി കൊണ്ടാണ്. വഴങ്ങാത്ത കനകാംബാൾക്കു മുന്നിൽ മകൾ കാഞ്ചനയെ ഉപേക്ഷിച്ചുപോയ അയാൾ വേറെ വിവാഹം കഴിച്ച് സുഖമായി ജീവിച്ചു. അതും ഭാര്യ മരിച്ച് ആറു മാസം പോലും തികയും മുമ്പ്. ഭാര്യ എന്ന സ്ഥാനത്തിന് ഉപകരണപദവി മാത്രം നൽകുന്ന ശരാശരി പുരുഷനാണിവിടെ കനകത്തിന്റെ സഹോദരീഭർത്താവ്.

പൊതുസമൂഹത്തിലും കനകാംബാളുടെ വൈധവ്യം ചൂഷണം ചെയ്യപ്പെടുകയുണ്ടായി. ഓഫീസിലെ ഏ.ഓ. അവളുടെ സ്വകാര്യതകളിലേക്ക്

കടന്നുകയറി, വൈധവ്യം അവൾക്കു ഭാരമാണെന്നും ശാരീരിക ചോദനകളിൽ അവൾ അതൃപ്തയാണെന്നും വരുത്തിത്തീർക്കത്തക്ക വിധമാണ് ഇടപെടുന്നത്. 'ശരിക്കൊന്നു പരിചയപ്പെടാനായി' അയാളവളെ വീട്ടിലേക്ക് ക്ഷണിക്കുന്നു. ഭാര്യയെയും കുട്ടികളെയും നാട്ടിൽ പറഞ്ഞയച്ചെന്നും സെർവന്റിനെപ്പോലും നേരത്തേ പറഞ്ഞുവിട്ടെന്നും അയാൾ പറയുമ്പോൾ വല വിരിച്ച് ഇരയെ കാത്തിരിക്കുന്ന ഒരു ചിലന്തിയായി അവൾക്ക് തോന്നി. തന്റെ വൈധവ്യം പോലും തെറ്റിദ്ധരിക്കപ്പെടുന്ന അവസ്ഥയിൽ കനകാംബാൾ വല്ലാതെ മാനസികസംഘർഷം അനുഭവിക്കുന്നു. അവളുടെ പ്രതികരണം ഏതാനും വാക്കുകളിൽ ഒതുങ്ങുന്നു. ഇത് തന്റെ വിധിയായി ഏറ്റെടുക്കുകയല്ലാതെ തന്റേടം കാണിക്കാനോ നിയമപരമായി നീതി നേടാനോ ശ്രമിക്കുന്നില്ലെന്നു മാത്രമല്ല അർഹമായ അവകാശങ്ങൾ ഇതിന്റെ പേരിൽ നിഷേധിക്കപ്പെടുമ്പോൾ പ്രതികരിക്കാതെ പ്രശ്നപരിസരത്തിൽ നിന്ന് ഒളിച്ചോടുകയാണ് അവൾ ചെയ്യുന്നത്. ഇതിനുള്ള കാരണം സിമോൺ ദി ബുവയർ ചൂണ്ടിക്കാട്ടുന്നു:

''സ്ത്രീകൾക്ക് വേണ്ടത്ര ആത്മവിശ്വാസമില്ല. കാരണം മറ്റുള്ളവർ അവളിൽ വിശ്വാസമർപ്പിക്കുന്നില്ല. ആവശ്യകത ബോധ്യപ്പെടുന്നിടത്തേ വ്യക്തിക്ക് ഉന്നതിയിലെത്താനാകൂ. നിലവാരം ആവശ്യപ്പെടത്തക്ക പ്രതിഭാവിലാസമോ സഹിഷ്ണുതയോ സ്ത്രീകൾക്ക് നേടാനാവുന്നില്ല. അത് അവരുടെ സ്വഭാവത്തിന്റെ കുഴപ്പം കൊണ്ടല്ല, മറിച്ച് അവരെ വ്യവസ്ഥാപിതപ്പെടുത്തുന്ന തിന്മകൾ കൊണ്ടാണ്.[23] ഇത്തരം അനീതിക്കുനേരെ പ്രതികരിച്ചാലും ആരും അവളെ വിശ്വസിക്കില്ല. ഒരിക്കൽ സൗഹൃദ സംഭാഷണത്തിനു വന്ന നന്തു മഠത്തിൽ നിന്നിറങ്ങിപ്പോകുന്നത് കണ്ട സംഭവം അഗ്രഹാരത്തിൽ ചർച്ചാവിഷയമായിരുന്നു. അത്ത പോലും പ്രതികരിച്ചത്,

''വീട്ടിലെ പുരുഷാ ഇല്ലാത്പ്പൊ, നീ എപ്പടി ധൈര്യമാ നന്തുക്ക് കതവൈ തുറന്തെ? നീ ഒരു വിധവൈ. ഇന്ത തെരുവിലെ യാരുമേ തുനിഞ്ചു ചെയ്യാത ഇന്ത കാരിയം - '' (പുറം 126)

എന്നാണ്. ആരും അവളെ വിശ്വസിച്ചില്ല. ഒച്ചയെടുത്താൽ അവൾക്കു തന്നെയാണ് മാനക്കേട് എന്നു പറഞ്ഞ് മേലുദ്യോഗസ്ഥനും അവളുടെ വായടപ്പിക്കുന്നു.

പുരുഷാധിപത്യസമൂഹത്തിൽ സ്ത്രീക്ക് ശരീരമാത്രമായ നിലനിൽപ്പേയുള്ളു. വിധവയായ കനകവും പെൺകുട്ടിയായ ശിവകാമിയും സുമംഗലിയായ കസ്തൂരിയും എല്ലാം പുരുഷന്റെ ആഗ്രഹപൂർത്തിക്കുള്ള ഉപകരണങ്ങളായി തരംതാഴ്ത്തപ്പെടുന്നു. സ്ത്രീയുടെ വൈകാരികവശം സമൂഹമോ സമുദായമോ കുടുംബമോ പരിഗണിക്കുന്നില്ല. ശിശ്നകേന്ദ്രീകൃത പുരുഷഭാവനകൾ സ്ത്രീയിലും ശാരീരികതൃപ്തി ആഗ്രഹിക്കുന്ന മനസ്സിനെ മാത്രം ദർശിക്കുന്നു. പുരുഷാധിപത്യ സമൂഹവും പുരുഷ എഴുത്തുകാരും സ്ത്രീയെ പുരുഷന്റെ കണ്ണിൽക്കൂടി മാത്രം നോക്കിക്കാണുന്നു. പുരുഷൻ മാത്രമാണ് കാര്യം. ആ പ്രതീതിയിൽ കഴിയുന്ന പുരുഷൻ അവന്റെ പുരുഷത്വം സ്ത്രീയുടെ മേൽ സ്ഥാപിച്ചുകൊണ്ടേയിരിക്കും. അഥവാ അവൾ അവളുടെ അസ്തിത്വം കണ്ടെത്താൻ ശ്രമിക്കുകയാണെങ്കിൽ അവന്റെ പുരുഷത്വ പ്രകടനത്തെ അവഗണിക്കുമെന്ന് അവനറിയാം. അതിനാൽ സ്ത്രീ അവളുടെ ലൈംഗികാസ്തിത്വം സ്ഥാപിക്കാതിരിക്കാൻ അവൻ നിരന്തരം ശ്രമിച്ചുകൊണ്ടേയിരിക്കും.

### 5.4. സാമ്പത്തിക ചൂഷണം:

തമിഴ്ബ്രാഹ്മണ സാമൂഹ്യവ്യവസ്ഥ സ്ത്രീക്ക് സ്വത്തവകാശമോ സ്വന്തമായി സമ്പാദിക്കാനുള്ള സ്വാതന്ത്ര്യമോ അനുവദിക്കുന്നില്ല. ജനനം മുതൽ മരണം വരെ പുരുഷനാൽ നയിക്കപ്പെടേണ്ടവൾക്ക് സ്വത്തവകാശം ആവശ്യമില്ലെന്ന വിശ്വാസമാണ് ഈ സമൂഹത്തിനുള്ളത്. അർഹമായത് നൽകാതിരിക്കുന്നത് ചൂഷണമാണ്. ഓരോ കാലഘട്ടത്തിലെയും സാമ്പത്തിക പരിഷ്ക്കരണ ശ്രമങ്ങൾ സ്ത്രീയുടെ പരാധീനത കൂട്ടുകയും സമ്പത്തിന്മേലുള്ള പുരുഷന്റെ ആധിപത്യം ഉറപ്പിക്കുകയും ചെയ്യുന്നു. സ്ത്രീകൾ പേറുന്ന 'ഇരട്ടഭാരവും' ചൂഷകർ നേടുന്ന 'ഇരട്ടലാഭവും' എന്ന ഒരവസ്ഥയാണിതെന്ന്

ലെനിൻ പറയുന്നു.[24] സ്ത്രീകളുടെ ഉയർച്ച അവരുടെ സാമ്പത്തിക സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടു കിടക്കുന്നു. അതാതു കാലഘട്ടത്തിലെ സാമൂഹികഭരണക്രമം മാത്രമല്ല അതോടൊപ്പം സമുദായങ്ങൾ രൂപപ്പെടുത്തുന്ന ഭരണക്രമം കൂടി ഏർപ്പെടുത്തുമ്പോഴാണ് സ്ത്രീകൾക്ക് ഇരട്ടഭാരം അനുഭവപ്പെടുന്നത്. തമിഴ്ബ്രാഹ്മണസമൂഹം ഇപ്രകാരം അവരുടെ സ്ത്രീകളെ ധനവും സ്വത്തും കൈകാര്യം ചെയ്യുന്നതിൽ നിന്ന് വിലക്കിയിരിക്കുന്നു. സ്ത്രീക്കു വിവാഹാവശ്യത്തിനു മാറ്റിവയ്ക്കുന്ന മഞ്ഞൾക്കാണി സ്വത്തു മാത്രമാണ് അവളുടെ പേരിൽ ഉണ്ടായിരിക്കുക. അതാകട്ടെ സ്ത്രീയോടൊപ്പം പുരുഷന് കൈമാറ്റം ചെയ്യുകയും ചെയ്യുന്നു.

സാമൂഹികവും സാമ്പത്തികവുമായ രംഗങ്ങളിൽ സ്ത്രീയുടെ പങ്കാളിത്തം മാനിക്കപ്പെടാത്തതിനാൽ വിദ്യാഭ്യാസം, ആരോഗ്യം, നിയമം തുടങ്ങിയ മേഖലകളിലെല്ലാം സ്ത്രീകൾ ചൂഷണത്തിനു വിധേയരാകുന്നു. അധ്വാനവും ഉത്പ്പാദനവും പുരുഷന്റെ കുത്തകയാണ്. ചരിത്രപരമായ കാരണങ്ങളാണ് പലപ്പോഴും സ്ത്രീ അവഗണിക്കപ്പെടുന്നതിനും ചൂഷണം ചെയ്യപ്പെടുന്നതിനും പിന്നിൽ. പുരുഷന്റെയും സ്ത്രീയുടെയും ഉപബോധ മനസ്സിൽ സ്ത്രീയെക്കുറിച്ച് വിധേയത്വത്തിന്റേതായ രൂപം ഉറച്ചു കഴിഞ്ഞു. സ്ത്രീ പ്രസവിക്കാൻ മാത്രമുള്ളവളാണെന്നും അപൂർണ്ണമായ മനുഷ്യരൂപ മാണ് സ്ത്രീയെന്നും എന്തിന്റെയെങ്കിലും കുറവാണ് സ്ത്രീയെ സ്ത്രീയായി കാണാൻ പ്രേരിപ്പിക്കുന്നതെന്നും പൗരാണിക പഠിതാക്കൾ പറഞ്ഞുവച്ചു. ഇത് മാറ്റിയെടുക്കാൻ സ്ത്രീയും പുരുഷനും ശ്രമിക്കാത്തതുകൊണ്ടും മിക്ക പുരുഷന്മാരും ഇതിങ്ങനെ തന്നെ തുടരാനാഗ്രഹിക്കുന്നതു കൊണ്ടും സ്ത്രീയെക്കുറിച്ചുള്ള സ്ഥിരരൂപത്തിന് ഇളക്കം തട്ടുന്നില്ല. മാത്രമല്ല മതത്തിന്റെയും സമുദായത്തിന്റെയും പേരിൽ ഈ സ്ഥിരരൂപത്തെ കൂടുതൽ ഉറപ്പിച്ച് സ്ത്രീയെ ചൂഷണം ചെയ്യുകയും ചെയ്യുന്നു. അത്തരം മതപരമായ സമീപനം സ്വീകരിച്ചുകൊണ്ടാണ് തമിഴ്ബ്രാഹ്മണ സമൂഹം അവരുടെ സ്ത്രീകളെ മുഖ്യധാരാസമൂഹത്തിൽ നിന്നും ഉൽപ്പാദന വിതരണരംഗത്തു നിന്നും സാമ്പത്തിക ക്രമത്തിൽ നിന്നും അകറ്റി നിർത്തുന്നത്. ഇതിനൊക്കെ

പുറമേ സംസ്കാരവാഹകരെന്ന സ്ഥാനം നൽകി അവരെ പ്രചാരണോപകരണങ്ങളാക്കി സാമ്പത്തികലാഭം ഉണ്ടാക്കാനുള്ള തന്ത്രം കൂടി ഇതിന്റെ കൂടെ രൂപപ്പെടുത്തി എടുക്കുന്നുമുണ്ട്.

തെരഞ്ഞെടുത്ത നോവലുകളിലെ കഥാപാത്രങ്ങളിൽ കനകാംബാൾ ജോലിയും സമ്പാദ്യവുമുള്ളവളാണ്. ശിവകാമി ദീക്ഷിതരുടെ തണലിൽ കഴിയുന്നു. സ്വർണ്ണ ഭർത്താവിന്റെ തണൽ കിട്ടാതെ അച്ഛന്റെയടുത്തേക്ക് ഓടിപ്പോന്നവളാണ്. അമ്മുലു സാമ്പത്തിക ബുദ്ധിമുട്ടിന്റെ പേരിൽ പാർപ്പുകാരിയായവളാണ്. ചുറ്റുപാടുകൾ വ്യത്യസ്തമാണെങ്കിലും ഇവരെല്ലാം സാമ്പത്തിക ചൂഷണത്തിന്റെ ഇരകളാണ്. ഇല്ലായ്മ ഇവരുടെ ശാപമായിരുന്നു. കനകാംബാൾ പ്രതിഫലം വാങ്ങി കൈമാറ്റം ചെയ്യപ്പെട്ട ഒരു ഉപകരണമാണ്. സഹോദരനാൽ സാമ്പത്തികചൂഷണത്തിന് ഇരയായവൾ. പിതാവും ഭർത്താവും പുത്രനും കാലാകാലങ്ങളിൽ സ്ത്രീയെ സംരക്ഷിക്കണമെന്നാണ് പൗരാണികമതം. സഹോദരന്റെ സ്ഥാനത്തെപ്പറ്റി കൃത്യമായി പറഞ്ഞിട്ടില്ല. തമിഴ്ബ്രാഹ്മണ സാമൂഹ്യവ്യവസ്ഥ ആൺമക്കൾക്ക് സ്വത്തവകാശം നൽകുന്നതാണ്. ആ അവകാശം മുതലെടുത്താണ് കനകാംബാളുടെ സഹോദരൻ വെങ്കിടേശ്വരൻ വീട്ടിലെ ഓട്ടുപാത്രങ്ങൾ മുതൽ എല്ലാം വിറ്റുതിന്നുന്നത്. ഒടുക്കം സാമ്പത്തികലാഭമുണ്ടാക്കാൻ അയാൾ കണ്ടെത്തിയ ഇരയായിരുന്നു കനകാംബാൾ. അൽപാൽപം സമ്പാദിച്ചു തുടങ്ങിയ അവളിൽ നിന്നും പിന്നെയും അയാൾ പണം പിടിച്ചു പറിക്കുന്നുണ്ട്. ചൂഷണത്തിന്റെയും അവഗണനയുടെയും ഒരു പരമ്പര തന്നെയുണ്ട് കനകാംബാളുടെ ജീവിതത്തിൽ.

'വേരുകളി'ലെ അമ്മുലു സാമ്പത്തികബുദ്ധിമുട്ടുകൊണ്ട് പാർപ്പുകാരിയാകുന്നു. തന്റെ അവസ്ഥയ്ക്കു കാരണമായ സാഹചര്യങ്ങൾ അവൾ തന്നെ പറയുന്നുണ്ട്. തനിക്ക് ശരിയായ വിദ്യാഭ്യാസം ലഭിച്ചില്ല. മകനായ രഘുവിനെ പഠിപ്പിച്ച് ഉന്നത നിലയിലെത്തിക്കാൻ മൂന്നു പെൺമക്കളുടെ പഠനം നിഷേധിച്ചയാളാണ് അമ്മുലുവിന്റെ അച്ഛൻ. മാത്രമല്ല എട്ടുവയസ്സിൽ തന്നെ അവളെ പാർപ്പുകാരിയുമാക്കി. 'മാസംതോറും ഒരു രൂപാ ശമ്പളവും തന്തിരുന്താൽ നാൻ ശരിയാന വേലക്കാരിയായിരുന്തിരുപ്പേൻ -'' (പുറം 40)

എന്ന് അമ്മുലു വേദനയോടെ പറയുന്നു. തമിഴ്ബ്രാഹ്മണ കുടുംബ വ്യവസ്ഥയ്ക്കകത്ത് സാമ്പത്തിക ലാഭത്തിനായി സ്ത്രീ ചൂഷണം ചെയ്യപ്പെടുന്നതിന്റെ ഭീകരമുഖമാണ് അമ്മുലു വെളിപ്പെടുത്തുന്നത്. സാമാന്യമായി സ്ത്രീവാദ ചിന്തകർ സ്ത്രീ പ്രശ്നങ്ങളെക്കുറിച്ചു പറയുമ്പോൾ തുല്യ ജോലിക്ക് തുല്യവേതനം കിട്ടാത്തതിനു വേണ്ടി സമരം ചെയ്യാനാണ് ആഹ്വാനം ചെയ്യാറ്. സാമാന്യസ്ത്രീകളുടെ പ്രശ്നങ്ങളേക്കാൾ എത്രയോ സങ്കീർണ്ണമാണ് തമിഴ്ബ്രാഹ്മണ സ്ത്രീയുടെ പ്രശ്നങ്ങൾ. അതിന് അമ്മുലു ഒരുദാഹരണം മാത്രമാണ്. സ്വന്തം മുത്തച്ഛനും മുത്തശ്ശിയും കൂടി, പെണ്ണായിപ്പോയതു കൊ ് അവളോട് വിവേചനം കാണിക്കുന്നു. അവരവളോട് സ്നേഹപൂർവ്വം പെരുമാറാറില്ല. ഒരുമിച്ചു ഭക്ഷണത്തിനിരുത്താറില്ല. അവർ കഴിച്ച് മിച്ചമുള്ളത് അവൾ കഴിക്കണം. വീട്ടിലെ ജോലിയെല്ലാം ചെയ്യണം. ഇതിനെല്ലാം കൂലി വർഷത്തിൽ രണ്ടു പാവാടയും ജമ്പറും. മുതുമുത്തച്ഛന്മാരുടെ കാലത്ത് കൈമാറികിട്ടിയ പാരമ്പര്യസ്വത്ത് ഏകസഹോദരനായ രഘുവിന് അവകാശപ്പെട്ടതാണ്. സഹോദരിമാരുടെ നിലനിൽപിനേക്കാൾ പ്രിയം അയാളുടെ പുതുതായി പണിയേണ്ട വീടാണ്. തന്റെ ഔദാര്യത്തിലാണ് സഹോദരി തന്റെ വീട്ടിൽ കഴിയുന്നതെന്നും അവൾ തന്നെ ചൂഷണം ചെയ്യുകയാണെന്നും ഒരു വേള അയാൾ ചിന്തിക്കുക കൂടി ചെയ്യുന്നു.

ശിവകാമിക്ക് സാമ്പത്തിക സുരക്ഷിതത്വമില്ലെന്നു മാത്രമല്ല കുടുംബത്തിനേറ്റ ചീത്തപ്പേരു കൂടിയുണ്ട്. അതിന്റെ പേരിൽ ദീക്ഷിതർ ശിവകാമിയെ പീഡിപ്പിക്കുന്നു എന്ന് എഴുത്തുകാരൻ പറയുന്നില്ല. പകരം 'ചേറിൽ നിന്നു ചെന്താമരയെ വീ ടുത്ത' മഹാനായി അയാളെ ആദർശവത്ക്കരിക്കുന്നു. സാമുദായികനിയമങ്ങളും വ്യവസ്ഥകളും പുരുഷതാത്പര്യാർത്ഥം വളച്ചൊടിക്കാവുന്നതാണെന്ന സത്യം ഇവിടെ വെളിപ്പെടുന്നു. തമിഴ്ബ്രാഹ്മണ സാമൂഹ്യവ്യവസ്ഥ പ്രകാരം ഒരു സ്ത്രീയെ വിവാഹം കഴിച്ചു കൊടുത്താൽ അച്ഛൻ അവൾക്ക് അന്യനാണ്. ആ അന്യന്റെ പേരുദോഷം എങ്ങിനെയാണ് ദീക്ഷിതരുടെ ഭാര്യയ്ക്കേൽക്കുക? സാമ്പത്തികസുരക്ഷിതത്വം ഇല്ലാത്തതു

മാത്രമല്ല അർഹമായ സാമ്പത്തികഭദ്രത നൽകാത്തതും ചൂഷണം തന്നെയാണ്. അവൾ ചുറ്റിയ പുതിയ പുടവയുടെ പേരിൽ അയാൾ അവളെ ചോദ്യം ചെയ്യുന്നു. താനിനി ദുർവ്യയം ചെയ്യില്ല എന്ന ഏറ്റുപറച്ചിലായിരുന്നു അവളുടെ മറുപടി. ഒരു സ്ത്രീയുടെ ജീവിതത്തെ പരമാവധി ചൂഷണം ചെയ്ത് കശക്കിയെറിഞ്ഞ ദീക്ഷിതരുടെ വീക്ഷണ കോണിൽക്കൂടി ശിവകാമിയെ അവതരിപ്പിക്കാനാണ് എഴുത്തുകാരൻ വ്യഗ്രതപ്പെട്ടത്. പുരുഷ എഴുത്തുകാർ സ്ത്രീയെ ചിത്രീകരിക്കാൻ വ്യത്യസ്തമായ നിലപാടാണ് സ്വീകരിക്കാറ് എന്ന കേറ്റ് മില്ലറ്റിന്റെ വാദം (1970, 46) ഇവിടെ അർത്ഥ വത്താകുന്നു. ഭർത്താവ് അവളുടെ സാമ്പത്തികാരക്ഷിതാവസ്ഥയെ ചൂഷണം ചെയ്തപ്പോൾ മകൻ അവളെ പാടെ അവഗണിക്കുന്നു.

'തലമുറകളി'ലെ ശിവകാമിയും ചരിത്രപരമായ കാരണങ്ങളാൽ രൂപപ്പെട്ട സാമ്പത്തികാരക്ഷിതാവസ്ഥയിലാണ് പൊതുസമൂഹപുരുഷനാൽ ചൂഷണം ചെയ്യപ്പെടുന്നത്. ഭൂപരിഷ്ക്കരണം നടന്ന കാലത്ത് ദാനമായി കിട്ടിയ ഭൂമി തമിഴ്ബ്രാഹ്മണർക്ക് നഷ്ടപ്പെട്ടിരുന്നു. ജീവിക്കാൻ മറ്റു പല തൊഴിലുകളിലും ഏർപ്പെടേണ്ട അവസ്ഥയായിരുന്നു തമിഴ്ബ്രാഹ്മണർക്ക്.[25] പൊതുസമൂഹത്തിലെ ഗൃഹങ്ങളിൽ സവർണ്ണാവർണ്ണഭേദമില്ലാതെ കയറി ച്ചെന്ന് ഭിക്ഷ യാചിച്ച് ജീവിച്ചവർ വരെയുണ്ട് അവരുടെ കൂട്ടത്തിൽ. അത്തര മൊരു ഉഞ്ജവൃത്തിക്കാരിയായ മു ച്ച്യമ്മ്യാരുടെ മകളാണ് ശിവകാമി. പൊന്മുടിയിൽ ഭിക്ഷ യാചിച്ചു ചെന്ന അമ്മ്യാർക്ക് ആമാടക്കാശ് എറിഞ്ഞു കൊടുത്താണ് അപ്പുക്കാരണവർ അവളെ വെപ്പാട്ടിയാക്കിയത്. ഇങ്ങനെ സാമ്പത്തികഭദ്രതയില്ലായ്മ തമിഴ്ബ്രാഹ്മണ സ്ത്രീകലെ പലതരത്തിലുള്ള ചൂഷണത്തിനും ഇരകളാക്കുകയുണ്ടായി.

## 5.5. ശൈശവവിവാഹവും അകാലവൈധവ്യവും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ:

തമിഴ്ബ്രാഹ്മണ സ്ത്രീയോട് അവളുടെ സമുദായം നടത്തിയ ഏറ്റവും വലിയ ചൂഷണമാണ് ചെറുപ്രായത്തിലേയുള്ള വിവാഹവും അകാലത്തിൽ

സംഭവിക്കുന്ന വൈധവ്യവും. ഇന്ത്യൻ സമൂഹത്തിലാകെ ഒരു കാലത്ത് പടർന്നു പിടിച്ചിരുന്ന ഒരു ഭീകരവിപത്തായിരുന്നു ഇത്. യാഥാസ്ഥിതിക സാമൂഹ്യഘടനയിൽ ഇന്ത്യൻ സ്ത്രീകൾ പല വിവേചനങ്ങൾക്കും വിധേയരായിരുന്നു, സതി, ശൈശവവിവാഹം, വിധവാവിവാഹ നിരോധനം പോലുള്ള ആചാരങ്ങളും നിയമങ്ങളും സ്ത്രീകളുടെ ജീവിതം ദുസ്സഹമാക്കി. ബഹുഭാര്യാത്വവും സ്ത്രീധന സമ്പ്രദായവും സ്ത്രീകളുടെ വിഷമങ്ങൾ വർദ്ധിപ്പിച്ചു. ഈ സ്ഥിതിവിശേഷം മാറേണ്ടതുണ്ടെന്നും സ്ത്രീകൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങളും സാമൂഹ്യ സമത്വവും നൽകേണ്ടതാണെന്നും രാജാറാം മോഹൻറോയെപ്പോലുള്ള സാമൂഹ്യ പരിഷ്ക്കർത്താക്കൾ മനസ്സി ലാക്കി. രാജാറാം മോഹൻറോയുടെയും ഈശ്വരചന്ദ്രവിദ്യാ സാഗറിന്റെയും പ്രവർത്തനഫലമായി ബാലികാവിദ്യാലയങ്ങളിലൂടെ സ്ത്രീ വിദ്യാഭ്യാസം സാധ്യമായി. ഒപ്പം ബ്രിട്ടീഷ് ഭരണാധികാരികളായ വില്യം ബെന്റിക് പ്രഭു, ദൽഹൗസി പ്രഭു എന്നിവർ സതി നിരോധിക്കുകയും വിധവാ വിവാഹം അനു വദിക്കുകയും ചെയ്തത് സ്ത്രീകളിൽ കൂടുതൽ സ്വാതന്ത്ര്യബോധമുളവാക്കി. കേശവചന്ദ്രസെൻ, മഹർഷി കാർവെ എന്നിവർ ശൈശവ വിവാഹത്തി നെതിരെ രംഗത്തിറങ്ങി. 1930-ൽ ബറോഡയിൽ ശൈശവവിവാഹ നിരോധന നിയമം പാസ്സാക്കി. 1949-ൽ വധൂവരന്മാരുടെ വിവാഹപ്രായം പതിനഞ്ചിലും പതിനെട്ടിലും കൂടുതൽ വേണമെന്ന നിയമവും പാസ്സായി.[26] ഇന്ത്യയിലൊ ട്ടാകെ സ്ത്രീകളുടെ സ്ഥിതി പുരോഗമനപരമായിരിക്കുമ്പോഴും തമിഴ് ബ്രാഹ്മണ സാമൂഹ്യവ്യവസ്ഥയിൽ പന്ത്രണ്ടു വയസ്സു തികയുന്നതിനു മുമ്പുള്ള വിവാഹവും അകാല വൈധവ്യവും ആജീവനാന്ത കാലമുള്ള വൈധവ്യ ജീവിതവും നിലനിന്നു. ഇതിലൂടെയാണ് തമിഴ്ബ്രാഹ്മണ സ്ത്രീ ഏറ്റവുമധികം ചൂഷണത്തിനിരയായത്.

പ്രായപൂർത്തിയാകുന്നതിനു മുമ്പേ തന്നെ പെൺകുട്ടിയെ വിവാഹം കഴിച്ചയക്കണം. എന്നാൽ പെൺകുട്ടി പുഷ്പിണിയായതിനു ശേഷമേ വധൂ വരന്മാർ ഒന്നിച്ചു കഴിയൂ. ഇതാണ് തമിഴ്ബ്രാഹ്മണ സാമൂഹ്യവ്യവസ്ഥയിലെ ചട്ടം. വിവാഹശേഷം പുഷ്പിണിയാകുന്നതു വരെ സ്വന്തം വീട്ടിൽ

വിടുകയോ മാമിയാരുടെ കൂടെ പാർപ്പിക്കുകയോ ചെയ്യും. പ്രായപൂർത്തി യായാൽ ശാന്തിമുഹൂർത്തം നടത്തും. 'ദെരക്ഷി' എന്നാണ് ഈ ചടങ്ങ് അറിയ പ്പെടുന്നത്. അതിനു ശേഷം എത്രും പെട്ടെന്ന് പെൺകുട്ടി അമ്മയായിരി ക്കണം എന്നാണ് വ്യവസ്ഥ. അതായത് തമിഴ്ബ്രാഹ്മണ സമുദായത്തിനകത്ത് പതിമൂന്നു വയസ്സാകുമ്പോഴേക്ക് ഒരു പെൺകുട്ടി അമ്മയാകും (നെട്ടൂർമഠം, പുറം 243) ഈ പ്രായത്തിനു മുമ്പ് അവളെ വിവാഹം ചെയ്തയച്ചില്ലെങ്കിൽ ഇരട്ടിയിലധികം പ്രായമുള്ള പുരുഷന്റെ ഭാര്യയാകണം. അല്ലെങ്കിൽ രോഗമോ വൈകല്യമോ ഉള്ളവരെ ആയിരിക്കും കിട്ടുക.

കനകാംബാൾക്ക് വിവാഹം പതിനാറു വയസ്സിലേ തരപ്പെട്ടുള്ളു. നല്ല പുരുഷന്മാരെ കിട്ടാതെ വലഞ്ഞ് ഒടുക്കം അവൾക്കു കിട്ടിയത് മുപ്പതു വയസ്സായ, കോങ്കണ്ണുള്ള ഒരപസ്മാരരോഗിയെയാണ്. അയാളാകട്ടെ അവ ളിലെ കന്യകാത്വം നശിപ്പിക്കാതെ തന്നെ മരണത്തിനു കീഴടങ്ങി. അങ്ങനെ കന്യകയായ വിധവയായി അവൾ ശിഷ്ടകാലം കഴിച്ചുകൂട്ടി. ശിവകാമിയുടെ വിവാഹം പതിമൂന്നു വയസ്സിൽത്തന്നെ നടന്നു. പക്ഷേ അപ്പോഴേക്കും അവൾ പുഷ്പിണിയായിരുന്നു. അവളുടെ അച്ഛനാകട്ടെ ചീത്തപ്പേരും വരുത്തി വച്ചിരുന്നു. അതിനാൽ അവൾക്കു കിട്ടിയത് ഇരുപത്താറു വയസ്സായ ദ്വൊരസ്വാമി ദീക്ഷിതരെ. പ്രായത്തിന്റെ ചോരത്തിളപ്പ് പതിമൂന്നു വയസ്സു മാത്രം പ്രായമുള്ള പെൺകുട്ടിയുടെ മേൽ തീർത്തപ്പോൾ അതിനെ അവൾ എങ്ങിനെ ഉൾക്കൊണ്ടു എന്ന് എഴുത്തുകാരൻ പറയുന്നില്ല. കാരണം ആ വ്യക്തി തമിഴ്ബ്രാഹ്മണ പുരുഷസമൂഹത്തെ പ്രതിനീധികരിക്കുന്നു. അതിനാൽ രക്തം പുരണ്ട ആ പട്ടുസാരി ഓർമ്മ പോലെ സൂക്ഷിച്ച് അവൾ ചരിതാർത്ഥയായിരിക്കാം എന്ന് ദീക്ഷിതരെക്കൊണ്ട് ചിന്തിപ്പിക്കുന്നു. ബാല്യ ത്തിലേ തന്നെ ഒരു പുരുഷന്റെ ശാരീരിക-മാനസിക ചോദനകളെ തൃപ്തി പ്പെടുത്താൻ ഉപയോഗിക്കപ്പെടുന്നതിലൂടെ ഒരു പെൺകുട്ടി തകർക്കപ്പെടുന്നു. അവളറിയാതെ ഏതിനും വശംവദയാകുന്ന ഒരു മനസ്സിനുടമയായി അവൾ രൂപാന്തരപ്പെടുന്നു. മാത്രമല്ല ശരിയായ വികാസം പ്രാപിക്കാത്ത ശരീരത്തിൽ ഏൽക്കുന്ന ക്ഷതികളായി നേരത്തേയുള്ള ലൈംഗികബന്ധങ്ങളും

ഗർഭധാരണവും പ്രസവവും സൃഷ്ടിക്കുന്ന രോഗാവസ്ഥ ജീവിതാവസാനം വരെയും നിലനിൽക്കുന്നു. 'നെട്ടൂർമഠ'ത്തിലെ ശിവകാമി ദീക്ഷിതർക്കു വളരെ മുമ്പുതന്നെ രോഗം ബാധിച്ച് മരണത്തിനു കീഴ്പ്പെടുന്നത് മാനസികമായും ശാരീരികമായും ഏറ്റ ഈ ക്ഷതികൊണ്ടാണ്.

സങ്കുചിതമായ സാമൂഹ്യവ്യവസ്ഥിതിയിൽ വളർന്നതുകൊണ്ടാണ് അന്നപൂർണി ഒരപസ്മാരരോഗിയായത്. ഇത്തരത്തിൽ തളർന്ന മനസ്സായിരിക്കും ബാല്യത്തിലേ മുരടിച്ച തമിഴ്ബ്രാഹ്മണ പെൺകുട്ടിക്ക്.

ഇതിലും ഭീകരമാണ് വൈധവ്യത്തിലെ സ്ത്രീയുടെ അവസ്ഥ. വിധവാവിവാഹം നിയമപ്രകാരം നടത്താനുള്ള വ്യവസ്ഥ പ്രാബല്യത്തിൽ വന്നിട്ടും തമിഴ്ബ്രാഹ്മണ സമുദായം അതിനനുവാദം നൽകിയില്ല. കേരളത്തിലെ നമ്പൂതിരിമാർക്കിടയിൽ നിലനിന്നിരുന്ന ഇത്തരം അരക്ഷിതാവസ്ഥകൾ പ്രമുഖ സാംസ്കാരിക പ്രവർത്തകരുടെ ഇടപെടലിലൂടെ അവസാനിപ്പിക്കാൻ കഴിഞ്ഞു. വി.ടി. ഭട്ടതിരിപ്പാട്, എം.ആർ.ബി, ലളിതാംബിക അന്തർജ്ജനം തുടങ്ങിയവർ സാഹിത്യത്തിലൂടെയും സാമൂഹിക പ്രവർത്തനങ്ങളിലൂടെയും നമ്പൂതിരി സമുദായത്തിൽ നിലനിന്ന അനാചാരങ്ങൾ ഒഴിവാക്കാൻ യത്നിച്ചു. നമ്പൂതിരി സമുദായത്തിൽ മൂത്തയാൾ മാത്രം വേളി കഴിക്കുകയും അപ്ഫന്മാർ എന്നു വിളിക്കുന്ന ഇളയവർ മറ്റു ജാതിക്കാർക്കിടയിൽ സംബന്ധത്തിലേർപ്പെടുകയും ചെയ്യുന്ന രീതിയുണ്ടായിരുന്നു. ഒരു നമ്പൂതിരിയുടെ ഒന്നിലധികം വേളികൾ തമ്മിലുള്ള സ്പർദ്ധയും വിധവകളുടെ നരകജീവിതവും സ്ത്രീകൾ നേരിടേണ്ടിവന്നിരുന്ന നീചമായ സ്മാർത്ത വിചാരവും ഇതോടൊപ്പം നിലനിന്നിരുന്നു. സ്ത്രീകൾക്ക് മറക്കുടയും ഘോഷയും ദാസിയുടെ അകമ്പടിയും ഉണ്ടെങ്കിലേ പുറത്തിറങ്ങാനാവൂ എന്നും വ്യവസ്ഥയുണ്ടായിരുന്നു. ഇവയെല്ലാം ദീർഘകാലത്തെ തീവ്രമായ പരിശ്രമം കൊണ്ട് സാമൂഹ്യ പരിഷ്കർത്താക്കൾക്ക് ഇല്ലാതാക്കാൻ കഴിഞ്ഞു. വി.ടി. ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിൽ ആദ്യ വിധവാവിവാഹവും നടന്നു.[27] എന്നാൽ കേരളത്തിന്റെ മുഖ്യധാരാ സമൂഹത്തിലേക്ക് കടന്നുവരികയോ അവിടത്തെ ചലനങ്ങളിൽ ഭാഗഭാക്കാവുകയോ

ചെയ്യാത്ത തമിഴ്ബ്രാഹ്മണ സമൂഹം വിധവാ വിവാഹത്തെ അങ്ങേയറ്റം എതിർത്തു. മാത്രമല്ല വിധവകൾക്ക് നേരെ അവരുടെ ചൂഷണത്തിന്റെ കരങ്ങൾ നീളുകയും ചെയ്തു.

കനകാംബാളുടെ വൈധവ്യത്തിന്റെ അവസ്ഥാ ഭേദങ്ങൾ നാം കണ്ടു. കനകാംബാളെ കൂടാതെ നിരവധി വിധവകൾ ഓരോ അഗ്രഹാരത്തിലും ആരും കാണാതെ ദുരിതക്കയത്തിലാണ്ടു കിടക്കുന്നുണ്ട്. നാർമടിപ്പുടവയിലെ അത്ത, നെട്ടൂർമഠത്തിലെ കൂനിയായ അഖിലപ്പാട്ടി, വരലക്ഷ്മി എന്നിവർ. 'ഒരു സ്ത്രീയുടെ വികാരങ്ങൾ വിധവയ്ക്കുണ്ടായിക്കൂടാ. അതു പാപമാണ്. തന്റെ സമുദായം അങ്ങനെയാണ് വിധിച്ചിട്ടുള്ളത്' (പുറം 189) എന്ന കനകാംബാളുടെ വാക്കുകളോടു ചേർന്നു നിൽക്കുന്ന അനുഭവ പരമ്പരകളാണ് ഈ സ്ത്രീകളുടെ ജീവിതത്തിലും സംഭവിച്ചത്. ബാഹ്യാഡംബരങ്ങളൊക്കെയുപേക്ഷിച്ച് തല മൊട്ടയടിച്ച് രൂപം വികൃതമാക്കിയിട്ടും ഭർതൃഗൃഹത്തിൽ അത്ത ചൂഷണം ചെയ്യപ്പെട്ടു. മാമിയാരെ പരിചരിക്കാനായി ഭർതൃഗൃഹത്തിൽ തങ്ങിയ പാർവ്വതി എന്ന അത്ത രാത്രിയിൽ ഉറക്കത്തിൽ തന്റെ പായിൽ വന്നു ശയിക്കുന്ന മാമനാരെ കണ്ട് സ്തബ്ധയായി. ഒച്ച വച്ച അവൾക്ക് ബാധ കൂടിയതാണെന്നു പറഞ്ഞ് മാമനാർ അവളെ ഇറക്കിവിട്ടു. 'നാഥനില്ലാത്ത സ്ത്രീക്ക് യൗവനവും സൗന്ദര്യവുമൊക്കെ ശാപങ്ങൾ മാത്രമാണെന്ന്' അവർ തിരിച്ചറിഞ്ഞു. വരലക്ഷ്മിയുടെ ജീവിതവും മറിച്ചല്ല. അവരുടെ ഗ്രാമത്തിലെ തമിഴ്ബ്രാഹ്മണ പെൺകുട്ടികളെ തെലുങ്കുനാട്ടിൽ കൊണ്ടുപോയി വിൽക്കുന്ന പതിവുണ്ടായിരുന്നു. എരുമക്കച്ചവടത്തിന്റെ മറവിൽ പെൺവാണിഭം നടത്തുന്ന ഒരു വേലായുധൻ വരലക്ഷ്മിയെയും കച്ചവടം നടത്താൻ തയ്യാറായി. പെൺകുട്ടികളെ വിറ്റാൽ അവർക്ക് എന്തു സംഭവിച്ചു എന്ന് മഠത്തിലുള്ളവർ അന്വേഷിക്കേണ്ടതില്ല, അന്വേഷിക്കുകയുമില്ല. അവർ നല്ലനിലയിൽ ജീവിക്കുമോ അതോ വേശ്യാവൃത്തിക്കുപയോഗിക്കപ്പെടുമോ എന്നതൊന്നും വീട്ടുകാരെ ബാധിക്കുന്ന കാര്യമല്ല. മഠം സമ്പന്നമാകും. എന്നാൽ വരലക്ഷ്മിക്ക് ആ അവസ്ഥയുണ്ടായില്ല. പാലക്കാട്ടെ ഒരു സ്വാമിയാർ തെലുങ്കുനാട്ടിലെ ഒരു വിൽപനച്ചരക്കാകാതെ അവളെ കാത്തു.

'ബ്രാഹ്മണ കുലത്തിൽ നിന്നും സ്ത്രീധനമാവശ്യപ്പെടാതെ ഒരുത്തനു ാവുക' എന്ന ഭാഗ്യവും വരലക്ഷ്മിയ്ക്കുണ്ടായി. കല്യാണച്ചെക്കനെ വരലക്ഷ്മി കണ്ടില്ല. അയാൾക്കു വേണ്ടി വാദ്ധ്യാർസ്വാമിയാണ് അവളെ താലി കെട്ടിയത്. വരന്റെ സങ്കൽപത്തിൽ ലോഹത്തിൽ തീർത്ത ഒരാൾരൂപത്തിൽ മാലയിട്ട് ആരുടെയും അകമ്പടിയില്ലാതെ വാദ്ധ്യാർസ്വാമിയോടൊപ്പം അവൾ കൽപാത്തിക്കു പോയി.

ഭർതൃഗൃഹത്തിൽ അവൾ അവളുടെ 'വെളുത്ത' പുരുഷനെ കണ്ട് ഭയന്നുപോയി. അടിമുടി വെള്ളപ്പാണ്ടു പിടിച്ച, ബുദ്ധി അൽപം കുറഞ്ഞ എന്നാൽ ദുഷ്ടനും ദുർമ്മാർഗ്ഗിയുമായ ഒരാളായിരുന്നു അയാൾ. മഠത്തിലെ അലക്കുകാരി പെണ്ണുമായി അയാൾ വരലക്ഷ്മി കാൺകെ അവിഹിതവേഴ്ച നടത്തി. എല്ലാറ്റിനുമുപരിയായിരുന്നു സമൂഹമഠം ആദരിക്കുന്ന വാദ്ധ്യാർസ്വാമിയുടെ ഉപദ്രവങ്ങളും മോശം വാക്കുകളും. സ്ത്രീയെ വെറും ഉപഭോഗ വസ്തുവായിക്കാണുന്ന പട്ടരുടെ എല്ലാ വങ്കത്തങ്ങളും നിറഞ്ഞ സ്വാമി.

''ഡേ പിച്ചാണ്ടി വരലക്ഷ്മിയുടെ മാറഴകെ പാരെഡാ! ഇളം കരിക്ക് ! നീ കുരങ്ക് ! കശക്കിവിടാതെ ! ഇവളുടെ ഇടയഴക് നടയഴക് പാരെഡാ ! ഇവൾ തിരുമ്പി നിൽക്കുമ്പോത് സഹിക്കലൈ ! എന്നാ പിന്നഴക് ! അങ്കെ ശേരണം.... അതു താൻ വൈകുണ്ഠ പ്രാപ്തി'' (പുറം 295) എന്നിങ്ങനെ അശ്ലീലവാക്കുകൾ പറഞ്ഞുകൊണ്ടിരിക്കും. ഗർഭിണിയായ വരലക്ഷ്മിയെ ഭർത്താവ് വാദ്ധ്യാർസ്വാമിക്ക് കാഴ്ചവെച്ചു. അവൾ ചിരവത്തടി കൊണ്ടടിച്ച വാദ്ധ്യാർ മരിച്ചു. ഗ്രാമസമൂഹം അവളെ അവിടെ നിന്നിറക്കിവിട്ടു. വിധവയായില്ലെങ്കിലും ഭർത്താവിനെ വിട്ട് ഓടിപ്പോരേണ്ടിവന്നു വരലക്ഷ്മിക്ക്. പിന്നീടെപ്പോഴോ ഭർത്താവു മരിച്ചുപോയതായി അവളറിഞ്ഞെങ്കിലും അതവളിൽ കാര്യമായ ചലനങ്ങളൊന്നും സൃഷ്ടിച്ചില്ല.

ഇത്തരത്തിൽ ഭർതൃഗൃഹത്തിലെ പീഡനവും വൈധവ്യവും മാനസികമായി ഈ സ്ത്രീകളെയെല്ലാം തകർക്കുന്നു. പലരും ഉന്മാദാവസ്ഥയിലേക്കും തനിക്കു തന്നെ നിയന്ത്രിക്കാൻ കഴിയാത്ത സ്വഭാവത്തിന്റെ വക്കിലേക്കും

ചെന്നെത്തുന്നു. ജീവിതത്തിൽ മറ്റൊന്നും ചെയ്യാനില്ലാത്ത ഇവർ പരസ്പരം വഴക്കടിച്ചും വരും തലമുറയുടെ പ്രവർത്തനങ്ങളിൽ അനാവശ്യ നിയന്ത്രണ ങ്ങളേർപ്പെടുത്തിയും ജീവിതം തനിക്കും മറ്റുള്ളവർക്കും ദുസ്സഹമാക്കുന്നു. സംസ്കാരത്തിന്റെ ഭാരം പേറി ജീവിക്കാൻ പുരുഷസമൂഹം നിയോഗിച്ച ഈ സ്ത്രീകൾ സംസ്കാരശൂന്യരെപ്പോലെ ആഭാസവാക്കുകൾ ഉരുവിട്ടുകൊണ്ട് അഗ്രഹാരത്തിന്റെ അടിത്തറയിളക്കുന്നു. ആർക്കും ഇത്തരം പ്രവർത്തികളിൽ ഇവരെ കുറ്റപ്പെടുത്താനാകില്ല. ഉള്ളിലടക്കിവച്ച വികാരങ്ങളെ പുറത്തേക്ക് കളയാൻ മനുഷ്യന് ഒരു മാധ്യമം ആവശ്യമാണ്. കർക്കശമായ ആചാരങ്ങളും നിയമങ്ങളും വിലക്കുകളും തീർത്ത് സമൂഹത്തിലെ നല്ലൊരു പങ്ക് സ്ത്രീകളെ മൃഗീയമായ രീതിയിൽ പീഡിപ്പിച്ച് അവരെ സമനില തെറ്റിക്കുന്ന തമിഴ് ബ്രാഹ്മണ പുരുഷാധിപത്യം ഏറ്റവും വലിയ ചൂഷകരാണ്.

### 5.6. ചൂഷണം ആധുനികകാലഘട്ടത്തിലും:

കാലാകാലങ്ങളായി തമിഴ്ബ്രാഹ്മണ സ്ത്രീ ഒരു ഉപഭോഗവസ്തുവും ഉത്പ്പാദനോപകരണവുമാണ്. ആധുനിക ഉപഭോഗസംസ്കാരത്തിന്റെ കാലഘട്ടത്തിലും അത് തുടരുന്നു എന്നതാണ് വാസ്തവവും ഈ പഠനത്തിന് നിദാനവും. പൊതുസമൂഹം സ്ത്രീകൾക്ക് സ്വതന്ത്രമായ ഇടപെടലുകൾക്ക് അവസരം നൽകുന്നിടത്താണ് തമിഴ്ബ്രാഹ്മണ സ്ത്രീ ഉൽപന്നത്തിന്റെ പരസ്യമായും ഉപഭോഗവസ്തുവായും മാറുന്നത്. ഇത് ലോകമൊട്ടുക്ക് സ്ത്രീകളെ ബാധിക്കുന്ന ഒരു കാര്യമാണെങ്കിലും തമിഴ്ബ്രാഹ്മണ സ്ത്രീ സവിശേഷ ശ്രദ്ധയർഹിക്കുന്നു. 'ഉപഭോഗസംസ്കാരം സ്ത്രീയെ ഉൽപ്പന്ന പരസ്യങ്ങളിലുപയോഗിക്കുകയും ഉപഭോഗത്തിന്റെ ഇരകളാക്കുകയും ചെയ്യുന്നു.'[28] കേരളത്തിലെ തമിഴ്ബ്രാഹ്മണ സമൂഹത്തിന്റെ ഒരു ഉൽപ്പന്നവും പരസ്യവുമാണ് തമിഴ്ബ്രാഹ്മണ സ്ത്രീ. തമിഴ്ബ്രാഹ്മണ പുരുഷാധിപത്യ സമൂഹത്തിന്റെ സ്വാർത്ഥ താൽപ്പര്യത്താൽ, പൊതുസമൂഹവുമായി ഇടകലരാതിരിക്കാൻ അവരുടെ ഗ്രാമങ്ങളെ അതേപടി സംരക്ഷിക്കാനുള്ള ഒരു വ്യവസ്ഥ രൂപപ്പെടുത്തി. ഗ്രാമങ്ങളെ പൈതൃകസ്വത്തായി പ്രഖ്യാപിക്കുക

എന്നതായിരുന്നു അത്. പൈതൃകസ്വത്തുക്കളൊക്കെയും വിനോദസഞ്ചാര മേഖലയുടെ വിൽപനച്ചരക്കുകളാകുന്ന ഇക്കാലത്ത് സ്വാഭാവികമായും ഭരണതലത്തിലുള്ളവർ തേടിയത് ഗ്രാമങ്ങളുടെ വിനോദസഞ്ചാര സാധ്യത കളാണ്. ഇത് തമിഴ്ബ്രാഹ്മണ സാമൂഹ്യജീവിതം ദുരിതപൂർണ്ണമാക്കി. ഗ്രാമത്തിലെ ജീവിതരീതിയും ആവാസവ്യവസ്ഥയും വിദേശികളടക്കമുള്ള വിനോദസഞ്ചാരികൾക്ക് കാഴ്ചവസ്തുവായി. ഇതിന്റെ ദുരന്തം ഏറ്റവും കൂടുതൽ ബാധിച്ചത് സ്ത്രീകളെയാണ്. കോലമിടൽ, ഭക്ഷണം പാകം ചെയ്യൽ, സ്ത്രീകൾ ചെയ്യുന്ന മറ്റനുഷ്ഠാനങ്ങൾ എന്നിവയൊക്കെ അന്വേഷിച്ച് അന്വേഷിച്ച് പുടവ ചുറ്റുന്ന രീതി കാണിച്ചുകൊടുക്കാൻ വരെ ആവശ്യപ്പെടുന്ന സഞ്ചാരികളുണ്ടെന്ന് അനുഭവസ്ഥർ പറയുന്നു. മനുഷ്യന്റെ കമ്പോളവത്ക്കരണമാണിവിടെ സംഭവിക്കുന്നത്. സ്ത്രീകളെ സ്വകാര്യ സ്വത്തായി സംരക്ഷിച്ചിരുന്ന തമിഴ്ബ്രാഹ്മണസാമൂഹ്യ വ്യവസ്ഥയിൽ സാമ്പ ത്തികലാഭത്തിനായി അവൾക്ക് വിപണി കണ്ടെത്തുന്നതു വരെയെത്തുന്നു ചൂഷണം.

തമിഴ്ബ്രാഹ്മണ സ്ത്രീയുടെ മേലുള്ള ചൂഷണത്തിന്റെ മാനങ്ങൾ വിലയിരുത്തിയപ്പോൾ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ ഇവയാണ്. ഒരു തമിഴ്ബ്രാഹ്മണ സ്ത്രീ സാമ്പത്തികമായും സാമൂഹികമായും സാംസ്കാരിക മായും ലൈംഗികമായും സ്വസമുദായത്താലും പൊതുസമൂഹത്താലും ചൂഷണം ചെയ്യപ്പെടുന്നു. സ്ത്രീയുടെ മേൽ പുരുഷന്റെ അധിനിവേശ വ്യവ ഹാരമാണ് പ്രവർത്തിക്കുന്നത്. ഇത്തരത്തിലുള്ള അധിനിവേശ വ്യവഹാര ത്തിന് വിധേയമാകുന്ന സ്ത്രൈണാസ്തിത്വം പാരമ്പര്യത്തിന്റെയും സംസ്കാ രത്തിന്റെയും പേരിലാണ് നിരന്തരം ചൂഷണം ചെയ്യപ്പെടുന്നത്. വിവാഹം, കുടുംബജീവിതം തുടങ്ങിയവ ബാല്യത്തിലേ ആരംഭിക്കുന്നതിനാൽ വിദ്യാഭ്യാ സവും തൊഴിലും അതുവഴിയുള്ള സാമ്പത്തിക ഭദ്രതയും അവൾക്കു നേടാ നാവുന്നില്ല. വിവാഹം കഴിയുന്നതോടെ സ്വകുടുംബത്തിലെ അവകാശവും നിഷേധിക്കപ്പെടുന്നു. എന്തിനും പുരുഷനെ ആശ്രയിക്കുന്ന സ്ത്രീക്ക് അവന്റെ പല ദുഷ്ചെയ്തികൾക്കു നേരെയും കണ്ണടയ്ക്കേണ്ടിവരുന്നു.

ഒരുപകരണ സ്ഥാനത്തേക്ക് പിന്തള്ളപ്പെടുന്ന സ്ത്രീയുടെ വികാരവിചാരങ്ങൾക്ക് പുരുഷൻ അൽപം പോലും പ്രാധാന്യം കൽപിക്കുന്നില്ല. അവളുടെ ജീവിതത്തിലെ ഏതവസ്ഥയിലും അവൾ ചൂഷണത്തിനുള്ള ഇരയാണ്. ഗർഭാവസ്ഥയും വൈധവ്യവും പുരുഷന്റെ കയ്യിൽ നിന്നും സ്ത്രീയെ രക്ഷപ്പെടുത്തുന്നില്ല. ശുദ്ധ ബ്രാഹ്മണ പാരമ്പര്യം കാത്തുസൂക്ഷിക്കാൻ നിയോഗിക്കപ്പെട്ട, പുരുഷാധിപത്യ സമൂഹത്തിന്റെ നിരീക്ഷണത്തിൽ മാത്രം കഴിയാൻ വിധിക്കപ്പെട്ട തമിഴ്ബ്രാഹ്മണ സ്ത്രീക്ക് ഒരു വസ്തുപദവിയാണ് ആധുനികാനന്തര കാലഘട്ടത്തിൽപ്പോലും കൽപിച്ചുപോരുന്നത്. സ്ത്രീയെ പൂർണ്ണമായും നിർവ്വീര്യയാക്കുകയും വസ്തുവൽക്കരിക്കുകയും ചെയ്യുന്നതിലൂടെ അവൾ പുരുഷനു കീഴടങ്ങിയവളായിത്തീരുന്നു, പ്രതികരിക്കാനാകാത്തവളായിത്തീരുന്നു. സാമൂഹ്യപശ്ചാത്തലമാണ് ഇവിടെ സ്ത്രീയെ നിർമ്മിക്കുന്നതും നിർണ്ണയിക്കുന്നതും എന്നു കണ്ടെത്താൻ പ്രയാസമില്ല.

**സൂചകങ്ങൾ:**

1. Bottomore, T.B, A Dictionary of Marxist Thought, 1991.

2. ”

3. Charles Tilly, Relational Studies of Inequality, 2000, പുറം 782.

4. ”

5. Poulo Freire, Pedagogy of Oppressed, Chapter 1, 1981, പുറം 27.

6. കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം ഇവയുടെ ആവിർഭാവം, പുറം 36, 37.

7. വൃന്ദാ കാരാട്ട്, അതിജീവനവും വിമോചനവും, 2006, പുറം 57.

8. UNIFEM Website, 2006.

9. Sigmund Freud, New Introductory Lectures in Psycho Analysis, Trnalsated and Edited by James Strachey, 1962, പുറം 174.

10. The Second Sex, 1949, പുറം 639.

11. Sigmund Freud, Civilization and its Discontents, 1961, പുറം 15.

12. ഷംസാദ് ഹുസൈൻ, വാമൊഴി പഠനവും ഓർമ്മകളുടെ ആഖ്യാനവും, സംസ്കാരപഠനം : ചരിത്രം സിദ്ധാന്തം പ്രയോഗം, 2007, പുറം 507.

13. Steri Jackson, Women and Family, 1993, പുറം 185.

14. A Room of One’s Own, 1928.

15. എം. ലീലാവതി, ഫെമിനിസം - ചരിത്രപരമായ ഒരന്വേഷണം, 2000, 53.

16. Elain Shawalter, A literature of Their own, 1977, പുറം 200.

17. The Second Sex, 1949, പുറം 382.

18. Kate Millet, Sexual Politics, 1970, പുറം 46.

19. Kate Millet, The Politics of Cruelty, 1994, പുറം 34-35.

20. ” പുറം 173.

21. Kate Millet, Sexual Politics, 1970, പുറം 46.

22. Helen Cixous, The Newly Born Woman, 1986, പുറം 94.

23. Simon De Beavour, The Second Sex, പുറം 295.

24. Marxist Leninist Philosophy, 1987, പുറം 70.

25. P.P. Narayanan Namboodiri, Aryans in South India, 1992, പുറം 83.

26. പ്രൊഫ. പി.കെ. മുഹമ്മദാലി, ഇന്ത്യാ ചരിത്രം, 1971, പുറം 228.

27. എസ്.കെ. വസന്തൻ, നമ്മൾ നടന്ന വഴികൾ, 2006, 385.

28. എം. ലീലാവതി, ഫെമിനിസം ചരിത്രപരമായ ഒരന്വേഷണം, പുറം 65.

Anithakumari. A. “Tamil Brahmin Women Representation in Malayalam Novel” Thesis. Department of Malayalam of Sree Kerala Varma College, University of Calicut, 2015.

## അദ്ധ്യായം – 6

## സ്വാതന്ത്ര്യ ബോധം

കുടിയേറിയ 15-ാം നൂറ്റാണ്ടു മുതൽ 20-ാം നൂറ്റാ ുവരെ, കൃത്യമായി പ്പറഞ്ഞാൽ 1980 കൾ വരെ പുരുഷാധിപത്യം സ്ഥാപിക്കാനും സംസ്കാരം സംരക്ഷിക്കാനും തൽപരരായ തമിഴ്ബ്രാഹ്മണ സമൂഹം അവരുടെ സ്ത്രീകളെ തങ്ങൾക്ക് വിധേയരാക്കി വയ്ക്കുകയും പലതരത്തിൽ ചൂഷണം ചെയ്യുകയും ചെയ്തതെങ്ങനെയെന്ന് കഴിഞ്ഞ അധ്യായങ്ങളിൽ പറയുകയു ായി. സ്വസമുദായത്തിന്റെ പീഢനത്തോടൊപ്പം തന്നെ, തമിഴ്ബ്രാഹ്മണ സമൂഹത്തിന്റെ വിരോധികളായ പൊതുസമൂഹത്തിന്റെ പീഢനവും തമിഴ് ബ്രാഹ്മണ സ്ത്രീകൾ ഏറ്റുവാങ്ങുകയുണ്ടായി. എൺപതുകൾക്കു ശേഷം വളർന്നുവന്ന പുതിയ തലമുറയിലെ പെൺകുട്ടികൾ ഈ വ്യവസ്ഥയെ എങ്ങനെ നോക്കിക്കണ്ടു എന്നും പ്രതികരിച്ചു എന്നും അന്വേഷിക്കുകയാണ് ഈ അധ്യായത്തിൽ ചെയ്യുന്നത്. തമിഴ്ബ്രാഹ്മണ സമൂഹത്തിന്റെ വ്യവസ്ഥയ്ക്കകത്തു നിന്നും പ്രതിഷേധത്തോടെ പുറത്തേക്ക് കുതിച്ച, സ്വാതന്ത്ര്യം സ്വയം പ്രഖ്യാപിച്ച് പൊതുസമൂഹത്തിന്റെ ഭാഗമായി മാറിയ ചില സ്ത്രീകഥാപാത്രങ്ങളെ കണ്ടെത്തി വിലയിരുത്തുന്നതിനാണ് ഇവിടെ ശ്രമിക്കുന്നത്.

എഴുപതുകൾക്കു മുമ്പ് സ്ത്രീവാദചിന്തകർ അടിസ്ഥാനപരമായ ചില ചോദ്യങ്ങൾ ഉന്നയിക്കുകയുണ്ടായി. എന്തുകൊണ്ടാണ് സ്ത്രീകൾ അടിച്ചമർത്തപ്പെടുന്നത് ? ആര് അല്ലെങ്കിൽ എന്താണ് സ്ത്രീയെ തടയുന്നത് ? എല്ലായ്പ്പോഴും സ്ത്രീകൾ അടിച്ചമർത്തപ്പെടുന്നുേ ാ ? എങ്ങനെ അതിനെ തടയാം? നിരവധി സ്ത്രീവാദ ചിന്തകർ ഈ ചോദ്യങ്ങളുടെ ഉത്തരമന്വേഷിക്കുകയു ായി. അവർ കണ്ടെത്തിയത് സ്ത്രീ അവളുടെ ഉള്ളിൽ സ്വാംശീകരിക്കപ്പെട്ട വിധേയത്വം കൊണ്ട് അടിച്ചമർത്തപ്പെടുന്നു എന്നാണ്. പുരുഷാധിപത്യ സ്വഭാവത്തിന്റെ പലവിധ ഭാവങ്ങൾ സ്ത്രീയെ സ്വതന്ത്രയാകുന്നതിൽ നിന്നു തടയുന്നു. എല്ലാ സാഹചര്യങ്ങളിലും സ്ത്രീ അടിച്ചമർത്തപ്പെടുന്നുണ്ട്. ഇതിനെ തടയാൻ അവൾ നേടുന്ന സാമ്പത്തികസുരക്ഷിതത്വത്തിന് ഒരു

പരിധി വരെ മാത്രമേ കഴിയൂ. അവളുടെ ഉള്ളിൽ രൂഢമൂലമായിക്കിടക്കുന്ന സ്ത്രൈണപാരമ്പര്യത്തെയാണ് മാറ്റിയെടുക്കേണ്ടത്. കുടുംബം, വിവാഹം, ഗർഭധാരണം, കുട്ടികളെ വളർത്തൽ തുടങ്ങിയവ മുതൽ മുതലാളിത്ത വ്യവസ്ഥ, പുരുഷാധിപത്യം എന്നിവ വരെയും നിരവധി ഘടകങ്ങൾ സ്ത്രീകളുടെ അടിമത്തത്തിന് കാരണമാകുന്നുണ്ട്. എങ്കിലും ജൈവശാസ്ത്ര പരമായ പരിമിതികൾ കാരണമാണ് സ്ത്രീ തരംതാഴ്ത്തപ്പെടുന്നത് എന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നതും സ്ത്രീയുടെ വിധേയത്വത്തിന് ഹേതുവാകുന്നു .[1] ഇനിയുള്ള അന്വേഷണം സ്ത്രീ ഈ അവസ്ഥകളെ എങ്ങനെ മറികടന്നു എന്നതാണ്.

തമിഴ്ബ്രാഹ്മണസ്ത്രീ ഏതേത് അവസ്ഥകളോടും വ്യക്തിത്വങ്ങളോടും വിധേയത്വം പുലർത്തി എന്നും ഏതെല്ലാം തരത്തിലുള്ള ചൂഷണങ്ങൾക്ക് അവരുടെ പ്രത്യേകസാമുദായികാവസ്ഥ അവരെ വിധേയരാക്കി എന്നും കഴിഞ്ഞ അധ്യായങ്ങളിൽ വിലയിരുത്തുകയുണ്ടായി. വിധേയത്വം ഒരു വ്യക്തിയും മാനസികമായി ആഗ്രഹിക്കുന്നതല്ല. വ്യക്തിത്വത്തിന്റെ പ്രകാശനത്തിനായിരിക്കും ഓരോ വ്യക്തിയും അവസരങ്ങൾ കണ്ടെത്താൻ ശ്രമിക്കുക. അത്തരം ഒരു സാഹചര്യത്തിൽ ഒരു തമിഴ്ബ്രാഹ്മണസ്ത്രീ വിധേയത്വം പ്രകടിപ്പിച്ചു വന്ന അവസ്ഥകളെയൊക്കെ അവൾക്ക് വെറുപ്പോടെയേ നോക്കിക്കാണാനാവൂ. തങ്ങളെ ചൂഷണം ചെയ്തവരോട് അവർക്ക് പകയാണു ാവുക. ഇതിനു വിധേയരായ സ്ത്രീകളെ ക ും വിലയിരുത്തിയുമായിരിക്കും അടുത്ത തലമുറ വളർന്നു വരിക. അവരെ സാമുദായിക വ്യവസ്ഥയ്ക്കനുകൂലമായി വളർത്തിയെടുക്കേണ്ട ഉത്തരവാദിത്തവും നിർഭാഗ്യമെന്നു പറയട്ടെ, ഇത്തരം വിധേയകളുടെയും ചൂഷിതകളുടേയുമാണ്. തങ്ങളുടെ ജീവിതാവസ്ഥ എങ്ങനെയായിരുന്നു എന്നു മറന്നുകൊണ്ടോ അല്ലെങ്കിൽ അതിന്റെ കാലുഷ്യം ഉള്ളിൽ വെച്ചുകൊണ്ടോ അവർ അടുത്ത തലമുറയെ പഠിപ്പിക്കാൻ ശ്രമിക്കുന്നത് എങ്ങനെ സമുദായത്തിന് സ്വീകാര്യമായ വ്യക്തിത്വം രൂപപ്പെടുത്താം എന്നാണ്. ഇവിടെ ശ്രദ്ധേയമായ മറ്റൊരു കാര്യം ഒരു അഗ്രഹാരവ്യവസ്ഥ നിലനിൽക്കുന്നിടത്തു മാത്രമാണ് തമിഴ്

ബ്രാഹ്മണ സ്ത്രീ കൂടുതൽ സാമുദായിക വിലക്കുകൾക്ക് വിധേയയാകുന്നത് എന്നാണ്. 'നെട്ടൂർമഠ'ത്തിലെ ശിവകാമിയും 'നാർമടിപ്പുടവ'യിലെ കനകാംബാളും അഗ്രഹാരവ്യവസ്ഥയ്ക്കകത്താണു കഴിഞ്ഞത്. 'കിഴക്കേ കോട്ടയ്ക്കു പുറത്ത് ഞാനും ഒരു മലയാളിയാണെ'ന്നു കനകാംബാൾ ചിന്തിക്കുന്നത് അതുകൊ ാണ്. 'വേരുകളി'ലെ ഗീതയും, 'നെട്ടൂർമഠ'ത്തിലെ അന്നപൂർണിയും, 'നാർമടിപ്പുടവ'യിലെ കാഞ്ചനയും 'കിളിമൊഴികൾ ക്കപ്പുറ'ത്തിലെ ഡോക്ടർ മോഹനയും മറ്റും സാമുദായികവ്യവസ്ഥ തങ്ങൾ ക്കുമേൽ എന്തെല്ലാം നിയന്ത്രണങ്ങൾ കൊണ്ടുവരുമെന്ന് വ്യക്തമായി തിരി ച്ചറിഞ്ഞ് ആ വ്യവസ്ഥയെ ചോദ്യം ചെയ്യുകയും നിഷേധിക്കുകയും ചെയ്ത് മുഖ്യധാരാസമൂഹത്തിന്റെ ഭാഗമായവരാണ്. വിദ്യാഭ്യാസവും തൊഴിലും നേടിയിട്ടും കനകാംബാളെ ഈ ശ്രേണിയിൽ ഉൾച്ചേർക്കാത്തതിന്റെ പ്രധാന കാരണം, വ്യവസ്ഥകൾക്കു വിധേയപ്പെട്ടു തന്നെ പിന്നെയും കനകാംബാൾ കഴിഞ്ഞു എന്നതാണ്.

വിദ്യാഭ്യാസപരമായും സാമ്പത്തികമായും സ്ത്രീ നേടിയ ആർജ്ജവം വ്യവസ്ഥകളെ ലംഘിക്കാൻ അവളെ സന്നദ്ധയാക്കുന്നു. 'ഗർഭം ധരിക്കാനുള്ള ചോദനപോലെത്തന്നെ അകത്തു നിന്ന് ഒരു സ്വത്വത്തെ രൂപപ്പെടുത്താനുള്ള ചോദനയും സ്ത്രീകൾക്കുണ്ട്. നിലവിലുള്ള നിയമവ്യവസ്ഥകളെയെല്ലാം അനായാസം ലംഘിച്ചുകൊണ്ട് സ്വാതന്ത്ര്യത്തിലേക്കോ മരണത്തിലേക്കോ പോകാൻ സ്ത്രീക്കു ഭയമില്ല.'[2] ഇത്തരം ഇച്ഛാശക്തി ഉണ്ടായിട്ടും അടുത്ത കാലം വരെയും സ്ത്രീ അവളുടെ സ്വത്വത്തെ എന്തുകൊണ്ട് ആവിഷ്ക്കരി ക്കാതെ പോയി എന്ന ചോദ്യം പ്രസക്തമാണ്. 'സ്ത്രീയായിരിക്കുന്നത് ഒരു തെറ്റാണെന്നും ഏകയായ സ്ത്രീയായിരിക്കുന്നത് അതിലും വലിയ തെറ്റാണെന്നും ഏകയും തന്റേടിയും ബുദ്ധിമതിയുമായ സ്ത്രീയാവുക ഏറ്റവും വലിയ തെറ്റാണെന്നും മൂല്യനിർണ്ണയം നടത്തുന്ന സമൂഹത്തിൽ സ്ത്രീക്ക് സ്വത്വാവിഷ്ക്കാരം പുരുഷന്റെയത്ര എളുപ്പമല്ല.'[3] എന്നാൽ പുരുഷൻ രൂപപ്പെടുത്തിയ വ്യവസ്ഥകളുള്ള ഒരു സമൂഹത്തിൽ പുരുഷൻ ആ വ്യവസ്ഥകൾക്ക് പൂർണ്ണമായി കീഴ്പ്പെട്ടുകഴിഞ്ഞ ഒരധീശാധികാര മാതൃകയാ

കുമ്പോൾ സ്ത്രീ അതിനു കീഴ്പ്പെടാനോ അതിനെ ഉൾക്കൊള്ളാനോ ആകാത്ത ഒരു ജീവിതാധികാര മാതൃകയാകുന്നു. അവിടെ നിൽക്കുമ്പോ ഴെല്ലാം സ്ത്രീ തന്റെ കീഴാള ജീവിതത്തിന് ശക്തിയുണ്ടാക്കുന്നതിനെ ക്കുറിച്ചായിരിക്കും ആലോചിക്കുക. അത്തരം ചിന്തകളിൽ നിന്നാണ് സ്ത്രീയുടെ സ്വാതന്ത്ര്യപ്രഖ്യാപനം സാധ്യമാകുന്നത്. സ്ത്രീ അവളിൽ നിന്നും സാമുദായിക, മത, പുരുഷാധിപത്യ പ്രവണതകളിൽ നിന്നും സാമൂ ഹികമായും സാമ്പത്തികമായും ലൈംഗികമായും സ്വാതന്ത്ര്യം പ്രാപിക്കു മ്പോൾ മാത്രമാണ് സ്ത്രീ പുരുഷസമത്വം സാധ്യമാകുക. ഇത്തരത്തിൽ ഒരു തമിഴ്ബ്രാഹ്മണ സ്ത്രീ ഏതെല്ലാം വഴികളിലൂടെ തന്റെ സ്വത്വപ്രകാശനം നടത്തുന്നു എന്ന അന്വേഷണമാണിവിടെ നടത്തുന്നത്.

### 6.1. സ്ത്രീയുടെ സാമൂഹികസ്വാതന്ത്ര്യം:

തന്റെ കീഴാളജീവിതത്തിന്റെ വിധേയത്വത്തിൽ നിന്ന് രൂപം കൊണ്ട വിരോധം സ്ത്രീയെ നയിക്കുന്നത് കീഴാളന്റേതായ ഒരു സ്വച്ഛന്ദാധികാരം ഉപയോഗിക്കുന്നിടത്തേക്കായിരിക്കും.[4] അതിനു കാരണം സ്ത്രീമാതൃകാ സങ്കൽപങ്ങൾ പുരുഷാധികാരത്തിന്റെ മൂശയിലാണ് വാർത്തെടുക്കുന്നത് എന്നതാണ്. ഇവിടെ യഥാർത്ഥത്തിൽ പുരുഷൻ വ്യവസ്ഥയ്ക്കു വിധേയപ്പെട്ടു കഴിയുകയും സ്ത്രീ അതിനു തയ്യാറാകാതിരിക്കുകയും ചെയ്യുന്ന അവസ്ഥയാ ണുള്ളത്. എന്നാൽ സ്ത്രീ ഒറ്റയ്ക്ക് അതിൽ നിന്നു പുറത്തു കടന്നാൽ അവളുദ്ദേശിക്കുന്ന സ്വാതന്ത്ര്യം അവിടെ സംഭവിക്കുന്നില്ല. അവളോടൊപ്പം വ്യവസ്ഥയെ മനസ്സിലാക്കിയോ നിഷേധിച്ചോ പുരുഷനും പുറത്തു കടന്നേ മതിയാകൂ. 'പുരുഷനും സ്ത്രീയും എടുത്തണിയുന്ന അധീശന്റെയും അടിമ യുടെയും ആചാരവേഷത്തിൽ നിന്ന് അവരെ മുക്തരാക്കാൻ ഒരു സ്ത്രൈണാ നുവർത്തനം (Becoming Woman) ആവശ്യമാണ്.[5] ഇവിടെ സ്ത്രീയും പുരുഷനും ഒരുപോലെ ഈ അധികാരവ്യവസ്ഥയിൽ നിന്നും പുറത്തു കടക്കുന്നു. ഇങ്ങനെ പുറത്തുകടക്കാനായി പുരുഷാധികാരത്തിനു കീഴ്പെടു മ്പോഴും സ്ത്രീയിൽ കീഴാളസ്വാധികാരം പ്രവർത്തിക്കുന്നുണ്ട്. ഈ

സ്വാധികാരമാണ് സ്ത്രീയെ വ്യത്യസ്തയാക്കുന്നത്. അതേ അധികാരത്തോടെ സ്ത്രീ അവളുടെ പുരുഷനെ വ്യവസ്ഥകൾക്ക് പുറത്തേക്ക് കൊണ്ടുവരുന്നു. അങ്ങനെ അന്നപൂർണി എന്ന കൽപാത്തിക്കാരി തമിഴ്ബ്രാഹ്മണ യുവതി (നെട്ടൂർമഠം) സ്വന്തം കീഴാളത്തിൽ നിന്നു സ്വയം മോചിപ്പിക്കുന്ന പ്രവർത്തനത്തിലൂടെ തന്റെ മേലാളനായി സമൂഹം അംഗീകരിച്ച (അവൾ അതംഗീകരിക്കുന്നില്ല) പുരുഷനെയും (ഗോവിന്ദൻ) അവന്റെ മിഥ്യാതൃഷ്ണയിൽ നിന്നു പുറത്തു കൊണ്ടുവരാൻ ശ്രമിക്കുന്നു. അഗ്രഹാരവ്യവസ്ഥയിൽ നിന്നും രമണിമന്നിയുടെ (ജ്യേഷ്ഠപത്നി) ചേന്ദമംഗലത്തെ തുറന്ന സമൂഹവ്യവസ്ഥയിലേക്ക് പറിച്ചു നടപ്പെട്ട അന്നപൂർണി സവിശേഷമായ ഒരു വ്യക്തിത്വമാണ് അവിടെ പ്രദർശിപ്പിക്കുന്നത്.

തന്റെ മഞ്ഞൾക്കാണിസ്വത്തു വിറ്റ പണവും ഗോവിന്ദന്റെ മഠം വിറ്റ പണവും ഒരുമിച്ചു കയ്യടക്കി വച്ച് ഗോവിന്ദനെ നയിച്ചുകൊണ്ട് മുന്നിൽ നടക്കുന്ന തന്റേടിയായ കഥാപാത്രമായാണ് അന്നപൂർണി നോവലിലുടനീളം പ്രത്യക്ഷപ്പെടുന്നത്. ഒരിക്കലും ഗോവിന്ദന്റെ പുരുഷാധികാരത്തിന് അവൾ വിധേയപ്പെട്ടതായി കാണുന്നില്ല. ഇടയ്ക്കിടെ ഗോവിന്ദനിൽ തലപൊക്കുന്ന പുരുഷവീര്യത്തെ പാടെ അവഗണിക്കാനുള്ള തന്റേടം അവൾ പ്രദർശിപ്പിക്കുന്നു ്. ചേന്ദമംഗലത്തേക്കുള്ള യാത്ര കുതിരവ ിയിൽത്തന്നെ വേണം, കുതിരക്കാരനെ പറഞ്ഞയക്കരുത്, ഞാൻ തരുന്ന കാശ് അവന് കൊടുത്താൽ മതി എന്നിങ്ങനെ സമയാസമയങ്ങളിൽ അവൾ ഗോവിന്ദന് നിർദ്ദേശങ്ങൾ കൊടുക്കുന്നു. തങ്ങളുടെ വരവിഷ്ടപ്പെടാതെ അവഗണിക്കുകയും അധിക്ഷേപിക്കുകയും ചെയ്ത പരശുരാമയ്യരോട് ധാർഷ്ട്യത്തിന്റേതായ ഭാഷ പ്രയോഗിക്കാനും അവൾക്കു മടിയില്ല. ഇവിടെയൊക്കെയും നിഷ്ക്രിയനായ ഗോവിന്ദനെയാണ് നാം കാണുന്നത്. എങ്കിലും എഴുത്തുകാരൻ അന്നപൂർണിയെന്ന കഥാപാത്രത്തെ ഗോവിന്ദന്റെ കാഴ്ചപ്പാടിലൂടെയാണ് വരച്ചിടുന്നത്. അതുകൊ ് ഈ അവസരങ്ങളൊക്കെയും അന്നപൂർണിയുടെ അഹങ്കാരം വെളിവാക്കുന്ന രംഗങ്ങളാക്കി മാറ്റാൻ എഴുത്തുകാരൻ ബോധപൂർവ്വം ശ്രമിക്കുന്നു. അന്നപൂർണിയെ അഹങ്കാരിയായി മാറ്റാൻ ഏതാനും

സ്ത്രീകളെക്കൂടി എഴുത്തുകാരൻ വിന്യസിക്കുന്നു ്. സ്ത്രീയുടെ പരുവ പ്പെടൽ സ്ത്രീയിലൂടെ തന്നെ സാധിച്ചെടുക്കാൻ പുരുഷ എഴുത്തുകാരൻ സ്വീകരിച്ച പ്രാചീനവും നീചവുമായ തന്ത്രമായി ഇതിനെ വിലയിരു ത്താം. രൂക്ഷമായ അനാചാരങ്ങളിൽ നിർമ്മിച്ചെടുത്ത അഗ്രഹാരവ്യവസ്ഥയെ ചോദ്യം ചെയ്യുകയും നിഷേധിക്കുകയും ചെയ്യുക വഴി അന്നപൂർണി ലോക സ്ത്രീത്വത്തിലേക്കുയരാനാണ് ശ്രമിച്ചതെങ്കിലും എഴുത്തുകാരന്റെ തന്ത്രപൂർവ്വമായ കരുനീക്കം കൊണ്ട് ഗോവിന്ദന്റെ തകർച്ചയുടെ കാരണക്കാരി യായി തരംതാഴ്ത്തപ്പെടുകയാണ് അന്നപൂർണി. തമിഴ്ബ്രാഹ്മണ സമൂഹ ത്തിൽത്തന്നെ വലിയ കോലാഹലമാണ് അന്നപൂർണിയുടെ പ്രതിഷേധ ത്തിന്റെ പേരിൽ രൂപപ്പെടുന്നത്.

തമിഴ്ബ്രാഹ്മണസ്ത്രീയ്ക്കായി രൂപപ്പെടുത്തിവച്ചിട്ടുള്ള ചില സാംസ്കാരിക ചിഹ്നങ്ങളെയാണ് അന്നപൂർണ്ണി ആദ്യം നിഷേധിക്കുന്നത്. മതവും സമുദായവും ചേർന്ന് രൂപപ്പെടുത്തിയെടുക്കുന്ന എല്ലാ സാംസ്കാരിക ചിഹ്നങ്ങളും സ്ത്രീയെ വിധേയയാക്കി നിർത്താനുള്ളതാണെന്നു നാം കണ്ടു. അതിനെ നിഷേധിക്കുക വഴി ആ വിധേയത്വത്തിനു നേരെയാണ് അന്നപൂർണി വാതിൽ കൊട്ടിയടയ്ക്കുന്നത്. വിവാഹശേഷമുള്ള ശാന്തി മുഹൂർത്തം എന്ന ചടങ്ങ് നടത്താൻ അവൾ സമ്മതിച്ചില്ല. ഏഴരവെളുപ്പിന് എഴുന്നേൽക്കാനോ കുളിച്ച് നട കഴുകി കോലം വരയ്ക്കാനോ ശമയലിനോ അവൾ താൽപര്യം പ്രകടിപ്പിച്ചില്ല. 'വേരുകളി'ലെ ഗീതയും 'നാർമടി പ്പുടവ'യിലെ കാഞ്ചനയും 'കിളിമൊഴികൾക്കപ്പുറ'ത്തിലെ മോഹനയും ഇതുപോലുള്ള സാംസ്കാരിക ചിഹ്നങ്ങളെ നിഷേധിച്ചവരാണ്.

സമൂഹത്തിൽ എല്ലാ സ്വാതന്ത്ര്യത്തോടെയും ജീവിച്ചാണ് ഗീത പുരുഷാധിപത്യത്തോടു പകരം വീട്ടിയത്. രാത്രിയാകുവോളം ക്ലബ്ബിൽ ചീട്ടുകളിച്ചിരുന്ന് ഭർത്താവു കാറുമായി വരുമ്പോൾ മാത്രം വീട്ടിലേക്കു തിരിക്കുന്ന ഗീത, വീട്ടിലെ ജോലിയും കുട്ടികളുടെ ഉത്തരവാദിത്തവും ര ുപേർക്കും ഒരുപോലെയാണെന്നു വാദിക്കുന്നു. സ്വത്വപ്രകാശനത്തിന്റെ കാര്യത്തിലും ഗീതയ്ക്ക് ഉറച്ച നിലപാടാണുള്ളത്. സ്ത്രീയെ മാത്രം അകറ്റി

നിർത്തുന്ന വ്യവസ്ഥാപിത നിലപാടുകളെ അവൾ ശക്തമായ ഭാഷയിൽ ചോദ്യം ചെയ്യുന്നുണ്ട്. രഘുവിന്റെ അച്ഛന്റെ ശ്രാദ്ധത്തിനു പോയ സംഭവം ഇതിനുദാഹരണമാണ്. കാക്ക പിണ്ഡം കൊത്താതിരുന്നത് ഗീത അശുദ്ധി യായി അവിടെ ഓടിനടന്നിട്ടാണെന്ന് അന്ധവിശ്വാസികളായ നാട്ടിൻപുറത്തു കാരികൾ ഒന്നടങ്കം പറഞ്ഞത് ഗീതയെ ചൊടിപ്പിച്ചു. ജൈവികമായ ഒരു പ്രതിഭാസത്തെ അനാചാരത്തിന്റെ ഉപകരണമാക്കി മാറ്റുന്ന ദുഷിച്ച സാമൂഹ്യപ്രവണതയെയാണ് ഗീത ചോദ്യം ചെയ്തത്. തൊട്ടുമുൻപത്തെ തലമുറയ്ക്ക് ഉള്ളിൽ പാപബോധം ജനിക്കാൻ ഇത്രമാത്രം മതിയായിരുന്നു. മതാത്മകത സൃഷ്ടിക്കുന്ന പാപബോധത്തിൽ നിന്നും സ്ത്രീ മുക്തയായാൽ മാത്രമേ അവൾക്ക് പുരുഷസമൂഹത്തോട് തുല്യത പുലർത്താനാകൂ.

'പരമ്പരാഗതമായ ചില പേടിപ്പെടുത്തലുകളിലും അടിച്ചമർത്തലു കളിലും അധിഷ്ഠിതമായാണ് ലിംഗാധികാരം ഉറപ്പിക്കപ്പെടുന്നത്. നാണക്കേട്, പാപബോധം, കഴിവില്ലായ്മ എന്നിവ അതിൽ ചിലതാണ്. അപമാനങ്ങളിൽ വലിയ അപമാനമായി ഇത്തരം പ്രവണതകളെ കണക്കാക്കുന്നതിലൂടെയും ഉള്ളിൽ പാപബോധം ജനിപ്പിക്കുന്നതിലൂടെയും സ്ത്രീ രണ്ടുതരത്തിൽ ചൂഷണം ചെയ്യപ്പെടുന്നു.'[6]

തന്റേത് അപമാനകരമായ ഒരവസ്ഥയല്ലെന്നും തികച്ചും ജീവശാസ്ത്രപരമായ ഒരനിവാര്യതയാണെന്നു സ്ഥാപിക്കുന്നതിലൂടെയും ഇതിൽ പാപബോധം കാണേ കാര്യമില്ലെന്നു ചിന്തിക്കുന്നതിലൂടെയും ഗീത ഈ പ്രതിസന്ധിയെ ഭംഗിയായി തരണം ചെയ്യുന്നു. നാട്ടിൻപുറത്തുള്ള, സ്വകാര്യതകളനുഭവിക്കാ നിടമില്ലാത്ത ഗാർഹികവ്യവസ്ഥയെയും ഗീത ചോദ്യം ചെയ്യുന്നുണ്ട്. അതു കൊണ്ടുതന്നെ ആ വീട് വിൽക്കാൻ അവളാവശ്യപ്പെടുന്നു. ഗ്രാമീണാവാസ വ്യവസ്ഥ സ്ത്രീജീവിതത്തെ ദുഷ്ക്കരമാക്കുന്നു. മറ്റുള്ളവന്റെ സ്വകാര്യത കളിലേക്ക് ചുഴിഞ്ഞുനോക്കുന്ന കണ്ണുകളെ നാഗരികാന്തരീക്ഷത്തിൽ നേരിടേണ്ടതില്ലെന്ന സത്യം ഗീത വെളിപ്പെടുത്തുന്നു. പരിശുദ്ധി, നിഷ്കളങ്കത തുടങ്ങിയ ആദർശവത്കൃത ഗുണങ്ങളാൽ കവികൾ വാഴ്ത്തുന്ന ഗ്രാമം എന്ന

സങ്കൽപം ഗീതയുടെ കാഴ്ചപ്പാടിലൂടെ കാണുമ്പോൾ സ്ത്രീജീവിതം ദുഷ്ക്കരമാക്കുന്ന ഒന്നായി മാറുന്നു.

'നാർമടിപ്പുടവ'യിലെ കാഞ്ചനയും ഗ്രാമത്തെ വെറുത്തവളാണ്. കനകാംബാളുടെ വാക്കുകളിൽ പറഞ്ഞാൽ 'തങ്ങളുടെ ആചാരമുറകളെപ്പറ്റി എപ്പോഴെങ്കിലും ഉദ്ബോധിപ്പിക്കാൻ തുടങ്ങിയാൽ അവൾക്ക് പരിഹാസമാണ്. മറ്റുള്ളവരെ ഭയന്നു ജീവിക്കാൻ ഒരുക്കമില്ലെന്നാണു പല്ലവി' ! (പുറം 17) അതേ മാനസികഭാവത്തോടെ തന്നെ അവൾ ഗ്രാമത്തെയും കനകാംബാളെയും വിട്ട് ഓടിപ്പോയി. 'ജാതിയുടെയും മതത്തിന്റെയും പേരിൽ എന്റേതോടൊപ്പം എന്നെ ഉള്ളഴിഞ്ഞ് സ്നേഹിക്കുന്ന ആ നല്ല മനുഷ്യന്റെ ജീവിതം കൂടി നശിപ്പിക്കുന്നതു പാപമാണ് എന്നാണ് ഞാൻ കരുതുന്നത്. ചിത്തിയുടെ ജീവിതത്തിൽ നിന്നും ഞാൻ പഠിച്ച പാഠവുമതാണ്.' (പുറം 19) എന്നെഴുതി വയ്ക്കാൻ അവൾ മറന്നില്ല. യഥാർത്ഥത്തിൽ അവളാണ് നായിക. സമുദായത്തിനകത്തെ ഒരു പുരുഷനെ വിവാഹം കഴിച്ചാൽ തന്റെ ജീവിതം എന്തായിത്തീരും എന്ന വ്യക്തമായ ധാരണ അവൾക്കു ്. പുരുഷനെ സ്വീകരിക്കുമ്പോൾ എടുക്കേണ്ട കൃത്യമായ നിലപാടുകൾ അവൾക്കറിയാം. 'മാന്യമായ നിലയിൽ കുടുംബം പുലർത്താനുള്ള സാമ്പത്തിക ശേഷിയും ഉദ്യോഗനിലയും അദ്ദേഹത്തിനുണ്ട് - '' (പുറം 19) അതിനപ്പുറം ജാതിമത ചിന്തകൾക്ക് സ്ഥാനമില്ല. ജാതിചിന്ത ഭക്ഷണം തരില്ല എന്നു ചിന്തിക്കാൻ മാത്രം പക്വതയെത്തിയവരാണ് ശുദ്ധതലമുറയിലെ കുട്ടികൾ.

ഡോക്ടർ മോഹന കാഞ്ചനയിൽ നിന്ന് ഒരുപടി കൂടി കടന്ന്, ജോലിയുണ്ടെങ്കിൽ ജീവിക്കാൻ പുരുഷസഹായം തന്നെ ആവശ്യമില്ലെന്ന് സ്ഥാപിക്കുന്നു. ഗ്രാമത്തെക്കുറിച്ച് മോഹനയ്ക്കും നല്ല അഭിപ്രായമല്ല ഉള്ളത്. ബന്ധുക്കൾ തന്റെ സമ്പാദ്യവും സമ്മാനങ്ങളും മാത്രം മോഹിച്ച് പൊള്ളയായ സ്നേഹപ്രകടനങ്ങൾ നടത്തിയിരുന്ന കാര്യം അവജ്ഞയോടെയേ അവൾക്കോർക്കാൻ കഴിയൂ. അമ്പലത്തിൽ പോകാൻ ഇഷ്ടപ്പെടാത്ത അവൾക്ക് വിളക്കുകൾ രണ്ടേയുള്ളു 'വീട്ടിൽ പെറ്റമ്മയും മനസ്സിൽ ഗുരുവും തെളിയിക്കുന്നത്'. തന്റെ സമൂഹത്തിന്റെ ഭ്രാന്തിൽ നിന്നാണ് മാനസിക

ചികിത്സകയാകാനുള്ള കരുത്ത് മോഹനയ്ക്ക് രൂപപ്പെട്ടത്. മത-സാമുദായിക ചിന്തകൾ അതിരുകൾ ലംഘിക്കുമ്പോൾ അത് ഭ്രാന്താകും. ആ ഭ്രാന്താണ് സമൂഹത്തെക്കൊണ്ട് അരുതായ്മകൾ ചെയ്യിക്കുന്നത്.

സമൂഹം എപ്പോഴും സ്ത്രീക്ക് ര ാം ലിംഗപദവി മാത്രമാണ് കൽപിച്ചിട്ടുള്ളത്. ഇത് സ്ത്രീ സ്വാംശീകരിക്കുന്നതുകൊണ്ടാണ് അവളുടെ ജീവിതം സങ്കീർണ്ണമാകുന്നത്. സിമോൺ ദി ബുവയർ പറയുന്നു:

'പുരുഷന്റെ പരമാധികാരത്താൽ അവൻ ക്രമീകരിച്ചുവച്ചിരിക്കുന്ന സമൂഹം സ്ത്രീ അപകർഷതാബോധമുള്ളവളാണെന്നു പറഞ്ഞു തരം താഴ്ത്തുന്നു. പുരുഷന്റെ ശ്രേഷ്ഠഭാവത്തെ തകർക്കുക വഴി മാത്രമേ അവൾക്ക് ഈ അപകർഷതാബോധത്തിൽ നിന്നും മുക്തി നേടാനാകൂ. അവൾ പ്രബുദ്ധയായി പുരുഷനുമേൽ അധികാരം ചെലുത്തണം. അവന്റെ പരിമിതികളിൽ അവനെ ആക്ഷേപിക്കണം. അവൻ രൂപപ്പെടുത്തിയ സത്യ ങ്ങളെയും മൂല്യങ്ങളെയും അവഗണിക്കണം. ഇത്തരത്തിൽ താനൊരനിവാര്യ തയല്ല എന്ന തിരിച്ചറിവ് പുരുഷന് ഉണ്ടാക്കിക്കൊടുക്കുക വഴി സ്ത്രീക്ക് അവളുടെ പരമാധികാരം തിരിച്ചുപിടിക്കാനാകും.'[7] സ്ത്രീകളെ അപകർഷതാ ബോധത്തിലേക്ക് നയിക്കുന്ന എന്തൊക്കെ വസ്തുതകൾ സമൂഹത്തിലുണ്ടോ അതിനെയെല്ലാം പുനർനിർമ്മിച്ച് തന്റെ താൽപ്പര്യങ്ങൾക്കനുസൃതമാക്കണം. ഇങ്ങനെ സമൂഹം സ്ത്രീയ്ക്കായി നിശ്ചയിച്ചിട്ടുള്ള മൂല്യങ്ങളെയൊക്കെ വെല്ലുവിളിച്ചു ജീവിക്കാൻ സ്ത്രീ തയ്യാറാകുമ്പോഴാണ് സ്ത്രീയുടെ സ്വാത ന്ത്ര്യപ്രഖ്യാപനം പൂർണ്ണമാകുന്നത്. സ്ത്രീയെ സ്വാഭാവിക വിധേയത്വത്തി ലേക്ക് നയിക്കുന്ന വിവാഹം, കുടുംബം, കുട്ടികൾ, പാപബോധം എന്നിവ യുടെയൊക്കെ നിരാസമോ തനിക്കനുകൂലമാക്കിയെടുക്കലോ നടന്നാൽ സ്ത്രീ സ്വതന്ത്രയാകും. അന്നപൂർണ്ണിക്ക് മഹത്തായ ഒരു ലക്ഷ്യമുണ്ട്; നെട്ടൂർമഠം പുതിയതായി നിർമ്മിക്കണം. കുട്ടികൾ, കുടുംബം എന്നിവ യൊക്കെ അതിനു തടസ്സമാകും എന്നു മനസ്സിലാക്കിയതുകൊണ്ടാണ് അവൾ ഗോവിന്ദനിൽ നിന്നും അകന്നു കഴിയുന്നത്. ഗോവിന്ദൻ അവൾക്കൊരനി വാര്യതയല്ല. നെട്ടൂർമഠത്തിലെ തന്റെ സഹോദരന്റെ ദുർന്നടപ്പ് സഹിക്കാനാ

കാതെ അവിടെ നിന്ന് രക്ഷപ്പെടാൻ അവൾ കണ്ടെത്തിയ മാർഗം മാത്രമാണ യാൾ. അവൾക്ക് ഒരുതരത്തിലുമുള്ള അപകർഷതാ ബോധമില്ല. അവൾക്കു മുന്നിൽ ഗോവിന്ദൻ ആരുമല്ല. അവനിലെ പുരുഷമേധാവിത്വം തലയുയർത്തുമ്പോഴെല്ലാം അവൾ അവനെ അപഹാസ്യനാക്കുന്നു. 'നെട്ടൂർമഠ ത്തിലെ ഏക പെൺതരി, മഞ്ഞൾക്കാണി സ്വത്തുള്ളവൾ എന്റെ മുന്നിൽ ജയിൽവാസം കഴിഞ്ഞുവന്ന നിങ്ങൾ ഒന്നുമല്ല' എന്ന് അവൾ ഇടയ്ക്കിടെ ആവർത്തിക്കും. അതുവഴി അവൾ തന്റെ സ്വത്വത്തെ സ്ഥാപിക്കുന്നു.

സമൂഹം സ്ത്രീയ്ക്കെതിരായി രൂപപ്പെടുത്തിയെടുത്ത എല്ലാതരം മൂല്യങ്ങളെയും ബന്ധങ്ങളെയും നിഷേധിച്ചുകൊണ്ടാണ് സ്ത്രീ അവളുടെ സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തിയത്. മതം, സമുദായം, കുടുംബം എന്നി ങ്ങനെ പുരുഷൻ ഭരിക്കുന്ന സ്ഥാപനങ്ങളെ അവഗണിക്കാൻ സ്ത്രീ തന്റേടം കാട്ടി. മതാചാരങ്ങളിൽ അടിയുറച്ചു ജീവിക്കുന്ന തമിഴ്ബ്രാഹ്മണ സാമൂഹ്യ വ്യവസ്ഥയ്ക്കകത്തു നിന്നുകൊണ്ട് അന്നപൂർണി, കാഞ്ചന, മോഹന, ഗീത എന്നീ സ്ത്രീകൾ മതാചാരങ്ങളെ നിഷേധിക്കുന്നു. അന്നപൂർണി കോല മിടാനോ വിളക്കു വയ്ക്കാനോ പിള്ളെയാർക്കു നിവേദ്യം നൽകാനോ തയ്യാറാകുന്നില്ല. മോഹന പുരുഷനു വേണ്ടി നിൽക്കുന്ന ദൈവങ്ങളെ നിഷേധിച്ചുകൊ ് ക്ഷേത്രത്തിൽ പോകാതിരിക്കുന്നു. കാഞ്ചനയാകട്ടെ ഇതിനെയെല്ലാം അവജ്ഞയോടെയും പരിഹാസത്തോടെയും നോക്കിക്കാ ണുന്നു. വിവാഹസമയത്ത് മതാചാരപ്രകാരം ധരിക്കേണ്ട പതിനെട്ടു മുഴം ചേല ചുറ്റാതെ വിവാഹം നടക്കില്ലെങ്കിൽ തനിക്ക് വിവാഹം ആവശ്യമില്ലെന്ന് ഗീത പറയുന്നു. ഗീതയ്ക്ക് കുടുംബം ഉണ്ടെങ്കിലും അതിന്റെ ബന്ധനങ്ങളിൽ മുറുകി കിടക്കാൻ തയ്യാറാകുന്നില്ല. കുടുംബം രൂപപ്പെടുന്നത് തന്റെ ലക്ഷ്യ പ്രാപ്തിക്കു തടസ്സമാകുമെന്നു കണ്ട് അന്നപൂർണി അതൊഴിവാക്കുന്നു. അന്നപൂർണിയും ഗോവിന്ദനും രണ്ടു വ്യക്തികളായി സമാന്തരപാതയിലൂടെ സഞ്ചരിച്ചതിനു ശേഷം വഴിമാറി പോകുന്നു. കുടുംബം, ഗൃഹജോലി എന്നിവയൊന്നും മോഹനയുടെ ജീവിതത്തിലും ഇല്ല. സ്വതന്ത്രമായ ഒരു ജീവിതമാണ് അവൾ നയിക്കുന്നത്. അടുക്കും ചിട്ടയുമില്ലാത്ത ജീവിതമാണ്

മോഹനയുടേതെന്ന് സമൂഹം വിലയിരുത്താം. എന്നാൽ ആ ജീവിതത്തിൽ അവൾ ആനന്ദം അനുഭവിക്കുന്നുണ്ട്. ആത്യന്തികമായ ആനന്ദം നൽകുന്നി ല്ലെങ്കിൽ അടുക്കിയൊതുക്കി വച്ച വീട് നിർജ്ജീവമായ കളിവീടാണെന്ന സത്യം മോഹന വെളിവാക്കുന്നു. ഒരു ബ്രാഹ്മണപ്പെണ്ണിങ്ങനെയാകാമോ എന്ന സമൂഹത്തിന്റെ ചോദ്യം പോലും അവളിൽ സന്തോഷമുളവാക്കുന്നു. താൻ വ്യവസ്ഥയെ ലംഘിച്ചതായി സമൂഹം തിരിച്ചറിഞ്ഞതിന്റെ സന്തോഷം. സ്വന്തം കാഴ്ചപ്പാടുകൾ രൂപപ്പെടുത്താൻ തടസ്സമാകുന്നതിനെയൊക്കെ തട്ടിമാറ്റി സമൂഹത്തെ വെല്ലുവിളിച്ചു ജീവിച്ച സ്ത്രീകഥാപാത്രങ്ങളാണിവർ.

## 6.2. സ്ത്രീ നേടുന്ന സാമ്പത്തിക സുരക്ഷിതത്വം:

തമിഴ്ബ്രാഹ്മണ സാമൂഹ്യവ്യവസ്ഥ സ്വത്തുടമാസ്ഥാനത്തേക്ക് സ്ത്രീയെ പരിഗണിക്കുന്നില്ല എന്നു നാം കണ്ടു. സ്ക്കൂൾ വിദ്യാഭ്യാസം പോലും നിഷേധിച്ചുകൊണ്ട് വളരെ നേരത്തെ, പ്രായപൂർത്തിയാകുന്നതിനു മുമ്പുതന്നെ വിവാഹം കഴിച്ചയച്ചു കൊണ്ട് അവളെ സ്വത്തുടമാസ്ഥാനത്തു്ി നിന്നും നീക്കുന്നു. പിന്തുടർച്ചാവകാശം പുരുഷനു നൽകുന്നതിനാൽ വിവാഹം കഴിച്ച വ്യക്തിയുടെ നന്മതിന്മകളെ ഒരുപോലെ സ്വീകരിച്ച് കഴിഞ്ഞു കൂടാൻ അവൾ നിർബന്ധിതയാകുന്നു. സാമ്പത്തിക സുരക്ഷിതത്വം നൽകാതെ അവളെ ചൂഷണം ചെയ്യുകയാണ് സമൂഹം ചെയ്യുന്നത്. മിക്ക സാമൂഹ്യവ്യവസ്ഥയിലും അടുത്ത കാലം വരെയും സ്ത്രീക്ക് സാമ്പത്തിക സുരക്ഷിതത്വം ഉണ്ടായിരുന്നില്ല. തുല്യജോലി കുറഞ്ഞ വേതനത്തിൽ സ്ത്രീ ചെയ്യേ അവസ്ഥയും ലോകമൊട്ടുക്ക് നിലനിന്നിരുന്നു. പുരുഷന്റെയത്ര കായികശേഷി സ്ത്രീയ്ക്കുണ്ടാകാനിടയില്ലെന്ന് നിഗമനമായിരുന്നു സമൂഹ ത്തിന്. അതുകൊണ്ടുതന്നെ സ്ത്രീവിമോചനത്തിന് അവളുടെ സാമ്പത്തിക സ്വാതന്ത്ര്യവും പൂർണ തൊഴിൽ ലഭ്യതയും ഒരനിവാര്യതയാണെന്ന് സ്ത്രീവിമോചനവാദികൾ വാദിച്ചു. 'സ്ത്രീകളുടെ സാമ്പത്തിക നിലയും സാമൂഹ്യപദവിയും മെച്ചപ്പെടണമെങ്കിൽ, അടിസ്ഥാനപരമായി അവർക്ക് ഭൂവുടമസ്ഥത ലഭിക്കണം.'[8] അല്ലാത്തപക്ഷം നല്ല ഒരു തൊഴിൽ ലഭ്യമായിരി

ക്കണം. ലിംഗസമത്വമോ സാമ്പത്തികസ്വാതന്ത്ര്യമോ ആദ്യം വേണ്ടത് എന്നൊരു ചോദ്യമുണ്ടായാൽ സംശയലേശമെന്യേ പറയാം സാമ്പത്തിക സ്വാതന്ത്ര്യം തന്നെയാണെന്ന്. കാരണം സാമ്പത്തികമായി സ്ത്രീ നേടുന്ന സ്വാതന്ത്ര്യവും സുരക്ഷിതത്വവും ഉറച്ച തീരുമാനങ്ങളെടുക്കാൻ അവളെ പ്രാപ്തയാക്കുന്നു. താൻ സമ്പാദിക്കുന്ന ഓരോ പൈസയും എന്തിനു വേണ്ടി വിനിയോഗിക്കണമെന്ന് പുരുഷനെപ്പോലെ സ്ത്രീക്കും തീരുമാനമെടുക്കാൻ അവസരമുണ്ടായാൽ ലിംഗസമത്വം താനേ വന്നുകൊള്ളും. സ്വന്തം സംരംഭങ്ങൾ തുടങ്ങാനും സ്വത്തുടമസ്ഥാവകാശം കിട്ടാനും സാമ്പത്തിക സുരക്ഷിതത്വം സ്ത്രീയെ സഹായിക്കുന്നു. ലിംഗപരമായ അസമത്വത്തിന്റെ പരിഹാരമല്ല സാമ്പത്തികസ്വാതന്ത്ര്യം. തന്റെ ലിംഗപദവിയെ ഉറപ്പിക്കാനുള്ള താണത്. കാരണം 'ലിംഗപരമായ വിവേചനത്തിനു നിദാനം സമ്പത്തല്ല, മറിച്ച് അതൊരു ധാർമ്മികരോഗമാണ്. അത് വ്യക്തികളുടെ ഹൃദയത്തിലാണ് വസിക്കുന്നത്.'[9] ആ രോഗത്തിന്റെ സംക്രമണം ഒരു പരിധിവരെ തടയാൻ സ്ത്രീ നേടുന്ന സാമ്പത്തികസ്വാതന്ത്ര്യം വഴി കഴിയും.

'വേരുകളി'ലെ ഗീതയ്ക്ക് എന്തുകൊണ്ട് ഇഷ്ടംപോലെ പുറത്തു പോകാനും രാത്രി വൈകി വരാനും ഭർത്താവിനെ ശാസിക്കാനും കഴിയുന്നു? സമ്പത്തിന്റെ കാര്യത്തിൽ പിന്നിലായ രഘുവിനെ അവളുടെ അച്ഛൻ വിലയ്ക്കെടുത്തതുകൊണ്ടാണ് അവൾക്കീ സ്വാതന്ത്ര്യം ലഭിച്ചത്. ഗീതയുടെ മുന്നിൽ രഘു പലപ്പോഴും നിഷ്ക്രിയനാണ്. ഇവിടെ വിട്ടുവീഴ്ചകൾ ചെയ്യുന്നത് രഘുവാണ്. സ്ത്രീ വിധേയത്വം പുലർത്തുന്ന സാഹചര്യങ്ങളിലെ പുരുഷന്മാരായ ദീക്ഷിതരെയും വാസുദേവഭാഗവതരെയും വെങ്കിടേശ്വര നെയും യജ്ഞനാരായണയ്യരെയും നാം കണ്ടു. സ്ത്രീയുടെ നിഷ്ക്രിയത്വവും മൗനവുമാണ് അവിടെ ഉണ്ടായിരുന്നതെങ്കിൽ സാമ്പത്തിക സ്വാതന്ത്ര്യമുള്ള സ്ത്രീക്കു മുന്നിൽ മൗനിയാകുന്നത് പുരുഷനാണ്. ഗീതയുടെ മുന്നിൽ രഘുവും അന്നപൂർണിയുടെ മുന്നിൽ ഗോവിന്ദനും നിശ്ശബ്ദതയുടെ പര്യായ ങ്ങളാകുമ്പോൾ മോഹനയുടെ മുന്നിൽ പുരുഷന്റെ അസാന്നിദ്ധ്യമാണുള്ളത്. തന്റെ മേൽ അധീശാധികാരങ്ങൾ ചെലുത്തുന്ന ഒരു പുരുഷനും ആവശ്യ

മില്ലെന്ന നിലപാടിലാണ് മോഹന. തന്റെ ജോലി കൊണ്ടു നേടിയ വീടും സമ്പാദ്യങ്ങളും എങ്ങനെ വിനിയോഗിക്കണമെന്നതിന് അവൾക്ക് ആരുടെയും അഭിപ്രായം തേടേണ്ടിയിരുന്നില്ല. എല്ലാം ട്രസ്റ്റാക്കി വിൽപത്രമെഴുതുമ്പോൾ അവൾ അതിന്റെ നേതൃസ്ഥാനത്തേക്ക് കൈപിടിച്ചുയർത്തിയതും രണ്ടു സ്ത്രീകളെയാണ് പ്രിയംവദയെയും കനകാംബാളെയും. സ്ഥാപനങ്ങളുടെയും സമ്പത്തിന്റെയും ഭരണം സ്ത്രീയുടെ കയ്യിൽ ഭദ്രമായിരിക്കും എന്ന് ഇതിലൂടെ മോഹന തെളിയിക്കുന്നു. പിതൃദായക്രമം നിലനിൽക്കുന്ന തമിഴ്ബ്രാഹ്മണ സാമുദായിക വ്യവസ്ഥയിൽ അച്ഛന്റെ പേരിൽ മകൾ സ്മാരകം പണിയുക എന്നത് വിൽപ്പത്രമെഴുതാൻ സഹായിച്ച സഭാപതി എന്ന തമിഴ്ബ്രാഹ്മണ വക്കീലിന് അത്ഭുതകരമായിരുന്നു. തന്റെ അച്ഛന് പ്രഗത്ഭരായ ആറ് ആൺമക്കളുണ്ടായിട്ടും കിട്ടാത്ത സൗഭാഗ്യം മകളെ വളർത്തിയ അച്ഛനു കിട്ടി എന്ന സന്തോഷം മാത്രമല്ല പുരുഷനു കഴിയാത്ത മാനസികൗന്നത്യത്തിലേക്ക് ഒരു തമിഴ്ബ്രാഹ്മണ സ്ത്രീയായ മോഹന എത്തുന്നു എന്നതിന്റെ സംതൃപ്തി കൂടിയുണ്ടിതിൽ. അച്ഛന്റെ പേരിൽ ട്രസ്റ്റ് തുടങ്ങുന്നതിന് അവൾക്കുള്ള ന്യായം ശ്രദ്ധേയമാണ്. ഇരുളിലാണ്ടു കിടന്ന പഴയ തലമുറയുടെ കണ്ണു തുറപ്പിച്ചു തന്റെ അച്ഛൻ. ബ്രാഹ്മണ പെൺകുട്ടി യുടെ പരിമിതികളിൽ മകളെ തളച്ചിടാതെ ആണിന്റെ കഴിവുകൾ ഉൾച്ചേർത്ത് അവളെ വളർത്തിയതാണ് ആ അച്ഛൻ ചെയ്ത നന്മ.

'സാമ്പത്തിക സ്വാതന്ത്ര്യത്തിനും സാമ്പത്തിക വളർച്ചയ്ക്കും ലിംഗ സമത്വത്തിനും തമ്മിലുള്ള ആഴത്തിലുള്ള ബന്ധം പരിഗണിച്ച് സ്ത്രീകളുടെ സാമ്പത്തിക വിമോചനത്തിനുള്ള പുതിയ ഒരു പ്രത്യയശാസ്ത്രം രൂപപ്പെടു ത്തിയെടുക്കുമ്പോൾ മാത്രമേ സാമ്പത്തികവിധേയത്വത്തിൽ നിന്നും അതു വഴിയുള്ള അടിച്ചമർത്തലുകളിൽ നിന്നും സ്ത്രീയെ സ്വതന്ത്രയാക്കാൻ കഴിയൂ.'[10] സാമ്പത്തിക പങ്കാളിത്തം സ്ത്രീയുടെ ര ാം ലിംഗപദവിയെ അൽപമെങ്കിലും ഉയർത്താൻ സാധ്യതയുണ്ട്. സാമ്പത്തിക കാര്യത്തിലും രാഷ്ട്രീയ കാര്യത്തിലും അഭിപ്രായങ്ങൾ രേഖപ്പെടുത്താനും തീരുമാനങ്ങ ളെടുക്കാനും സാമ്പത്തികഭദ്രത സ്ത്രീയെ പ്രാപ്തയാക്കും. സാമ്പത്തികമായി

ഏറെ പുരോഗതി നേടിയ രാഷ്ട്രങ്ങളിൽ ഈ അവസരസമത്വം സ്ത്രീക്ക് ലഭ്യമാകുമ്പോൾ ഇന്ത്യയെപ്പോലെ സംസ്കാരത്തിലടിയുറച്ചു ജീവിക്കുന്ന രാജ്യങ്ങളിൽ സ്ത്രീയുടെ മുന്നോട്ടുള്ള പ്രയാണം സുതാര്യമല്ല. അതുകൊണ്ടു തന്നെ ഇവിടെ ലിംഗവിവേചനം പൂർണ്ണമായും തുടച്ചുനീക്കാനാകുന്നില്ല. 'സ്ത്രീകൾക്ക് സമത്വം നേടാൻ സഹായങ്ങൾ ആവശ്യമില്ലെന്നും സ്ത്രീയാ യിരിക്കുന്നതിന്റെ പരിഗണനകൾ ലഭ്യമാക്കാനാണ് സർക്കാറിന്റെ ഭാഗത്തു നിന്നായാലും മറ്റു സ്ഥാപനങ്ങളിൽ നിന്നായാലും സ്ത്രീകൾ ശ്രമിക്കുന്ന തെന്നും മിഖായേൽ ഡി സ്ട്രൗപ് പറയുന്നു.[11] അതിനാൽ പോയ തലമുറകൾ സാമ്പത്തികമായി വിവേചനം അനുഭവിച്ചതിനെ ദുരീകരിക്കാനല്ല, പുതിയ തലമുറയെ വിവേചനമില്ലാത്ത രീതിയിൽ രൂപപ്പെടുത്തിയെടുക്കാനാണ് ശ്രമി ക്കേ തെന്നും അദ്ദേഹം പറയുന്നു. മനുഷ്യന്റെ എല്ലാതരത്തിലുള്ള പ്രവർത്തനത്തെയും നിയന്ത്രിക്കുന്നത് അവന് സാമൂഹികമായും സാമ്പത്തിക മായും നേടാനായ സ്ഥാനമാണ്. അതുകൊണ്ട് സമൂഹത്തിൽ ഇടം നേടുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുമ്പോൾ മാത്രമേ സ്ത്രീക്ക് അവൾ ഉദ്ദേശിച്ച രീതിയിലുള്ള ഒരു അവസരസമത്വം വന്നുചേരുകയുള്ളു.

മോഹന സമ്പത്തുണ്ടാക്കാൻ മാത്രമല്ല തൊഴിൽ ചെയ്യുന്നത്. അതു കൊ ുതന്നെ തന്റെ സേവനത്തിന്റെ കുറച്ചുഭാഗം സാമൂഹ്യ പ്രവർത്തന ത്തിനായി അവൾ മാറ്റിവയ്ക്കുന്നു. ഒരു സന്നദ്ധസേവനസ്ഥാപനത്തിൽ മാനസികവിഭ്രാന്തി പ്രകടിപ്പിക്കുന്ന സ്ത്രീകളെ ചികിത്സിക്കാൻ വരുന്ന മോഹനയുടെ സേവനത്തിൽ അവർ തൃപ്തരാണ്. എത്ര തിരക്കിലായാലും അവൾ അവിടത്തെ കാര്യം പറഞ്ഞു വിളിച്ചാൽ ഓടിവരുമെന്നു പറയുന്നത് മനസ്സർപ്പിച്ച് ആ പ്രവർത്തനത്തിൽ അവൾ പങ്കാളിയാകുന്നതുകൊണ്ടാണ്. തന്റെ ജോലിയിൽ നിന്നും എത്ര സമ്പാദിക്കണമെന്നും അത് എങ്ങനെ വിനിയോഗിക്കണമെന്നും തീരുമാനിക്കാനുള്ള അവകാശം അവളിൽത്തന്നെ നിക്ഷിപ്തമായതുകൊണ്ട്, ഒരു കാലത്ത് തന്നെ ഒരു തരത്തിലും സഹായി ക്കാത്ത, സമ്പത്തു ക ു മാത്രം തന്റെ ബന്ധുത്വം ഇഷ്ടപ്പെടുന്ന ബന്ധുക്കളുടെ കൈകളിൽ അതെത്താതിരിക്കാനുള്ള കരുക്കൾ നീക്കാൻ

അവൾക്കായി. സ്ത്രീയുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ നിർണ്ണയിക്കാൻ അവൾ നേടുന്ന സാമൂഹികസാമ്പത്തികസ്ഥാനത്തിനു കഴിയും. ദൂരയാത്ര പോയി അവിടെ വച്ച് ദാരുണാന്ത്യം ഏറ്റുവാങ്ങേണ്ടി വന്ന മോഹന അന്നുവരെയും സമൂഹത്തിലെ തന്റെ പദവി ഉറപ്പിച്ചു നിർത്തിയത് അവളുടെ വിദ്യാഭ്യാസ നിലവാരവും സാമ്പത്തികഭദ്രതയും കൊണ്ടു തന്നെയാണ്. മരണം അവളെ ഒന്നുകൂടി ശ്രേഷ്ഠയാക്കുന്നു. അവളുടെ സമ്പാദ്യം സമൂഹനന്മയ്ക്കായി വിനിയോഗിക്കാൻ തീരുമാനിക്കുക വഴി അവളുടെ സാമൂഹ്യപദവി ഉയരുന്നു.

അന്നപൂർണിയും സാമൂഹ്യമായി തന്റെ പദവി ഉയർത്താനാണ് പുതിയൊരിടം തേടി പുറപ്പെടുന്നത്. കാരണം സാമൂഹികസാമ്പത്തിക പദവി ഒരു സ്ത്രീയുടെ എല്ലാതരത്തിലുള്ള പുരോഗതിക്കും ഗുണപരമായ ജീവിതത്തിനും ആവശ്യമാണ്. 'സാമ്പത്തികസ്വാതന്ത്ര്യത്തിന് ചില ഗുണങ്ങ ളു ്. അവിടെ വ്യക്തിയുടെ തിരഞ്ഞെടുപ്പിൽ സ്വാതന്ത്ര്യമനുവദിക്കുന്നു. പൊതുമേഖലയിൽ സുതാര്യമായ ഒരു കൈമാറ്റ വ്യസ്ഥയ്ക്കുള്ള സാധ്യതക ളനുവദിക്കുന്നു. സുഗമമായി വിപണിയിൽ കടന്നു ചെല്ലാനും മത്സരിക്കാനും ഇടം അനുവദിക്കുന്നു. വ്യക്തിയുടെ സ്വത്തവകാശത്തെ സംരക്ഷിക്കാനു മാകുന്നു.''[12] ഇത്തരത്തിലുള്ള ഒരു തുറന്നയിടം സാമൂഹികവും മതപരവുമായി വിവേചനം അനുഭവിക്കുന്ന വിഭാഗത്തിലെ സ്ത്രീക്കാണ് ലഭിക്കുന്നതെങ്കിൽ തീർച്ചയായും അവൾക്ക് നല്ല മാനസികാരോഗ്യവും ശാരീരികാരോഗ്യവും നേടാൻ അത് സഹായിക്കും. അന്നപൂർണിക്കു മുന്നിൽ അത്തരമൊരു പൊതുവിപണിയുടെ സാധ്യത തുറന്നുകിട്ടിയപ്പോൾ, ഗോവിന്ദനെപ്പോലൊരു പുരുഷനേക്കാളധികം അടുക്കും ചിട്ടയുമായി അത് കൈകാര്യം ചെയ്യാൻ അവൾക്കാകുന്നു. പരശുരാമയ്യരുടെ ശക്തനായ എതിരാളി പഞ്ചാപകേശയ്യ രാണ് അത്തരമൊരു സാധ്യത അവൾക്കു തുറന്നുകൊടുത്തത്. സ്ഥാപനം എങ്ങനെയായിരിക്കണമെന്നും ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ ഏതു രീതിയിൽ ഉപയുക്തമാക്കണമെന്നുമുള്ള അവളുടെ നിർദ്ദേശങ്ങൾ അവിടത്തെ പുരുഷന്മാരെ ചൊടിപ്പിക്കുന്നുണ്ട്. ഗോവിന്ദന് അവിടെ നിയന്ത്രണമേർപ്പെടു

ത്താനാവില്ല. കാരണം പഞ്ചാപകേശയ്യർ സ്ഥാപനം കൈമാറിയത് അന്ന പൂർണിക്കാണ്. തനിക്കിണങ്ങാത്ത ജോലിക്കാരനെ അവൾ പിരിച്ചുവിടുന്നു. അത് ചോദ്യം ചെയ്യാനുള്ള സാവകാശം അവൾ ഗോവിന്ദന് കൊടുക്കുന്നില്ല. എല്ലാവരുടെയും മുൻവിധികളെ തകർത്തു കൊണ്ട് ആ സ്ഥാപനം ലാഭകര മാക്കാനും സ്ഥലകാലങ്ങളെ ശരിയായി വിനിയോഗിക്കാനും അവൾക്കാ കുന്നു ്. ഗോവിന്ദൻ പരാജയപ്പെട്ടിടത്തെല്ലാം അവൾ വിജയിച്ചു മുന്നേറുന്നു. മഹത്തായ ഒരു ലക്ഷ്യം മുന്നിൽ കണ്ട് പ്രയാണമാരംഭിച്ച അന്നപൂർണിയെ മാനസികമായും ശാരീരികമായും തകർക്കാനാണ് ഗോവിന്ദനിലെ പുരുഷൻ ശ്രമിച്ചത്. ആ ലക്ഷ്യപ്രാപ്തിക്ക് അവളോടൊപ്പം നിന്നില്ലെന്നു മാത്രമല്ല തങ്ങളുടെ നിലയും നിലപാടുകളും മറന്ന്, സ്വയം രക്ഷിക്കാനോ കുടുംബ ത്തെ രക്ഷിക്കാനോ കഴിയാത്ത അയാൾ ദേശരക്ഷയ്ക്കായി ഇറങ്ങിപ്പുറ പ്പെടുകയും അമ്പേ പരാജയപ്പെടുകയും ചെയ്യുന്നു. അന്നപൂർണിയാകട്ടെ ഗോവിന്ദന്റെ പിന്തുണയില്ലാതെ തന്നെ ജോലിയിൽ പുരോഗമിക്കുകയും പുതിയ നെട്ടൂർമഠത്തിന് ശിലയിടുകയും ചെയ്യുന്നു.

കുടുംബത്തെ ക്രമബദ്ധമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്ന അതേ കരുനീക്കങ്ങളോടെ ഒരു സ്ത്രീക്ക് സാമൂഹികസാമ്പത്തിക പദവി യെയും, ഒരു പക്ഷേ പുരുഷനേക്കാൾ നന്നായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയും എന്നു തെളിയിച്ച കഥാപാത്രങ്ങളാണ് അന്നപൂർണിയും. മോഹനയും മോഹനയിലെ പുരുഷന്റെ അസാന്നിദ്ധ്യമോ അന്നപൂർണിയിലെ പുരുഷന്റെ സാന്നിദ്ധ്യമോ ഇവരുടെ പ്രവർത്തനങ്ങളിൽ ഒരു തരത്തിലുള്ള ചലനവും സൃഷ്ടിക്കുന്നില്ല. തങ്ങളുടെ യാത്രാമദ്ധ്യേ സഹയാത്രികരായ പുരുഷന്മാരെ കൃത്യമായ ഒരകലത്തിൽ നിർത്താൻ അവരിലെ സാമ്പത്തികഭദ്രതയ്ക്കും സാമൂഹ്യപദവിക്കും കഴിയുന്നുണ്ട്. പുരുഷന്റെ അധീശത്വം തങ്ങളുടെ മേൽ ഏൽക്കാതിരിക്കാൻ അവരെ നിഷ്ക്രിയരാക്കുന്ന നിലപാടുകളാണ് പലപ്പോഴും ഇവർ എടുക്കുന്നത്. ഉൾക്കൊള്ളാവുന്ന തലം വരെ കൂടെ നിർത്തുകയും അതു കഴിയുമ്പോൾ എന്നെന്നേക്കുമായി ആട്ടിയകറ്റുകയും ചെയ്യുന്നുണ്ട് പുരുഷന്മാരെ രണ്ടുപേരും. മോഹനയ്ക്ക് പുരുഷന്റെ

അസാന്നിദ്ധ്യം ചിലപ്പോഴൊക്കെ വേദന സമ്മാനിക്കുന്നുണ്ട്. ഗോവിന്ദൻ എന്ന പുരുഷൻ തന്റെ ജീവിതത്തിലേക്ക് കടന്നുവന്നു എന്ന ഭാവം കൂടിയില്ല അന്നപൂർണിക്ക്.

## 6.3. സ്ത്രൈണ ലൈംഗികതയുടെ സ്വാതന്ത്ര്യ പ്രഖ്യാപനം:

ലൈംഗികമായി ഏറ്റവും കൂടുതൽ അടിച്ചമർത്തപ്പെടുകയും ചൂഷണം ചെയ്യപ്പെടുകയും ചെയ്ത ഒരു വിഭാഗമാണ് തമിഴ്ബ്രാഹ്മണ സ്ത്രീ. സ്ത്രീകളും പെൺകുട്ടികളും ഒരുപോലെ ഇവിടെ ചരക്കുകളാക്കപ്പെടുകയും വൻതോതിൽ ഉപഭോഗം ചെയ്യപ്പെടുകയും ചെയ്യുന്നുണ്ട്. രണ്ടാംതരം ലിംഗപദവിയിൽ നിന്നു തുടങ്ങുന്നു ഈ ചൂഷണം. പുരുഷന്റെ അതിരു കടന്ന ലൈംഗികതാൽപര്യങ്ങൾക്ക് വിധേയരാകുന്നവരെയും ഇരകളാകുന്നവരെയും ഇവർക്കിടയിൽ ക െത്താനാകും. ഒപ്പം തങ്ങളുടെ ലൈംഗികാസ്തിത്വം സ്ഥാപിക്കാൻ കഴിയാത്തവരുമുണ്ടെന്ന് മുന്നധ്യായത്തിൽ നാം കണ്ടു. ഇത്തര ത്തിൽ വിശാലവും ആഴമേറിയതുമായ ലൈംഗികാസമത്വത്തിൽ നിന്നും ചൂഷണത്തിൽ നിന്നും സ്ത്രീ സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നതും സ്വന്തം ലൈംഗികാസ്തിത്വം സ്ഥാപിച്ചെടുക്കുന്നതെങ്ങനെയെന്നുമാണ് ഇനി അന്വേ ഷിക്കാനുള്ളത്.

സ്ത്രീകൾക്ക് പുരുഷന്മാരുടെ നിർബന്ധത്തിനു വഴങ്ങിയുള്ള ലൈംഗികബന്ധങ്ങളെ നിരസിക്കാൻ മാത്രമല്ല, അവരാഗ്രഹിക്കുന്ന രീതിയിൽ ലൈംഗികത ആസ്വദിക്കാനും സ്വാതന്ത്ര്യമുണ്ട്.[13] പുനരുത്പ്പാദനോപകര ണങ്ങൾ മാത്രമാക്കി സ്ത്രീകളെ വിധേയകളാക്കിയിരുന്ന തമിഴ്ബ്രാഹ്മണ സമൂഹത്തിനകത്ത് നിന്ന് കുട്ടി, കുടുംബം, മാതൃത്വം എന്നിവ സൃഷ്ടിക്കുന്ന മാർഗ്ഗതടസ്സങ്ങളെ ഒഴിവാക്കിക്കൊണ്ട് മുന്നേറിയവരാണ് അന്നപൂർണിയും മോഹനയും. പുരുഷന്റെ അധീശത്വത്തിന്മേലുള്ള ലൈംഗികത നിഷേധിക്കുക യാണ് അന്നപൂർണി ചെയ്തതെങ്കിൽ തന്റെ ഇച്ഛയ്ക്കനുസരിച്ച് പുരുഷ ലൈംഗികതയെ ആസ്വദിക്കുകയും അവനെടുക്കുന്ന അമിത സ്വാതന്ത്ര്യത്തിനു തടയിടുകയും ചെയ്തുകൊണ്ടാണ് മോഹന അവളുടെ സ്വാതന്ത്ര്യം

പ്രഖ്യാപിച്ചത്. പുരുഷലൈംഗികതയുടെ അതിപ്രസരത്തിൽ നിന്നു രക്ഷനേടാനും കുടുംബം, കുട്ടികൾ എന്നീ ബാധ്യതകളില്ലാതെ ലൈംഗികത ആസ്വദിക്കാനും സ്ത്രീവിമോചനവാദികൾ സ്വവർഗ്ഗസ്നേഹം പ്രോത്സാഹിപ്പിച്ചിരുന്നു. അതിന്റെ എല്ലാ ചലനങ്ങളും തമിഴ് ബ്രാഹ്മണ സ്ത്രീ സമൂഹത്തിലുമുണ്ടായിരുന്നു. മോഹന അതിനൊരുദാഹരണമാണ്. സ്വന്തം കൂട്ടുകാരിയിൽ നിന്നാണ് മോഹനയ്ക്ക് ആദ്യത്തെ ശാരീരികസുഖം അറിയാൻ കഴിഞ്ഞത്. തന്റെ ശരീരത്തെ ആദ്യമറിഞ്ഞത് അവളാണെന്ന് മോഹന ഓർക്കുന്നു. ലൈംഗികത എന്ന സ്ഥാപനത്തെ അന്നപൂർണിയും മോഹനയും സമീപിച്ചത് രണ്ടു രീതിയിലാണെന്നു സാരം.

ഏതൊരധികാരവും എല്ലായ്പ്പോഴും വ്യക്തികളെ അതിന്റെ പ്രത്യയശാസ്ത്രത്തിനനുസൃതമായി മെരുക്കിയെടുക്കുന്നു. 'വ്യക്തികളുടെ ശരീരങ്ങളെയും ശാരീരിക പ്രക്രിയകളെയും അധികാരമൂല്യങ്ങൾക്കു വിധേയമാക്കി അച്ചടക്കത്തിലാക്കുന്നു. ഗാർഹികവത്ക്കരിക്കപ്പെട്ട സ്ത്രീയെ സംബന്ധിച്ചിടത്തോളം അവളുടെ വൈയക്തികവും സാമൂഹികവുമായ ഇടപെടലുകൾ പുരുഷാധികാരത്താൽ നിശ്ചിതവും നിയതവും നിയന്ത്രണവിധേയവുമാണ്.'[14] കുലീനമായ പെരുമാറ്റസംഹിതയും ശാരീരികചലനങ്ങളുമാണ് പെണ്ണിനാവശ്യം എന്ന് പുരുഷഭാവന തീരുമാനിച്ചു. അങ്ങനെ പുരുഷന്മാർ അവരുടെ താത്പര്യാർത്ഥം രൂപപ്പെടുത്തിയ കുടുംബം എന്ന സങ്കൽപത്തിനകത്ത് സ്ത്രീക്ക് അവളുടെ സ്വത്വനിർമ്മിതി സാധ്യമല്ല. അവിടെ പുരുഷന്റെ നിരീക്ഷണത്തിലാണ് അവളുടെ സ്വാതന്ത്ര്യം. സ്ത്രീയെ രക്ഷിക്കാനും ശിക്ഷിക്കാനും പുരുഷന് അധികാരമുണ്ടെന്ന് അവൻ സ്ഥാപിക്കുന്നു. 'ആൺകോയ്മയെ ഭൂമിയിലെങ്ങും വ്യാപിച്ചു കിടക്കുന്ന ഒരു ആദിമമത'മായി കേറ്റ് മില്ലറ്റ് കാണുന്നു.[15] ആൺകോയ്മയെ ഊട്ടിയുറപ്പിക്കുന്ന കുടുംബം എന്ന സങ്കൽപത്തെ തിരസ്കരിക്കുക വഴി സ്ത്രീകൾക്ക് അവരുടെ സ്വത്വപ്രകാശനത്തിനുള്ള വഴിയാണ് തുറന്നു കിട്ടുക. അതിനാൽ മോഹന കുടുംബജീവിതം തിരസ്ക്കരിച്ചു. എന്നാൽ പുരുഷനറിയാത്ത, പുരുഷനെ അറിയാത്ത സ്ത്രീയല്ല മോഹന. അവളുടെ ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ

കയറിയിറങ്ങിപ്പോയ പുരുഷനാണ് ഫ്രെഡ്ഡി. പുരുഷന്മാരെക്കുറിച്ചുള്ള മോഹനയുടെ സാമാന്യമായ കാഴ്ചപ്പാട് 'വെടക്കാക്കാനല്ലാതെ വെടിപ്പാക്കാൻ കഴിയോ്വാ പുരുഷനെന്തെങ്കിലും' എന്നാണ്. 'ആണിനെ ഒന്നിനു മാത്രേ കൊള്ളൂ, ഒപ്പം ഉറങ്ങാൻ, അതും നമുക്കു വേണ്ടപ്പോൾ, നമ്മുടെ വ്യവസ്ഥകളിൽ' എന്നാണ് അവളുടെ തത്വശാസ്ത്രം. മന:ശാസ്ത്രവിദഗ്ദ്ധയായ മോഹന ഏറ്റവും അറിയാൻ ശ്രമിച്ചത് തന്റെ മനസ്സിനെയാണ്. സെക്സിനെക്കുറിച്ചും തുറന്നു സംസാരിക്കാൻ മോഹന തയ്യാറാണ്. പുരുഷമേധാവിത്തത്തെ വെറുക്കാനുള്ള പല കാരണങ്ങളിൽ ഒന്നും അവൾക്കിതുതന്നെ.

'സത്യത്തിൽ സെക്സ് ഒരിക്കലും ഒരാവശ്യമായി തോന്നിയിട്ടില്ല. എന്റെ ശരീരത്തിന്. സെക്സിലെ സ്വാർത്ഥത, പ്രത്യേകിച്ചും ആണിന്റെ വശത്തു നിന്നുണ്ടാവുന്നത് എന്നെ വല്ലാതെ മടുപ്പിക്കുന്നു' (പുറം 61). അതുകൊണ്ട് സ്ഥിരവും ആവർത്തനവിരസവും പുരുഷമേധാവിത്തപരവുമായ കുടുംബജീവിതത്തിലെ സെക്സിനോടുള്ള വിരോധം നിമിത്തം അവൾ കുടുംബം വേണ്ടെന്നു വച്ചു. മനസ്സിലെ സത്യങ്ങൾ തുറന്നു പറയുന്നതു കൊ ് ആരും ചീത്ത സ്ത്രീകളാകുന്നില്ല. ചീത്ത ശരീരത്തേക്കാൾ അപകടം ചീത്ത മനസ്സാണെന്നവൾക്ക് നിശ്ചയമുണ്ട്. സ്പർശമാണ് ലോകത്തേറ്റവും വലിയ 'കമ്മ്യൂണിക്കേഷൻ'. മിക്ക പുരുഷന്മാർക്കും അതറിയില്ല. സ്ത്രീയെ സമീപിക്കുക എന്നുപറഞ്ഞാൽ അവളുടെ സ്വകാര്യഭാഗങ്ങളെ തേടിപ്പോകുക എന്നാണ് പുരുഷന്റെ സിദ്ധാന്തം. ഇത്തരം പുരുഷന്മാരെക്കുറിച്ചോർക്കുമ്പോൾ തന്നെ മോഹനയ്ക്ക് ഓക്കാനം വരും. അതില്ലാത്ത ഒരു പുരുഷനെയേ അവൾ അറിഞ്ഞുള്ളു. അവനാണ് ഫ്രെഡ്ഡി. തൽക്കാലത്തെ സൗഹൃദം മോഹനയുടെ ഭാഷയിൽ പറഞ്ഞാൽ 'പെഴച്ചുപെറ്റ' അവന് അകലാനാകാത്ത ആത്മബന്ധമായി. അവളവന് പെറ്റമ്മയും പോറ്റമ്മയും കാമുകിയുമൊക്കെയായി. പുരുഷന്റെ സ്വാതന്ത്ര്യം തന്റെ ജീവിതത്തിൽ അനുവദിച്ചു കൊടുക്കില്ലെന്നു തീരുമാനിച്ച അവൾ അവന്റെ സാന്നിദ്ധ്യം ഭാരമായി അനുഭവപ്പെട്ടപ്പോൾ ജർമ്മനിയിലേക്ക് നിർബന്ധപൂർവ്വം പറഞ്ഞയച്ചുകൊണ്ട് തന്റെ ജീവിതത്തിലേക്കുള്ള പുരുഷസ്വാതന്ത്ര്യത്തിന്റെ

കടന്നുകയറ്റത്തെ പ്രതിരോധിച്ചു. പുരുഷന്മാരിൽ ഏറ്റവും ചീത്തയായ പുരുഷനായാണ് മോഹന ഫ്രെഡ്ഡിയെ വിലയിരുത്തുന്നത്. എന്നിട്ടും അവനോട് അവൾ ചേർന്നതിന്റെ പിന്നിലെ യുക്തി 'പുറംകാഴ്ചയിൽ ചേരാത്തവർ ചേർന്നിരുന്നത് നമുക്കു തന്നെ രൂപമില്ലാത്ത ഏതോ കാണാ വിതാനങ്ങളിലാകാം' (പുറം 67) എന്നാണ്. 'ചേരാത്തവരുടെ ചേർച്ച എന്ന സാമാന്യവത്ക്കരണത്തിനപ്പുറം ചേർച്ചയുടെ ഒരംശം മനസ്സിൽ ഒതുക്കി വച്ചിട്ടും തന്റെ സ്ത്രീത്വത്തെ സ്ഥാപിക്കാൻ മോഹന ഫ്രെഡ്ഡിയെ തന്നിൽ നിന്നകറ്റുന്നു. 'എന്തൊക്കെയായാലും ഒരാണിന്റെ കൂടെ പൊറുക്കാൻ എന്നെ ക്കൊ ാവില്ല' (പുറം 69) എന്ന് അവൾ ഉറക്കെ സ്വാതന്ത്ര്യപ്രഖ്യാപനം നടത്തുന്നു. പുരുഷനെ വെറുക്കാൻ മോഹനയ്ക്ക് നിരവധി ന്യായങ്ങളുണ്ട്:

'അവരുടെ ആ മുടിഞ്ഞ കിങ്ങ്സൈസ് ഈഗോ. ശിരസ്സിനു ചുറ്റും ഒരു അദൃശ്യമായ ഹാലോ ഉണ്ടെന്ന ഹുങ്ക്. അത് കാണാനുള്ള കണ്ണ് പെണ്ണിനി ല്ലെന്ന വീമ്പുപറച്ചിൽ. പിന്നെ ആ ശരീരപ്രകൃതിയുടെ, പേശിബലത്തിന്റെ അനാവശ്യമായ ഊറ്റം' (പുറം 58) ഏത് ഊക്കൻ പേശിയെയും തളർത്താൻ പെണ്ണിന്റെ ഒരു പാതി നോട്ടം പോലും വേണ്ടെന്നു തിരിച്ചറിയാത്ത വങ്കന്മാരാണ് പുരുഷന്മാർ എന്നും മോഹന പറയുന്നു. അതിനാൽ ഒരു പുരുഷനു കീഴ്പെട്ടു ജീവിക്കാതെ, സമ്പാദ്യം അവനടിയറ വെയ്ക്കാതെ നാട്ടിലെ പഠിക്കാൻ മിടുക്കുള്ള പാവപ്പെട്ട പെൺകുട്ടികൾക്കായി വലിയൊരു സ്കോളർഷിപ്പ് ഫണ്ട് രൂപീകരിക്കുക എന്നതാണ് അവളുടെ സ്വപ്നം. തമിഴ്ബ്രാഹ്മണ പെൺകുട്ടിയുടെ പഠിക്കാനുള്ള ആഗ്രഹവും സ്വപ്നങ്ങളും വിലയില്ലാത്ത ചരക്കുകളാണ്. 'വല്ല വീട്ടിലും ചെന്നുകയറേണ്ട പെണ്ണിനെ കഷ്ടപ്പെട്ടു പഠിപ്പിച്ചിട്ടെന്തു പുണ്യം' എന്ന സ്വസമുദായ പുരുഷമേധാവി കളുടെ ചോദ്യത്തിന് തടയിടാൻ തന്നെക്കൊണ്ടാവുന്നത് തമിഴ്ബ്രാഹ്മണ സ്ത്രീ സമൂഹത്തിനായി ചെയ്യുക. ഇതാണ് മോഹനയുടെ ലക്ഷ്യം.

ഇന്നത്തെ സമൂഹത്തിൽ പുരുഷനെ സംബന്ധിച്ചിടത്തോളം ലൈംഗിക സ്വാതന്ത്ര്യം എന്നു പറയുന്നത് ഒരു സമ്മാനം കിട്ടുന്നതു പോലെയാണ്. സ്ത്രീയ്ക്കാകട്ടെ ഈ സ്വാതന്ത്ര്യം നിരന്തരമായ ലൈംഗിക വിധേയത്വവും

അപമാനവും അർത്ഥരാഹിത്യവുമായിത്തീരുന്നു. പുരുഷമേധാവിത്ത സമൂഹത്തിൽ സ്ത്രീയുടെ ഏതു തരത്തിലുള്ള സ്വാതന്ത്ര്യ പ്രഖ്യാപനവും നിരാശാജനകമായിത്തീരുന്നു. അതുകൊണ്ടാണ് പലപ്പോഴും സ്ത്രീകൾ സുരക്ഷിതത്വവും സ്ഥിരതയും കടപ്പാടിലുറച്ചതുമായ ഒരു ബന്ധത്തെ സ്വീകരിക്കാൻ നിർബന്ധിതരാകുന്നത്. ഏതെങ്കിലും തരത്തിലുള്ള ഒരു സ്വാതന്ത്ര്യം നേടാൻ സ്ത്രീ മറ്റൊരു പുരുഷസമൂഹത്തെ ആശ്രയിക്കും എന്നർത്ഥം. അന്നപൂർണിക്ക് നെട്ടൂർമഠത്തിൽ നിന്നും ഭഗവതീശ്വരന്റെ ദുഷ്ചെയ്തികളിൽ നിന്നും മുക്തയാവാൻ മറ്റൊരു പുരുഷ സമൂഹത്തിന്റെ സഹായം ആവശ്യമായിരുന്നു. അതിനവൾ കണ്ടെത്തിയ വഴിയായിരുന്നു ഗോവിന്ദൻ. വിവാഹം വഴി അവൾ അവളുടെ സ്ഥലപരമായ പരിമിതികളെ തരണം ചെയ്യുന്നു. ഗോവിന്ദനോടൊത്തുള്ള ജീവിതമല്ല അവളുടെ ലക്ഷ്യം. തന്റെ ലക്ഷ്യപ്രാപ്തിക്കു തടസ്സമായ പുരുഷനെ തട്ടിയെറിയുകയല്ല അവനെ തന്റെ കൂടെത്തന്നെ ആജ്ഞാനുവർത്തിയായി നിർത്തുകയാണവൾ ചെയ്തത്. അഗ്രഹാരവ്യവസ്ഥ സങ്കുചിതവും കപടവുമായതിനാൽ അവിടെ ഗോവിന്ദനു കിട്ടിയ ഇരയെ ഉപയോഗിക്കാനുള്ള ചുറ്റുവട്ടങ്ങളാണ് ഒരുക്കുന്നത്. പുഷ്പിണിയായ ശേഷമായിരുന്നു അന്നപൂർണിയുടെ വിവാഹം എന്നതുകൊണ്ട് ദെരക്ഷി പോലും നടത്തേണ്ട ആവശ്യമില്ല. വധൂവരന്മാരെ മണിയറയിലാക്കി സ്ത്രീകൾ തെറിപ്പാട്ടുകൾ പാടുന്ന ചടങ്ങുണ്ട് തമിഴ്ബ്രാഹ്മണർക്കിടയിൽ. വധൂവരന്മാർക്കിടയിലെ താത്പ്പര്യം വർദ്ധിപ്പിക്കാനാണത്രെ ഇത്. എല്ലാ സംവിധാനങ്ങളുമൊരുക്കി അന്നപൂർണിയെ ഗോവിന്ദനു മുന്നിൽ സമർപ്പിക്കുന്നതോടെ മറ്റു സ്ത്രീകളുടെ ജോലി കഴിഞ്ഞു. ഗോവിന്ദനിലെ പുരുഷത്വം ചുരമാന്തിത്തുടങ്ങുന്നിടത്തു നിന്ന് അന്നപൂർണിയുടെ തന്ത്രപൂർവ്വമായ കരുനീക്കങ്ങളാരംഭിക്കുന്നു. ഗോവിന്ദനെ കാമാർത്തനായ വെറുമൊരു പുരുഷനായി എഴുത്തുകാരൻ തന്നെ തരംതാഴ്ത്തിയിരിക്കുന്നു. തമിഴ് ബ്രാഹ്മണ സമുദായത്തിന്റെ പ്രതിനിധിയായ എഴുത്തുകാരൻ താനറിയാതെ ബ്രാഹ്മണന്റെ വിടത്വം ഗോവിന്ദന് ചാർത്തിക്കൊടുക്കുകയാണ്. അന്നപൂർണി ഉറക്കമായിക്കഴിഞ്ഞും അയാൾ മുറിയിൽ വെരുകിനെപ്പോലെ അലഞ്ഞു. അയാളിലെ വിവശത 'വയ്യ, അവളെ ഇങ്ങനെ നോക്കിനിൽക്കാൻ വയ്യ' എന്നു

മന്ത്രിച്ചുകൊ ിരുന്നു. ആലിബാബയുടെ 'ഓപ്പൺ സിസേം' മന്ത്രം ചൊല്ലിയാൽ അന്നപൂർണി തനിക്കു പ്രവേശനം അനുവദിക്കുമോ എന്നു ഭ്രാന്തന്റെ ലോകത്തു നിന്നയാൾ ചിന്തിക്കുന്നു. അന്നപൂർണിയുടെ ഉയർന്നു താഴുന്ന മാറിടം നൽകിയ അസ്വസ്ഥതയാൽ അവളെ വിളിച്ചുണർത്തി പ്രാപിച്ചാലോ എന്നു വരെ അയാൾ ആലോചിച്ചു നോക്കി. അവളുടെ 'ശരീരം' അത്രകണ്ട് അയാളെ വിവശനാക്കുന്നു. അവളുടെ മനസ്സിൽ ഇടം തേടേണ്ടതിനെക്കുറിച്ച് അയാൾക്ക് അശേഷം ചിന്തയില്ല. കടന്നുപോകുന്ന ഓരോ രാത്രിയും അയാൾ പരാജയപ്പെട്ടുകൊണ്ടിരുന്നപ്പോൾ അന്നപൂർണിയിലെ സ്ത്രീത്വം വിജയത്തിലേക്ക് കുതിക്കുകയായിരുന്നു. അഗ്രഹാരവ്യവസ്ഥയുടെ പരിമിതികളെക്കുറിച്ച് പുരുഷനെക്കൊണ്ടു തന്നെ പറയിപ്പിക്കുന്നതിലും ചിന്തിപ്പിക്കുന്നതിലും അന്നപൂർണി വിജയിച്ചു:

'അഗ്രഹാരത്തിലെ ഇല്ലങ്ങൾ ഇടുക്കു തൊഴുത്തുകൾ പോലെയാണ്. ഓരോ ഇല്ലത്തിലും പലർ ചേർന്നു താമസിക്കുന്നു..... അച്ഛനും അമ്മയും പാട്ടായും പാട്ടിയും അപ്പുറത്തുണ്ടെന്ന കാരണത്താൽ, ഈ ഇടുക്കു തൊഴുത്തുകളിൽ സ്ത്രീപുരുഷ സംയോഗം നടക്കാതിരിക്കുന്നുണ്ടോ? അങ്ങനെയാണെങ്കിൽ പാലക്കാടൻ ബ്രാഹ്മണരുടെ വംശം പണ്ടുപണ്ടേ അസ്തമിക്കുമായിരുന്നല്ലോ' (പുറം 242) അങ്ങനെ വംശം കുറ്റിയറ്റു പോകാതിരിക്കാൻ മാത്രം സംയോഗം നടത്തുന്ന അഗ്രഹാരവ്യവസ്ഥയുടെ ലൈംഗിക നയങ്ങളെയാണ് അന്നപൂർണി നിഷേധിക്കുന്നത്. ഒരു പരമ്പുതട്ടിയ്ക്കപ്പുറം കിടന്ന് ആഗ്രഹപൂർത്തി വരുത്തുന്ന സ്ത്രീപുരുഷന്മാർ വസിക്കുന്ന ഇല്ലങ്ങൾക്ക് അനുയോജ്യമായ പേരാണ് എഴുത്തുകാരൻ കൊടുക്കുന്നത് 'തൊഴുത്ത്'. ആ തൊഴുത്തിൽ നിന്ന് ഇനിയും പൊതുസമൂഹത്തിലേക്ക് വായുവും വെളിച്ചവുമുള്ള തുറസ്സുകളിലേക്ക് ആധുനിക തമിഴ്ബ്രാഹ്മണ പെൺകുട്ടിക്ക് ചെന്നെത്തേണ്ടതുണ്ട്. അതിനാക്കം കൂട്ടുകയാണ് അന്നപൂർണി. കിടപ്പറയ്ക്കകത്തും പുറത്തും തന്നെ നിരാശനാക്കിയ അന്നപൂർണിയെ ഗോവിന്ദൻ ചോദ്യം ചെയ്യുന്നുണ്ട്:

‘‘നിന്റെ പ്രായത്തിൽ ഒരു ബ്രാഹ്മണപ്പെണ്ണ് അടുക്കളയാകെ ഭരിക്കാനുള്ള വൈഭവം നേടിയിരിക്കേണ്ടതല്ലേ?’’ അന്നപൂർണിയുടെ മറുപടി ഗോവിന്ദനെ മാത്രമല്ല തമിഴ് ബ്രാഹ്മണ സാമൂഹ്യവ്യവസ്ഥയെയാകെത്തന്നെ ചോദ്യം ചെയ്യുന്നതായിരുന്നു.

‘‘ഞാൻ അഗ്രഹാരത്തിലെ അടിമപ്പെണ്ണല്ല. ഞാൻ നെട്ടൂർമഠത്തിന്റെ സന്തതിയാണ്. പ്രതാപത്തിൽ കഴിഞ്ഞവളാണ്. ഞാൻ അടുക്കളപ്പണി പഠിച്ചിട്ടില്ല.’’ (പുറം 243) ഭർത്താവു ചപ്പട്ടയാണെങ്കിൽപ്പോലും സഹിച്ചു ജീവിക്കാൻ പഠിപ്പിച്ച, അങ്ങനെത്തന്നെ ജീവിച്ച ഒരു തലമുറയുടെ പിൻമുറക്കാർ തങ്ങളുടെ സ്വത്വം വെളിവാക്കി പുരുഷന്റെ ആധിപത്യവും കുടുംബത്തിലെ ചുമതലയും ബഹിഷ്ക്കരിക്കുന്നു. കൂലിയില്ലാത്ത വീട്ടുജോലിയുടെ അടിമത്തത്തിലേക്ക് ഉൾച്ചേർക്കാനുള്ള ഗോവിന്ദനിലെ പുരുഷതന്ത്രത്തെ അന്നപൂർണിയുടെ ഉള്ളിലെ പുരോഗമനേച്ഛുവായ സ്ത്രീ അമ്പേ പരാജയപ്പെടുത്തുന്നു.

അഗ്രഹാരവ്യവസ്ഥയിൽ നിന്നും ചേന്ദമംഗലത്തെ തുറന്ന സാമൂഹ്യ വ്യവസ്ഥയിലേക്ക് പറിച്ചു നടപ്പെട്ട് പഞ്ചാപകേശയ്യരുടെ ചിട്ടവട്ടങ്ങൾക്കൊത്ത് ജീവിക്കാൻ തുടങ്ങിയപ്പോഴും പെണ്ണെന്ന നിലയിലും പുരുഷലൈംഗിക തൃഷ്ണയുടെ കമ്പോളമാതൃക എന്ന നിലയിലും കീഴ്പെടാനുള്ള സാധ്യതകൾക്കെതിരെ സ്വാധികാരത്തിന്റെ ഒരു സ്വച്ഛന്ദഭാവമണ്ഡലം അന്നപൂർണിയിൽ ഉണർവ്വോടെ പ്രവർത്തിക്കുന്നുണ്ട്. ഒരു സ്ത്രീയെന്ന നിലയിലും തമിഴ്ബ്രാഹ്മണവിഭാഗമെന്ന നിലയിലും തനിക്കു മേൽ കെട്ടിയേൽപ്പിക്കപ്പെട്ട അധീശാധികാര പ്രയോഗത്തിന്റെ കീഴിലും അവൾ സ്വയം ഇരയാകാൻ വിസമ്മതിക്കുന്നു ്. ഗോവിന്ദന്റെ ലൈംഗികതൃഷ്ണയെ ശമിപ്പിക്കാൻ അന്നപൂർണി സന്നദ്ധയല്ല. അടുക്കളയിലെ ജോലിക്കാരിയുടെ യൗവനപുഷ്ടമായ ശരീരത്തിന്റെ കാഴ്ച ഉണർത്തിയ പുരുഷത്വവുമായി, അന്നപൂർണിയെക്കുറിച്ച് ഈർഷ്യയോടെ ചിന്തിച്ചുകൊണ്ട് കിടപ്പുമുറിയിലെത്തുന്ന അയാൾ അവളെ വലിച്ചു തറയിലിട്ട്, കരണത്ത് ആഞ്ഞടിച്ച് ബലാത്സംഗം ചെയ്തു കീഴടക്കി. അതിനയാൾ കണ്ടെത്തിയ ന്യായം ഇതാണ്:

''ഇവൾ ഒരു മുള്ളാണ്, മുറിവേൽപിക്കുന്നു. ആ മുറിവ് എന്റെ ഗോത്രമാകെ പടരുന്ന പരാജയത്തിന്റെ പഴുപ്പാക്കാൻ അനുവദിക്കരുത്'' (പുറം 318).

സ്ത്രീയുടെ ശരീരം അവളുടെ സമ്മതമില്ലാതെ ഭോഗിക്കുന്ന ഗോവിന്ദനും അപ്പുക്കാരണവരും തമ്മിൽ ഭേദമില്ലാതാകുന്നു. കാലത്തിന്റെ മാറ്റം തമിഴ്ബ്രാഹ്മണ പുരുഷവർഗത്തിൽ യാതൊരു ചലനവും സൃഷ്ടി ക്കുന്നില്ല. സ്ത്രീയുടെ ഒരു തരത്തിലുള്ള സ്വാതന്ത്ര്യകാംക്ഷയെയും അനുവദിച്ചുകൊടുക്കാൻ മേധാവിത്വം അനുവദിക്കുന്നില്ല.

''നമ്മുടെ സമുദായത്തിലും പെൺകുട്ടികൾക്ക് ചുണക്കുട്ടികളാകാം'' എന്ന പഞ്ചാപകേശയ്യരുടെ അഭിനന്ദനം പോലും ഗോവിന്ദൻ അവജ്ഞ യോടെയാണ് സ്വീകരിക്കുന്നത്. എന്നാൽ ഗോവിന്ദന്റെ ഈ ഒറ്റ ഉദ്യമം കൊ ാന്നും അന്നപൂർണിയുടെ ഉള്ളിലെ വീര്യത്തെ തളർത്താൻ അയാൾ ക്കായില്ല. വീ ും വീ ും അയാൾ അവഗണിക്കപ്പെടുക തന്നെയാണു ായത്. അയാൾ അടുത്തു ചെല്ലുമ്പോഴേക്കും 'ബുദ്ധിമുട്ടിക്കരുത്' എന്നാജ്ഞാപിച്ച് അവൾ അവനെ അകറ്റി. അഗ്രഹാരവ്യവസ്ഥയിൽ സ്വകാര്യ തകളില്ലെന്നു പറഞ്ഞ് ഗോവിന്ദനെ അകറ്റിനിർത്തിയ അന്നപൂർണി തുറന്ന സാമൂഹ്യവ്യവസ്ഥയ്ക്കകത്ത് ഒറ്റപ്പെട്ട വീട്ടിലായിട്ടും അയാളോടടുക്കാത്തതിന് കൃത്യമായ ന്യായങ്ങളു ്. ഗോവിന്ദന്റെ മാതൃകാപത്നിയായി അവന്റെ മക്കളുടെ അമ്മയായി ഒതുങ്ങിക്കൂടുകയല്ല തന്റെ ആവശ്യമെന്ന് അന്നപൂർണി തിരിച്ചറിഞ്ഞിരുന്നു. അവൾക്ക് മഹത്തായ ഒരു ലക്ഷ്യമുണ്ട്. അതിന്റെ പൂർത്തീകരണത്തിന് സ്ത്രീസഹജമായ വസ്തുതകൾ തടസ്സമാകും എന്നതാണ് അന്നപൂർണിയുടെ ഈ നിലപാടിന് കാരണം.

'മാതൃത്വം, വിരുദ്ധലൈംഗികത എന്നിവയെ സ്ത്രീകൾ ആത്യന്തികമായ ഒരു ജീവിതശൈലിയായി കാണുന്നില്ല. എന്നാൽ ഐതിഹ്യ ങ്ങളും കെട്ടുകഥകളും സ്ത്രീകളുടെ സന്തോഷം ഇത്തരം അവസ്ഥകളിലൂടെ കടന്നുപോകുമ്പോഴാണെന്നു സ്ഥാപിക്കാൻ ശ്രമിക്കുന്നു.[16] അതിന്റെ

വാർപ്പുമാതൃകകളാക്കി സ്ത്രീകളെ മാറ്റിയെടുക്കാൻ പുരുഷാധിപത്യ സമൂഹം ശ്രമിച്ചുകൊണ്ടിരിക്കുന്നു. ആ വ്യവസ്ഥയെയാണ് അന്നപൂർണി തകർക്കുന്നത്. പുരുഷൻ മേലാളനാകുന്ന ഈ സാമൂഹ്യവ്യവസ്ഥയുടെ പ്രതിനിധാനപരത യിൽ നിന്ന് അന്നപൂർണി മറ്റൊരു പുരുഷലോകത്തിന്റെ സഹായത്തോടെ യാണ് (പഞ്ചാപകേശയ്യരുടെ) പുറത്തു കടക്കുന്നത്. അന്നപൂർണി അവളെ അവിടെ വീ ടുക്കുമ്പോൾ പുരുഷസാമ്പത്തികാധികാരവും പുരുഷ ലൈംഗികാധികാരവും തമ്മിലാകുന്നു ഏറ്റുമുട്ടൽ. തൊഴിൽ കൊണ്ടു കീഴാളനായിട്ടും ലിംഗദണ്ഡിൽ കേന്ദ്രീകരിച്ച അധികാരത്തിൽ നിന്നും മുക്തിയില്ലാത്ത ഗോവിന്ദൻ എന്ന പുരുഷാധികാരത്തിന്റെ അവസ്ഥാന്തരങ്ങൾ ഇവിടെ പ്രധാനമാണ്. ഓരോ ദിവസവും അന്നപൂർണിയുടെ 'ബുദ്ധിമുട്ടി ക്കരുത്' എന്ന പ്രസ്താവന കേട്ടിട്ടും അയാൾ ലജ്ജാലേശം പോലും പ്രകടി പ്പിക്കുന്നില്ല. അവളുടെ ഇംഗിതം സാധിച്ചുകൊടുക്കാൻ കൈക്കൂലിയായി അയാൾ ചോദിക്കുന്നത് അവളുടെ ശരീരമാണ്.

''ഞാൻ സമ്മതിക്കാം...... എനിക്കു താത്പര്യമില്ലെങ്കിലും'' (പുറം 336) എന്നായിരുന്നു അവളുടെ മറുപടി. സമ്മതത്തിനു കാത്തുനിന്ന വിടനെപ്പോലെ അയാൾ അവളിലേക്ക് പടർന്നു കയറുന്നു. ഗോവിന്ദനിലെ പുരുഷത്വത്തെ ലജ്ജിപ്പിച്ചുകൊണ്ട് എഴുത്തുകാരൻ ആ രംഗത്തെ ഒതുക്കുന്നത് ഇങ്ങനെയാണ്:

'അവൾ മലർന്നു കിടന്നു' (പുറം 336) താത്പര്യലേശം പോലും പ്രകടിപ്പിക്കാതെ നിഷ്ക്രിയമായി കിടന്നുകൊണ്ട് അന്നപൂർണി ഗോവിന്ദന്റെ പുരുഷാധികാരത്തെ പാടേ പരാജയപ്പെടുത്തുന്നു. തനിക്ക് ആവശ്യമില്ലാത്ത പുരുഷസാമീപ്യത്തെ അകറ്റാതെ അകറ്റിനിർത്താൻ കഴിഞ്ഞതാണ് അന്ന പൂർണിയുടെ വിജയം.

തമിഴ്ബ്രാഹ്മണ സമൂഹത്തിന്റെ ഒരു തലമുറ മുമ്പു വരെ സ്ത്രീകൾ അനുഭവിച്ച അടിച്ചമർത്തലുകളിൽ നിന്നും ചൂഷണങ്ങളിൽ നിന്നും സ്ത്രീസ്വയമേവ പ്രകടിപ്പിച്ച വിധേയത്വത്തിൽ നിന്നും വിടുതൽ നേടി

സ്വാതന്ത്ര്യപ്രഖ്യാപനം നടത്തിയ സ്ത്രീകഥാപാത്രങ്ങളെയാണിവിടെ വിശകലനവിധേയമാക്കിയത്. സാമൂഹികമായും സാമ്പത്തികമായും ലൈംഗികമായും തമിഴ്ബ്രാഹ്മണ സ്ത്രീ ചൂഷണത്തിനിരയായിരുന്നു. വിദ്യാഭ്യാസ പരമായ പിന്നോക്കാവസ്ഥയും സ്ഥിരവരുമാനമുള്ള ഒരു തൊഴിലിന്റെ അഭാവവും അവളെ പുരുഷാധിപത്യത്തോടുള്ള വിധേയത്വത്തിനു പ്രേരിപ്പിച്ചു. എവിടെയാണ് ബഹുമാന്യമായ, സ്നേഹാർദ്രമായ, കടപ്പാടു സൂക്ഷിക്കുന്ന, ലൈംഗികതയ്ക്ക് സ്വാതന്ത്ര്യമനുവദിക്കുന്ന ഒരിടം തമിഴ്ബ്രാഹ്മണ സ്ത്രീക്ക് ലഭിക്കുന്നത് എന്ന അന്വേഷണം കൊണ്ടു ചെന്നെത്തിച്ചത് പരസ്പര പൂരകങ്ങളായ ചില സ്ഥാപനങ്ങളിലാണ്. അഗ്രഹാര വ്യവസ്ഥയ്ക്കു പുറത്തുള്ള ഒരു ജീവിതവും അവൾ നേടുന്ന വിദ്യാഭ്യാസവുമായിരുന്നു അത്. അഗ്രഹാരവ്യവസ്ഥയ്ക്കു പുറത്തു കടക്കുകയും നല്ല വിദ്യാഭ്യാസവും സാമ്പത്തിക സുരക്ഷിതത്വവും നേടുകയും ചെയ്താൽ സ്ത്രീ ആഗ്രഹിക്കുന്ന ഒരു ജീവിതം രൂപപ്പെടുത്തിയെടുക്കാമെന്നാണ് ഈ കഥാപാത്രങ്ങൾ ധരിച്ചത്. എന്നാൽ നേടിയ സ്വാതന്ത്ര്യം കൊണ്ട് സുസ്ഥിരമായ ഒരു ജീവിതം കെട്ടിപ്പടുക്കാനാവാതെ മോഹന വിധിയ്ക്കു കീഴടങ്ങി. അന്നപൂർണിയ്ക്കാകട്ടെ ഏകാന്തജീവിതവും ലഭിച്ചു. സാമൂഹികസത്തയെന്ന നിലയിൽ ഈ കലഹങ്ങൾ വളരാതിരിക്കുകയും ഒന്നോ രണ്ടോ വ്യക്തികൾ മാത്രം കലഹത്തിൽ പങ്കാളികളാവുകയും ചെയ്താൽ ആത്യന്തികമായ ഫലം ആ വ്യക്തികളുടെ രക്തസാക്ഷിത്വമായിരിക്കും. അതാണ് അന്നപൂർണിക്കും മോഹനയ്ക്കും സംഭവിച്ചത്. തമിഴ്ബ്രാഹ്മണ പുരുഷാധിപത്യം പുതിയ നിബന്ധനകളാൽ ആധുനികകാലത്തും സ്ത്രീകളെ അഗ്രഹാരവ്യവസ്ഥയ്ക്കകത്തു കുരുക്കുകയും ചൂഷണം ചെയ്യുകയും ചെയ്യുന്നതായി നാം കണ്ടു. (അധ്യായം 5) സമൂലമായ ഒരു പരിവർത്തനം തമിഴ്ബ്രാഹ്മണ സമൂഹത്തിൽ അനിവാര്യമാണെന്നും സ്ത്രീകളെ ബോധവത്ക്കരിക്കുന്നതിലൂടെയും അഗ്രഹാരവ്യവസ്ഥയുടെ സ്വകാര്യത തച്ചുടക്കുന്നതിലൂടെയും മാത്രമേ സമ്പൂർണ്ണ സ്വാതന്ത്ര്യം സ്ത്രീക്കു ലഭ്യമാക്കാനാകൂ എന്നും ഉദ്ബോധിപ്പിക്കാനാണ് ഈ ഉദ്യമം.

**സൂചകങ്ങൾ:**

1. Jalna Halmer, Women and Reproduction, 1998, പുറം 224.
2. എസ്. ശാരദക്കുട്ടി, പെൺവിനിമയങ്ങൾ, 2007, പുറം 82.
3. Elain Showalter, A Literature of Their Own, 1977, പുറം 200.
4. Gayathri Chakravarthy Spivak, The Spivak Reader, 1996, പുറം 30.
5. ബി. രാജീവൻ, ജൈവരാഷ്ട്രീയവും ജനസഞ്ചയവും, 2013, പുറം 264.
6. Kate Millet, The Politics of Cruelty, 34-35.
7. The Second Sex, പുറം 16.
8. വൃന്ദാ കാരാട്ട്, അതിജീവനവും വിമോചനവും, 2006, പുറം 64.
9. Jerry Miller, A speech in UN Commission.
10. ”
11. Michael De Stroup, Does Economic Freedom Promote Women's Well-being ?, Americans for Prosperity.org.
12. ”
13. Emma Goldman, Poly Feminism : Thoughts of Women's Sexual Liberation, Americans for Prosperity.Org.
14. ജി. ഉഷാകുമാരി, ഉടൽ ഒരു നെയ്ത്ത്, 2013, പുറം 28.
15. Kate Millet, Sexual Politics, 1970, പുറം 52.
16. Paula Nicolson, Motherhood and Women's lives, 1992, 222.

Anithakumari. A. “Tamil Brahmin Women Representation in Malayalam Novel” Thesis. Department of Malayalam of Sree Kerala Varma College, University of Calicut, 2015.

# ഉപസംഹാരം

തമിഴ്ബ്രാഹ്മണ സാമൂഹ്യവ്യവസ്ഥ പ്രമേയമാക്കിയിട്ടുള്ള നോവലുകൾ തെരഞ്ഞെടുത്ത് അതിൽ തമിഴ്ബ്രാഹ്മണ സ്ത്രീ എങ്ങനെ ചിത്രീകരിക്ക പ്പെട്ടിരിക്കുന്നു എന്നന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്തത്. മറ്റൊരു ദേശത്തു നിന്നും പലായനം ചെയ്തവരും ഇവിടെ സ്വത്വസംസ്കൃ തിയെ നിലനിർത്താൻ പരിശ്രമിച്ചവരുമായ ഒരു വിഭാഗം എന്ന നിലയിൽ അവരുടെ സാമൂഹ്യവ്യവസ്ഥയെക്കുറിച്ചും കേരളത്തിലേക്കുള്ള കുടിയേറ്റ ത്തിന്റെ സ്വഭാവത്തെക്കുറിച്ചും കൃത്യമായ ധാരണയുണ്ടായാൽ മാത്രമേ ഈ അന്വേഷണം സാദ്ധ്യമാകൂ എന്നതിനാൽ പലായനവും കുടിയേറ്റവും സംബന്ധിച്ചുണ്ടായിട്ടുള്ള സവിശേഷസിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ തമിഴ്ബ്രാഹ്മണ കുടിയേറ്റത്തെക്കുറിച്ച് പഠിക്കുകയാണ് ആദ്യം ചെയ്തത്. നിലവിലുള്ള സാമൂഹ്യവ്യവസ്ഥയിൽ നിന്നും ഭിന്നമായ മറ്റൊരു ജീവിത രീതിയുമായി കടന്നുവന്ന അവർ എങ്ങനെ പൊതുസമൂഹത്തിൽ നിന്നും കൃത്യമായ അകലം പാലിച്ചും എന്നാൽ പ്രാദേശികജനതയോട് അൽപാൽ പമായി ഇടപഴകിയും ജീവിച്ചു എന്നു മനസ്സിലാക്കാൻ ശ്രമിക്കുകയാണ് ചെയ്തത്. സ്ത്രീയെ മുൻനിർത്തി ഇത്തരമൊരു പഠനത്തിനു മുതിരുമ്പോൾ സ്ത്രീയുടെ പൊതുവായ പ്രശ്നങ്ങളും സാമുദായികമായ പ്രശ്നങ്ങളും വേറെ കണ്ടു വിലയിരുത്താൻ ശ്രമിക്കുകയുണ്ടായി. സാമൂഹികസാംസ്കാ രിക പശ്ചാത്തലത്തിൽ രൂപപ്പെട്ട സ്ത്രീവാദസിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ സാമാന്യമായി തമിഴ്ബ്രാഹ്മണ സ്ത്രീ നേരിടുന്ന പ്രശ്നങ്ങളിലേക്ക് ആഴ്ന്നിറ ങ്ങുന്നതോടൊപ്പം സാമുദായികവും മതാത്മകവുമായ സവിശേഷ ജീവിത സാഹചര്യത്തിൽ കഴിഞ്ഞുകൂടുന്ന, തമിഴ്ബ്രാഹ്മണ സ്ത്രീകളുടേതു മാത്രമായ, പ്രത്യേക പ്രശ്നപരിസരങ്ങളിലേക്ക് കണ്ണോടിക്കുക കൂടിയാണ് ഈ പ്രബന്ധത്തിൽ ചെയ്തത്.

പിതൃമേധാവിത്വപാരമ്പര്യമുള്ള തമിഴ്ബ്രാഹ്മണ സമുദായത്തിൽ, തമിഴ്ബ്രാഹ്മണ സ്ത്രീക്ക് സാമാന്യമായി സ്ത്രീയ്ക്കു ലഭിച്ചിരുന്ന രണ്ടാം തരം ലിംഗപദവിയല്ല, ഒരുപകരണ സ്ഥാനമാണ് നൽകിയിട്ടുള്ളത്. കൈവശം വെയ്ക്കാവുന്നതും കൈമാറ്റം ചെയ്യാവുന്നതും ഉടമസ്ഥന്റെ ആവശ്യാർത്ഥം മാത്രം ഉപയോഗിക്കാവുന്നതുമായ ഒരുപകരണമാണ് തമിഴ്ബ്രാഹ്മണ സ്ത്രീ. പുരുഷന്റെ രൂപമുള്ളതായാൽ മതി പെൺകുട്ടിയെ പിടിച്ചു വിവാഹം കഴിച്ചുകൊടുക്കാൻ; എളുപ്പത്തിൽ കൈയൊഴിച്ചു വിടേണ്ട ഒരു ബാധ്യത യായി പെൺകുട്ടി കണക്കാക്കപ്പെടുന്നതുകൊണ്ട് വിവാഹക്കമ്പോളത്തിൽ വിറ്റുപോകാൻ സാധ്യതയില്ലാത്തവരെ കൈമാറ്റം ചെയ്യാൻ എരുമക്കച്ചവട ക്കാരെ സഹായത്തിനു വിളിക്കുന്ന പുരുഷന്മാർ പോലും ഈ സമൂഹ ത്തിലു ്. സ്ത്രീയുടെ താൽപര്യങ്ങൾക്കും വികാരങ്ങൾക്കും പ്രാധാന്യം കൊടുക്കാതെ അവളെ ശരീരം മാത്രമായി കാണാനാണ് തമിഴ്ബ്രാഹ്മണ പുരുഷാധിപത്യം ശ്രമിക്കുന്നത്. സ്വന്തമായി ഒരു അസ്തിത്വവും അവകാശപ്പെടാനില്ല ഓരോ തമിഴ്ബ്രാഹ്മണ സ്ത്രീക്കും. അതിനാൽ അവൾ സ്വാഭാവികമായി ഈ വ്യവസ്ഥയിലേക്ക് പരുവപ്പെടുന്നു. അത്തരത്തിൽ വ്യവസ്ഥയോട് മാനസികമായി ഇഴുകിച്ചേർന്ന തമിഴ്ബ്രാഹ്മണ സ്ത്രീ താനനു ഭവിക്കുന്നതൊന്നും പീഡനമായി കണക്കാക്കുന്നില്ല. അവളിലെ വിധേയത്വ മനോഭാവമാണ് അവളെ ഇത്തരം അവസ്ഥകളിലേക്ക് നയിക്കുന്നത് എന്നു തിരിച്ചറിയുന്നുമില്ല. അതുകൊണ്ടു തന്നെ ഒരു തുടർച്ചയെന്നോണം ഓരോ സ്ത്രീയും തന്നെത്തുടർന്നുവരുന്ന തലമുറകൾക്ക് വിധേയത്വത്തിന്റെ പാഠങ്ങൾ തന്നെ പഠിപ്പിച്ചുകൊടുക്കുകയും വിധേയത്വം ഉറപ്പാക്കുകയും ചെയ്യുന്നു. അഥവാ ആരെങ്കിലും വിധേയപ്പെടാതിരുന്നാൽ പാപബോധത്താൽ അവർ ആശങ്കാകുലരുമാകുന്നു. ഇങ്ങനെയുള്ള സ്ത്രീകൾക്ക് പല വ്യക്തിത്വ ങ്ങളായിരിക്കും ഉണ്ടാവുക. ഇവർ പൊതുസമൂഹത്തിലേക്കിറങ്ങിയാൽ മറ്റൊരു വ്യവസ്ഥയോടും ഇടകലരാനാകില്ല. ഇത് ഇത്തരം സ്ത്രീകളെ പൊതു സമൂഹത്തിലും സ്വസമുദായത്തിലും ഒറ്റപ്പെടുത്തുന്നു. സാമൂഹികമായി സ്വന്തമായൊരസ്തിത്വം നേടാൻ തമിഴ്ബ്രാഹ്മണ സ്ത്രീക്കു കഴിയാതെ പോകുന്നു.

ഒരു തമിഴ്ബ്രാഹ്മണ സ്ത്രീ ഏർപ്പെടുന്ന പ്രവർത്തനമണ്ഡലങ്ങളിലും അവളുടെ ഈ ദ്വൈതവ്യക്തിത്വം പ്രകടമായിരിക്കും. വിദ്യാഭ്യാസ സ്ഥാപനത്തിലും തൊഴിലിടത്തിലും അവൾ വ്യതിരിക്തയായി നിൽക്കുന്ന തിനു കാരണം ഈ ദ്വൈതഭാവമാണ്. സാമുദായികമായ വിലക്കുകൾ പൊതു സമൂഹത്തിലെ ഏതൊരു പ്രവർത്തനത്തിൽ നിന്നും അവളെ പിന്തിരി പ്പിക്കുന്നു. അവൾ സ്വയം സൃഷ്ടിക്കുന്ന പുകമറയ്ക്കുള്ളിൽ ഒറ്റപ്പെട്ടിരുന്ന് കർമ്മം ചെയ്യുമ്പോൾ തമിഴ്ബ്രാഹ്മണ സമുദായമായതിന്റെ അഹങ്കാരമായി പൊതുസമൂഹം വിലയിരുത്തും. ആശയവിനിമയത്തിലെ ഈ വിടവ് അവളിൽ മാനസികസംഘർഷം സൃഷ്ടിക്കുന്നു ്. ഈ സംഘർഷത്തിൽ നിന്നു രൂപപ്പെടുന്ന നിഷേധം അവൾ പ്രകടിപ്പിക്കുന്നത് സ്വസമുദായത്തോടല്ല, മറിച്ച് പൊതുസമൂഹത്തോടാണ്. കാരണം, വ്യവസ്ഥകൾക്കു പരുവപ്പെട്ട അവളുടെ മാനസികതലത്തിന് പൊതുസമൂഹത്തിലെ വ്യക്തിസ്വാതന്ത്ര്യത്തെ ഉൾക്കൊ ള്ളാനാവുന്നില്ല എന്നതാണ്. വ്യത്യസ്തമായ ജീവിതാനുഭവങ്ങൾ ഈ സാഹചര്യത്തിൽ അവൾക്ക് നേരിടേണ്ടിവരുന്നു.

തമിഴ്ബ്രാഹ്മണ സ്ത്രീയുടെ വിധേയത്വത്തെക്കൂടാതെ നിരവധി കാരണങ്ങൾ അവളുടെ മേലുള്ള ചൂഷണത്തിനും പീഡനത്തിനും കണ്ടെത്താ നാവും. സ്ത്രീയെ വ്യവസ്ഥയ്ക്കുള്ളിൽ ഒതുക്കി നിർത്താൻ തക്ക വിധത്തിൽ രൂപപ്പെടുത്തിയിട്ടുള്ള സാമുദായിക നിയമവ്യവസ്ഥകൾ സ്ത്രീക്ക് കൃത്യമായ, അതേസമയം പരിമിതമായ ഒരിടം നിശ്ചയിക്കുന്നു. ഭൗതികമായ ആവാസവ്യവസ്ഥ മുതൽ ദൈനംദിനചര്യകളിലെ നിഷ്ഠകൾ വരെ സ്ത്രീയെ കൃത്യമായ ഇടത്തിൽ തളച്ചിടാൻ രൂപപ്പെടുത്തിയിട്ടുള്ളതാണ്. വ്യവസ്ഥ കളാൽ നിർണ്ണീതമായ ഇത്തരം ഇടങ്ങളിൽ സംഘർഷാത്മകമായ മാനസിക തലമുൾക്കൊള്ളുന്ന തമിഴ്ബ്രാഹ്മണ സ്ത്രീ പ്രതിനിധാനങ്ങളെയാണ് മലയാളനോവൽ സാഹിത്യത്തിൽ കാണാൻ കഴിയുന്നത്. സാമുദായിക വ്യവസ്ഥയും പുരുഷാധിപത്യവും സൃഷ്ടിച്ച മതിൽക്കെട്ടിനകത്തു നിന്ന് ചൂഷണത്തിനും പീഡനത്തിനും ഇരയാകുന്ന തമിഴ്ബ്രാഹ്മണ സ്ത്രീയുടെ സ്വരം ഉയർന്നുകേൾക്കുന്നില്ല. അതുകൊണ്ടാണ് പൊതുസമൂഹത്തിന് അവൾ

തന്റേടിയും അഹങ്കാരിയുമാകുന്നത്. ഈ അബദ്ധധാരണയിൽ നിന്ന് പൊതുസമൂഹവും അവളെ പീഡനത്തിന് ഇരയാക്കുന്നു. തമിഴ്ബ്രാഹ്മണ സമൂഹം പൊതുസമൂഹത്തിൽ നിന്ന് കൃത്യമായ അകലം പാലിക്കുന്നതിനാൽ സ്വതേ രോഷാകുലരായ പൊതുസമൂഹം പലപ്പോഴും തമിഴ്ബ്രാഹ്മണരെ തോൽപ്പിക്കാനുള്ള ആയുധമായി അവന്റെ സ്ത്രീസമൂഹത്തെ ഉപയോഗി ക്കുന്നു. സ്ത്രീക്ക് അർഹമായ സ്ഥാനവും മാന്യതയും കൽപിക്കാത്ത തമിഴ്ബ്രാഹ്മണ സമൂഹത്തിൽ പൊതുസമൂഹത്തിന്റെ ഈ സമരതന്ത്രം ഒരു ചലനവും സൃഷ്ടിക്കുന്നില്ല. പീഡനത്തിന് ഇരയായ സ്ത്രീ അങ്ങനെ വ്യവ സ്ഥയ്ക്കു പുറത്താകുന്നു. സ്ത്രീയുടെ ശുദ്ധതയാണ് തമിഴ്ബ്രാഹ്മണർക്ക് പ്രധാനം. സംസ്കാരവാഹകരായി അവർ സ്ത്രീകളെ കാണുന്നു. പൊതു സമൂഹവുമായുള്ള ഇടപെടൽ സൃഷ്ടിച്ചേക്കാവുന്ന കലർപ്പുസംസ്കാരത്തെ ഭയന്നാണ് അവർ സ്ത്രീകൾക്കുമേൽ കർക്കശനിലപാടുകൾ കൈക്കൊ ള്ളുന്നത്. ഇപ്രകാരം തമിഴ്ബ്രാഹ്മണ സ്ത്രീ സ്വസമുദായത്തിൽ നിന്നും പൊതുസമൂഹത്തിൽ നിന്നും സാമ്പത്തികമായും ലൈംഗികമായുമുള്ള ചൂഷണത്തിനിരയാകുന്നു. മതാത്മകമായ സാമുദായിക വ്യവസ്ഥ അവളിൽ ജനിപ്പിക്കുന്ന പാപബോധം നിമിത്തം ഈ ചൂഷണങ്ങൾക്കെതിരെ അവൾ പ്രതികരിക്കാൻ മുതിരുന്നില്ല.

ജാതിയിൽ ഉന്നതശ്രേണിയിൽ ഇരിക്കെതന്നെ ഒരു തമിഴ് ബ്രാഹ്മണസ്ത്രീ സമൂഹത്തിൽ ഏറ്റവും അധമമായ അവസ്ഥയിൽ കഴിയേണ്ടി വരുന്നു. അവർണസമൂഹത്തിന്റെ ഉന്നമനത്തിനും അവന്റെ സ്ത്രീയുടെ സംരക്ഷണത്തിനും ഭരണകൂടവും നിയമവ്യവസ്ഥയും പൊതുസമൂഹവും കൈകോർക്കുമ്പോൾ, പൊതുസമൂഹത്തിലെ കീഴാളനിൽ നിന്നുപോലും പീഡനമേൽക്കേണ്ടിവരുന്ന തമിഴ്ബ്രാഹ്മണ സ്ത്രീയുടെ സുരക്ഷ ആരുടെയും ശ്രദ്ധയിൽപ്പെടുന്നില്ല. സമുദായത്തിന് സമൂഹത്തിൽ ലഭ്യമാകുന്ന ജാതിപരമായ ഉന്നതസ്ഥാനം പോലും സ്ത്രീകൾക്ക് അധമത്വത്തിനാണ് കാരണമായി ഭവിക്കുന്നത്. വിദ്യാഭ്യാസം നേടാനുള്ള അവകാശത്തെ നിഷേധിച്ച് ബാല്യത്തിൽ നിന്നും നേരെ വൈവാഹികജീവിതത്തിലേക്ക്

എടുത്തെറിയപ്പെടുന്ന തമിഴ്ബ്രാഹ്മണ പെൺകുട്ടി മാനസികമായും ശാരീരികമായും തകർക്കപ്പെടുന്നു. തമിഴ്ബ്രാഹ്മണ പുരുഷാധിപത്യ സമൂഹം അടിച്ചേൽപ്പിക്കുന്ന ഏതു നിയമവും അതേപടി അനുസരിക്കുകയല്ലാതെ അവൾക്ക് മറ്റു മാർഗ്ഗങ്ങളില്ല. സ്വത്തവകാശത്തിൽ നിന്ന് അവളെ ഒഴിവാക്കി നിർത്തുന്നതു തന്നെ തങ്ങളുടെ സ്വാധീനവലയത്തിൽ നിന്ന് അവൾ പുറത്തുപോകാതിരിക്കാനാണ്. അത്തരത്തിൽ ക്രമീകരിക്കപ്പെട്ട ഒരു കുടുംബവ്യവസ്ഥ സ്ത്രീക്ക് ബാദ്ധ്യതയാണ് തണലല്ല നൽകുന്നത്. കുടുംബവും സ്ത്രീയെ ബാദ്ധ്യതയായി കാണുന്നു. സാമ്പത്തികഭദ്രത യില്ലാത്ത കുടുംബങ്ങളിൽ പെൺകുട്ടികൾ വിവാഹിതരാകാൻ വൈകിയാൽ, സ്ത്രീധനമില്ലാതെ അവരെ കയ്യൊഴിക്കാനുള്ള മാർഗ്ഗമാണ് അന്യദേശത്ത് കൊണ്ടുപോയി അവരെ വിൽക്കുക എന്നത്. കുടുംബത്തിന് സമ്പത്തു ലഭ്യമാക്കിക്കൊണ്ട് ബാദ്ധ്യത ഒഴിഞ്ഞുപോകുന്ന എളുപ്പവിദ്യയാണത്. ആ പെൺകുട്ടിക്ക് തുടർന്ന് എന്തു സംഭവിക്കുന്നു എന്നന്വേഷിക്കാൻ മാത്രം വൈകാരികമായ അടുപ്പമൊന്നും പെൺകുട്ടികളുമായി കുടുംബാംഗങ്ങൾ വച്ചുപുലർത്തുന്നില്ല.

സ്വന്തമായി സമ്പത്തില്ലാത്തതും വിദ്യാഭ്യാസമില്ലാത്തതുമാണ് ഒരു പരിധിവരെ തമിഴ്ബ്രാഹ്മണ സ്ത്രീയുടെ ഇത്തരം അവസ്ഥകൾക്കു കാരണം. അതിനാൽ മുൻതലമുറയുടെ അവസ്ഥകളിൽ നിന്നു പ്രചോദനമുൾക്കൊണ്ട ഒരു വിഭാഗം പെൺകുട്ടികൾ തങ്ങൾക്കുള്ള അവകാശമായി വിദ്യാഭ്യാസത്തെ ക ത് തമിഴ്ബ്രാഹ്മണ സമൂഹത്തിൽ വലിയ ചലനങ്ങളാണ് സൃഷ്ടിച്ചത്. അഗ്രഹാരത്തിന്റെ സങ്കുചിതവ്യവസ്ഥയാണ് ഒരു സ്ത്രീയെ അവിടെ തളച്ചിടുന്നത് എന്ന തിരിച്ചറിവ് ചിലരെയെങ്കിലും ആ വ്യവസ്ഥയ്ക്കു പുറത്തു കടക്കാൻ പ്രേരിപ്പിക്കുന്നു. വിധവയ്ക്കു നേരിടേണ്ടിവന്ന വിലക്കുകളും മുതിർന്ന പെൺകുട്ടികളുടെ മേലുള്ള നിയന്ത്രണങ്ങളും അതിരുകവിഞ്ഞ പ്പോൾ അതിനെതിരെ ഒരു പ്രതിഷേധം രൂപപ്പെട്ടു വന്നതിന്റെ ഭാഗമായാണ് വിധവയായിട്ടും ഒരു തമിഴ്ബ്രാഹ്മണ സ്ത്രീയ്ക്ക് പൊതുസമൂഹത്തിലേ ക്കിറങ്ങാനും തൊഴിൽ ചെയ്ത് ധനം സമ്പാദിക്കാനും കഴിഞ്ഞത്. അത്

അവളെ കൂടുതൽ സുരക്ഷിതത്വ ബോധമുള്ളവളാക്കുമെങ്കിലും ഉള്ളിലൂറിക്കൂടിയ വിധേയത്വമനോഭാവം കൂടി ഉപേക്ഷിക്കുമ്പോഴേ അവൾ സ്വതന്ത്രയാകൂ. അല്ലെങ്കിൽ പരിമിത സ്വാതന്ത്ര്യത്തിൽ വ്യവസ്ഥകൾക്കു വിധേയയായി അവൾക്കു കഴിയേണ്ടി വരും. ഈ തിരിച്ചറിവുള്ളവർ വ്യവസ്ഥകൾക്കതീതരാകുന്നു. അത്തരം സ്ത്രീകൾ ഒരിക്കലും പുരുഷാധിപത്യത്തിന്റെ അടിച്ചമർത്തൽ തന്ത്രങ്ങളെ പ്രോത്സാഹിപ്പിക്കുകയില്ല. മാത്രമല്ല ഏതേതെല്ലാം സാഹചര്യങ്ങളിൽ തങ്ങൾ വിധേയരാക്കപ്പെടുകയും ചൂഷണം ചെയ്യപ്പെടുകയും ചെയ്യുന്നു എന്നറിഞ്ഞ് അവിടെ നിന്ന് ഓടിപ്പോകാൻ ശ്രമിക്കുകയും ഒപ്പം തന്നോടൊപ്പമുള്ള പുരുഷനെ കൂടെ ഉയർത്തിക്കൊണ്ടു വരാൻ ശ്രമിക്കുകയും ചെയ്യും.

സ്ത്രീക്ക് വിലക്കുകളും നിയന്ത്രണങ്ങളുമേർപ്പെടുത്തുന്ന കുടുംബവ്യവസ്ഥയുടെ നിഷേധമാണ് ഒരു തമിഴ്ബ്രാഹ്മണ സ്ത്രീക്ക് സ്വാതന്ത്ര്യം. ഭർത്താവ്, കുട്ടികൾ തുടങ്ങിയ ബന്ധനങ്ങൾ അവളുടെ സ്വാതന്ത്ര്യപ്രാപ്തിയ്ക്ക് വിഘാതമാകുന്നു എന്ന തിരിച്ചറിവിൽ നിന്ന്, ആധുനിക തലമുറയിലെ തമിഴ്ബ്രാഹ്മണ സ്ത്രീകൾ വിവാഹം എന്ന വ്യവസ്ഥയെ ആദ്യം തന്നെ നിഷേധിക്കുന്നു. അഥവാ വിവാഹിതരായാലും പുരുഷേച്ഛയാൽ നയിക്കപ്പെടുന്ന ലൈംഗികജീവിതം നിഷേധിക്കുക വഴി അവളുടെ വ്യക്തിസ്വാതന്ത്ര്യം അവൾ പ്രഖ്യാപിക്കുന്നു. സാമ്പത്തികമായും സാമൂഹികമായും ലൈംഗികമായും സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന തമിഴ് ബ്രാഹ്മണസ്ത്രീകളുടെ പ്രതിനിധികളായും മലയാളസാഹിത്യത്തിൽ ഇവർ പ്രത്യക്ഷപ്പെടുന്നു ്. സാമ്പത്തികാധിപത്യത്തിന്റെ പേരിൽ പുരുഷൻ കയ്യാളുന്ന അധികാരബന്ധങ്ങളുടെ ഇടങ്ങളിലേക്ക് കടന്നുകയറിച്ചെല്ലാൻ വിദ്യാഭ്യാസവും തൊഴിലും അതുവഴി സാമ്പത്തികസുരക്ഷിതത്വവും നേടിയ തമിഴ് ബ്രാഹ്മണസ്ത്രീയ്ക്ക് കഴിയുന്നുണ്ട്. പാചകത്തിന്റെയും ശിശുപരിപാലനത്തിന്റെയും ചർച്ചകൾ മാത്രം നടത്തിയിരുന്ന അഗ്രഹാരത്തിലെ സ്ത്രീകൂട്ടായ്മ സങ്കീർണ്ണമായ ഔദ്യോഗിക കാര്യങ്ങൾ ചർച്ച ചെയ്യുന്നിടത്തേക്കും നേതൃത്വം ഏറ്റെടുത്ത് കുടുംബകാര്യം നോക്കുന്നിടത്തേക്കും പുരോഗമി

ക്കുന്നുണ്ട്. മാത്രമല്ല പുരുഷാധിപത്യ വ്യവസ്ഥിതിയോട് നേരെ നിന്ന് ചോദ്യങ്ങൾ ചോദിക്കാനും പുരുഷാധിപത്യ മൂല്യങ്ങളെ പാടേ നിഷേധിക്കാനും വ്യവസ്ഥയോട് കലഹിച്ച് പുറത്തു പോകാനും അവർ സന്നദ്ധരാകുന്നു. വിധേയത്വം പുലർത്തിയിരുന്ന ഒന്നോ രണ്ടോ പേർ നാമമാത്രമായി പ്രതികരിച്ചിരുന്ന അവസരങ്ങൾ മലയാളനോവലുകളിലുണ്ടെങ്കിലും അവരൊന്നും മാമൂലുകളെ ചോദ്യം ചെയ്യുന്നില്ല. സ്ത്രീ സ്വതന്ത്രയാകേണ്ടത് അവൾ സ്വാംശീകരിച്ചുവെച്ചിട്ടുള്ള വിധേയത്വമനോഭാവത്തിൽ നിന്നും അവൾ പരുവപ്പെട്ട സാമുദായികാന്തരീക്ഷത്തിൽ നിന്നുമാണ്.

സാമാന്യമായി സ്ത്രീകളനുഭവിക്കുന്ന പ്രശ്നങ്ങളിൽ നിന്ന് തമിഴ്ബ്രാഹ്മണ സ്ത്രീയുടെ പ്രശ്നം വ്യതിരിക്തമാകുന്നത് അത് തികച്ചും മാതാത്മകമായതുകൊണ്ടാണ്. വേദസംസ്കാരത്തിലധിഷ്ഠിതമായ തമിഴ് ബ്രാഹ്മണ ജീവിതം സംസ്കാരസംരക്ഷണം മാത്രം ലക്ഷ്യമിട്ടാണ് സ്വദേശത്തു നിന്നും പലായനം ചെയ്തത്. സംസ്കാര വാഹകരായ സ്ത്രീകളെ തങ്ങളുടെ നിരീക്ഷണവലയത്തിനകത്തു തന്നെ നിർത്താൻ അവർ സവിശേഷ ശ്രദ്ധ പുലർത്തിയതും അതുകൊണ്ടാണ്. ഇടുങ്ങിയ സമൂഹ വ്യവസ്ഥ കെട്ടിപ്പടുത്ത്, ജാതിക്കൂട്ടായ്മകളുടെ സാംസ്കാരിക വൃത്തം രൂപീകരിച്ച്, പുറത്തെ കടന്നുകയറ്റം ചെറുക്കാനുള്ള ശക്തമായ കോട്ട അവർ നിർമ്മിച്ചതിനു ശേഷമാണ് കേരളത്തിന്റെ സാംസ്കാരികാന്തരീക്ഷത്തിൽ അവർ അധിവാസമുറപ്പിച്ചത്. ഇടുങ്ങിയ അഗ്രഹാര വ്യവസ്ഥയാണ് അവരുടെ ശക്തി. സങ്കുചിതമായ ഈ അഗ്രഹാരവ്യവസ്ഥയ്ക്കു പുറത്തു കടക്കുന്നതായിരിക്കും ഒരു തമിഴ്ബ്രാഹ്മണ സ്ത്രീക്ക് സ്വതന്ത്രയാകാനുള്ള എളുപ്പവഴി. അവർ വിദ്യാസമ്പന്നരാകുന്നതും സാമ്പത്തിക സുരക്ഷിതത്വം നേടുന്നതും അവളുടെ സങ്കീർണ്ണാവസ്ഥകളെ ലഘൂകരിക്കാൻ ഒരുപരിധിവരെ സഹായിക്കും. അഗ്രഹാരവ്യവസ്ഥ നിലനിർത്താൻ ആധുനികകാലത്തു പോലും തമിഴ്ബ്രാഹ്മണ പുരുഷാധിപത്യം ശ്രമിക്കുന്നുണ്ട്. അവരുടെ കയ്യിൽ അധികാരം ഭദ്രമായിരിക്കാനുള്ള ഒരു തന്ത്രമാണത്. ഇതിനെ ഭഞ്ജിക്കാൻ സ്ത്രീയുടെ ഒറ്റപ്പെട്ട ശബ്ദത്തിന് സാധ്യമല്ല എന്ന തിരിച്ചറിവാണ് ഈ

പഠനത്തിൽ നിന്നുണ്ടാകുന്നത്. ഒന്നോ രണ്ടോ പേരുടെ രക്ഷപ്പെടൽ സാമാന്യമായി തമിഴ്ബ്രാഹ്മണ സ്ത്രീയുടെ രക്ഷപ്പെടലാകില്ല. സ്വാതന്ത്ര്യം പ്രഖ്യാപിക്കാൻ ചങ്കൂറ്റം കാട്ടിയ സ്ത്രീകളുടെ പ്രതിനിധികളെ കണ്ടെത്തു മ്പോഴും അവരുടെ സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ പരിണിതഫലത്തെക്കുറിച്ച് ആശങ്കയുണ്ട്. കാരണം സ്വാതന്ത്ര്യബോധത്തോടെ വ്യവസ്ഥയെ അതിലംഘിച്ച് ജീവിച്ച സ്ത്രീകഥാപാത്രങ്ങളുടെ ജീവിതം ശുഭപര്യവസായി യായില്ല. മാത്രമല്ല അഗ്രഹാരവ്യവസ്ഥയെ സംരക്ഷിക്കാൻ ആധുനിക കാലത്തും നിയമപരിരക്ഷ തേടുന്ന പുരുഷാധിപത്യം ആധുനികരീതിയിലുള്ള ചൂഷണതന്ത്രങ്ങളും ആവിഷ്ക്കരിക്കുന്നുണ്ട്. ഇതിനിയും തുടരും. സ്ത്രീയെ സമ്പൂർണ്ണമായും സ്വതന്ത്രയാക്കാൻ എന്തു നടപടി സ്വീകരിക്കാനാകും എന്നു തീരുമാനിക്കുന്നിടത്താണ് ഈ പഠനത്തിന്റെ പ്രസക്തി.

തമിഴ്ബ്രാഹ്മണ അഗ്രഹാരവ്യവസ്ഥ വളരെ സങ്കുചിതമാണ്. അതിനെ അതേപടി നിലനിർത്താൻ തമിഴ്ബ്രാഹ്മണ പുരുഷാധിപത്യം ആഗ്രഹിക്കുന്നു. ആഗോളവത്ക്കരണത്തിന്റെ ഉപകരണമായ ടൂറിസത്തെ അവരതിന് കൂട്ടുപിടി ക്കുന്നു. എന്നാൽ ഇത്തരമൊരു വ്യവസ്ഥയാണ് തങ്ങളുടെ എല്ലാതരത്തിലു മുള്ള അടിമത്തത്തിന് കാരണമെന്ന് ഇന്ന് തമിഴ്ബ്രാഹ്മണ സ്ത്രീ മനസ്സിലാ ക്കിയിരിക്കുന്നു. ഒറ്റപ്പെട്ട ആവാസവ്യവസ്ഥയിൽ അവൾ കൂടുതൽ സ്വതന്ത്ര യാണെന്ന തിരിച്ചറിവ് അവൾക്കു ്. അതിനാൽ തങ്ങൾക്ക് ഭീഷണിയായ അഗ്രഹാര വ്യവസ്ഥയെ തച്ചുടയ്ക്കാനാണ് അവൾ ശ്രമിക്കേ ത്. സംഘടിത ശക്തിയാക്കി തമിഴ്ബ്രാഹ്മണ സ്ത്രീകളെ മാറ്റിയെടുക്കാൻ വ്യവസ്ഥയ്ക്കു പുറത്തുപോയവരെയും മാധ്യമ ങ്ങളെയും ഉപയുക്തമാക്കുക വഴി ഈ ദൗത്യം വിജയിപ്പിക്കാനാകും. പൊതുസമൂഹത്തിലെ സ്ത്രീ കൂട്ടായ്മകളുടെ കൃത്യമായ ഇടപെടൽ കൊണ്ട് തമിഴ്ബ്രാഹ്മണ സ്ത്രീ കൂട്ടായ്മയെ ബോധവത്ക്കരിക്കാനുള്ള തീവ്ര ശ്രമത്തിലൂടെ മാത്രമേ തമിഴ്ബ്രാഹ്മണസ്ത്രീ സ്വാതന്ത്ര്യം സമ്പൂർണ്ണമാകൂ.

Anithakumari. A. “Tamil Brahmin Women Representation in Malayalam Novel” Thesis. Department of Malayalam of Sree Kerala Varma College, University of Calicut, 2015.

## ഗ്രന്ഥസൂചി

**പ്രഥമാകരം:**

രാമകൃഷ്ണൻ, മലയാറ്റൂർ, വേരുകൾ, ഡി.സി. ബുക്സ്, കോട്ടയം, 1966.

രാമകൃഷ്ണൻ, മലയാറ്റൂർ, നെട്ടൂർമഠം, ഡി.സി. ബുക്സ്, കോട്ടയം, 1988.

വിജയൻ, ഒ.വി, തലമുറകൾ, ഡി.സി. ബുക്സ്, കോട്ടയം, 1997.

സാറാതോമസ്, നാർമടിപ്പുടവ, ഡി.സി. ബുക്സ്, കോട്ടയം, 1978.

സേതു, കിളിമൊഴികൾക്കപ്പുറം, ഡി.സി. ബുക്സ്, കോട്ടയം, 2009.

**ദ്വിതീയാകരം:**

അച്യുതൻ, എം, പ്രൊഫ., പാശ്ചാത്യസാഹിത്യ ദർശനം, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 1972.

ആചാര്യനരേന്ദ്രഭൂഷൺ, തൈത്തിരീയ ഉപനിഷത്ത് (മലയാളഭാഷ്യം) വൈദികസാഹിത്യ പരിഷത്ത്, ചെങ്ങന്നൂർ, 1977.

ഉഷാകുമാരി, ജി, ഉടൽ ഒരു നെയ്ത്ത് - സംസ്കാരത്തിന്റെ സ്ത്രീവായന, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2013.

കട്ടയ്ക്കൽ, ജെ, ഡോ., മുണ്ഡകോപനിഷത്ത് (മൂലം, അർത്ഥം, ഭാഷ്യം), ഡി.സി. ബുക്സ്, കോട്ടയം, 1990.

കരീം, വി.കെ, കേരള ഡിസ്ട്രിക്ട് ഗസറ്റിയർ, പാലക്കാട്, 1976.

കെ.വി.എം., (വിവർത്തനം) കൗടില്യന്റെ അർത്ഥശാസ്ത്രം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 1935.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൊടുങ്ങല്ലൂർ, ശ്രീ മഹാഭാരതം പരിഭാഷ Vol. 5, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 1965.

കുട്ടികൃഷ്ണമാരാർ, ഭാരതപര്യടനം, മാരാർ സാഹിത്യപ്രകാശം, ശ്രീരാമ കൃഷ്ണാശ്രമത്തിനു സമീപം, കോഴിക്കോട്, 1998.

ഖദീജ മുംതാസ്, ഡോ., പുരുഷനറിയാത്ത സ്ത്രീ മുഖങ്ങൾ, മാതൃഭൂമി ബുക്സ്, തിരുവനന്തപുരം, 2012.

ഗീത, പി, ഡോ., സംസ്കാരപാഠങ്ങളിലെ സ്ത്രീ പരിചരണം, പുരോഗമന കലാസാഹിത്യസംഘം മാസിക, കലാനിരൂപണം വിശേഷാൽ പ്രതി, 1996 മെയ്.

ഗോർഡൻ ചൈൽഡ്, സമൂഹവും അറിവും, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം, 1983.

ഗോപാലകൃഷ്ണൻ, പി.കെ, കേരളത്തിന്റെ സാംസ്കാരികചരിത്രം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2008.

ഗോപിനാഥൻ നായർ, എൻ, പ്രൊഫ., മനുസ്മൃതി (സംഗൃഹീത പുനരാഖ്യാനം) ഡി.സി. ബുക്സ്, കോട്ടയം, 1983.

ഗോവിന്ദപിള്ള, പി, മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം-ഉത്ഭവവും വളർച്ചയും, സംഘപ്രസാധന, തിരുവനന്തപുരം, 1987.

__________, കേരളനവോത്ഥാനം ഒരു മാർക്സിസ്റ്റ് വീക്ഷണം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2003.

തരകൻ, കെ.എം, പ്രൊഫ., പാശ്ചാത്യസാഹിത്യ തത്വശാസ്ത്രം, ഗ്രന്ഥകാരപ്രകാശനം, 1974.

ദീപാങ്കുരൻ, സംസ്കാരത്തിന്റെ ആരോഗ്യവും ആരോഗ്യത്തിന്റെ സംസ്കാരവും, പുസ്തകപ്രസാധക സംഘം, കോട്ടപ്പുറം, കൊടുങ്ങല്ലൂർ, 1991.

ദേബീപ്രസാദ് ചതോപാദ്ധ്യായ, ദർശനവും രാഷ്ട്രീയവും പ്രാചീനഭാരത ത്തിൽ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 1991.

__________, പ്രാചീനഭാരതത്തിലെ ഭൗതികവാദം, പ്രഭാതം പ്രിന്റിങ്ങ് ആന്റ് പബ്ലിഷിങ്ങ് കമ്പനി പ്രൈ. ലിമിറ്റഡ്, 1991.

__________, ഇന്ത്യൻ നിരീശ്വരവാദം, പുരോഗമനപ്രസാദക സംഘം, തൃശ്ശൂർ, 1987.

ദേവിക, ജെ. (എഡിറ്റർ), ആണരശുനാട്ടിലെ കാഴ്ചകൾ - കേരളം സ്ത്രീപക്ഷഗവേഷണത്തിൽ, വിമൻസ് ഇംപ്രിന്റ്, തിരുവനന്ത പുരം, 2006.

പൗലോസ് മാർ ഗ്രിഗോറിയോസ്, ഡോ., ദർശനത്തിന്റെ പൂക്കൾ, പ്രസാധകസമിതി, കോട്ടയം, 1992.

പ്രശാന്തകുമാർ, എൻ, ഡോ., ഫെമിനിസത്തിലെ ആധുനികോത്തരത, ഫെമിനിസം (എഡി), ഡോ. ജാൻസി ജെയിംസ്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000.

ഫിറ്റ്സ് എറിക് ഹോവെൽസ്, മതങ്ങളുടെ മന:ശാസ്ത്രവിശകലനം, ഇന്ത്യൻ എതീസ്റ്റ് പബ്ലിഷേഴ്സ്, ന്യൂഡൽഹി, 1993.

ബർട്രാൻസ് റസ്സൽ, വിവാഹവും സദാചാരമൂല്യങ്ങളും, പുസ്തക പ്രസാധക സംഘം, കോട്ടപ്പുറം, കൊടുങ്ങല്ലൂർ, 1989.

ബലറാം, എൻ.ഇ, മരുഭൂമിയുടെ സൗന്ദര്യം, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1994.

ബാലകൃഷ്ണക്കുറുപ്പ്, കെ., (വിവർത്തനം) വാത്സ്യായനകാമസൂത്രം, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1997.

ബാലകൃഷ്ണൻ, വി, ലീലാവേദി. ആർ, മനുസ്മൃതി (ഭൃഗുസംഹിത), വിദ്യാർത്ഥിമിത്രം ബുക്ക് ഡിപ്പോ, 1980.

__________, (വ്യാഖ്യാനം) അഥർവ്വവേദം, ആരോവില്ലി പബ്ലിഷേഴ്സ്, കോട്ടയം, 1976.

__________, പത്മപുരാണം 1-ാം ഭാഗം, വിദ്യാർത്ഥിമിത്രം ബുക്ക് ഡിപ്പോ, 1977.

__________, കൽക്കി പുരാണം, വിദ്യാർത്ഥിമിത്രം ബുക്ക് ഡിപ്പോ, 1977.

ബൈബിൾ, കേരള കാത്തലിക് ബിഷപ്പ്സ് കൗൺസിൽസ് പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ, കൊച്ചിൻ, 1981.

മല്ലാദി സുബ്ബമ്മ, സ്ത്രീ വിമോചനത്തിന്റെ വീരകഥ, ഇന്ത്യൻ എത്തീസ്റ്റ് പബ്ലിഷേഴ്സ്, ന്യൂഡെൽഹി, 1987.

__________, സ്ത്രീയുടെ അവകാശങ്ങൾ, ഇന്ത്യൻ എത്തീസ്റ്റ് പബ്ലിഷേഴ്സ്, ന്യൂഡെൽഹി, 1991.

മീര, പി, സ്ത്രീസമത്വവാദത്തിന്റെ രാഷ്ട്രീയം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 1992.

മുഹമ്മദാലി, പി.കെ, പ്രൊഫ., ഇന്ത്യ ചരിത്രം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1971.

മൃഡാനന്ദസ്വാമി, ഐതരേയോപനിഷത്ത് (വ്യാഖ്യാനം), ശ്രീരാമകൃഷ്ണാശ്രമം, വിലങ്ങൻകുന്ന്, പുറനാട്ടുകര, തൃശ്ശൂർ, 1974.

മൃഡാനന്ദസ്വാമി, കഠോപനിഷത്ത് (വ്യാഖ്യാനം), ശ്രീരാമകൃഷ്ണാശ്രമം, വിലങ്ങൻകുന്ന്, പുറനാട്ടുകര, തൃശ്ശൂർ, 1972.

__________, ഛാന്ദോഗ്യോപനിഷത്ത്, ശ്രീരാമകൃഷ്ണാശ്രമം, വിലങ്ങൻകുന്ന്, പുറനാട്ടുകര, തൃശ്ശൂർ, 1982.

രവീന്ദ്രൻ, അന്റോണിയോ ഗ്രാംഷി (ജീവചരിത്രം) വിശ്വദർശന, തൃശ്ശൂർ, 1986.

രാഘവൻപിള്ള, കെ, ഡോ., സാർത്രിന്റെ അസ്തിത്വദർശനം, ഗ്രന്ഥകാര പ്രസാധനം, 1982.

രാജീവൻ, ബി, ജൈവരാഷ്ട്രീയവും ജനസഞ്ചയവും, റാസ്ബെറി ബുക്സ്, കോഴിക്കോട്, 2013.

__________, മാർക്സിസവും ശാസ്ത്രവും, ഫോക്കസ് ബുക്സ്, തിരുവനന്ത പുരം, 1991.

രാജലക്ഷ്മി, വി, എം, ഡോ., (ജന.എഡി.) സ്ത്രീനീതി, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1987.

രാമകൃഷ്ണൻ, എം, കെ, 'ഫെമിനിസങ്ങളും സംസ്കാര പഠനമേഖലയും', സംസ്കാരപഠനം - ചരിത്രം, സിദ്ധാന്തം പ്രയോഗം, താപസം, കാലടി, 2007.

രാമകൃഷ്ണൻ, എം, കെ, വേണുഗോപാലൻ. കെ, സ്ത്രീവിമോചനം - ചരിത്രം സിദ്ധാന്തം സമീപനം, നയന ബുക്സ്, പയ്യന്നൂർ, 1989.

ലക്ഷ്മിക്കുട്ടിയമ്മ, പി, പ്രൊഫ., സ്ത്രീ കാലഘട്ടങ്ങളിൽ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1972.

ലളിതാംബിക അന്തർജ്ജനം, സീത മുതൽ സത്യവതി വരെ, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം, 1972.

ലീലാവതി, എം, ഡോ., കാവ്യാരതി, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1993.

__________, അവതാരിക, സ്ത്രീ കാലഘട്ടങ്ങളിൽ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1972.

__________, ഫെമിനിസം ചരിത്രപരമായ ഒരന്വേഷണം, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം, 2000.

ലീല, സി. പി, ഡോ., 'സാഹിത്യത്തിലെ ഫെമിനിസ്റ്റ് ചിന്തകൾ', ഫെമിനിസം, (എഡി.), ഡോ. ജാൻസി ജെയിംസ്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000.

വാസുദേവൻ നായർ, കളർക്കോട്, ജീൻ പോൾ സാർത്ര് (ജീവചരിത്രം), വിശ്വദർശന, തൃശ്ശൂർ, 1986.

വാസുദേവൻ മൂസത്, കെ, ആഗ്നേയമഹാപുരാണം, ഗ്രന്ഥകാര പ്രകാശനം, ബി.വി. ബുക്ക് ഡിപ്പോ, തിരുവനന്തപുരം, കൊല്ലവർഷം 1104.

വൃന്ദാ കാരാട്ട്, അതിജീവനവും വിമോചനവും - ഇന്ത്യയിലെ സ്ത്രീകളുടെ സമരഭൂമിയിൽ നിന്നുള്ള കുറിപ്പുകൾ, (വിവർത്തനം) രാഘവൻ വേങ്ങാട്, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2006.

ശർമ്മ, കെ. എൽ, ഭാരതീയ സമൂഹം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്ത പുരം, 1989.

ഷംസാദ് ഹുസൈൻ, വാമൊഴി പഠനവും ഓർമ്മകളുടെ ആഖ്യാനവും, സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം, താപസം, കാലടി, 2007.

സച്ചിദാനന്ദൻ, (എഡിറ്റർ) സ്ത്രീപഠനങ്ങൾ ഒന്നാം ഭാഗം, ബോധി പബ്ലിഷിങ്ങ് ഹൗസ്, കോഴിക്കോട്, 1991.

സിഗ്മ ് ഫ്രോയ്ഡ്, സൈക്കോ അനാലിസിസത്തിന്റെ ചരിത്രം, ഇന്ത്യൻ എതീസ്റ്റ് പബ്ലിഷേഴ്സ്, ന്യൂഡെൽഹി, 1991.

സിമോൺ ദി ബുവയർ, സ്ത്രീസ്വഭാവം, മൾബറി ബുക്സ്, കോഴിക്കോട്, 1989.

സുധീന്ദ്രൻ, സ്ത്രീ മനസ്സ് മോചനം, ഗ്രന്ഥകാര പ്രസാധനം, കോഴിക്കോട്, 1990.

സുഭദ്ര പരമേശ്വരൻ, ഭാരതീയ വനിത (1-ാം ഭാഗം) അന്തർദ്ദേശീയ സാംസ്കാരിക സഹകരണകേന്ദ്രം, എറണാകുളം, 1961.

ഹെർമ്മൻ ഗു ർട്ട്, ഡോ., കേരളോൽപ്പത്തിയും മറ്റും, ഡി.സി. ബുക്സ്, കോട്ടയം, 1992.

Abba Avasthi and A.K. Srivastava, (Ed.) Modernity, Feminism and Women Empowerment, Rawat Publications, New Delhi, 2001.

Anantha Krishna Iyer, Castes and Tribes of Cochin, Vol.II, London, 1909.

Ann Saitow, Desire : The Politics of Sexuality, Virgo, London, 1984.

Ann Woollett, Motherhood : Meaning Practice and Ideology, Sage, London, 1991.

Betty Frieden, The Feminine Mystique, W.W. Norton and Co., United States, 1963.

Bottomore, T.B, A Dictionary of Marxist Thought, Blackwell Publishing Ltd., 1991.

Carole. S. Vance, (Edn) Pleasure and Danger : Exploring Female Sexuality, Rout ledge, Kegan Paul, London, 1984.

Catherine Wessinger, Theory of Women in Religions, Seminar Paper on Loyola University, New Orleans, 16.03.2015.

Donna Landry and Gerald Maclean, The Spivak Reader : Selected Works of Gayatri C. Spivak, Routledge, Newyork, 1996.

Duvvarry, Vasumathi. K, 'Play symbolism and Rituals', A study of Tamil Brahmin Women's Rites of Passage, Peter Lang Publishing Iac, Newyork, 1991.

Edgar Thurston and R. Rangamachari, Castes and Tribes of Southern Indian Vol.I, Encyclopedia of Social groups of Madras Presidency, 1909.

Elain Showalter, A Literature of Their Own, Princeton University Press, 1977.

Elamkulam, P.N. Kunhanpillai, Studies in Kerala History, National Book Stall, Kottayam, 1970.

Emma Goldman, Poly Feminism : Thoughts of Women's Sexual Liberation, American Prosperity Org.

Engels, Frederick, The Origin of Family, Private Property and State, Charles. H, Kerr & Co., Chicago, 1902.

Ernest George Ravenstein, The Laws of Migration, Journal of the Statistical Society of London, Vol. 8, No. 2.

Everett. S. Lee, A theory of Migration, Demography Vol. 3, No. 1, University of Pennisylvania, 1966.

Galina Sdobnikova, Marxist Leninist Philosophy, Progress Publishers, USSR, 1987.

Gayathri. C. Spivak, The post-colonial critic, Routledge, London, 1990.

_______, Outside the Teaching Machine, Routledge, New York, 1913.

Hein De Hass, Migration and Development – A Theoratical perspective, International Migration Institute, University of Oxford, 2008.

Helen Cixous, The Newly Born Woman, University of Minnesota Press, 1986.

Homi. K. Bhabha, The Location of Culture, Routledge, 1994.

_______, Is Multiculturalism Bad for Women?, Princeton University Press, 1999.

Jacques Derrida, The Theatre of Cruelty and The Closure of Represention, In writing and Difference, The University of Chicago Press, Chicago, 1978.

Jagadish Chandra Dua, Glossary of Revenue and Allied Terms of South India, Kaveri books, Madras, 1998.

Jalna Halmer, Women and Reproduction, Introducing Women's Studies, The Macmillan Press Ltd, London, 1993.

Jana Sawicki, Disciplining Foucault: Feminism, Power and Body, The Journal of the Midwest Modern Language Association, Vol. 25, No. 1, 1992.

Judith Butler, Gender Trouble : Feminism and the Subversion of Identity, Routledge, 1990.

Kate Millet, Sexual Politics, Doubleday and Company Inc., New York, 1970.

_______ The Politics of Cruelty, W.W. Norton and Company Inc., New York, 1994.

Kesavan Veluthatt, Aryan Brahmin Settlements in Ancient Kerala, Calicut University, 1978.

Kosambi, D.D, On the origin of Brahmin Gothras, Journal of Bombay Branch of the Royal Asiatic Society, Vol. 26, Part. I, 1950.

Krishna Iyer, K.V, A History of Kerala, Pai & Co., Ernakulam, 1966.

Lydia Morris, The working of the House hold, Polity Press, Cambridge, 1990.

Madan, K.D, Life and Travels of Vasco-da-Gama, Asian Educational Services, New Delhi, 1998.

Jane. M. Ushar, Women's Madness : Misogyny or Mental Illness ?

Michael, De Stroup, Does Economic Freedom Promote Women's Wellbeing? American Prosperity.org.

Michel Foucault, The History of Sexuality, Vol. I, An Introduction, Editions, Gallimard, France, 1978.

Morgan, Lewis. H, Ancient Society, Macmillan, London, 1907.

Narayanan, MGS, Dr., Re-Interpretations in South Indian History, College book house, Thiruvananthapuram, 1977.

Narayanan Namboothiri, P.P, Dr., Namboodiri Aryans in South India, Inter-India Publications, New Delhi, 1992.

Nath. D. P and Datha. J, Women and Culture in India : Countering the Force of Nativity, SACS Vol. 4, No. 1.

Patricia Hill Collins, Symposium on West and Fenster Maker's, Doing difference, Doing Gender, Routledge, New York, 2002.

Philip Sydney, Sir, A Defence of Poetry (Ed.) J.A. Van Dorsten, Oxford University Press, 1966.

Poonam Srivastava, Garden Eve, Feminist Literary Theory and Sigmund Freud, Adhyayan Publishers and Distributors, Delhi, 2004.

Poula Nichlson, Motherhood and Women's Lives, Macmillan, London, 1992.

Rajan Gurukal, The Kerala Temple and Early Medieval Agrarian System, Vallathol Vidya Peedam, Sukapuram, 1992.

Ramachandra Dikshidar, V.R, Studies in Tamil Literature and History, Pai & Co. Ernakulam, 1930.

Robin Jeffrey, The Decline of Nair Dominance, South Asia Books, 1994.

_______, Legacies of Matriliny : The place of Women and the Kerala Model, Pacific Affairs, Univesity of British Columbia, 2004.

Romila Thaper, (Ed.) Recent Perspectives of Early Indian History, Book Review Trust, New Delhi, 1995.

Sara Mills, Michel Foucault, Routledge, New York, 2003.

Sarkar, Prabhath Ranjan, The Awakening of Women, Ananda Marga Publications, New Delhi, 1995.

Schoebel, History of the origin and Development of Indian Castes, Media Promoters and Publishers Pvt. Ltd., Bombay, 1962.

Sheela Jeffreys, Anticilimax : A Feminist perspective on the Sexual Revolution, The Women's Press, London, 1990.

Shefali Moitra, Feminist Thought, Munshiram Manoharlal Publishers Pvt. Ltd., Kolkata, 2002.

Stevi Jackson, 'Women and Family', Family Lives : A Feminist Sociology, Blackwell, Oxford, 1993.

Tilly, Charlse, Pedagogy of Oppressed Chapter 1, Seabury Press, New York, 1970.

Verginia Woolf, A Room of One's Own, Penguin Books, Great Britain, 1978.

Anithakumari. A. “Tamil Brahmin Women Representation in Malayalam Novel” Thesis. Department of Malayalam of Sree Kerala Varma College, University of Calicut, 2015.

# ആവേദകസൂചി

| | പേര് | വയസ്സ് | സ്ഥലം | തൊഴിൽ |
|---|---|---|---|---|
| 1. | സുബ്രഹ്മണ്യൻ. എം.വി. | 84 | കൽപാത്തി | റിട്ട. ഹെഡ്മാസ്റ്റർ |
| 2. | രാമചന്ദ്രൻ. എം.എസ് | 74 | കൽപാത്തി | റിട്ട. ഹെഡ്മാസ്റ്റർ |
| 3. | ലക്ഷ്മിനാരായണൻ. കെ.എൻ. | 76 | കൽപാത്തി | റിട്ട. റെയിൽവേ ഓഫീസർ സെക്രട്ടറി, കൽവി വിശ്വം |
| 4. | ഗാനകൃഷ്ണൻ | 38 | കൽപാത്തി | മുൻസിപ്പൽ കൗൺസിലർ |
| 5. | രാജാമണി. കെ.വി | 73 | 12–ാം തെരുവ് | റിട്ട. ഫ്ളൈറ്റ് ഓഫീസർ |
| 6. | വിശ്വനാഥൻ. പി.എൻ | 53 | കൽപാത്തി | മുൻസിപ്പൽ കൗൺസിലർ |
| 7. | മണി അയ്യർ | 68 | കൽപാത്തി | ക്ഷേത്രം ഭാരവാഹി |
| 8. | രാമചന്ദ്ര ദീക്ഷിതർ | 84 | കൽപാത്തി | ഗ്രാമം പ്രധാനി |
| 9. | സുന്ദരം കാര്യക്കാർ | 73 | ചാത്തപുരം | റിട്ട. ആർമി ഓഫീസർ |
| 10. | ഗണേശ് കാര്യക്കാർ | 78 | ചാത്തപുരം | റിട്ട. എഫ്.സി.ഐ. ഓഫീസർ |
| 11. | രാജേശ്വരി (രാജി ടീച്ചർ) | 46 | കൽപാത്തി | സംഗീതാധ്യാപിക |
| 12. | രാമനാഥൻ | 68 | കൽപാത്തി | ആർ.എസ്. വാദ്ധ്യാർ ഗ്രന്ഥശാല മാനേജർ |
| 13. | രാജലിംഗ ഗുരുക്കൾ | 56 | കൽപാത്തി | ക്ഷേത്രം തന്ത്രി |
| 14. | രത്നസഭാപതി ശിവം | 28 | കൽപാത്തി | ക്ഷേത്ര പൂജാരി |
| 15. | ജാനകി വിഗ്നേഷ് | 54 | കൽപാത്തി | വീട്ടമ്മ |
| 16. | വത്സലാ കൃഷ്ണൻ | 52 | കൽപാത്തി | എഴുത്തുകാരി |
| 17. | ലത | 48 | കൽപാത്തി | വീട്ടമ്മ |
| 18. | അമ്പിസ്വാമി | 79 | ചാത്തപുരം | റിട്ട. റെയിൽവേ ഉദ്യോഗസ്ഥൻ |
| 19. | അമലാംബാൾ | 74 | കൽപാത്തി | വീട്ടമ്മ |
| 20. | രാമനാഥ ദീക്ഷിതർ | 80 | ചാത്തപുരം | ഗ്രാമം പ്രധാനി |
| 21. | സുശീൽകുമാർ വർമ്മ | 78 | കൽപാത്തി | പാലക്കാട് രാജാവ് |
| 22. | സരസ്വതി | 72 | കൽപാത്തി | വീട്ടമ്മ |
| 23. | ഗീത | 33 | 12–ാം തെരുവ് | വീട്ടമ്മ |
| 24. | ടി.കെ. ശങ്കരനാരായണൻ | | കൽപാത്തി | എഴുത്തുകാരൻ |
| 25. | ഡോ. പി. മുരളി | | പാലക്കാട് | അധ്യാപകൻ, മലയാളവിഭാഗം, ഗവ. വിക്ടോറിയ കോളേജ് |
| 26. | ഡോ. രാജൻ | | പാലക്കാട് | അധ്യാപകൻ, ചരിത്രവിഭാഗം ഗവ. വിക്ടോറിയ കോളേജ് |
| 27. | മു    ൂർ സേതുമാധവൻ | | പാലക്കാട് | എഴുത്തുകാരൻ |
| 28. | സുബ്രഹ്മണ്യൻ | | കൽപാത്തി | പത്രാധിപർ തുറന്നകത്ത്, പാലക്കാട് |
| 29. | ബീന ഗോവിന്ദ് | മാതൃഭൂമി ന്യൂസ് | | പാലക്കാട് |
| 30. | പൊൻമല. എൻ | ചൊക്കനാഥപുരം | | ആശാരി |
| 31. | ലക്ഷ്മണഗുപ്തൻ | | മൂത്താന്തറ | കച്ചവടം |
| 32. | രത്നസഭാപതി | | വടക്കന്തറ | കച്ചവടം |
| 33. | പീറ്റർ. പി.എസ്. | | സെക്രട്ടറി | ജില്ലാ ലൈബ്രറി, പാലക്കാട് |
| 34. | ഡോ. യു. ജയപ്രകാശ് | | പാലക്കാട് | മലയാളം അധ്യാപകൻ എൻ.എസ്.എസ്. കോളേജ് ഒറ്റപ്പാലം |
| 35. | നടരാജൻ | | പുത്തൂർ | കൽച്ചട്ടി നിർമ്മാണം |

# അഭിമുഖം

പാലക്കാട് ജില്ലയിലെ പഴയ കൽപാത്തി, പുതിയ കൽപാത്തി, ചാത്തപുരം അഗ്രഹാരങ്ങളെ മണ്ഡലവൃത്തിയ്ക്കുള്ള മേഖലയായി തെരഞ്ഞെടുത്ത് മുപ്പത്തിയഞ്ചോളം ആവേദകരിൽ നിന്നും ശേഖരിച്ച വിവരങ്ങളുടെ പ്രസക്ത ഭാഗങ്ങൾ അഭിമുഖരൂപത്തിൽ അനുബന്ധമായി ചേർക്കുന്നു:

**ചോദ്യം : തമിഴ്നാട്ടിൽ നിന്നും ഇവിടേക്ക് കുടിയേറിയവരാണല്ലോ നിങ്ങൾ. എന്തുകൊ ാണ് അങ്ങനെയൊരു കുടിയേറ്റം ആവശ്യമായി വന്നത് ?**

**രാജലിംഗ ഗുരുക്കൾ :** മായാവരത്തു നിന്ന് വന്നതാണ് എന്റെ അപ്പനപ്പൂപ്പന്മാർ. ഞങ്ങൾ പാരമ്പര്യമായി ക്ഷേത്രകാര്യങ്ങൾ നോക്കുന്നവരാണ്. ഇട്ടിക്കോമ്പിയച്ചൻ എന്ന രാജാവാണ് ഞങ്ങളുടെ കുടുംബക്കാരെ ഇവിടെ കൊ ുവന്നത് എന്നു പറഞ്ഞുകേട്ടിട്ടു ്. ക്ഷേത്ര പൂജയ്ക്ക് ഇവിടത്തെ ബ്രാഹ്മണർ തയ്യാറാകാതിരുന്നതുകൊ ാണത്രെ ഞങ്ങളെ കൊ ുവന്നത്. ലക്ഷ്മിയമ്മാൾ എന്ന സ്ത്രീക്ക് ഉടമസ്ഥതയു ായിരുന്ന ക്ഷേത്രം രാജാവ് ഓലക്കരണത്തിൽ എഴുതിവാങ്ങിയതാണെന്നു കേട്ടിട്ടു ്. ഞങ്ങളുടെ കുടുംബക്കാർക്കു താമസിക്കാൻ വീടും നിലവും രാജാവ് എഴുതിക്കൊടുത്തതിന്റെ ഓലക്കരണം അടുത്ത കാലത്ത് നഷ്ടപ്പെട്ടുപോയി. ആദ്യം പൂജകനായി വന്നത് ഒരു സുബ്രഹ്മണ്യ ഗുരുക്കളാണെന്നും പറഞ്ഞു കേട്ടിട്ടു ്.

**രാമനാഥ ദീക്ഷിതർ :** യഥാർത്ഥത്തിൽ ഇന്നു കാണുന്ന ഈ ബ്രാഹ്മണരൊക്കെ ഒന്നിച്ച് വന്നവരല്ല. ഒരു കുടുംബത്തിൽ നിന്നു വളർന്നുവന്ന ശാഖകളുമല്ല. പല കാലത്തായി കൂട്ടംകൂട്ടമായാണ് തമിഴ്ബ്രാഹ്മണർ എന്നു കേരളത്തിലുള്ളവർ വിളിക്കുന്ന ഞങ്ങൾ ഇവിടേക്ക് വന്നത്. വന്ന കാലത്ത് ദീക്ഷിതരും അയ്യങ്കാരും ശാസ്ത്രികളുമൊക്കെ ഓരോരോ അഗ്രഹാരത്തി ലായിരുന്നു. പിന്നെയൊക്കെ ഇടകലർന്നു. ഞങ്ങൾ ദീക്ഷിതർ ഫാമിലി ക്ഷേത്രകാര്യമല്ല ഗ്രാമകാര്യമാണ് നോക്കുക. ഗ്രാമസഭയുടെ പ്രധാന സ്ഥാനത്തിരിക്കും. അഭിപ്രായങ്ങൾ പറയും. ഞാൻ കേട്ടിട്ടുള്ളത് കാഞ്ചിപുരത്ത് വെള്ളം കിട്ടാൻ ബുദ്ധിമുട്ടായപ്പോൾ 240

കുടുംബം വെള്ളം കിട്ടുന്ന സ്ഥലം നോക്കി യാത്ര തിരിച്ചു എന്നാണ്. അങ്ങനെയാണത്രെ ഞങ്ങൾ ഇവിടെ എത്തിപ്പെട്ടത്. ഇവിടെ നല്ല ആതിഥ്യമര്യാദ കാണിച്ച ആളുകൾ താമസ സൗകര്യമൊരുക്കിത്തന്നതായി പറഞ്ഞു കേട്ടിട്ടു ്.

**ഗണേശ് കാര്യക്കാർ :** കുടിയേറി എന്നു നിങ്ങൾ പറയുമ്പോൾ ഞാൻ അൽപം ചരിത്രം പറഞ്ഞുതരാം. പ ് തമിഴ്ദേശം അല്ലെങ്കിൽ ദ്രാവിഡം എന്ന് ഒറ്റ നാടാണ് ഉ ായിരുന്നത്. ഇത് ചേരനാട്, അത് ചോളനാട്, അപ്പുറം പാണ്ഡ്യനാട് അല്ലേ. ഞാൻ കേട്ടിട്ടുള്ളത് എ.ഡി. 999 കാലത്ത് രാജരാജചോളൻ എന്ന രാജാവ് ചേരരാജ്യം അക്രമിച്ചു. ഇവിടെ കുറേ നാട്ടുരാജ്യങ്ങളു ായി. പിന്നീട് വേണാടു ഭരിച്ച രാജാവ് മേൽപ്പാടി, തെൻപാ ി തുടങ്ങിയ സ്ഥലങ്ങൾ കീഴടക്കി ഇങ്ങോട്ടാക്കി. കേരളവും തമിഴ്നാടും തമ്മിൽ സമ്പർക്കം ഈ വഴിയിൽക്കൂടിയായി. തമിഴ്നാട്ടിൽ തുഗ്ലക്ക് വന്ന് ആളുകളെ ഭീഷണിപ്പെടുത്താൻ തുടങ്ങി. എല്ലാവരും മുസ്ലീമാകണമെന്നു പറഞ്ഞു. പേടിച്ച് കുറേ പട്ടന്മാർ പെണ്ണുങ്ങളെയും കൂട്ടി ഓടിപ്പോന്നു. ഇവിടെ വന്നപ്പോൾ നല്ല സ്വീകരണം. അപ്പോ ഇവിടെത്തന്നെക്കൂടാമെന്നു വച്ചു. മധുരയിൽ നിന്നു വന്നവർ ചൊക്കനാഥപുരം ഗ്രാമത്തിൽ താമസിച്ചു. പൊള്ളാച്ചി, ദിണ്ഡിഗൽ തുടങ്ങിയ സ്ഥലത്തു നിന്നു വന്നവർ കൊല്ലങ്കോട്, കൊടുവായൂർ, തത്തമംഗലം തുടങ്ങിയ സ്ഥലങ്ങളിൽ താമസിച്ചു. തഞ്ചാവൂരിൽ നിന്നും മായാവരത്തു നിന്നും വന്നവർ കൽപാത്തിയിൽ കൂടി.

**ഡോ. രാജൻ :** ഇവരിങ്ങോട്ടു വന്നതിനു പല കഥകളും പറയും. രാജാവു ക്ഷണിച്ചുകൊ ു വന്നു കുടിയിരുത്തിയതാണെന്നു പറയുന്നതാണ് അവർക്കിഷ്ടം. അതിനർഹമായ ബഹുമാനവും അവരാവശ്യപ്പെടുന്നു ്. തമിഴ്നാട്ടിൽ ദ്രാവിഡമുന്നേറ്റം ഉ ായപ്പോൾ ഈ ബ്രാഹ്മണരെയൊക്കെ അവിടത്തെ ശ്രേഷ്ഠപദവിയിൽ നിന്നു മാറ്റി. വേദപാരമ്പര്യം നിലനിർത്താനുള്ള വിദ്യാഭ്യാസരീതിയും മറ്റും ഇവരവിടെ ആസൂത്രണം ചെയ്തിരുന്നു. രാജാക്കന്മാരുടെ ഏറാൻമൂളികളായി നിന്ന് ഭരണകാര്യത്തിലും ഇവർ കൈകടത്തിയിരുന്നു. ഒക്കെ അവസാനിപ്പിച്ചപ്പോൾ പണിയെടുക്കാതെ ജീവിക്കാൻ വയ്യെന്നായി. എല്ലാം കൂടും കുടുക്കയുമെടുത്തു നാടുവിട്ടു.

**ഡോ. പി. മുരളി :** എന്തുകൊ ് തമിഴ്നാട്ടിൽ നിന്നു പോന്നു എന്നോ കേരളത്തിൽത്തന്നെ വന്നു താമസിക്കാൻ എന്താണ് കാരണമെന്നോ അന്വേഷിക്കുമ്പോൾ പലപല കാരണങ്ങളാണ് പലരും പറയുന്നത്. ഒന്നുറപ്പാണ്, ഇവർക്ക് അവരുടെ സംസ്കാരവും ആചാരാനുഷ്ഠാനങ്ങളും പ്രധാനമാണ്. അത് സംരക്ഷിക്കാൻ പറ്റാത്തതുകൊ ാവണം അവർ അവിടെ നിന്നോടിപ്പോന്നത്. ഒന്നു പറയാം പിശുക്കി ചിലവാക്കാനും ഉള്ളതുകൊ ു കഴിയാനും ഇവർക്കറിയാം. നല്ല തന്ത്രശാലികളുമാണ് 'പട്ടരിൽ പൊട്ടനില്ല' എന്നാണല്ലോ ചൊല്ല്.

**രാജി ടീച്ചർ :** കുടിയേറിയ കഥയൊക്കെ ഞങ്ങൾക്ക് കേട്ടറിവേയുള്ളു. മുസ്ലീങ്ങൾ വന്ന് സ്ത്രീകളെ പിടിച്ചു കൊ ുപോകുമോ, മതം മാറ്റിക്കളയുമോ എന്നൊക്കെ ഭയന്നാണ് ഇവിടേക്ക് വന്നതെന്നു കേട്ടിട്ടു ്. പേടികാരണം എല്ലാവരും ഒരിടത്തു തന്നെ താമസിക്കാമെന്നു തീരുമാനിക്കുകയായിരുന്നത്രെ. അങ്ങനെയാണ് ഇവിടെ നിരനിരയായി വീടുകൾ വന്നത്. ഇതിനപ്പുറത്ത് ഞങ്ങളുടെ പൂർവ്വികരുടെ കൂടെ വന്ന കമ്മാളച്ചെട്ടികളെ ഒരു ധൈര്യത്തിന് താമസിപ്പിച്ചതായും കേട്ടിട്ടു ്.

**ചോദ്യം : ഈ ആവാസവ്യവസ്ഥ ഇങ്ങനെ രൂപപ്പെടുത്തിയതിന്റെ ഉദ്ദേശ്യമെന്താണ് ?**

**ഗാനകൃഷ്ണൻ :** ഒന്നുമറിയാത്ത ഒരു നാട്ടിലേക്ക് എത്തിപ്പെടുകയല്ലേ. അവിടെ നിന്നാണെങ്കിൽ പേടിച്ചോടി വന്നതും. പുതിയ നാട്ടിലെ അവസ്ഥ അറിയാത്തതുകൊ ് മാറിനിൽക്കാൻ ഇങ്ങനെ താമസിക്കുന്നതാണ് നല്ലതെന്നു തോന്നിക്കാണും ഞങ്ങളുടെ പൂർവ്വികർക്ക്. ഒരഗ്രഹാരം കഴിഞ്ഞാൽ അടുത്തത് വരും. വെളിനാട്ടിലേക്കിറങ്ങാതെ പരസ്പരം ബന്ധപ്പെട്ടു പോകാം. പിന്നെയുള്ള മറ്റു ജാതിക്കാരൊക്കെ തൊട്ടുതൊട്ടുകിടക്കുന്നത് ഞങ്ങളുടെ പൂർവ്വികരുടെ കൂടെ വന്നവർ തന്നെ. അവരെ പേടിക്ക ല്ലോ.

**ലക്ഷ്മിനാരായണ പെരുമാൾ :** ദാനം കിട്ടിയ സ്ഥലത്താണല്ലോ വീടുകൾ കെട്ടുന്നത്. പരമാവധി കുടുംബങ്ങളെ ഇവിടെ അക്കമൊഡേറ്റ് ചെയ്യാൻ ഇങ്ങനെയാണ് നല്ലത്. മാത്രമല്ല തഞ്ചാവൂരും മായാവരത്തുമൊക്കെ അയ്യർ

ബ്രാഹ്മിൻസ് ഇങ്ങനെയാണ് താമസിക്കുന്നത്. ഇത് ഞങ്ങളുടെ ട്രഡീഷണൽ സെറ്റിൽമെന്റാണ്.

**ചോദ്യം : അഗ്രഹാരത്തിന്റെ തുടക്കത്തിലും ഒടുക്കത്തിലും ക്ഷേത്രം കാണുന്നു ല്ലോ. അതിന്റെ ഉദ്ദേശ്യമെന്താണ് ?**

**രാമനാഥദീക്ഷിതർ :** 'അഗ്രേഹരിശ്ച ഹരശ്ച' എന്നാണ് അഗ്രഹാരത്തിനു പറയുന്നത്. ര റ്റത്തുമായി ഹരിയും ഹരനും സ്ഥിതിചെയ്യുന്നു എന്നർത്ഥം. ഗ്രാമാതിർത്തി നിർണ്ണയിക്കുന്നത് ക്ഷേത്രങ്ങളാണ്. മാത്രമല്ല ശൈവരും വൈഷ്ണവരും ഒരേ തെരുവിലു ാകും. ര ുകൂട്ടർക്കും മഠത്തിന്റെ ഉമ്മറത്തു നിന്നാൽ ദേവനെ തൊഴണം. അതിനുവേ ി കൂടിയാണ് ഇങ്ങനെ കോവിലും മഠവും തെരുവും പണിയുന്നത്.

**ചോദ്യം : ദീക്ഷിതർ, ഗുരുക്കൾ, കാര്യക്കാർ എന്നെല്ലാം പേരിന്റെ കൂടെ കാണുന്നല്ലോ. എല്ലാവരും തമിഴ് ബ്രാഹ്മണരല്ലേ ?**

**രാമനാഥ ദീക്ഷിതർ :** ഇതൊന്നും ജാതിപ്പേരല്ല. സമൂഹമഠം കൽപിക്കുന്ന സ്ഥാനങ്ങളാണ്. ഗുരുക്കൾ പൂജകരാണ്. ക്ഷേത്രകാര്യങ്ങൾ നോക്കുന്നവർ. ദീക്ഷിതർ സമൂഹമഠത്തിൽ പ്രധാനികൾ. ബ്രാഹ്മണസഭയുടെ ഭരണകാര്യം. ഗ്രാമ മുൻസിഫ് എന്നുവേണമെങ്കിൽ പറയാം. ദീക്ഷിതരോടു ചോദിച്ചാണ് എല്ലാ കാര്യങ്ങളിലും തീരുമാനമെടുക്കുക. ഇനി ശാസ്ത്രികളു ്. പണ്ഡിതന്മാർ. കുട്ടികളെ വേദം പഠിപ്പിക്കുന്നതവരാണ്. കാര്യക്കാർ താന്ത്രികജോലിയിലേർപ്പെടുന്നവരല്ല. കേരളത്തിൽ വന്നതിനു ശേഷം കിട്ടിയ സ്ഥാനപ്പേരാണത്. ഇവരെക്കൂടാതെ ശൗണ്ഡികളു ്. ബലിച്ചോറുണ്ണാനും അണ്ണാറ കെട്ടിവലിക്കാനും അവരാണ്.

**സുന്ദരം കാര്യക്കാർ :** ഞങ്ങളുടെ പഴമക്കാർ പട്ടുകച്ചവടത്തിന് പ ് കേരളത്തിൽ വന്നു കുടിയേറിയവരാണ്. കൂട്ടമായി പട്ടന്മാർ വരുന്നതിനു മുമ്പ്. അന്ന് സാമൂതിരി രാജാവ് വിദേശികളുമായി കച്ചവടം ചെയ്യാൻ പട്ടന്മാരെ ഇടനിലക്കാരാക്കിയിരുന്നു. സാമൂതിരി കൊടുത്ത സ്ഥാനപ്പേരാണ് കാര്യക്കാർ. രാജ്യകാര്യങ്ങളിൽ ഇടപെടാൻ സ്വാതന്ത്ര്യമുള്ള ഉദ്യോഗസ്ഥരാണ് കാര്യക്കാർ. പിന്നീടുള്ള തലമുറ കാര്യക്കാരായില്ലെങ്കിലും അത്

സ്ഥാനപ്പേരായി സ്വീകരിച്ചു. ഞാൻ ആർമി ഓഫീസറായിരുന്നു. എന്റെ ഏട്ടൻ ഗണേശ് എഫ്.സി.ഐയിലായിരുന്നു. ഞങ്ങൾ ര ാളും കാര്യക്കാരാണ്.

**ചോദ്യം : മറ്റു മഠങ്ങളുടെ പോലെയല്ലല്ലോ നിങ്ങളുടെ മഠം. ഇതിനൊരു നാലുകെട്ടിന്റെ രൂപമാണല്ലോ ?**

**സുന്ദരം കാര്യക്കാർ :** ശരിയാണ്, പറഞ്ഞല്ലോ ഞങ്ങൾ ഏറ്റവും പഴ പട്ടന്മാരാണിവിടത്തെ. ഞങ്ങൾക്ക് ശേഷം വന്നവർക്കാണ് രാജാവ് ഭൂമി കൊടുത്തതും ക്ഷേത്രഭരണമേൽപ്പിച്ചതും. ഞങ്ങൾക്കിവിടെ ഏക്കറു കണക്കിന് ഭൂമി തന്നത് സാമൂതിരിയാണ്. ഈ വീട് കേരളീയ വാസ്തുവിദ്യ പ്രകാരം കെട്ടിത്തന്നതും സാമൂതിരിയാണ്. എന്നാലും ഇതിനുള്ളിൽ കൂടം കെട്ടിയിട്ടു ്. മറ്റ് മഠങ്ങളിലെപ്പോലെയുള്ള കലവറ മുറിയുമു ്. ഒരു നടുമുറ്റവും വടക്കിനി, തെക്കിനി, പടിഞ്ഞാറ്റി, പൂമുഖം എന്നിവയും കൂടെയുമു ന്ന് മാത്രം. വിശാലമായ പറമ്പിന്റെ നടുക്കാണല്ലോ ഈ വീട്. ഇത് മറ്റു മഠങ്ങൾക്ക് കാണില്ല.

**ചോദ്യം : നിങ്ങളുടെ ജീവിതത്തിലെ പ്രത്യേക അനുഷ്ഠാനങ്ങളും ജീവിതരീതികളും എന്തൊക്കെ ? അതായത് കേരളത്തിലില്ലാത്ത രീതികൾ ?**

**ജാനകി വിഘ്നേഷ് :** ഞാൻ മനസ്സിലാക്കിയിട്ടുള്ളത് കേരളത്തിലെ ആളുകൾ മൂന്നോ നാലോ കാപ്പിയും മൂന്നു നേരം ഭക്ഷണവും കഴിക്കുമെന്നാണ്. ഞങ്ങൾ കാലത്തെയും ഉച്ചത്തേയും കൂടി പത്തു മണിക്ക് സാദം കഴിക്കും. കാലത്തേ തുടങ്ങുന്ന റിച്ച്വൽസു ല്ലോ. മുങ്ങിക്കുളി, അമ്പലത്തിൽ പോക്ക്, ആണുങ്ങൾക്കാണെങ്കിൽ ക്ഷേത്രകാര്യങ്ങൾ, തേവാരം എല്ലാം കഴിഞ്ഞേ ഭക്ഷണം കഴിക്കൂ. പിന്നെ മൂന്നു മണിയൊക്കെയാകുമ്പോ കോഫി. വൈകീട്ട് ടിഫിൻ. ലിമിറ്റഡ് ഫുഡാണ് കഴിക്കുക. പിന്നെ ഡ്രസ്സ് ഇടുന്നിടത്ത് വ്യത്യാസമു ്. നന്നായി ചേല ചുറ്റും ഞങ്ങൾ. കേരളത്തിലെ സ്ത്രീകളും പട്ടുചേലയിലേക്ക് മാറിയിട്ടു ങ്കിലും ഉടുക്കുന്ന രീതി വ്യത്യാസമു ്. പതിനെട്ടുമുഴം പട്ടാണ് ഞങ്ങൾക്ക്. കേരളത്തിൽ സാരി, ചുരിദാർ ഒക്കെയിടും. ഇന്നൊക്കെ ഇവിടെയും മാറ്റങ്ങളു ്.

**അമലാംബാൾ :** നേരത്തേ എഴുന്നേൽക്കും. കുളിച്ച് ശുദ്ധിയായി വന്ന് നട തൂത്തുതളിച്ച് വൃത്തിയാക്കും. പിന്നെ കോലം വരയ്ക്കും. പെണ്ണുങ്ങൾക്ക് പ്രധാനമാണ് കോലമെഴുത്ത്. മഹാലക്ഷ്മിയെ സ്വീകരിക്കാനാണ് കോലം വരയ്ക്കുന്നത്. പെൺകുട്ടികളൊക്കെ കളർപ്പൊടികൊ ് രംഗോലി വരയ്ക്കും. ഞങ്ങൾ ഡെയ്‌ലി വരയ്ക്കുന്നത് മാക്കോലമാണ്. പച്ചരിമാവ് കലക്കി കയ്യിൽ കോരിയെടുത്താണ് അതു വരയ്ക്കുന്നത്.

**മണി അയ്യർ :** റിച്വൽസിനാണ് ഞങ്ങൾ ഏറ്റവും ഇമ്പോർട്ടൻസ് കൊടുക്കുന്നത്. അതുമായി റിലേറ്റ് ചെയ്ത ലൈഫ് സ്റ്റൈലാണ് ഉള്ളത്. പ്രകൃതി ശക്തികളെ ആരാധിക്കാൻ പ്രത്യേക ശ്രദ്ധ കൊടുക്കും. പിള്ളെയാരെ പ്രസാദിപ്പിക്കലാണ് പ്രധാനം. വിഘ്നേശ്വരന്റെ പതിനാറു ഭാവങ്ങളെയും പല ക്ഷേത്രങ്ങളിലായി ആരാധിക്കുന്നു. പിള്ളെയാർക്ക് സ്ത്രീകൾ കൊഴുക്കട്ട നിവേദിക്കും. വനഭോജനം നടത്തും. പെ ാക്കെ കാട്ടിലേക്ക് പോയി അവിടെ വച്ചാണ് ചെയ്തിരുന്നത്. ഇപ്പോഴൊക്കെ വേപ്പിന്റെ ചുവട്ടിൽ സങ്കൽപകർമ്മമാണ് ചെയ്യുക. വർഷത്തിലൊരിക്കൽ പൂണൂൽ മാറ്റൽ ചടങ്ങു ാകും. ആവണി അവിട്ടത്തിന്. ക്ഷേത്രങ്ങളിൽ രഥോത്സവം നടത്തും. വേദം ചൊല്ലലാണ് അതിന്റെ പ്രധാന ചടങ്ങ്. തേരിൽ ഉത്സവവിഗ്രഹം വച്ച് ഗ്രാമത്തിൽ പ്രദക്ഷിണം വയ്ക്കും. വേദം ചൊല്ലിക്കൊ ് ബ്രാഹ്മണർ മുന്നിൽ നടക്കും. വേദപാരമ്പര്യം കാത്തുസൂക്ഷിക്കുകയാണ് പ്രധാനം. ഒരു അഗ്രഹാരത്തിന്റെ രഥോത്സവം കഴിഞ്ഞാൽ അടുത്തതിന്റെ തുടങ്ങും. എല്ലാവരും എല്ലാ അഗ്രഹാരത്തിലേക്കും വേദം ചൊല്ലാൻ പോകും. എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കാനാണ് ഈ ഉത്സവം.

**ചോദ്യം : എല്ലാവർക്കും പങ്കാളിത്തമു ് രഥോത്സവത്തിൽ എന്നു പറഞ്ഞല്ലോ ? നിങ്ങളുടെ കൂടെ വന്ന ഐങ്കുടിക്കമ്മാളർ, സ്ത്രീകൾ, ദേശവാസികൾ ഇവരുടെയൊക്കെ പങ്കാളിത്തം എങ്ങനെയാണ് ?**

**എം.എസ്. രാമചന്ദ്രൻ :** ഐങ്കുടിക്കമ്മാളർക്ക് പ്രത്യേക അവകാശങ്ങളു ് ഉത്സവത്തിൽ. അവരുടെ കൂട്ടത്തിലെ ശിൽപികൾ ഉത്സവത്തോടനുബന്ധിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ ക്ഷേത്രത്തിലെ നിവേദ്യം മാത്രം കഴിച്ച് വ്രതമെടുത്ത് അവിടെത്തന്നെ കൂടും. പ്രധാന ക്ഷേത്രത്തിലെ ഉത്സവവിഗ്രഹത്തെ തേരിൽ നിന്നിറക്കാനുള്ള അവകാശം അവർക്കാണ്.

ഉത്സവത്തിന്റെ അഞ്ചാം നാൾ സ്ഥാനീയ ചെട്ടികളെ മാലയിട്ട് സ്വീകരിച്ചാനയിക്കും. അവരെ ഒഴിവാക്കി നമുക്കൊന്നുമില്ലല്ലോ.

**കെ.വി. രാജാമണി :** കമ്മാളച്ചെട്ടികളുടെയത്ര അവകാശം മറ്റാർക്കുമില്ല. സ്ത്രീകൾക്ക് പ്രത്യേകിച്ച് സ്ഥാനമൊന്നുമില്ല. ഒരു ക്ഷേത്രോത്സവത്തിലും അങ്ങനെയില്ലല്ലോ. അവർക്ക് തൊഴാം, നാമം ചൊല്ലാം. ഉത്സവത്തിനു മുമ്പാണവർക്ക് ജോലി. മഠമൊക്കെ പൊടിയും മാറാലയും കളഞ്ഞ് തൂത്തു കഴുകി വൃത്തിയാക്കണം. നിറയെ അതിഥികൾ വരും, മായാവരത്തു നിന്നൊക്കെ. അപ്പോഴേക്ക് അച്ചാർ, കൊ ാട്ടം, മുറുക്ക് ഒക്കെയു ാക്കി വയ്ക്കണം. പിന്നെ ഉത്സവത്തിന് കച്ചവടം വരുന്നതേ അവർക്കല്ലേ. കൽച്ചട്ടി, പാത്രങ്ങൾ, തേരടി കുങ്കുമം ഒക്കെ വാങ്ങാമല്ലോ.

**രത്നസഭാപതി ശിവം :** ദേശവാസികൾക്ക് സ്ഥാനങ്ങളൊന്നും നൽകില്ല. പല ാക്കെ അവർ അഗ്രഹാരത്തിൽ കയറില്ലല്ലോ. തേര് യഥാർത്ഥത്തിൽ വേദം ചൊല്ലിയുള്ള ഒരനുഷ്ഠാനമാണ്. അത് ബ്രാഹ്മണർ തന്നെ ചെയ്യണം. മറ്റു ജാതിക്കാരെയോ സ്ത്രീകളെയോ പങ്കെടുപ്പിച്ചുകൂടാ. ദേശവാസികൾ കുറേ ലഹളയൊക്കെ ഉ ാക്കിയിട്ടാണത്രെ ഗ്രാമത്തിൽ കയറാൻ അവകാശം നേടിയത്. ക്ഷേത്രത്തിൽ വന്ന് തൊഴും. വലിയ തേരിൻ ദിവസം തേരിന്റെ കയർ വലിക്കാൻ ആയിരക്കണക്കിന് ആളുകൾ വരും. എല്ലാ ആളുകളും ഉത്സവവിഗ്രഹം വഹിച്ച തേരിനെ തൊടുന്നതുകൊ ് ബ്രാഹ്മണർ തേരിൽ കയറ്റുന്ന ഉത്സവവിഗ്രഹം ഇറക്കുന്നത് കമ്മാളച്ചെട്ടികളാണ്. അശുദ്ധമായ വിഗ്രഹത്തെ പ്രത്യേക പീഠത്തിൽ ചെട്ടികൾ കൊ ുവയ്ക്കും. പല്ലക്ക് കച്ചേരി നടത്തി തെരുവ് ശുദ്ധിയാക്കി, എട്ടുതരം അഭിഷേകങ്ങൾ കഴിച്ച് വിഗ്രഹം ശുദ്ധിവരുത്തിയിട്ടു മാത്രമേ പിന്നെ വിഗ്രഹപൂജ നടത്തൂ.

**പീറ്റർ. പി.എസ്. :** കൽപാത്തി രഥോത്സവം ലോകം മുഴുവൻ പ്രസിദ്ധമാണ്. അത് ഇവർക്ക് നമ്മളോടുള്ളതിനേക്കാൾ ബന്ധം വിദേശികളോടുള്ളതു കൊ ാണ്. ഏഴു ദിവസം നടക്കുന്ന തേരിൽ ഒരു ദിവസമാണ് ജനകീയ പങ്കാളിത്തം. അതും തേരു വലിക്കാൻ. ദേശവാസികളോട് അവജ്ഞയാണ് ഇവർക്കൊക്കെ.

**ഡോ. യു. ജയപ്രകാശ് :** ബക്തിന്റെ ഒരു തിയറിയു ്. 'കാർണിവൽ തിയറി'. വർഷത്തിലൊരിക്കൽ ഭരണാധികാരികളെ മുഖംമൂടി വച്ച് അധിക്ഷേപിക്കാനും തെരുവിൽ കൂത്താടാനും സ്വാതന്ത്ര്യമനുഭവിക്കാനും

കീഴാളന് കൊടുക്കുന്ന അവകാശമാണത്. അതുപോലെയാണ് ഇതും. ഒരു ദിവസം എന്താച്ചാ ആയ്ക്കോട്ടെ എന്ന മനോഭാവം. ഒ.വി. വിജയന്റെ മുത്തച്ഛൻ അഗ്രഹാരം തീ ിയതിന് അടിവാങ്ങിയിട്ടു ് ഇവരുടെ കയ്യിൽ നിന്ന്.

**ചോദ്യം : എന്തുകൊ ാണ് സ്ത്രീകൾക്ക് പ്രത്യേക സ്ഥാനങ്ങൾ നൽകാത്തത് ? ക്ഷേത്രത്തിൽ വരുന്നതധികവും അവരല്ലേ ?**

**രാജലിംഗ ഗുരുക്കൾ :** ക്ഷേത്രത്തിൽ സ്ത്രീകൾ തൊഴാൻ വരുന്നെന്നു കരുതി പ്രത്യേക സ്ഥാനങ്ങൾ കൊടുക്കേ തില്ലല്ലോ. മാത്രമല്ല ഇതു വെറും വേദപാരായണമാണ്. വേദങ്ങൾ കാണാതെ പഠിച്ച പണ്ഡിതന്മാർ കൂട്ടമായിരുന്ന് വേദം ചൊല്ലലാണ് ഉത്സവത്തിന്റെ പ്രധാന ചടങ്ങ്. മറ്റേതൊക്കെ സ്ത്രീകളെയും കുട്ടികളെയും വൃദ്ധരെയും പുറംനാട്ടുകാരെയുമൊക്കെ ഉദ്ദേശിച്ചുള്ളതാണല്ലോ. കിടപ്പിലായോർക്കു പോലും ദേവനെ കാണാൻ രഥം മഠത്തിന്റെ മുന്നീക്കൂടി ചെല്ലും. പുറംനാട്ടുകാർ നിറയെ വരുന്നതുകൊ ് സ്ത്രീകൾ അധികം മഠത്തിന്റെ വെളിയിലിറങ്ങാതെ ദേവനെ വണങ്ങുന്ന ദിവസം കൂടിയാണിത്. പിന്നെ വിരുന്നുകാർക്കൊരുക്കി കൊടുക്കേ . വിവാഹം കഴിച്ചയച്ച പെൺകുട്ടികളൊക്കെ കുടുംബമായി ഉത്സവത്തിനു വരുന്ന സമയമാണിത്.

**ചോദ്യം : നിങ്ങളുടെ വിവാഹരീതി എങ്ങനെയാണ് ?**

**രാജി ടീച്ചർ :** നന്നേ ചെറുപ്പത്തിൽ തന്നെ വിവാഹം കഴിക്കും. ഇന്നൊക്കെ കുറേ മാറ്റങ്ങൾ വന്നിട്ടു ്. ഞങ്ങളുടെ ആചാരപ്രകാരം പ്രായപൂർത്തിയാകുന്നതിനു മുമ്പേ വിവാഹം കഴിയണം. നിറയെ സ്ത്രീധനം കൊടുക്കണം എന്നതുകൊ ് പെൺകുട്ടികളു ാകുന്നത് പേടിയാണ്. സ്ത്രീധനം കൊടുക്കുന്നതോടെ പിന്നെ അവകാശങ്ങളൊന്നുമില്ല. സ്വത്തവകാശം പാരമ്പര്യമായി ആൺമക്കൾക്കാണ്. കല്യാണം കഴിച്ചയച്ച വീട്ടിൽത്തന്നെ അഡ്ജസ്റ്റ് ചെയ്ത് ജീവിക്കണം. ഭർത്താവ് മരിച്ചാലേ വീട്ടിലേക്ക് തിരിച്ചുവരാൻ പാടുള്ളൂ. പ്രായപൂർത്തിയാകുന്നതിനു മുമ്പ് കല്യാണം നടത്തിയാലും വയസ്സറിയിച്ച ശേഷം ശാന്തിമുഹൂർത്തം നിശ്ചയിച്ച് ദെരക്ഷി കഴിച്ച ശേഷമേ അങ്ങോട്ടു വിടൂ. ഇന്നാരാ ഇത്ര

ചെറുപ്പത്തിലേവിവാഹം കഴിപ്പിക്കുക. എന്നാലും പതിനെട്ടുവയസ്സിനപ്പുറം പോകാറില്ല.

**അമ്പിസ്വാമി :** പുരുഷന്മാർക്ക് ഗ്രാമത്തിലെ സ്ഥാനത്തിനനുസരിച്ചാണ് കല്യാണം. അതിനൊത്ത സ്ത്രീധനം കിട്ടും. പെൺകുട്ടികൾക്ക് നേരത്തേ കല്യാണം കഴിയേ തുകൊ ് പുരുഷന്റെ പ്രായമൊന്നും നോക്കാറില്ല. സാമ്പത്തികനിലയും ഗ്രാമത്തിലെ സ്ഥാനവുമാണ് പ്രധാനം.

**ചോദ്യം : ഇത്ര ചെറുപ്പത്തിലെ വിവാഹം കഴിയുമ്പോൾ അവരുടെ വിദ്യാഭ്യാസം ? ജോലി ?**

**സരസ്വതി :** ഗ്രാമം വക സ്ക്കൂളു ാകും. ഏഴാം ക്ലാസ്സു വരെയൊക്കെ പോകുമ്പോഴേക്ക് കല്യാണം കഴിയും. പിന്നെ സംഗീത പഠിക്കും. ഇന്നൊക്കെ സ്ഥിതി മാറി. എന്റെയൊക്കെ പതിമൂന്നാം വയസ്സിലായിരുന്നു കല്യാണം. സ്വാമിയ്ക്കന്ന് ഇരുപത്തിമൂന്നു വയസ്സ്. ഇന്നു പെൺകുട്ടികളേ ഇരുപത്തിമൂന്നില് മതി കല്യാണംന്ന് വാശിപിടിക്കും. നേരത്തെ കല്യാണം കഴിയണതല്ലേ നല്ലത്.

**രാമനാഥ ദീക്ഷിതർ :** കെട്ടുന്ന പെണ്ണിനെ ഉണ്ണാനും ഉടുക്കാനും കൊടുത്ത് നോക്കാൻ ആണിന് കഴിയുമെങ്കിൽ എന്തിനാ പെണ്ണിന് ജോലി ? പഠിപ്പ് വായിക്കാനുള്ളതു പോരേ. പഠിച്ചതിന്റെ പേരിൽ എത്രയെണ്ണം തലതിരിഞ്ഞുപോയി ? നന്നായി ഉടുക്കാനും ഭക്ഷണമു ാക്കാനും അറിയാതെയാണ് ഇന്നു പെൺകുട്ടികൾ വളരുന്നത്. ഗ്രാമത്തിനു പുറത്തു പോകാനാ പലർക്കും ഇഷ്ടം.

**ചോദ്യം : ചെലവിന്റെ കാര്യത്തിലായാലും പെൺകുട്ടികളുടെ കാര്യത്തിലായാലും എന്തിനാണിത്ര കരുതൽ ?**

**മണി അയ്യർ :** ഉള്ളതിൽ ജീവിക്കാനാണ് പാരമ്പര്യമായി ഞങ്ങളെ പഠിപ്പിച്ചിട്ടുള്ളത്. കയ്യിൽ കൂടുതൽ പൈസ വന്നാലും കരുതിവയ്ക്കുകയേ യുള്ളു. പരിധിവിട്ടു ചെലവാക്കില്ല. വേറെ നാട്ടിൽ ഒറ്റപ്പെട്ടാ ജീവിക്കുന്നതെന്ന ബോധ്യം ഇന്നുമു ്. നാടുവിട്ടോടേ ി വന്നവരുടെ ജീനല്ലേ ഞങ്ങളുടെ യുള്ളിൽ. അതുകൊ ് എപ്പോഴും ഒരു കരുതലു ്. പെൺകുട്ടികളുടെ കാര്യത്തിലെ കരുതലും അങ്ങനെ തന്നെ. പ്രായപൂർത്തിയാകുന്നതിനു മുമ്പ് ആണൊരുത്തന്റെ കയ്യിലായാൽ സമാധാനമായി. പട്ടന്മാരെ താറടിക്കാൻ

ആളുകൾ ഏതു വഴിയും തെരഞ്ഞെടുക്കും. ഞങ്ങളുടെ പെണ്ണുങ്ങളെ പിടിച്ചുകൊ ുപോയ ചരിത്രമു ്.

**ഡോ. കെ. രാജൻ :** പ്രിസർവേഷൻ ഓഫ് കൾച്ചർ, അതാണ് അവർക്ക് പ്രധാനം. ഏതെങ്കിലും നോൺ ബ്രാഹ്മിനുമായി പെൺകുട്ടികൾ അടുത്തുപോയാൽ കലർപ്പുസംസ്കാരം രൂപപ്പെടില്ലേ. അതിനവർ കെ ത്തിയ വഴിയാണ് ഈ ഏർലിമാര്യേജ്. ആണിന്റെ പ്രായമോ രൂപമോ നോക്കാതെ പെൺകുട്ടിയെ പിടിച്ചു കൊടുക്കും. എന്തൊക്കെ പ്രശ്നങ്ങളു ന്നോ അതുകൊ ്. ഇരട്ടിയിലധികം പ്രായമുള്ള ആളുകളാവും. പെൺകുട്ടി യുവതിയാകുമ്പോഴേ അയാൾ മരിച്ചുപോകും. പിന്നെ ജീവിതം പോയില്ലേ. പ ാക്കെ തല മൊട്ടയടിച്ച് മഠത്തിന്റെ ഉള്ളിൽത്തന്നെ കഴിഞ്ഞുകൂടണ മായിരുന്നു മരിക്കുവോളം.

**ചോദ്യം : കുടിയേറി വന്ന ഈ നാടുമായി പൊരുത്തപ്പെട്ടാണോ കഴിയുന്നത് ?**

**രാമനാഥൻ :** പൊരുത്തപ്പെടൽ എന്നു പറഞ്ഞാൽ അതാവശ്യമാണല്ലോ. കഴിയുന്നത്ര സെൽഫ് സഫിഷ്യന്റ് ആകാൻ നോക്കും. ഇവിടത്തെ ബ്രാഹ്മിൻസ് പൊതുവെ ജോലിയും ക്ഷേത്രകാര്യങ്ങളും നോക്കി ഒതുങ്ങി കഴിയുന്നവരാണ്. ഞങ്ങളുടെ പൂർവ്വികരൊക്കെ പേടികൊ ാണ് ആരുമായും അടുക്കാതിരുന്നത്. ഇവിടെ സ്വകാര്യമായി എന്തൊക്കെയോ നടക്കുന്നു എന്നു ധരിച്ച് പല അക്രമങ്ങളും പാലക്കാട്ടുകാർ കാട്ടിയിട്ടു ത്രെ. ഇന്ന് ജാതിയുടെ കാര്യത്തിലൊന്നും അത്ര കടുംപിടുത്തങ്ങളില്ലല്ലോ. ജോലിക്കു പോകുന്നവർ പോകും. അല്ലാത്തവർ പത്തുമണിക്കു ഭക്ഷണം കഴിഞ്ഞാൽ അൽപനേരം വിശ്രമിക്കും. കാപ്പി കഴിഞ്ഞാൽ വൈകീട്ടത്തെ പൂജയിലേക്കും ക്ഷേത്ര കാര്യങ്ങളിലേക്കും തിരിയും. ഭജനമഠത്തിൽ പോകും.

**സുനിൽകുമാർ വർമ്മ :** പൊതുവെ പട്ടന്മാർ ഒതുങ്ങിയാണ് ജീവിക്കുന്നത്. അവരുടെ കാര്യം നോക്കും. സ്വകാര്യതകൾ ഉ ാവാം. അത് മറ്റൊരു ദേശത്ത് എത്തിപ്പെട്ടതിന്റെ ഭാഗമാകണം. ചൂടുവെള്ളത്തിൽ വീണ പൂച്ചയുടേതു പോലെ.

**പി.എസ്. പീറ്റർ :** പുറത്തു നിന്ന് ഒരാളെയും അടുപ്പിക്കില്ല അവർ. ഗ്രാമത്തിൽ നിന്ന് സ്ഥലം വിറ്റുപോയ ആൾക്കാർ പലർക്കും കൊടുത്ത് ഗ്രാമം

നശിപ്പിക്കുന്നു എന്നു തോന്നിയപ്പോ അവരാസൂത്രണം ചെയ്ത പദ്ധതിയാണ് പൈതൃകസംരക്ഷണം. സർക്കാർ സഹായത്തോടെ അവർക്ക് സ്വകാര്യത സംരക്ഷിക്കണം. ഇപ്പോ അനുഭവിക്കുന്നു  ല്ലോ. ടൂറിസ്റ്റുകൾ കയറിയിറങ്ങി നടക്കുകയല്ലേ അഗ്രഹാരങ്ങളിലൂടെ.

**ചോദ്യം : തമിഴ്ബ്രാഹ്മണർ തദ്ദേശവാസികളിൽ നിന്ന് അവഗണനയനുഭവിക്കുന്നു എന്നു പറയുന്നല്ലോ ?**

**മു  ൂർ സേതുമാധവൻ :** ഇവിടെ അവഗണനയുടെയും പരിഗണനയുടെയും പ്രശ്നമല്ല. പൂജയുടെയും ബഹുമാനത്തിന്റെയും പ്രശ്നമാണ്. കുടിയേറിയ കാലം മുതൽ കേരളത്തിലെ ഭരണാധികാരികളിൽ നിന്ന് നല്ല പ്രോത്സാഹനം അവർക്ക് കിട്ടിയിരുന്നു. വിദേശശക്തികളുടെ കൂടെ നിന്ന് ഇവിടത്തെ ആൾക്കാരെ ഉപദ്രവിക്കാനാണ് ഇവർ ശ്രമിച്ചത്. ശ്രദ്ധിച്ചുനോക്കിയാൽ അറിയാം അന്നത്തെ മിക്ക ഉയർന്ന പദവികളിലൊക്കെയും ഒരു അയ്യരു  ാകും. നിയമരംഗത്തായിരുന്നു ഇവർ കൂടുതലു  ായിരുന്നത്. ഒന്നുകിൽ വക്കീലായിരിക്കും. അല്ലെങ്കിൽ ഐ.എ.എസ്. ആയിരിക്കും. ദളവമാരും മറ്റുമായി എത്രയോ ആളുകൾ. ഇന്ന് എല്ലാ രംഗത്തും എല്ലാവരുമു  ്. സ്ഥാനമുള്ളവന് ബഹുമാനം കിട്ടും. അതിലപ്പുറം ഒരു പ്രത്യേക വിഭാഗത്തെ പൂജിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ശീലം ഇന്നില്ലല്ലോ. അതിനെ അവഗണന എന്നു പറഞ്ഞുകൂടാ.

**ചോദ്യം : സ്ത്രീകൾക്കു മേൽ ഒരുപാടു നിയന്ത്രണങ്ങൾ വ്യവസ്ഥ ചെയ്തിട്ടു  ല്ലോ തമിഴ്ബ്രാഹ്മണർ ?**

**കെ.എൻ. ലക്ഷ്മിനാരായണൻ :** നിയന്ത്രണങ്ങൾ ഒരുകാലത്ത് ഒരു കരുതലായിരുന്നു. ഇന്നൊക്കെ അയവു വന്നിട്ടു  ്. എങ്കിലും കേരളത്തിലെ സ്ത്രീകളുടെ അത്ര ഫ്രീയല്ല.

**ചോദ്യം : സ്ത്രീകളുടെ മേലുള്ള നിയന്ത്രണങ്ങളെക്കുറിച്ച് സ്ത്രീകളുടെ അഭിപ്രായമെന്താണ് ?**

***ഗീത :*** നിയന്ത്രണമൊക്കെ എപ്പോഴുമു  ്. സ്ത്രീകൾ പുരുഷന്മാരെ ക  ാൽ അവരുടെ കൂടെ ഓടിപ്പോകും എന്നു ധരിക്കുന്ന ആൾക്കാർ നിയന്ത്രണം

കൊ ുവരാതിരിക്കോ. പിന്നെന്താ ആർക്കും എതിർപ്പില്ല. അതുകൊ ് ഇതിങ്ങനെയൊക്കെ പോകുന്നു. പുരുഷന് എന്തുമാകാം. ഉദാഹരണങ്ങൾ എത്ര വേണമെങ്കിലും ഇവിടെത്തന്നെയു ്. പക്കത്തിലെ ഒരു മഠത്തില് പെണ്ണിന്റെ ഭർത്താവ് മരിച്ചു. ആക്സിഡന്റായിരുന്നു. അവളുടെ വീട്ടുകാർ വന്ന് ചടങ്ങിനു വിളിച്ചുകൊ ുപോയി. പിറ്റേന്ന് തിരിച്ചു കൊ ുവിട്ടു. വിധവയ്ക്കെന്താ ഭർത്താവിന്റെ വീട്ടിൽ സ്ഥാനം ? പിന്നെന്താ അവിടെ ഭർത്താവിന്റെ അച്ഛൻ മാത്രമേയുള്ളു. അയാളെ നോക്കി കൂടാമെന്നു വച്ചു. അയാളവളെ വെച്ചുകൊ ിരിക്കുന്നു. പാവം വേറെന്തു വഴി ?

**ഗാനകൃഷ്ണൻ :** പുരുഷന്റെ നിയന്ത്രണങ്ങൾക്ക് പെണ്ണ് നിന്നുകൊടുത്തിട്ടാണ്. ഞാനിപ്പോ മുനിസിപ്പൽ കൗൺസിലറായി. ആരും എതിർത്തില്ലല്ലോ. ഗ്രാമത്തിനു വേ ി ഞാൻ പുറത്തുപോയി സംസാരിക്കുന്നു. എന്റെ ഗ്രാമത്തിലെ പുരുഷന്മാരെയും സ്ത്രീകളെയും വിളിച്ചു ചേർത്ത് സഭ കൂടുന്നു കാര്യങ്ങൾ പറയുന്നു. നമ്മൾ മാറണം. അതാണാവശ്യം.

**ചോദ്യം : ഇതേ അഭിപ്രായമായിരുന്നോ നിങ്ങളുടെ മുൻതലമുറയ്ക്കും ?**

**ഗാനകൃഷ്ണൻ :** ഒരിക്കലുമല്ല. അവർ എഡ്യുക്കേറ്റഡല്ല. അവർക്ക് ഈശ്വരഭക്തി മാത്രമേയുള്ളു. പുരുഷന്മാരെ അവഗണിക്കുന്നതും ഭരിക്കുന്നതും അവർക്ക് പാപമാണ്. ഞങ്ങളെയൊക്കെ കുട്ടിക്കാലത്ത് പറഞ്ഞു പഠിപ്പിച്ചതു തന്നെ അടങ്ങിയൊതുങ്ങി ജീവിക്കേ തിന്റെ ബാലപാഠങ്ങളായിരുന്നു.

**രാജി ടീച്ചർ :** എന്റെ അമ്മൂമ്മയൊക്കെ ഉ ായിരുന്ന കാലത്ത് പത്തു വയസ്സൊക്കെ ആകുമ്പോഴേക്ക് പാട്ടു പഠിക്കാനും പാചകം പഠിക്കാനും പറയും. ഒരു പെൺകുട്ടിയ്ക്ക് അതാണാവശ്യം എന്നാണ് അവർ ധരിച്ചു വച്ചിട്ടുള്ളത്. പെണ്ണ് സ്വന്തമായി സമ്പാദിക്കുന്നത് അവർക്ക് സങ്കൽപിക്കാൻ പോലുമാകില്ല.

**ചോദ്യം : സ്ത്രീകളെ ബുദ്ധിമുട്ടിക്കുന്നത് അഗ്രഹാരവ്യവസ്ഥയോ തമിഴ്ബ്രാഹ്മണ സംസ്കാരമോ ?**

**ഗീത :** എനിക്കു തോന്നുന്നത് ഈ കൾച്ചറാണെന്നാണ്. ഇന്ന രീതിയിൽ ആണും പെണ്ണും ജീവിക്കണമെന്നും ഇന്നിന്നതൊക്കെ ചെയ്യണമെന്നും പറയുന്നത് സംസ്കാരത്തിന്റെ ഭാഗമല്ലേ.

**ജാനകി വിഘ്നേഷ് :** ഞാൻ ഇപ്പോൾ ജീവിക്കുന്നത് എറണാകുളത്താണ്. സാധാരണ എല്ലാവരും കഴിയുന്ന ഹൗസിംഗ് കോളനിയിൽ. അവിടെ നമ്മുടെ ആചാരങ്ങൾ മനസ്സിൽ തോന്നി ചെയ്താൽ മതി. ആരും നിർബന്ധിക്കില്ല. ഇങ്ങനെ കൂട്ടമായി താമസിക്കുന്നിടത്തായിരിക്കണം സ്ത്രീകൾക്ക് ബുദ്ധിമുട്ട്.

**രാജി ടീച്ചർ :** അഗ്രഹാരത്തിനകത്തേ എല്ലാ ചിട്ടകളും പാലിച്ചുപോകാൻ പറ്റൂ. ഇതിന്റെ പുറത്തുപോയാൽ നിർബ്ബന്ധം ചെലുത്താൻ ആരുമു ാകില്ല. വേണമെങ്കിൽ മതി. വ്യവസ്ഥകൾ മാത്രം പോരാ അത് നടപ്പാകുന്ന സ്ഥലം കൂടി വേണം.

**ഡോ. പി. മുരളി :** ഒരു കൂട്ടായ്മക്കകത്തേ ഏതു വ്യവസ്ഥയും പാലിക്കപ്പെടൂ. അതുകൊ ാണ് അഗ്രഹാരവ്യവസ്ഥ നിലനിർത്താൻ ഇവർ മുറവിളി കൂട്ടുന്നത്. അല്ലെങ്കിൽ സംസ്കാര സംരക്ഷണമെന്നു പറഞ്ഞാൽ പോരെ, ഗ്രാമസംരക്ഷണം എന്നുപറയണോ.

**ചോദ്യം : അഗ്രഹാരവ്യവസ്ഥ നിലനിർത്തേ തുേ ാ ?**

**ലക്ഷ്മിനാരായണൻ. കെ.എൻ. :** തീർച്ചയായും ഈ അഗ്രഹാരവ്യവസ്ഥ ഇതേപോലെ നിലനിർത്തണം. കുറേപേർ ഗ്രാമത്തിലെ സ്ഥലമൊഴിവാക്കി പുറംനാടുകളിലേക്ക് പോയി. അവർ ആർക്കാണ് ഏതു ജാതിക്കാണ് സ്ഥലം കൊടുക്കുന്നത് എന്നന്വേഷിച്ചില്ല. കൽപാത്തി ഉത്സവം മാത്രമേ നാട്ടുകാർ ക ുള്ളു. ഇവിടെ ജീവിക്കുന്നവരെ ക ില്ല. ഭൂമാഫിയയാണ് സ്ഥലമേറ്റെടുത്തത്. ഫ്ളാറ്റുപണിത് പലജാതിക്ക് കൊടുത്തു. മത്സ്യമാംസാദിയൊക്കെ അഗ്രഹാരത്തിൽ കയറിത്തുടങ്ങി. ഇവിടെത്തന്നെ ജീവിച്ചുമരിക്കാനാഗ്രഹിക്കുന്നവരെ സഹായിക്കേ നിയമം.

**സുന്ദരം കാര്യക്കാർ :** ഗ്രാമവ്യവസ്ഥ ഇങ്ങനെ നിലനിൽക്കുന്നതു നല്ലതു തന്നെ. കേരളത്തിലേതിൽ നിന്നു വ്യത്യസ്തമായ ഒന്നാണല്ലോ. ഒന്നിച്ചു

കഴിയാനാഗ്രഹിക്കുന്നവരെ അതിനു സമ്മതിക്കുകയല്ലേ നല്ലത്. വേ ാത്തവർ പുറത്തുപോയ്ക്കോട്ടെ, നിർബന്ധിച്ചു നിർത്ത .

**ഗണേശ് കാര്യക്കാർ :** ഗ്രാമം ഇങ്ങനെ വേണോ വേ യോ എന്നതല്ല പ്രശ്നം. ആരാണ് ഇപ്പോൾ തമിഴ്ബ്രാഹ്മണനായി ജീവിക്കുന്നത് ? ഈ തലമുറ കഴിഞ്ഞാൽ കഴിഞ്ഞു. ഗ്രാമവ്യവസ്ഥ എന്നു പറയുന്നത് കോൺക്രീറ്റായ ഒരു സാധനമാണ്. ഇതൊക്കെ ഓരോ പട്ടരുടെയും ഉള്ളിലു ാകണം. ഉള്ളിൽ മറ്റൊന്നു വച്ച് പുറമേ ഒന്നു പ്രവർത്തിച്ചാലെങ്ങനെയാ.

**രാമനാഥ ദീക്ഷിതർ :** ജീവിച്ചതും വളർന്നതുമായ സംസ്കാരം നിലനിൽക്കണമെന്നല്ലേ എല്ലാവരും ആഗ്രഹിക്കുക. ഗ്രാമവ്യവസ്ഥ പോയാൽ എന്തൊക്കെ കാണേ ിവരുമെന്നറിയില്ലല്ലോ.

**ഡോ. രാജൻ :** ഇവരീ ഗ്രാമവ്യവസ്ഥ നിലനിർത്താൻ നിയമസഹായം തേടുന്നത് ഒരു കൗ ർ മൈഗ്രേഷന്റെയോ റീമൈഗ്രേഷന്റെയോ സാദ്ധ്യത മുന്നിൽ ക ുകൊ ാണ്. പൊതുസമൂഹത്തിനെ അകറ്റാനും സ്ത്രീകളെ കൂടുതൽ ഒതുക്കി നിർത്താനും കഴിയുന്ന ഒരു ലോകമു ്. അതിനുള്ളിൽ അവർക്ക് അതുപോലെ വേണം.

**ജാനകി വിഗ്നേഷ് :** ഇതിങ്ങനെ കാണാനൊക്കെ ഒരു ചന്തമാണ്. പെണ്ണുങ്ങൾക്ക് അത്ര സുഖമു ന്നു തോന്നുന്നില്ല. ഞാനൊക്കെ വെളിനാട്ടിൽ ജീവിക്കുന്നയാളാണ്. ഇവിടെത്തുമ്പോൾ ആകെ ഒരു സ്വതന്ത്ര്യക്കുറവാണ്. ഉറക്കെ സംസാരിക്കാനും ചിരിക്കാനും ഒക്കെ ഒരു പേടി.

**അമലാംബാൾ :** പ്രത്യേകിച്ചൊന്നും തോന്നിയിട്ടില്ല. വച്ചും ഉ ും ഇവിടെ ശീലായി. ഇത് വിട്ട് ഒരു ജീവിതം ചിന്തിക്കാൻ വയ്യ. പുതിയ തലമുറയ്ക്ക് ഇവിടെ പറ്റുന്നു ാവില്ല.

**ലത :** തമിഴ്ബ്രാഹ്മണരുടെ ആചാരങ്ങളും രീതികളുമാണ് പ്രശ്നം. കാലം മാറുമ്പോ അത് മാറുന്നില്ല. കൂട്ടമായി കഴിയുന്നതുകൊ ാവാം. എന്നെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഈ സംസ്കാരവും ഈ വ്യവസ്ഥയും ഒക്കെക്കൂടി പെണ്ണിന്റെ ജീവിതം ദുരിതമാകും.

**പീറ്റർ. പി.എസ്. :** കേരളത്തിൽ പല മതവിഭാഗക്കാർ താമസിക്കുന്നു. ഇവിടെ നമ്പൂതിരിമാരില്ലേ, മുസൽമാനും ക്രിസ്ത്യാനിയുമില്ലേ. അവനവന്റെ സംസ്കാരത്തിലല്ലേ എല്ലാവരും ജീവിക്കുന്നത്. ഇവർക്കു മാത്രം എന്തിനാണൊരു സ്വകാര്യത. അടച്ചുപൂട്ടിയ ഒരു വ്യവസ്ഥിതി തകർന്നാൽ പോകുന്നതാണ് അവരുടെ സംസ്കാരമെങ്കിൽ അത് അവരുടെ ഉള്ളിൽ ഇല്ലെന്നല്ലേ അർത്ഥം. അതിനപ്പുറം പല സ്വാർത്ഥതാൽപര്യങ്ങളും അതിനു പുറകിലു ്. ഇവിടെയൊരു അഗ്രഹാരം വേണമെന്ന് ആർക്കും നിർബന്ധമില്ല. തച്ചൊടക്കേ തിനെ ഉടയ്ക്കുക തന്നെ വേണം.